# പതിനഞ്ചാം കേരള നിയമസഭ

## ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
## (2023-26)

### എൺപത്തി രണ്ടാമത് റിപ്പോർട്ട്

(2026 ഫെബ്രുവരി മാസം ...23...- ാം തീയതി സഭയിൽ സമർപ്പിച്ചത്)

[കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ ഓഫ് ഇന്ത്യയുടെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ സംബന്ധിച്ച 2021 മാർച്ചിൽ അവസാനിച്ച 'നഗര തദ്ദേശസ്ഥാപനങ്ങളിലെ മാലിന്യ പരിപാലനം' എന്ന വിഷയത്തിൽ നടത്തിയ പ്രവർത്തനക്ഷമത ഓഡിറ്റ് റിപ്പോർട്ടിലെ 2,3 അധ്യായങ്ങളിലെ ഓഡിറ്റ് പരാമർശങ്ങൾ അടിസ്ഥാനമാക്കി തയ്യാറാക്കിയത്]

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2026

# പതിനഞ്ചാം കേരള നിയമസഭ

## ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
## (2023-26)

## എൺപത്തി രണ്ടാമത് റിപ്പോർട്ട്

(2026 ഫെബ്രുവരി മാസം 23-ാം തീയതി സഭയിൽ സമർപ്പിച്ചത്)

[കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ ഓഫ് ഇന്ത്യയുടെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ സംബന്ധിച്ച 2021 മാർച്ചിൽ അവസാനിച്ച 'നഗര തദ്ദേശസ്ഥാപനങ്ങളിലെ മാലിന്യ പരിപാലനം' എന്ന വിഷയത്തിൽ നടത്തിയ പ്രവർത്തനക്ഷമത ഓഡിറ്റ് റിപ്പോർട്ടിലെ 2,3 അധ്യായങ്ങളിലെ ഓഡിറ്റ് പരാമർശങ്ങൾ അടിസ്ഥാനമാക്കി തയ്യാറാക്കിയത്]

**ഉള്ളടക്കം**


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | : | iv |
| മുഖവുര | : | v |
| റിപ്പോർട്ട് | : | 1 |
| അനുബന്ധം I | | |
| പ്രധാനപ്പെട്ട നിഗമനങ്ങളും/ശിപാർശകളും | : | 113 |
| അനുബന്ധം II | | |
| സർക്കാരിൽ നിന്നും ലഭിച്ച മറുപടി | : | 120 |

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
## (2023-26)

## ഘടന

**അദ്ധ്യക്ഷൻ :**

ശ്രീ. ടി. പി. രാമകൃഷ്ണൻ

**അംഗങ്ങൾ**

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ

ഡോ. എൻ. ജയരാജ്

ശ്രീ. കെ. പി. കുഞ്ഞമ്മദ്കുട്ടി മാസ്റ്റർ

ശ്രീ. ടി. ഐ. മധുസൂദനൻ

ശ്രീ. എ. സി. മൊയ്തീൻ

ശ്രീ. മോൻസ് ജോസഫ്

ശ്രീ. ഐ. ബി. സതീഷ്

ശ്രീ. എൽദോസ് പി.കുന്നപ്പിള്ളിൽ

ശ്രീ. ഇ. കെ. വിജയൻ

ശ്രീ. പി. സി. വിഷ്ണുനാഥ്

**നിയമസഭാ സെക്രട്ടേറിയറ്റ് :**

ഡോ. എൻ.കൃഷ്ണകുമാർ, സെക്രട്ടറി

ശ്രീ. ഷാജി സി. ബേബി, സ്പെഷ്യൽ സെക്രട്ടറി

ശ്രീമതി. രജി.ഡി.ഒ, ഡെപ്യൂട്ടി സെക്രട്ടറി.

ശ്രീ. വി.എ.ബിനു, അണ്ടർ സെക്രട്ടറി.

*FCB-5f/KK/LFAC/Facing sheet/29.01.2024*

# മുഖവുര

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ നിയോഗാനുസരണം സമിതി (2023-26)യുടെ ...92-ാമത്... റിപ്പോർട്ട് സമർപ്പിക്കുന്നു.

കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ ഓഫ് ഇന്ത്യയുടെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ സംബന്ധിച്ച 2021 മാർച്ചിൽ അവസാനിച്ച 'നഗര തദ്ദേശസ്ഥാപനങ്ങളിലെ മാലിന്യ പരിപാലനം ' എന്ന വിഷയത്തിൽ നടത്തിയ പ്രവർത്തനക്ഷമത ഓഡിറ്റ് റിപ്പോർട്ടിലെ 2,3 അധ്യായങ്ങളിലെ ഓഡിറ്റ് പരാമർശങ്ങൾ അടിസ്ഥാനമാക്കി തയ്യാറാക്കിയുള്ളതാണ് ഈ റിപ്പോർട്ട്.

2026...ഫെബ്രുവരി...മാസം ...11... -ാം തീയതി ചേർന്ന യോഗത്തിൽ സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചു.

ഓഡിറ്റ് ഖണ്ഡികകളുടെ പരിശോധനയിൽ സമിതിയ്ക്ക് ആവശ്യമായ സഹായ സഹകരണങ്ങൾ നൽകിയ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) നോട് സമിതിക്കുള്ള നന്ദി രേഖപ്പെടുത്തുന്നു.

ടി. പി. രാമകൃഷ്ണൻ,
അധ്യക്ഷൻ,
ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി.

തിരുവനന്തപുരം,
2026, ഫെബ്രുവരി...23

# റിപ്പോർട്ട്

കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ ഓഫ് ഇന്ത്യയുടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ സംബന്ധിച്ച 2021 മാർച്ചിൽ അവസാനിച്ച 'നഗര തദ്ദേശസ്ഥാപനങ്ങളിലെ മാലിന്യ പരിപാലനം' എന്ന വിഷയത്തിൽ നടത്തിയ പ്രവർത്തനക്ഷമത ഓഡിറ്റ് റിപ്പോർട്ടിലെ 2, 3 അദ്ധ്യായങ്ങളിലെ ഓഡിറ്റ് പരാമർശങ്ങൾ അടിസ്ഥാനമാക്കി തയ്യാറാക്കിയത്.

## ഓഡിറ്റ് ഖണ്ഡിക

## ആസൂത്രണവും സാമ്പത്തിക നിർവ്വഹണവും

യു.എൽ.ബി.യിൽ സൃഷ്ടിക്കപ്പെടുന്ന മുനിസിപ്പൽ ഖരമാലിന്യത്തിന്റെ (എം. എസ്. ഡബ്ല്യൂ) അളവും ഘടനയും മാലിന്യ പരിപാലനത്തിന് വേണ്ടി സ്വീകരിക്കാവുന്ന ശേഖരണ, സംസ്കരണ, നിർമ്മാർജ്ജന മാർഗ്ഗങ്ങളെ നിശ്ചയിക്കുന്നു. യു.എൽ.ബി.കൾ അവയുടെ അധികാര പരിധിയിൽ ഉൽപാദിപ്പിക്കപ്പെടുന്ന മാലിന്യത്തിന്റെ അളവ് തിട്ടപ്പെടുത്തുവാൻവേണ്ടി സർവ്വേയൊന്നും നടത്തിയിട്ടില്ല. സ്വന്തം അധികാര പരിധിയിൽ ഉൽപാദിപ്പിക്കപ്പെടുന്ന വിവിധതരം മാലിന്യങ്ങളുടെ അളവിനെ സംബന്ധിച്ചുള്ള വിവരങ്ങൾ യു.എൽ.ബി.കൾ സൂക്ഷിച്ചിരുന്നില്ല. സൃഷ്ടിക്കപ്പെടുന്ന മാലിന്യത്തിന്റെ വ്യാപ്തി തിട്ടപ്പെടുത്തുവാൻ യു.എൽ.ബി.കൾ ആളോഹരി ഉൽപാദനം/ജനസംഖ്യാ നിർണ്ണയ മാർഗ്ഗമാണ് അവലംബിച്ചത്. മൂന്ന് വിവിധ സ്രോതസ്സുകളിൽ നിന്നുള്ള വിവരങ്ങൾ പ്രകാരമുള്ള ഖരമാലിന്യ ഘടനയുടെ വിശദാംശങ്ങൾ താരതമ്യം ചെയ്തപ്പോൾ ഘടകാംശങ്ങളിൽ സാരമായ വ്യതിയാനമുള്ളതായി വെളിപ്പെട്ടു.

എസ്.ഡബ്ല്യൂ.എം ചട്ടങ്ങളിൽ നിർദ്ദേശിച്ച പ്രകാരമുള്ള ഖരമാലിന്യ നിർമ്മാർജ്ജന പദ്ധതികളോ കണ്ടിജൻസി പ്ലാനുകളോ ഉപനിയമാവലികളോ യു.എൽ.ബി.കൾ തയ്യാറാക്കിയിട്ടില്ല. ഓഡിറ്റ് പരിശോധന നടത്തിയ യു.എൽ.ബി.കൾ തയ്യാറാക്കിയ ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ടുകളിൽ (ഡി.പി.ആർ), അവയുടെ പരിഷ്കരണം

അനിവാര്യമാക്കും വിധം ധാരാളം പോരായ്മകൾ ഉണ്ടായിരുന്നു. ഡി.പി.ആറു.കൾ തയ്യാറാക്കാത്തതിനാലും യഥാസമയം സമർപ്പിക്കാത്തതിനാലും, പതിനൊന്ന് യു.എൽ.ബി.കൾക്ക് ₹45.82 കോടിയുടെ കേന്ദ്രവിഹിതം ലഭിച്ചില്ല. സേവനതല അളവുകോലുകളെ അവലംബിച്ച് യാഥാർത്ഥ്യത്തിലൂന്നിയ പ്രകടന നിർണ്ണയം യു.എൽ.ബി.കൾ നടത്തിയില്ല. മാലിന്യ നിർമ്മാർജ്ജനത്തോട് തദ്ദേശ ജനസമൂഹത്തിനുണ്ടാകേണ്ട സുസ്ഥിരമായ പെരുമാറ്റ വ്യതിയാനം ഉറപ്പുവരുത്തുവാൻ യു.എൽ.ബി.കൾ ഏറ്റെടുത്ത വിവര വിജ്ഞാന വിനിമയ പ്രവർത്തനങ്ങൾ പര്യാപ്തമായിരുന്നില്ല.

ഖരമാലിന്യ നിർമ്മാർജ്ജനത്തെ സംബന്ധിച്ച യു.എൽ.ബി.കളുടെ സമ്പദ്പരിപാലനം, തനതു വരുമാനം, വികസന (പൊതു) ഫണ്ട്, എസ്.ബി.എം. (അർബൻ) ഫണ്ട്, സർവ്വീസ് സെസ് എന്നിവയുടെ വിനിയോഗത്തിലുണ്ടാകേണ്ട മെച്ചപ്പെടുത്തലിനുള്ള സാധ്യതയെ ചൂണ്ടിക്കാണിക്കുന്നു. ഹരിതകർമ്മസേനകൾ മുഖേന നൽകുന്ന സേവനങ്ങൾക്ക് പൊതുജനങ്ങളിൽ നിന്നും/സ്ഥാപനങ്ങളിൽ നിന്നുമുള്ള യൂസർ ഫീയുടെ പിരിവ് കൂടി യു.എൽ.ബി.കൾ ഉറപ്പുവരുത്തേണ്ടതാണ്. ഉൽപാദിപ്പിക്കപ്പെടുന്ന മാലിന്യത്തിന്റെ ഫലപ്രദമായ നിർണ്ണയത്തിന്റെ വിഷയം യു.എൽ.ബി.കൾ മുൻഗണനാ അടിസ്ഥാനത്തിൽ പരിഗണിക്കേണ്ടതാണ്. നിലവിലുള്ള ധന സ്രോതസ്സുകളിൽ നിന്നും പരമാവധി വരുമാനം ഉണ്ടാക്കാനായി വിവര വിജ്ഞാന വിനിമയ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തേണ്ടതും സമ്പദ്പരിപാലനം കാര്യക്ഷമമാക്കേണ്ടതുമാണ്.

**മാലിന്യ നിർമ്മാർജ്ജനത്തിനുള്ള തന്ത്രവും ആസൂത്രണവും**

**മാലിന്യത്തിന്റെ ഉൽപാദനവും നിർണ്ണയവും**

മുനിസിപ്പൽ ഖരമാലിന്യ നിർമ്മാർജ്ജനം (എം.എസ്.ഡബ്ല്യൂ.എം) മാനുവൽ പ്രതിപാദിക്കുന്നത് എന്തെന്നാൽ യു.എൽ.ബി.കളിൽ ഉൽപാദിപ്പിക്കപ്പെടുന്ന മാലിന്യത്തിന്റെ (എം.എസ്.ഡബ്ല്യൂ) അളവും ഘടനയുമാണ്, മാലിന്യ സംസ്കരണത്തിനായി സ്വീകരിക്കാവുന്ന ശേഖരണ, സംസ്കരണ, നിർമ്മാർജ്ജന മാർഗ്ഗങ്ങൾ നിർണ്ണയിക്കുന്നത്.

ദീർഘകാല ആസൂത്രണത്തിനായി ഒരു പ്രത്യേക വിഭാഗം മാലിന്യ ഉൽപാദകർ നിർമ്മാർജ്ജനം ചെയ്ത ശരാശരി മാലിന്യത്തിന്റെ അളവ് നിർണ്ണയിക്കുന്നത്, ഗ്രീഷ്മം, ശിശിരം, വർഷം എന്നീ സീസണുകളിൽ, അനവധി പ്രാതിനിധ്യ സ്ഥലങ്ങളിൽ നിന്നും ഏഴ് ദിവസം തുടർച്ചയായി ശേഖരിച്ച സാംപിൾ ഡേറ്റയുടെ ശരാശരി ഉപയോഗിച്ച് മാത്രം ആയിരിക്കണം. ഏഴ് ദിവസ കാലയളവിലെ സാംപിളുകൾ സംയോജിപ്പിക്കുകയും തൂക്കുകയും ശരാശരി നോക്കുകയും വേണം[1].

2016-17 മുതൽ 2020-21 വരെയുള്ള കാലയളവിൽ സംസ്ഥാനത്തെ 93 യു.എൽ.ബി.കളിലും പരിശോധന നടത്തിയ 22 യു.എൽ.ബി.കളിലും ഉത്പാദിപ്പിക്കപ്പെട്ട എം.എസ്.ഡബ്ല്യു.വിന്റെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

**<u>യു.എൽ.ബി.കളിലെ ഖരമാലിന്യ ഉത്പാദനം</u>**

**(തൂക്കം ടണ്ണിൽ)**

| | 2016-17 | 2017-18 | 2018-19 | 2019-20 | 2020-21 |
|---|---|---|---|---|---|
| 93 യു.എൽ.ബി.കളിൽ ഉത്പാദിപ്പിക്കപ്പെട്ട മാലിന്യത്തിന്റെ അളവ് | സാക്ഷ്യപ്പെടുത്തിയ ഡേറ്റ നൽകിയില്ല | 3831.55 | 3903.02 | 3521.00 | 3543.00 |
| പരിശോധന നടത്തിയ 22 യു.എൽ.ബി.കളിൽ ഉത്പാദിപ്പിക്കപ്പെട്ട മാലിന്യത്തിന്റെ അളവ് (എസ്.പി.സി.ബി. ഡേറ്റ) | സാക്ഷ്യപ്പെടുത്തിയ ഡേറ്റ നൽകിയില്ല | 1584.03 | 1684.74 | 1610.00 | 1564.00 |
| പരിശോധന നടത്തിയ 22 യു.എൽ.ബി.കളിൽ ഉത്പാദിപ്പിക്കപ്പെട്ട മാലിന്യത്തിന്റെ അളവ് (യു.എൽ.ബി.കൾ നൽകിയത്) | 1278.04 | 1286.65 | 1293.75 | 1298.79 | 1307.10 |

യു.എൽ.ബി.കൾ തങ്ങളുടെ അധികാര പരിധിയിൽ ഉത്പാദിപ്പിക്കപ്പെടുന്ന മാലിന്യത്തിന്റെ അളവ് നിർണ്ണയിക്കാനായി സർവേ നടത്തിയില്ല എന്ന് ഓഡിറ്റ് പരിശോധനയിൽ വെളിപ്പെട്ടു. യു.എൽ.ബി.കൾ തങ്ങളുടെ അധികാര പരിധിയിൽ ഉത്പാദിപ്പിക്കപ്പെടുന്ന ഇ-മാലിന്യം, ബയോ-മെഡിക്കൽ മാലിന്യം, നിർമ്മാണ

---

1 ഹ്രസ്വകാല ആസൂത്രണത്തിനായി, മാലിന്യത്തിന്റെ ഘടന വിലയിരുത്തുന്നതിന് 1,00,000 ജനസംഖ്യക്ക് കുറഞ്ഞത് 100 പ്രാതിനിധ്യ സാംപിൾ സ്ഥലങ്ങളിൽ ഉത്പാദിപ്പിക്കുന്ന മാലിന്യങ്ങൾ ശേഖരിക്കേണ്ടതാണ്. ഈ കണക്കുകൾ മുഴുവൻ യു.എൽ.ബി.കളിലേക്കും വ്യാപിപ്പിച്ചുകൊണ്ട് ജനസംഖ്യയാൽ വിഭജിച്ച് പ്രതിശീർഷ മാലിന്യ ഉത്പാദന നിരക്കിൽ എത്തണം.

പൊളിക്കൽ (സി ആന്റ് ഡി) മാലിന്യം, അപകടകരമായ ഗാർഹിക മാലിന്യം എന്നിവയുടെ അളവിനെ സംബന്ധിച്ചുള്ള ഒരു ഡേറ്റയും സൂക്ഷിച്ചിരുന്നില്ല. ഉത്പാദിപ്പിക്കപ്പെട്ട മാലിന്യത്തിന്റെ തോത് നിർണ്ണയിക്കാൻ യു.എൽ.ബി.കൾ സ്വീകരിച്ചത് ആളോഹരി ഉൽപാദനം/ജനസംഖ്യ അനുമാനം എന്ന രീതി ആയിരുന്നു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ (തസ്വഭ സ്ഥാപനങ്ങൾ) ആളോഹരി മാലിന്യ ഉത്പാദനം കണക്കാക്കിയത് മുനിസിപ്പാലിറ്റികളിൽ പ്രതിദിനം 240 - 350 ഗ്രാമും കോർപ്പറേഷനുകളിൽ പ്രതിദിനം 300-400 ഗ്രാമും ആയിരുന്നു. എന്നാൽ കേന്ദ്രമലിനീകരണ നിയന്ത്രണബോർഡ് (സി.പി.സി.ബി) നടത്തിയ (1999 - 2000) സർവ്വേ അനുസരിച്ച് 2018-19-ൽ ആളോഹരി മാലിന്യ ഉൽപാദനം മില്യൺ പ്ലസ് നഗരങ്ങളിൽ[2] 500 ഗ്രാമും ക്ലാസ് I പട്ടണങ്ങളിൽ[3] 400 ഗ്രാമും ആയിരുന്നെങ്കിൽ, കേരളം ഖരമാലിന്യ നിർമ്മാർജ്ജന പദ്ധതി(കെ.എസ്.ഡബ്ല്യു.എം.പി)യ്ക്ക് വേണ്ടി ശുചിത്വമിഷൻ തയ്യാറാക്കിയ സ്റ്റാറ്റജിക് എൻവയോൺമെന്റൽ അസസ്മെന്റ് ഓഫ് വേസ്റ്റ് മാനേജ്മെന്റ് ഇൻ കേരളയുടെ റിപ്പോർട്ട് പ്രകാരം കണക്കാക്കിയ (2020) ആളോഹരി മാലിന്യ ഉൽപാദനം യഥാക്രമം മുനിസിപ്പാലിറ്റികളിൽ പ്രതിദിനം 419 ഗ്രാമും കോർപ്പറേഷനുകളിൽ 545 ഗ്രാമും ആയിരുന്നു.

ഏജൻസികളിൽ ഒന്നും തന്നെ, മൂന്ന് സീസണുകളിൽ ഏഴു ദിവസങ്ങൾ വീതം ബഹുമുഖ പ്രാതിനിധ്യസ്ഥാനങ്ങളിൽ നിന്ന് ശേഖരിച്ച സാംപിളുകളുടെ അടിസ്ഥാനത്തിൽ ഉൽപാദിപ്പക്കപ്പെട്ട മാലിന്യത്തിന്റെ ശരാശരി അളവ് നിർണ്ണയിക്കാനുള്ള ചിട്ടയായുള്ള നടപടി പാലിച്ചില്ല എന്ന് ഓഡിറ്റ് നിരീക്ഷിച്ചു. എം.എസ്.ഡബ്ല്യു.എം മാനുവലിൽ പ്രതിപാദിക്കുന്ന വിധത്തിൽ മാലിന്യ ഉൽപാദനത്തിന്റെ ഒരു ശാസ്ത്രീയമായ നിർണ്ണയത്തിന്റെ അഭാവത്തിൽ, എസ്.ഡബ്ല്യു.എം.ന്റെ നിലവിലുള്ള ആസൂത്രണം പര്യാപ്തമായിരുന്നില്ല. കൂടാതെ, ഉൽപാദിപ്പിക്കപ്പെടുന്ന മാലിന്യത്തിന്റെ അളവ് കുറച്ച് നിർണ്ണയിക്കുന്നത്, പ്രകടന നിലവാരം പാലിക്കുന്നതിന് അപര്യാപ്തമായ സൗകര്യങ്ങൾ നിർമ്മിക്കുന്നതിന് ഇടയാക്കും.

---

2 ദശലക്ഷമോ അതിലധികമോ ജനസംഖ്യയുള്ള നഗരങ്ങൾ

3 ഒരു ലക്ഷമോ അതിലധികമോ ജനസംഖ്യയുള്ള നഗരങ്ങൾ

**ഖരമാലിന്യത്തിന്റെ ഘടന**

മാലിന്യത്തിന്റെ ഘടന ആണ് മാലിന്യസംസ്കരണ സാങ്കേതിക വിദ്യയുടെ പ്രയോഗക്ഷമത നിർണ്ണയിക്കുന്നത്. തെരഞ്ഞെടുത്ത യു.എൽ.ബി.കളൊന്നും ഖരമാലിന്യത്തിന്റെ ഘടന നിർണ്ണയിച്ചില്ല. ചുവടെ കാണിച്ചിരിക്കും പോലെ ഡബ്ല്യു.എസ്.പി.[4] - എസ്.ഡബ്ല്യു.എം. സെക്ടർ അസെസ്സ്മെന്റ് റിപ്പോർട്ട് (2007), എസ്.ഡബ്ല്യു.എം.മേലുള്ള സംസ്ഥാന നയം (2018), കെ.എസ്.ഡബ്ല്യു.എം.പി റിപ്പോർട്ട് (2020) എന്നിവയ്ക്ക് അനുസൃതമായി ഖരമാലിന്യ ഘടനയിലെ വിശദാംശങ്ങളുടെ ഒരു താരതമ്യ പഠനം ഓഡിറ്റ് നിർവ്വഹിച്ചു.

**സെക്ടർ അസെസ്സ്മെന്റ് റിപ്പോർട്ട്, കെ.എസ്.ഡബ്ല്യു.എം.പി. റിപ്പോർട്ട്, സംസ്ഥാന നയം എന്നിവ അടിസ്ഥാനപ്പെടുത്തിയുള്ള ഖരമാലിന്യത്തിന്റെ ഘടനയുടെ വിശദാംശങ്ങൾ**

| ഖരമാലിന്യത്തിന്റെ തരം | ഡബ്ല്യു.എസ്.പി. എസ്.ഡബ്ല്യു.എം. സെക്ടർ അസസ്സ്മെന്റ് റിപ്പോർട്ട് പ്രകാരമുള്ള ശതമാനം | കെ.എസ്.ഡബ്ല്യു. എം.പി. റിപ്പോർട്ട് പ്രകാരമുള്ള ശതമാനം | സംസ്ഥാന നയം പ്രകാരമുള്ള ശതമാനം |
|---|---|---|---|
| ജൈവമാലിന്യം | 62 | 79 | 77 |
| പ്ലാസ്റ്റിക് | 8.69 | 11 | 4 |
| കടലാസ് | 6.94 | 4 | 6 |
| ചാക്ക്/തുണി | 6.73 | പരാമർശമില്ല | പരാമർശമില്ല |
| ഗ്ലാസ് | 3.25 | 0 | 1 |
| ലോഹം | 2.2 | 0 | 1 |
| മറ്റു മാലിന്യം | 10.10 | 6 | 6 |
| നിഷ്ക്രിയം | പരാമർശമില്ല | പരാമർശമില്ല | 5 |

മൂന്ന് പ്രധാന സീസണുകളിലോരോന്നിലും ബഹുമുഖ പ്രാതിനിധ്യമുള്ള സ്ഥലങ്ങളിൽ ഏഴുദിവസ കാലയളവിൽ ഒരു ശാസ്ത്രീയ നിർണ്ണയം നടത്തിയില്ലെങ്കിൽ, മാലിന്യ ഘടനാ നിർണ്ണയത്തിലെ സ്ഥിരതയില്ലായ്മ തുടർന്ന് കൊണ്ടേയിരിക്കും.

**മാലിന്യത്തിന്റെ ഭൗതികപരവും രാസപരവുമായ സവിശേഷതകൾ**

മാലിന്യത്തിന്റെ അളവും, സാന്ദ്രത, ഈർപ്പം, കലോറി മൂല്യം, വിഷാംശം മുതലായ സവിശേഷതകളും ആണ് ഉചിതമായ സംസ്കരണ സാങ്കേതിക വിദ്യ തെരഞ്ഞെടുക്കുന്നതിനുള്ള സുപ്രധാന ഘടകങ്ങൾ. മാലിന്യത്തിന്റെ ജൈവ - രാസ

4 ലോകബാങ്കിന്റെ ജല, ശുചിത്വ പദ്ധതി

സവിശേഷതകൾ നിർദ്ദിഷ്ട സംസ്കരണ പ്രക്രിയകളുടെ അനുയോജ്യത നിർണ്ണയിക്കുന്നു. മാലിന്യത്തിന്റെ കലോറി മൂല്യം, സംസ്കരണ സാങ്കേതിക വിദ്യകളായ "മാലിന്യത്തിൽ നിന്ന് ഊർജ്ജം," മറ്റ് താപനിയന്ത്രിത പ്രക്രിയകൾ എന്നിവ തെരഞ്ഞെടുക്കുന്നതിന് സഹായിക്കുന്നു. എന്നാൽ തെരഞ്ഞെടുത്ത 22 യു.എൽ.ബി.കൾ അവർ ഉൽപ്പാദിപ്പിച്ച മാലിന്യത്തിന്റെ ഭൗതികപരവും രാസപരവുമായ സവിശേഷതകൾ നിർണ്ണയിച്ചില്ല. ഖര/വിശേഷപ്പെട്ട മാലിന്യം കൈകാര്യം ചെയ്യുന്നതിന് തദ്ദേശ സ്ഥാപനങ്ങൾക്ക് സാങ്കേതികവും സാമ്പത്തികവുമായ സഹായം നൽകാൻ ചുമതലപ്പെട്ട എസ്.ഡബ്ല്യു.എം.ന്റെ സംസ്ഥാന നോഡൽ ഏജൻസി ആയ ശുചിത്വ മിഷൻ പോലും സംസ്ഥാനത്ത് ഉത്പാദിപ്പിക്കപ്പെടുന്ന മാലിന്യത്തിന്റെ അളവും ഭൗതികപരവും രാസപരവുമായ സവിശേഷതകളും നിർണ്ണയിക്കാനായി ഒരു പഠനവും നാളിതു വരെ നടത്തിയില്ല

പഠനം നടത്തുന്നതിനായി 2019 ഡിസംബറിൽ സോഷ്യോ എക്കണോമിക് യൂണിറ്റ് ഫൗണ്ടേഷനുമായി (എസ്.ഇ.യു.എഫ്) ശുചിത്വമിഷൻ കരാറിൽ ഏർപ്പെട്ടുവെങ്കിലും, കോവിഡ്-19 മഹാമാരി പൊട്ടിപ്പുറപ്പെട്ടതു കാരണം പഠനം നിർത്തിവയ്ക്കേണ്ടി വന്നു എന്ന് ഓഡിറ്റ് നിരീക്ഷണം അംഗീകരിച്ചുകൊണ്ട് സർക്കാർ മറുപടി നൽകി (2022 മേയ്).

(കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ ഓഫ് ഇന്ത്യയുടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ സംബന്ധിച്ച 2021 മാർച്ചിൽ അവസാനിച്ച 'നഗര തദ്ദേശസ്ഥാപനങ്ങളിലെ മാലിന്യ പരിപാലനം' എന്ന വിഷയത്തിൽ നടത്തിയ പ്രവർത്തനക്ഷമത ഓഡിറ്റ് റിപ്പോർട്ടിലെ അദ്ധ്യായം - 2 ഖണ്ഡികകൾ 2.1, 2.1.1)

ഓഡിറ്റ് ഖണ്ഡികകൾക്ക് സർക്കാരിൽ നിന്നും ലഭിച്ച മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

1) മുനിസിപ്പൽ സോളിഡ് വേസ്റ്റ് മാനേജ്മെന്റ് മാനുവലിൽ പ്രതിപാദിച്ചിരിക്കുന്ന പ്രകാരം ശാസ്ത്രീയമായി മാലിന്യത്തിന്റെ അളവ് നിർണ്ണയിക്കാനുള്ള രീതിയിൽ നിന്നും വ്യതിചലിച്ച്, തുടർച്ചയായുള്ള എട്ട് ദിവസത്തേയ്ക്ക് മാത്രമായി സർവ്വേ കെ.എസ്.ഡബ്ല്യൂ.എം.പി. നിജപ്പെടുത്തിയത് ഏതെങ്കിലും ശാസ്ത്രീയ പഠനത്തിന്റെ

അടിസ്ഥാനത്തിലാണോയെന്നും ഏത് സീസണാണ് പഠനത്തിനായി തെരഞ്ഞെടുത്തതെന്നും മഴക്കാലത്തും വേനൽക്കാലത്തും ഉല്പ്പാദിപ്പിക്കുന്ന ഖരമാലിന്യത്തിന്റെ അളവിലും ഘടനയിലുമുള്ള വ്യത്യാസം ഒരാഴ്ചത്തെ പഠനം കൊണ്ട് മാത്രം എങ്ങനെയാണ് മനസ്സിലാക്കാൻ കഴിയുന്നതെന്നും വിശദീകരിക്കണമെന്ന് സമിതി ആവശ്യപ്പെട്ടതിന് സോളിഡ് വേസ്റ്റ് മാനേജ്മെന്റ് റൂൾസിൽ നിഷ്കർഷിക്കുന്നത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വേസ്റ്റ് മാനേജ്മെന്റ് സംബന്ധിച്ച അസസ്മെന്റ് നടത്തണമെന്നാണെന്നും നേരത്തെ ഒരു ഇൻഡിക്കേറ്റീവ് ആയിട്ടു മാത്രമേ അസസ്മെന്റ് നടത്തിയിരുന്നുള്ളുവെന്നും 2016-17 മുതൽ 2020-21 വർഷങ്ങളിലെ ഓഡിറ്റ് പരിശോധനയിൽ ഗവൺമെന്റിന്റെ ഇൻഡിക്കേറ്റീവായിട്ടുള്ള ഒരു പ്രോജക്ടിന്റെ അടിസ്ഥാനത്തിലാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും സംസ്ഥാനത്താകെയുമുള്ള മാലിന്യത്തെപ്പറ്റി ധാരണയുണ്ടാക്കിയതെന്നും അതിനുശേഷമാണ് പ്രോജക്ടിന്റെ ഭാഗമായി കെ.എസ്.ഡബ്ല്യൂ.എം.പി. വിശദമായ രീതിയിൽ അസസ്മെന്റ് നടത്തുന്നതെന്നും അസസ്മെന്റിൽ മാലിന്യത്തിന്റെ സ്വഭാവം, ജൈവ മാലിന്യത്തിന്റെ അളവ് തുടങ്ങിയവ ആളുകളുടെ ഉപഭോഗത്തിന്റെ അടിസ്ഥാനത്തിലുള്ളതാണെന്നും അതിൽ വലിയൊരു മാറ്റം വരുന്നില്ലെന്നും മറ്റൊന്ന് പ്ലാസ്റ്റിക്, ഗ്ലാസ്, പേപ്പർ തുടങ്ങിയ വ്യത്യസ്ത മാലിന്യങ്ങളുടെ അളവ് തിട്ടപ്പെടുത്തുന്നതിനെക്കുറിച്ചാണെന്നും സീസൺ അടിസ്ഥാനത്തിൽ ഇതിൽ കാര്യമായ മാറ്റം കൊണ്ടുവരാൻ കഴിയില്ലെന്നും സ്ഥലത്തിന്റെ അടിസ്ഥാനത്തിലാണ് മാറ്റം സംഭവിക്കുന്നതെന്നും സംസ്ഥാന തലത്തിൽ ഇതിനായി ക്രമീകരണം ചെയ്യുകയാണെങ്കിൽ അത് ഓരോ പ്രദേശത്തും ഓരോ വാർഡിലും ഏത് തരത്തിലുള്ള സ്ഥാപനങ്ങളാണെന്നതിന്റെ അടിസ്ഥാനത്തിൽ വേസ്റ്റിന്റെ സ്വഭാവത്തിലും മാറ്റം വരാമെന്നും അതുകൊണ്ട് ഓരോ തദ്ദേശസ്വയംഭരണ സ്ഥാപന തലത്തിലും മാലിന്യ നിർമ്മാർജ്ജനത്തിനുള്ള സംവിധാനം വേണമെന്നും നിലവിൽ ലഭ്യമാകുന്ന വിവരത്തിന്റെ അടിസ്ഥാനത്തിൽ മനസ്സിലാകുന്നത് സ്റ്റേറ്റിന്റെ സ്റ്റാൻഡേർഡ് വച്ചുകൊണ്ട് ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയും വേസ്റ്റിനെപ്പറ്റി പറയാൻ കഴിയില്ലെന്നുള്ളതാണെന്നും

ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനത്തിലും അവിടത്തെ ലോക്കൽ ഇക്കോണമിയുടെ സ്വഭാവത്തിനനുസരിച്ചായിരിക്കും വേസ്റ്റ് ജനറേറ്റ് ചെയ്യുന്നതെന്നും അതുകൊണ്ടുതന്നെ പ്രസ്തുത പീരിയഡിനകത്തുള്ള അസസ്മെന്റ് മതിയാകാമെന്നും. കെ.എസ്.ഡബ്ല്യു.എം.പി. ആണ് ഇതിനെക്കുറിച്ച് കൂടുതൽ പഠനം നടത്തിയതെന്നും തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി മറുപടി നൽകി.

2) 93 നഗരസഭകളിൽ 85 ലും വേസ്റ്റിനെ സംബന്ധിച്ച പഠനം പൂർത്തിയായിട്ടുണ്ടെന്നും പഠനം നടത്തിയതിൽ നിന്നും മനസ്സിലാക്കാൻ കഴിഞ്ഞത് വലിയ കോർപ്പറേഷനുകളിലും നഗരസഭകളിലും പ്രതിശീർഷ മാലിന്യ ഉല്പ്പാദനത്തിന്റെ അളവ് കൂടുതലാണെന്നാണെന്നും ഏറ്റവും കൂടുതൽ വേസ്റ്റുള്ളതായി മനസ്സിലാക്കാൻ സാധിച്ചത് കോഴിക്കോട് നഗരസഭാ പരിധിയിലാണെന്നും അവിടെ പ്രതിശീർഷ മാലിന്യ ഉല്പാദനം ഏകദേശം 550 ഗ്രാമും ഗ്രാമസഭകളിൽ 260 ഗ്രാമുമാണെന്നും എന്നാൽ സംസ്ഥാനങ്ങളുടെ ശരാശരിയെടുക്കുമ്പോൾ 360 ഗ്രാമാണ് പ്രതിശീർഷ മാലിന്യ ഉല്പ്പാദനത്തിന്റെ അളവെന്നും മാനുവലിൽ നിഷ്കർഷിക്കുന്ന രീതിയിൽത്തന്നെയാണ് കെ.എസ്.ഡബ്ല്യു.എം.പി. പഠനം പൂർത്തിയാക്കിയിട്ടുള്ളതെന്നും നടപ്പ് മാസത്തോടുകൂടി കേരളത്തിലുള്ള എല്ലാ നഗരസഭകളിലും വേസ്റ്റ് ക്വാണ്ടിഫിക്കേഷൻ ശാസ്ത്രീയമായ രീതിയിൽ പൂർത്തിയാക്കാൻ സാധിക്കുമെന്നും തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറേറ്റ് ജോയിന്റ് ഡയറക്ടർ വിശദീകരിച്ചു.

3) പഠനം പൂർത്തിയാക്കാൻ എത്ര സമയം വേണ്ടിവരുമെന്ന് പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ ആരാഞ്ഞതിന്, അത് ഓരോ സ്ഥലങ്ങളേയും ആശ്രയിച്ചായിരിക്കുമെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറേറ്റ് ജോയിന്റ് ഡയറക്ടർ മറുപടി നൽകി. ഓരോ നഗരസഭയുടെയും പ്രത്യേകത അനുസരിച്ചാണോ സാമ്പിൾ ശേഖരിക്കുന്നതെന്ന് പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ തുടർന്ന് ആരാഞ്ഞതിന്, അതേയെന്നും ആദ്യം സാമ്പിൾ ശേഖരിക്കുമെന്നും തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറേറ്റ് ജോയിന്റ് ഡയറക്ടർ വ്യക്തമാക്കി.

4) എങ്ങനെയാണ് സാമ്പിൾ ശേഖരിക്കുന്നതെന്നും ഒരാഴ്ചത്തെ പഠനമാണോ നടത്തുന്നതെന്നും പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ തുടർന്ന് ആരാഞ്ഞതിന്, നഗരസഭ വാർഡുകൾ, കടകൾ കൂടുതലുള്ള സ്ഥലങ്ങൾ, ഗ്രാമപഞ്ചായത്ത് തുടങ്ങി എല്ലാ പ്രദേശങ്ങളും ഉൾപ്പെടുന്ന രീതിയിൽ സാമ്പിൾ ശേഖരിച്ച് പഠന വിധേയമാക്കുകയാണ് ചെയ്യുന്നതെന്നും തിരുവനന്തപുരം കോർപ്പറേഷന് ഏരിയ കൂടുതലുള്ളതിനാൽ സാമ്പിൾ ശേഖരണത്തിന് ഒരാഴ്ചയിൽ കൂടുതൽ സമയം വേണ്ടിവരുമെന്നും തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറേറ്റ് ജോയിന്റ് ഡയറക്ടർ ബോധിപ്പിച്ചു.

5) കേരളത്തിൽ ഏറ്റവും കൂടുതൽ പ്രതിശീർഷ മാലിന്യ ഉല്പ്പാദന നിരക്കുള്ളത് എവിടെയാണെന്ന് സമിതി അംഗം ആരാഞ്ഞതിന്, കോഴിക്കോടാണെന്നും 550 ഗ്രാം വരുമെന്നും തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറേറ്റ് ജോയിന്റ് ഡയറക്ടർ മറുപടി നൽകി. ഓരോ പ്രദേശത്തുമുള്ള പ്രത്യേകതകളെപ്പറ്റിയും മാലിന്യത്തിന്റെ കുളക്ഷനുമായി ബന്ധപ്പെട്ടും ഒട്ടേറെ കാര്യങ്ങൾ പറഞ്ഞുവെങ്കിലും നമ്മുടെ നാട്ടിൽ കാണുന്ന സീസണലായ ഒരു ഇഷ്യൂ കൂടിയുണ്ടെന്നും ചില മേഖലകളിൽ വർഷകാലത്തും ചിലയിടത്ത് അല്ലാത്ത സമയങ്ങളിലും മാലിന്യത്തോത് വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെന്നും മഴക്കാലമാകുമ്പോൾ പല സ്ഥലങ്ങളിൽനിന്നുള്ള മാലിന്യങ്ങൾ പുഴകളിലേയ്ക്ക് നിക്ഷേപിക്കപ്പെടുന്നുണ്ടെന്നും സാമ്പിളിന്റെ അടിസ്ഥാനത്തിൽ കാര്യങ്ങൾ ചെയ്യുന്നുണ്ടെന്ന് പറഞ്ഞെങ്കിലും സംസ്ഥാനത്ത് സീസണലായി മാലിന്യത്തിന്റെ തോത് വർദ്ധിച്ചുവരുന്നത് പഠനവിധേയമാക്കിയിട്ടുണ്ടോയെന്നും സമിതി അംഗം ആരാഞ്ഞതിന്, അക്കാര്യം ക്ലാരിഫൈ ചെയ്യാമെന്നും സീസണലായി വരുന്ന വ്യതിയാനം വേസ്റ്റ് ജനറേറ്റ് ചെയ്യുന്നതുകൊണ്ടല്ല വേസ്റ്റ് കുളക്ഷനിലും അതിന്റെ മാനേജ്മെന്റിലുമുള്ള പ്രശ്നംകൊണ്ടാണെന്നും സംസ്ഥാനത്തെ നഗരസഭകളും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ഒരേ സംവിധാനത്തിനകത്ത് വരണമെന്നാണ് ആഗ്രഹിക്കുന്നതെന്നും അതിനുവേണ്ടിയാണ് 'മാലിന്യമുക്ത നവകേരളം' എന്ന ക്യാമ്പയിൻ നടത്തിയതെന്നും ക്യാമ്പയിനിന് വലിയ പ്രയത്നം ഉണ്ടായിരുന്നിട്ടും 47 ശതമാനമായിരുന്ന മാലിന്യ

ശേഖരണം 80 ശതമാനത്തിന് മുകളിൽ എത്തിക്കാനേ സാധിച്ചിട്ടുള്ളുവെന്നും 20 ശതമാനം വീട്ടുകളും സ്ഥാപനങ്ങളും സംവിധാനത്തിന് പുറത്തുനിൽക്കുകയാണെന്നും കുറച്ച് വേസ്റ്റ് പൊതുനിരത്തുകളിലും മറ്റും നിലവിലും നിക്ഷേപിക്കപ്പെടുന്നുണ്ടെന്നും അത്തരത്തിൽ പൊതുനിരത്തുകളിൽ കാണപ്പെടുന്ന വേസ്റ്റ് മഴക്കാലത്തിന് മുമ്പ് മാറ്റിയിട്ടില്ലെങ്കിൽ അത് ജലാശയങ്ങളിലേയ്ക്ക് എത്തിച്ചേരാൻ ഇടവരുമെന്നും പ്രീ മൺസൂൺ ക്ലീനിംഗ് ഡ്രൈവിനകത്ത് ഉൾപ്പെടുത്തി അത്തരം വേസ്റ്റിനെ പൂർണ്ണമായും നീക്കം ചെയ്യാനുള്ള ശ്രമം നടത്തുന്നുണ്ടെന്നും ഡെങ്കിയും വെള്ളപ്പൊക്കവും ഉണ്ടാകാൻ സാധ്യതയുണ്ടെന്ന മുന്നറിയിപ്പിന്റെ അടിസ്ഥാനത്തിൽ സ്റ്റോറേജ് സംവിധാനങ്ങളുടെ മൊത്തം മാപ്പിംഗ് നടത്തിയിട്ടുണ്ടെന്നും അതുപ്രകാരം ഫ്ലഡ് സോണായി വരുന്ന പ്രദേശങ്ങൾ കണ്ടെത്താനും അവ കേന്ദ്രീകരിച്ചുകൊണ്ട് സ്റ്റോറേജ് ഫെസിലിറ്റീസിനെ പൂർണ്ണമായും ഒഴിപ്പിക്കാനും മാലിന്യം കുമിഞ്ഞ് കൂടുന്ന പ്രദേശങ്ങൾ വൃത്തിയാക്കുന്നതിന് ശ്രദ്ധ കേന്ദ്രീകരിക്കാനുമുള്ള നിർദ്ദേശം കെ.എസ്.ഡബ്ല്യൂ.എം.പി.യുടെ സഹായത്തോടെ നടപ്പാക്കുമെന്നും തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അറിയിച്ചു

6) പ്രീ മൺസൂൺ ക്ലീനിംഗിന്റെ ഭാഗമായുള്ള ശുചീകരണ പ്രവൃത്തികൾ പഞ്ചായത്ത്/നഗരസഭകൾ കേന്ദ്രീകരിച്ച് നടക്കുന്നുണ്ടെന്നും റോഡുകളിലും ഓടകളിലും കിടക്കുന്ന വേസ്റ്റുകൾ നീക്കം ചെയ്യുന്നതുമായി ബന്ധപ്പെട്ട പ്രശ്നങ്ങളിൽ ശ്രദ്ധിക്കണമെന്നും സംസ്ഥാനത്ത് നേരത്തെ നടത്തിയ ക്യാമ്പയിനിന്റെ ഭാഗമായി അതത് വാർഡുകളും വീടുകളും കേന്ദ്രീകരിച്ച് മാലിന്യ ശേഖരണത്തിനുള്ള ശ്രമം നടത്തിയപ്പോൾ അത് കുറേക്കൂടി ഫലപ്രദമായി മാറിയെന്നും പ്രീ മൺസൂൺ ക്ലീനിംഗിന്റെ ഭാഗമായുള്ള ശുചീകരണ പ്രവർത്തനങ്ങൾ തീരപ്രദേശങ്ങളോടൊപ്പം വീടുകൾ കേന്ദ്രീകരിച്ചും നടപ്പാക്കുന്നതിന് നിർദ്ദേശം നൽകുന്നത് നന്നായിരിക്കുമെന്നും സമിതി അംഗം ചൂണ്ടിക്കാട്ടിയപ്പോൾ ഇലക്ഷൻ സമയമായതുകൊണ്ട് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വീടുവീടാന്തരമുള്ള ക്ലീനിംഗ് പ്രവൃത്തികൾ മുന്നോട്ടുകൊണ്ടുപോകുന്നതിന് സാങ്കേതിക ബുദ്ധിമുട്ടുണ്ടായിരുന്നെന്നും ആരോഗ്യ വകുപ്പുമന്ത്രിയും തദ്ദേശ സ്വയംഭരണ

വകുപ്പുമന്ത്രിയുമായി വിഷയം ചർച്ച ചെയ്യുകയും തുടർന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ ചേർന്ന യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളോടെല്ലാം റിവ്യൂ നടത്തണമെന്നുള്ള നിർദ്ദേശം നൽകിയിട്ടുണ്ടെന്നും അതനുസരിച്ച് 18, 19 തീയതികളിൽ ക്ലീനിംഗ് ഡ്രൈവായിത്തന്നെ എല്ലായിടവും കവർ ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്നും തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി മറുപടി നൽകി.

7) ഹരിത കർമ്മ സേനയുടെ ശുചീകരണ പ്രവർത്തനങ്ങൾ കൃത്യമായി നടക്കുന്നുണ്ടോയെന്നും മാസത്തിലൊരിക്കൽ വീടുകളിൽ പോയി വേസ്റ്റ് കളക്ട് ചെയ്യുകയും ബാക്കിയുള്ള സമയത്ത് വേസ്റ്റ് പൊതു സ്ഥലങ്ങളിലും നിരത്തുകളിലും മറ്റും വലിച്ചെറിയുകയും ചെയ്യുന്ന അവസ്ഥ നിലവിലുമുണ്ടോയെന്നും സമിതി അംഗം ആരാഞ്ഞതിന് രണ്ട് തരത്തിലാണ് ഹരിത കർമ്മസേന വേസ്റ്റ് ശേഖരിക്കുന്നതെന്നും ജൈവ മാലിന്യം വലിയതോതിൽ വീടുകളിൽത്തന്നെ സംസ്കരിക്കുകയാണെന്നും പക്ഷെ വലിയ നഗരസഭകളിൽ ചില സ്ഥലങ്ങളിൽ നിന്നുള്ള ജൈവ മാലിന്യംകൂടി ശേഖരിക്കുന്നുണ്ടെന്നും ജൈവ മാലിന്യം ദിവസവും ശേഖരിക്കുന്നതിനുള്ള ഇടപെടലാണ് നടത്തുന്നതെന്നും മറ്റ് സ്ഥലങ്ങളിൽ മാസത്തിലൊരിക്കൽ മാലിന്യം വീടുകളിൽ നിന്നും ശേഖരിക്കുമെന്ന് പറയുമ്പോഴും ഹരിത കർമ്മ സേനയെ സംബന്ധിച്ച് ലഭിക്കുന്ന ഫീഡ് ബാക്ക്, ചില സ്ഥലങ്ങളിൽ മാസത്തിലൊരിക്കലും ചില സ്ഥലങ്ങളിൽ തുടർച്ചയായുള്ള ദിവസങ്ങളിലും എത്തേണ്ടതായിവരുമെന്നുള്ളതാണെന്നും എത്ര പ്രാവശ്യം പോകണമെന്ന കാര്യം തീരുമാനിക്കുന്നത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളാണെന്നും പൊതുവായി പറയുകയാണെങ്കിൽ മാസത്തിലൊരിക്കലെങ്കിലും പോകേണ്ടതായിട്ടുണ്ടെന്നും വീടുകൾ കവർ ചെയ്യുന്നതിന് എത്ര സമയമെടുക്കും, ഇതിലേയ്ക്ക് എത്ര ഹരിത കർമ്മ സേനാംഗങ്ങളെയാണ് ആവശ്യമായി വരുന്നത് എന്നീ കാര്യങ്ങളെ ആശ്രയിച്ചാണ് ഇക്കാര്യത്തിൽ തീരുമാനമെടുക്കുന്നതെന്നും സാധാരണയായി ഒരു വാർഡിലേയ്ക്ക് രണ്ട് പേരെയാണ് ആവശ്യമുള്ളതെങ്കിലും ചിലയിടങ്ങളിൽ ഒരാളെയും മറ്റ് ചില സ്ഥലങ്ങളിൽ

മൂന്നും നാലും പേരെ ഒരുമിച്ചുമാണ് അയയ്ക്കുന്നതെന്നും ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനത്തിലും ഓരോ രീതിയിലാണ് ഇത് പ്രാവർത്തികമാകുന്നതെന്നും കവറേജ് പൂർത്തിയാക്കുന്നുണ്ടോ, വേസ്റ്റ് മുഴുവനും സിസ്റ്റത്തിനകത്തേയ്ക്ക് വരുന്നുണ്ടോ എന്നുള്ള കാര്യങ്ങളാണ് പരിശോധിക്കുന്നതെന്നും ഇതിനായി ഹരിത മിത്രം ആപ്പ് ഡെവലപ് ചെയ്തിട്ടുണ്ടെന്നും നിലവിൽ 800-ൽ പരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ആപ്പിൽ ഉൾപ്പെട്ടിട്ടുണ്ടെന്നും ഇതുവഴി ഹരിത കർമ്മ സേന ഏത് സമയത്താണ് വീടുകളിൽ കളക്ഷനായി പോകുന്നതെന്നും അതിൽ വീഴ്ച വരുത്തിയിട്ടുണ്ടോയെന്നും മുൻ സമയങ്ങളിലെ കളക്ഷന് സമാനമായ രീതിയിൽ കളക്ഷൻ നടക്കുന്നുണ്ടോയെന്നും അതിലുണ്ടാകുന്ന ഗ്യാപ്പുകൾ തദ്ദേശസ്വയംഭരണ തലത്തിലും അതിന്റെ സൂപ്പർവൈസറി തലത്തിലും ജില്ലാ/സംസ്ഥാന തലത്തിലും പരിശോധിക്കുന്നതിനുവേണ്ടിയുള്ള ക്രമീകരണങ്ങളായിട്ടുണ്ടോ എന്നിവയൊക്കെ കണ്ടുപിടിക്കാൻ കഴിയുമെന്നും തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി വിശദീകരിച്ചു.

8) പഞ്ചായത്ത്, മുനിസിപ്പാലിറ്റി എന്നിവ മുഖേന ശേഖരിക്കുന്ന മാലിന്യങ്ങൾ പ്ലാസ്റ്റിക്ക് കവറുകളിലും ചാക്കുകളിലും നിറച്ച് തെരുവോരങ്ങളിൽ കൂട്ടിയിടുന്നത് കേരളത്തിൽ പല സ്ഥലങ്ങളിലും കാണുന്നുണ്ടെന്നും ഇതൊരു ഗുരുതരമായ പ്രശ്നമാണെന്നും നദികളിലുള്ള മാലിന്യങ്ങളാണ് മറ്റൊരു പ്രധാന കാര്യമെന്നും മാലിന്യമുക്ത കേരളത്തിന്റെ ഭാഗമായി ഏത് രീതിയിലാണ് അത് തടയാൻ സാധിക്കുന്നതെന്നും അതുപോലെ തീരപ്രദേശങ്ങളിൽ പ്ലാസ്റ്റിക് ഉൾപ്പെടെയുള്ള മാലിന്യങ്ങൾ വലിച്ചെറിയുന്നത് നിയന്ത്രിക്കുന്നതിനുവേണ്ടിയുള്ള എന്തെങ്കിലും പ്രത്യേക സംവിധാനം നിലവിലുണ്ടോയെന്നും സമിതി ആരാഞ്ഞതിന്, ഉണ്ടെന്നും മുമ്പ് സൂചിപ്പിച്ചതുപോലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴിയുള്ള മാലിന്യ ശേഖരണം 47 ശതമാനമായിരുന്നത് 86 ശതമാനമായി ഉയർത്താൻ സാധിച്ചിട്ടുണ്ടെന്നും എന്നാൽ ശേഖരിക്കുന്ന മാലിന്യങ്ങൾ സൂക്ഷിക്കാനുള്ള സ്റ്റോറേജ് സംവിധാനം ചില പ്രദേശങ്ങളിൽ അപര്യാപ്തമാണെന്നുള്ളത്

വാസ്തവമാണെന്നും ഇതിനുവേണ്ടിയാണ് മിനി എം.സി.എഫ്.കൾ നിർമ്മിക്കുന്നതെന്നും എന്നാൽ അവയും പല സ്ഥലങ്ങളിലും നിറഞ്ഞുകവിയുകയാണെന്നും മാലിന്യമുക്ത കേരളത്തിന്റെ ഭാഗമായി ധാരാളം മാലിന്യങ്ങൾ ശേഖരിക്കാൻ സാധിച്ചിട്ടുണ്ടെങ്കിലും അതിനാവശ്യമായ സ്റ്റോറേജ് സംവിധാനം നിർമ്മിക്കാൻ സാധിച്ചിട്ടില്ലെന്നും എം.സി.എഫ്.കൾ നിർമ്മിക്കാനുള്ള 800-ഓളം പ്രോജക്ടുകൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കീഴിൽ നിലവിലുണ്ടെങ്കിലും അവ പൂർത്തിയാക്കാൻ കുറച്ച് കാലതാമസമെടുക്കുമെന്നും അതിനാൽ സ്വകാര്യ ഉടമസ്ഥതയിലുള്ള ഗോഡൗണുകൾ കണ്ടെത്തണമെന്ന നിർദ്ദേശവും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകിയിരുന്നുവെന്നും സാധാരണ എം.സി.എഫ്.കൾ ഒരു മാസത്തിലോ രണ്ട് മാസത്തിലോ ആണ് ക്ലിയർ ചെയ്യുന്നതെങ്കിലും അതിനുപകരം എം.സി.എഫ്.കൾ നിറയുന്ന സമയത്തുതന്നെ, ക്ലിയർ ചെയ്യുന്ന വിധത്തിലുള്ള ക്രമീകരണം ഉണ്ടാകേണ്ടതുണ്ടെന്നും നിലവിൽ 730 ഓളം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ക്ലീൻ കേരള കമ്പനി മുഖേനയും ബാക്കി വരുന്ന സ്ഥാപനങ്ങളിൽ സ്വകാര്യ ഏജൻസി മുഖേനയുമാണ് മാലിന്യ ശേഖരണം നടത്തുന്നതെന്നും രണ്ടുകൂട്ടരുമായും ചർച്ച ചെയ്ത് എം.സി.എഫ്.കൾ നിറയുന്നതിനനുസൃതമായി ലിഫ്റ്റിംഗ് പ്ലാൻ ഉണ്ടാക്കണമെന്നും അത് പരിശോധിക്കണമെന്നുമുള്ള തീരുമാനമെടുത്തിരുന്നുവെന്നും ലിഫ്റ്റിംഗ് പ്ലാൻ മിക്കവാറുമുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തയ്യാറാക്കിക്കഴിഞ്ഞുവെന്നും അതുപ്രകാരമുള്ള പ്രവർത്തനം നടത്തണമെങ്കിൽ താഴെത്തട്ടിലുള്ള മിനി എം.സി.എഫ്.-ൽ നിന്നും എം.സി.എഫ്.ലേക്കുള്ള ട്രാൻസ്പോർട്ടേഷൻ പ്ലാൻ ക്രമീകരിക്കേണ്ടതുണ്ടെന്നും ഓരോ മിനി എം.സി.എഫ്.കളും നിറയുന്നത് ഒരേ സമയത്തല്ലെന്നും അതുകൂടി കണക്കിലെടുത്തുകൊണ്ട് വാഹനങ്ങളുടെ ലഭ്യതയുടെ അടിസ്ഥാനത്തിൽ കൃത്യമായ ട്രാൻസ്പോർട്ടേഷൻ പ്ലാൻ ഉണ്ടാക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ടെന്നും പ്രസ്തുത പ്ലാനുകൾ എല്ലായിടത്തും മേയ് മാസത്തിൽത്തന്നെ ഫൈനലൈസ് ചെയ്യുമെന്നും ജൂൺ മാസമാകുമ്പോൾ മാലിന്യങ്ങൾ മുഴുവൻ

സിസ്റ്റത്തിൽ ഉൾപ്പെടുത്തി കൃത്യമായി ലിഫ്റ്റ് ചെയ്ത് നീക്കം ചെയ്യാൻ സാധിക്കുമെന്നാണ് കരുതുന്നതെന്നും ഇതിന് സമാനമായി അഡീഷണൽ സ്റ്റോറേജിനായുള്ള പ്രോജക്ട് പൂർത്തിയാകുമ്പോൾ എമർജൻസി ലിഫ്റ്റിംഗ് ഉൾപ്പെടെയുള്ള കാര്യങ്ങൾക്ക് സാവകാശം ലഭിക്കുന്നതാണെന്നും ഇതിന്റെ കൂടെത്തന്നെ വിശദമായ ഫയർ സേഫ്റ്റി ഓഡിറ്റ് എല്ലാ സ്റ്റോറേജ് ഫെസിലിറ്റികളിലും ചെയ്തിരുന്നുവെന്നും അതിന്റെ ഭാഗമായി ഏതെല്ലാം സ്റ്റോറേജ് ഫെസിലിറ്റികളാണ് മുഴുവനായി നിറഞ്ഞിരിക്കുന്നത്, എത്ര നാളായി നിറഞ്ഞിരിക്കുന്നു, അതിന്റെ കാരണമെന്താണ് എന്നുള്ള കണക്കെടുത്തിട്ടുണ്ടെന്നും അതിൽ മുൻഗണനാടിസ്ഥാനത്തിൽ മാലിന്യം നീക്കം ചെയ്യാനുള്ള നടപടികളെടുത്തിട്ടുണ്ടെന്നും തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി മറുപടി നൽകി. ക്ലീനിംഗ് ഡ്രൈവിന്റെ ഭാഗമായി ജലാശയങ്ങളിലെ ഖരമാലിന്യങ്ങൾ നീക്കം ചെയ്യേണ്ടതുണ്ടെങ്കിലും പൂർണ്ണതോതിൽ അത് ചെയ്യാൻ സാധിക്കുന്നില്ലെന്നും ഉദാഹരണത്തിന്, തിരുവനന്തപുരത്തെ ആമയിഴഞ്ചാൻ തോടിൽ ക്ലീനിംഗ് ഡ്രൈവ് നടത്തി മുഴുവൻ വേസ്റ്റും നീക്കം ചെയ്തതിന്റെ അടുത്ത ദിവസം തന്നെ വീണ്ടും മാലിന്യം നിറഞ്ഞുവെന്നും അതിനാൽ മാലിന്യങ്ങളുടെ ഉറവിടം കണ്ടെത്തിയാൽ മാത്രമേ അത് പരിഹരിക്കാൻ സാധിക്കുവെന്നും അതിന് കുറച്ച് ബുദ്ധിമുട്ടുണ്ടെന്നും കാരണം ഇവയിൽ പലതും കോളനികൾ ഉൾപ്പെടെയുള്ള പ്രദേശങ്ങളിൽ നിന്നും അനധികൃത ആക്രിക്കച്ചവടം നടത്തുന്നവർ വലിച്ചെറിയുന്ന മാലിന്യങ്ങളാണെന്നും സാമൂഹിക, രാഷ്ട്രീയ പ്രശ്നങ്ങളുള്ളതിനാൽ കുറച്ച് സമയമെടുത്തുമാത്രമേ അത് പരിഹരിക്കാൻ സാധിക്കുവെന്നും തിരുവനന്തപുരത്തെ ആമയിഴഞ്ചാൻ തോട്, കൊല്ലത്തെ മണിച്ചിത്തോട് എന്നിവയിലുള്ള മാലിന്യം ഉറവിടത്തിൽ തന്നെ കൈകാര്യം ചെയ്യാനുള്ള വലിയൊരു ശ്രമം നടക്കുന്നുണ്ടെന്നും അത്തരത്തിൽ ശ്രദ്ധേയമായതും പ്രകടമായി മാലിന്യം നിറഞ്ഞുനിൽക്കുന്നതുമായ ജലാശയങ്ങൾ വൃത്തിയാക്കുന്നതിനുള്ള ശ്രമം നടത്തുന്നുണ്ടെന്നും അഡീഷണൽ ചീഫ് സെക്രട്ടറി

കൂട്ടിച്ചേർത്തു. തീരപ്രദേശങ്ങൾ പരിപാലിക്കുന്ന വിഷയത്തിൽ പ്രത്യേക പരിപാടിതന്നെ ആവിഷ്കരിച്ചിട്ടുണ്ടെന്നും തദ്ദേശസ്വയംഭരണ-ഫിഷറീസ് വകുപ്പുകൾ സഹകരിച്ചുകൊണ്ടുള്ള 'ശുചിത്വസാഗരം' എന്നൊരു പ്രോജക്റ്റ് നിലവിലുണ്ടെങ്കിലും അത് പൂർണ്ണതയിലേയ്ക്കെത്തിക്കാൻ സാധിച്ചിട്ടില്ലെന്നും ആയതിനാൽ തീരപ്രദേശങ്ങൾ ഉൾപ്പെടുന്ന സ്ഥലങ്ങളിലെ ടൂറിസ്റ്റ് കേന്ദ്രങ്ങൾ കണ്ടെത്തി അവിടെയുള്ള വേസ്റ്റ് മാനേജ്മെന്റ് ഫലപ്രദമാക്കാൻ തീരുമാനിച്ചിട്ടുണ്ടെന്നും ടൂറിസ്റ്റുകൾ വലിച്ചെറിയുന്ന മാലിന്യങ്ങൾ, അവിടെയുള്ള കച്ചവടക്കാർ ഉല്പ്പാദിപ്പിക്കുന്ന ബയോ-നോൺബയോ വേസ്റ്റുകൾ എന്നിവ കൈകാര്യം ചെയ്യേണ്ടതുണ്ടെന്നും ഇതിനായി ബന്ധപ്പെട്ട ഡി.റ്റി.പി.സി., ടൂറിസം വകുപ്പ് എന്നിവ വേണ്ട ക്രമീകരണങ്ങൾ ചെയ്യണമെന്നും ടൂറിസം വകുപ്പുമായി അതിനുള്ള ഇടപെടൽ നടത്തിയിട്ടുണ്ടെന്നും ക്ലീൻ കേരള കമ്പനി മുഖേനയോ മറ്റ് അംഗീകൃത ഏജൻസികൾ മുഖേനയോ കരാറിൽ ഏർപ്പെട്ട് ബിന്നുകൾ സ്ഥാപിച്ച്, സർവയിലൻസ് നടത്തി ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ റെഗുലേറ്ററി ആക്ഷൻ കൊണ്ടുവരണമെന്നും വേസ്റ്റ് മാനേജ്മെന്റ് നന്നായി ചെയ്യുകയാണെങ്കിൽ അവിടേയ്ക്ക് കൂടുതൽ ആളുകൾ വരുമെന്നും അതുവഴി കൂടുതൽ ബിസിനസ്സുണ്ടാകും എന്ന തിരിച്ചറിവ് ഉണ്ടാകുന്ന തരത്തിൽ ബോധവത്ക്കരണം നടത്തണമെന്നും ടൂറിസ്റ്റുകൾക്ക് ടൂറിസ്റ്റ് ഡെസ്റ്റിനേഷൻ റേറ്റ് ചെയ്യാനുള്ള പബ്ലിക് റേറ്റിംഗ് സംവിധാനവുമൊരുക്കുന്നുണ്ടെന്നും പിന്നീടുള്ളത് കടലിൽ നിന്നും വരുന്ന മാലിന്യങ്ങളാണെന്നും ഉൾപ്രദേശങ്ങളിൽ നിന്നും കടലിലേയ്ക്ക് മാലിന്യമെത്തുന്നത് തടയാനുള്ള ഇടപെടലാണ് വാസ്തവത്തിൽ ആദ്യം വേണ്ടതെന്നും ആഗോള തലത്തിൽ ഉണ്ടാകുന്ന മാലിന്യങ്ങളും കരയിൽ എത്താറുണ്ടെന്നും അതും വൃത്തിയാക്കേണ്ടതുണ്ടെന്നും ഇതിനുവേണ്ടിയുള്ള സാന്റ് സിഫ്റ്റിംഗ് മെഷീനുകളുടെ വിശദാംശം, അത് എവിടെ ലഭ്യമാകും എന്നുള്ളത് സംബന്ധിച്ച കൃത്യമായ നിർദ്ദേശം ശുചിത്വ മിഷന് നൽകിയിട്ടുണ്ടെന്നും കൊല്ലം നഗരസഭയിൽ മെഷീനുണ്ടെന്നും ആവശ്യമുള്ള മറ്റ് സ്ഥലങ്ങളിൽ അവ

വാങ്ങുന്നതാണെന്നും ധാരാളം മാലിന്യം അടിയുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുള്ള തീരപ്രദേശങ്ങളിൽ ഇത്തരം മെഷീനുകളുടെ സംവിധാനം ഏർപ്പെടുത്തുന്നതാണെന്നും അഡീഷണൽ ചീഫ് സെക്രട്ടറി വിശദീകരിച്ചു.

9) നദികളുടെ സംരക്ഷണവുമായി ബന്ധപ്പെട്ട വേസ്റ്റ് മാനേജ്മെന്റ് സംവിധാനത്തെക്കുറിച്ച് സൂചിപ്പിക്കുകയുണ്ടായതിൽ നിന്നും കേരളത്തിലെ 44 നദികളെപ്പറ്റി 1976-നുശേഷം കൃത്യമായ പഠനം നടന്നിട്ടില്ല എന്നതാണ് മനസിലാകുന്നതെന്നും അതിനാവശ്യമായ ഏതാനും നിർദ്ദേശങ്ങൾ പലതവണ വന്നെങ്കിലും പിന്നീട് ബന്ധപ്പെട്ടവരാരും അത് മുന്നോട്ടുകൊണ്ടുപോയിട്ടില്ലെന്നും ആരാണ് ഇതിന്റെ അതോറിറ്റി എന്നുള്ളത് പ്രധാനപ്പെട്ട വിഷയമാണെന്നും പഞ്ചായത്ത്, റവന്യൂ, ഇറിഗേഷൻ തുടങ്ങി പല വകുപ്പുകളുടെ സഹകരണമുണ്ടെങ്കിൽ മാത്രമേ നദികളിൽ വേസ്റ്റ് മാനേജ്മെന്റ് സാധ്യമാകുവെന്നും വളരെ ദൈർഘ്യമുള്ള നദികളിൽ എവിടെയും വേസ്റ്റ് മാനേജ്മെന്റ് ഒരു പ്രത്യേക പ്രോജക്ടായി നടക്കുന്നില്ലെന്നും എല്ലാ പ്രദേശത്തും പ്രാദേശികമായ കൂട്ടായ്മകൾ രൂപപ്പെടുത്തി അവിടെയുള്ള ആളുകൾ നദിയുടെ സംരക്ഷകരായി മാറുന്ന തരത്തിലേയ്ക്കുള്ള സംവിധാനം രൂപപ്പെടുത്തിയെങ്കിൽ മാത്രമേ നദികളെ സംരക്ഷിച്ച് മുന്നോട്ടുപോകാൻ സാധിക്കൂ എന്നും പ്രത്യേക പദ്ധതി കൊണ്ടുവന്ന് കുറേ പണം ചെലവഴിക്കുന്നതിനുപകരം തങ്ങളുടെ പ്രദേശത്തെ പുഴയും അതിന്റെ സംരക്ഷണവും തങ്ങളുടെ കൂടെ ഉത്തരവാദിത്തമാണെന്ന ബോധ്യത്തിലേയ്ക്ക് ആളുകളെ എത്തിക്കാൻ കഴിയുന്ന ശ്രമം ഉണ്ടാകണമെന്നും സമിതി അംഗം നിർദ്ദേശിച്ചു

10) സമിതി അംഗം പറഞ്ഞ കാര്യം വളരെ പ്രസക്തമാണെന്നും നിലവിൽ അഭിമുഖീകരിക്കുന്ന പ്രധാന പ്രശ്നവും ഇതാണെന്നും പ്രാദേശിക തലത്തിൽ നദികൾ സംരക്ഷിക്കേണ്ടത് സംബന്ധിച്ച ഓണർഷിപ്പ് കിട്ടാത്തതുകൊണ്ടുതന്നെ നിർദ്ദേശങ്ങൾ പലതും നടപ്പാക്കുന്നില്ലെന്നും ഇതിനുവേണ്ടിയുള്ള പ്രവർത്തനം വകുപ്പ് ശക്തിപ്പെടുത്തിയിട്ടുണ്ടെന്നും ജലാശയങ്ങളിൽ മാലിന്യം നിക്ഷേപിക്കുന്നവർക്ക്

50,000/- രൂപ വരെ പിഴയും തടവ് ശിക്ഷയും നൽകുന്നുണ്ടെന്നും എങ്കിലും തദ്ദേശസ്വയംഭരണ തലത്തിലും പോലീസിന്റെ ഭാഗത്തുനിന്നും ആ വിഷയത്തിൽ കുറച്ചുകൂടി ശക്തമായ ഇടപെടൽ ഉണ്ടാകേണ്ടതുണ്ടെന്നും യുവാക്കളെ ഇതിലേയ്ക്ക് കൊണ്ടുവരിക എന്നൊരു ശ്രമം കൂടി മാലിന്യമുക്ത കേരളത്തിന്റെ ഭാഗമായി നടപ്പിലാക്കുന്നുണ്ടെന്നും തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി വ്യക്തമാക്കി. ഹരിതകർമ്മ സേനാംഗങ്ങളുടെ വരുമാനം സംബന്ധിച്ച് എന്തെങ്കിലും പരിശോധന നടത്തിയിട്ടുണ്ടോയെന്ന് സമിതി ആരാഞ്ഞതിന്; ഹരിത കർമ്മ സേനയുടെ വരുമാനത്തെ സംബന്ധിച്ച് കൃത്യമായ കണക്കെടുത്തിട്ടുണ്ടെന്നും 36,000-ഓളം വരുന്ന ഹരിതകർമ്മ സേനാംഗങ്ങളിൽ 5,000/- രൂപയ്ക്ക് മുകളിൽ വരുമാനമുള്ള ഹരിതകർമ്മ സേനാംഗങ്ങൾ 2023 മാർച്ചിൽ 18,000 പേരായിരുന്നത് 2024 മാർച്ച് ആയപ്പോൾ 29,763 ആയിട്ടുണ്ടെന്നും ഇതിൽ 10,000/- രൂപയ്ക്ക് മുകളിൽ വരുമാനമുള്ളവർ 6,758 പേരായിരുന്നത് നിലവിൽ 15,058 പേർ ആയിട്ടുണ്ടെന്നും ഓരോ തദ്ദേശസ്വയംഭരണസ്ഥാപന തലത്തിലും ഹരിത കർമ്മ സേനയുടെ വരുമാനമെത്രയാണെന്ന് കണക്കാക്കുകയും അതിൽ ഗ്യാപ്പ് വരുന്നത് Viability Gap Funding മുഖേന മീറ്റ് ചെയ്യണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ടെന്നും അഡീഷണൽ ചീഫ് സെക്രട്ടറി വിശദീകരിച്ചു.

11) മാലിന്യനിർമ്മാർജ്ജന പ്രവർത്തനങ്ങൾ വിജയത്തിലെത്തിക്കുന്നതിന് ഹരിതകർമ്മസേനാംഗങ്ങളുടെ പ്രവർത്തനം ശ്ലാഘനീയമാണെന്ന് വിലയിരുത്തിയ സമിതി പ്രാദേശികതലത്തിൽ ഉയർന്നുവരുന്ന പ്രശ്നങ്ങൾ അവരുടെ വരുമാനത്തെ ബാധിക്കുന്നുണ്ടെന്നും നിലവിൽ വളരെ തുച്ഛമായ തുകയാണ് അവർക്ക് ലഭിക്കുന്നതെന്നും വിഷയത്തിൽ ജനങ്ങളുടെ പിന്തുണ അവർക്ക് ലഭിക്കേണ്ടതുണ്ടെന്നും നാട്ടിൻപുറങ്ങളിലും പട്ടണപ്രദേശങ്ങളിലും പ്രസ്തുത

വിഷയത്തിൽ പ്രശ്നങ്ങൾ നിലനിൽക്കുന്നുണ്ടെന്നും വരുമാനവർദ്ധന ലക്ഷ്യം വച്ചുകൊണ്ട് പ്രായോഗികമായി ചെയ്യാൻ കഴിയുന്ന കാര്യങ്ങൾ അടിയന്തരമായി ചെയ്യേണ്ടതുണ്ടെന്നും അഭിപ്രായപ്പെട്ടു. ആയതിന്, മൂന്ന് മാസമായിട്ടും യൂസർ ഫീ ഒടുക്കുന്നതിൽ കാലതാമസം വരുത്തുന്ന ഉപഭോക്താവിൽ നിന്നും അമ്പതു ശതമാനം പിഴപ്പലിശയോടുകൂടി പ്രസ്തുത തുക ഈടാക്കാനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടെന്നും യൂസർ ഫീ ഒടുക്കുന്നതിൽ കുടിശിക വരുത്തിയിട്ടുള്ള ഉപഭോക്താക്കളിൽ നിന്നും പ്രോപ്പർട്ടി ടാക്സിനൊപ്പം കുടിശിക ഈടാക്കുന്നതിനും നിലവിൽ നിയമം ഭേദഗതി വരുത്തിയിട്ടുള്ളതാണെന്നും കൂടാതെ വ്യാപാര സ്ഥാപനങ്ങളിൽ നിന്നും കൃത്യമായ മാലിന്യ ശേഖരണവും യൂസർ ഫീ കളക്ഷനും ഉറപ്പുവരുത്തുന്നതിന് ലൈസൻസ് പുതുക്കുന്ന സമയം ഹരിത കർമ്മസേന യൂസർ ഫീ കളക്ഷൻ കാർഡ്/രസീത് നിർബന്ധമാക്കിയിട്ടുണ്ടെന്നും തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അറിയിച്ചു.

12) യൂസർ ഫീ നൽകാൻപോലും തയ്യാറാകാത്ത കുറച്ചുപേർ നമ്മുടെ സമൂഹത്തിലുണ്ടെന്നത് ഏറ്റവും ദുഃഖകരമായ കാര്യമാണെന്നും ചെയ്യുന്ന സേവനത്തിന് അർഹമായ പ്രതിഫലമോ അംഗീകാരമോ ഹരിതകർമ്മസേന പ്രവർത്തകർക്ക് ലഭിക്കുന്നില്ലെന്നും പ്രൈമറി ക്ലാസ് മുതൽ ഇത്തരം വിഷയങ്ങളിൽ കുട്ടികൾക്ക് ബോധവത്കരണം നൽകേണ്ടത് അത്യന്താപേക്ഷിതമാണെന്നും സ്കൂൾ പാഠ്യപദ്ധതിയിൽ മാലിന്യ സംസ്കരണം നമ്മുടെ ജീവിതശൈലിയുടെ ഭാഗമാകുന്ന രൂപത്തിൽ ഉൾപ്പെടുത്താൻ വേണ്ട നടപടി എടുക്കണമെന്നും സമിതി അഭിപ്രായപ്പെട്ടതിന് കരിക്കുലത്തിൽ മാലിന്യ നിർമ്മാർജ്ജനം പ്രധാനപ്പെട്ട അജണ്ടയായി കൊണ്ടുവന്ന് വിദ്യാഭ്യാസ വകുപ്പിന്റെ സഹകരണത്തോടുകൂടി കാമ്പയിൻ സംഘടിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ടെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി മറുപടി നൽകി.

13) ഏതെങ്കിലും നഗരസഭയ്ക്ക് അതിന്റെ പരിധിയിൽ ഉല്പ്പാദിപ്പിക്കപ്പെടുന്ന ഖരമാലിന്യത്തിന്റെ അളവും ഘടനയും സർവ്വേയിലൂടെ കണ്ടെത്താനായോയെന്നും ബാക്കി നഗരസഭകളിൽ സർവ്വേ എപ്പോൾ പൂർത്തീകരിക്കാൻ കഴിയുമെന്നും സമിതി തുടർന്ന് ആരാഞ്ഞതിന്, തിരുവനന്തപുരം നഗരസഭയുടെ പരിധിയിൽ ഉല്പ്പാദിപ്പിക്കപ്പെടുന്ന ഖരമാലിന്യത്തിന്റെ അളവും ഘടനയും സർവ്വേയിലൂടെ കണ്ടെത്തിയിട്ടുണ്ടെന്നും ബാക്കി നഗരസഭകളിലെ സർവ്വേ ഈ മാസം അവസാനത്തോടുകൂടി പൂർത്തീകരിക്കാനാകുമെന്നും തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറേറ്റ് ജോയിന്റ് ഡയറക്ടർ വ്യക്തമാക്കി.

14) സംസ്ഥാനത്ത് ഉല്പ്പാദിപ്പിക്കപ്പെടുന്ന മാലിന്യത്തിന്റെ അളവും ഭൗതികവും രാസപരവുമായ സവിശേഷതകളും നിർണ്ണയിക്കാനായുള്ള സോഷ്യോ എക്കണോമിക് യൂണിറ്റിന്റെ പഠനത്തിന്റെ നിലവിലെ സ്ഥിതി എന്താണെന്ന് സമിതി ആരാഞ്ഞതിന്, സോഷ്യോ എക്കണോമിക് യൂണിറ്റ് ഫൗണ്ടേഷനുമായി (എസ്.ഇ.യു.എഫ്.) ശുചിത്വമിഷൻ കരാറിൽ ഏർപ്പെട്ടുവെങ്കിലും കോവിഡ് മഹാമാരി കാരണം പഠനം നിർത്തിവയ്ക്കേണ്ടിവന്നുവെന്നും സംസ്ഥാനത്ത് ഉല്പ്പാദിപ്പിക്കപ്പെടുന്ന മാലിന്യത്തിന്റെ അളവും ഭൗതികവും രാസപരവുമായ സവിശേഷതകളും നിർണ്ണയിക്കാനായുള്ള പഠനം കെ.എസ്.ഡബ്ല്യു.എം.പി.-യുടെ നേതൃത്വത്തിലാണ് നടക്കുന്നതെന്നും തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി വിശദീകരിച്ചു.

15) കോവിഡ് മഹാമാരി പൊട്ടിപ്പുറപ്പെട്ടതിനുശേഷം പകർച്ചവ്യാധികൾ വരാനുള്ള സാധ്യത പതിന്മടങ്ങ് വർദ്ധിച്ചിരിക്കുകയാണെന്നും അതിനുള്ള കാരണം ജൈവ-അജൈവ മാലിന്യ സംസ്കരണ പദ്ധതികൾ യഥാസമയം നടപ്പിൽ വരുത്തുന്നതടക്കമുള്ള തുടർ നടപടികൾ സ്വീകരിക്കുന്നതിൽ വീഴ്ച വരുത്തിയതാണെന്നും നിരീക്ഷിച്ച സമിതി ഇത്തരം സാഹചര്യങ്ങൾ എങ്ങനെ അതിജീവിക്കാൻ കഴിയുമെന്നതിന് ശാസ്ത്രീയ പഠനം അനിവാര്യമാണെന്നും വിലയിരുത്തി.

16) ഖരമാലിന്യത്തിന്റെ അളവും ഘടനയും സർവ്വേയിലൂടെ കണ്ടെത്തിയതിന്റെ വിശദാംശം എന്തൊക്കെയാണെന്ന് പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ ആരാഞ്ഞതിന്, ജൈവ, അജൈവ, ഇതര മാലിന്യങ്ങളുടെ സാമ്പിളുകൾ വിശകലനം നടത്തിയപ്പോൾ 70 ശതമാനം ജൈവ മാലിന്യവും 30 ശതമാനം അജൈവ മാലിന്യവും കണ്ടെത്താൻ കഴിഞ്ഞുവെന്ന് തിരുവനന്തപുരം കോർപ്പറേഷൻ ഹെൽത്ത് ഓഫീസർ മറുപടി നൽകി. മാലിന്യത്തിന്റെ അളവ്, സാന്ദ്രത, ഈർപ്പം, കലോറി മൂല്യം, വിഷാംശം മുതലായ സവിശേഷതകളാണ് ഉചിതമായ സംസ്കരണ സാങ്കേതിക വിദ്യ തെരഞ്ഞെടുക്കുന്നതിനുള്ള സുപ്രധാന ഘടകങ്ങളെന്നും ഗ്ലാസ് വേസ്റ്റുകൾ, ഇ-മാലിന്യം, വിഷ മാലിന്യം, ബയോ-മെഡിക്കൽ മാലിന്യം, ഗാർഹിക മാലിന്യം, സാനിറ്ററി മാലിന്യം പോലുള്ള അപകടകരമായ മാലിന്യം എന്നിവ പ്രത്യേകം കൈകാര്യം ചെയ്യേണ്ടതും നിർമ്മാർജ്ജനം ചെയ്യേണ്ടതുമാണെന്നും ഇത്തരം അജൈവ മാലിന്യം സംസ്കരിക്കാൻ ശാസ്ത്രീയ മാലിന്യ സംസ്കരണ സംവിധാനങ്ങൾ സംസ്ഥാനത്തോ സംസ്ഥാനത്തിന് പുറത്തോ ഉണ്ടാകേണ്ടത് അത്യന്താപേക്ഷിതമാണെന്നും ഖരമാലിന്യങ്ങളിൽ നിന്നും ശേഖരിക്കുന്ന സാമ്പിളുകളുടെ അടിസ്ഥാനത്തിൽ പ്രോസസ്സ് ചെയ്യാൻ കഴിയുന്ന പ്ലാസ്റ്റിക്കിന്റെയും അല്ലാത്തവയുടെയും ശരാശരി അളവ് നിർണ്ണയിക്കുന്നതിനാൽ നല്ലൊരു വ്യവസായ അന്തരീക്ഷവും സൃഷ്ടിക്കാൻ കഴിയുന്നുണ്ടെന്നും അതിന്റെ ഭാഗമായി റീസൈക്ലിംഗ്, ഹരിത സംരംഭങ്ങൾ എന്നിവയെ പ്രോൽസാഹിപ്പിക്കാൻ കഴിയുന്നുണ്ടെന്നും നിലവിൽ മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളത്തിൽ റീസൈക്കിൾ സംവിധാനം തുലോം കുറവാണെന്നും തത്ഫലമായി മറ്റ് സംസ്ഥാനങ്ങൾക്ക് നല്ല വരുമാനം ലഭിക്കുന്നുണ്ടെന്നും ഖരമാലിന്യം വേർതിരിച്ച് സംസ്കരിക്കുന്നതുവരെയുള്ള പ്രക്രിയ വളരെ ബുദ്ധിമുട്ടേറിയതാണെന്നും ഖരമാലിന്യം എം.സി.എഫ്. വഴി തരംതിരിക്കുന്നതിന് പകരം വീടുകളിൽ തന്നെ ജൈവ മാലിന്യത്തിനായി കിച്ചൻ ബിൻ/ബയോ ബിൻ സംവിധാനങ്ങൾ പ്രയോജനപ്പെടുത്തിയാൽ നല്ല രീതിയിൽ

മുന്നോട്ടുകൊണ്ടുപോകാൻ കഴിയുമെന്നും വലിയ തോതിൽ ബയോ മെഡിക്കൽ വേസ്റ്റ് ഉല്പ്പാദിപ്പിക്കുന്ന സ്ഥാപനങ്ങൾ IMAGE-ന് നൽകിവരുന്നുണ്ടെന്നും അവർക്ക് സ്വന്തമായി മാലിന്യ സംസ്കരണ സംവിധാനമുണ്ടെന്നും പക്ഷേ വീടുകളിൽ നിന്നും ശേഖരിക്കുന്ന ഡയപ്പർ പോലെയുള്ള ബയോ മെഡിക്കൽ വേസ്റ്റ് നിർമ്മാർജ്ജനം ചെയ്യുകയെന്നത് അത്ര എളുപ്പമല്ലെന്നും ഇത്തരത്തിലുള്ള അപകടകരമായ ഗാർഹികമാലിന്യം വേർതിരിച്ച് സംസ്കരിക്കുന്നതിനായി കെ.ഇ.ഐ.എൽ. (കേരള എൻവിറോ ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ്) നെയാണ് നിയോഗിച്ചിട്ടുള്ളതെന്നും കാസർഗോഡ് നിന്നും ഗാർഹിക മാലിന്യങ്ങൾ എറണാകുളത്ത് സ്ഥിതി ചെയ്യുന്ന കെ.ഇ.ഐ.എൽ.-ൽ കൊണ്ടുവരിക എന്നത് പ്രായോഗികമായ കാര്യമല്ലെന്നും അതുകൊണ്ട് ഇത്തരം മാലിന്യം നിർമ്മാർജ്ജനം ചെയ്യുവാനുള്ള സംവിധാനവും അതത് പ്രദേശത്തുതന്നെയുണ്ടാവണമെന്നും തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അറിയിച്ചു.

17) മറ്റ് സംസ്ഥാനങ്ങളിൽ മാലിന്യ നിർമ്മാർജ്ജന സംവിധാനങ്ങൾ എപ്രകാരമാണെന്ന് സമിതി തുടർന്ന് ആരാഞ്ഞതിന് മറ്റ് സംസ്ഥാനങ്ങളിലെ നഗരസഭകളിൽ മാലിന്യ സംസ്കരണ സംവിധാനങ്ങൾ വളരെ കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ടെന്നും ബയോ മാലിന്യം, പ്ലാസ്റ്റിക് മാലിന്യം, മറ്റ് മാലിന്യം എന്ന രീതിയിലാണ് അവിടെ മാലിന്യം വേർതിരിക്കുന്നതെന്നും മിക്ക സംസ്ഥാനങ്ങളിലും ഖരമാലിന്യ സംസ്കരണ പദ്ധതികൾക്കായി ചെലവഴിക്കാൻ ആവശ്യമായ ഫണ്ട് ഉണ്ടാകുമെന്നും അതുവഴി ബയോ വേസ്റ്റ് സംസ്കരണത്തിനുള്ള ബയോ സി.എൻ.ജി. പ്ലാന്റ് പോലുള്ള വലിയ പ്രോജക്ടുകൾ കൊണ്ടുവരാൻ കഴിയുന്നുണ്ടെന്നും കേരളത്തിൽ വീടുകളിൽ തന്നെ മാലിന്യം വേർതിരിച്ച് ഉറവിടത്തിൽ തന്നെ സംസ്കരിക്കുന്നതിനായുള്ള നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്നും ബയോ സി.എൻ.ജി. പ്ലാന്റ് എറണാകുളത്ത് വന്നുകഴിഞ്ഞുവെന്നും തിരുവനന്തപുരം, കോഴിക്കോട്

ജില്ലകളിൽ ബയോ സി.എൻ.ജി. പ്ലാന്റുകൾ കൊണ്ടുവരാൻ വേണ്ടിയുള്ള ചർച്ചകൾ ബി.പി.സി.എൽ.മായി നടക്കുന്നുണ്ടെന്നും മറ്റ് സംസ്ഥാനങ്ങളിൽ നഗരസഭകൾ അല്ലാത്ത ചെറുപട്ടണങ്ങളിൽ മാലിന്യ സംസ്കരണം കാര്യക്ഷമമായി പ്രവർത്തിക്കുന്നില്ലെന്നും കുറഞ്ഞ ചെലവിൽ പ്രകൃതിയോട് ഏറ്റവും അനുയോജ്യമായ രീതിയിൽ സാധ്യമായ മാലിന്യ സംസ്കരണ രീതിയാണ് സംസ്ഥാനം പിന്തുടരുന്നതെന്നും കേരളത്തിലെ മാലിന്യ സംസ്കരണ രംഗത്തെ പ്രവർത്തനങ്ങൾ നേരിട്ട് കണ്ട് മനസ്സിലാക്കുന്നതിനായി ഇതരസംസ്ഥാനങ്ങളിൽ നിന്നും പ്രതിനിധികൾ സന്ദർശനം നടത്തുന്നുണ്ടെന്നും തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി മറുപടി നൽകി. മാലിന്യ നിർമ്മാർജ്ജന പ്രവർത്തനത്തിനായി സർക്കാർ സ്വീകരിക്കുന്ന നടപടികളിൽ തൃപ്തി രേഖപ്പെടുത്തിയ സമിതി, പ്രസ്തുത വിഷയത്തിന്മേലുള്ള സർക്കാരിന്റെ മറുപടി അംഗീകരിച്ചു.

## <u>നിഗമനങ്ങൾ / ശിപാർശകൾ</u>

**18) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അധികാരപരിധിയിൽ ഉൽപാദിപ്പിക്കപ്പെടുന്ന മാലിന്യത്തിന്റെ അളവും തരവും നിർണ്ണയിക്കുന്നതിന് കെ. എസ്. ഡബ്ല്യു. എം. പി (കേരള ഖരമാലിന്യ നിർമ്മാർജ്ജന പദ്ധതി) വിശദമായ രീതിയിൽ പഠനം നടത്തിയതായും, മാലിന്യമുക്ത നവകേരളം ക്യാമ്പയിനിലൂടെയും ഹരിതകർമ്മസേനയുടെ പ്രവർത്തനങ്ങൾ വഴിയും സംസ്ഥാനത്ത് മാലിന്യ നിർമ്മാർജ്ജനം ഊർജ്ജിതമായി നടക്കുന്നതായും, മാലിന്യ നിർമാർജ്ജന പ്രവർത്തനങ്ങളിൽ ഹരിതകർമ്മ സേനാംഗങ്ങളുടെ പ്രവർത്തനം ശ്ലാഘനീയമാണെന്നും സമിതി അഭിപ്രായപ്പെടുന്നു.**

**19) മാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങളിൽ പ്രാദേശിക കൂട്ടായ്മകൾ രൂപപ്പെടുത്തണമെന്നും അത്തരം കൂട്ടായ്മകളിലൂടെ നദിയുടെയും മറ്റും സംരക്ഷണം നടത്തുകയാണെങ്കിൽ നദീ സംരക്ഷണവും മാലിന്യ നിർമ്മാർജ്ജനവും തങ്ങളുടെ കൂടെ ഉത്തരവാദിത്തമാണെന്ന ബോധ്യത്തിലേക്ക് ആളുകളെ എത്തിക്കാൻ**

സാധിക്കുമെന്നും അതിനാൽ അത്തരം ശ്രമങ്ങൾ കൂടി ഉണ്ടാകണമെന്നും സമിതി നിർദ്ദേശിക്കുന്നു.

20) പ്രൈമറിതലം മുതൽ മാലിന്യ നിർമ്മാർജ്ജന വിഷയത്തിൽ കുട്ടികൾക്ക് ബോധവത്കരണം നൽകേണ്ടത് അത്യന്താപേക്ഷിതമാണെന്ന് അഭിപ്രായപ്പെട്ട സമിതി ജീവിത ശൈലിയുടെ ഭാഗമാകുന്ന തരത്തിൽ മാലിന്യ നിർമ്മാർജ്ജനം സ്കൂൾ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തണമെന്ന് നിർദ്ദേശിക്കുന്നു.

21) നഗരസഭാ പരിധിയിൽ ഉൽപ്പാദിപ്പിക്കപ്പെടുന്ന ഖരമാലിന്യത്തിന്റെ അളവും ഘടനയും കണ്ടെത്തുന്നതിനുള്ള സർവ്വേയുടെ പൂർത്തീകരണ റിപ്പോർട്ട് സമർപ്പിക്കാൻ ശിപാർശ ചെയ്യുന്നു.

22) മാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങളിൽ സർക്കാർ സ്വീകരിക്കുന്ന നടപടികളിൽ തൃപ്തി രേഖപ്പെടുത്തിയ സമിതി പ്രസ്തുത ഓഡിറ്റ് വിഷയത്തിൽ സർക്കാർ മറുപടി അംഗീകരിച്ചു.

<u>ഓഡിറ്റ് ഖണ്ഡിക</u>

**സംസ്ഥാന നയവും തന്ത്രവും തയ്യാറാക്കുന്നതിലെ കാലതാമസം**

എസ്ഡബ്ല്യൂഎം ചട്ടങ്ങളുടെ[5] വിജ്ഞാപനം വന്ന തീയതി മുതൽ ഒരു വർഷത്തിനുള്ളിൽ നഗരവികസന വകുപ്പ് സെക്രട്ടറി ഒരു നയവും ഖരമാലിന്യ നിർമ്മാർജ്ജന തന്ത്രവും തയ്യാറാക്കേണ്ടതായിരുന്നു. സംസ്ഥാന നയം രൂപീകരിക്കുന്നതിൽ വീഴ്ച വരുത്തിയ കേരള സർക്കാരിന് (ജി.ഓ.കെ) ബഹു. സുപ്രീം കോടതി ₹1,00,000 പിഴ ചുമത്തി (2018 ജൂലൈ). തുടർന്ന് 2018 സെപ്റ്റംബറിൽ ജിഒകെ സംസ്ഥാന നയം പ്രഖ്യാപിച്ചു. 2020 മെയിൽ പുറത്തിറക്കിയ ഖരമാലിന്യ നിർമ്മാർജ്ജന തന്ത്രത്തിന്റെ രൂപീകരണത്തിലും

5 പരിസ്ഥിതി, വനം, കാലാവസ്ഥാ വ്യതിയാന മന്ത്രാലയം പുറപ്പെടുവിച്ച എസ്ഡബ്ല്യൂഎം ചട്ടങ്ങൾ 2016, ചട്ടം 11 (എ) പ്രകാരം

കാലവിളംബം ഉണ്ടായി. നയരൂപീകരണവും (2018) തന്ത്രവും (2020) വൈകിയത് ആസൂത്രണ പ്രക്രിയയിലെ ഫലപ്രാപ്തിയെ പ്രതികൂലമായി ബാധിച്ചു

(കംപ്ട്രോളർ ആൻഡ് ഓഡിറ്റർ ജനറൽ ഓഫ് ഇൻഡ്യയുടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ സംബന്ധിച്ച 2021 മാർച്ചിൽ അവസാനിച്ച നഗര തദ്ദേശസ്ഥാപനങ്ങളിലെ മാലിന്യ പരിപാലനം എന്ന വിഷയത്തിൽ നടത്തിയ പ്രവർത്തനക്ഷമത ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 2.1.2)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാരിൽ നിന്നും ലഭിച്ച മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

23) കോടതിയുടെ നിർദ്ദേശം കൂടി പരിഗണിച്ച് 2018-ൽ തന്ത്രം തയ്യാറാക്കിയിരുന്നുവെങ്കിലും അത് പരിഷ്കരിക്കുന്നതിൽ കാലതാമസമുണ്ടായെന്നാണ് ഓഡിറ്റ് പരാമർശമെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി വ്യക്തമാക്കി.

24) സംസ്ഥാനത്തെപോലെ പ്രബുദ്ധരായ ജനങ്ങളുള്ളിടത്ത് ഉറവിടത്തിൽതന്നെ മാലിന്യങ്ങൾ വേർതിരിക്കുന്ന ആക്ഷൻ പ്ലാൻ നഗരസഭകളിൽപ്പോലും നടപ്പിലാക്കാത്തത് എന്തുകൊണ്ടാണെന്നും മറ്റ് സംസ്ഥാനങ്ങളിൽ വലിയ പട്ടണങ്ങളിൽ മാലിന്യം ഗ്ലാസ്, പ്ലാസ്റ്റിക് എന്നിങ്ങനെ വേർതിരിക്കുന്നുണ്ടെന്നും ടൗണുകളും മുനിസിപ്പാലിറ്റികളും താരതമ്യേന കൂടുതലും വിദ്യാഭ്യാസപരമായി മുന്നിൽ നിൽക്കുന്ന ജനങ്ങളും ഉള്ള കേരളത്തിൽ മാലിന്യങ്ങൾ ഉറവിടത്തിൽ വേർതിരിച്ച് ശേഖരിക്കുന്നതിന്റെ പ്രധാന്യം മനസ്സിലാക്കാൻ സാധിക്കുമെന്നും ഗ്ലാസ്, പ്ലാസ്റ്റിക്ക് തുടങ്ങിയ മാലിന്യം പോലെയല്ല ബയോ മെഡിക്കൽ വേസ്റ്റെന്നും അത് പ്രത്യേകമായി ശേഖരിക്കണമെന്നും മാലിന്യങ്ങൾ ഉറവിടത്തിൽ വേർതിരിക്കുന്നതിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ബോധവൽക്കരണം നടത്താത്തത് എന്തുകൊണ്ടാണെന്നും പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ ആരാഞ്ഞതിന്, അതിന് പല കാരണങ്ങളുണ്ടെന്നും ഫ്രെയിം വർക്ക് ഇല്ലാത്തതിന്റെ പ്രശ്നമല്ലെന്നും മാലിന്യം 6

തരത്തിൽ വേർതിരിക്കുന്നതിനുള്ള നിർദ്ദേശം 2021-ൽ തന്നെ നൽകിയിരുന്നുവെന്നും മാലിന്യം വേർതിരിച്ച് എം.സി.എഫ്.ൽ കൊണ്ടുവരുന്നതിനും ഉറവിടത്തിൽ വേർതിരിച്ച് ശേഖരിക്കുന്നതിനുമുള്ള കലണ്ടർ തയ്യാറാക്കുകയും അത് നടപ്പിലാക്കുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകുകയും ചെയ്തിരുന്നുവെന്നും വലിയ കോർപ്പറേഷനുകൾ നിലവിലുള്ള സംവിധാനത്തിൽ നിന്ന് ഇതിലേയ്ക്ക് മാറാൻ വൈമുഖ്യം പ്രകടിപ്പിച്ചുവെന്നതാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ സംബന്ധിച്ചുള്ള പ്രശ്നമെന്നും 2020 മുതൽ 2024 വരെയുള്ള പ്രവർത്തനങ്ങളുടെ ഫലമായാണ് ഹരിതകർമ്മ സേനയെന്ന ഡീസെൻട്രലൈസ്ഡ് സംവിധാനത്തെ സ്റ്റെബിലൈസ് ചെയ്യാൻ സാധിച്ചതെന്നും പ്രസ്തുത സംവിധാനം നിലവിൽ കൊണ്ടുവരാൻ പ്രയാസമുണ്ടായിരുന്നുവെന്നും പലയിടത്തും എതിർപ്പുകൾ കാര്യമായി നേരിടേണ്ടി വന്നുവെന്നും കേരളത്തിൽ മാലിന്യങ്ങളുടെ തരംതിരിക്കൽ നടക്കുന്നില്ലെന്ന് പറയുന്നത് ശരിയല്ലെന്നും ആറ് കോർപ്പറേഷനുകളിലാണ് ഏറ്റവുമധികം പ്രശ്നമുള്ളതെന്നും കണ്ണൂരിലെ മിക്കവാറും എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും വളരെ നല്ല രീതിയിൽ മാലിന്യങ്ങൾ വേർതിരിച്ച് ശേഖരിക്കുന്നതിനുള്ള ക്രമീകരണം ചെയ്തിട്ടുണ്ടെന്നും അഡീഷണൽ ചീഫ് സെക്രട്ടറി മറുപടി നൽകി. ധാരാളം ആളുകൾ ഇതുമായി ബന്ധപ്പെട്ട് നിൽക്കുമ്പോൾ ഓരോരുത്തരുടെയും ഉത്തരവാദിത്വങ്ങൾ ക്ലാരിഫൈ ചെയ്ത് നൽകേണ്ടതുണ്ടെന്നും തങ്ങൾ എന്തിന് യൂസർ ഫീ കൊടുക്കണമെന്നും സ്ക്രാപ്പ്, മെർച്ചന്റിന് നൽകുമ്പോൾ പണം ഇങ്ങോട്ടാണ് ലഭിക്കേണ്ടതെന്നും വാദിക്കുന്നവരുണ്ടെന്നും സോഷ്യൽ മീഡിയ മുഖേനയും ഇത്തരം പ്രചരണങ്ങൾ ഉണ്ടെന്നും വേസ്റ്റ് മാനേജ്മെന്റിന് അനുകൂലമായി ഓരോ സ്റ്റെപ്പ് സ്വീകരിക്കുമ്പോഴും പ്രതികൂല അന്തരീക്ഷം സൃഷ്ടിക്കുന്ന മെസേജുകൾ സോഷ്യൽ മീഡിയയിൽ വളരെ ശക്തമായി വരുന്നുണ്ടെന്നും അതിനെതിരെ നിരന്തരമായി പൊരുതി കൊണ്ടിരിക്കുകയാണെന്നും സംസ്ഥാനത്തെ ജനങ്ങൾക്ക് ഒരു കാര്യം ബോധ്യപ്പെട്ടാൽ അത് ചെയ്യും, അതിനുവേണ്ടിയുള്ള കാൽവയ്പ്പ്

പ്രധാനപ്പെട്ടതാണെന്നും ഐ.ഇ.സി. (ഇൻഫർമേഷൻ, എഡ്യൂക്കേഷൻ, കമ്മ്യൂണിക്കേഷൻ) പോലുള്ള പലവിധ ക്യാമ്പയിനുകൾ നടത്തി നോക്കിയെങ്കിലും അതൊന്നും ഫലപ്രാപ്തിയിലെത്തിയില്ലെന്നും വേസ്റ്റ് മാനേജ്മെന്റിനായി തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ ആരോഗ്യ വകുപ്പും പഞ്ചായത്ത് തലത്തിൽ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസറും ഉൾപ്പെടുന്ന സംവിധാനത്തെ ഇതിലേയ്ക്ക് കൃത്യമായി കൊണ്ടുവരുന്നതിനുള്ള നിലപാട് എടുക്കേണ്ടതുണ്ടെന്നും കൂടാതെ പൗരബോധം സൃഷ്ടിക്കുന്നതിനുള്ള നടപടികളും ക്യാമ്പയിനും നടത്തുന്നതാണെന്നും തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി കൂട്ടിച്ചേർത്തു.

25) നിയമസഭയിൽ വേസ്റ്റ് മാനേജ്മെന്റുമായി ബന്ധപ്പെട്ട നിയമനിർമ്മാണം നടത്തി ആവശ്യമായ പിഴ ഈടാക്കാനുള്ള നടപടി ആരംഭിച്ചെങ്കിലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നിലവിലും ഇക്കാര്യത്തിൽ പരിമിതികളുണ്ടെന്നത് സത്യമാണെന്നും ആളുകൾക്ക് ഇത് തങ്ങളുടെ ഉത്തരവാദിത്തമാണെന്ന ബോധ്യത്തിലേയ്ക്ക് എത്താനുള്ള കാലതാമസമുണ്ടാകുന്നുണ്ടെന്നും അഭിപ്രായപ്പെട്ട സമിതി അംഗം നിയമം നടപ്പിലാക്കിയതിനുശേഷം എത്രമാത്രം പിഴ ഈടാക്കാൻ സാധിച്ചുവെന്ന് പറയാൻ സാധിക്കുമോയെന്ന് ആരാഞ്ഞു. പിഴ ഈടാക്കുന്ന കാര്യത്തിൽ വളരെ അയഞ്ഞ സമീപനമാണ് സ്വീകരിച്ചിരുന്നതെന്നും ഉദാഹരണത്തിന് 5000 രൂപയും 10000 രൂപയും പിഴ ഈടാക്കേണ്ടയിടത്ത് ശരാശരി 1000 രൂപയ്ക്കകത്താണ് ഈടാക്കിയിട്ടുള്ളതെന്നും അക്കാര്യത്തിൽ കാര്യമായ ശ്രമം നടത്തിയിട്ടില്ലെന്നും നാലര കോടി രൂപയുള്ള നോട്ടീസാണ് നൽകിയിരിക്കുന്നതെന്നും ഒന്നര കോടിയോളം രൂപ കളക്ട് ചെയ്തിട്ടുണ്ടെന്നും ഇലക്ഷൻ പ്രഖ്യാപിച്ചതിനാൽ കൂടുതൽ നടപടികളിലേക്ക് പോകാൻ സാധിച്ചിട്ടില്ലെന്നും കളക്ഷന് ഇൻസെന്റീവ് നൽകിയിട്ടുണ്ടായിരുന്നുവെന്നും തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി മറുപടി നൽകി. ജനങ്ങളിൽ നിയമ അവബോധം സൃഷ്ടിക്കുന്നതിനുള്ള പരിശ്രമം നടത്തുന്നുണ്ടെന്നും അതിലേക്കായി Massive Open Online Courses (MOOCs) എന്ന പോർട്ടൽ ആരംഭിച്ചിട്ടുണ്ടെന്നും അതോടൊപ്പം നിയമ വിദ്യാർത്ഥികളെ റിസോഴ്സ് പേഴ്സൺസ് ആക്കി പരിശീലനം നടത്തുന്നുണ്ടെന്നും നിയമ അവബോധം നൽകുന്നതിനായി

സ്പെഷ്യൽ ഗ്രാമസഭകൾ നടത്തുന്നതിനുള്ള പദ്ധതിയും ആവിഷ്കരിക്കുന്നുണ്ടെന്നും അഡീഷണൽ ചീഫ് സെക്രട്ടറി കൂട്ടിച്ചേർത്തു.

26) എ.ഐ. ക്യാമറ വച്ചതിനുശേഷമാണ് ജനങ്ങൾ കാറിൽ സീറ്റ് ബെൽറ്റും ഇരുചക്ര വാഹനങ്ങളിൽ ഹെൽമറ്റും ഉപയോഗിക്കാൻ ആരംഭിച്ചതെന്നും കൃത്യമായി പിഴ ഈടാക്കുമ്പോൾ മാത്രമേ നിയമം അനുശാസിക്കുന്നത് അംഗീകരിക്കൂ എന്നുള്ള സ്വഭാവം പൊതുവേയുണ്ടെന്നും അഭിപ്രായപ്പെട്ട സമിതി വേസ്റ്റ് മാനേജ്മെന്റിന്റെ കാര്യത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കുറേക്കൂടി കർശനമായ നിലപാട് എടുക്കേണ്ടതുണ്ടെന്നും നല്ല ബോധവൽക്കരണം നടത്തുന്നതോടൊപ്പംതന്നെ കൃത്യമായ പിഴ ഈടാക്കുകയും വേണമെന്നും നിർദ്ദേശിച്ചു.

## നിഗമനങ്ങൾ / ശിപാർശകൾ

**27) വേസ്റ്റ് മാനേജ്മെന്റുമായി ബന്ധപ്പെട്ട നിയമം നിലവിലുണ്ടെങ്കിലും അതു പ്രകാരം കുറ്റക്കാരിൽ നിന്നും പിഴ ഈടാക്കുന്നതിൽ വകുപ്പ് ശക്തമായ നടപടികൾ സ്വീകരിക്കുന്നില്ലെന്ന് സമിതി മനസ്സിലാക്കുന്നു. കൃത്യമായ പിഴ ഈടാക്കുമ്പോൾ മാത്രമേ ജനങ്ങൾ നിയമം അനുസരിക്കൂ എന്ന പൊതു സ്വഭാവം ഉണ്ടെന്ന് സമിതി അഭിപ്രായപ്പെട്ടു.**

**28) വേസ്റ്റ് മാനേജ്മെന്റിന്റെ കാര്യത്തിൽ കർശനമായ നിലപാട് തദ്ദേശസ്ഥാപനങ്ങൾ സ്വീകരിക്കേണ്ടതാണെന്നും ബോധവത്കരണത്തോടൊപ്പം കൃത്യമായി പിഴ ഈടാക്കുകയും വേണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

**ഓഡിറ്റ് ഖണ്ഡിക**

**മുനിസിപ്പൽ ഖരമാലിന്യ നിർമ്മാർജ്ജന പദ്ധതിയുടെ തയ്യാറാക്കൽ**

എല്ലാ യു.എൽ.ബി.കളും സംസ്ഥാന നയം വിജ്ഞാപനം ചെയ്ത തീയതി തൊട്ട് ആറ് മാസത്തിനകം ഒരു ഖരമാലിന്യ സംസ്കരണ പദ്ധതി[6] തയ്യാറാക്കേണ്ടതാണ്. 25 വർഷത്തേയ്ക്കുള്ള ദീർഘകാല പദ്ധതികളുള്ള വിശദമായ ഒരു എസ്.ഡബ്ല്യു.എം.

6 എസ്ഡബ്ല്യുഎം ചട്ടങ്ങൾ 2016 ചട്ടം 15 അനുസരിച്ച്.

പദ്ധതി തയ്യാറാക്കേണ്ടതിന്റെയും, ആയത് അഞ്ച് വർഷകാലാവധിയുള്ള[7] ഹ്രസ്വകാല പദ്ധതികളായി വിഭജിക്കേണ്ടതിന്റെയും ആവശ്യത്തെപ്പറ്റി മാനുവൽ ഊന്നിപ്പറയുന്നു.

തെരഞ്ഞെടുത്ത യു.എൽ.ബി.കൾ ചട്ടങ്ങളിൽ നിർദ്ദേശിച്ചിരിക്കുന്ന രീതിയിൽ എസ്.ഡബ്ല്യു.എം. പദ്ധതികൾ തയ്യാറാക്കിയില്ല. നേടിയെടുക്കേണ്ട ലക്ഷ്യങ്ങൾ വ്യക്തമാക്കുന്ന ദീർഘകാല/ഹ്രസ്വകാല പദ്ധതികളുടെ അഭാവത്തിൽ, ഒരു പ്രത്യേക സമയത്തെ സ്ഥിതിവിശേഷം അല്ലെങ്കിൽ ഹ്രസ്വകാല പരിഹാര നടപടികൾ ആവശ്യപ്പെടുന്ന പ്രശ്നങ്ങൾ എന്നിവ പരിഹരിക്കാനുള്ള മാലിന്യ നിർമ്മാർജ്ജന പ്രോജക്ടുകളാണ് യു.എൽ.ബി.കൾ നടപ്പിലാക്കിയിരുന്നത്. ഒരു മികച്ച രീതിയിൽ രൂപീകരിക്കപ്പെട്ട എസ്.ഡബ്ല്യു.എം. പദ്ധതി വികസിപ്പിക്കുന്ന കാര്യത്തിൽ യു.എൽ.ബി.കൾക്ക് കൈത്താങ്ങാകാനും സഹായിക്കാനുമായി ശുചിത്വമിഷൻ എന്ന സാങ്കേതിക സഹായ ഏജൻസി ഉണ്ടായിരുന്നിട്ടും, മാലിന്യം സംസ്കരിക്കുന്നതിനും നിർമ്മാർജ്ജനം ചെയ്യുന്നതിനും ഉചിതമായ സംവിധാനങ്ങളും സാങ്കേതിക വിദ്യകളും നടപ്പാക്കുന്നതിനുവേണ്ട ചട്ടക്കൂട് ലഭ്യമാക്കി എസ്.ഡബ്ല്യു.എം. പദ്ധതി രൂപീകരിക്കുന്ന കാര്യത്തിൽ തെരഞ്ഞെടുത്ത യു.എൽ.ബി.കൾ പരാജയപ്പെട്ടു.

സംസ്കരണ, നിർമ്മാർജ്ജന സൗകര്യങ്ങൾ പ്രവർത്തന രഹിതമാകുന്ന സാഹചര്യങ്ങൾ മറികടക്കാനായി യു.എൽ.ബി.കൾ ഉചിതമായ മാലിന്യ സംഭരണത്തിനുവേണ്ട കരുതൽ പദ്ധതികൾ തയ്യാറാക്കണമെന്നും മാനുവൽ വ്യവസ്ഥ ചെയ്യുന്നു. തെരഞ്ഞെടുത്ത യു.എൽ.ബി.കളിലൊന്നും ഇതുവരെ കരുതൽ പദ്ധതികൾ തയ്യാറാക്കിയിട്ടില്ല.

ശേഖരണം, സംഭരണം, ഗതാഗതം, സംസ്കരണം, നിർമ്മാർജ്ജനം, വാഹനങ്ങളുടെ നടത്തിപ്പും പരിപാലനവും തുടങ്ങിയവയിലെ വിടവുകൾ കണ്ടെത്തുന്നതിനായി ശാസ്ത്രീയ പഠനത്തിന്റെ അടിസ്ഥാനത്തിൽ നിലവിലെ മാലിന്യ

7 പഞ്ചവത്സര ഹ്രസ്വകാല പദ്ധതിയെ സ്ഥാപന ശക്തിപ്പെടുത്തൽ, സാമൂഹിക ത്വരിതപ്പെടുത്തൽ, മാലിന്യം ലഘൂകരിക്കൽ നടപടികൾ, മാലിന്യ ശേഖരണവും, ഗതാഗതവും, സംസ്കരണവും, നിർമ്മാർജ്ജനവും, സാമ്പത്തിക വകയിരുത്തൽ മുതലായ കാര്യങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് പ്രത്യേക പ്രവർത്തന പദ്ധതികളായി വിഭജിക്കേണ്ടതാണ്. ഹ്രസ്വകാല പദ്ധതി, ഇടയ്ക്കുള്ള തിരുത്തലിനും നടപ്പാക്കൽ സൗകര്യത്തിനുമായി, രണ്ടോ മൂന്നോ വർഷം കൂടുമ്പോൾ അവലോകനം ചെയ്യേണ്ടതാണ്.

സംസ്കരണ സംവിധാനത്തെ വിശകലനം ചെയ്തു കൊണ്ടിരിക്കുകയാണെന്ന് സർക്കാർ മറുപടി നൽകി (2022 മെയ്). എല്ലാ യു.എൽ.ബി.കളും എസ്.ഡബ്ല്യു.എം. കർമ്മപദ്ധതി ബന്ധപ്പെട്ട കൗൺസിലുകൾ അംഗീകരിച്ചെന്നും എസ്.ഡബ്ല്യു.എം. കർമ്മപദ്ധതിയും അംഗീകൃതസമയക്രമവും ജില്ലാ സമിതികൾ മുഖേന അവലോകനം ചെയ്തു കൊണ്ടിരിക്കുകയാണെന്നും സർക്കാർ പ്രസ്താവിച്ചു എന്നാൽ ശാസ്ത്രീയ പഠനവുമായി ബന്ധപ്പെട്ട ഒരു രേഖയും യു.എൽ.ബി.കൾ ഓഡിറ്റിന് നൽകിയില്ല. കൂടാതെ, ഒരു ദീർഘകാല/ഹ്രസ്വകാല എസ്.ഡബ്ല്യു.എം. പദ്ധതിയും ഇതുവരെയായി തയ്യാറാക്കിയിട്ടില്ലെന്ന് തെരഞ്ഞെടുത്ത യു.എൽ.ബി.കൾ ഓഡിറ്റിനെ അറിയിച്ചു (2021 മാർച്ച്).

(കംപ്ട്രോളർ ആൻഡ് ഓഡിറ്റർ ജനറൽ ഓഫ് ഇൻഡ്യയുടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ സംബന്ധിച്ച 2021 മാർച്ചിൽ അവസാനിച്ച നഗര തദ്ദേശസ്ഥാപനങ്ങളിലെ മാലിന്യ പരിപാലനം എന്ന വിഷയത്തിൽ നടത്തിയ പ്രവർത്തനക്ഷമത ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 2.1.2.1)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാരിൽ നിന്നും ലഭിച്ച മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

29) സോളിഡ് വേസ്റ്റ് മാനേജ്മെന്റ് റൂൾസ് നിർദ്ദേശിക്കുന്നതുപ്രകാരം സോളിഡ് വേസ്റ്റ് ആക്ഷൻ പ്ലാൻ തയ്യാറാക്കുന്നത് മോണിറ്റർ ചെയ്യുന്നുണ്ടായിരുന്നുവെന്നും അതിന്റെ ഭാഗമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ പരിശീലനം നൽകിയിരുന്നുവെന്നും ആക്ഷൻ പ്ലാൻ തയ്യാറാക്കിയത് പലയിടത്തും പ്രഹസനമാകുകയും ഓരോ പ്ലാൻ പരിശോധിക്കുമ്പോഴും കാര്യമായ പുരോഗതി ഉണ്ടായില്ലെന്ന് മനസ്സിലാക്കുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ വ്യക്തമായും വിപുലമായും ശാസ്ത്രീയമായുമുള്ള ആക്ഷൻ പ്ലാൻ തയ്യാറാക്കണമെന്ന്

കെ.എസ്.ഡബ്ല്യൂ.എം.പി. യോട് നിർദ്ദേശിച്ചിട്ടുണ്ടെന്നും തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി സമിതി മുമ്പാകെ ബോധിപ്പിച്ചു

30) നാളിതുവരെ കേരളത്തിലെ 93 നഗരസഭകളിൽ 38 നഗരസഭകൾ സോളിഡ് വേസ്റ്റ് മാനേജ്മെന്റിന്റെ വിശദമായ പ്ലാൻ തയ്യാറാക്കിയിട്ടുണ്ടെന്നും പ്ലാൻ തയ്യാറാക്കിയത് ശാസ്ത്രീയമായ രീതിയിലാണെന്നും നടപടിയുടെ ഭാഗമായി വേസ്റ്റ് ക്വാണ്ടിഫിക്കേഷൻ സർവേ നടത്തി ഓരോ പ്രദേശത്തും ജനറേറ്റ് ചെയ്യുന്ന വേസ്റ്റ് എത്രയാണെന്നും അവ ഏതുതരം വേസ്റ്റാണെന്നും കൃത്യമായി മനസ്സിലാക്കുന്നുവെന്നും അതിനുശേഷം നഗരസഭയിൽ ഒരു വർഷം ജനറേറ്റ് ചെയ്യുന്ന മാലിന്യത്തിന്റെ അളവും അത് ട്രീറ്റ് ചെയ്യാൻ നഗരസഭയ്ക്ക് നിലവിലുള്ള സംവിധാനമെന്താണെന്നും പരിശോധിക്കുന്നുണ്ടെന്നും ഉദാഹരണത്തിന് 10 ടൺ മാലിന്യം ജനറേറ്റ് ചെയ്യുന്ന ഒരു നഗരസഭയിൽ 5 ടൺ ട്രീറ്റ് ചെയ്യാനുള്ള സൗകര്യമാണുള്ളതെങ്കിൽ ഗ്യാപ്പ് അനാലിസിസ് നടത്തി നിലവിലുള്ള എല്ലാ സൗകര്യങ്ങളും പരിശോധനയ്ക്ക് വിധേയമാക്കുമെന്നും എം.സി.എഫ്.ൽ എത്രമാത്രം വേസ്റ്റ് കൈകാര്യം ചെയ്യാൻ സാധിക്കുമെന്നും ബയോ വേസ്റ്റിൽ എത്രമാത്രം വേസ്റ്റ് കംപോസ്റ്റ് ചെയ്യാനുള്ള സംവിധാനമുണ്ടെന്നും പരിശോധിച്ച് ഗ്യാപ്പ് അനാലിസിസിന്റെ അടിസ്ഥാനത്തിൽ നഗരസഭ അടുത്ത 5 വർഷത്തേയ്ക്ക് മാലിന്യ സംസ്കരണത്തിന് ഏറ്റെടുക്കേണ്ട പദ്ധതികളുടെ പട്ടിക മുൻഗണനാക്രമത്തിൽ തയ്യാറാക്കി ചെലവഴിക്കേണ്ട തുകയടക്കമുള്ള കാര്യങ്ങൾ കൃത്യമായി രേഖപ്പെടുത്തിയുള്ള വിശദമായ പ്ലാനാണ് സോളിഡ് വേസ്റ്റ് മാനേജ്മെന്റ് പ്ലാനിംഗ് പ്രോസസ്സിന്റെ ഭാഗമായി ചെയ്യുന്നതെന്നും ആളുകൾ കൃത്യമായി ജോലി ചെയ്താൽ മാത്രമേ ഓരോ പ്ലാനും ഉദ്ദേശിക്കുന്ന രീതിയിലും ജനങ്ങൾക്ക് ഉപയോഗപ്രദമായ രീതിയിലും മാറ്റാൻ സാധിക്കുകയുള്ളൂവെന്നും അതുകൊണ്ടാണ് കുറച്ച് കാലതാമസം വന്നതെന്നും അടുത്ത ജൂലൈ മാസത്തോടുകൂടി എല്ലാ സ്ഥലങ്ങളിലെയും എസ്.ഡബ്ല്യൂ.എം. പ്ലാൻ അന്തിമമാക്കുന്നതിന് കർമ്മ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടെന്നും സംസ്ഥാനത്ത് മോഡൽ

എസ്.ഡബ്ല്യൂ.എം. പ്ലാൻ ഇല്ലെന്നുള്ളത് കണക്കിലെടുത്ത് ഇതുമായി ബന്ധപ്പെട്ട് നടത്തിയ ചർച്ചകളുടെ അടിസ്ഥാനത്തിൽ പത്തനംതിട്ട ജില്ലയെ അതിനായി തെരഞ്ഞെടുക്കുകയും അതിന്റെ അടിസ്ഥാനത്തിൽ മറ്റ് പ്ലാനുകൾ അപ്ഡേറ്റ് ചെയ്തുകൊണ്ടിരിക്കുകയുമാണെന്നും കഴിഞ്ഞ ആഗസ്റ്റ് മാസത്തിൽ 31 എസ്.ഡബ്ല്യൂ.എം. പ്ലാനുകൾ തയ്യാറാക്കിയെങ്കിലും സൂക്ഷ്മ പരിശോധന നടത്തിയപ്പോൾ അതിൽ ധാരാളം അപാകതകൾ കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ പ്ലാനുകൾ ഓരോന്നും ജനങ്ങൾക്ക് ഉപകാരപ്പെടുന്ന രീതിയിൽ പരിഷ്കരിച്ച് പൂർത്തീകരിക്കുന്നതാണെന്നും തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറേറ്റ് ജോയിന്റ് ഡയറക്ടർ വിശദീകരിച്ചു.

31) സമിതിയുടെ മുന്നിൽവരുന്ന പല വിഷയങ്ങളിലും പദ്ധതികൾ തയ്യാറാക്കി ഇംപ്ലിമെന്റേഷൻ ഘട്ടത്തിലെത്തുമ്പോൾ പദ്ധതിക്കാവശ്യമായ സ്ഥലം ലഭ്യമാകാതെയും പ്രാദേശികമായ എതിർപ്പുകൾ മൂലവും പദ്ധതികൾ നടപ്പാകാത്ത സ്ഥിതിയാണുള്ളതെന്നും അതുകൊണ്ട് പദ്ധതികൾ തയ്യാറാക്കുമ്പോൾ ആദ്യഘട്ടത്തിൽത്തന്നെ പദ്ധതിക്കാവശ്യമായ സ്ഥലം കണ്ടെത്തുന്നതുൾപ്പെടെയുള്ള ക്രമീകരണങ്ങൾ നടത്തേണ്ടതുണ്ടെന്നും അഭിപ്രായപ്പെട്ട സമിതി ഇക്കാര്യത്തിൽ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് ആരാഞ്ഞു. വേസ്റ്റ് മാനേജ്മെന്റിനുവേണ്ടി ഭൂമി ലഭ്യമല്ലാതിരുന്ന ചില നഗരസഭകളിൽ കെ.എസ്.ഡബ്ല്യൂ.എം.പി. തന്നെ പ്ലോട്ടുകൾ കണ്ടെത്തി നഗരസഭ അക്വയർ ചെയ്തുവെങ്കിലും പ്രസ്തുത ഭൂമി അത്തരം പ്രവർത്തനങ്ങൾക്കുവേണ്ടി ഉപയോഗിച്ചിട്ടില്ലെന്നും വേസ്റ്റ് മാനേജ്മെന്റിനായി ഭൂമി എവിടെയൊക്കെ ലഭ്യമാണെന്നും ആയത് അനുയോജ്യമാണോയെന്നും പ്ലാനിന്റെ ഭാഗമായി കണ്ടെത്തുന്നുണ്ടെന്നും കൂടാതെ ഭൂമി ലഭ്യമാക്കുന്നതിലേയ്ക്കായി സർക്കാർ തലത്തിൽ ഇടപെടൽ നടത്തിയതിന്റെ ഭാഗമായി ഉപയോഗിക്കാതെ കിടക്കുന്ന സർക്കാർ ഭൂമി കോർപ്പറേഷനിൽ 25 സെന്റും മുനിസിപ്പാലിറ്റിയിൽ 50 സെന്റും ഗ്രാമപ്രദേശങ്ങളിൽ 2 ഏക്കറും വിസ്തൃതിയിൽ വേസ്റ്റ് മാനേജ്മെന്റിനുവേണ്ടി കളക്ടർ തലത്തിൽ തന്നെ

ലഭ്യമാക്കാനുള്ള നിർദ്ദേശം നൽകിയിട്ടുണ്ടെന്നും കൂടാതെ പല സ്ഥലത്തും ലഗസി ഡംപ്സൈറ്റുകൾ ക്ലിയർ ചെയ്തുകൊണ്ടിരിക്കുകയാണെന്നും തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി വ്യക്തമാക്കി.

32) വേസ്റ്റ് മാനേജ്മെന്റിന്റെ കാര്യത്തിൽ ജനങ്ങൾ ബോധവാൻമാരാകുന്നതനുസരിച്ച് ധാരാളം മാറ്റങ്ങൾ വന്നുകൊണ്ടിരിക്കുകയാണെന്നും അതുകൂടി ഉപയോഗപ്പെടുത്തി വേസ്റ്റ് മാനേജ്മെന്റ് ശക്തിപ്പെടുത്താനവശ്യമായ നടപടി സ്വീകരിക്കണമെന്നും സമിതി നിർദ്ദേശിച്ചു.

## നിഗമനങ്ങൾ / ശിപാർശകൾ

**33) സോളിഡ് വേസ്റ്റ് മാനേജ്മെന്റ് റൂൾ പ്രകാരം സോളിഡ് വേസ്റ്റ് ആക്ഷൻ പ്ലാൻ തയ്യാറാക്കുന്നതിൽ വേണ്ട പുരോഗതി ഉണ്ടായിട്ടില്ലായെന്ന് സമിതി വിലയിരുത്തുന്നു. 93 നഗരസഭകളിൽ 38 നഗരസഭകളിൽ മാത്രമാണ് ഇത്തരത്തിൽ ആക്ഷൻപ്ലാൻ തയ്യാറാക്കിയിട്ടുള്ളതെന്നും അതിൽ തന്നെ ധാരാളം അപാകതകൾ കണ്ടെത്തിയിട്ടുള്ളതിനാൽ അവ പരിഷ്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നതെയുള്ളൂ എന്നും സമിതി മനസ്സിലാക്കുന്നു.**

**34) മാലിന്യ സംസ്കരണത്തിനും നിർമ്മാർജ്ജനം ചെയ്യുന്നതിനും ഉചിതമായ സംവിധാനങ്ങളും സാങ്കേതിക വിദ്യകളും ആവശ്യമായതിനാൽ അതിന് അനുസൃതമായ ആക്ഷൻ പ്ലാനുകൾ തയ്യാറാക്കേണ്ടതിനാൽ എല്ലാ നഗരസഭകളിലും വളരെ വേഗം സോളിഡ് വേസ്റ്റ് ആക്ഷൻ പ്ലാൻ തയ്യാറാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

**35) വേസ്റ്റ് മാനേജ്മെന്റുമായി ബന്ധപ്പെട്ട പല പദ്ധതികളും നിർവ്വഹണ ഘട്ടത്തിൽ എത്തുമ്പോൾ പദ്ധതിക്കാവശ്യമായ സ്ഥലം ലഭ്യമാകാതെയും പ്രദേശിക എതിർപ്പുകളും കാരണം തടസപ്പെടുന്നതിനാൽ പദ്ധതികൾ തയ്യാറാക്കുന്ന ആദ്യഘട്ടത്തിൽ തന്നെ പദ്ധതിക്കാവശ്യമായ സ്ഥലം കണ്ടെത്തുന്നതിനുള്ള നടപടികളും സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.**

## ഓഡിറ്റ് ഖണ്ഡിക

### മാലിന്യ നിർമ്മാർജ്ജനത്തിന് വേണ്ടിയുള്ള ബൈലാ നിർമ്മാണം

ചട്ടങ്ങളുടെ വിജ്ഞാപനം വരുന്ന തീയതി മുതൽ ഒരു വർഷത്തിനകം മാലിന്യ നിർമ്മാർജ്ജന ചട്ടങ്ങളുടെ വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചുകൊണ്ട് ബൈലാകൾ[8] രൂപപ്പെടുത്തേണ്ടത് തദ്ദേശ സ്ഥാപനത്തിന്റെ കടമ ആണ്. പ്രാദേശിക അധികാരികൾ തൽസമയ പിഴ ചുമത്തുന്നതിനുള്ള മാനദണ്ഡങ്ങൾ നിർദ്ദേശിക്കേണ്ടതും നിയമ ലംഘകരുടെ മേൽ തൽസമയ പിഴകൾ ചുമത്താനുള്ള അധികാരങ്ങൾ ഉദ്യോഗസ്ഥർക്കോ തദ്ദേശ സ്ഥാപനങ്ങൾക്കോ ചുമതലപ്പെടുത്തി നൽകേണ്ടതുമാണ്. കൂടാതെ, തദ്ദേശ സ്ഥാപനങ്ങളുടെ ബൈലാകളിൽ പറഞ്ഞിരിക്കുന്ന, ഖരമാലിന്യ നിർമ്മാർജ്ജനത്തിനായുള്ള യൂസർഫീ എല്ലാ മാലിന്യ ഉൽപാദകരും നൽകേണ്ടതാണ്.

കെ.എം. ആക്ട്, 1994-ലെ സെക്ഷൻ 572 അനുസരിച്ച് സർക്കാർ സ്ഥിരീകരണമില്ലാതെ[9] ഒരു ബൈലായും പ്രാബല്യത്തിൽ വരില്ല. തെരഞ്ഞെടുത്ത 22 യു.എൽ.ബി.കളിൽ 13 എണ്ണം ബൈലാകൾ രൂപപ്പെടുത്തിയില്ല. അഞ്ച് യു.എൽ.ബി.കൾ ഖര, പ്ലാസ്റ്റിക് മാലിന്യ നിർമ്മാർജ്ജനത്തിൽ സംയോജിത ബൈലാ രൂപപ്പെടുത്തി. നാല് യു.എൽ.ബി.കൾ ഖര, പ്ലാസ്റ്റിക് മാലിന്യ നിർമ്മാർജ്ജനത്തിന് പ്രത്യേകം ബൈലാകൾ രൂപപ്പെടുത്തി. മൂന്ന് യു.എൽ.ബി.കൾ[10] സർക്കാരിലേക്കയച്ച ബൈലാകൾക്ക് അംഗീകാരം ഇനിയും കിട്ടാനിരിക്കുന്നതേയുള്ളൂ (2022 മാർച്ച്). മാതൃകാ ബൈലാകൾ[11] പുറപ്പെടുവിക്കുന്നതിലും/സർക്കാർ അംഗീകരിക്കുന്നതിലും ഉണ്ടാകുന്ന കാലതാമസം ബൈലാകളിൽ നിഷ്കർഷിക്കുന്ന പിഴ നിരക്കുകൾ നടപ്പാക്കുന്നതിനും അവയുടെ സമയോചിതമായ പരിഷ്കരണത്തിലും യു.എൽ.ബി.കൾക്കുള്ള പ്രാപ്തിക്കുറവിന്റെ ആക്കം കൂട്ടുകയേ ഉള്ളൂ. കൂടാതെ, അങ്ങനെ

---

8 ഖരമാലിന്യ നിർമ്മാർജ്ജന ചട്ടങ്ങൾ, 2016-ന്റെ ചട്ടം 15

9 ഗസറ്റിൽ പ്രസിദ്ധീകരിക്കുന്ന തീയതി മുതൽ ബൈലാ പ്രാബല്യത്തിൽ വരുന്നതാണ്.

10 തിരുവനന്തപുരം, കോഴിക്കോട് കോർപ്പറേഷനുകൾ, നെടുമങ്ങാട് മുനിസിപ്പാലിറ്റി

11 2022 ഏപ്രിലിൽ ജിഒകെ അംഗീകരിച്ച എസ്ഡബ്ല്യുഎം ചട്ടങ്ങൾ, 2016 മേലുള്ള മാതൃകാ ബൈലാ

ചുമത്തുന്ന പിഴകൾക്ക് നിയമസാധുത ഇല്ലായിരുന്നു. നാൽപത് യു.എൽ.ബി.കൾ ഖരമാലിന്യ നിർമ്മാർജ്ജന ബൈലാകളും 60 യു.എൽ.ബി.കൾ പ്ലാസ്റ്റിക് മാലിന്യ നിർമ്മാർജ്ജന ബൈലാകളും അംഗീകരിച്ചിട്ടുണ്ടെന്ന് സർക്കാർ മറുപടി നൽകി. കൂടാതെ, ₹49.97 ലക്ഷം സ്പോട്ട് ഫൈനായി ഈടാക്കുകയും (2020-21) പൊതു സ്ഥലങ്ങളിൽ മാലിന്യം തള്ളിയ നിയമ ലംഘകർക്കെതിരെ 120 കേസുകൾ എടുക്കുകയും ചെയ്തു എന്നും പറയുകയുണ്ടായി. എന്നിരുന്നാലും, ബൈലാകളുടെ സർക്കാർ അംഗീകാരം/ഗസറ്റ് പ്രസിദ്ധീകരണത്തെപ്പറ്റി മറുപടിയിൽ സൂചിപ്പിച്ചിട്ടില്ല.

**വിശദമായ പ്രോജക്ട് റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിലുണ്ടായ കാലതാമസം/പോരായ്മ**

ഭാരത സർക്കാർ 2014 ഒക്ടോബറിൽ സ്വച്ഛ് ഭാരത് മിഷൻ-അർബൻ (എസ്.ബി.എം-യു) ആരംഭിച്ചു. എസ്.ഡബ്ല്യൂ.എം. അതിന്റെ ഘടകങ്ങളിൽ ഒന്നായിരുന്നു. യു.എൽ.ബി.കൾ സംസ്ഥാന സർക്കാരുമായി ചർച്ച ചെയ്ത് എസ്.ഡബ്ല്യൂ.എം-ന വേണ്ടിയുള്ള വിശദമായ പ്രോജക്ട് റിപ്പോർട്ടുകൾ (ഡി.പി.ആറ്.കൾ)[12] തയ്യാറാക്കേണ്ടതായിരുന്നു. സ്വകാര്യ/സർക്കാർ ഏജൻസികളെ ചുരുക്കപ്പട്ടികയിലാക്കി/തിരിച്ചറിഞ്ഞ്, ഡി.പി.ആറ്.കൾ താമസം കൂടാതെ തയ്യാറാക്കുന്ന കാര്യത്തിൽ സംസ്ഥാന സർക്കാർ യു.എൽ.ബി.കളെ പിന്തുണയ്ക്കണം. സംസ്ഥാനത്ത് പദ്ധതി നടപ്പാക്കുന്നതിനുള്ള നോഡൽ ഏജൻസി ശുചിത്വമിഷൻ ആയിരുന്നു. ഡിപിആറുകളുടെ രൂപീകരണ പ്രക്രിയയിൽ താഴെപ്പറയുന്ന ന്യൂനതകൾ ഓഡിറ്റ് നിരീക്ഷിച്ചു.

- സംസ്ഥാന ഉന്നതാധികാര സമിതി[13] (എസ്.എച്ച്.പി.സി.), എസ്.ബി.എം.-യു മാർഗ്ഗരേഖകൾ ഇറങ്ങി ഒരു വർഷം കഴിഞ്ഞ് 2015 ഒക്ടോബറിലാണ് രൂപീകരിക്കപ്പെട്ടത്. ആദ്യത്തെ എസ്.എച്ച്.പി.സി. (2016 ഫെബ്രുവരി) പ്രത്യേകം ഡി.പി.ആറ്.കൾക്ക് അനുകൂലമായി തീരുമാനമെടുത്തു. 2017 മാർച്ചിൽ രൂപീകരിച്ച സ്റ്റേറ്റ് ലെവൽ എംപവേർഡ് കമ്മിറ്റി,

---

12 എസ്ബിഎം-യു മാർഗ്ഗനിർദ്ദേശങ്ങളുടെ ഖണ്ഡിക 7.2 പ്രകാരം

13 ഡിപിആറുകൾ വിലയിരുത്താനും സൂക്ഷ്മമായി പരിശോധിക്കാനും അംഗീകരിക്കാനും ഉള്ള ഉത്തരവാദിത്വം നിക്ഷിപ്തമാണ്.

(എസ്.എൽ.ഇ.സി)[14] എസ്.ഡബ്ല്യൂ.എമ്മി.നുള്ള ഡി.പി.ആറ്.കൾ, എസ്.എൽ.ഇ.സി.യ്ക്ക് സമർപ്പിക്കുന്നതിന് മുമ്പ്, സാങ്കേതിക, സാമ്പത്തിക വിലയിരുത്തലിനായി ശുചിത്വ മിഷനെ ഏൽപ്പിച്ചു എസ്.എൽ.ഇ.സി. അംഗീകരിച്ച ഡി.പി.ആറ്.കൾ എം.ഒ.എച്ച്.യു.എ.യ്ക്ക്[15] ശിപാർശ ചെയ്യേണ്ടതായിരുന്നു. ഡി.പി.ആറ്.കൾ അംഗീകരിക്കുവാൻ വേണ്ടി വെറും അഞ്ച് മീറ്റിംഗുകളാണ് കൂടിയത്. 2017 ജൂലൈയിൽ കൂടിയ ആദ്യത്തെ എസ്.എൽ.ഇ.സി. കേന്ദ്രസർക്കാർ ഫണ്ടുകൾ യു.എൽ.ബി.കൾക്കുള്ള പൊതു അടിസ്ഥാന സൗകര്യങ്ങളിലേയ്ക്ക്[16] നിക്ഷേപിക്കാൻ തീരുമാനിക്കുകയും, നാല് ജില്ലകളിൽ സാനിറ്ററി ലാൻഡ്ഫിൽ സ്ഥാപിക്കുന്നതിനു വേണ്ടിയുള്ള ഡി.പി.ആറ്.കൾ തയ്യാറാക്കാൻ ശുചിത്വമിഷനെ ഏൽപ്പിക്കുകയും ചെയ്തിരുന്നു. ജില്ലകളിൽ നിന്ന് ഫീഡ്ബാക്ക്[17] കിട്ടിയതിന്റെ അടിസ്ഥാനത്തിൽ, ഫണ്ട് നഷ്ടപ്പെടുന്നത് ഒഴിവാക്കാനായി, ഓരോരോ പദ്ധതികൾക്കും വിഭിന്നമായ പ്രോജക്ടുകൾക്കുമുള്ള ഡി.പി.ആറ്.കൾ തയ്യാറാക്കാൻ തീരുമാനിച്ചു. 2018 ഏപ്രിലിൽ[18] ആദ്യ ബാച്ചായ 57 ഡി.പി.ആറ്.കൾ എസ്.എൽ.ഇ.സി. അംഗീകരിച്ചതിനെ തുടർന്ന് കേന്ദ്രസർക്കാർ ഫണ്ടുകളുടെ ആദ്യഗഡു അനുവദിക്കുകയും ചെയ്തു (2018 ജൂൺ). അങ്ങനെ എസ്.ഡബ്ല്യൂ.എം. പ്രോജക്ടുകളുടെ ഡി.പി.ആറ്.കളുടെ രൂപീകരണം/അംഗീകാരം എന്നിവയ്ക്കുള്ള നടപടിക്രമങ്ങൾക്ക് മൂന്ന് വർഷം വരെ കാലതാമസം ഉണ്ടായി.

- 2018-2021 കാലയളവിൽ 93 യു.എൽ.ബി.കളിൽ 86 യു.എൽ.ബി.കൾ അവയുടെ ഡി.പി.ആറ്.-കൾ തയ്യാറാക്കുകയും എസ്.എൽ.ഇ.സി.യുടെ അംഗീകാരം നേടുകയും ചെയ്തു. ഇപ്പറഞ്ഞവയിൽ 82 ഡി.പി.ആറ്.-കൾക്ക്

14 2017 ജനുവരിയിൽ എസ്എൽഇസിയെ സംസ്ഥാന ഉന്നതാധികാര സമിതിയായി നാമനിർദ്ദേശം ചെയ്തു

15 ഭവന നിർമ്മാണ നഗരകാര്യമന്ത്രാലയം

16 സാനിറ്ററി ലാൻഡ്ഫിൽ, റീസൈക്ലിംഗ് വ്യവസായങ്ങൾ മുതലായവ

17 സാനിറ്ററി ലാൻഡ്ഫില്ലിനുള്ള ഭൂമി കണ്ടെത്തുന്നതിനും അടിസ്ഥാനസൗകര്യങ്ങൾ സ്ഥാപിക്കുന്നതിനുമുള്ള പ്രക്രിയയ്ക്ക് സമയം വേണമെന്നും ദൗത്യകാലയളവിനുള്ളിൽ പൂർത്തീകരിക്കപ്പെടാൻ സാദ്ധ്യതയില്ല എന്നും വെളിപ്പെട്ടു.

18 ഡി.പി.ആറ്.കൾ തയ്യാറാക്കുന്നത് 2018 ജനുവരിയിൽ മാത്രമാണ് തുടങ്ങിയത്

കേന്ദ്രസർക്കാരിൽ നിന്ന് ഫണ്ട് കിട്ടി. അങ്ങനെ, 11 യു.എൽ.ബി.കൾക്ക് കേന്ദ്ര വിഹിതമായ ₹45.82 കോടി[19] ലഭിച്ചില്ല.

- ചുരുങ്ങിയ കാലയളവിൽ ഡി.പി.ആറു.കൾ തയ്യാറാക്കിയത് (ഒറ്റ ഏജൻസി[20] 50 ദിവസത്തിനുള്ളിൽ 12 ഡി.പി.ആറു.കൾ തയ്യാറാക്കി) എസ്.ഡബ്ല്യൂ.എം. ചട്ടങ്ങളിലും മാനുവലിലും വിഭാവനം ചെയ്തിരുന്നതു പോലെ യു.എൽ.ബി.കളിലെ ഉറവിട മാലിന്യ സംസ്കരണ സൗകര്യങ്ങൾ സംബന്ധിച്ച് വിശദമായ ഡേറ്റാ തയ്യാറാക്കൽ, മൂന്ന് വ്യത്യസ്ത സീസണുകളിലെ മാലിന്യങ്ങളുടെ അളവ് നിർണ്ണയിക്കൽ, ഉൽപാദിപ്പിക്കപ്പെട്ട മാലിന്യത്തിന്റെ ഭൗതിക രാസ സവിശേഷതകളുടെ വിശകലനം മുതലായവയുടെ പാലനം സാദ്ധ്യമാക്കിയില്ല. ഇതുകൂടാതെ 31 ഡി.പി.ആറു.കളുടെ (എസ്.എൽ.ഇ.സി. അംഗീകരിച്ച 86 ഡി.പി.ആറു.കളിൽ) പരിഷ്കരണം ആവശ്യമായി വന്നു.

- ആസൂത്രണ പ്രക്രിയയിലെ ഒരു സുപ്രധാന ചുവട് എന്നത് യു.എൽ.ബി.കളിലെ മാലിന്യ നിർമ്മാർജ്ജനത്തിന്റെ നിലവിലെ സാഹചര്യത്തിന്റെ നിർണ്ണായക വിലയിരുത്തലും നികത്തേണ്ട വിടവുകളുടെ തിരിച്ചറിയലും ആണ്. മാനവ വിഭവശേഷി, സ്ഥാപന ശേഷി, അടിസ്ഥാന സൗകര്യം, സാമ്പത്തിക വിഭവങ്ങൾ. അവശ്യ ഡേറ്റായുടെ ലഭ്യത, ഭൂലഭ്യത, തൽപ്പരകക്ഷികളുടെ സമ്മതം, സമൂഹത്തിന്റെ വിവര വിദ്യാഭ്യാസ വിനിമയത്തിന്റെ (ഐ.ഇ.സി.) ആവശ്യകതകൾ എന്നിവയിലെ വിടവുകൾ തിരിച്ചറിയപ്പെടേണ്ടതും പരിഹരിക്കപ്പെടേണ്ടതുമാണ്.

തെരഞ്ഞെടുത്ത യു.എൽ.ബി.കൾ മേൽപ്പറഞ്ഞ വിടവുകൾ തിരിച്ചറിയുന്നതിനായി നിലവിലെ മാലിന്യ നിർമ്മാർജ്ജന സംവിധാനം വിലയിരുത്തിയിട്ടില്ല എന്ന് ഓഡിറ്റ് നിരീക്ഷിച്ചു. നിലവിലെ മാലിന്യ

---

19 ഏഴ് യു.എൽ.ബി.കൾക്ക് ഡി.പി.ആറു.കൾ തയ്യാറാക്കാത്തതിന്റെ പേരിലാണ് ഫണ്ട് നഷ്ടം ഉണ്ടായത്. നാല് യു.എൽ.ബി.കളുടെ കാര്യത്തിൽ ഡി.പി.ആറു.കൾ തയ്യാറാക്കുന്നതിലെ കാലതാമസം കേന്ദ്രസർക്കാർ ഫണ്ട് നിഷേധിക്കുന്നതിനും ഒക്ടോബർ 2021-ൽ ആരംഭിക്കുന്ന എസ്ബിഎം-യു 2.0-ന്റെ കീഴിൽ പുതിയ നിർദ്ദേശങ്ങൾ സമർപ്പിക്കാൻ അവശ്യപ്പെടുന്നതിനും കാരണമായി

20 സോഷ്യോ ഇക്കണോമിക് യൂണിറ്റ് ഫൗണ്ടേഷൻ (എസ്.ഇ.യു.എഫ്.)

നിർമ്മാർജ്ജന സംവിധാനത്തിന്റെ പോരായ്മകൾ കണ്ടെത്തുന്നതിലെ വിടവുകൾ വിശകലനം ചെയ്യാൻ ഒരു പ്രത്യേക ടെംപ്ളേറ്റ് കേന്ദ്രസർക്കാർ പുറപ്പെടുവിച്ചെങ്കിലും (2017 നവംബർ), ഡി.പി.ആറു.കൾ തയ്യാറാക്കുമ്പോൾ ഈ ടെംപ്ളേറ്റ് പാലിക്കണമെന്നുള്ള നിർദ്ദേശം എംപാനൽ ചെയ്യപ്പെട്ട ഏജൻസികൾക്ക് ശുചിത്വ മിഷൻ നൽകിയില്ല. തെരഞ്ഞെടുത്ത യു.എൽ.ബി.കളുടെ ഡി.പി.ആറു.കളുടെ സൂക്ഷ്മ പരിശോധനയിൽ, യു.എൽ.ബി.കളിലെ നിലവിലുള്ള ഉറവിടതല മാലിന്യ സംസ്കരണ സൗകര്യങ്ങളുമായി ബന്ധപ്പെട്ടുള്ള സമഗ്രമായ ഡേറ്റാ തയ്യാറാക്കാതിരിക്കൽ, സ്ഥാപനശേഷി, അടിസ്ഥാനസൗകര്യം, ഐ.ഇ.സി. തുടങ്ങിയവയിലെ കുറവുകൾ വിശകലനം നടത്താതിരിക്കൽ, തുടങ്ങിയ ന്യൂനതകൾ വെളിപ്പെട്ടു. സി ആന്റ് ഡി മാലിന്യം, ഗാർഹിക അപകടപരമായ മാലിന്യം മുതലായവയുടെ ഉൽപാദനത്തിന്റെ വിലയിരുത്തൽ ഡി.പി.ആറു.കളിൽ ഉൾപ്പെടുത്തിയിട്ടില്ല.

ഏലൂർ മുനിസിപ്പാലിറ്റിയുടെയും അങ്കമാലി മുനിസിപ്പാലിറ്റിയുടെയും ഡിപിആറുകളിൽ റോഡ് നീളത്തിന്റെ കാര്യത്തിലും ശുചീകരണത്തൊഴിലാളികളുടെ ബീറ്റ് നിർണ്ണയത്തിന്റെ കാര്യത്തിലും കൃത്യമായി സാമ്യമുള്ള ഡേറ്റ ആയിരുന്നു. രണ്ടാമത്തെ മുനിസിപ്പാലിറ്റിയുടെ ഡി.പി.ആറി.ൽ പേരിന്റെ സ്ഥാനത്ത് ആദ്യത്തെ മുനിസിപ്പാലിറ്റിയുടെ പേരു അച്ചടിച്ച് കാണുന്നു. കായംകുളം മുനിസിപ്പാലിറ്റിയുടെ ഡിപിആറിൽ തുമ്പൂർമുഴി[21] യൂണിറ്റുകളുടെ നിർമ്മാണത്തിനായി എട്ട് പദ്ധതികൾ ഉൾപ്പെടുത്തിയിട്ടുണ്ട്, എന്നാൽ ഈ പദ്ധതികൾ മുൻ വർഷങ്ങളിൽ തന്നെ പൂർത്തീകരിച്ചിരുന്നു. ഇതെല്ലാം സൂചിപ്പിക്കുന്നത്, വകയിരുത്തിയ ഫണ്ടുകൾ നഷ്ടപ്പെടുന്നത് ഒഴിവാക്കാൻ വേണ്ടി ഡിപിആറുകൾ വിടവുകളുടെ വിശകലനം നടത്താതെ തിടുക്കത്തിൽ തയ്യാറാക്കിയെന്നാണ്

- ശുചിത്വമിഷൻ ഡി.പി.ആറു.കളുടെ തയ്യാറാക്കലിനായി പുറപ്പെടുവിച്ച മാർഗ്ഗരേഖകൾ വിഭാവനം ചെയ്യുന്നത്, ഡിപിആറുകളുടെ രൂപീകരണസമയത്ത് സാമഗ്രി ശേഖരണ സൗകര്യം (എംസിഎഫ്), സാമഗ്രി റിക്കവറി സൗകര്യം

21 തൃശൂർ ജില്ലയിലെ തുമ്പൂർമുഴി എന്ന സ്ഥലത്തിന്റെ പേരിൽ അറിയപ്പെടുന്ന എയ്റോബിക് കമ്പോസ്റ്റ് യൂണിറ്റ്

(എംആർഎഫ്), വികേന്ദ്രീകൃത മാലിന്യസംസ്കരണ യൂണിറ്റുകൾ, തുമ്പൂർമൂഴി മോഡൽ എയ്റോബിക് ബിന്നുകൾ തുടങ്ങിയ അടിസ്ഥാന സൗകര്യ യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് അനുയോജ്യമായ ഭൂമി കണ്ടെത്തണം എന്നാണെങ്കിലും, മേൽപ്പറഞ്ഞ കാര്യങ്ങൾക്കുള്ള സ്ഥല ലഭ്യത ഉറപ്പാക്കാതെ എസ്എൽഇസി, ഡിപിആറുകൾ അംഗീകരിച്ചു. തിരുവനന്തപുരം കോർപ്പറേഷന്റെ 154 തുമ്പൂർമൂഴി എയ്റോബിക് യൂണിറ്റുകൾ നിർമ്മിക്കാനുള്ള പദ്ധതിയും കായംകുളം മുനിസിപ്പാലിറ്റിയുടെ എംസിഎഫ്, എയ്റോബിക് കമ്പോസ്റ്റ്, വിൻഡ് റോ കമ്പോസ്റ്റ് എന്നിവയ്ക്കുള്ള പദ്ധതികളും ഡിപിആറിൽ ഉൾപ്പെടുത്തിയത്, ഇവയ്ക്കുള്ള സ്ഥലം കണ്ടെത്താത്തതിനാൽ (2021 നവംബർ) തുടരാൻ കഴിഞ്ഞില്ല.

- എസ്ബിഎം-യു മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച്, ഡിപിആറിൽ, മാലിന്യ നിയന്ത്രണ ഇടപെടലുകളും, ഡംപ്സൈറ്റിലെ റെമഡിയേഷനും പ്രവർത്തന പരിപാലന നടപടികളും അത്യാവശ്യമായി ചേർക്കേണ്ടതാണ്. എന്നാൽ തെരഞ്ഞെടുത്ത 20[22] യുഎൽബികൾ തയ്യാറാക്കിയ ഡിപിആറുകളിൽ ഇവ ഉൾപ്പെടുത്തിയിരുന്നില്ല. കായംകുളം മുനിസിപ്പാലിറ്റി ഡിപിആറിൽ ഡംപ്സൈറ്റിലെ റേഡിയേഷനുള്ള പദ്ധതി ഉൾപ്പെടുത്തിയെങ്കിലും വിശദമായ രൂപരേഖ തയ്യാറാക്കി നടപ്പിലാക്കാൻ ഇതുവരെയും നടപടി എടുത്തില്ല. (2022 ജനുവരി) പ്രവർത്തന പരിപാലന നടപടികൾ ശ്രദ്ധിക്കാതിരുന്നതുകൊണ്ട്, തിരുവനന്തപുരം കോർപ്പറേഷൻ സ്ഥാപിച്ച എട്ട് സാമൂഹ്യതല ബയോഗ്യാസ് പ്ലാന്റുകൾ പ്രവർത്തനരഹിതമായി.
- ജില്ലാതല നിരീക്ഷണ അവലോകന സമിതികൾ (ഡിഎൽഎംആർസികൾ) രൂപീകരിച്ചെങ്കിലും (2015 ഡിസംബർ), തെരഞ്ഞെടുത്ത യുഎൽബികൾ സ്ഥിതിചെയ്യുന്ന അഞ്ച് ജില്ലകളിലെ[23] സമിതികൾ ഒരിക്കലും കൂടിയില്ല. ഏൽപ്പിച്ച സുപ്രധാന ചുമതലകളായ മാർഗ്ഗരേഖകൾക്കനുസൃതമായി പ്രോഗ്രാമുകൾ നടപ്പിലാക്കുന്നത് ഉറപ്പാക്കൽ, ഭൗതിക/സാമ്പത്തിക

22കൊച്ചി, കോഴിക്കോട് കോർപ്പറേഷനുകൾ ഡിപിആറുകൾ തയ്യാറാക്കിയില്ല

23തിരുവനന്തപുരം, ആലപ്പുഴ, എറണാകുളം, മലപ്പുറം, കോഴിക്കോട്

പുരോഗതിയുടെ നിരീക്ഷണം, തടസ്സങ്ങൾ അവലോകനം ചെയ്യലും പരിഹാരങ്ങൾ നിർദ്ദേശിക്കലും, തുടങ്ങിയവ ശ്രദ്ധിക്കപ്പെടാതെ കിടന്നു.

ഡിപിആറുകൾ നേരത്തെ സമർപ്പിക്കണം എന്നുള്ള ആവശ്യകത കാരണം, ദൗത്യകലയളവിനുള്ളിൽ സ്ഥലം കണ്ടെത്താനും/ വാങ്ങാനും സാധിക്കും എന്നുള്ള അനുമാനത്തോടെ യുഎൽബികൾ, ഡിപിആറുകൾ തയ്യാറാക്കിയതായി സർക്കാർ പ്രസ്താവിച്ചു (2022 മെയ്), എന്നിരുന്നാലും നിരവധി മാർഗ്ഗതടസ്സങ്ങൾ ഉണ്ടാവുകയും അവ ഇത്തരം പ്രോജക്ടുകൾ നടപ്പാകാതിരിക്കുന്നതിന് ഇടയാക്കുകയും ചെയ്തു. ഡി.പി.ആറുകൾ സമയബന്ധിതമായി തയ്യാറാക്കുന്നതിൽ യു.എൽ.ബികൾക്കും ശുചിത്വമിഷനും ഉണ്ടായ അയഞ്ഞ സമീപനത്തെയാണ് മറുപടി സൂചിപ്പിക്കുന്നത്. മാലിന്യത്തിന്റെ തരംതിരിക്കൽ മുതൽ നിർമ്മാർജ്ജനം വരെയുള്ള കാതലായ ജോലികൾ സമയബന്ധിതമായി നിർവ്വഹിക്കുന്നതിനെ അനാവശ്യ കാലതാമസം പ്രതികൂലമായി ബാധിച്ചു. എല്ലാ പ്രോജക്ടുകളിലും ആവശ്യമായ പ്രവർത്തന പരിപാലന നടപടികൾ പുതിയ ഡിപിആറുകളിൽ പിന്തുടരുമെന്നും ഉൾപ്പെടുത്തുമെന്നും സർക്കാർ അറിയിച്ചു.

(കംപ്ട്രോളർ ആൻഡ് ഓഡിറ്റർ ജനറൽ ഓഫ് ഇൻഡ്യയുടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ സംബന്ധിച്ച 2021 മാർച്ചിൽ അവസാനിച്ച നഗര തദ്ദേശസ്ഥാപനങ്ങളിലെ മാലിന്യ പരിപാലനം എന്ന വിഷയത്തിൽ നടത്തിയ പ്രവർത്തനക്ഷമത ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 2.1, 2.2.)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാരിൽ നിന്നും ലഭിച്ച മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

36) 93 കരട് ബൈലാകൾ നഗരസഭ തയ്യാറാക്കിയപ്പോൾ പ്രസിദ്ധീകരിക്കപ്പെട്ടത് ഒരെണ്ണം മാത്രമാണെന്നും ഇത് സൂചിപ്പിക്കുന്നത് ബൈലാ തയ്യാറാക്കുന്നതിലും പ്രസിദ്ധീകരണത്തിനുമിടയിൽ വലിയ കാലതാമസമുണ്ടാകുന്നു എന്നുമാണെന്നും തദ്ദേശസ്വയംഭരണ വകുപ്പിൽ അംഗീകാരത്തിനായി സമർപ്പിച്ച 77 കരട് ബൈലാകളിൽ നാലെണ്ണം മാത്രമാണ് വകുപ്പ് അംഗീകരിച്ചതെന്നും വിലയിരുത്തിയ

സമിതി ബാക്കിയുള്ളവ അംഗീകരിക്കാത്തതിന്റെ കാരണം എന്താണെന്നും നഗരസഭകൾ പൊതുജനാഭിപ്രായം സ്വീകരിച്ച് കരട് ബൈലാ ഭേദഗതി വരുത്തി കൗൺസിലിൽ അംഗീകരിച്ച എന്നാണ് മറുപടിയിൽ വ്യക്തമാക്കിയിട്ടുള്ളതെങ്കിലും 77 നഗരസഭകളാണ് ബൈലാ അംഗീകാരത്തിനായി തദ്ദേശസ്വയംഭരണ വകുപ്പിന് സമർപ്പിച്ചതെന്നും ബാക്കി നഗരസഭകൾ ഇത് സമർപ്പിക്കാത്തതിന് കാരണമെന്താണെന്നും ആരാഞ്ഞു. ഖരമാലിന്യ പരിപാലനവുമായി ബന്ധപ്പെട്ട് മോഡൽ ബൈലാ ഉണ്ടായിരിക്കണമെന്ന തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നുള്ള നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിലാണ് പ്രസ്തുത പ്രവർത്തനങ്ങൾ നടത്തിയിട്ടുള്ളതെന്നും കൗൺസിൽ അംഗീകരിച്ച കരട് ബൈലാകൾ വകുപ്പിൽ ലഭിച്ചപ്പോൾ അതിൽ ചില ആശയക്കുഴപ്പങ്ങളുണ്ടായിരുന്നുവെന്നും പ്രിൻസിപ്പൽ ഡയറക്ടറേറ്റിൽ നിന്നും വിശദീകരണം ലഭിച്ചപ്പോഴും ഇതുതന്നെയായിരുന്നു സ്ഥിതിയെന്നും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മോഡൽ ബൈലായെ അടിസ്ഥാനപ്പെടുത്തിയാണോ ബൈലാ രൂപപ്പെടുത്തിയതെന്ന് ഉറപ്പുവരുത്തേണ്ടതുണ്ടെന്നും ഇതുസംബന്ധിച്ച് ഡിപ്പാർട്ടുമെന്റിൽ പ്രിൻസിപ്പൽ ഡയറക്ടറെ ഡെലിഗേറ്റ് ചെയ്ത് പരിശോധിക്കാമെന്ന് തത്വത്തിൽ തീരുമാനമെടുക്കുകയും ആ തീരുമാനം നിയമ വകുപ്പിന്റെ കൺസൾട്ടേഷൻ കഴിഞ്ഞ് ഓർഡർ ഇഷ്യൂ ചെയ്യാനുള്ള സ്ഥിതിയിലുമാണെന്നും പ്രിൻസിപ്പൽ ഡയറക്ടറേറ്റ് തന്നെ പരിശോധിച്ച് ശിപാർശ ചെയ്താൽ ഡിപ്പാർട്ടുമെന്റ് തലത്തിൽ ഉടൻതന്നെ പ്രോസസ്സ് ചെയ്യാൻ സാധിക്കുമെന്നും തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി വിശദീകരിച്ചു.

37) തെറ്റ് എന്താണെന്ന് കണ്ടുപിടിച്ച് അത് പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നില്ലേയെന്ന് സമിതി തുടർന്ന് ആരാഞ്ഞതിന് പോരായ്മകൾ പരിശോധിച്ച് അവ പരിഹരിക്കുന്നതിനായി പ്രിൻസിപ്പൽ ഡയറക്ടറെ ചുമതലപ്പെടുത്താനാണ് തീരുമാനിച്ചിട്ടുള്ളതെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി മറുപടി നൽകി. ഇത് പ്രോജക്ടിനെയാകെ ബാധിക്കില്ലേയെന്ന് സമിതി തുടർന്ന് ആരാഞ്ഞതിന് മോഡൽ ബൈലായുടെ അടിസ്ഥാനത്തിൽത്തന്നെ നടപടികളും പ്രവർത്തനങ്ങളും നടക്കുന്നുണ്ടെന്നും മാലിന്യ

സംസ്കരണ പദ്ധതികൾ നടപ്പിൽവരുത്തുന്നതുൾപ്പെടെയുള്ള തുടർനടപടികൾ സ്വീകരിക്കുന്നതിൽ ഒരു തരത്തിലുള്ള വീഴ്ചയും വരുത്തിയിട്ടില്ലെന്നും അതിന്റെ ക്വാളിറ്റി കുറച്ചുകൂടി മെച്ചപ്പെട്ട തരത്തിൽ കൊണ്ടുവരാനാണ് ശ്രമിക്കുന്നതെന്നും തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി വ്യക്തമാക്കി.

38) പ്രാരംഭഘട്ടത്തിലുണ്ടായ കാലതാമസം എസ്.ഡബ്ല്യൂ.എം. പ്രോജക്ടുകളുടെ ഡി.പി.ആർ.കളുടെ രൂപീകരണം/അംഗീകാരം എന്നിവയ്ക്കുള്ള നടപടിക്രമങ്ങൾക്ക് മൂന്ന് വർഷം വരെ കാലതാമസമുണ്ടാകുന്നതിനും 11 യു.എൽ.ബി.കൾക്ക് കേന്ദ്ര വിഹിതമായ 45.82 കോടി രൂപ നഷ്ടപ്പെടാൻ കാരണമായതിനും എന്ത് മറുപടിയാണ് പറയാനുള്ളതെന്ന് സമിതി ആരാഞ്ഞതിന് സാനിറ്റേഷനിൽ നിന്ന് വേസ്റ്റ് മാനേജ്മെന്റിലേയ്ക്ക് മാറുന്ന ഘട്ടമായതിനാൽ പലയിടത്തും വ്യക്തതക്കുറവ് ഉണ്ടായതുകൊണ്ടാണ് ഡി.പി.ആർ. തയ്യാറാക്കുന്നതിൽ കാലതാമസമുണ്ടായതെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി വിശദീകരിച്ചു

39) ഡി.പി.ആർ. തയ്യാറാക്കുന്നതിൽ 3 വർഷത്തെ കാലതാമസമുണ്ടായെന്നാണ് പറയുന്നതെന്ന് സമിതി ചൂണ്ടിക്കാട്ടിയതിന് സ്വച്ഛ് ഭാരത് മിഷൻ പദ്ധതിയുടെ കീഴിൽ 93 നഗരസഭകളിലായി ഡി.പി.ആർ. തയ്യാറാക്കുന്നതിന് ആദ്യം സംസ്ഥാനതല ഉന്നതാധികാര സമിതിയിൽ തീരുമാനമെടുത്തിരുന്നുവെന്നും കേന്ദ്ര വിഹിതം മുഴുവനായും സംസ്ഥാനത്ത് കോമൺ ഫെസിലിറ്റീസിന് വിനിയോഗിക്കാമെന്ന തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ കാസർഗോഡ്, പാലക്കാട്, എറണാകുളം, പത്തനംതിട്ട ജില്ലകളിൽ കോമൺ സാനിറ്ററി ലാൻഡ്ഫിൽ പ്രോജക്ടുകൾ പ്രൊപ്പോസ് ചെയ്തിരുന്നുവെന്നും എന്നാൽ സ്ഥല ലഭ്യതയുടെ അഭാവവും പ്രദേശവാസികളുടെ എതിർപ്പുംമൂലം പ്രോജക്ട് സമയബന്ധിതമായി നടപ്പാക്കാൻ സാധിക്കാത്തതിനാൽ 2017-ൽ ലോക്കൽ ബോഡികളുടെ പ്രോജക്ടുകളാക്കി കൊണ്ടുവരാമെന്ന് സംസ്ഥാനതല കമ്മിറ്റി തന്നെ തീരുമാനമെടുത്തുവെന്നും അത്തരത്തിലുള്ള കാലതാമസമാണുണ്ടായതെന്നും 2018-ൽ 11 നഗരസഭകളുടേതൊഴികെ മറ്റ് പ്രോജക്ടുകളെല്ലാം സബ്മിറ്റ് ചെയ്യുകയും അവ അംഗീകരിക്കുകയും ഫണ്ട് ലഭിക്കുകയും ചെയ്തിരുന്നുവെന്നും എസ്.ബി.എം. (സ്വച്ഛ്

ഭാരത് മിഷൻ) 2.0 പദ്ധതിയുടെ ഭാഗമായി സമയബന്ധിതമായിത്തന്നെ 93 നഗരസഭകളുടെയും പ്രോജക്ടുകൾ അംഗീകാരത്തിന് സമർപ്പിച്ചിട്ടുണ്ടെന്നും 307 കോടി രൂപയുടെ പ്രോപ്പോസലുകൾക്ക് അംഗീകാരം ലഭിക്കുകയും ഒന്നാം ഗഡു ലഭിക്കുകയും ചെയ്തിട്ടുണ്ടെന്നും ഡി.പി.ആർ. തയ്യാറാക്കാൻ 11 ഏജൻസികളെയാണ് ശുചിത്വമിഷനിൽ നിന്നും എംപാനൽ ചെയ്തതെന്നും മിനിസ്ട്രിയുടെ ഭാഗത്തുനിന്നും എംപാനൽമെന്റുണ്ടായിരുന്നുവെന്നും എന്നാൽ നടപടികൾ വേഗത്തിലാക്കാൻവേണ്ടി സംസ്ഥാനത്ത് ശുചിത്വമിഷന്റെ ഭാഗത്തുനിന്ന് 11 എജൻസികളെ തെരഞ്ഞെടുത്തുവെന്നും ഇതിൽ ചില ഏജൻസികൾ പത്തും പന്ത്രണ്ടും നഗരസഭകളുടെ ഡി.പി.ആർ. തയ്യാറാക്കാൻ കരാറെടുത്തെങ്കിലും സമയബന്ധിതമായി പൂർത്തിയാക്കി നൽകുന്നതിൽ കാലതാമസമുണ്ടായിയെന്നും അതുകൊണ്ടാണ് 11 നഗരസഭകളുടെ ഡി.പി.ആർ. സമയബന്ധിതമായി നൽകാൻ കഴിയാതിരുന്നതെന്നും ശുചിത്വമിഷൻ ഡയറക്ടർ വിശദീകരിച്ചു.

40) ഏലൂർ മുനിസിപ്പാലിറ്റിയുടെ ഡി.പി.ആർ. പേര് പോലും മാറ്റാതെ അങ്കമാലി മുനിസിപ്പാലിറ്റിയുടെ ഡി.പി.ആർ. ആയി തയ്യാറാക്കി നൽകിയത് സൂചിപ്പിക്കുന്നത് ഒരു തരത്തിലുമുള്ള പഠനവും നടത്താതെയാണ് ഏജൻസി ഡി.പി.ആർ. തയ്യാറാക്കിയത് എന്നാണെന്ന് വിലയിരുത്തിയ സമിതി ഇതിനെതിരെ എന്തെങ്കിലും നടപടി സ്വീകരിച്ചോയെന്ന് തുടർന്ന് ആരാഞ്ഞു. ഡി.പി.ആർ. തയ്യാറാക്കുന്നതിൽ ഏജൻസിയുടെ ഭാഗത്തുനിന്ന് വീഴ്ചയുണ്ടായിട്ടുണ്ടെന്നും റിവ്യൂ ചെയ്തപ്പോൾ മിഷൻ തലത്തിലും സർക്കാർ തലത്തിലും ഇക്കാര്യം ശ്രദ്ധിക്കേണ്ടതായിരുന്നുവെന്നും ഇക്കാര്യത്തിൽ വീഴ്ച വരുത്തിയവർക്കെതിരെ നടപടി സ്വീകരിക്കാമെന്നും തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി മറുപടി നൽകി.

41) ഡി.പി.ആർ. തയ്യാറാക്കുന്നതിന് ഏജൻസിയെ നിയമിച്ചപ്പോൾ അവർക്ക് ഇക്കാര്യത്തിൽ മുൻപരിചയമുണ്ടോയെന്ന കാര്യം പരിശോധിച്ചിട്ടില്ലെന്നും ഏജൻസികൾക്ക് മുൻപരിചയമില്ലാത്തതുകൊണ്ടാകാം അവർ തയ്യാറാക്കിയ ഡി.പി.ആർ.-കൾക്ക് നിലവാരമില്ലാതെവന്നതെന്നും ഓരോ പ്രദേശത്തിന്റെയും

പ്രത്യേകത അനുസരിച്ചുള്ള ഡി.പി.ആർ. തയ്യാറാക്കിയില്ല എന്നത് ഗൗരവമായ വിഷയമാണെന്നും സമിതി അംഗം അഭിപ്രായപ്പെട്ടു.

42) കായംകുളം മുനിസിപ്പാലിറ്റി മുൻ വർഷങ്ങളിൽ തന്നെ പൂർത്തീകരിച്ച പ്രോജക്ടുകൾ ഡി.പി.ആർ.-ൽ ഉൾപ്പെടുത്തിയത് എന്തുകൊണ്ടാണെന്ന് സമിതി തുടർന്ന് ആരാഞ്ഞതിന് ഡി.പി.ആർ അതത് കൗൺസിലുകൾ അംഗീകരിച്ചിരുന്നുവെന്ന് ശുചിത്വ മിഷൻ ഡയറക്ടർ മറുപടി നൽകി. ഡി.പി.ആർ.-ൽ എന്തെങ്കിലും വീഴ്ചയുണ്ടായിട്ടുണ്ടോയെന്നത് ശുചിത്വമിഷൻ പരിശോധിക്കേണ്ടതല്ലേയെന്ന് സമിതി അഭിപ്രായപ്പെട്ടതിന് ശുചിത്വ മിഷൻ ഡയറക്ടർ മറുപടി നൽകിയില്ല.

43) തിരുവനന്തപുരം നഗരസഭയിലെ എട്ട് കമ്മ്യൂണിറ്റി ലെവൽ ബയോഗ്യാസ് പ്ലാന്റുകളുടെ നിലവിലെ സ്ഥിതി എന്താണെന്ന് സമിതി ആരാഞ്ഞതിന് തിരുവനന്തപുരം നഗരസഭയിലെ കമ്മ്യൂണിറ്റി ബയോഗ്യാസ് പ്ലാന്റുകൾ കോവിഡ് കാലത്ത് പ്രവർത്തിപ്പിക്കാതിരുന്നതിനെത്തുടർന്ന് അതിലെ ബാക്ടീരിയ ഉൾപ്പെടെ നശിച്ചതിനാൽ പ്രവർത്തനരഹിതമായിരിക്കുകയാണെന്നും പ്രസ്തുത പ്ലാന്റുകൾ പ്രധാനമായും സ്ഥാപിച്ചിരുന്നത് സ്കൂളുകൾ, മാർക്കറ്റുകൾ എന്നിവ കേന്ദ്രീകരിച്ചായിരുന്നുവെന്നും രണ്ട് പ്ലാന്റുകൾ മാത്രമെ പ്രവർത്തനക്ഷമമായിട്ടുള്ളുവെന്നും പ്രവർത്തനം നിലച്ച ബയോഗ്യാസ് പ്ലാന്റുകൾ പുതുക്കിപ്പണിയുന്നതിനായി എഞ്ചിനീയറിംഗ് വിഭാഗത്തിന് എസ്റ്റിമേറ്റ് സമർപ്പിച്ചിട്ടുണ്ടെന്നും ഏകദേശം നൂറോളം പ്ലാന്റുകൾ പുതുതായി പണി കഴിപ്പിച്ചിട്ടുണ്ടെന്നും തിരുവനന്തപുരം കോർപ്പറേഷൻ ഹെൽത്ത് ഓഫീസർ മറുപടി നൽകി.

44) നിലവിൽ ബയോഗ്യാസ് പ്ലാന്റുകളൊന്നും പ്രവർത്തിക്കുന്നില്ലെന്നാണ് റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്നതെന്ന് ചൂണ്ടിക്കാട്ടിയ സമിതി അതിനെപ്പറ്റി എന്താണ് വ്യക്തമാക്കാനുള്ളതെന്ന് ആരാഞ്ഞു. പ്ലാന്റുകൾ പുതുക്കിപ്പണിയുന്നതിനുള്ള എസ്റ്റിമേറ്റാണ് സമർപ്പിച്ചിട്ടുള്ളതെന്നും കോവിഡ് സമയത്ത് മാലിന്യ നിക്ഷേപം നടക്കാത്തതിനാൽ പ്ലാന്റുകളുടെ പ്രവർത്തനം പൂർണ്ണമായും നിലച്ചിരുന്നുവെന്നും അതുസംബന്ധിച്ചാണ്

റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്നതെന്നും തിരുവനന്തപുരം കോർപ്പറേഷൻ ഹെൽത്ത് ഓഫീസർ സമിതി മുമ്പാകെ വിശദീകരിച്ചു.

45) പ്ലാന്റുകൾ കേടായതുമൂലമുണ്ടായ നഷ്ടം എങ്ങനെയാണ് പരിഹരിക്കുന്നതെന്ന് സമിതി തുടർന്ന് ആരാഞ്ഞതിന് കോവിഡ് സമയത്ത് സംഭവിച്ചതിനാൽ ഈ നഷ്ടം അപ്രതീക്ഷിത നഷ്ടമാണെന്ന് തിരുവനന്തപുരം കോർപ്പറേഷൻ ഹെൽത്ത് ഓഫീസർ ബോധിപ്പിച്ചു

46) കോവിഡ് മാറി രണ്ട് വർഷം കഴിഞ്ഞിട്ടും പ്ലാന്റുകൾ പ്രവർത്തിപ്പിക്കാൻ കഴിയുന്നില്ലെന്ന് പറയുന്നതിനോട് യോജിക്കാനാവില്ലെന്ന് അഭിപ്രായപ്പെട്ട പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ പ്രസ്തുത പ്ലാന്റുകൾ സ്ഥിരമായി ഉപയോഗിക്കാനുള്ളതല്ലേയെന്ന് ആരാഞ്ഞതിന് പ്രവർത്തനം നിലച്ചവ മുഴുവനായും പൊളിച്ച് അതിന്റെ ഡോം ഉൾപ്പെടെ പുറത്തേയ്ക്ക് എടുത്ത് പ്രശ്നം പരിഹരിക്കേണ്ടതുണ്ടെന്ന് തിരുവനന്തപുരം കോർപ്പറേഷൻ ഹെൽത്ത് ഓഫീസർ വിശദീകരിച്ചു.

47) ഇതിനായി നഗരസഭ എന്തെങ്കിലും ആക്ഷൻ പ്ലാൻ നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്നും അതോ അവ ഉപേക്ഷിച്ചോയെന്നും പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ തുടർന്ന് ആരാഞ്ഞതിന് ആക്ഷൻ പ്ലാൻ നടപ്പാക്കുന്നുണ്ടെന്നും എട്ട് പ്ലാന്റുകളും പുതുക്കുന്നതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി ടെണ്ടർ ചെയ്തിട്ടുണ്ടെന്നും തിരുവനന്തപുരം കോർപ്പറേഷൻ ഹെൽത്ത് ഓഫീസർ മറുപടി നൽകി. തിരുവനന്തപുരം നഗരസഭയിലെ ബയോഗ്യാസ് പ്ലാന്റുകളെപ്പറ്റിയാണ് പറഞ്ഞതെന്നും അതുപോലെ സംസ്ഥാനത്തുടനീളം സ്ഥാപിച്ചിട്ടുള്ള ബയോഗ്യാസ് പ്ലാന്റുകളുടെ അവസ്ഥ എന്താണെന്ന് പരിശോധിക്കുന്നത് നല്ലതാണെന്നും പല പ്രദേശങ്ങളിലും പ്ലാന്റുകൾ വിജയകരമല്ലെന്നും അഭിപ്രായപ്പെട്ട സമിതി അംഗം ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കുന്നതിനായി പണം ചെലവഴിക്കുമെങ്കിലും അധികം താമസിയാതെ പ്ലാന്റ് പ്രവർത്തനക്ഷമമല്ലാതാകുന്ന സ്ഥിതിവിശേഷം ഗൗരവമായി പരിശോധിക്കേണ്ടതല്ലേയെന്ന് ആരാഞ്ഞു. ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കുന്നതിൽ പ്രശ്നങ്ങളുണ്ടെന്നും അത് പരിശോധിക്കാമെന്നും തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി മറുപടി നൽകി.

48) തിരുവനന്തപുരം നഗരസഭയിലെ ഇന്നൂർമൂഴി എയ്റോബിക് യൂണിറ്റുകൾ പൂർത്തീകരിക്കാൻ സാധിച്ചോയെന്ന് സമിതി ആരാഞ്ഞതിന് ഇന്നൂർമൂഴി എയ്റോബിക് യൂണിറ്റുകളുടെയെല്ലാം പ്രവൃത്തി പൂർത്തീകരിക്കുകയും നൂറോളം പ്ലാന്റുകൾ അധികമായി സ്ഥാപിക്കുകയും ചെയ്തിട്ടുണ്ടെന്ന് തിരുവനന്തപുരം കോർപ്പറേഷൻ ഹെൽത്ത് ഓഫീസർ വ്യക്തമാക്കി.

49) ജില്ലാതല നിരീക്ഷണ അവലോകന സമിതികൾ ചേരാറില്ലെന്ന് ഓഡിറ്റ് റിപ്പോർട്ടിൽ പറഞ്ഞിട്ടുണ്ടെന്നും അതിന്റെ കാരണമെന്താണെന്ന് വ്യക്തമാക്കേണ്ടതാണെന്നും സമിതി ആവശ്യപ്പെട്ടതിന്; ജില്ലാതല അവലോകന സമിതികൾ കൂടാൻ നിർദ്ദേശമുണ്ടായിരുന്നുവെന്നും ജില്ലകളിൽ കേന്ദ്രാവിഷ്കൃത പദ്ധതികൾക്ക് മേൽനോട്ടം വഹിക്കുന്ന ദിശയുടെ മീറ്റിംഗുകൾ റെഗുലറായി നടക്കുന്ന സമയത്ത് പ്രോജക്ടുകൾ റിവ്യൂ ചെയ്ത് പോകുന്നുണ്ടായിരുന്നുവെന്നും നിലവിൽ ജോയിന്റ് ഡയറക്ടർമാരുടെ കീഴിൽ എല്ലാ മാസവും റിവ്യൂ പ്രോഗ്രാമുകളും അതോടൊപ്പം തന്നെ ജില്ലാ ശുചിത്വ സമിതിയിൽ കേന്ദ്രാവിഷ്കൃത പദ്ധതികളുടെ റിവ്യൂ മീറ്റിംഗുകളും നടക്കുന്നുണ്ടെന്നും ശുചിത്വ മിഷൻ ഡയറക്ടർ വിശദീകരിച്ചു. പ്രസ്തുത മറുപടി സമിതി അംഗീകരിച്ചു.

## നിഗമനങ്ങൾ/ശിപാർശകൾ

**50) മാലിന്യ നിർമ്മാർജ്ജന ചട്ടങ്ങളുടെ വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ബൈലാ തയ്യാറാക്കുന്നതിൽ നഗരസഭകൾക്കും, ബൈലാ അംഗീകരിച്ച് പ്രസിദ്ധീകരിക്കുന്നതിൽ സർക്കാരിനും അനാവശ്യമായ കാലതാമസം ഉണ്ടായതായി സമിതി വിലയിരുത്തുന്നു.**

**51) ബൈലാ അംഗീകരിക്കുന്നതിലും പ്രസിദ്ധീകരിക്കുന്നതിലും ഉണ്ടാകുന്ന കാലതാമസം മാലിന്യ നിർമ്മാർജ്ജനവുമായി ബന്ധപ്പെട്ട് നിയമ ലംഘനം നടത്തുന്നവരുടെ മേൽ ചുമത്തുന്ന പിഴകൾക്ക് നിയമ സാധുത ഇല്ലാതായി തീരുമെന്നതിനാൽ, അടിയന്തരമായി മാലിന്യ നിർമ്മാർജ്ജനത്തിനു വേണ്ടിയുള്ള ബൈലാകൾ രൂപീകരിച്ച് പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. എസ്.ഡബ്ല്യൂ.എം. പ്രോജക്ടുകളുടെ ഡി.പി.ആർ കളുടെ രൂപീകരണം/അംഗീകാരം**

എന്നിവയുള്ള നടപടിക്രമങ്ങൾക്ക് മൂന്ന് വർഷം വരെ കാലതാമസം ഉണ്ടായെന്നും, യഥാസമയം ഡി.പി.ആർ തയ്യാറാക്കാത്തതിനാൽ 11 യു.എൽ.ബി-കൾക്കുള്ള കേന്ദ്ര വിഹിതം 45.82 കോടി രൂപ നഷ്ടപ്പെടുന്നതിന് കാരണമായതായി സമിതി മനസ്സിലാക്കുന്നു.

52) ഒരു തരത്തിലുമുള്ള പഠനവും നടത്താതെയാണ് ഡി.പി.ആർ.-കൾ തയ്യാറാക്കിയതെന്നും ഡി.പി.ആർ. തയ്യാറാക്കാൻ ഏജൻസികളെ ഏൽപ്പിച്ചപ്പോൾ അവർക്ക് ഇക്കാര്യത്തിലുള്ള മുൻപരിചയം പരിശോധിച്ചിട്ടില്ലെന്നും സമിതി വിലയിരുത്തി.

53) ഡി.പി.ആർ.-ലെ തെറ്റുകളെ സംബന്ധിച്ച് പരിശോധിക്കേണ്ട ശുചിത്വമിഷനും, കൃത്യമായ പരിശോധന നടത്താതെ അലംഭാവം കാണിച്ചതായും സർക്കാർ തലത്തിൽ ശരിയായ വിധത്തിലുള്ള റിവ്യൂ നടത്തിയിട്ടില്ലെന്നും സമിതി അഭിപ്രായപ്പെട്ടു. ഡി.പി.ആർ പരിശോധിക്കുന്നതിൽ വീഴ്ച വരുത്തിയവർക്കെതിരെ സ്വീകരിച്ച നടപടിയുടെ വിശദാംശം ലഭ്യമാക്കാനും സമിതി നിർദ്ദേശിക്കുന്നു.

54) തിരുവനന്തപുരം നഗരസഭ ഉൾപ്പെടെ സംസ്ഥാനത്ത് ഉടനീളം സ്ഥാപിച്ചിട്ടുള്ള ബയോഗ്യാസ് പ്ലാന്റുകളുടെ നിലവിലെ അവസ്ഥ സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കാൻ സമിതി നിർദ്ദേശിക്കുന്നു.

<u>ഓഡിറ്റ് ഖണ്ഡിക</u>

സ്ഥാപനപരമായ സംവിധാനം

എസ്.ഡബ്ല്യൂ.എം സെൽ രൂപീകരിക്കാതിരുന്നത്

ഫലപ്രദവും ആധുനികവുമായ ഒരു മുനിസിപ്പൽ എസ്ഡബ്ല്യൂഎം സംവിധാനം ആസൂത്രണം ചെയ്യുന്നതിന്, കാര്യക്ഷമമായ സ്ഥാപന ഘടനയോടൊപ്പം മതിയായ അടിസ്ഥാന സൗകര്യങ്ങളും ഉപകരണങ്ങളും അത്യാവശ്യമാണ് എസ്.ഡബ്ല്യൂ.എമ്മിൽ സാങ്കേതിക, ഭരണപാടവമുള്ള ജീവനക്കാർ ഉള്ള എസ്.ഡബ്ല്യൂ.എം വകുപ്പ്/സെൽ യു.എൽബികൾക്ക് പ്രത്യേകമായി ഉണ്ടായിരിക്കണം എന്നാണ് എം. എസ്. ഡബ്ല്യൂ. എം മാനുവൽ, 2016-ന്റെ സെക്ഷൻ 1. 4. 5. 4 ശക്തമായി ശിപാർശ ചെയ്യുന്നത്

മേൽപ്പറഞ്ഞതിന് വിരുദ്ധമായി എംഎസ്ഡബ്ല്യു ഭരണ നിർവ്വഹണത്തിൽ പ്രത്യേകമായി സാങ്കേതിക ഭരണ പാടവമുള്ള ജീവനക്കാർ ഉള്ള ഒരു സമർപ്പിത എസ്.ഡബ്ല്യു.എം. വകുപ്പ്/സെൽ തെരഞ്ഞെടുത്ത യു.എൽ.ബി.-കളിലൊന്നിലും ഇല്ലായിരുന്നു. എല്ലാ യുഎൽബികളിലും, ഡോക്ടർ/ഹെൽത്ത് സൂപ്പർവൈസർ/ഹെൽത്ത് ഇൻസ്പെക്ടർ ആയിട്ടുള്ള ഹെൽത്ത് ഓഫീസറുടെ നേതൃത്വത്തിലുള്ള, ആരോഗ്യ വിഭാഗം ആണ്, തങ്ങൾക്ക് നൽകപ്പെട്ടിരുന്ന ആരോഗ്യ സംബന്ധിയായ ചുമതലകൾക്കുപരിയായി, എസ്.ഡബ്ല്യു.എം. പ്രവൃത്തികൾ കൈകാര്യം ചെയ്തിരുന്നത്. തിരുവനന്തപുരം, കൊച്ചി കോർപ്പറേഷനുകളിൽ ഓരോന്നിലും ഒരു പരിസ്ഥിതി എൻജിനീയറെ കരാർ അടിസ്ഥാനത്തിൽ ഏർപ്പെടുത്തിയിരുന്നെങ്കിലും അദ്ദേഹത്തിന് ഭരണപരമായ ചുമതല നൽകിയിരുന്നില്ല. എസ്ഡബ്ല്യുഎം-ൽ വൈദഗ്ദ്ധ്യമുള്ള മതിയായ എണ്ണം ജീവനക്കാരുള്ള ഒരു പ്രത്യേക എസ്ഡബ്ല്യുഎം സെല്ലിന് മാലിന്യ നിർമ്മാർജ്ജനം നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട ചുമതലകളും ഉത്തരവാദിത്തങ്ങളും, പ്രവർത്തനപരമായും ചുമതലപ്പെടുത്തിയതുമായ രീതിയിൽ നിർവ്വഹിക്കാമായിരുന്നു.

എല്ലാ യുഎൽബികളിലും വൈദഗ്ധ്യമുള്ള മാലിന്യ നിർമ്മാർജ്ജന വിദഗ്ധരെ കെഎസ്ഡബ്ല്യുഎംപി ലഭ്യമാക്കുമെന്ന് സർക്കാർ മറുപടി നൽകി (2022 മെയ്).

**സേവനതല അളവു കോലുകൾ**

കേന്ദ്ര സർക്കാരിന്റെ, നഗര വികസന മന്ത്രാലയം (എംഒയുഡി) ജല വിതരണം, മലിനജലം, എസ്ഡബ്ല്യുഎം മഴവെള്ളം ഒഴുകിപ്പോകാനുള്ള സംവിധാനം എന്നിവ ഉൾപ്പെടുന്ന സേവന തല അളവുകോൽ രീതി (എസ്.എൽബി) ആരംഭിച്ചു (2008). പ്രകടന സൂചികകൾ നിരീക്ഷിക്കാനും റിപ്പോർട്ട് ചെയ്യാനുമായി നിഷ്കർഷിക്കപ്പെട്ട ഒരു പൊതു മിനിമം ചട്ടക്കൂടിൽ എട്ടു പ്രകടന സൂചികകൾ എസ്ഡബ്ല്യുഎം-മായി ബന്ധപ്പെട്ടതാണ്. അതിൽ ഈ പ്രകടന സൂചികകളുമായി ബന്ധപ്പെട്ട ലക്ഷ്യങ്ങളുടെയും അളവുകോലുകളുടെയും നേർക്കായി, തെരഞ്ഞെടുത്ത 22 യുഎൽബികളുടെ എസ്.എൽബി പ്രഖ്യാപനങ്ങളുടെ (2018-19) വിശകലനവും, യുഎൽബികൾ (2020-21) നൽകിയ വിശദാംശങ്ങളുടെ അടിസ്ഥാനത്തിൽ ഓഡിറ്റ് നടത്തിയ നിർണ്ണയവും ചുവടെ ചേർത്തിരിക്കുന്നു.

## ഖരമാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട അളവുകോലുകളും സേവന തല അളവുകോലിന്റെ പ്രകടന സൂചികകളും

| ക്രമ നമ്പർ | പ്രകടന സൂചിക | യൂണിറ്റ് ശതമാനമായി | അളവ്കോൽ (ശതമാനത്തിൽ) |
|---|---|---|---|
| 1 | ഗാർഹിക തല ഖരമാലിന്യ പരിപാലന (എസ്.ഡബ്ല്യൂ.എം.) സേവനങ്ങളുടെ കവറേജ് | പ്രതിദിന വാതിൽപടി ശേഖരണ സംവിധാനത്തിൽ ഉൾപ്പെടുന്ന വീടുകളും സ്ഥാപനങ്ങളും | 100 |
| 2 | മുനിസിപ്പൽ ഖരമാലിന്യ ശേഖരണത്തിന്റെ കാര്യക്ഷമത | പദ്ധതി പ്രദേശത്തിനകത്ത് ഉൽപാദിപ്പിക്കുന്ന മാലിന്യങ്ങൾക്കെതിരെ ശേഖരിച്ച മൊത്തം മാലിന്യം | 100 |
| 3 | മുനിസിപ്പൽ ഖരമാലിന്യങ്ങൾ വേർതിരിക്കുന്നതിന്റെ വ്യാപ്തി | മാലിന്യങ്ങൾ വേർതിരിക്കുന്ന വീടുകളും സ്ഥാപനങ്ങളും | 100 |
| 4 | മുനിസിപ്പൽ ഖരമാലിന്യം വീണ്ടെടുക്കുന്നതിന്റെ വ്യാപ്തി | പുനഃചംക്രമണം ചെയ്തതോ സംസ്കരിച്ചതോ ആയ മാലിന്യത്തിന്റെ അളവ് | 80 |
| 5 | ശാസ്ത്രീയമായി മുനിസിപ്പൽ ഖരമാലിന്യങ്ങൾ സംസ്കരിക്കുന്നതിന്റെ വ്യാപ്തി | മാലിന്യ നിക്ഷേപ കേന്ദ്രങ്ങളിലും സംസ്കരിക്കപ്പെടുന്ന മൊത്തം മാലിന്യത്തിന്റെ അളവിനെതിരെ സാനിറ്ററി ലാൻഡ്ഫില്ലിൽ സംസ്കരിക്കപ്പെടുന്ന മാലിന്യം | 100 |
| 6 | ഉപഭോക്തൃ പരാതികൾ പരിഹരിക്കുന്നതിലെ കാര്യക്ഷമത | എസ്.ഡബ്ല്യൂ.എമ്മുമായി ബന്ധപ്പെട്ട് 24 മണിക്കൂറിനുള്ളിൽ ലഭിച്ച ആകെ എണ്ണം പരാതികളിൽ പരിഹരിച്ച പരാതികളുടെ ആകെ എണ്ണം | 80 |
| 7 | എസ്.ഡബ്ല്യൂ.എം. സേവനങ്ങളിലെ ചെലവ് വീണ്ടെടുക്കലിന്റെ തോത് | എസ്.ഡബ്ല്യൂ.എം-ന് മാത്രമായി ബന്ധപ്പെട്ട പ്രവർത്തന വരുമാനത്തിൽ നിന്ന് യു.എൽ.ബി.ക്ക് വീണ്ടെടുക്കാൻ കഴിയുന്ന എസ്.ഡബ്ല്യൂ.എം | 100 |

| | | | |
|---|---|---|---|
| | | സേവനങ്ങളുമായി ബന്ധപ്പെട്ട എല്ലാ പ്രവർത്തന ചെലവുകളും | |
| 8 | എസ്.ഡബ്ല്യൂ.എം. ഉപയോക്തൃ ചാർജ്ജുകളുടെ ശേഖരണത്തിലെ കാര്യക്ഷമത | ബന്ധപ്പെട്ട കാലയളവിലെ മൊത്തം പ്രവർത്തന വരുമാനത്തിനെതിരെ നിലവിലെ വർഷത്തെ വരുമാനം | 90 |

(ഉറവിടം: എം.ഒ.യു.ഡി. വെബ്സൈറ്റ്)

മുകളിലത്തെ വിശകലനത്തിൽ നിന്ന് ഉരുത്തിരിഞ്ഞ ഫലങ്ങൾ താഴെപ്പറയും വിധമായിരുന്നു.

- ഉറവിടത്തിലെ മാലിന്യ നിർമ്മാർജ്ജനമെന്ന സംസ്ഥാന നയത്തിന് അനുസൃതമായി, പരിശോധന നടത്തിയ യു.എൽ.ബി.കൾ[24] വീടുകളിൽ നിന്ന് ജൈവമാലിന്യം ശേഖരിച്ചില്ല. യു.എൽ.ബികൾ പ്രതിദിന വാതിൽപ്പടി ശേഖരണത്തെക്കുറിച്ചുള്ള എസ്.എൽ.ബി.കളും ഖരമാലിന്യ ശേഖരണത്തിന്റെ ഫലപ്രാപ്തിയും പ്രഖ്യാപിച്ചത് വീടുകളിൽ നിന്നുള്ള പ്ലാസ്റ്റിക് മാലിന്യ ശേഖരണത്തിന്റെ വ്യാപ്തിയുടെ അടിസ്ഥാനത്തിൽ ആണ്. പ്രഖ്യാപിത തലങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ ഭൂരിപക്ഷം യു.എൽ.ബി.കളിലും പ്ലാസ്റ്റിക് മാലിന്യങ്ങളുടെ വാതിൽപ്പടി ശേഖരണവും ശേഖരണത്തിലെ ഫലപ്രാപ്തിയും യഥാർത്ഥത്തിൽ വളരെ കുറവായിരുന്നെന്ന് ഓഡിറ്റ് നിരീക്ഷിച്ചു.
- തെരഞ്ഞെടുത്ത യുഎൽബികൾ വേർതിരിച്ച മാലിന്യത്തിന്റെ അളവിന്റെ എസ്. എൽ. ബി. പ്രഖ്യാപിച്ചെങ്കിലും ഈ യുഎൽബികൾ വേർതിരിച്ച മാലിന്യത്തിന്റെ അളവ് രേഖപ്പെടുത്തിയില്ല.
- നിഷ്ക്രിയ മാലിന്യം കളയാൻ ശാസ്ത്രീയമായ ലാൻഡ്ഫിൽ സർക്കാരിനില്ലെങ്കിലും, പരിശോധന നടത്തിയ യു. എൽ. ബി. കൾ മാലിന്യം ലാൻഡ്ഫില്ലിൽ നിക്ഷേപിക്കുന്നതായി എസ്.എൽ.ബി.യിൽ പ്രഖ്യാപിച്ചു.

---

24 കൊച്ചി, കോഴിക്കോട് കോർപ്പറേഷനുകൾ, പെരിന്തൽമണ്ണ, ആലുവ മുനിസിപ്പാലിറ്റികൾ ഒഴികെ

- പരാതി പരിഹാരത്തിനുള്ള എസ്.എൽ.ബി. യിൽ 70 മുതൽ 100 ശതമാനം വരെ ലക്ഷ്യം നേടിയതായി തെരഞ്ഞെടുത്ത യു.എൽ.ബി.കൾ പ്രഖ്യാപിച്ചു. എന്നാൽ, തിരുവനന്തപുരം കോർപ്പറേഷനിൽ മാത്രമേ പരാതികൾ സ്വീകരിക്കാൻ ഒരു ഓൺലൈൻ സംവിധാനം ഉണ്ടായിരുന്നുള്ളൂ എന്ന് ഓഡിറ്റ് നിരീക്ഷിച്ചു ബാക്കി യു.എൽ.ബി.കളിൽ മാലിന്യ നിർമ്മാർജ്ജനവുമായി ബന്ധപ്പെട്ട പരാതികൾ രേഖപ്പെടുത്തുന്നതിനായി പ്രത്യേക രജിസ്റ്ററുകൾ പോലും സൂക്ഷിച്ചിരുന്നില്ല

അതുപോലെ യു.എൽ.ബി.കൾ രേഖപ്പെടുത്തിയ എസ്.എൽ.ബി. സ്കോറുകൾ സാധൂകരിക്കാനുള്ള പരിശോധനായോഗ്യമായ ഡേറ്റാ ഇല്ലായിരുന്നത് നൽകിയ സ്കോറുകളുടെ വാസ്തവികത സംബന്ധിച്ച് സംശയങ്ങൾ ഉളവാക്കി, യു.എൽ.ബി.കൾ നൽകിയ എസ്.എൽ.ബി. പ്രഖ്യാപനങ്ങളിലെ പൊരുത്തക്കേട് തിരുത്തലിനായി സർക്കാർ ശ്രദ്ധിച്ചിട്ടുണ്ടെന്ന് അന്തിമ കൂടിക്കാഴ്ചയിൽ (2022 മെയ്) പ്രസ്താവിച്ചു.

(കംപ്ട്രോളർ ആൻഡ് ഓഡിറ്റർ ജനറൽ ഓഫ് ഇൻഡ്യയുടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ സംബന്ധിച്ച 2021 മാർച്ചിൽ അവസാനിച്ച നഗര തദ്ദേശസ്ഥാപനങ്ങളിലെ മാലിന്യ പരിപാലനം എന്ന വിഷയത്തിൽ നടത്തിയ പ്രവർത്തനക്ഷമത ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡികകൾ 2.1.3, 2.1.3.1, 2.1.3.2)

ഓഡിറ്റ് ഖണ്ഡികകൾക്ക് സർക്കാരിൽ നിന്നും ലഭിച്ച മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

55) ഖരമാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട ചുമതലകളും ഉത്തരവാദിത്തങ്ങളും നിർവ്വഹിക്കാനാവശ്യമായ ജീവനക്കാരെ പുതുതായി രൂപീകരിച്ച എസ്.ഡബ്ല്യു.എം. യൂണിറ്റിൽ നിയമിച്ചിട്ടുണ്ടോയെന്നും അവരുടെ ചുമതലകൾ കൃത്യമായി നിർവ്വചിച്ച് ഉത്തരവ് പുറപ്പെടുവിക്കാറുണ്ടോയെന്നും സമിതി ആരാഞ്ഞതിന് എല്ലാ നഗരസഭകളിലും എസ്.ഡബ്ല്യു.എം. സെൽ രൂപീകരിച്ചിട്ടുണ്ടെന്നും അതുമായി ബന്ധപ്പെട്ട പ്രൊസീഡിംഗ്സ് ഇഷ്യൂ ചെയ്തിട്ടുണ്ടെന്നും എൻ.ജി.റ്റി. (നാഷണൽ ഗ്രീൻ ട്രൈബ്യൂണൽ)യുടെ നിർദ്ദേശപ്രകാരംതന്നെയാണ് എസ്.ഡബ്ല്യു.എം. സെൽ

രൂപീകരിച്ചിട്ടുള്ളതെന്നും തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറേറ്റ് ജോയിന്റ് ഡയറക്ടർ മറുപടി നൽകി.

56) വസ്തുതകളുമായി ചേർന്നുനിൽക്കുന്ന തരത്തിലല്ലാത്ത മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട എസ്.എൽ.ബി. പ്രഖ്യാപനങ്ങൾ നടത്തിയതിന്റെ ഉത്തരവാദിത്തം ആർക്കാണെന്നും എത്ര നഗരസഭകളിൽ ക്യൂ.ആർ. കോഡ് സ്ഥാപിച്ച് ഹരിതമിത്രം ആപ്പ് വഴി മോണിറ്റർ ചെയ്യുന്നുണ്ടെന്നും എത്ര ശതമാനം വീടുകളും സ്ഥാപനങ്ങളുമാണ് ഇങ്ങനെ നിരീക്ഷണത്തിന് കീഴിൽ കൊണ്ടുവരാൻ കഴിഞ്ഞതെന്നും വിശദമാക്കുവാൻ സമിതി നിർദ്ദേശിച്ചതിന് 93 നഗരസഭകളിൽ 86 നഗരസഭകളിലും ഹരിത മിത്രം ആപ്പ് നടപ്പാക്കിയിട്ടുണ്ടെന്നും കൊച്ചി, കണ്ണൂർ നഗരസഭകളിൽ ഹരിതമിത്രം ആപ്പിന് സമാനമായ ആപ്പ് നിലവിലുണ്ടെന്നും അതിന്റെ എ.പി.ഐ. (ആപ്ലിക്കേഷൻ പ്രോഗ്രാമിംഗ് ഇന്റർഫേസ്) വച്ചുകൊണ്ട് ഹരിത മിത്രം ആപ്പുമായി ഇന്റഗ്രേറ്റ് ചെയ്യണമെന്ന് ആവശ്യപ്പെട്ടിരിക്കുകയാണെന്നും നിലവിൽ പെന്റിംഗിലുള്ള കളമശ്ശേരി, കൂത്തുപറമ്പ്, പാനൂർ, പയ്യന്നൂർ, തളിപ്പറമ്പ്, തലശ്ശേരി, കാസർഗോഡ് എന്നീ നഗരസഭകളെ ഹരിതമിത്രം ആപ്പിന്റെ പരിധിയിൽ കൊണ്ടുവരാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ടെന്നും തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി വിശദീകരിച്ചു.

57) റെഫ്യൂസ് വേസ്റ്റ് ലാൻഡ്ഫിൽ സൈറ്റിലോട്ടാണ് പോകുന്നതെന്നാണ് എല്ലാ നഗരസഭകളും പറയുന്നതെന്ന് സീനിയർ ഡെപ്യൂട്ടി അക്കൗണ്ടന്റ് ജനറൽ ചൂണ്ടിക്കാട്ടിയതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ റെഫ്യൂസ് വേസ്റ്റുകൾ ലാൻഡ്ഫിൽ സൈറ്റിലേയ്ക്കാണ് കൊണ്ടുപോകുന്നതെന്നും അത് കേരളത്തിനകത്തുള്ള ലാൻഡ്ഫിൽ സൈറ്റിലല്ലെന്നും കാരണം കേരളത്തിൽ സയന്റിഫിക്കായുള്ള ലാൻഡ്ഫിൽ സൈറ്റ് ഇല്ലെന്നും ലാൻഡ്ഫിൽ സൈറ്റിലോട്ടും സിമന്റ് പ്ലാന്റുകളിലേയ്ക്കും വേസ്റ്റ് കൊണ്ടുപോകുന്നത് ഏജൻസികൾ വഴിയാണെന്നും അവർക്ക് ബന്ധപ്പെട്ട സ്ഥാപനങ്ങളുമായി കരാറുണ്ടെന്നുള്ളത് ഉറപ്പുവരുത്തുന്നുണ്ടെന്നും എംപാനൽ ചെയ്തിട്ടുള്ള ഏജൻസി വഴി, ശുചിത്വ മിഷൻ വളരെ ഡീറ്റെയിൽഡായിട്ടുള്ള ഒരു പ്രോസസ്സിൽക്കൂടി വേസ്റ്റ് മൂവ്മെന്റിൽ ഇൻവോൾവ്ഡ് ആയിട്ടുള്ള ഏജൻസികളുടെ ഫോർവേഡ് ലിങ്കേജ്

സർട്ടിഫിക്കേഷൻ ബോധ്യപ്പെട്ടതിനുശേഷം വേസ്റ്റ് കൊണ്ടുപോകുന്നത് കവചിത വാഹനങ്ങളിലാണെന്ന് ഉറപ്പുവരുത്തി അത്തരത്തിലുള്ള ഏജൻസികളെ മാത്രമാണ് എംപാനൽ ചെയ്തിട്ടുള്ളതെന്നും ഇതിനായി 44 ഓളം ഏജൻസികൾ പ്രവർത്തിക്കുന്നതിൽ 21 ഏജൻസികളെ മാത്രമാണ് എംപാനൽ ചെയ്യാൻ സാധിച്ചിട്ടുള്ളതെന്നും ബാക്കിയുള്ള ഏജൻസികളുമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നേരത്തെ കരാറുകളിൽ ഏർപ്പെട്ടിരിക്കുന്നതിനാൽ അവരുടെ കരാർ കാലാവധി കഴിയുന്നമുറയ്ക്ക് അവയെ എംപാനൽ സംവിധാനത്തിലേയ്ക്ക് കൊണ്ടുവരാനുള്ള ഇടപെടലുകൾ ശുചിത്വമിഷന്റെ ഭാഗത്തുനിന്നും സ്വീകരിക്കുന്നുണ്ടെന്നും തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി വ്യക്തമാക്കി.

58) സർവ്വീസ് ലെവൽ ബഞ്ച് മാർക്കിൽ എല്ലാ നഗരസഭകളും അറിയിച്ചിരിക്കുന്നത് അവർക്കുള്ള സംവിധാനം പ്രവർത്തനക്ഷമമല്ലെന്നാണെന്നും വേസ്റ്റ് പോകുന്നത് സാനിറ്ററി ലാൻഡ് ഫില്ലിലേയ്ക്കാണെന്നും അഭിപ്രായപ്പെട്ട പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ ഇതിനായി ഓരോ നഗരസഭയ്ക്കും വ്യക്തമായൊരു എഗ്രിമെന്റോ മറ്റെന്തെങ്കിലും ക്രമീകരണമോ ഉണ്ടോയെന്ന് ആരാഞ്ഞു. കേന്ദ്ര സർക്കാർ എടുത്തിരിക്കുന്ന നിലപാട് സാനിറ്ററി ലാൻഡ്ഫിൽ എത്രത്തോളം കുറയ്ക്കാമോ അത്രത്തോളം കുറയ്ക്കണമെന്നാണെന്നും യാതൊരു വിധത്തിലും പ്രോസസ് ചെയ്യാൻ സാധിക്കാത്ത വേസ്റ്റുകൾ മാത്രമെ ലാൻഡ് ഫില്ലിലേയ്ക്ക് കൊണ്ടുപോകാൻ പാടുള്ളൂവെന്നും വേസ്റ്റ് മാനേജ്മെന്റ് പ്രോജക്ടിൽ കെ.എസ്.ഡബ്ല്യൂ.എം.പി.-യിൽ തന്നെ തദ്ദേശഭരണ സ്ഥാപനങ്ങളിൽ നിന്നും വരുന്ന അഞ്ച് ശതമാനം റെഫ്യൂസ് വേസ്റ്റുകൾ കൈകാര്യം ചെയ്യുന്നതിനുവേണ്ടി അഞ്ച് ലാൻഡ്ഫിൽ സൈറ്റ് കൊണ്ടുവരാനുള്ള ശ്രമം മൂന്നുവർഷമായി നടക്കുകയാണെന്നും അതിനായി നാലഞ്ച് സൈറ്റുകൾ കണ്ടെത്തിയതിൽ രണ്ട് എണ്ണത്തിന് സർക്കാർ ഉത്തരവ് ലഭിക്കുകയും ചെയ്തിട്ടുണ്ടെന്നും എറണാകുളത്ത് കണ്ടെത്തിയ സൈറ്റിനുവേണ്ടിയുള്ള സാധ്യതാപഠനം നടത്തുന്നതിനുള്ള പ്രവർത്തനം മുന്നോട്ടുകൊണ്ടുപോകാനുള്ള ശ്രമമാണ് നടക്കുന്നതെന്നും രണ്ടാമത് കണ്ടെത്തിയിരിക്കുന്ന സൈറ്റ് കാസർഗോഡാണെന്നും അതിനായി സർക്കാർ ഉത്തരവ് ലഭിച്ചെങ്കിലും പ്രാദേശികമായ വിഷയങ്ങൾ കാരണം മുന്നോട്ടുപോകാൻ കഴിയാത്ത സ്ഥിതിയാണെന്നും

ഇതുപോലെ പാലക്കാട്ടും കൊല്ലത്തും സൈറ്റുകൾ കണ്ടെത്തിയെങ്കിലും ഇവ ഏറ്റെടുക്കുന്നതിന് പല കടമ്പകളും കടക്കേണ്ടതായിട്ടുണ്ടെന്നും നിലവിൽ ഇവയെല്ലാം പെന്റിംഗിലാണെന്നും ഈയൊരു ക്രമീകരണം, ലാൻഡ്ഫിൽ സൈറ്റിലേയ്ക്കോ സിമന്റ് പ്ലാന്റിലേയ്ക്കോ ഫോർവേഡ് ലിങ്കേജ് റെഫ്യൂസ് വേസ്റ്റിന് ഉണ്ടെങ്കിൽ അത് അംഗീകരിക്കണമെന്ന വിവരം കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടെന്നും കേന്ദ്ര സർക്കാർ അത് പരിഗണിക്കാമെന്ന നിലപാടാണ് സ്വീകരിച്ചിട്ടുള്ളതെന്നും തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി വിശദീകരിച്ചു.

59) ഓഡിറ്റ് വകുപ്പിന് വസ്തുതകൾ പരിശോധിക്കാനേ കഴിയൂവെന്നും അങ്ങനെ പരിശോധിച്ചപ്പോൾ എല്ലാ നഗരസഭകളും റിപ്പോർട്ട് ചെയ്തിരിക്കുന്നത് സാനിറ്ററി ലാൻഡ് ഫില്ലിലേയ്ക്കാണ് വേസ്റ്റുകൾ കൊണ്ടുപോകുന്നതെന്നാണെന്നും പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ ചൂണ്ടിക്കാട്ടിയതിന് സ്റ്റേറ്റിന്റെ പുറത്തുള്ള ലാൻഡ് ഫില്ലിലേയ്ക്കാണ് വേസ്റ്റുകൾ കൊണ്ടുപോകുന്നതെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി വ്യക്തമാക്കി.

60) കോഴിക്കോട് കോർപ്പറേഷനിലെ മാലിന്യങ്ങൾ 'നിറവ്' എന്ന ഒരു ഏജൻസി വഴി കർണ്ണാടകയിലുള്ള ഒരു പ്ലാന്റിലേയ്ക്ക് കൊണ്ടുപോകുന്നുണ്ടെന്നും പ്രസ്തുത വേസ്റ്റ് നിയമവിരുദ്ധമായി ഡംപ് ചെയ്യുകയാണെന്ന് കാണിച്ച് അവിടുത്തെ പൊല്യൂഷൻ കൺട്രോൾ ബോർഡ് കത്ത് അയയ്ക്കുകയുണ്ടായിയെന്നും എന്നിട്ടും അതേ കമ്പനിയുമായി കോർപ്പറേഷൻ എഗ്രിമെന്റ് വച്ചിരിക്കുകയാണെന്നും സീനിയർ ഡെപ്യൂട്ടി അക്കൗണ്ടന്റ് ജനറൽ അഭിപ്രായപ്പെട്ടതിന് വേസ്റ്റ് മൂവ്മെന്റിൽ ഏർപ്പെട്ടിരിക്കുന്ന ഏജൻസികളുടെ ഫോർവേർഡ് ലിങ്കേജസ് ഉറപ്പാക്കുന്നതിനുള്ള സർട്ടിഫിക്കേഷനും മാലിന്യം കൊണ്ടുപോകുന്ന വാഹനങ്ങൾ കവചിതമാണെന്നും ബോധ്യപ്പെട്ടതിനുശേഷം ഏജൻസികളെ എംപാനൽ ചെയ്യുന്ന സംവിധാനമാണ് ക്രമീകരിച്ചിട്ടുള്ളതെന്നും വ്യവസ്ഥകൾ പാലിക്കാത്ത ഏജൻസികളെ എംപാനൽ ചെയ്തിട്ടില്ലെന്നും കരാർ പുതുക്കുന്നതിനുമുമ്പ് വ്യവസ്ഥകൾ നിഷ്കർഷിക്കുകയും ഏജൻസി അവ പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനുമുള്ള നടപടികളാണ് സ്വീകരിക്കുന്നതെന്നും കരാർ പുതുക്കുമ്പോൾ ഏജൻസികൾ ഈ വ്യവസ്ഥകൾ

പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ട ഉത്തരവാദിത്വം ബന്ധപ്പെട്ട സെക്രട്ടറിക്കാണെന്നും ഏജൻസികൾ നിയമവിരുദ്ധമായ രീതിയിൽ മാലിന്യങ്ങൾ കൊണ്ടുപോകുന്നുണ്ടെന്നും അവരുടെ ഫോർവേർഡ് ലിങ്കേജ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഉറപ്പാക്കുന്നില്ലെന്നും മനസ്സിലാക്കിയതുകൊണ്ടാണ് ഇങ്ങനെയൊരു സിസ്റ്റം കൊണ്ടുവന്നതെന്നും തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി വിശദീകരിച്ചു.

## നിഗമനങ്ങൾ /ശിപാർശകൾ

**61) ഖരമാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട ചുമതലകൾ നിർവ്വഹിക്കാനായി എല്ലാ നഗരസഭകളിലും എസ്.ഡബ്ല്യൂ.എം. സെൽ രൂപീകരിച്ചിട്ടുണ്ടെന്നും ക്യൂ.ആർ. കോഡ് സ്ഥാപിച്ച് ഹരിതമിത്രം ആപ്പ് ഭൂരിഭാഗം നഗരസഭകളിലും പ്രവർത്തിപ്പിക്കുന്നതായും മനസ്സിലാക്കിയ സമിതി ഓഡിറ്റ് പരാമർശത്തിന്മേലുള്ള സർക്കാർ വിശദീകരണം അംഗീകരിച്ച് ഓഡിറ്റ് പരാമർശങ്ങൾ ഒഴിവാക്കാൻ ശിപാർശ ചെയ്യുന്നു.**

**ഓഡിറ്റ് ഖണ്ഡിക**

**മാലിന്യ നിർമ്മാർജ്ജനത്തിൽ അനൗപചാരിക മാലിന്യ ശേഖകരുടെ പങ്ക്**

മാലിന്യം ലഘൂകരിക്കുന്നതിൽ, അനൗപചാരിക വിഭാഗത്തിലെ ആക്രി പെറുക്കുന്നവർ, മാലിന്യം ശേഖരിക്കുന്നവർ, പുനരുപയോഗ വ്യവസായം എന്നിവ വഹിക്കുന്ന പ്രാഥമിക പങ്ക് എസ്.ഡബ്ല്യൂ.എം. മാനുവൽ 2016-ഉം എസ്.ഡബ്ല്യൂ.എം ചട്ടങ്ങൾ 2016-ഉം അംഗീകരിച്ചു. ആക്രി പെറുക്കുന്നവരുടേയോ അനൗപചാരിക മാലിന്യശേഖകരുടെയോ സംഘടനകളെ തിരിച്ചറിയുന്നതിനായി എൽ.എസ്.ജി.ഐ. കൾ ഒരു സംവിധാനം ഒരുക്കേണ്ടതാണെന്നും മൊത്തമുള്ള സംവിധാന ചെലവുകൾ കുറയ്ക്കുന്നതിന് ഈ അസംഘടിത തൊഴിലാളികളെ ഏകീകരിച്ച് ഔപചാരിക എസ്.ഡബ്യൂ.എം. സംവിധാനത്തിലേക്ക് കൊണ്ടുവരേണ്ടതാണെന്നും, പ്രാദേശിക പുനഃചംക്രമണ വ്യവസായത്തിന് പിന്തുണ നൽകേണ്ടതാണെന്നും പുതിയ തൊഴിലവസരങ്ങൾ

സൃഷ്ടിക്കേണ്ടതാണെന്നും സംസ്ഥാന നയം (2018) വ്യവസ്ഥ ചെയ്യുന്നു. എന്നാൽ 2020-ൽ പുറപ്പെടുവിച്ച നയരേഖയിൽ മാലിന്യ നിർമ്മാർജ്ജന സംവിധാനവുമായി അനൗപചാരിക മേഖലയെ സംയോജിപ്പിക്കുന്നതിന്റെ ആവശ്യം പരിഗണിക്കുകയോ നാളിതുവരെ ഇതുമായി ബന്ധപ്പെട്ട എന്തെങ്കിലും മാർഗ്ഗരേഖകൾ പുറപ്പെടുവിക്കുകയോ ചെയ്തിട്ടില്ലെന്ന് ഓഡിറ്റ് നിരീക്ഷിച്ചു.

മാലിന്യ ശേഖരണത്തിലെ അനൗപചാരിക സംവിധാനത്തിന്റെ പ്രവർത്തനത്തെപ്പറ്റി ഓഡിറ്റ് താഴെപ്പറയുന്ന നിരീക്ഷണങ്ങൾ നടത്തി.

- ആക്രി ഇടപാടുകാർ കൈകാര്യം ചെയ്യുന്ന മാലിന്യത്തിന്റെ അളവും തരവും നിരീക്ഷിക്കാനോ അവയുടെ ശരിയായ സംഭരണവും നിർമ്മാർജ്ജനവും ഉറപ്പാക്കാനോ ഉള്ള ഒരു സംവിധാനവും ഇല്ലായിരുന്നു. തെരഞ്ഞെടുത്ത 15 യു.എൽ.ബി.കളിലെ 42 ആക്രികടകളിൽ സംയുക്ത ഭൗതിക പരിശോധന നടത്തിയപ്പോൾ ഓഡിറ്റ് ശ്രദ്ധിച്ചത് എട്ട്[25] യു.എൽ.ബികളിൽ 31 അനധികൃത ആക്രി ഇടപാടുകാർ പ്രവർത്തിക്കുന്നുവെന്നും അവർ ശേഖരിക്കുന്ന മാലിന്യത്തിന്റെ സ്വഭാവം, ചരക്ക് നീക്കത്തിന്റെ രീതി, നിർമ്മാർജ്ജന കേന്ദ്രങ്ങൾ എന്നിവയെപ്പറ്റിയുള്ള വിശദാംശങ്ങൾ ഒന്നും യു.എൽ.ബി.കൾക്ക് നൽകാൻ കഴിഞ്ഞില്ല എന്നുമാണ്. ഈ ആക്രി ഇടപാടുകാർ ശേഖരിക്കുന്ന മാലിന്യത്തിൽ പരിസ്ഥിതി സൗഹൃദമല്ലാത്ത അപകടകരമായ വസ്തുക്കളും, ആപൽക്കരമായ ഘടകങ്ങളും ഉൾപ്പെടുന്നതിനാൽ അവയുടെ സംഭരണത്തിന്റെയും നിർമ്മാർജ്ജനത്തിന്റെയും കാര്യത്തിലുള്ള അലംഭാവം ആരോഗ്യ വിപത്തുകൾക്ക് കാരണമാകാം. കൂടാതെ ആക്രി ഇടപാടുകാർ ശേഖരിക്കുന്ന ആക്രി സാധനങ്ങൾ സംസ്ഥാനത്തിന്റെ പുറത്തേയ്ക്ക് കയറ്റിക്കൊണ്ടു പോകുന്ന സംഭവങ്ങൾ യു.എൽ.ബി.കൾ നിരീക്ഷിക്കുന്നില്ലായെന്നും ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു.

---

25 വടകര, കൊയിലാണ്ടി, മലപ്പുറം, നെയ്യാറ്റിൻകര, ഫെറോക്ക് മുനിസിപ്പാലിറ്റികൾ, കോഴിക്കോട്, കൊച്ചി, തിരുവനന്തപുരം കോർപ്പറേഷനുകൾ

- ഇ-മാലിന്യ (നിർമ്മാർജ്ജന) ചട്ടം, 2016-നായുള്ള നടപ്പാക്കൽ മാർഗ്ഗരേഖകൾ പ്രസ്താവിക്കുന്നത് "എൻഡ്-ഓഫ്-ലൈഫ്" ഉൽപ്പന്നത്തിന്റെ കയറ്റൽ, ഗതാഗതം, ഇറക്കൽ, സംഭരണം എന്നിവ നടത്തേണ്ടത് ആരോഗ്യം, പരിസ്ഥിതി, ഉൽപ്പന്നം[26] എന്നിവയ്ക്ക് നാശം വരാതെ ആയിരിക്കണം എന്നാണ്. എന്നാൽ യു.എൽ.ബി. ഉദ്യോഗസ്ഥരുമൊത്ത് തിരുവനന്തപുരം, കോഴിക്കോട് കോർപ്പറേഷനുകളിലെയും, കൊയിലാണ്ടി, കായംകുളം, മാവേലിക്കര, അങ്കമാലി, ആലുവ, വടകര മുനിസിപ്പാലിറ്റികളിലെയും അക്രിക്കടകളിൽ നേരിട്ട് നടത്തിയ പരിശോധനയിൽ വെളിപ്പെട്ടത് കംപ്യൂട്ടർ മോണിറ്ററുകൾ, ടെലിവിഷൻ സെറ്റുകൾ, റെഫ്രിജറേറ്ററുകൾ, ഇലക്ട്രിസിറ്റി കേബിൾ/വയറുകൾ തുടങ്ങിയ, ശ്രദ്ധാപൂർവ്വം കൈകാര്യം ചെയ്യേണ്ട ഇ-മാലിന്യം പാരിസ്ഥിതിക/ആരോഗ്യ മുൻകരുതലുകൾ ഒന്നും എടുക്കാതെ ആക്രി സാധനങ്ങൾക്കൊപ്പം തുറസ്സായ സ്ഥലത്ത് നിക്ഷേപിച്ചിരുന്നു എന്നാണ്. തിരുവനന്തപുരം കോർപ്പറേഷനിലെ കിള്ളിപ്പാലത്ത്, അനധികൃത ആക്രി ഇടപാടുകാരൻ പ്ലാസ്റ്റിക്/അപകടകരമായ മാലിന്യ വസ്തുക്കൾ സൂക്ഷിച്ചിരുന്ന സ്ഥലത്ത് 2022 ജനുവരിയിൽ തീപിടുത്തം ഉണ്ടായി എന്നത് നിർദ്ദിഷ്ട മുൻകരുതലുകൾ എടുക്കാതെ ഇ-മാലിന്യം/അപകടകരമായ മാലിന്യങ്ങൾ സൂക്ഷിച്ചതിന്റെ ഒരു പ്രതികൂലഫലം ആയിരുന്നു.

- ആക്രി ഇടപാടുകാർക്ക് അപകടകരവും അസഹ്യവുമായ (ഡി. ആന്റ്. ഒ.) വ്യാപാരങ്ങൾക്കുള്ള ലൈസൻസ് കൊടുത്തപ്പോൾ ഏതു വിധത്തിലുള്ള മാലിന്യം ശേഖരിക്കാനാണ് അവർക്ക് അനുമതിയുള്ളതെന്നോ അംഗീകൃത റീസൈക്ലർ/പൊളിക്കുന്നവർ/നവീകരിക്കുന്നവരുമായി ഒരു ഔപചാരിക കരാർ ഉണ്ടോ എന്നും തെരഞ്ഞെടുത്ത യു.എൽ.ബി.കൾ ഉറപ്പാക്കിയില്ല. ഇ-മാലിന്യം ശേഖരിക്കുന്നതിൽ നിന്ന് ആക്രി ഇടപാടുകാരെ യു.എൽ.ബി.യോ മലിനീകരണ നിയന്ത്രണ ബോർഡോ വിലക്കാത്തത് പി.സി.ബി.യുടെ അനുമതി ഇല്ലാതെയും

---

26 സംഭരണ കേന്ദ്രങ്ങൾ തങ്ങൾ ശേഖരിക്കുന്ന ഇ-മാലിന്യം അംഗീകൃത പൊളിച്ച മാറ്റൽ അല്ലെങ്കിൽ പുനഃചംക്രമണം നടത്തുന്നവർക്ക് അയക്കുന്നത് വരെ സുരക്ഷിതമായ രീതിയിൽ സൂക്ഷിക്കേണ്ടതാണ്. കാഥോഡ് റേ റ്റ്യൂബുകൾ, എൽ.സി.ഡി./എൽ.ഇ.ഡി/പ്ലാസ്മ ടെലിവിഷനുകൾ, എയർ കണ്ടീഷനറുകൾ, ഫ്ലൂറസന്റ് ലാമ്പുകൾ, മെർക്കുറി ചേർന്ന മറ്റ് ലാമ്പുൾ ഇവ തകരുന്നത് ഒഴിവാക്കാൻ പ്രത്യേക ശ്രദ്ധയോടെ വേണം നിർമ്മാർജ്ജനം ചെയ്യേണ്ടത്. കൂടാതെ ഇ-മാലിന്യം സംഭരിക്കുമ്പോഴും കൊണ്ടുപോകുമ്പോഴും പരിസ്ഥിതിയ്ക്ക് ഒരു നാശവും വരുത്തരുതാത്തതാണ്.

ഇ-മാലിന്യ നിർമ്മാർജ്ജന ചട്ടങ്ങൾ 2016-ന വിരുദ്ധമായും ആക്രി ഇടപാടുകാർ ഇ-മാലിന്യം ശേഖരിക്കുന്നതിനും സംഭരിക്കുന്നതിനും ഇടയാക്കി. നിയമവിരുദ്ധമായ ആക്രി കച്ചവടവും പരിവഹനവും തടയാനോ മാലിന്യത്തിന്റെ ശാസ്ത്രീയ നിർമ്മാർജ്ജനം ഉറപ്പാക്കാൻ ആക്രി ഇടപാടുകാരെ എസ്.ഡബ്ല്യൂ.എം. സംവിധാനത്തിൽ കീഴിൽ സംഘടിപ്പിക്കാനോ ശുചിത്വ മിഷൻ/യു.എൽ.ബി.കൾ/പിസിബി ഒരു നടപടിയും എടുത്തില്ല.

- അന്തിമ കൂടിക്കാഴ്ചയിൽ (2022 മെയ്) സർക്കാർ പ്രസ്താവിച്ചത് ഓഡിറ്റ് കണ്ടെത്തൽ ശ്രദ്ധിച്ചുവെന്നും കരട് ഓഡിറ്റ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അനൗപചാരിക മേഖലയിലെ രജിസ്ട്രേഷൻ നടപടി ആരംഭിക്കാനും നിയന്ത്രണോദ്ദേശ ഇടപെടൽ നടപ്പിലാക്കാനും തീരുമാനിച്ചു എന്നുമാണ്.

(കംപ്ട്രോളർ ആൻഡ് ഓഡിറ്റർ ജനറൽ ഓഫ് ഇൻഡ്യയുടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ സംബന്ധിച്ച 2021 മാർച്ചിൽ അവസാനിച്ച നഗര തദ്ദേശസ്ഥാപനങ്ങളിലെ മാലിന്യ പരിപാലനം എന്ന വിഷയത്തിൽ നടത്തിയ പ്രവർത്തനക്ഷമത ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 2.1.4)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാരിൽ നിന്നും ലഭിച്ച മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

62) മാലിന്യ ശേഖരണ സംസ്കരണത്തിലെ അനൗപചാരക സംവിധാനത്തിന്റെ പ്രവർത്തനങ്ങളെപ്പറ്റി വിശദമായ പഠനം നഗരസഭകൾ നടത്തിയിട്ടുണ്ടോയെന്നും അനൗപചാരക മേഖല കൈകാര്യം ചെയ്യുന്ന മാലിന്യത്തിന്റെ അളവും തരവും നിരീക്ഷിക്കാനും അവയുടെ ശരിയായ സംഭരണവും നിർമ്മാർജ്ജനവും ഉറപ്പുവരുത്തുന്നതിനും എന്തൊക്കെ നിർദ്ദേശങ്ങളാണ് മാർഗ്ഗരേഖയിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്നും നിയമസഭാ സെക്രട്ടേറിയറ്റ് ഡെപ്യൂട്ടി സെക്രട്ടറി ആരാഞ്ഞതിന് നിലവിൽ അനൗപചാരികമായി നിൽക്കുന്ന മാലിന്യ ശേഖരണം ഇൻഫോർമൽ ആയതുകൊണ്ടുതന്നെ സിസ്റ്റത്തിനകത്തില്ലെന്നും അതിനായി സ്ക്രാപ് ഡീലേഴ്സ് അസോസിയേഷനുകളുമുണ്ടെന്നും അങ്ങനെയുള്ളവരുമായി ചർച്ച

നടത്തിയിട്ടുണ്ടെന്നും അവരെ സിസ്റ്റത്തിനകത്തേക്ക് കൊണ്ടുവരികയെന്നത് സർക്കാരിന്റെകൂടി ലക്ഷ്യമാണെന്നും അതിന്റെ ഭാഗമായി ബന്ധപ്പെട്ട ഏജൻസികളുമായി ചർച്ച ചെയ്ത് ഡ്രാഫ്റ്റ് സ്ക്രാപ് പോളിസി തയ്യാറാക്കിയിട്ടുണ്ടെന്നും അത് അവസാന ഘട്ടത്തിലാണെന്നും പ്രസ്തുത പോളിസി പ്രാബല്യത്തിൽ വന്നാൽ ഇവരെ ലീഗലൈസ് ചെയ്യാനും സിസ്റ്റത്തിനകത്തേക്ക് കൊണ്ടുവരാനുള്ള സംവിധാനവുമായി ബന്ധിപ്പിക്കാനും സാധിക്കുമെന്നും തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി മറുപടി നൽകി.

## നിഗമനങ്ങൾ/ശിപാർശകൾ

**63) മാലിന്യ ശേഖരണ സംസ്കരണത്തിലെ അനൗപചാരിക സംവിധാനങ്ങളുടെ പങ്ക് കൂട്ടുന്നതിന് സ്ക്രാപ് ഡീലേഴ്സ് അസോസിയേഷനുകൾ ഉൾപ്പെടെയുള്ളവരുമായി ചർച്ചകൾ നടത്തിയിട്ടുണ്ടെന്നും സ്ക്രാപ് പോളിസി തയ്യാറാക്കിയിട്ടുള്ളതായും അത് അവസാന ഘട്ടത്തിലാണെന്നുമുള്ള സർക്കാർ മറുപടി അംഗീകരിച്ച സമിതി പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ ശിപാർശ ചെയ്യുന്നു.**

**ഓഡിറ്റ് ഖണ്ഡിക**

**വിവര വിദ്യാഭ്യാസ വിനിമയ പ്രവർത്തനങ്ങൾ**

എസ്.ഡബ്ല്യൂ.എം. ചട്ടങ്ങൾ, 2016-ന്റെയും, എം.എസ്.ഡബ്ല്യൂ.എം. 2016 മാനവലിന്റെയും വ്യവസ്ഥകൾ അനുസരിച്ച്, ഉറവിടത്തിൽ തന്നെയുള്ള തരംതിരിക്കലും, സംഭരണവും, പ്രാഥമിക ശേഖരണത്തിലും പുനരുപയോഗം, പുന:ചംക്രമണം, വീണ്ടെടുക്കൽ എന്നിവയ്ക്കായി മാലിന്യം കൈമാറുന്നതിനും ഉള്ള പൗരന്റെ പങ്ക്, ശേഖരണ/നിർമ്മാർജ്ജന സേവനങ്ങൾക്കായി യൂസർ ഫീ കൊടുക്കേണ്ടതിന്റെ ആവശ്യകത, പൊതുജനാരോഗ്യത്തിന്മേലും പരിസ്ഥിതിയുടെമേലും ഖര-മാലിന്യത്തിന്റെ ആഘാതം ലഘൂകരിക്കുക എന്നിവയുടെ ആശയവും ആവശ്യകതയും പൊതു ജനത്തെ മനസ്സിലാക്കിക്കാനുള്ള വിവര വിജ്ഞാന വിനിമയ (ഐഇസി) നടപടികൾ സർക്കാരോ/ യു.എൽ.ബികളോ

ഏറ്റെടുക്കേണ്ടതാണ്. സുപ്രധാന പെരുമാറ്റ വ്യതിയാന മേഖലകളിൽ പൗരന്മാരെ ബോധവൽക്കരിക്കുന്നതിലേക്ക് സംസ്ഥാന ജില്ലാ എൽ.എസ്.ജി.ഐ. തലത്തിൽ ഐ.ഇ.സി. പദ്ധതി തയ്യാറാക്കുന്നതിന് സംസ്ഥാനനയം വിഭാവനം ചെയ്യു. എന്നാൽ സംസ്ഥാന/ജില്ലാ/യു.എൽ.ബി. തല ഐ.ഇ.സി. തന്ത്രമോ പദ്ധതിയോ ഇതുവരെ തയ്യാറാക്കിയിട്ടില്ല.

എസ്.ബി.എം.യുടെ കീഴിൽ ഐ.ഇ.സി. പ്രവർത്തനങ്ങൾ നിർവ്വഹിക്കുന്നതിനായി 2015-16 മുതൽ 2019-20 വരെയുള്ള കാലയളവിൽ തെരഞ്ഞെടുത്ത 22 യു.എൽ.ബി.കൾക്ക് ശുചിത്വമിഷൻ ₹ 1.57 കോടി കൈമാറി. എന്നാൽ തെരഞ്ഞെടുത്ത യു.എൽ.ബി.കൾ, 2021 മാർച്ച് വരെ, ഐ.ഇ.സി. കാര്യങ്ങൾക്ക് കുറഞ്ഞ പ്രാധാന്യമാണ് കൊടുക്കുന്നതെന്ന് സൂചിപ്പിക്കും വിധം ₹64.49 ലക്ഷം മാത്രമാണ് (41 ശതമാനം) ചെലവഴിച്ചത്.

പരിശോധന നടത്തിയ യു.എൽ.ബി.കളിലെ ഐ.ഇ.സി. പ്രവർത്തനങ്ങളിൽ താഴെപ്പറയുന്ന ന്യൂനതകൾ ഓഡിറ്റ് നിരീക്ഷിച്ചു.

- തെരഞ്ഞെടുത്ത 22 യു.എൽ.ബി.കളിൽ 13 എണ്ണം, ജൈവ മാലിന്യങ്ങളുടെ ഉറവിടത്തിലെ തരം തിരിക്കലിന്റെയും സംസ്കരണത്തിന്റെയും പ്രാധാന്യത്തെപറ്റി ഒരു ഐ.ഇ.സി. പ്രവർത്തനവും സംഘടിപ്പിച്ചില്ല.
- വിഷമാലിന്യവും ബയോ-മെഡിക്കൽ മാലിന്യവും ഉൾപ്പെട്ട അപകടകരമായ ഗാർഹിക മാലിന്യങ്ങളുടെ പട്ടിക, തെരഞ്ഞെടുത്ത യു.എൽ.ബി.കൾ വിജ്ഞാപനം ചെയ്യുകയോ പ്രസിദ്ധപ്പെടുത്തുകയോ ചെയ്തില്ല.
- പരിശോധന നടത്തിയ യു.എൽ.ബി.കൾ ഇ-മാലിന്യം തരം തിരിക്കൽ, അല്ലെങ്കിൽ വിപുലീകൃത ഉൽപാദക ഉത്തരവാദിത്ത(ഇ.പി.ആർ)ത്തിന്റെ കാര്യത്തിൽ പ്രത്യേകമായ ഐ.ഇ.സി. പ്രവൃത്തി ആസൂത്രണം ചെയ്യുകയോ നടത്തുകയോ ചെയ്തില്ല. ഇത് ഇ-മാലിന്യം സംസ്കരണ കേന്ദ്രങ്ങൾ/ആക്രി ഇടപാടുകാരുടെ കയ്യിൽ എത്തിച്ചേരുന്നതിനും തുടർന്ന് അവയുടെ അനധികൃതമായ വിഘടനത്തിനും ഇടയാക്കി.

- പൊതു സ്ഥലങ്ങളിലും ജലാശയങ്ങളിലും മാലിന്യം തള്ളുകയും/കൂട്ടിയിടുകയും ചെയ്യുന്നതിനുള്ള പിഴ[27] ചുമത്തുന്നതിനെ സംബന്ധിച്ചുള്ള വ്യവസ്ഥകളെപ്പറ്റിയുള്ള അവബോധം, തെരഞ്ഞെടുത്ത 17 യു.എൽ.ബി.കൾ സൃഷ്ടിച്ചില്ല.

- ഖരമാലിന്യങ്ങൾ കത്തിക്കുന്നതിലെയും കുഴിച്ചിടുന്നതിലെയും അപകടങ്ങളെപ്പറ്റി പൊതുജനങ്ങളെ ബോധവത്കരിക്കുന്ന ഐ.ഇ.സി. പ്രവൃത്തികളൊന്നും തെരഞ്ഞെടുത്ത 22 യു.എൽ.ബി.കളിൽ 15 എണ്ണവും ഏറ്റെടുത്തതായി കണ്ടില്ല.

**മികച്ച സമ്പ്രദായങ്ങൾ**

**കത്തിക്കരുത്, വലിച്ചെറിയരുത് - ഇവയെപ്പറ്റിയുള്ള അവബോധം ചുവർ ചിത്രങ്ങളിലൂടെയും, ബസുകളുടെ പുറത്ത് പ്രദർശിപ്പിച്ച പരസ്യങ്ങളിലൂടെയും ഏലൂർ, പരപ്പനങ്ങാടി മുനിസിപ്പാലിറ്റികൾ പ്രചരിപ്പിച്ചു.**

വാർഡ് തല ശുചീകരണ സമിതികൾ, ജനകീയാസൂത്രണം, സെമിനാറുകൾ, വീഡിയോ പ്രോഗ്രാമുകൾ, സൈൻ ബോർഡുകൾ, ബസ് ഷെൽറ്ററുകളിലെ പരസ്യങ്ങൾ മുതലായവ മുഖേനയുള്ള നേരിട്ടുള്ള ഇടപെടലുകൾ നടത്തി എല്ലാ യു.എൽ.ബി.കളും ഐ.ഇ.സി. പ്രവർത്തനങ്ങൾ ചെയ്തതായി സർക്കാർ മറുപടി നൽകി (2022 മെയ്).

എന്നാൽ, ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങളുടെയോ അനുവദിക്കപ്പെട്ട ഫണ്ടുകളുടെയോ ടാർജറ്റുകളൊന്നും ഐ.ഇ.സി.ക്ക് വേണ്ടി സംസ്ഥാനം നിശ്ചയിച്ചില്ലെന്ന് ഓഡിറ്റ് നിരീക്ഷിച്ചു. പൊതുസമൂഹവും ബന്ധപ്പെട്ട മറ്റുള്ളവരും മാലിന്യം കൈകാര്യം ചെയ്യുന്ന കാര്യത്തിൽ സ്ഥായിയായ ഒരു സ്വഭാവമാറ്റം കൊണ്ടു വരുന്നതിനായി, അവരുമായി നിരന്തര ആശയവിനിമയം ആവശ്യമാകയാൽ, ഐ.ഇ.സി. യജ്ഞം ഒരു ഒറ്റത്തവണ നടപടിയായി ചുരുക്കേണ്ടതില്ല. നിരോധിക്കപ്പെട്ട പ്ലാസ്റ്റിക് ക്യാരി ബാഗുകളുടെ വ്യാപകമായ ഉപയോഗം

27 കെ.എം. ആക്ട്, 1994 ന്റെ സെക്ഷൻ 334-ഉം, 2016 നവംബർ 4-ന് പുറപ്പെടുവിച്ച പോലീസ് വകുപ്പിന്റെ എക്സിക്യൂട്ടീവ് ഡയറക്ടീവ് നം. 9/2016 ഉം

യു.എൽ.ബി. ജീവനക്കാർപോലും മാലിന്യം കത്തിക്കുന്നത്, പൊതു സ്ഥലങ്ങളിൽ മാലിന്യം വലിച്ചെറിയുന്നതും, കൂട്ടിയിടുന്നതും, മാലിന്യം തരം തിരിക്കുന്നതിലെ പോരായ്മ എന്നിവ അടിവരയിടുന്നത് ഐ.ഇ.സി. നടപടികൾ ശക്തിപ്പെടുത്തേണ്ടതിന്റെ ആവശ്യകതയാണ്.

(കംപ്ട്രോളർ ആൻഡ് ഓഡിറ്റർ ജനറൽ ഓഫ് ഇൻഡ്യയുടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ സംബന്ധിച്ച 2021 മാർച്ചിൽ അവസാനിച്ച നഗര തദ്ദേശസ്ഥാപനങ്ങളിലെ മാലിന്യ പരിപാലനം എന്ന വിഷയത്തിൽ നടത്തിയ പ്രവർത്തനക്ഷമത ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 2.1.5)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാരിൽ നിന്നും ലഭിച്ച മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

64) പ്രസ്തുത വിഷയത്തെക്കുറിച്ച് എന്താണ് പറയാനുള്ളതെന്ന് സമിതി ആരാഞ്ഞതിന് എസ്.ബി.എം.(യു) 2.0 പദ്ധതിയുടെ ഭാഗമായി 93 നഗരസഭകൾക്കും 106.38 കോടി രൂപയുടെ ഐ.ഇ.സി. ആക്ഷൻ പ്ലാനുകൾ തയ്യാറാക്കി പ്രവർത്തനങ്ങൾ നടപ്പാക്കിവരികയാണെന്നും സംസ്ഥാന സർക്കാരിന്റെ മാലിന്യമുക്തം നവകേരളം കർമ്മപദ്ധതിയുടെ ഭാഗമായുള്ള എല്ലാ ഐ.ഇ.സി. പ്രവർത്തനങ്ങളും അതോടൊപ്പം കേന്ദ്ര സർക്കാർ നിഷ്കർഷിക്കുന്ന ഐ.ഇ.സി. പ്രവർത്തനങ്ങളും നടത്തിവരുന്നുണ്ടെന്നും കഴിഞ്ഞ സാമ്പത്തിക വർഷമാണ് ഐ.ഇ.സി. ഫണ്ടിൽ നിന്നും അലോട്ട്മെന്റ് ലഭിച്ചതെന്നും 4 കോടിയോളം രൂപയാണ് കഴിഞ്ഞ സാമ്പത്തിക വർഷം ചെലവഴിച്ചതെന്നും ശുചിത്വമിഷൻ ഡയറക്ടർ മറുപടി നൽകി.

## നിഗമനങ്ങൾ/ശിപാർശകൾ

**65) 93 നഗരസഭകളിലും ഐ.ഇ.സി. ആക്ഷൻ പ്ലാനുകൾ തയ്യാറാക്കി പ്രവർത്തനങ്ങൾ നടന്നുവരികയാണെന്നുള്ള സർക്കാർ വിശദീകരണം അംഗീകരിച്ച് പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

## ഓഡിറ്റ് ഖണ്ഡിക

### സാമ്പത്തിക നിർവ്വഹണം

### മാലിന്യ നിർമ്മാർജ്ജനത്തിനുള്ള ഫണ്ടിന്റെ ഉറവിടം

എൽ.എസ്.ജി.ഐ.കളുടെ വിഭവാടിസ്ഥാനത്തിൽ തനത് വരുമാനം, കേന്ദ്ര ധനകാര്യ കമ്മീഷൻ (സി.എഫ്.സി) ഗ്രാന്റുകൾ, കേന്ദ്രസർക്കാർ ഗ്രാന്റുകൾ, സംസ്ഥാന ധനകാര്യ കമ്മീഷന്റെ ശിപാർശയുടെ അടിസ്ഥാനത്തിൽ സംസ്ഥാന സർക്കാരിൽ നിന്നും പരമ്പരാഗത ചുമതലകൾക്കും (പൊതു ഉദ്ദേശ്യ ഫണ്ട്), ആസ്തികളുടെ പരിപാലനത്തിനും (പരിപാലന ഫണ്ട്), വികസനകാര്യങ്ങൾക്കും (വികസന ഫണ്ട്) ലഭിച്ച ഫണ്ടുകൾ എന്നിവ ഉൾപ്പെടുന്നു. യു.എൽ.ബി.കളിലെ മാലിന്യ നിർമ്മാർജ്ജനത്തിനായുള്ള ധനസമാഹരണത്തിന്റെ വിവിധ ഉറവിടങ്ങൾ ചുവടെ വിവരിക്കുന്നു.

**യു.എൽ.ബി.കളിലെ മാലിന്യ നിർമ്മാർജ്ജനത്തിനുള്ള ഫണ്ടിന്റെ ഉറവിടങ്ങൾ**

**ഫണ്ടിന്റെ ഉറവിടങ്ങൾ**

| കേന്ദ്രം | | സംസ്ഥാനം | | തനത് ഫണ്ട് | |
|---|---|---|---|---|---|
| കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റുകൾ | സ്വച്ഛ് ഭാരത് മിഷൻ (അർബൻ) ഫണ്ടുകൾ | വികസന ഫണ്ട് | ശുചിത്വ കേരള (അർബൻ) ഫണ്ട് | നികുതി നികുതിയേതര റവന്യൂ | പുനരുപയോഗ വസ്തുക്കൾ, കമ്പോസ്റ്റ് മുതലായവയുടെ വിൽപ്പന |

മാലിന്യ നിർമ്മാർജ്ജനത്തിനുള്ള ഭൂമിയുടെ ചെലവ്, പ്ലാന്റ് ആന്റ് മെഷിനറി, എം.എസ്.ഡബ്ല്യൂ.എമ്മിനുള്ള ദൈനംദിന ചെലവുകൾ, പ്രവർത്തനപരിപാലന ചെലവ്, നവീകരണ ചെലവ്, കണ്ടിൻജന്റ് ചെലവ് എന്നിവയ്ക്ക് യു.എൽ.ബി.കൾ സർക്കാർ ഗ്രാന്റുകളെയാണ് ആശ്രയിച്ചത് എന്ന് പരിശോധന നടത്തിയ 22 യു.എൽ.ബികളിലെ ധനകാര്യ പത്രികകളുടെ പരിശോധനയിൽ വെളിപ്പെട്ടു. മാലിന്യ

നിർമ്മാർജ്ജനത്തിന് ചെലവ് കണ്ടെത്തുന്നതിനായുള്ള സർക്കാർ ഗ്രാന്റുകളിന്മേലുള്ള ആശ്രയത്വം 94 മുതൽ 100 ശതമാനം വരെ ആയിരുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

<u>പരിശോധിച്ച യു.എൽ.ബി.കളിൽ മാലിന്യ സംസ്കരണത്തിനായുള്ള വിവിധ ഫണ്ടുകളുടെ വിഹിതവും ചെലവും</u>

(₹ ലക്ഷത്തിൽ)

| വർഷം | സംസ്ഥാന ഫണ്ട്* | | | | കേന്ദ്ര ഫണ്ട് | | | | ആകെ ചെലവ് (ബി) | തനത് ഫണ്ട് | | ആകെ വരവ് | ആകെ ചെലവ് (സി) | സർക്കാർ ഗ്രാന്റുകളെ ആശ്രയിക്കുന്നതിന്റെ ശതമാനം (എ+ബി/സി) |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | വരവ് | | | | വരവ് | | | | | | | | | |
| | വികസന ഫണ്ട് (പൊതു) | ശുചിത്വ കേരളം | മറ്റുള്ളവ | ആകെ | ആകെ ചെലവ് (എ) | സി.എഫ്.സി. ഗ്രാന്റ് | എസ്.ബി.എം. (അർബൻ) ഫണ്ട് | ആകെ | | എസ്.ഡബ്ല്യു.എം.ന് അനുവദിച്ചത് | എസ്.ഡബ്ല്യു.എം.ന് ചെലവായത് | | | |
| 2016-17 | 1630.26 | 69.80 | 10 | 1710.06 | 205.04 | 2956.79 | 0 | 2956.79 | 241.32 | 64.84 | 0.98 | 4731.69 | 447.34 | 99.78 |
| 2017-18 | 1560.30 | 3.17 | 0 | 1563.47 | 502 | 4936.62 | 0 | 4936.62 | 1841.59 | 23.41 | 0 | 6523.50 | 2343.59 | 100 |
| 2018-19 | 1351.07 | 0.80 | 0 | 1351.87 | 326.08 | 3734.93 | 1108.36 | 4843.30 | 1381.18 | 335.31 | 1.38 | 6530.47 | 1708.64 | 99.92 |
| 2019-20 | 568.87 | 0 | 70 | 638.87 | 146.65 | 5791.28 | 186.24 | 5977.52 | 1262.42 | 1884.08 | 86.88 | 8500.47 | 1495.95 | 94.19 |
| 2020-21 | 1353.67 | 137 | 150 | 1640.67 | 1105.06 | 7048.09 | 1601.98 | 8650.07 | 3553.79 | 1622.98 | 95.93 | 11913.72 | 4754.78 | 97.98 |
| ആകെ | 6464.17 | 210.77 | 230 | 6904.94 | 2284.83 | 24467.71 | 2896.58 | 27364.29 | 8280.30 | 3930.62 | 185.17 | 38199.85 | 10750.30 | |

*(ഉറവിടം പരിശോധന നടത്തിയ യു.എൽ.ബി.കൾ നൽകിയ ഡാറ്റ)*

* പരിപാലന ഫണ്ടും (റോഡ് ഇതരം) മറ്റ് യു.എൽ.ബി.കളിൽ നിന്നുള്ള വരുമാനവും

**തെരഞ്ഞെടുത്ത യു.എൽ.ബി.കളിലെ മാലിന്യ നിർമ്മാർജ്ജനത്തിനുള്ള ചെലവ്**

ഖരമാലിന്യ നിർമ്മാർജ്ജനവുമായി (എസ്.ഡബ്ല്യൂ.എം) ബന്ധപ്പെട്ട നിർബന്ധിത ചുമതലകൾ നിർവ്വഹിക്കുന്നതിന് യു.എൽ.ബി.കൾ കേന്ദ്ര-സംസ്ഥാന സഹായത്തെ ആണ് മുഴുവനായും ആശ്രയിക്കുന്നതെന്ന് വ്യക്തമാണ്. കേന്ദ്ര-സംസ്ഥാന സഹായത്തിൽ നിന്നുമുള്ള ചെലവിന്റെ കാര്യക്ഷമതയായ 30.79 ശതമാനം എന്നത് വളരെ കുറവാണ്. 2016-21-ൽ അനുവദിച്ച ₹244.68 കോടി സി.എഫ്.സി ഗ്രാന്റിൽ, ₹76.01 കോടി (31.07 ശതമാനം) മാത്രമേ ചെലവഴിക്കാനായുള്ളൂ. മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾക്കായി അനുവദിക്കുന്ന കേന്ദ്ര സംസ്ഥാന ഫണ്ടുകളുടെയും തനത് ഫണ്ടുകളുടെയും വിനിയോഗം വർദ്ധിപ്പിക്കേണ്ടത് യുഎൽബികളുടെ അടിയന്തിര ആവശ്യമാണ്.

**എസ്.ഡബ്ല്യൂ.എമ്മിനായുള്ള ഫണ്ടുകളുടെ വകയിരുത്തലും വിനിയോഗവും**

**വികസന ഫണ്ട്**

മാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾക്കായി വികസന ഫണ്ടിന്റെ (ജനറൽ) 10 ശതമാനം നിർബന്ധമായി വകയിരുത്തണമെന്ന് സംസ്ഥാന സർക്കാർ ഉത്തരവ് ഇറക്കി (2016 ജൂൺ). പിന്നീട്, മാലിന്യ നിർമ്മാർജ്ജനത്തിനായുള്ള നിർബന്ധിത വ്യവസ്ഥ സർക്കാർ മാറ്റുകയും (2017 ഏപ്രിൽ) മാലിന്യ നിർമ്മാർജ്ജനത്തിന് മുൻഗണന നൽകികൊണ്ട് ഹരിത കേരള മിഷൻ പ്രോജക്ടുകൾക്ക് വികസന ഫണ്ടിന്റെ (ജനറൽ) 15 ശതമാനം മാറ്റിവയ്ക്കാൻ തദ്ദേശ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകുകയും ചെയ്തു. 2018 ഫെബ്രുവരിയിൽ, ലൈഫ്[28] മിഷൻ പ്രോജക്ടുകൾക്ക് വികസന ഫണ്ടിന്റെ (ജനറൽ) 20 ശതമാനം നിർബന്ധമായി മാറ്റി വയ്ക്കാനും ബാക്കി ഫണ്ടിന്റെ 15 ശതമാനമെങ്കിലും മാലിന്യ നിർമ്മാർജ്ജനത്തിനും ജല സംരക്ഷണത്തിനുമുള്ള ഹരിത കേരളം മിഷൻ പ്രോജക്ടുകൾക്ക് വകയിരുത്താൻ യു.എൽ.ബി.കളോട് വീണ്ടും നിർദ്ദേശിച്ചു.

---

28 കേരള സർക്കാരിന്റെ സമ്പൂർണ്ണ പാർപ്പിട സുരക്ഷാ പദ്ധതി

മേൽപ്പറഞ്ഞ സർക്കാർ നിബന്ധനകൾക്ക് എതിരായി, തെരഞ്ഞെടുത്ത യു.എൽ.ബി.കൾ മാലിന്യ നിർമ്മാർജ്ജനത്തിനായി യഥാർത്ഥത്തിൽ വരുത്തിയ ചെലവ് (2016-21) വളരെ കുറവായിരുന്നു. വിശദവിവരം ചുവടെ കാണിച്ചിരിക്കുന്നു.

**തെരഞ്ഞെടുത്ത യു.എൽ.ബി.കൾ 2016-21 കാലയളവിൽ മാലിന്യ നിർമ്മാർജ്ജനത്തിനായി വികസന ഫണ്ടിൽ (ജനറൽ) നിന്ന് വരുത്തിയ ചെലവ്**

| വർഷം | ലഭ്യമായ മൊത്തം വികസന ഫണ്ട് (ജനറൽ) (₹ലക്ഷത്തിൽ) | മാലിന്യ നിർമ്മാർജ്ജനത്തിന് ചെലവഴിക്കേണ്ട ശതമാനം | വകയിരുത്തേണ്ട തുക (₹ലക്ഷത്തിൽ) | വകയിരുത്തിയ തുക (₹ലക്ഷത്തിൽ) | യഥാർത്ഥ ചെലവ് (₹ലക്ഷത്തിൽ) | വകയിരുത്തിയ തുകയിലെ യഥാർത്ഥ ചെലവിന്റെ ശതമാനം |
|---|---|---|---|---|---|---|
| 2016-17 | 31365.17 | 10 | 3136.52 | 1630.26 | 198.04 | 0.63 |
| 2017-18 | 35858.52 | 15 | 5378.78 | 1560.30 | 498.82 | 1.39 |
| 2018-19 | 41437.45 | 12 | 4972.49 | 1351.07 | 325.28 | 0.78 |
| 2019-20 | 30780.39 | 12 | 3693.65 | 568.87 | 146.65 | 0.48 |
| 2020-21 | 54412.87 | 12 | 6529.54 | 1353.67 | 904.79 | 1.66 |

(ഉറവിടം: തെരഞ്ഞെടുത്ത യു.എൽ.ബി.കളിലെ ഡേറ്റ)

ഫണ്ടിന്റെ 10-15 ശതമാനം വരെ വേണ്ട നിർബന്ധിത വിനിയോഗത്തിന്റെ സ്ഥാനത്ത്, തെരഞ്ഞെടുത്ത യു.എൽ.ബി.കൾ 0.48-1.66 ശതമാനം മാത്രമേ മാലിന്യ നിർമ്മാർജ്ജനത്തിനുവേണ്ടി വിനിയോഗിച്ചുള്ളൂ. വികസന ഫണ്ടിൽ (ജനറൽ) നിന്ന് തുക വകയിരുത്താത്ത യു.എൽ.ബി.കളുടെ എണ്ണം പ്രതിവർഷം ഒന്ന് മുതൽ ആറ് വരെ ആയിരുന്നു. യു.എൽ.ബി.കളിലേക്ക് കൈമാറ്റം ചെയ്യപ്പെട്ട ഒരു പ്രധാന ചുമതലയ്ക്കായി ഫണ്ട് തുച്ഛമായി ചെലവഴിച്ചത് സൂചിപ്പിക്കുന്നത് മാലിന്യ നിർമ്മാർജ്ജനത്തിന് വേണ്ടി പുതിയ പ്രോജക്ടുകൾ ഏറ്റെടുത്ത് നടപ്പിലാക്കുന്നതിനുള്ള യു.എൽ.ബി.കളുടെ വിമുഖതയെയാണ്.

## എസ്.ബി.എം. (അർബൻ) ഫണ്ടിന്റെ വിനിയോഗം

2018-2021 വരെയുള്ള കാലയളവിൽ, തെരഞ്ഞെടുത്ത 22 യു.എൽ.ബി.കൾക്ക്, എസ്.ബി.എം.-യുവിൽ പ്രോജക്ടുകൾ നടപ്പിലാക്കുന്നതിന് ആദ്യ ഗഡുവായി ₹28.97 കോടി ലഭിച്ചു. തെരഞ്ഞെടുത്ത യു.എൽ.ബി.കളിലെ വിനിയോഗത്തിന്റെ വിശദാംശങ്ങൾ ചുവടെ വിവരിച്ചിരിക്കുന്നു.

### 2018-21 കാലയളവിലെ എസ്.ബി.എം. ഫണ്ടിന്റെ വരവും വിനിയോഗവും

(₹ ലക്ഷത്തിൽ)

| വർഷം | കിട്ടിയ തുക | | | അനുബന്ധ യു.എൽ.ബി. വിഹിതം (41.7%) | ആകെ വരവ് | മൊത്തം ചെലവ് | | | | |
|---|---|---|---|---|---|---|---|---|---|---|
| | കേന്ദ്ര വിഹിതം (35%) | സംസ്ഥാന വിഹിതം (23.3%) | ആകെ കേന്ദ്ര സംസ്ഥാന വിഹിതം (58.3%) | | | കേന്ദ്ര വിഹിതം | സംസ്ഥാന വിഹിതം | ആകെ കേന്ദ്ര സംസ്ഥാന വിഹിതം | യു.എൽ.ബി. വിഹിതം | മൊത്തം ചെലവ് |
| 2018-19 | 665.4 | 442.97 | 1108.37 | 792.78 | 1901.15 | 2.55 | 1.69 | 4.24 | 3.01 | 7.25 |
| 2019-20 | 111.81 | 74.43 | 186.24 | 133.21 | 319.45 | 64.15 | 94.4 | 158.55 | 41.49 | 200.04 |
| 2020-21 | 961.74 | 640.24 | 1601.98 | 1145.84 | 2747.82 | 317.31 | 199.49 | 516.8 | 708.59 | 1225.39 |
| ആകെ | 1738.95 | 1157.64 | 2896.59 | 2071.83 | 4968.42 | 384.01 | 295.58 | 679.59 | 753.09 | 1432.68 |

(ഉറവിടം: തെരഞ്ഞെടുത്ത യു.എൽ.ബി.കളിലെ ഡേറ്റ)

ദൗത്യകാലയളവിനുള്ളിൽ[29] ഡി.പി.ആർ.കൾ തയ്യാറാക്കണമെന്നും ഡി.പി.ആർ. ഘടകങ്ങളുടെ നടപ്പാക്കലിനായി ഫണ്ട് നേടുകയും ചെയ്യണമെന്നും എസ്.ബി.എം.-യു മാർഗ്ഗരേഖകൾ വ്യവസ്ഥ ചെയ്തിരുന്നുവെങ്കിലും, 2021 മാർച്ച് 31 വരെ സംസ്ഥാന കേന്ദ്ര വിഹിതങ്ങളുടെ 23.46 ശതമാനം[30] മാത്രമേ യു.എൽ.ബി.കൾക്ക് ചെലവഴിക്കാൻ കഴിഞ്ഞുള്ളൂ. ഡി.പി.ആർ.-കൾ സമയബന്ധിതമായി തയ്യാറാക്കുന്നതിലും അംഗീകാരം നൽകുന്നതിലും ഉണ്ടായ വീഴ്ചകൾ കാരണം ₹45.82 കോടിയുടെ കേന്ദ്രസഹായം നഷ്ടപ്പെടാൻ ഇടയാക്കിയത് ഈ റിപ്പോർട്ടിൽ പരാമർശിച്ചിട്ടുണ്ട്. അംഗീകരിച്ച പദ്ധതികളിൽ ഭൂരിപക്ഷവും മൂലധന സ്വഭാവമുള്ളവ ആയിരുന്നതിനാൽ കുറഞ്ഞ ചെലവും പ്രോജക്ടുകൾ

29 2019 ഒക്ടോബർ 2-ന് അവസാനിക്കുന്ന

30 679.59/2896.59

നടപ്പിലാക്കുന്നതിലെ കാലതാമസവും എസ്.ഡബ്ല്യു.എം.-ന്റെ ദീർഘകാല സുസ്ഥിര പരിഹാര കാര്യങ്ങളെ പ്രതികൂലമായി ബാധിക്കും.

**എസ്.ഡബ്ല്യു.എം. പദ്ധതികൾക്കായി തനത് ഫണ്ടിന്റെ തുച്ഛമായ വിനിയോഗം**

കേരളാ മുനിസിപ്പാലിറ്റി ആക്ട്, 1994-ന്റെയും അനുബന്ധ ചട്ടങ്ങളുടെയും വ്യവസ്ഥകൾ പ്രകാരം യു.എൽ.ബി.കൾ പിരിക്കുന്ന നികുതി നികുതിയേതര വരുമാനമാണ് തനത് ഫണ്ടിൽ ഉൾപ്പെടുന്നത്. ഓഡിറ്റ് കാലയളവിൽ തനതു ഫണ്ടിൽ നിന്നും എസ്.ഡബ്ല്യു.എം.-ന് അനുവദിച്ച ₹39.31 കോടിയിൽ ₹1.85 കോടി മാത്രമാണ് ഉപയോഗിച്ചത്; ഇത് വെറും 4.71 ശതമാനം മാത്രമാണ്. ഓഡിറ്റ് കാലയളവിൽ, തെരഞ്ഞെടുത്ത മുനിസിപ്പാലിറ്റികൾക്ക്[31] തനത് ഫണ്ട് നീക്കിയിരിപ്പ് ₹ഒരു കോടിയ്ക്ക് മുകളിലും തെരഞ്ഞെടുത്ത കോർപ്പറേഷനുകൾക്ക് ₹13.75 കോടി മുതൽ ₹259.26 കോടി വരെയും ഉണ്ടായിരുന്നു. എന്നാൽ, ഓഡിറ്റ് കാലയളവിൽ 14 യു.എൽ.ബി.കൾ എസ്.ഡബ്ല്യു.എം. പദ്ധതികൾ നടപ്പാക്കുന്നതിനായി തനതു ഫണ്ടിൽ നിന്ന് ഒരു തുകയും ചെലവാക്കിയില്ല. ശേഷിക്കുന്ന എട്ട് യു.എൽ.ബി.കളിലെ[32] വിനിയോഗത്തിന്റെ ശതമാനം 5.34 വരെ മാത്രം ആയിരുന്നു. മതിയായ തനത് ഫണ്ടുകൾ ഉണ്ടായിരുന്നിട്ടും, ഫലപ്രദമായ മാലിന്യ നിർമ്മാർജനത്തിന് ഫണ്ടിന്റെ വർദ്ധിത വിഹിതം അനുവദിക്കുന്നതിലും വിനിയോഗിക്കുന്നതിലും ഈ യു.എൽ.ബി.കൾ വിമുഖരായിരുന്നു.

**സേവന ഉപനികുതിയുടെ കുറഞ്ഞ വിനിയോഗം**

കെ.എം. ആക്ടിന്റെ സെക്ഷൻ 235 അനുസരിച്ച് ഇളവ് അനുവദിക്കപ്പെട്ട കെട്ടിടങ്ങൾക്കൊഴികെയുള്ളവയ്ക്ക് പൊതുശുചിത്വം, ചപ്പുചവറുകൾ, മൃഗങ്ങളുടെ ജഡം മുതലായ ഖരമാലിന്യങ്ങളുടെ സുരക്ഷിതമായ നീക്കം ചെയ്യൽ എന്നീ സേവനങ്ങൾ ലഭ്യമാക്കുന്നതിനായി കെട്ടിട നികുതിയിന്മേൽ നാല് ശതമാനം സേവന ഉപനികുതി ഈടാക്കാൻ മുനിസിപ്പൽ കൗൺസിലിനെ, കേരള മുനിസിപ്പാലിറ്റി (കെട്ടിട

---

31 ആലുവ ഒഴികെ

32 തിരുവനന്തപുരം കോർപ്പറേഷൻ, നെടുമങ്ങാട്, ഏലൂർ, മരട്, പരപ്പനങ്ങാടി, പെരിന്തൽമണ്ണ, നിലമ്പൂർ, ഫറോക്ക് മുനിസിപ്പാലിറ്റികൾ

നികുതിയും, സേവന ഉപനികുതിയും, സർചാർജ്ജും)ചട്ടങ്ങൾ, 2011-ന്റെ ചട്ടം 27 അനുവദിക്കുന്നു. തെരഞ്ഞെടുത്ത യു.എൽ.ബി.കളിൽ 14 യു.എൽ.ബി.കൾ എസ്.ഡബ്ല്യൂ.എം.-നായി സേവന ഉപനികുതി പിരിച്ചു. പിരിച്ചെടുത്ത സേവന ഉപനികുതി നിക്ഷേപിക്കുന്നതിന് യു.എൽ.ബി.കൾ പ്രത്യേക അക്കൗണ്ട് സൂക്ഷിക്കാതെ മറ്റ് വരവുകൾക്കൊപ്പം തനത് ഫണ്ടിൽ നിക്ഷേപിച്ചു ഓഡിറ്റ് കാലയളവിൽ, എസ്.ഡബ്ല്യൂ.എം. പദ്ധതികൾക്കായി തനത് ഫണ്ടിൽ നിന്നുള്ള വിനിയോഗത്തിന്റെ വ്യാപ്തി, സേവന ഉപനികുതിയായി ശേഖരിച്ച തുകയേക്കാൾ വളരെ കുറവായിരുന്നു എന്ന് ഓഡിറ്റ് നിരീക്ഷിച്ചു. തെരഞ്ഞെടുത്ത 14 യു.എൽ.ബി.കളിൽ എസ്.ഡബ്ല്യൂ.എം. പദ്ധതികൾക്ക് വേണ്ടി തനത് ഫണ്ടിൽ നിന്നുള്ള ഉപയോഗവും, സമാഹരിച്ച സേവന ഉപനികുതിയുടെ വ്യാപ്തിയും ചുവടെ ചേർത്തിരിക്കുന്നു.

**തെരഞ്ഞെടുത്ത 14 യു.എൽ.ബി.കൾ സമാഹരിച്ച സേവന ഉപനികുതിയും തനതു ഫണ്ടുകളുടെ ശേഖരണവും വിനിയോഗവും**

| വർഷം | ശുചിത്വത്തിനും മാലിന്യ നിർമ്മാർജനത്തിനുമായി ശേഖരിച്ച സേവന ഉപനികുതി (വസ്തു നികുതിയുടെ 4 ശതമാനം) (₹ലക്ഷത്തിൽ) | എസ്. ഡബ്ല്യൂ.എം.-നായി വിനിയോഗിച്ച തനത് ഫണ്ട് (₹ലക്ഷത്തിൽ) | സമാഹരിച്ച സേവന ഉപനികുതിയ്ക്കെതിരെ എസ്.ഡബ്ല്യൂ.എം.-നായി വിനിയോഗിച്ച തനത് ഫണ്ടിന്റെ ശതമാനം |
|---|---|---|---|
| 2016-17 | 78.80 | 0.98 | 1.24 |
| 2017-18 | 103.74 | 0.01 | 0.01 |
| 2018-19 | 421.99 | 1.38 | 0.33 |
| 2019-20 | 396.82 | 86.88 | 21.89 |
| 2020-21 | 444.73 | 95.93 | 21.57 |
| **ആകെ** | **1446.08** | **185.18** | **12.81** |

(ഉറവിടം: തെരഞ്ഞെടുത്ത 14 യു.എൽ.ബി.കളിലെ ഡേറ്റ)

ഓഡിറ്റ് കാലയളവിൽ പൊതു ശുചിത്വത്തിനും നിർമ്മാർജ്ജനത്തിനുമായി 14 യു.എൽ.ബി.കൾ ₹14.46 കോടി രൂപയുടെ സേവന ഉപനികുതി സമാഹരിച്ചുവെങ്കിലും എസ്.ഡബ്ല്യൂ.എം. പദ്ധതികൾക്കായി ₹1.85 കോടി രൂപ (12.81 ശതമാനം) മാത്രമാണ് ആകെ ചെലവഴിച്ചത്. ബാക്കിയുള്ള എട്ട് യു.എൽ.ബി.കൾ[33] സേവന ഉപനികുതി പിരിച്ചതുപോലുമില്ല. ഇത് സൂചിപ്പിക്കുന്നത്, മാലിന്യ നിർമ്മാർജ്ജനത്തിന് വേണ്ടി അധിക ഫണ്ടുകൾ സമാഹരിക്കുന്നതിന് യു.എൽ.ബി.കൾ കൊടുക്കുന്ന മുൻഗണനയുടെ അഭാവത്തെയാണ്.

**യൂസർ ഫീ**

എസ്.ഡബ്ല്യൂ.എം. മാനുവൽ യൂസർഫീയെ നിർവ്വചിക്കുന്നത് ഒരു ബൈലോ മുഖാന്തരം യു.എൽ.ബി., മാലിന്യ ഉൽപാദകരിൽ ചുമത്തുന്ന ഫീസ് എന്നാണ്. ഭവനങ്ങൾ/സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിന്ന്, അവർക്ക് കൊടുക്കുന്ന സേവനങ്ങൾക്കായി, യൂസർഫീ പിരിക്കാനുള്ള ചുമതല ഹരിത കർമ്മസേനയെയാണ് (എച്ച്.കെ.എസ്.)[34] ഏൽപ്പിച്ചിരുന്നത്. കുടുംബശ്രീയുടെ കമ്മ്യൂണിറ്റി ഡെവലപ്മെന്റ് സൊസൈറ്റിയുമായി ആലോചിച്ച്, എച്ച്.കെ.എസ്. പിരിക്കേണ്ട യൂസർഫീ നിശ്ചയിക്കേണ്ടിയിരുന്നത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ആയിരുന്നു. യൂസർഫീ എച്ച്.കെ.എസ്. കൺസോർഷ്യം അക്കൗണ്ടിൽ നിക്ഷേപിക്കേണ്ടിയിരുന്നതും, ജൈവ, അജൈവ മാലിന്യ ശേഖരണം, പരിസരം മോടിപിടിപ്പിക്കൽ മുതലായവ ഉൾപ്പെടുന്ന വിവിധ കാര്യപരിപാടികൾക്ക് മറ്റ് ഫണ്ടുകളോടൊപ്പം[35] ഉപയോഗിക്കേണ്ടതുമായിരുന്നു. തെരഞ്ഞെടുത്ത യു.എൽ.ബി.കളിലെ എച്ച്.കെ.എസ്. അവരുടെ പരിധിയിലുള്ള വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും സ്ഥിരമായി യൂസർഫീ പിരിച്ചില്ലെന്ന് നിരീക്ഷിക്കപ്പെട്ടു. ഈ യു.എൽ.ബി.കളിലെ യൂസർഫീ പിരിവിന്റെ ശതമാനം പൂജ്യം[36] മുതൽ 3.89[37] ശതമാനം മാത്രമായിരുന്നു.

---

33 കൊച്ചി, കോഴിക്കോട് കോർപ്പറേഷനുകൾ, അങ്കമാലി, മലപ്പുറം, കൊയിലാണ്ടി, കോതമംഗലം, മഞ്ചേരി, ഫറോക്ക് മുനിസിപ്പാലിറ്റികൾ

34 മാലിന്യ നിർമ്മാർജ്ജന പ്രശ്നപരിഹാരത്തിനുള്ള വികേന്ദ്രീകൃത പരിഹാരമായി കേരള സർക്കാർ രൂപീകരിച്ചത് (2017 ജൂലൈ)

35 അജൈവ മാലിന്യങ്ങൾ ഏജൻസിക്ക് കൊടുക്കുന്നതിൽ നിന്നും, മേളകൾ/ആഘോഷങ്ങൾ നടത്തുന്നതിൽ നിന്നും, ബയോ കമ്പോസ്റ്റ്, കിച്ചൻ ബിന്നുകൾ മുതലായവയുടെ വിൽപ്പനയിൽ നിന്നുമുള്ള വരുമാനം

36 മാവേലിക്കര മുനിസിപ്പാലിറ്റി

37 ഫറോക്ക് മുനിസിപ്പാലിറ്റി

സർക്കാർ നിർദ്ദേശപ്രകാരം യു.എൽ.ബി.കൾ യൂസർഫീ പിരിവ് ഉറപ്പാക്കിയിരുന്നെങ്കിൽ, ലഭിക്കാമായിരുന്ന വരുമാനം കണക്കാക്കാൻ ഓഡിറ്റ് ശ്രമിച്ചു.

<u>യൂസർ ഫീയിൽ നിന്നുള്ള വരുമാന സാദ്ധ്യത</u>

| യു. എൽ. ബി.കളുടെ പേര് | വീട്ടുകളുടെ എണ്ണം | പ്രതിമാസ യൂസർ ഫീ നിരക്ക് (₹ ൽ) | വീട്ടുകളിൽ നിന്നുള്ള പ്രതിമാസ വരുമാനം (₹ ൽ) | സ്ഥാപനങ്ങളുടെ എണ്ണം | സ്ഥാപനങ്ങളിൽ നിന്നുള്ള പ്രതിമാസ വരുമാന സാധ്യത (ഒരു സ്ഥാപനത്തിൽ നിന്ന് പ്രതിമാസം ₹ 100 എന്ന നിരക്കിൽ കണക്കാക്കുന്നത് | വീട്ടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും ലഭിക്കാൻ സാധ്യതയുള്ള മൊത്തം യൂസർ ഫീ (₹ ൽ) | മാലിന്യ സംസ്കരണത്തിനായി യു. എൽ. ബി.യുടെ ശരാശരി പ്രതിമാസ ചെലവ് (₹ ൽ) | സാധ്യതയുള്ള മൊത്തം യൂസർ ഫീയിൽ മാലിന്യ സംസ്കരണത്തിനുള്ള ചെലവിന്റെ ശതമാനം |
|---|---|---|---|---|---|---|---|---|
| **കോർപ്പറേഷനുകൾ** | | | | | | | | |
| തിരുവനന്തപുരം | 336452 | 100 | 33645200 | 22305 | 2230500 | 35875700 | 7150282 | 19.93 |
| കൊച്ചി | 265288 | 100 | 26528800 | 66884 | 6688400 | 33217200 | 1996340 | 6.01 |
| കോഴിക്കോട് | 157753 | 60 | 9465180 | 32145 | 3214500 | 12679680 | 2662771 | 21.00 |
| **മുനിസിപ്പാലിറ്റികൾ** | | | | | | | | |
| നെടുമങ്ങാട് | 22715 | 60 | 1362900 | 2878 | 287800 | 1650700 | 808627 | 48.99 |
| നെയ്യാറ്റിൻകര | 23045 | 40 | 921800 | 2775 | 277500 | 1199300 | 201273 | 16.78 |
| ആലപ്പുഴ | 49545 | 40 | 1981800 | 7456 | 745600 | 2727400 | 853974 | 31.31 |
| കായംകുളം | 16392 | 40 | 655680 | 2630 | 263000 | 918680 | 215690 | 23.48 |
| മാവേലിക്കര | 9676 | 60 | 580560 | 1460 | 146000 | 726560 | 104895 | 14.44 |
| മൂവാറ്റുപുഴ | 7414 | 50 | 370700 | 2003 | 200300 | 571000 | 135501 | 23.73 |
| ആലുവ | 5828 | 100 | 582800 | 2566 | 256600 | 839400 | 505807 | 60.26 |
| ഏലൂർ | 10995 | 50 | 549750 | 900 | 90000 | 639750 | 384983 | 60.18 |
| കോതമംഗലം | 10389 | 50 | 519450 | 2239 | 223900 | 743350 | 283301 | 38.11 |
| മരട് | 20328 | 60 | 1219680 | 1262 | 126200 | 1345880 | 146766 | 10.90 |
| അങ്കമാലി | 8968 | 50 | 448400 | 2183 | 218300 | 666700 | 147983 | 22.20 |
| മലപ്പുറം | 18977 | 30 | 569310 | 8026 | 802600 | 1371910 | 341101 | 24.86 |
| പരപ്പനങ്ങാടി | 15413 | 30 | 462390 | 6127 | 612700 | 1075090 | 78829 | 7.33 |
| പെരിന്തൽമണ്ണ | 17489 | 50 | 874450 | 10089 | 1008900 | 1883350 | 624385 | 33.15 |
| നിലമ്പൂർ | 14652 | 60 | 879120 | 1650 | 165000 | 1044120 | 76520 | 7.33 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| മഞ്ചേരി | 27668 | 50 | 1383400 | 4806 | 480600 | 1864000 | 231899 | 12.44 |
| ഫെറോക്ക് | 13284 | 30 | 398520 | 1750 | 175000 | 573520 | 135914 | 23.70 |
| വടകര | 20774 | 50 | 1038700 | 5200 | 520000 | 1558700 | 433917 | 27.84 |
| കൊയിലാണ്ടി | 20264 | 50 | 1013200 | 2885 | 288500 | 1301700 | 396386 | 30.45 |

*(ഉറവിടം: പരിശോധന നടത്തിയ യു.എൽ.ബി.കൾ നൽകിയ വിവരങ്ങൾ)*

നിർദ്ദിഷ്ട നിരക്കിലുള്ള യൂസർഫീ കൃത്യമായി പിരിച്ചെടുക്കുന്നതിൽ മാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനുള്ള ഫണ്ടുകളുടെ വിനിയോഗിക്കപ്പെടാത്ത ഒരു പ്രധാന ഉറവിടമുണ്ട്.

മാലിന്യം ശേഖരിക്കുന്നവരുടെ നിലനിൽപ്പ് ഉറപ്പാക്കാനായി വയബിലിറ്റി ഗ്യാപ് ഫണ്ടിംഗ് ലഭ്യമാക്കിക്കൊണ്ട് ഈ മേഖലയിൽ ഇടപെട്ടുകൊണ്ടിരിക്കുകയാണെന്ന് അന്തിമ കൂടിക്കാഴ്ചയിൽ (2022 മെയ്) സർക്കാർ പ്രസ്താവിച്ചു. എച്ച്.കെ.എസ്. പ്രതിമാസം ശേഖരിക്കുന്ന വരുമാനം കണക്കാക്കാനായി സർക്കാർ ഒരു വിശകലനം നടത്തിയപ്പോൾ, വരുമാനം സംബന്ധിച്ച് സമ്മിശ്രഫലങ്ങൾ നിരീക്ഷിച്ചു. മാലിന്യം ശേഖരിക്കുമ്പോഴും യൂസർഫീ അടയ്ക്കാൻ ആളുകൾ വിസമ്മതിച്ച നിരവധി സംഭവങ്ങളുണ്ടെന്നും സർക്കാർ അറിയിച്ചു. ലഭ്യമായ സേവനങ്ങൾക്കുള്ള യൂസർഫീ അടയ്ക്കുന്നതിന് അനുകൂലമായ മനോഭാവം വളർത്തിയെടുക്കാൻ പൊതുജനങ്ങളെ പ്രബുദ്ധരാക്കേണ്ടതിന്റെ ആവശ്യകതയെയാണ് സർക്കാരിന്റെ മറുപടി അടിവരയിടുന്നത്.

(കംപ്ട്രോളർ ആൻഡ് ഓഡിറ്റർ ജനറൽ ഓഫ് ഇൻഡ്യയുടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ സംബന്ധിച്ച 2021 മാർച്ചിൽ അവസാനിച്ച നഗര തദ്ദേശസ്ഥാപനങ്ങളിലെ മാലിന്യ പരിപാലനം എന്ന വിഷയത്തിൽ നടത്തിയ പ്രവർത്തനക്ഷമത ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡികകൾ 2.2, 2.2.1, 2.2.2, 2.2.3, 2.2.3.1, 2.2.3.2, 2.2.3.3, 2.2.3.4, 2.2.3.5)

ഓഡിറ്റ് ഖണ്ഡികകൾക്ക് സർക്കാരിൽ നിന്നും ലഭിച്ച മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

66) ഹരിത കേരള മിഷൻ പ്രോജക്ടുകൾക്ക് വികസന ഫണ്ടിന്റെ 15 ശതമാനം മാറ്റിവയ്ക്കണമെന്ന നിർദ്ദേശമുണ്ടായിരുന്നിട്ടും വളരെ കുറച്ച് തുക ചെലവഴിച്ചതിന് കാരണമെന്താണെന്ന് സമിതി ആരാഞ്ഞതിന് ഹരിത കേരളം മിഷൻ പ്രോജക്ടുകളിൽ മാലിന്യ നിർമ്മാർജ്ജനം മാത്രമല്ല ഉള്ളതെന്നും മാലിന്യ നിർമ്മാർജ്ജനത്തിന് മാത്രമായി വികസന ഫണ്ടിന്റെ എത്ര ശതമാനമാണ് മാറ്റിവച്ചിരിക്കുന്നതെന്നത് സംബന്ധിച്ച കൃത്യമായ വിവരം ലഭ്യമല്ലെന്നും നിലവിൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് വികസന ഫണ്ടിന്റെ ഭാഗമായതിനാൽ നഗരസഭകളുടെ ദ്രവ-ഖര മാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾക്കുവേണ്ടി അതിന്റെ 50 ശതമാനത്തോളം ഫണ്ട് നീക്കി വയ്ക്കണമെന്നുള്ളത് നിർബന്ധമാണെന്നും തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി വ്യക്തമാക്കി.

67) വികസന ഫണ്ടിൽ നിന്നും നീക്കിവച്ച മുഴുവൻ തുകയും മാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾക്കുവേണ്ടി ചെലവഴിക്കുന്നുണ്ടെന്ന് വകുപ്പിൽ നിന്നും മറുപടി നൽകുമ്പോഴും അതുസംബന്ധിച്ച കൃത്യമായ കണക്ക് ലഭ്യമാക്കിയിട്ടില്ലെന്ന് പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ ചൂണ്ടിക്കാട്ടിയതിന് മാലിന്യ നിർമ്മാർജ്ജനത്തിനും ജല സംരക്ഷണത്തിനുമായി തനത് ഫണ്ട്, വികസന ഫണ്ട്, കേന്ദ്രാവിഷ്കൃത പദ്ധതികളിൽ നിന്നും ലഭിക്കുന്ന ഫണ്ട് എന്നിങ്ങനെ ഒരുപാട് ഹെഡ്ഡുകളിൽ നിന്നും തുക ചെലവഴിക്കുന്നുണ്ടെന്നും ആയതിനാൽ വികസന ഫണ്ടിൽ നിന്നും ചെലവഴിക്കുന്ന തുകയുടെ കൃത്യമായ കണക്ക് പരിശോധിച്ച് വിശദമായ റിപ്പോർട്ട് സമർപ്പിക്കാമെന്നും തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി മറുപടി നൽകി.

68) സേവന ഉപനികുതി മുഖേന പിരിച്ചെടുക്കുന്ന തുക പ്രത്യേക അക്കൗണ്ടിൽ സൂക്ഷിക്കണമെന്ന നിർദ്ദേശം 2023-ൽ തന്നെ എല്ലാ നഗരസഭകൾക്കും നൽകിയിരുന്നുവെന്നും അതിന്റെ അടിസ്ഥാനത്തിൽ സേവന ഉപനികുതി അക്കൗണ്ടിൽ നിക്ഷേപിക്കുകയും പ്രസ്തുത തുക മാലിന്യ സംസ്കരണ പ്രവർത്തികൾക്കായി എസ്.ഡബ്ല്യൂ.എം. സെൽ രൂപീകരിച്ച് കാര്യക്ഷമമായി

നടത്തിവരികയാണെന്നും അതിന്റെ വിശദാംശം സമർപ്പിക്കാമെന്നും തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറേറ്റ് ജോയിന്റ് ഡയറക്ടർ വ്യക്തമാക്കി.

69) നിലവിൽ ഹരിതമിത്രം ആപ്പിൽ 80 ശതമാനത്തിലേറെ നഗരസഭകളെ ഉൾപ്പെടുത്തിയിട്ടുണ്ടെന്നും അതിനാൽ യൂസർഫീയുമായി ബന്ധപ്പെട്ട കാര്യങ്ങൾ എല്ലാ ദിവസവും പരിശോധിക്കുന്നുണ്ടെന്നും ഇതു സംബന്ധിച്ച വിശദമായ റിപ്പോർട്ട് സമർപ്പിക്കാമെന്നും തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി മറുപടി നൽകി.

## നിഗമനങ്ങൾ /ശിപാർശകൾ

**70) മാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾക്ക് വേണ്ടി വികസന ഫണ്ടിൽ നിന്നും ചെലവിടുന്ന തുകയുടെ വിശദാംശവും സേവന ഉപനികുതി മുഖേന പിരിച്ചെടുത്ത് മാലിന്യ സംസ്കരണ പ്രവർത്തികൾക്കായി എസ്.ഡബ്ല്യൂ.എം. സെൽ മുഖേന ചെലവഴിക്കുന്നതിന്റെ വിശദവിവരവും ഹരിതമിത്രം ആപ്പ് മുഖേന യൂസർ ഫീ ഈടാക്കുന്നത് സംബന്ധിച്ച വിശദാംശവും അടങ്ങുന്ന റിപ്പോർട്ട് ലഭ്യമാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.**

### ഓഡിറ്റ് ഖണ്ഡിക

**മാലിന്യങ്ങളുടെ വേർതിരിക്കൽ, ശേഖരണം, പരിവഹനം**

മാലിന്യ ഉൽപാദകർ ജൈവ, അജൈവ, സാനിറ്ററി, ഗാർഹിക അപകടകരം എന്നിങ്ങനെ മാലിന്യങ്ങളെ വേർതിരിക്കുന്നുണ്ടോ എന്നുറപ്പുവരുത്തുവാനായി ഫലപ്രദമായ ഒരു സംവിധാനവും യു.എൽ.ബി.കൾക്ക് ഉണ്ടായിരുന്നില്ല. സൃഷ്ടിക്കപ്പെടുന്ന മാലിന്യം വേർതിരിക്കുന്നതിന്റെ ആദ്യപടിയെന്ന നിലയ്ക്ക് കളർ കോഡഡ് ബിന്നുകൾ വീടുകളിൽ നല്കുകയോ, സന്ദർശിച്ച സർക്കാർ കാര്യാലയങ്ങളിലും, ആശുപത്രികളിലും സ്ഥാപിക്കുകയോ ചെയ്തിട്ടില്ലെന്ന് ഞങ്ങൾ നിരീക്ഷിച്ചു. നിലവിലുള്ള വ്യവസ്ഥകൾ പാലിക്കാത്തത് വേർതിരിക്കാത്ത മാലിന്യങ്ങൾ സംസ്കരണ കേന്ദ്രങ്ങളിലും അപടകകരമായ മാലിന്യങ്ങൾക്കു വേണ്ടിയുള്ള ലാൻഡ് ഫില്ലുകളിലും എത്തിച്ചേരുന്നതിൽ കലാശിച്ചു. വീടുകൾ

ഭക്ഷണശാലകൾ, കോഴി/മാംസ സ്റ്റാളുകൾ എന്നിവയിൽ നിന്നുള്ള മാലിന്യശേഖരണത്തിന്റെ വ്യാപ്തി തെരഞ്ഞെടുത്ത യു.എൽ.ബി.കളിൽ 16.13 ശതമാനത്തിനും 54.72 ശതമാനത്തിനും ഇടയിലായിരുന്നു. ഭക്ഷണ മാലിന്യവും കോഴി മാലിന്യവും അംഗീകൃതമല്ലാത്ത ഏജൻസികൾ ശേഖരിക്കുകയും പന്നികൾക്കുള്ള തീറ്റയായി നൽകുകയും ചെയ്തു. ജൈവമാലിന്യത്തിന്റെ ശേഖരണം ഫലപ്രദമല്ലാത്തതിനാൽ ഉൽപ്പാദിപ്പിക്കപ്പെട്ട മാലിന്യം ജലാശയങ്ങളിലും പൊതു സ്ഥലങ്ങളിലും റോഡരികിലും മറ്റും പുറന്തള്ളപ്പെട്ടു. മാലിന്യ ഉൽപാദകരാൽ മാലിന്യം വേർതിരിക്കുന്നത് യു.എൽ.ബി.കൾക്ക് ഉറപ്പുവരുത്താൻ സാധിക്കാത്തതു മൂലം ജൈവമാലിന്യം അജൈവ മാലിന്യത്തോടൊപ്പം കൂടിക്കലർന്ന് സംസ്കരണ കേന്ദ്രങ്ങളിൽ എത്തുകയുണ്ടായി.

മാലിന്യം വേർതിരിക്കുന്നതിനും ശേഖരിക്കുന്നതിനുമുള്ള സംവിധാനം വിഭാവനം ചെയ്തതുപോലെ പ്രവർത്തിക്കാതിരിക്കുന്നതിനാൽ അതിനെ ശക്തിപ്പെടുത്തേണ്ടതുണ്ട്. മാലിന്യം കൊണ്ടുപോകുന്നതിനായി തുറന്ന വാഹനങ്ങളും വേർതിരിവ് ഇല്ലാത്ത വാഹനങ്ങളുമായിരുന്നു ഉപയോഗിച്ചിരുന്നത്. പരിശോധന നടത്തിയ കോർപ്പറേഷനുകളിൽ, സ്വന്തമായി വാങ്ങിയ വാഹനങ്ങൾ വെറുതെ കിടക്കവേ, മാലിന്യം കൊണ്ടുപോകുന്നതിനു വേണ്ടി സ്വകാര്യ വാഹനങ്ങൾ വാടകയ്ക്കെടുത്ത് ഉപയോഗിക്കുന്നതായി ഞങ്ങളുടെ ശ്രദ്ധയിൽപ്പെട്ടു. കോർപ്പറേഷനുകൾ വാങ്ങിയ വാഹനങ്ങളുടെ അറ്റകുറ്റപ്പണികളും പരിപാലനവും യഥാസമയം നടത്തുന്നതിൽ താമസമുണ്ടായി.

ഒരു യു.എൽ.ബി.യിൽ ഉൽപാദിപ്പിക്കപ്പെടുന്ന മാലിന്യം വേർതിരിക്കൽ, ശേഖരണം, പരിവഹനം, സംസ്കരണം, നിർമ്മാർജ്ജനം എന്നിങ്ങനെ വിവിധ ഘട്ടങ്ങളിൽക്കൂടി കടന്നു പോകുന്നു. ഓരോ ചുമതലയും ശാസ്ത്രീയമായും സുസ്ഥിരമായ രീതിയിലും നിർവ്വഹിക്കപ്പെടുന്നുവെങ്കിൽ മാത്രമേ ഒരു യു.എൽ.ബി.യിലെ മൊത്തത്തിലുള്ള മാലിന്യ പരിപാലന സംവിധാനം തൃപ്തികരമായ രീതിയിൽ പ്രവർത്തിക്കുന്നു എന്ന് പറയുവാൻ സാധിക്കുകയുള്ളൂ. മാലിന്യ പരിപാലനവുമായി

ബന്ധപ്പെട്ട വിവിധ മുനിസിപ്പൽ ചുമതലകളുടെ പ്രവർത്തനതല നിർവ്വഹണത്തിന്റെ ഫലപ്രാപ്തി ഓഡിറ്റ് വിശകലനം ചെയ്തു.

**വേർതിരിക്കൽ**

മുനിസിപ്പൽ ഖരമാലിന്യം നാല് വ്യത്യസ്ത ഗ്രൂപ്പുകളിൽ, ജൈവ, അജൈവ, പുനഃചംക്രമണ, അപകടകരമായ മാലിന്യങ്ങളായി തരംതിരിക്കുന്ന പ്രക്രിയയാണ് വേർതിരിക്കൽ എന്ന് പരാമർശിക്കുന്നത്. മാലിന്യത്തിന്റെ വിവിധ ഘടകങ്ങളുടെ പുനരുപയോഗം പുനഃചംക്രമണം, സംസ്കരണം, ശാസ്ത്രീയമായ നിർമ്മാർജ്ജനം എന്നിവയെ സഹായിക്കുമെന്നതിനാൽ വേർതിരിക്കൽ ഒരു നിർണ്ണായക ആവശ്യകതയാണ്. മാലിന്യത്തിന്റെ തരംതിരിക്കൽ ഉറവിട / ഗാർഹികതല, കേന്ദ്രീകൃത തരംതിരിക്കൽ ഫെസിലിറ്റി, മാലിന്യ സംസ്കരണ സ്ഥലങ്ങൾ എന്നിങ്ങനെ വിവിധ തലങ്ങളിൽ നടക്കുന്നു. ഇത് മാലിന്യങ്ങൾ കുറയ്ക്കുന്നതിലേക്കും, അന്തിമ നിർമ്മാർജ്ജനത്തിനായുള്ള ലാൻഡ്ഫിൽ സ്ഥലം കുറയ്ക്കുന്നതിലേക്കും നയിക്കും.

**ഉറവിടത്തിൽ മാലിന്യം വേർതിരിക്കലിലെ അപര്യാപ്തത**

എസ്.ഡബ്ല്യൂ.എം. ചട്ടങ്ങൾ, 2016 പ്രകാരം മാലിന്യം പുറപ്പെടുവിക്കുന്ന ഓരോരുത്തരും അവരവർ പുറപ്പെടുവിക്കുന്ന മാലിന്യം തരമനുസരിച്ച് അതായത്, ജൈവ, അജൈവ, അപകടസാദ്ധ്യതയുള്ള ഗാർഹിക മാലിന്യം എന്നിങ്ങനെ വേർതിരിക്കേണ്ടതും അനുയോജ്യമായ ബിന്നുകളിൽ സൂക്ഷിക്കേണ്ടതും, അംഗീകൃത മാലിന്യ ശേഖരണക്കാരെ ഏൽപ്പിക്കേണ്ടതുമാണ്. ഡയപ്പറുകളും, സാനിറ്ററി പാഡുകളും പോലുള്ള ഉപയോഗിച്ച സാനിറ്ററി മാലിന്യവും അതുപോലെ നിർമ്മാണ പൊളിക്കൽ അവശിഷ്ടമാലിന്യങ്ങളും, ഹോർട്ടികൾച്ചർ, പൂന്തോട്ടമാലിന്യങ്ങളും, മാലിന്യം പുറപ്പെടുവിക്കുന്നവർ തന്നെ പ്രത്യേകം സൂക്ഷിക്കുകയും തദ്ദേശ അധികാരികൾ നിർദ്ദേശിക്കുന്ന പ്രകാരം നിർമ്മാർജ്ജനം ചെയ്യേണ്ടതുമാണ്.

പരിശോധന നടത്തിയ യു.എൽ.ബി.കളിലെ വീട്ടുകൾ, സർക്കാർ സ്ഥാപനങ്ങൾ, വാണിജ്യ സ്ഥാപനങ്ങൾ എന്നിവയിലെ മാലിന്യം വേർതിരിക്കലിന്റെ വിശദവിവരങ്ങൾ ചുവടെ ചേർത്തിരിക്കുന്നു.

പരിശോധന നടത്തിയ 21 യു.എൽ.ബി.കളിലെ[38] വീട്ടുകൾ, സർക്കാർ സ്ഥാപനങ്ങൾ, വാണിജ്യ സ്ഥാപനങ്ങൾ എന്നിവയിലെ മാലിന്യം വേർതിരിക്കൽ

| മാലിന്യ ജനയിതാവിന്റെ തരം | വീട്ടുകൾ | സർക്കാർ സ്ഥാപനങ്ങൾ | വാണിജ്യ സ്ഥാപനങ്ങൾ |
|---|---|---|---|
| ആകെ എണ്ണം | 10,75,820 | 2,426 | 180130 |
| യു.എൽ.ബി. അവകാശപ്പെട്ട പ്രകാരം ഉറവിടത്തിൽ വേർതിരിക്കുന്ന മാലിന്യ ജനയിതാക്കളുടെ എണ്ണം | 5,07,470 | 1,468 | 61,607 |
| ഉറവിടത്തിൽ വേർതിരിക്കുന്ന മാലിന്യ ജനയിതാക്കളുടെ ശതമാനം | 47.17 | 60.51 | 34.20 |

*(ഉറവിടം: പരിശോധന നടത്തിയ യു.എൽ.ബി.കൾ നൽകിയ വിവരം)*

ഉറവിടത്തിൽ തന്നെ മാലിന്യം വേർതിരിക്കുന്നു എന്ന് പറയപ്പെടുന്ന വീട്ടുകളുടെയും/സ്ഥാപനങ്ങളുടെയും എണ്ണം യു.എൽ.ബി.കൾ ഓഡിറ്റിനു നൽകിയെങ്കിലും ഈ യൂണിറ്റുകളിൽ നിന്നും മാലിന്യം ശേഖരിച്ചിരുന്ന ഹരിതകർമ്മസേന നൽകിയ വീട്ടുകളുടെയും/സ്ഥാപനങ്ങളുടെയും എണ്ണം യു.എൽ.ബി.കൾ അതേപടി അംഗീകരിക്കുകയായിരുന്നു എന്ന് ഓഡിറ്റ് നിരീക്ഷിച്ചു മാലിന്യം പുറപ്പെടുവിക്കുന്നവർ നിർദ്ദേശിച്ചിരിക്കുന്ന രീതിയിൽ മാലിന്യത്തെ ജൈവ, അജൈവ, സാനിറ്ററി, ഗാർഹിക അപകടകരമായ എന്ന രീതിയിൽ വേർതിരിക്കുന്നുണ്ടോ എന്ന് പരിശോധിക്കുന്നതിന് യു.എൽ.ബി.കൾക്ക് ഒരു സംവിധാനവും ഇല്ലായിരുന്നു. ആയതിനാൽ, എസ്.ഡബ്ല്യു.എം. ചട്ടങ്ങൾ/മാന്വൽ വിഭാവനം ചെയ്തിരിക്കുന്ന പോലെ ഉറവിടത്തിൽ തന്നെ മാലിന്യം വേർതിരിക്കുന്ന

38 പരിശോധന നടത്തിയ ഒരു യു.എൽ.ബി. പെരിന്തൽമണ്ണ മുനിസിപ്പാലിറ്റി, ഖരമാലിന്യ പരിപാലനം ജീവനം സൊല്യൂഷൻസ് എന്ന ഏജൻസിയെ ഏൽപ്പിച്ചു. നിർമ്മാർജ്ജനം നടപ്പാക്കുന്നതിന്റെ വിശദാംശങ്ങൾ ഏജൻസി യു.എൽ.ബി.കൾക്ക് നൽകിയിരുന്നില്ല . ഓഡിറ്റ് നേരിട്ട് വിശദാംശങ്ങൾ ആവശ്യപ്പെട്ടിട്ടും ഏജൻസി അവ നൽകിയില്ല.

മാലിന്യജനയിതാക്കളുടെ കൃത്യമായ എണ്ണത്തെ സംബന്ധിച്ച് യു.എൽ.ബി.കൾ നൽകിയ വിവരങ്ങൾ വിശ്വാസം ജനിപ്പിക്കുന്നതായിരുന്നില്ല. നിർദ്ദിഷ്ട രീതിയിൽ മാലിന്യം വേർതിരിക്കുന്ന യൂണിറ്റുകളുടെ യഥാർത്ഥ എണ്ണത്തെക്കുറിച്ചുള്ള വിശ്വാസയോഗ്യമായ വിവരം യു.എൽ.ബി.കൾ ആനുകാലിക പരിശോധനകളിലൂടെ ശേഖരിക്കേണ്ടതാണ്.

പരിശോധന നടത്തിയ 21 യു.എൽ.ബി.കൾ നൽകിയ മാലിന്യം വേർതിരിക്കലിന്റെ വിവരങ്ങൾ ഓഡിറ്റ് വിശകലനം ചെയ്തു.

**ഉറവിടത്തിൽ മാലിന്യം വേർതിരിക്കുന്ന വീടുകളും സർക്കാർ സ്ഥാപനങ്ങളും വാണിജ്യ സ്ഥാപനങ്ങളും**

| ക്രമ നം. | യു.എൽ.ബി.കൾ | വീടുകൾ | | | സർക്കാർ സ്ഥാപനങ്ങൾ | | | വാണിജ്യസ്ഥാപനങ്ങൾ | | | ആകെ മൊത്തം | | |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | | ആകെ | വേർതിരിക്കപ്പെട്ട മാലിന്യം നൽകുന്നത് | ശതമാനം | ആകെ | വേർതിരിക്കപ്പെട്ട മാലിന്യം നൽകുന്നത് | ശതമാനം | ആകെ | വേർതിരിക്കപ്പെട്ട മാലിന്യം നൽകുന്നത് | ശതമാനം | ആകെ | വേർതിരിക്കപ്പെട്ട മാലിന്യം നൽകുന്നത് | ശതമാനം |
| | **കോർപ്പറേഷനുകൾ** | | | | | | | | | | | | |
| 1 | തിരുവനന്തപുരം | 336452 | 92100 | 27.37 | 475 | 475 | 100.00 | 22305 | 18225 | 81.71 | 359232 | 110800 | 30.84 |
| 2 | കൊച്ചി | 265288 | 150673 | 56.80 | 125 | 125 | 100.00 | 66884 | 12771 | 19.09 | 332297 | 163569 | 49.22 |
| 3 | കോഴിക്കോട് | 157753 | 99515 | 63.08 | 168 | 42 | 25.00 | 32145 | 9144 | 28.45 | 190066 | 108701 | 57.19 |
| | **മുനിസിപ്പാലിറ്റികൾ** | | | | | | | | | | | | |
| 4 | നെടുമങ്ങാട് | 22715 | 7999 | 35.21 | 36 | 2 | 5.56 | 2878 | 1758 | 61.08 | 25629 | 9759 | 38.08 |
| 5 | നെയ്യാറ്റിൻകര | 23045 | 16592 | 72.00 | 33 | 16 | 48.48 | 2775 | 1149 | 41.41 | 25853 | 17757 | 68.68 |
| 6 | ആലപ്പുഴ | 49545 | 45000 | 90.83 | 602 | 550 | 91.36 | 7456 | 6714 | 90.05 | 57603 | 52264 | 90.73 |
| 7 | കായംകുളം | 16392 | 2229 | 13.60 | 35 | 0 | - | 2630 | 357 | 13.57 | 19057 | 2586 | 13.57 |
| 8 | മാവേലിക്കര | 9676 | 0 | - | 30 | 0 | - | 1460 | 46 | 3.15 | 1166 | 46 | 0.41 |
| 9 | ആലുവ | 5828 | 1344 | 23.06 | 123 | 0 | - | 2566 | 0 | - | 8517 | 1344 | 15.78 |
| 10 | അങ്കമാലി | 8968 | 4820 | 53.75 | 19 | 0 | - | 2183 | 1520 | 69.63 | 11170 | 6340 | 56.76 |
| 11 | ഏലൂർ | 10995 | 7785 | 70.80 | 13 | 0 | - | 900 | 875 | 97.22 | 11908 | 8660 | 72.72 |
| 12 | കോതമംഗലം | 10389 | 6440 | 61.99 | 35 | 23 | 65.71 | 2239 | 458 | 20.46 | 12663 | 6921 | 54.66 |
| 13 | മരട് | 20328 | 13475 | 66.29 | 13 | 13 | 100.00 | 1262 | 1262 | 100.00 | 21603 | 14750 | 60.28 |
| 14 | മൂവാറ്റുപുഴ | 7414 | 1640 | 22.12 | 78 | 0 | - | 2003 | 0 | - | 9495 | 1640 | 17.27 |
| 15 | മലപ്പുറം | 18977 | 7200 | 37.94 | 250 | 80 | 32.00 | 8026 | 420 | 5.23 | 27253 | 7700 | 28.25 |
| 16 | പരപ്പനങ്ങാടി | 15413 | 11391 | 73.91 | 109 | 15 | 13.76 | 6127 | 802 | 13.09 | 21649 | 12208 | 56.39 |
| 17 | നിലമ്പൂർ | 14652 | 1300 | 8.87 | 85 | 1 | 1.18 | 1650 | 0 | - | 16387 | 1301 | 7.94 |
| 18 | മഞ്ചേരി | 27668 | 7553 | 27.30 | 80 | 50 | 62.50 | 4806 | 2021 | 42.05 | 32554 | 9624 | 29.56 |

| | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|
| 19 | ഫെറോക്ക് | 13284 | 5469 | 41.17 | 16 | 16 | 100.00 | 1750 | 590 | 33.71 | 15050 | 6075 | 40.37 |
| 20 | വടകര | 20774 | 12945 | 62.31 | 76 | 60 | 78.95 | 5200 | 3380 | 65.00 | 26050 | 16385 | 62.90 |
| 21 | കൊയിലാണ്ടി | 20264 | 12000 | 59.22 | 25 | 0 | - | 2885 | 115 | 3.99 | 23174 | 12115 | 52.28 |
| ആകെ | | **1075820** | **507470** | | **2426** | **1468** | | **180130** | **61607** | | **1258376** | **570545** | |

*(ഉറവിടം: പരിശോധിച്ച യു.എൽ.ബി.കൾ നൽകിയ ഡാറ്റ)*
പെരിന്തൽമണ്ണ നഗരസഭയുടെ വിശദാംശങ്ങൾ ഓഡിറ്റിന് നൽകിയിട്ടില്ല.

ഒരു യു.എൽ.ബി. (ആലപ്പുഴ) ഒഴികെ, ബാക്കിയുള്ള 20 യു.എൽ.ബി.കളിലെ വേർതിരിക്കലിന്റെ ശതമാനം 0.41-നും 72.72-നും ഇടയിൽ ആയിരുന്നു. ഉറവിടത്തിൽ വലിയ അളവിൽ മാലിന്യം വേർതിരിക്കാൻ ഫലപ്രദമായ നടപടികൾ സ്വീകരിക്കാത്തത്, മിശ്രിത മാലിന്യം കേന്ദ്രീകൃത മാലിന്യസംസ്കരണ കേന്ദ്രങ്ങളിൽ എത്തിച്ചേരാൻ ഇടയാക്കുകയും, തൽഫലമായി മാലിന്യത്തിന്റെ ഘടകങ്ങളെ 'തിരസ്കരിച്ചവ' എന്ന് തരം തിരിക്കുന്നതിൽ കലാശിക്കുകയും ചെയ്തിരുന്നു.

## ബിന്നുകളുടെ വിതരണം

സ്വച്ഛ്ഭാരത് മിഷൻ (നഗരം) മാർഗ്ഗനിർദ്ദേശങ്ങൾ വിഭാവനം ചെയ്യുന്നത്, യു.എൽ.ബി.കൾ ഓരോ വീടുകൾക്കും രണ്ടു നിറങ്ങളിലുള്ള ബിന്നുകൾ, ഒന്ന് പച്ചയും മറ്റേത് നീലയും, വിതരണം ചെയ്യേണ്ടതും, അപ്രകാരം മാലിന്യത്തെ യഥാക്രമം ഈർപ്പമുള്ളത് (ജൈവം), ഉണക്കുള്ളത് (അജൈവം) എന്ന് ഉറവിടത്തിൽ തന്നെ വേരിതിരിക്കേണ്ടതുമാണ് എന്നാണ്. പരിശോധന നടത്തിയ യു.എൽ.ബി.കൾ ഒന്നും തന്നെ മാലിന്യം വേർതിരിക്കുന്നതിനുവേണ്ടി വീടുകൾക്ക് നിറഭേദമുള്ള ബിന്നുകൾ നൽകിയിരുന്നില്ല എന്ന് ഓഡിറ്റ് നിരീക്ഷിച്ചു പരിശോധന നടത്തിയ യു.എൽ.ബി.കളിൽ കൊയിലാണ്ടി മുനിസിപ്പാലിറ്റി മാത്രമാണ് പൊതു സ്ഥലങ്ങളിൽ ചവർ ബിന്നുകൾ ഏർപ്പെടുത്തിയിരുന്നത്. അജൈവ മാലിന്യങ്ങൾ ശേഖരിക്കുന്നതിനായി തിരുവനന്തപുരം കോർപ്പറേഷൻ വിവിധ സ്ഥലങ്ങളിൽ ഉണങ്ങിയ മാലിന്യങ്ങൾ വേർതിരിച്ച് ശേഖരിക്കുന്ന കേന്ദ്രങ്ങൾ സ്ഥാപിച്ചിരുന്നു.

ബിന്നുകൾ ഉപയോഗിച്ച് ഉറവിടത്തിൽ തന്നെ ഗാർഹിക മാലിന്യങ്ങളെ ജൈവം, അജൈവം എന്ന തരത്തിൽ വേർതിരിക്കുന്നത് പുനഃചംക്രമണ വസ്തുക്കളുടെ

രണ്ടാംഘട്ട സംഭരണവും തരംതിരിക്കലും നടക്കുന്ന മെറ്റീരിയൽ റിക്കവറി ഫെസിലിറ്റികളിൽ (എം.ആർ.എഫ്) രണ്ടാംഘട്ട വേർതിരിക്കലിന്റെ തോത് കുറയ്ക്കും. ഉറവിടത്തിൽ തന്നെ മാലിന്യം വേർതിരിക്കുന്നതിന്റെ പ്രാധാന്യത്തെക്കുറിച്ചുള്ള ഫലപ്രദമായ ഐ.ഇ.സി. നടപടികളുടെ അഭാവം, വീടുകളിൽ തന്നെ മാലിന്യം വേർതിരിക്കുന്നതിലുണ്ടായ കുറവിന് കാരണമായിരിക്കാം.

സർക്കാർ ഓഫീസുകളിലും ആശുപത്രികളിലും നടത്തിയ സംയുക്ത ഭൗതിക പരിശോധനയിൽ ജൈവ, അജൈവ മാലിന്യങ്ങൾക്ക് പ്രത്യേക ബിന്നുകൾ നൽകാതെ, എല്ലാ മാലിന്യങ്ങളും മിശ്രിത മാലിന്യങ്ങളായി ഒരു ബിന്നിൽ തന്നെ ശേഖരിച്ചിരുന്നത്, വേർതിരിക്കൽ പ്രയാസകരവും സമയമെടുക്കുന്നതുമാക്കി എന്ന് ഓഡിറ്റ് നിരീക്ഷിച്ചു.

നാല് സർക്കാർ ഓഫീസുകളിലും[39] ഏഴ് സർക്കാർ ആശുപത്രികളിലും[40] മാലിന്യം കത്തിക്കുന്ന സാഹചര്യങ്ങൾ ശ്രദ്ധിക്കപ്പെട്ടു. ഇത് മനുഷ്യരുടെ ആരോഗ്യത്തിനും പരിസ്ഥിതിക്കും അപകടകരമായ പ്രത്യാഘാതങ്ങൾ ഉണ്ടാക്കുന്നതാണ്.

(കംപ്ട്രോളർ ആൻഡ് ഓഡിറ്റർ ജനറൽ ഓഫ് ഇൻഡ്യയുടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ സംബന്ധിച്ച 2021 മാർച്ചിൽ അവസാനിച്ച 'നഗര തദ്ദേശസ്ഥാപനങ്ങളിലെ മാലിന്യ പരിപാലനം' എന്ന വിഷയത്തിൽ നടത്തിയ പ്രവർത്തനക്ഷമത ഓഡിറ്റ് റിപ്പോർട്ടിലെ അദ്ധ്യായം-3 ഖണ്ഡികകൾ 3.1, 3.1.1, 3.1.2)

ഓഡിറ്റ് ഖണ്ഡികകൾക്ക് സർക്കാരിൽ നിന്നും ലഭിച്ച മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

71) നിലവിലെ കണക്കനുസരിച്ച് 169270 എണ്ണം ബിന്നുകളാണ് കേരളത്തിൽ വിതരണം ചെയ്തിട്ടുള്ളതെന്നും അതിൽ നഗരസഭ തിരിച്ചുള്ള കണക്ക്

---

39 സിവിൽ സ്റ്റേഷൻ കോഴിക്കോട്, മിനി സിവിൽ സ്റ്റേഷൻ കായംകുളം, താലൂക്ക് ഓഫീസ് അമ്പലപ്പുഴ, ആലുവ മുനിസിപ്പൽ ഓഫീസ്

40 താലൂക്ക് ആശുപത്രി ഫെറോക്ക്, ഇ.എസ്.ഐ. ഡിസ്പെൻസറി എരഞ്ഞിപ്പാലം, ഇ.എസ്.ഐ. ആശുപത്രി തിരുവനന്തപുരം, ജില്ലാ ആശുപത്രി നെടുമങ്ങാട്, ജനറൽ ആശുപത്രി നെയ്യാറ്റിൻകര, സി.എച്ച്.സി. ചെറുവണ്ണൂർ, ജില്ലാ ആശുപത്രി വടകര

കൈവശമില്ലെന്നും മാലിന്യമുക്ത നവകേരളം ക്യാമ്പയിനിന്റെ ഭാഗമായി ബിന്നുകൾ സ്ഥാപിക്കുന്നതിനുള്ള നിർദ്ദേശം നൽകുകയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അത് പാലിക്കുകയും ചെയ്തിട്ടുണ്ടെന്നും വ്യാപാര സ്ഥാപനങ്ങളും ബയോ, നോൺ ബയോ വേസ്റ്റ് ബിന്നുകൾ, ഹസാഡസ് വേസ്റ്റ് ബിന്നുകൾ എന്നിവ പ്രത്യേകമായി സ്ഥാപിക്കേണ്ടതാണെന്നുള്ള നിർദ്ദേശം നൽകുകയും കഴിഞ്ഞ ദിവസം തന്നെ കേരള ഹോട്ടൽ & റസ്റ്റോറന്റ് അസോസിയേഷൻ (കെ.എച്ച്.ആർ.എ.), കേരള സംസ്ഥാന വ്യാപാരി വ്യവസായ സമിതി എന്നിവരുമായി മന്ത്രിസഭാ തലത്തിൽ റിവ്യൂ ചെയ്തിട്ടുണ്ടെന്നും വേസ്റ്റ് ബിന്നുകൾ സ്ഥാപിച്ചതുമായി ബന്ധപ്പെട്ട വിശദമായ റിപ്പോർട്ട് സമർപ്പിക്കാമെന്നും തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി മറുപടി നൽകി.

72) കച്ചവടക്കാർ ബിന്നുകൾ കടയിൽ സ്ഥാപിച്ച എന്ന സത്യവാങ്മൂലം യഥാർത്ഥമാണെന്ന് കായംകുളം, മാവേലിക്കര നഗരസഭകൾ പരിശോധിച്ചിട്ടുണ്ടോയെന്ന് സമിതി തുടർന്ന് ആരാഞ്ഞതിന് ഉണ്ടെന്നും പരിശോധിച്ചതിനുശേഷമാണ് ലൈസൻസ് കൊടുത്തതെന്നും കായംകുളം മുനിസിപ്പാലിറ്റി സെക്രട്ടറിയും പരിശോധിച്ചിട്ടുണ്ടെന്ന് മാവേലിക്കര മുനിസിപ്പാലിറ്റി സെക്രട്ടറിയും സമിതി മുമ്പാകെ മറുപടി നൽകി.

73) പ്രസ്തുത വിഷയം നിലവിൽ കോടതിയുടെ പരിഗണനയിലാണെന്നും പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് റൂൾസും സോളിഡ് വേസ്റ്റ് മാനേജ്മെന്റ് റൂൾസും പാലിച്ച കൊണ്ടാണ് ബിന്നുകൾ സ്ഥാപിക്കാനുള്ള നിർദ്ദേശം നൽകിയതെന്ന് കോടതിക്ക് പ്രഥമദൃഷ്ട്യാ ബോധ്യപ്പെട്ടിട്ടുണ്ടെന്നും പൊതുജനങ്ങൾ കൂടി ഇത്തരം ബിന്നുകൾ ഉപയോഗിക്കുന്നുവെന്ന ആരോപണത്തിന്മേലാണ് കച്ചവടക്കാർ കോടതിയെ സമീപിച്ചതെന്നും തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി വ്യക്തമാക്കി.

74) ചില നഗരസഭകളിൽ ബിന്നുകൾ റോഡിന്റെ വശത്തുനിന്നും മാറ്റി അതത് കടകൾക്കുള്ളിൽതന്നെ സ്ഥാപിച്ചിട്ടുണ്ടെന്നും പൊതുജനങ്ങൾ ഇവയിൽ മാലിന്യങ്ങൾ നിക്ഷേപിക്കുന്നത് തന്നെയാണ് ഇതിന് കാരണമെന്നും സമിതി അംഗം

അഭിപ്രായപ്പെട്ടതിന്, പൊതുജനങ്ങൾക്കായി ബിന്നുകൾ സ്ഥാപിക്കേണ്ടത് അതത് തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ ഉത്തരവാദിത്തമാണെന്നും വാണിജ്യ സ്ഥാപനങ്ങളിൽ ഉപഭോക്താക്കൾ വഴിയുണ്ടാകുന്ന മാലിന്യങ്ങൾ ശേഖരിക്കേണ്ടത് അവരുടെ ഉത്തരവാദിത്തമാണെന്നും തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി വ്യക്തത വരുത്തി.

75) അങ്കമാലി നഗരസഭയ്ക്ക് സ്വന്തമായി മാലിന്യ സംസ്കരണ സംവിധാനം ഏർപ്പെടുത്താൻ സാധിക്കാത്തത് എന്തുകൊണ്ടാണെന്ന് സമിതി ആരാഞ്ഞതിന് നിലവിൽ അങ്കമാലി നഗരസഭയിൽ എം.സി.എഫ്. പ്രവർത്തിക്കുന്നുണ്ടെന്നും എം.സി.എഫ്.ന്റെ രണ്ടാംഘട്ട പ്രവൃത്തി നടന്നുകൊണ്ടിരിക്കുകയാണെന്നും അതിനായി ടെൽക് (ട്രാൻസ്ഫോർമേഴ്സ് & ഇലക്ട്രിക്കൽസ് കേരള ലിമിറ്റഡ്)-മായി ബന്ധപ്പെട്ട് രണ്ട് ഏക്കർ സ്ഥലം വിട്ടുകിട്ടാനുള്ള ചർച്ച നടന്നു കൊണ്ടിരിക്കുകയാണെന്നും അങ്കമാലി മുനിസിപ്പാലിറ്റി സൂപ്രണ്ട് മറുപടി നൽകി.

**<u>നിഗമനങ്ങൾ/ശിപാർശകൾ</u>**

**76) വേസ്റ്റ് ബിന്നുകൾ സ്ഥാപിച്ചതുമായി ബന്ധപ്പെട്ട വിശദമായ റിപ്പോർട്ട് ലഭ്യമാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

**77) കായംകുളം, മാവേലിക്കര നഗരസഭകളിലെ കച്ചവട സ്ഥാപനങ്ങളിൽ ബിന്നുകൾ സ്ഥാപിക്കുന്നത് സംബന്ധിച്ച് സ്വീകരിച്ച നടപടികളുടെ വിശദീകരണത്തിലും അങ്കമാലി നഗരസഭയിൽ മാലിന്യസംസ്കരണ സംവിധാനം നിലവിൽ പ്രവർത്തിക്കുന്നുണ്ടെന്നും അതിന്റെ രണ്ടാം ഘട്ട പ്രവൃത്തികൾ നടക്കുകയാണെന്ന വിശദീകരണത്തിലും തൃപ്തി രേഖപ്പെടുത്തിയ സമിതി, ഓഡിറ്റ് പരാമർശങ്ങൾ ഒഴിവാക്കുന്നതിന് ശിപാർശ ചെയ്യു.**

**<u>ഓഡിറ്റ് ഖണ്ഡിക</u>**

**അപകടകരമായ ഗാർഹിക മാലിന്യം വേർതിരിക്കൽ**

ഉപയോഗിച്ച ബാറ്ററികൾ, കാലാവധി കഴിഞ്ഞ മരുന്നുകൾ, ഉപേക്ഷിച്ച പെയിന്റ് ഡ്രമ്മുകൾ, സി.എഫ്.എൽ. ബൾബുകൾ എന്നിവ പോലുള്ള അപകടകരമായ ഗാർഹിക മാലിന്യങ്ങൾ പ്രത്യേകം കൈകാര്യം ചെയ്യേണ്ടതും നിർമ്മാർജ്ജനം ചെയ്യേണ്ടതുമാണ്. പരിശോധന നടത്തിയ യു.എൽ.ബി.കൾ ഒന്നും തന്നെ

അപകടകരമായ ഗാർഹിക മാലിന്യങ്ങളുടെ ലിസ്റ്റ് പ്രസിദ്ധീകരിച്ചിരുന്നില്ല. കൂടാതെ, തങ്ങൾ ഉത്ഭവിപ്പിക്കുവാൻ സാദ്ധ്യതയുള്ള അപകടകരമായ ഗാർഹിക മാലിന്യങ്ങളുടെ ഇനങ്ങളെക്കുറിച്ചും അവ വേർതിരിക്കേണ്ടതിന്റെ ആവശ്യകതയെ കുറിച്ചും പൊതുജനങ്ങൾക്ക് അവബോധം ഉണ്ടാക്കുന്നതിനു വേണ്ടിയുള്ള ഐ.ഇ.സി. പരിപാടികൾ 18 യു.എൽ.ബി.കൾ നടത്തിയിരുന്നില്ല. കൊച്ചി കോർപ്പറേഷനിലെ സംയുക്ത ഭൗതിക പരിശോധനയിൽ, മാലിന്യം വേർതിരിക്കാതിരുന്നത് അപകടകരമായ ഗാർഹിക മാലിന്യം സംസ്കരണ കേന്ദ്രത്തിൽ എത്തുന്ന മറ്റ് മാലിന്യവുമായി ഇടകലരുന്നതിന് കാരണമാകുന്നതായി ഓഡിറ്റ് നിരീക്ഷിച്ചു. ഇത്, ഇത്തരം മാലിന്യങ്ങൾ ഉൾപ്പെട്ട തിരസ്കൃത മാലിന്യം സംസ്കരണ കേന്ദ്രങ്ങളിൽ കുന്നുകൂടുന്നതിന് ഇടയാക്കുകയും, ഇത് വേർതിരിക്കുന്നതിനും നിർമ്മാർജ്ജനം ചെയ്യുന്നതിനും അധിക സാമ്പത്തിക ബാദ്ധ്യത വരുത്തുകയും ചെയ്തു.

(കംപ്ട്രോളർ ആൻഡ് ഓഡിറ്റർ ജനറൽ ഓഫ് ഇൻഡ്യയുടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ സംബന്ധിച്ച 2021 മാർച്ചിൽ അവസാനിച്ച നഗര തദ്ദേശസ്ഥാപനങ്ങളിലെ മാലിന്യ പരിപാലനം എന്ന വിഷയത്തിൽ നടത്തിയ പ്രവർത്തനക്ഷമത ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 3.1.3)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാരിൽ നിന്നും ലഭിച്ച മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

78) അപകടകരമായ ഗാർഹിക മാലിന്യം വേർതിരിക്കുന്നത് സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിച്ച് മാർഗ്ഗനിർദ്ദേശങ്ങൾ സർക്കാർ നൽകിയിരുന്നുവെന്നും എന്നാൽ മാർഗ്ഗനിർദ്ദേശങ്ങൾ നടപ്പിലാക്കുന്നത് പ്രായോഗികമല്ല എന്നാണ് മനസ്സിലാക്കിയിരിക്കുന്നതെന്നും കൊച്ചിയിലെ അമ്പലമേട്ടുള്ള കെ.ഇ.ഐ.എൽ. (കേരള എൻവിറോ ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ്) ബയോമെഡിക്കൽ മാലിന്യ സംസ്കരണ പ്ലാന്റിലേയ്ക്ക് അപകടകരമായ ഗാർഹിക മാലിന്യങ്ങൾ കൊണ്ടുപോകണമെന്നാണ് സർക്കാർ നിർദ്ദേശമെന്നും സാനിറ്ററി വേസ്റ്റ് ശേഖരിക്കുന്നതിനും ട്രാൻസ്പോർട്ട് ചെയ്യുന്നതിനുമൊക്കെ വളരെ ബുദ്ധിമുട്ടാണെന്നും എറണാകുളം ജില്ലയ്ക്കകത്തുള്ള പഞ്ചായത്തുകൾക്കുതന്നെ അമ്പലമേട്ടുള്ള

കെ.ഇ.ഐ.എൽ.-ലേയ്ക്ക് മാലിന്യങ്ങൾ എത്തിക്കാൻ വലിയ ചെലവ് വരുന്നുണ്ടെന്നും അതുകൊണ്ട് പ്രാദേശികമായി സാനിറ്ററി വേസ്റ്റ് മാനേജ് ചെയ്യുന്നതിനുള്ള ക്രമീകരണം ഉണ്ടാകണമെന്നും സാനിറ്ററി നാപ്കിൻസ് നശിപ്പിക്കാൻ സാനിറ്ററി നാപ്കിൻ ഡിസ്ട്രോയർ വയ്ക്കാൻ സാധിക്കുമെന്നും അതിനുവേണ്ടിയുള്ള ധാരാളം പ്രോജക്ടുകൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പൂർത്തിയാക്കിയിട്ടുണ്ടെന്നും ബേബി ഡയപ്പർ, അഡൽറ്റ് ഡയപ്പർ തുടങ്ങിയവ നശിപ്പിക്കാൻ ഡബിൾ ചേമ്പർ ഇൻസിനിറേറ്റർ ആവശ്യമാണെന്നും പാലക്കാട് നഗരസഭ അത് സ്ഥാപിച്ചിട്ടുണ്ടെന്നും അതിന്റെ ചുവടുപിടിച്ചുകൊണ്ട് എല്ലാ ജില്ലകളിലും ഒന്നോ രണ്ടോ ഡബിൾ ചേമ്പർ ഇൻസിനിറേറ്റർ വേണമെന്ന് ആവശ്യപ്പെടുകയും അതിനനുസൃതമായി അവ സ്ഥാപിക്കുന്നതിനുള്ള പ്രോജക്ട് ഡിപിസിസി എടുത്തിട്ടുണ്ടെന്നും ചില ജില്ലകളിൽ പ്രോജക്ട് നടപ്പിലാക്കിയിട്ടുണ്ടെന്നും മറ്റ് ജില്ലകളിൽ നടപ്പുവർഷം തന്നെ നടപ്പിലാക്കുന്നതാണെന്നും തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി വിശദമാക്കി.

<u>**നിഗമനങ്ങൾ/ശിപാർശകൾ**</u>

**79) അപകടകരമായ ഗാർഹിക മാലിന്യം വേർതിരിക്കുന്നത് സംബന്ധിച്ച് പുറപ്പെടുവിച്ച ഉത്തരവുകളും മാർഗ്ഗനിർദ്ദേശങ്ങളും അതിൻപ്രകാരം കൈക്കൊണ്ട നടപടികളും ലഭ്യമാക്കാൻ സമിതി നിർദ്ദേശിക്കുന്നു.**

<u>**ഓഡിറ്റ് ഖണ്ഡിക**</u>

**സാനിറ്ററി മാലിന്യങ്ങളുടെ വേർതിരിക്കൽ**

ഡയപ്പറുകൾ, സാനിറ്ററി പാഡുകൾ എന്നിങ്ങനെയുള്ള ഉപയോഗിച്ച സാനിറ്ററി മാലിന്യങ്ങൾ, ഇവ പുറപ്പെടുവിക്കുന്നവർ, ഈ ഉൽപ്പന്നങ്ങളുടെ നിർമ്മാതാക്കൾ/ ബ്രാൻഡ് ഉടമസ്ഥർ നൽകുന്ന പൗച്ചുകളിൽ സുരക്ഷിതമായി പൊതിഞ്ഞ്, അവ അജൈവമാലിന്യം ഇടുവാനുദ്ദേശിച്ചുള്ള ബിന്നുകളിൽ വയ്ക്കേണ്ടതാണ് എന്ന് എസ്.ഡബ്ല്യൂ.എം. ചട്ടങ്ങൾ 2016 നിർദ്ദേശിക്കുന്നു. എന്നാൽ, പരിശോധന നടത്തിയ 16 യു.എൽ.ബി.കളിൽ സാനിറ്ററി മാലിന്യം മറ്റ് അജൈവ മാലിന്യങ്ങളുമായി ഇടകലർന്നതായി കാണപ്പെട്ടതിനാൽ, ഇവ കൈകൾകൊണ്ട് വേർതിരിക്കുന്നതിന് യു.എൽ.ബി. ജീവനക്കാർ വൈമനസ്യം കാണിക്കുന്നതിനിടയാക്കി. സാനിറ്ററി

മാലിന്യം ഇടകലർന്ന മിശ്രിത മാലിന്യം യു.എൽ.ബി. ജീവനക്കാർ തന്നെ കത്തിക്കുന്ന സന്ദർഭങ്ങൾ തിരുവനന്തപുരം കോർപ്പറേഷനിൽ കണ്ടു. ഇത് ആരോഗ്യത്തിനും പരിസ്ഥിതിക്കും ഹാനികരമാണ്. 16 യു.എൽ.ബി.കളിൽ ഓഡിറ്റ് സന്ദർശിച്ച 115 വീടുകളിൽ, 75 വീടുകളിലും സാനിറ്ററി മാലിന്യം വീടിന്റെ പരിസരത്തു തന്നെ കത്തിച്ചിരുന്നതായി പ്രസ്താവിക്കപ്പെട്ടു.

ഗാർഹിക സാനിറ്ററി മാലിന്യം, ജൈവ മാലിന്യം, അപകടകരമായ മാലിന്യം എന്നിവ നിർമ്മാർജ്ജനം ചെയ്യുന്നതിനായുള്ള ഒരു പൈലറ്റ് പദ്ധതി, കെ.ഇ.ഐ.എൽ[41]-ന്റെ സഹായത്തോടെ സംസ്ഥാനം ഏറ്റെടുത്തിട്ടുണ്ടെന്നും, ആരംഭഘട്ടത്തിൽ കെ.ഇ.ഐ.എൽ.-ന്റെ സമീപത്തു സ്ഥിതി ചെയ്യുന്ന ഏഴ് യു.എൽ.ബി.കളിൽ പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നുവെന്നും സർക്കാർ പറഞ്ഞു (2022 മെയ്).

പരിശോധന നടന്ന യു.എൽ.ബി.കളിലെ വികലമായ രീതിയിലുള്ള ഉറവിടത്തിലെ വേർതിരിക്കൽ തുടർന്നുള്ള ഖണ്ഡികകളിൽ വിവരിച്ചിരിക്കുന്നത് പോലെ, കേന്ദ്രീകൃതവും വികേന്ദ്രീകൃതവുമായ സംസ്കരണ സംവിധാനങ്ങളുടെ കാര്യക്ഷമമല്ലാത്ത ഉപയോഗത്തിന് കാരണമായി എന്ന് ഓഡിറ്റ് നിരീക്ഷിച്ചു.

## സംസ്കരണ കേന്ദ്രങ്ങളിൽ മാലിന്യം വേർതിരിക്കൽ

മാലിന്യ ജനയിതാക്കൾ തന്നെ മാലിന്യം വേർതിരിക്കുന്നു എന്ന് ഉറപ്പുവരുത്താൻ യു.എൽ.ബി.കൾക്ക് കഴിയാതിരുന്നതിനാൽ, ജൈവ മാലിന്യങ്ങൾ അജൈവമാലിന്യങ്ങളുമായി ഇടകലർന്ന് സംസ്കരണ കേന്ദ്രങ്ങളിൽ എത്തിയിരുന്നു. പരിശോധന നടത്തിയ 22 യു.എൽ.ബി.കളിൽ ഒൻപത്[42] എണ്ണത്തിൽ ജൈവമാലിന്യം സംസ്കരിക്കുന്നതിന് കേന്ദ്രീകൃത/സമൂഹതല സംവിധാനങ്ങൾ[43] ഉണ്ടായിരുന്നു എന്ന് ഓഡിറ്റിൽ കണ്ടിരുന്നു. എന്നാൽ, ഈ ഒൻപത് കേന്ദ്രങ്ങളിൽ

41 കേരള എൻവിറോ ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ് - കൊച്ചിയിലെ അമ്പലമേടിൽ സ്ഥിതി ചെയ്യുന്ന സംസ്ഥാനത്തെ ഒരേയൊരു അപകടകരമായ മാലിന്യത്തിനുള്ള ലാൻഡ്ഫിൽ ഫെസിലിറ്റി.

42 കൊച്ചി, കോഴിക്കോട്, തിരുവനന്തപുരം കോർപ്പറേഷനുകൾ, പെരിന്തൽമണ്ണ, കോതമംഗലം, ആലപ്പുഴ, ഏലൂർ, നെയ്യാറ്റിൻകര, നെടുമങ്ങാട് മുനിസിപ്പാലിറ്റികൾ

43 ജൈവമാലിന്യങ്ങൾ സംസ്കരിക്കുന്നതിന് എയ്റോബിക് കംപോസ്റ്റിംഗ് (വിൻഡ്രോ, തുമ്പൂർമുഴി), വെർമി കംപോസ്റ്റിങ്, ബയോമെത്തനേഷൻ സാങ്കേതിക വിദ്യ എന്നിവ ഉപയോഗിക്കുന്ന സംവിധാനങ്ങൾ

നടത്തിയ സംയുക്ത ഭൗതിക പരിശോധനയിൽ നാല്[44] കേന്ദ്രങ്ങളിൽ ഭാഗികമായ വേർതിരിക്കലേ നടന്നിരുന്നുള്ളൂ എന്നാണ് വെളിവായത്. ആയതിനാൽ, പുനർചംക്രമണ പ്രക്രിയ തടസ്സപ്പെടുകയും ഇത് ഉത്പാദിപ്പിക്കുന്ന കംപോസ്റ്റിന്റെ ഗുണനിലവാരത്തെ ബാധിക്കുകയും ചെയ്തിരുന്നു. ഉറവിടത്തിലെ ഫലപ്രദമായ വേർതിരിക്കലിന്റെ അഭാവത്തിൽ യു.എൽ.ബി.കൾക്ക് തങ്ങളുടെ അധികാര പരിധിയിൽ വരുന്ന പ്രദേശത്ത് സൃഷ്ടിക്കപ്പെടുന്ന മാലിന്യങ്ങളുടെ സംസ്കരണത്തിന് ഭീമമായ തുക മുടക്കേണ്ടി വന്നിരുന്നു.

നാല് യു.എൽ.ബി.കൾ[45] 2020-21-ൽ 1313.21 ടൺ മിശ്രിതമാലിന്യം തിരസ്കരിക്കപ്പെട്ടതായി കണക്കാക്കി ക്ലീൻ കേരള കമ്പനി ലിമിറ്റഡ് (സി.കെ.സി.എൽ.) വഴി കെ.ഇ.ഐ.എല്ലിന് ലാൻഡ്ഫില്ലിംഗിന് നൽകിയതുവഴി, ₹156.14 ലക്ഷത്തിന്റെ ബാധ്യതയ്ക്കിടയാക്കി. തിരുവനന്തപുരം കോർപ്പറേഷൻ എരുമക്കുഴിയിലെ മാലിന്യം കൂട്ടിയിടുന്ന സ്ഥലം പൂന്തോട്ടമായി മാറ്റുന്നതിന്റെ ഭാഗമായി 62.61 ടൺ വേർതിരിക്കാത്ത മാലിന്യം കെ.ഇ.ഐ.എല്ലിന് കൈമാറ്റം ചെയ്തു (2020 ഒക്ടോബർ). എസ്.ഡബ്ല്യൂ.എം. ചട്ടങ്ങൾ, 2016 പ്രകാരം പുനരുപയോഗിക്കാൻ കഴിയാത്ത, പുനർചംക്രമണ സാദ്ധ്യതയില്ലാത്ത, അജൈവ, തീപിടിക്കാത്ത, പ്രതികരണശേഷിയില്ലാത്ത നിഷ്ക്രിയ മാലിന്യം, സംസ്കരണത്തിന് മുൻപ് തിരസ്കൃതമായവ, സംസ്കരണസംവിധാനങ്ങളിൽ നിന്നുള്ള അവശിഷ്ടങ്ങൾ എന്നിവ മാത്രമേ സാനിറ്ററി ലാൻഡ്ഫില്ലിലേക്ക് അയക്കാവൂ. യു.എൽ.ബി.കളും/സി.കെ.സി.എൽ.ഉം വേർതിരിക്കാത്ത മാലിന്യം ലാൻഡ്ഫില്ലിലേക്ക് അയയ്ക്കുക വഴി ഈ ചട്ടങ്ങൾ ലംഘിച്ചു എന്ന് ഓഡിറ്റ് നിരീക്ഷിച്ചു.

മിശ്രിതമാലിന്യം ജനിപ്പിക്കുന്നത് ശരിയായ വേർതിരിക്കൽ ഉറപ്പാക്കുന്നതിലുള്ള യു.എൽ.ബി.കളുടെ വീഴ്ചയുടെ സൂചനയാണെന്നും, ഒരിക്കൽ മിശ്രിതമാലിന്യം പുറപ്പെടുവിച്ചാൽ ഏകപരിഹാരമാർഗ്ഗം അത് നിഷ്ക്രിയ മാലിന്യമായി കണക്കാക്കി ലാൻഡ്ഫില്ലിൽ ശാസ്ത്രീയമായി നിർമ്മാർജ്ജനം ചെയ്യുക

44 കൊച്ചി, കോഴിക്കോട്, തിരുവനന്തപുരം കോർപ്പറേഷനുകൾ, നെയ്യാറ്റിൻകര മുനിസിപ്പാലിറ്റി

45 തിരുവനന്തപുരം കോർപ്പറേഷൻ, ആലപ്പുഴ, മലപ്പുറം, കായംകുളം മുനിസിപ്പാലിറ്റികൾ

എന്നതാണെന്നും അന്തിമകുടിക്കാഴ്ചയിൽ സർക്കാർ അംഗീകരിച്ചു (2022 മെയ്). കൂടാതെ, ലാൻഡ്ഫില്ലിനായി ഭൂമി വാങ്ങുന്നതിനുള്ള സംസ്ഥാനത്തിന്റെ ശ്രമങ്ങൾ ഇതുവരെ വിജയിച്ചിട്ടില്ല എന്നതു കാരണം മിശ്രിത മാലിന്യം കെ.ഇ.ഐ.എൽ-ന്റെ അപകടകരമായ മാലിന്യത്തിനുവേണ്ടിയുള്ള ലാൻഡ്ഫില്ലിൽ നിർമ്മാർജ്ജനം ചെയ്യേണ്ടതായി വന്നു.

മാലിന്യപരിപാലനം നിർബന്ധമായി നഗര ആസൂത്രണത്തിന്റെ ഭാഗമാക്കേണ്ടതും അനുയോജ്യമായ നിർമ്മാർജ്ജന രീതികൾ അവലംബിക്കേണ്ടതുമായതിനാൽ മറുപടി സ്വീകാര്യമല്ല. മിശ്രിതമാലിന്യം ഉണ്ടാകുമ്പോഴെല്ലാം ഖരമാലിന്യം നിർമ്മാർജ്ജനം ചെയ്യാൻ അപകടകരമായ മാലിന്യത്തിനുള്ള ലാൻഡ്ഫിൽ ഉപയോഗപ്പെടുത്തുന്നത് ശരിയായ പരിഹാരമാർഗ്ഗമല്ല.

<u>ശേഖരണം</u>

ഉറവിടത്തിൽ സംഭരിച്ച മാലിന്യം തെരുവുകളിലും, ഓടകളിലും, ജലാശയങ്ങളിലും ഉപേക്ഷിക്കുന്നില്ല എന്ന് ഉറപ്പുവരുത്തുന്നതിന് വേർതിരിക്കപ്പെട്ട മാലിന്യം ശേഖരിക്കുന്നത് അത്യാവശ്യമാണ്. ചേരികളും അനൗപചാരിക കുടിയേറ്റങ്ങളും ഉൾപ്പെടെയുള്ള എല്ലാ വീടുകളും വാണിജ്യ സ്ഥാപനങ്ങൾ, മറ്റ് ഗാർഹികേതര പരിസരങ്ങൾ[46] എന്നിവിടങ്ങളിൽ നിന്നുമുള്ള വേർതിരിക്കപ്പെട്ട ഖരമാലിന്യത്തിന്റെ വീടുവീടാന്തരശേഖരണത്തിന് യു.എൽ.ബി.കൾ ഏർപ്പാട് ചെയ്യേണ്ടതാണ്.

<u>ജൈവമാലിന്യ ശേഖരണം</u>

എസ്.ഡബ്ല്യൂ.എം. ചട്ടങ്ങൾ പ്രകാരം, ജൈവമാലിന്യം ഉറവിടത്തിൽ സംസ്കരിക്കുവാൻ വീടുകളെ പ്രോത്സാഹിപ്പിക്കേണ്ടതാണ്. എന്നിരുന്നാലും, യു.എൽ.ബി.കൾ നിർബന്ധമായും ജൈവമാലിന്യം വേർതിരിക്കപ്പെട്ട രീതിയിൽ ശേഖരിക്കുകയും, പ്രത്യേക സംസ്കരണ യൂണിറ്റുകൾ സ്ഥാപിക്കുവാൻ സ്ഥലം ലഭ്യമല്ലാത്ത സ്ഥാപനങ്ങളിലും വീടുകളിലും നിന്നുമുള്ള അധിക മാലിന്യം സംസ്കരിക്കുന്നതിനായി പൊതു സംസ്കരണസംവിധാനങ്ങൾ സ്ഥാപിക്കേണ്ടതുമാണ്.

---

46 എസ്.ഡബ്ല്യൂ.എം. ചട്ടങ്ങൾ, 2016-ലെ ചട്ടം 15(ബി) പ്രകാരം

സംസ്ഥാന നയം പരിപോഷിപ്പിക്കുന്നത് ജൈവ മാലിന്യം ഉറവിടത്തിൽ സംസ്കരിക്കുന്നതിനെയാണെങ്കിലും, പരിശോധന നടത്തിയ 22 യു.എൽ.ബി.കളിൽ, 13 യു.എൽ.ബി.കൾ ജൈവമാലിന്യം ഉത്ഭവിപ്പിക്കുന്ന യൂണിറ്റുകളിൽ നിന്നു ശേഖരിച്ചിരുന്നില്ല എന്ന് ഓഡിറ്റ് നിരീക്ഷിച്ചു. അഞ്ച്[47] യു.എൽ.ബി.കൾ ജൈവമാലിന്യം വീടുകൾ/ചന്തകൾ എന്നിവിടങ്ങളിൽ നിന്നും ശേഖരിച്ചിരുന്നു. വീടുകൾ, റസ്റ്റാറന്റുകൾ, ചിക്കൻ സ്റ്റാൾ/ഇറച്ചി സ്റ്റാൾ എന്നിവിടങ്ങളിൽ നിന്നും ഈ യു.എൽ.ബി.കൾ ശേഖരിച്ച മാലിന്യം 16.13 ശതമാനം മുതൽ 54.72 ശതമാനം വരെ എന്ന തോതിലായിരുന്നു. ശേഷിക്കുന്ന നാല് യു.എൽ.ബി.കൾ[48] ചന്തകളിൽ നിന്നുള്ള മാലിന്യം ശേഖരിച്ച് തുമ്പൂർമുഴി ബിന്നിൽ നിക്ഷേപിക്കുകയായിരുന്നു.

പരിശോധന നടത്തിയ യു.എൽ.ബി.കളിൽ പുറപ്പെടുവിക്കുകയും ശേഖരിക്കുകയും ചെയ്ത ജൈവമാലിന്യത്തിന്റെ അളവ് ചുവടെ ചേർത്തിരിക്കുന്നു.

**പരിശോധന നടത്തിയ 18 യു.എൽ.ബി.കളിൽ[49] സൃഷ്ടിക്കപ്പെട്ടതും ശേഖരിച്ചതുമായ ജൈവമാലിന്യത്തിന്റെ അളവ് കാണിക്കുന്ന പട്ടിക**

| | **2016-17** | **2017-18** | **2018-19** | **2019-20** | **2020-21** |
|---|---|---|---|---|---|
| **പുറപ്പെടുവിച്ചത് (ടൺ)** | 2,97,615.28 | 3,04,634.17 | 3,12,051.82 | 3,17,848.10 | 3,03,507.05 |
| **ശേഖരിച്ചത് (ടൺ)** | 1,20,297.58 | 1,24,696.97 | 1,30,114.37 | 1,31,906.35 | 1,16,097.30 |
| **ശേഖരിച്ചതിന്റെ ശതമാനം** | 40.42 | 40.93 | 41.70 | 41.50 | 38.25 |
| **ശേഖരിക്കാത്ത മാലിന്യത്തിന്റെ ശതമാനം** | 59.58 | 59.07 | 58.30 | 58.50 | 61.75 |

(ഉറവിടം: പരിശോധന നടത്തിയ യു.എൽ.ബി.കൾ നൽകിയ വിവരം)

47 കൊച്ചി, കോഴിക്കോട് കോർപ്പറേഷൻ, കോതമംഗലം, പെരിന്തൽമണ്ണ (വിവരം ലഭ്യമല്ല) ആലുവ മുനിസിപ്പാലിറ്റികൾ

48 നെടുമങ്ങാട്, നെയ്യാറ്റിൻകര, ഫെറോക്ക്, വടകര മുനിസിപ്പാലിറ്റികൾ

49 നാല് യു.എൽ.ബികൾ (മരട്, മാവേലിക്കര, കായംകുളം, പെരിന്തൽമണ്ണ മുനിസിപ്പാലിറ്റികൾ) വിവരങ്ങൾ നൽകിയില്ല

പരിശോധന നടത്തിയ 18 യു.എൽ.ബി.കളിൽ പുറപ്പെടുവിക്കപ്പെട്ട ജൈവമാലിന്യത്തിന്റെ ശരാശരി 58 മുതൽ 62 ശതമാനം വരെ ശേഖരിച്ചിരുന്നില്ല. യു.എൽ.ബി.കളിലെ ഹോർട്ടികൾച്ചർ/പൂന്തോട്ട മാലിന്യങ്ങൾ ഉൽപ്പാദിപ്പിക്കുന്നതും ശേഖരിക്കുന്നതും നിർണ്ണയിക്കാൻ ഒരു സംവിധാനവും നിലവിലില്ല.

വളരെയധികം ജൈവമാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ വേർതിരിക്കേണ്ടതായി ഉള്ളതിനാൽ, മാലിന്യം ഉത്ഭവിപ്പിക്കുന്ന ഓരോ യൂണിറ്റും അവരവരുടെ മാലിന്യം ഉറവിടത്തിൽ തന്നെ പരിപാലിക്കുന്നു എന്നും, പൊതുസ്ഥലങ്ങളിലും ജലാശയങ്ങളിലും മറ്റും തള്ളുകയോ/വലിച്ചെറിയുകയോ ചെയ്യുന്നത് എന്ത് വിലകൊടുത്തും ഒഴിവാക്കുന്നു എന്നും ഉറപ്പാക്കുന്നതിനുള്ള ചുമതല യു.എൽ.ബി.കൾക്ക് ഉള്ളതാകുന്നു. എന്നാൽ, ജൈവവും അജൈവവുമായ മാലിന്യം പൊതു സ്ഥലങ്ങളിലും,[50] റോഡിന്റെ വശങ്ങളിലും,[51] ജലാശയങ്ങളിലും[52] മറ്റും നിക്ഷേപിച്ചിരുന്നു എന്ന് ഓഡിറ്റ് നിരീക്ഷിച്ചു.

അന്തരീക്ഷവായുവിന്റെ ഗുണനിലവാരത്തിനും നഗരത്തിലെയും മറ്റു മാലിന്യങ്ങളുടെയും പരിപാലനത്തിനും പ്രത്യേകശ്രദ്ധ നൽകിക്കൊണ്ട് 2030 വർഷത്തോടെ നഗരങ്ങളിലെ ആളോഹരി പരിസ്ഥിതി ആഘാതം കുറയ്ക്കണമെന്ന് സുസ്ഥിരവികസന ലക്ഷ്യം (എസ്.ഡി.ജി.) 11.6 നിർദ്ദേശിക്കുന്നു. മുകളിൽപ്പറഞ്ഞ ലക്ഷ്യം കൈവരിക്കുന്നതിനുള്ള ഉദ്ദേശ്യങ്ങളിൽ ഒന്ന് വീടുവീടാന്തരമുള്ള മാലിന്യശേഖരണം 100 ശതമാനം നിറവേറ്റുക എന്നതാണ്. മുകളിൽ വെളിപ്പെട്ട ഉദാഹരണങ്ങൾ എസ്.ഡി.ജി. ലക്ഷ്യങ്ങൾ നേടുന്നതിൽ നിന്നും സംസ്ഥാനത്തെ അകറ്റുന്നതിനു പുറമെ 'എന്റെ മാലിന്യം എന്റെ ഉത്തരവാദിത്തം' എന്ന സംസ്ഥാനത്തിന്റെ സംഘടിത പ്രവർത്തനത്തിന്റെ കീഴ്ത്തട്ടിലുള്ള നിർവ്വഹണത്തിന്റെ ഫലപ്രാപ്തിയെ സംബന്ധിച്ച് കടുത്ത ഉത്കണ്ഠ ഉയർത്തുകയും ചെയ്യുന്നു.

---

50 തിരുവനന്തപുരം, കൊച്ചി കോർപ്പറേഷനുകൾ, ആലുവ, ആലപ്പുഴ, പെരിന്തൽമണ്ണ മുനിസിപ്പാലിറ്റികൾ

51 കൊച്ചി കോർപ്പറേഷനും മാവേലിക്കര, ആലുവ, മൂവാറ്റുപുഴ, കായംകുളം മുനിസിപ്പാലിറ്റികളും

52 തിരുവനന്തപുരം, കൊച്ചി കോർപ്പറേഷനുകൾ, കായംകുളം, മാവേലിക്കര മുനിസിപ്പാലിറ്റികൾ

(കംപ്ട്രോളർ ആൻഡ് ഓഡിറ്റർ ജനറൽ ഓഫ് ഇൻഡ്യയുടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ സംബന്ധിച്ച 2021 മാർച്ചിൽ അവസാനിച്ച 'നഗര തദ്ദേശസ്ഥാപനങ്ങളിലെ മാലിന്യ പരിപാലനം' എന്ന വിഷയത്തിൽ നടത്തിയ പ്രവർത്തനക്ഷമത ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡികകൾ 3.1.4, 3.1.5, 3.2, 3.2.1)

ഓഡിറ്റ് ഖണ്ഡികകൾക്ക് സർക്കാരിൽ നിന്നും ലഭിച്ച മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

80) വീട്ടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും ശേഖരിക്കുന്ന ജൈവ/അജൈവ മാലിന്യം പൊതുനിരത്തിലേക്ക് വലിച്ചെറിയപ്പെടാതെ സംസ്കരണശാലകളിൽ എത്തുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിന് നഗരസഭകൾക്ക് എന്ത് സംവിധാനമാണ് നിലവിലുള്ളതെന്ന് സമിതി ആരാഞ്ഞതിന് ജൈവ മാലിന്യ സംസ്കരണത്തിന് ഉറവിട മാലിന്യ സംസ്കരണ രീതിയാണ് നഗരസഭ നടപ്പിലാക്കുന്നതെന്നും ജൈവ മാലിന്യം സംസ്കരിക്കുന്നതിന് നഗരസഭ ഉറവിട മാലിന്യ സംസ്കരണ ഉപാധികൾ നൽകിയിട്ടുണ്ടെന്നും ഇതിന്റെ ഭാഗമായി വീട്ടുകളിൽ തന്നെ മാലിന്യം വേർതിരിക്കുകയും ജൈവ മാലിന്യം കിച്ചൻ ബിൻ/ബയോ ബിൻ സംവിധാനങ്ങൾ പ്രയോജനപ്പെടുത്തുകയും ചെയ്യുന്നുണ്ടെന്നും സംഭരിച്ച മാലിന്യം ശാസ്ത്രീയമായി സംസ്കരിക്കുന്നുണ്ടോയെന്ന് ഉറപ്പുവരുത്തുന്നതിനായി ഹരിതകർമ്മസേനയിൽ തന്നെ പ്രവർത്തിക്കുന്ന സീനിയറായവരെ റിസോഴ്സ് പേഴ്സൺസ് ആയി നിയമിച്ച് നിരീക്ഷിച്ചുവരികയും ചെയ്യുന്നുണ്ടെന്നും നഗരങ്ങളിൽ യൂസർ ഫീ ഈടാക്കിക്കൊണ്ട് നഗരസഭ നേരിട്ട് ജൈവ-അജൈവ മാലിന്യം വേർതിരിച്ച് ശേഖരിച്ച് വരുന്നുണ്ടെന്നും ചില സാഹചര്യങ്ങളിൽ അംഗീകൃത ഏജൻസികൾക്ക് മാലിന്യ സംസ്കരണ ചുമതല നൽകേണ്ടി വരുന്നുണ്ടെന്നും അവർ ശാസ്ത്രീയമായ രീതിയിൽ മാലിന്യം വേർതിരിച്ച് പരാതിക്കിടയില്ലാത്ത വിധം സംസ്കരിച്ചുവരുന്നുണ്ടോയെന്ന് നോക്കേണ്ട ചുമതല നഗരസഭയുടെ ഉത്തരവാദിത്തമാണെന്നും ഇടക്കാലത്ത് കൊച്ചിയിൽ ബ്രഹ്മപുരം പ്ലാന്റിന്റെ പ്രവർത്തനം സാങ്കേതിക തകരാർ മൂലം നിന്നുപോകുന്ന സന്ദർഭം വരെ ഉണ്ടായിട്ടുണ്ടെന്നും അത്തരം സന്ദർഭങ്ങളിൽ നഗരസഭ തന്നെ നേരിട്ട് അധിക മാലിന്യം സംസ്കരിക്കുന്നതിനായി പൊതു സംസ്കരണ സംവിധാനങ്ങൾ

ഉപയോഗപ്പെടുത്തുകയും ബ്ലാക്ക് സോൾജിയർ ഫ്ലൈ ഉപയോഗിച്ചുള്ള ജൈവ മാലിന്യ സംസ്കരണം നടത്തിയെന്നും കൂടാതെ തുമ്പൂർമുഴിയിലും മാലിന്യം ശേഖരിച്ച് സംസ്കരിച്ചു വന്നിരുന്നുവെന്നും മാലിന്യം ഉല്പാദിപ്പിക്കുന്ന ഓരോ സ്ഥാപനവും അവരവരുടെ മാലിന്യം ഉറവിടത്തിൽ തന്നെ പരിപാലിക്കണം എന്നിരിക്കെ പൊതുസ്ഥലങ്ങളിലും ജലാശയങ്ങളിലും മറ്റും വലിച്ചെറിയുന്നത് ഒഴിവാക്കേണ്ടതുണ്ടെന്നും ഇത്തരം നിയമ ലംഘനങ്ങൾക്ക് എതിരെ കർശന നടപടികൾ നഗരസഭ സ്വീകരിക്കുന്നുണ്ടെന്നും സ്ഥലപരിമിതിയുള്ള കുറച്ചു സ്ഥാപനങ്ങൾ സ്വന്തമായി സംവിധാനമില്ലാതെ പന്നി ഫാമുകൾ വഴി മാലിന്യം ഒഴിവാക്കുന്നുണ്ടെന്നും പുതിയ പദ്ധതികൾ പ്രാവർത്തികമാകുന്നതോടെ യൂസർ ഫീ ഈടാക്കി മാലിന്യം പൊതു സംവിധാനത്തിലൂടെ പരിഹരിക്കാനാവുമെന്ന നിലയിലാണ് പ്രവർത്തനങ്ങൾ നഗരസഭയിൽ നടന്നുവരുന്നതെന്നും ഭക്ഷണശാലകൾ, കോഴി/മാംസ സ്റ്റാളുകൾ എന്നിവയിൽനിന്നുള്ള ഭക്ഷണ മാലിന്യവും കോഴി മാലിന്യവും അംഗീകൃതമല്ലാത്ത ഏജൻസികൾ ശേഖരിച്ച് പന്നികൾക്കുള്ള തീറ്റയായി നൽകുകയാണ് ചെയ്യുന്നതെന്നും എന്നാൽ ഇവയിൽ പല പന്നി ഫാമുകളും അംഗീകൃതമായിരിക്കില്ലെന്നും അക്കാരണം കൊണ്ടുതന്നെ നഗരസഭയ്ക്ക് പന്നി ഫാമുകളിലേയ്ക്ക് പോകുന്ന മാലിന്യത്തിന്റെ കൃത്യമായ കണക്കുകൾ ലഭ്യമല്ലെന്നും ഇത്തരം വിഷയങ്ങൾ പരിഹരിക്കുന്നതിനുവേണ്ടി ആനിമൽ ഹസ്ബന്ററി, സെൻട്രൽ പൊല്യൂഷൻ കൺട്രോൾ ബോർഡ് (സി.പി.സി.ബി.), തദ്ദേശസ്വയംഭരണ വകുപ്പുകൾ എന്നിവ ഒരുമിച്ച് ക്രമീകരണങ്ങൾ ചെയ്തിട്ടുള്ളതിന്റെ ഭാഗമായി നിലവിലുള്ള വ്യവസ്ഥയിലും മാർഗ്ഗനിർദ്ദേശങ്ങളിലും മാറ്റം വരുത്തുകയും ആയത് അംഗീകാരത്തിനായി സമർപ്പിക്കുകയും ചെയ്തിട്ടുണ്ടെന്നും തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി വിശദീകരിച്ചു.

81) പന്നി ഫാമുകളിൽ ഭക്ഷണ മാലിന്യം നൽകുന്നത് നിയമപരമായി അംഗീകരിച്ചിട്ടുണ്ടോയെന്ന് സമിതി തുടർന്ന് ആരാഞ്ഞതിന് അംഗീകരിച്ചിട്ടുണ്ടെന്നും എന്നാൽ അംഗീകൃത പന്നി ഫാമുകളിലേക്കല്ല ഭക്ഷണ മാലിന്യങ്ങൾ കൊണ്ടുപോകുന്നതെന്നത് ഒരു പ്രശ്നമാണെന്നും അംഗീകാരമുള്ള പന്നി

ഫാമുകളെക്കാൾ രജിസ്റ്റർ ചെയ്യാത്ത ഫാമുകളാണ് അധികവുമുള്ളതെന്നും അക്കാരണം കൊണ്ടുതന്നെ ഭക്ഷണ മാലിന്യങ്ങൾ കൊണ്ടുപോകുന്നതിനെക്കുറിച്ചുള്ള വ്യക്തമായ കണക്കുകൾ വകുപ്പിന് ലഭ്യമല്ലെന്നും കണക്കുകൾ ലഭ്യമാകാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി മറുപടി നൽകി. സംസ്കരണം നടത്താത്ത ഇറച്ചി ഉല്പന്നങ്ങൾ ഉൾപ്പെടുന്ന മാലിന്യം പന്നികൾക്ക് നൽകുന്നത് മൃഗങ്ങൾക്ക് അപകടകരമായ ആരോഗ്യപ്രശ്നങ്ങൾക്ക് പുറമെ ബാഹ്യജന്തുരോഗങ്ങളും മറ്റു രോഗാണുക്കളും മനുഷ്യരിലേക്ക് പടരുവാനുള്ള സാധ്യത സൃഷ്ടിക്കുന്നുണ്ടെന്നും കേരള കാർഷിക സർവകലാശാല പ്രസ്തുത വിഷയത്തിൽ പഠനം നടത്തിയിട്ടുള്ളതാണെന്നും പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ അഭിപ്രായപ്പെട്ടു

82) ഏകദേശം 1000 വീടുകളിൽ നിന്നുള്ള ജൈവമാലിന്യം എങ്ങനെ സംസ്കരിക്കുന്നുവെന്ന് ആലുവ നഗരസഭ വ്യക്തമാക്കേണ്ടതാണെന്നും നിലവിൽ ബ്രഹ്മപുരത്തേക്ക് മാലിന്യം കൊണ്ടുപോകുന്നുണ്ടോയെന്നും സമിതി ആരാഞ്ഞതിന് ജൈവമാലിന്യ സംസ്കരണത്തിനായി നഗരസഭ പ്രദേശത്തെ 6205 വീടുകളിൽ 5200 ബയോകമ്പോസ്റ്റ് ബിന്നുകൾ സ്ഥാപിച്ചിട്ടുണ്ടെന്നും നഗരസഭ പ്രദേശത്തെ തെരുവുകളിൽ നിന്നും ലഭിക്കുന്ന വേസ്റ്റുകൾ തുമ്പൂർമുഴിയിൽ ശേഖരിച്ച് സംസ്കരിച്ച് വരുന്നുണ്ടെന്നും നഗരസഭ പ്രദേശത്തെ ചിക്കൻ സ്റ്റാളുകളിൽ നിന്നുള്ള കോഴി മാലിന്യം റെൻഡെറിംഗ് പ്ലാന്റിൽ സംസ്കരിച്ചുവരുന്നുണ്ടെന്നും ബ്രഹ്മപുരത്തേക്ക് മാലിന്യം കൊണ്ടുപോകുന്നില്ലെന്നും ആലുവ മുനിസിപ്പാലിറ്റി ക്ലീൻ സിറ്റി മാനേജർ മറുപടി നൽകി.

83) പ്രസ്തുത വിഷയത്തിൽ വിശദമായ റിപ്പോർട്ട് ഓഡിറ്റ് വകുപ്പിന് സമർപ്പിക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

84) കണക്കുകൾ പ്രകാരം വളരെ അധികം ഭക്ഷണ മാലിന്യങ്ങൾ പന്നി ഫാമുകളിലേക്കെന്നും പറഞ്ഞ് കൊണ്ടുപോകുന്നുണ്ടെന്നും അവയിൽ വളരെ കുറച്ച് മാത്രമേ പന്നി ഫാമുകളിൽ എത്തുന്നുള്ളുവെന്നും ബാക്കി വരുന്നവ സംബന്ധിച്ച് വ്യക്തതയില്ലെന്നും വിലയിരുത്തിയ സമിതി പന്നി ഫാമുകളിലേക്ക് ആവശ്യമുള്ള ഫുഡ് വേസ്റ്റുകൾ മാത്രമേ ദിനംപ്രതി എത്തുന്നുള്ളുവെന്ന് ഉറപ്പാക്കണമെന്ന്

നിർദ്ദേശിച്ചു. പന്നി ഫാമുകളിൽ മാലിന്യം കൂടുതലാകുമ്പോൾ പൊതുസ്ഥലങ്ങളിലും ജലാശയങ്ങളിലും വലിച്ചെറിയുന്ന പ്രവണതയുണ്ടെന്നും ഇത്തരം സംഭവങ്ങൾ എന്തു വിലകൊടുത്തും ഒഴിവാക്കുവാൻ ശ്രമിക്കുന്നതാണെന്നും തദ്ദേശസ്വയംഭരണ വകുപ്പും സെൻട്രൽ പൊല്യൂഷൻ കൺട്രോൾ ബോർഡും (സി.പി.സി.ബി.) സംയുക്തമായി പുതുതായി ലൈസൻസ് എടുക്കുന്ന സ്ഥാപനങ്ങൾക്ക് ജൈവമാലിന്യ സംസ്കരണ ഉപാധികൾ ഇല്ലാതെ ലൈസൻസ് നൽകുന്നില്ല എന്ന് തീരുമാനിച്ചിട്ടുണ്ടെന്നും തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി മറുപടി നൽകി.

## നിഗമനങ്ങൾ/ശിപാർശകൾ

**85) വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും ശേഖരിക്കുന്ന ജൈവ/അജൈവ മാലിന്യം പൊതു നിരത്തിലേക്ക് വലിച്ചെറിയപ്പെടാതെ സംസ്കരണ ശാലകളിൽ എത്തുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനായി നഗരസഭകൾ സ്വീകരിക്കുന്ന നടപടിയുടെ വിശദമായ റിപ്പോർട്ട് നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

**86) കണക്കുകൾ പ്രകാരം വളരെ അധികം ഭക്ഷണ മാലിന്യങ്ങൾ പന്നി ഫാമുകളിലേക്കെന്നും പറഞ്ഞ് കൊണ്ടുപോകുന്നുണ്ടെങ്കിലും അവയിൽ വളരെ കുറച്ച് മാത്രമേ ഫാമുകളിൽ എത്തുന്നുള്ളുവെന്നും ബാക്കി വരുന്നവ സംബന്ധിച്ച് വ്യക്തതയില്ലെന്നും സമിതി വിലയിരുത്തുന്നു. ഫാമുകളിലേക്ക് ആവശ്യമുള്ള ഫുഡ് വേസ്റ്റുകൾ മാത്രമേ ദിനം പ്രതി എത്തുന്നുള്ളുവെന്ന് ബന്ധപ്പെട്ട അധികാരികൾ ഉറപ്പാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.**

### ഓഡിറ്റ് ഖണ്ഡിക

### കമ്മ്യൂണിറ്റി ഹാളുകൾ, റസ്റ്ററന്റുകൾ എന്നിവിടങ്ങളിൽ നിന്നുള്ള മാലിന്യ ശേഖരണം

കമ്മ്യൂണിറ്റി ഹാളുകൾ, ഹോട്ടലുകൾ, റസ്റ്ററന്റുകൾ മുതലായ ജൈവ മാലിന്യം പുറപ്പെടുവിക്കുന്ന സ്ഥാപനങ്ങൾ ജൈവമാലിന്യം ഉറവിടത്തിൽ തന്നെ സംസ്കരിക്കുന്നതിനുവേണ്ടി ബയോബിൻ, എയ്റോബിൻ, ബയോഗ്യാസ് പ്ലാന്റ് എന്നിങ്ങനെയുള്ള അനുയോജ്യമായ സംവിധാനങ്ങൾ 2017 സെപ്റ്റംബർ 15-നു

മുൻപായി സ്ഥാപിക്കുന്നതിനുവേണ്ട നിർദ്ദേശങ്ങൾ നൽകാൻ യു.എൽ.ബി.കളോട് കേരള സർക്കാർ നിർദ്ദേശിച്ചു (2017 ജൂലൈ). എന്നാൽ 18 യു.എൽ.ബി.കൾ മേൽപ്പറഞ്ഞ ഉത്തരവ് പാലിച്ചിരുന്നില്ല. പരിശോധന നടത്തിയ 21 യു.എൽ.ബി.കളിലെ 3131 റസ്റ്ററന്റുകൾ/കമ്മ്യൂണിറ്റി ഹാളുകളിലും 292 (9.32 ശതമാനം) എണ്ണത്തിൽ മാത്രമേ ഉറവിടതല സംസ്കരണ സംവിധാനങ്ങൾ ഉണ്ടായിരുന്നുള്ളൂ. ഓഡിറ്റ്, 171 റസ്റ്ററന്റുകളിൽ നടത്തിയ സംയുക്ത ഭൗതിക പരിശോധനയിൽ വെളിപ്പെട്ടത്, 154 റസ്റ്ററന്റുകൾക്ക് (90 ശതമാനം) ഉറവിടതല സംസ്കരണ സമ്പ്രദായം ഇല്ലായിരുന്നു എന്നാണ്. 22 യു.എൽ.ബി.കളിൽ 20[53] എണ്ണത്തിലും റസ്റ്ററന്റുകളിൽ നിന്നുള്ള മാലിന്യം അംഗീകൃതമല്ലാത്ത ഏജൻസികൾ ശേഖരിക്കുകയും പന്നി ഫാമുകളിലേക്ക് കൊണ്ട് പോകുകയും ചെയ്തിരുന്നു. 2016-ലെ എസ്.ഡബ്ല്യൂ.എം. ചട്ടങ്ങളും, കെ.എം.ആക്ടിലെ വകുപ്പ് 435 പ്രകാരം മാലിന്യം പന്നികൾക്ക് തീറ്റയായി നൽകുന്നത് മാലിന്യ നിർമ്മാർജ്ജനത്തിനായുള്ള ഒരു അംഗീകൃത രീതിയല്ല എന്നത് ശ്രദ്ധിക്കേണ്ടതാണ്.

മുനിസിപ്പൽ സ്റ്റാഫുമായി നടത്തിയ സംയുക്ത ഭൗതിക പരിശോധനയിൽ വെളിപ്പെട്ടത് പരിശോധന നടത്തിയ 171 റസ്റ്ററന്റുകളിൽ 139 ഇടങ്ങളിൽ (81 ശതമാനം) പുറപ്പെടുവിക്കുന്ന ദ്രവമാലിന്യം സംസ്കരിക്കാൻ ഉള്ള സംവിധാനമോ, സംസ്കരിക്കാനോ/സംഭരിക്കാനോ ഉള്ള കുഴികളോ ഇല്ലായിരുന്നു എന്നും, ആയതിനാൽ മലിനജലം സമീപത്തെ ഓടകളിലേക്ക് ഒഴുക്കിയിരുന്നു എന്നുമാണ്. ഖര-ദ്രവ മാലിന്യം ശരിയായ രീതിയിൽ നിർമ്മാർജ്ജനം ചെയ്യുന്നു എന്ന് ഉറപ്പുവരുത്താനായി, ഈ 14 യു.എൽ.ബി.കളിൽ കാലാകാലങ്ങളിൽ ഉള്ള പരിശോധനകളോ, ലൈസൻസ് പുതുക്കുന്ന സമയത്തെ പരിശോധനകളോ നടത്തിയിരുന്നില്ല എന്ന് ഓഡിറ്റ് നിരീക്ഷിച്ചു. അസംസ്കൃത ജലം പൊതു ഓടയിലേക്ക് ഒഴുക്കിവിട്ട് കോഴിക്കോട് സിറ്റിയിലെ കനോലി തോട്ടിൽ മലിനീകരണം ഉണ്ടാക്കിയ

53 തിരുവനന്തപുരം, കോഴിക്കോട്, കൊച്ചി കോർപ്പറേഷനുകൾ, കായംകുളം, മാവേലിക്കര, നെയ്യാറ്റിൻകര, വടകര, കൊയിലാണ്ടി, അങ്കമാലി, ആലുവ, മരട്, കോതമംഗലം, ഏലൂർ, മൂവാറ്റുപുഴ, മഞ്ചേരി, മലപ്പുറം, പരപ്പനങ്ങാടി, നിലമ്പൂർ, നെടുമങ്ങാട്, ഫെറോക്ക് മുനിസിപ്പാലിറ്റികൾ

51 സ്ഥാപനങ്ങൾക്ക് (29 ഹോട്ടലുകൾ) 2020 ഡിസംബർ മുതൽ 2021 മാർച്ച് വരെ കോഴിക്കോട് ജില്ലാ മലിനീകരണ നിയന്ത്രണ ബോർഡ് (ഡി.പി.സി.ബി) നോട്ടീസ് നൽകിയിരുന്നു. എന്നാൽ, സ്ഥാപനങ്ങൾ പരിഹാരനടപടികൾ എടുത്തോ എന്ന് ഉറപ്പാക്കുന്നതിനായി യാതൊരു തുടർനടപടികളും ഡി.പി.സി.ബി. കൈക്കൊണ്ടില്ല.

മാലിന്യം പരിപാലിക്കാൻ ഉത്തരവാദപ്പെട്ട സ്ഥാപനങ്ങൾ അവരുടെ ചുമതലകൾ നിർവഹിക്കുന്നു എന്ന് ഉറപ്പുവരുത്തുന്നുണ്ടെന്നും, മാലിന്യം തുറന്ന ഓടയിലേക്ക് ഒഴുക്കിവിടുന്നത് നിയന്ത്രിക്കുകയും കർശന നടപടികളിലൂടെ തടയുകയും ചെയ്യുമെന്നുമായിരുന്നു അന്തിമ കൂടിക്കാഴ്ചയിൽ സർക്കാർ പ്രസ്താവിച്ചത്(2022 മേയ്).

(കംപ്ട്രോളർ ആൻഡ് ഓഡിറ്റർ ജനറൽ ഓഫ് ഇൻഡ്യയുടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ സംബന്ധിച്ച 2021 മാർച്ചിൽ അവസാനിച്ച നഗര തദ്ദേശസ്ഥാപനങ്ങളിലെ മാലിന്യ പരിപാലനം എന്ന വിഷയത്തിൽ നടത്തിയ പ്രവർത്തനക്ഷമത ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 3.2.1.1)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാരിൽ നിന്നും ലഭിച്ച മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

87) ഉറവിട മാലിന്യ സംസ്കരണ സംവിധാനങ്ങൾ സ്ഥാപിക്കുന്നതിന് എത്ര സമയമാണ് അനുവദിച്ച് നൽകിയതെന്നും അത് സ്ഥാപിക്കുന്നതുവരെ നഗരസഭയ്ക്ക് പരാമർശ പ്രകാരമുള്ള 215 സ്ഥാപനങ്ങളിൽ നിന്നും ജൈവ മാലിന്യം ശേഖരിക്കാൻ കഴിയാത്തത് എന്തുകൊണ്ടാണെന്നും സമിതി ആരാഞ്ഞതിന് കോഴിക്കോട് നഗരത്തിൽ 100 കിലോയിൽ കൂടുതൽ മാലിന്യം ഉൽപാദിപ്പിക്കുന്ന 648 സ്ഥാപനമുള്ളതിൽ 433 സ്ഥാപനങ്ങളിൽ മാലിന്യ സംസ്കരണത്തിനാവശ്യമായ സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെന്നും ബാക്കിയുള്ള സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകിയിട്ടുണ്ടെന്നും കൂടാതെ കനോലി കനാലിന്റെ പരിസരത്ത് സ്ക്വാഡ് പരിശോധന നടത്തി നടപടി സ്വീകരിക്കുന്നുണ്ടെന്നും കോഴിക്കോട് കോർപ്പറേഷൻ അഡീഷണൽ സെക്രട്ടറി മറുപടി നൽകി.

88) കനോലി കനാലിലേക്ക് മലിന ജലം ഒഴുക്കുന്നതിനെതിരെ എന്ത് നടപടിയാണ് സ്വീകരിക്കുന്നതെന്ന് സമിതി തുടർന്ന് ആരാഞ്ഞതിന് കനോലി കനാലിലേക്ക് മാലിന്യം ഒഴുക്കുന്ന 8 വാഹനങ്ങൾ പിടിച്ചെടുക്കുകയും കേസെടുക്കുകയും ചെയ്തിരുന്നുവെന്ന് കോഴിക്കോട് കോർപ്പറേഷൻ അഡീഷണൽ സെക്രട്ടറി വ്യക്തമാക്കി.

89) കനാലിലേക്ക് മാലിന്യങ്ങൾ ഒഴുക്കുന്ന സ്ഥാപനത്തിന്റെ ലൈസൻസ് റദ്ദ് ചെയ്യാൻ സാധിക്കില്ലേയെന്ന് സമിതി അംഗം ആരാഞ്ഞതിന് മാലിന്യങ്ങൾ ഒഴുക്കുന്ന വാഹനങ്ങളാണ് പിടിച്ചെടുക്കുന്നതെന്ന് കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷൻ അഡീഷണൽ സെക്രട്ടറി വിശദീകരിച്ചു.

90) ഏത് സ്ഥാപനത്തിൽ നിന്നാണ് മാലിന്യം കൊണ്ടുവരുന്നതെന്ന് കണ്ടെത്തി പ്രസ്തുത സ്ഥാപനത്തിന്റെ ലൈസൻസ് റദ്ദ് ചെയ്യാനുള്ള പ്രൊവിഷനില്ലേയെന്ന് സമിതി അംഗം തുടർന്ന് ആരാഞ്ഞതിന് ഉണ്ടെന്നും പ്രസ്തുത സ്ഥാപനം ഏതാണെന്ന് കണ്ടെത്തിയാൽ മാത്രമേ ലൈസൻസ് റദ്ദ് ചെയ്യാൻ കഴിയൂവെന്നും കനോലി കനാലിലേക്ക് മാലിന്യം ഒഴുക്കുന്നത് തടയാൻ നൈറ്റ് സ്ക്വാഡിനെ നിയമിച്ചിട്ടുണ്ടെന്നും കോഴിക്കോട് കോർപ്പറേഷൻ അഡീഷണൽ സെക്രട്ടറി മറുപടി നൽകി.

91) കനോലി കനാൽ വൃത്തിയായി സംരക്ഷിക്കേണ്ടത് കോഴിക്കോട് കോർപ്പറേഷന്റെ ഉത്തരവാദിത്തമാണെന്നും കനാലിലേക്ക് മാലിന്യങ്ങൾ ഒഴുക്കുന്നുണ്ടോയെന്ന് പരിശോധിച്ചാൽ മനസ്സിലാക്കാൻ സാധിക്കുമെന്നും കനാലിന്റെ നിലവിലെ സ്ഥിതി പ്രയാസമുണ്ടാക്കുന്നതാണെന്നും വിലയിരുത്തിയ സമിതി ഇതുസംബന്ധിച്ച കാര്യങ്ങൾ ഹെൽത്ത് ഓഫീസർ ഡോ. ഗോപകുമാർ വിശദീകരിക്കാൻ ആവശ്യപ്പെട്ടു. 16 ഡ്രെയിനേജുകളാണ് കനോലി കനാലിലേക്ക് വന്നുചേരുന്നതെന്നും മാവൂർ റോഡിൽ നിന്നും തുടങ്ങുന്ന ഡ്രെയിനേജിൽ കാലാകാലങ്ങളിൽ അണ്ടർലൈൻ വഴി കണക്റ്റ് ചെയ്തിരിക്കുന്ന പൈപ്പുകളാണ് ഏറ്റവും പ്രശ്നമായിട്ടുള്ളതെന്നും മലാപറമ്പ്, കാരപറമ്പ് എന്നിവിടങ്ങളിൽനിന്നുള്ള ഡ്രെയിനേജുകളും കനോലി കനാലിലേക്കാണ് വന്നുചേരുന്നതെന്നും പി.ഡബ്ല്യൂ.ഡി. യുടെയും കോർപ്പറേഷന്റെയും ഡ്രെയിനേജുകളും ഇതിലേക്ക് കണക്റ്റ് ചെയ്തിട്ടുണ്ടെന്നും ഹെൽത്ത് ഓഫീസർ വിശദീകരിച്ചു.

92) കനോലി കനാലിലേക്ക് മാലിന്യം ഒഴുക്കുന്നത് തടയുന്നതിനുള്ള നടപടി സ്വീകരിക്കാൻ കോർപ്പറേഷന് സാധിക്കുന്നില്ലെന്ന് അഭിപ്രായപ്പെട്ട സമിതി ഇതുസംബന്ധിച്ച് മലിനീകരണ നിയന്ത്രണ ബോർഡിന് എന്താണ് വിശദീകരിക്കാനുള്ളതെന്ന് ആരാഞ്ഞതിന് 2018-ൽ ഇന്ത്യയിലെ 325 നദികളിൽ മലിനീകരണം കണ്ടെത്തിയതിൽ കേരളത്തിലെ 21 നദികളും ഉൾപ്പെട്ടിട്ടുണ്ടെന്നും ഇതിൽ കല്ലായി പുഴയെ ഉൾപ്പെടുത്തിയിരിക്കുന്നത് പ്രയോറിറ്റി 5 ലാണെന്നും കല്ലായി പുഴയും കനോലി കനാലും ചേരുന്നിടമാണ് മലിനീകരണതോത് കൂടിയ സ്ട്രെച്ച് വരുന്നതെന്നും 2018-ൽ മാലിന്യതോത് കൂടുതലാണെന്ന് കണ്ടെത്തിയതിനുശേഷം കർമ്മ പദ്ധതിയുണ്ടാക്കുകയും അത് ഇംപ്ലിമെന്റ് ചെയ്യുന്ന പ്രവൃത്തി നടന്നുകൊണ്ടിരിക്കുകയാണെന്നും അതിന്റെ ഭാഗമായി 3 സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റുകൾ കോഴിക്കോട് പ്രവർത്തനം ആരംഭിച്ചിട്ടുണ്ടെന്നും കനോലി കനാലിലേക്ക് നിയമവിരുദ്ധമായി ഒഴുക്കുന്ന മാലിന്യം തടയാനായി നടപടി സ്വീകരിക്കേണ്ടതുണ്ടെന്നും കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് മെമ്പർ സെക്രട്ടറി മറുപടി നൽകി. പ്രസ്തുത വിഷയത്തിൽ കോഴിക്കോട് നഗരസഭയുമായി ചേർന്ന് ആക്ഷൻ പ്ലാൻ തയ്യാറാക്കുന്നുണ്ടെന്ന് തദ്ദേശ സ്വയംഭരണവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി വ്യക്തമാക്കി.

93) സരോവരം മലിനജല സംസ്കരണ പ്ലാന്റ് നിർമ്മാണത്തിന് ഭരണാനുമതി ലഭിക്കുന്നതിനായി സർക്കാരിലേക്ക് ശിപാർശ ചെയ്തിട്ടുണ്ടെന്നും കോതിയിലും ആവിക്കൽതോടിലും മലിനജല സംസ്കരണ പ്ലാന്റിന്റെ നിർമ്മാണം പ്രദേശവാസികളുടെ എതിർപ്പുകൾമൂലം തുടങ്ങാൻ സാധിച്ചിട്ടില്ലെന്നും കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് മെമ്പർ സെക്രട്ടറി വിശദീകരിച്ചു.

94) കോതിയിലും ആവിക്കൽതോടിലും മലിനജല സംസ്കരണ പ്ലാന്റിന്റെ നിർമ്മാണം സംബന്ധിച്ച് സമരം നടക്കുകയല്ലേയെന്ന് സമിതി ആരാഞ്ഞതിന് അതേയെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി മറുപടി നൽകി.

95) വലിയ സ്ഥാപനങ്ങളിൽ നിന്നും മാലിന്യം നേരിട്ട് കനാലിലേക്ക് ഒഴുക്കിവിടുകയാണെന്നും അത് തടയുന്നതിനുള്ള നടപടിയാണെടുക്കേണ്ടതെന്നും ആശുപത്രി മാലിന്യങ്ങൾ ഉൾപ്പെടെയാണ് നിക്ഷേപിക്കുന്നതെന്നും സമിതി അംഗങ്ങൾ അഭിപ്രായപ്പെട്ടു. പ്രസ്തുത വിഷയത്തിന്റെ നിലവിലെ സ്ഥിതി വ്യക്തമാക്കുന്ന വിശദമായ റിപ്പോർട്ട് ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

## നിഗമനങ്ങൾ/ശിപാർശകൾ

**96) കനോലി കനാൽ വൃത്തിയായി സൂക്ഷിക്കേണ്ടത് കോഴിക്കോട് കോർപ്പറേഷന്റെ ഉത്തരവാദിത്തമാണെന്ന് അഭിപ്രായപ്പെട്ട സമിതി, കനോലി കനാൽ വൃത്തിയായി സൂക്ഷിക്കുന്നതിന് ഉചിതമായ നടപടി സ്വീകരിച്ച് നിലവിലെ സ്ഥിതി വ്യക്തമാക്കിയുള്ള വിശദമായ റിപ്പോർട്ട് ലഭ്യമാക്കാൻ നിർദ്ദേശിക്കുന്നു.**

### ഓഡിറ്റ് ഖണ്ഡിക

**പൗൾട്രി സ്റ്റാളുകൾ/അറവുശാലകൾ എന്നിവയിൽ നിന്നുള്ള മാലിന്യശേഖരണം**

എസ്.ഡബ്ല്യു.എം ചട്ടങ്ങൾ, 2016 പ്രകാരം ദിവസേന പൗൾട്രി മാലിന്യം ശേഖരിക്കുന്നത് തദ്ദേശസ്ഥാപനങ്ങളുടെ ചുമതലയാണ്. എന്നാൽ, പരിശോധന നടത്തിയ മൂന്ന്[54] യു.എൽ.ബി.കളിൽ മാത്രമേ പൗൾട്രി മാലിന്യം ശേഖരിക്കുന്നതിനും നിർമ്മാർജനം ചെയ്യുന്നതിനും ഉള്ള സംവിധാനം നിലവിൽ ഉണ്ടായിരുന്നുള്ളൂ എന്ന് കാണപ്പെട്ടു. 25 പൗൾട്രി സ്റ്റാളുകൾ, 14 ഇറച്ചി സ്റ്റാളുകൾ, രണ്ടു അറവു ശാലകൾ എന്നിവടങ്ങളിൽ ഓഡിറ്റ് നടത്തിയ സംയുക്ത ഭൗതിക പരിശോധനയിൽ 13 യു.എൽ.ബി.കളിൽ[55] പൗൾട്രി മാലിന്യം സ്വകാര്യ ഏജൻസികൾക്കും/പന്നി ഫാമുകൾക്കും നൽകിയിരുന്നതായി കണ്ടു. മൂന്നു യു.എൽ.ബി.കളിൽ അംഗീകൃത ഏജൻസികൾ ശേഖരിച്ചിരുന്ന പൗൾട്രി മാലിന്യം പ്രതിദിന ഉൽപാദനത്തിന്റെ 50-60 ശതമാനം മാത്രമായിരുന്നു. ബാക്കിയുള്ള പൗൾട്രി മാലിന്യം അനധികൃതമായി

54 തിരുവനന്തപുരം, കൊച്ചി കോർപ്പറേഷനുകൾ, ഫെറോക്ക് മുനിസിപ്പാലിറ്റി

55 കായംകുളം, മാവേലിക്കര, പരപ്പനങ്ങാടി, നിലമ്പൂർ, മഞ്ചേരി, ഏലൂർ, അങ്കമാലി, ആലുവ, കോതമംഗലം, മരട്, മൂവാറ്റുപുഴ, നെയ്യാറ്റിൻകര, നെടുമങ്ങാട്

പന്നി ഫാമുകൾ ശേഖരിക്കുകയോ, പൊതു സ്ഥലങ്ങളിലോ ജലാശയങ്ങളിലോ നിക്ഷേപിക്കുകയോ ചെയ്തിരുന്നു. തിരുവനന്തപുരം കോർപ്പറേഷനിലെ ജെസിബി ലോഗ് ബുക്ക് ഓഡിറ്റ് സൂക്ഷ്മ പരിശോധന നടത്തിയപ്പോൾ വെളിപ്പെട്ടത്, 2020-21-ൽ 49 സന്ദർഭങ്ങളിൽ പൊതു സ്ഥലങ്ങളിൽ കൂട്ടിയിട്ടിരുന്ന പൗൾട്രി മാലിന്യം ജെസിബി ഉപയോഗിച്ച് അവിടങ്ങളിൽ തന്നെ കുഴിച്ചുമൂടിയിരുന്നു എന്നാണ്. ഇത് പരിസ്ഥിതിക്ക് ദോഷവും സമീപവാസികൾക്ക് ആരോഗ്യപ്രശ്നങ്ങൾ ഉണ്ടാക്കാൻ ഇടയാവുന്നതുമാണ്. മാത്രമല്ല, സംസ്കരണം നടത്താത്ത ഇറച്ചി ഉൽപ്പന്നം ഉൾപ്പെടുന്ന മാലിന്യം പന്നികൾക്ക് നൽകുന്നത് മൃഗങ്ങൾക്ക് അപകടകരമായ ആരോഗ്യപ്രശ്നങ്ങൾക്ക് പുറമെ, ബാഹ്യജന്തുരോഗങ്ങളും മറ്റു രോഗാണുക്കളും മനുഷ്യരിലേക്ക് പടരുവാൻ ഉള്ള സാധ്യതയും സൃഷ്ടിക്കുന്നു. കംപോസ്റ്റ് സൗകര്യം ഇല്ലാത്ത ചന്തകളിൽ നിന്നും ജൈവമാലിന്യം നീക്കുന്നതിനായി മൃഗഫാമുകൾ, മീനുകൾക്കുള്ള ആഹാരം ഉൽപാദിപ്പിക്കുന്ന യൂണിറ്റുകൾ, ചിക്കൻ റെൻഡറിംഗ് പ്ലാന്റുകൾ മുതലായവയുമായി ഏർപ്പാടുണ്ടാക്കിയിട്ടുണ്ട് എന്ന് സർക്കാർ മറുപടിയിൽ പറഞ്ഞിട്ടുണ്ടെങ്കിലും (2022 .മെയ്), ഇതിനായി രേഖാമൂലമുള്ള തെളിവുകളൊന്നും തെരഞ്ഞെടുത്ത യു.എൽ.ബി.കൾ ഓഡിറ്റിന് നൽകിയിട്ടില്ല.

**പൗൾട്രി സ്റ്റാളുകളുടെ പ്രവർത്തനത്തെ കുറിച്ച് മലിനീകരണ നിയന്ത്രണ ബോർഡിന്റെ ന്യൂനതയാർന്ന മേൽനിരീക്ഷണം.**

കേരള സർക്കാർ പുറപ്പെടുവിച്ച (2021 ഒക്ടോബർ) മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം പൗൾട്രി സ്റ്റാളുകൾക്ക് ലൈസൻസ് നൽകുന്നതിന്, പൗൾട്രി/ഇറച്ചി സ്റ്റാളുകൾ ജില്ലയ്ക്കുള്ളിലോ, ജില്ലയിൽ പ്ലാന്റുകൾ ഇല്ലെങ്കിൽ സമീപ ജില്ലയിലോ നിലവിലുള്ള ലൈസൻസുള്ള/അംഗീകൃത റെൻഡറിംഗ്[56] പ്ലാന്റുകളുമായി ഉടമ്പടിയിൽ ഏർപ്പെടേണ്ടതാണ്.

ജില്ലാ പിസിബികൾ ചിക്കൻ സ്റ്റാളുകൾ പ്രവർത്തിക്കാൻ അനുവാദം നൽകിയപ്പോൾ ഉടമസ്ഥർ ലൈസൻസുള്ള റെൻഡറിംഗ് പ്ലാന്റുകളുമായി ഉടമ്പടിയിൽ

56 പൗൾട്രി സംബന്ധമായ മാലിന്യത്തിന്റെ അനെയ്റോബിക് ദഹനം സമയം എടുക്കും. തൂവൽ പോലുള്ള ചില മാലിന്യം സംസ്കരിക്കാൻ കഴിയുകയുമില്ല. തൂവൽ ഉൾപ്പെടെയുള്ള എല്ലാ പൗൾട്രി മാലിന്യങ്ങളും കശാപ്പ് മാലിന്യങ്ങളും സംസ്കരിക്കുന്നതിനുള്ള അംഗീകൃത സാങ്കേതികവിദ്യയാണ് റെൻഡറിംഗ്

ഏർപ്പെട്ടിരുന്നോ എന്ന് ഉറപ്പാക്കിയിരുന്നില്ല എന്ന് ഓഡിറ്റ് നിരീക്ഷിച്ചു. വ്യവസായ മേഖലയെ തരംതിരിച്ച പ്രകാരം പൗൾട്രി സ്റ്റാളുകൾ ഓറഞ്ച് കാറ്റഗറിയ്ക്ക് കീഴിൽ വരുന്നതുകാരണം സ്ഥാപനങ്ങളിൽ വർഷത്തിൽ കുറഞ്ഞത് ഒരു പരിശോധനയെങ്കിലും പിസിബി നടത്തേണ്ടത് നിർബന്ധമായിരുന്നു. ഈ പൗൾട്രി സ്റ്റാളുകളിൽ മാലിന്യ നിർമ്മാർജ്ജന സംവിധാനത്തിന്റെ നിലവാരസ്ഥിതി വിലയിരുത്തുന്നതിന് ആനുകാലിക പരിശോധനകളൊന്നും നടത്താതെ, പിസിബി അവരുടെ അനുമതി അഞ്ചു കൊല്ലത്തേയ്ക്ക് പുതുക്കി നൽകി. ദ്രവമാലിന്യം സംസ്കരിക്കുന്നതിനുള്ള സംവിധാനങ്ങളുടെ അഭാവത്തിൽ അസംസ്കൃത ദ്രവമാലിന്യം മണ്ണിലേയ്ക്കും, സമീപത്തെ പൊതു ഓടകളിലേയ്ക്കും നേരിട്ട് ഒഴുക്കി വിട്ടതായി 16 യു.എൽ.ബി.കളിലെ സംയുക്ത ഭൗതിക പരിശോധനയിൽ കണ്ടിരുന്നു. അധികാരികളുടെ സമയോചിതമായ ഇടപെടലുകൾ ഉണ്ടായിരുന്നെങ്കിൽ പൗൾട്രി മാലിന്യം ഇത്തരത്തിൽ വൃത്തിഹീനമായി നിർമ്മാർജ്ജനം ചെയ്യുന്നത് തടയാമായിരുന്നു.

ഇപ്പോൾ, സംസ്ഥാനത്ത് 12 റെൻഡറിംഗ് യൂണിറ്റുകൾ മാത്രമെ നിലവിൽ ഉള്ളൂ. ഇവയുടെ മൊത്തം ശേഷി 372 റ്റിപിഡി ആയിരുന്നത് ആകെ പുറപ്പെടുവിക്കുന്ന പൗൾട്രി മാലിന്യത്തിന്റെ 34 ശതമാനം മാത്രം സംസ്കരിക്കുവാൻ കഴിവുള്ളതായിരുന്നു.

ഓഡിറ്റ് നിരീക്ഷണം സർക്കാർ അംഗീകരിക്കുകയും പൗൾട്രി സ്റ്റാളുകൾ റെൻഡറിംഗ് പ്ലാന്റുകളുമായി ഉടമ്പടിയിൽ ഏർപ്പെടാൻ നിർബന്ധിക്കണമെന്ന് തദ്ദേശസ്ഥാപനങ്ങൾക്ക് കർശനനിർദ്ദേശം നൽകിയിട്ടുണ്ട് എന്ന് അന്തിമകൂടിക്കാഴ്ചയിൽ (2022 മെയ്) അറിയിക്കുകയും ചെയ്തു. എല്ലാ ജില്ലകളിലും റെൻഡറിംഗ് പ്ലാന്റുകൾ സ്ഥാപിക്കുവാൻ നടപടികൾ തുടങ്ങിയതായും പ്രസ്താവിക്കപ്പെട്ടു.

**അറവുശാലകളിലെ മാലിന്യം**

ബന്ധപ്പെട്ട അധികാരികൾ അംഗീകരിച്ച അറവുശാലയിൽ അല്ലാതെ മുനിസിപ്പൽ പ്രദേശത്ത് ഒരാളും ഒരു മൃഗത്തെയും കശാപ്പ് ചെയ്യരുത് എന്ന്, മൃഗങ്ങളോടുള്ള ക്രൂരത തടയൽ (അറവുശാല) ചട്ടങ്ങൾ, 2001-ലെ ചട്ടം 3(1) നിഷ്കർഷിക്കുന്നു. കേരള മുനിസിപ്പാലിറ്റി നിയമം നിഷ്കർഷിക്കുന്ന പ്രകാരം, എല്ലാ മുനിസിപ്പാലിറ്റിയും മുനിസിപ്പൽ അറവു ശാലകൾക്ക് മതിയായ

സ്ഥലങ്ങൾ ലഭ്യമാക്കുകയും മുനിസിപ്പൽ അറവുശാലകൾ ശുചിയായ രീതിയിൽ സൂക്ഷിക്കുന്നതിന് വേണ്ട ഏർപ്പാടുകൾ ചെയ്യേണ്ടതുമാണ്.

ജില്ലാ മൃഗസംരക്ഷണ ഉദ്യോഗസ്ഥർ നൽകിയ വിവരങ്ങൾ പ്രകാരം, പരിശോധന നടത്തിയ 22 യു.എൽ.ബി.കളിൽ 72 അറവുശാലകൾ ഉണ്ടായിരുന്നെങ്കിലും ഒന്നിനുപോലും പിസിബിയുടെ പ്രവർത്തനത്തിനുള്ള അനുമതി ഉണ്ടായിരുന്നില്ല. പരിശോധന നടത്തിയ യു.എൽ.ബി.കളിൽ പുറപ്പെടുവിക്കുന്ന അറവുമാലിന്യം ഒരു ദിവസം ശരാശരി 6.12 ടൺ ആയിരുന്നു. യു.എൽ.ബി.കളിൽ അംഗീകാരം ഉള്ള കശാപ്പുശാലകളുടെ അഭാവം, നഗര പരിധികളുള്ളിൽ വൃത്തിഹീനമായ രീതിയിലുള്ള നിയമവിരുദ്ധ കശാപ്പിന് അവസരമുണ്ടാക്കും.

(കംപ്ട്രോളർ ആൻഡ് ഓഡിറ്റർ ജനറൽ ഓഫ് ഇൻഡ്യയുടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ സംബന്ധിച്ച 2021 മാർച്ചിൽ അവസാനിച്ച നഗര തദ്ദേശസ്ഥാപനങ്ങളിലെ മാലിന്യ പരിപാലനം എന്ന വിഷയത്തിൽ നടത്തിയ പ്രവർത്തനക്ഷമത ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 3.2.1.2)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാരിൽ നിന്നും ലഭിച്ച മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

97) സംസ്ഥാനത്ത് ഉൽപ്പാദിപ്പിക്കുന്ന പൗൾട്രി മാലിന്യത്തിന്റെ 34 ശതമാനം സംസ്കരിക്കാനുള്ള ശേഷി മാത്രമാണ് റെൻഡറിംഗ് പ്ലാന്റുകൾക്ക് ഉണ്ടായിരുന്നതെന്നും ആയതിന്റെ നിലവിലെ സ്ഥിതിയെന്താണെന്നും സമിതി ആരാഞ്ഞതിന് സംസ്ഥാനത്ത് ആകെ 40 റെൻഡറിംഗ് പ്ലാന്റുകളാണുള്ളതെന്നും 4 ജില്ലകളിലൊഴികെ എല്ലാ ജില്ലകളിലും റെൻഡറിംഗ് പ്ലാന്റ് സംവിധാനങ്ങളുണ്ടെന്നും മറ്റ് ജില്ലകളിൽ റെൻഡറിംഗ് പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടെന്നും പ്രസ്തുത വിഷയത്തിൽ ഗണ്യമായ പുരോഗതി കൈവരിക്കാൻ സാധിച്ചിട്ടുണ്ടെന്നും തദ്ദേശസ്വയംഭരണ അഡീഷണൽ ചീഫ് സെക്രട്ടറി മറുപടി നൽകി.

98) റെൻഡറിംഗ് പ്ലാന്റുകളിൽ കോഴി വേസ്റ്റ് കൈകാര്യം ചെയ്യുന്നതിലൂടെ വരുമാനം നേടാൻ സാധിക്കില്ലേയെന്ന് സമിതി തുടർന്ന് ആരാഞ്ഞതിന് സാധിക്കുമെന്നും ഇതിൽ പ്രൈവറ്റ് ബിസിനസ്സുകളാണ് വരുന്നതെന്നും ഒരു റെൻഡറിംഗ് പ്ലാന്റിൽ എത്ര മാലിന്യം ശേഖരിക്കുമെന്നും അതിന്റെ പ്രവർത്തനത്തിനാവശ്യമായ വ്യവസ്ഥകൾ പാലിച്ചിട്ടുണ്ടോയെന്നും ജില്ലാതല സമിതി പരിശോധിച്ച് ഉറപ്പുവരുത്തിയാണ് അനുമതി നൽകുന്നതെന്നും തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി വ്യക്തമാക്കി. പ്രസ്തുത വിഷയത്തിന്റെ നിലവിലെ സ്ഥിതി വ്യക്തമാക്കുന്ന വിശദമായ റിപ്പോർട്ട് ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

## നിഗമനങ്ങൾ / ശിപാർശകൾ

**99) റെൻഡറിങ്ങ് പ്ലാന്റുകളിൽ കോഴി വേസ്റ്റ് കൈകാര്യം ചെയ്യുന്നതുമായി ബന്ധപ്പെട്ട വിഷയത്തിന്റെ നിലവിലെ സ്ഥിതി വ്യക്തമാക്കുന്ന വിശദമായ റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.**

### ഓഡിറ്റ് ഖണ്ഡിക

### അപകടകരമായ ഗാർഹിക മാലിന്യത്തിന്റെ ശേഖരണം

എസ്.ഡബ്ല്യൂ.എം. ചട്ടങ്ങളിലെ ചട്ടം 15(1) പ്രകാരം യു.എൽ.ബി.കൾ അപകടകരമായ ഗാർഹിക[57] മാലിന്യങ്ങൾക്കായി മാലിന്യ നിക്ഷേപകേന്ദ്രങ്ങൾ സ്ഥാപിക്കേണ്ടതും, സുരക്ഷിതമായ നിർമ്മാർജ്ജനത്തിന് അപകടകരമായ ഗാർഹികമാലിന്യം ഈ കേന്ദ്രങ്ങളിൽ നിക്ഷേപിക്കുവാൻ മാലിന്യജനയിതാക്കൾക്ക് വേണ്ട നിർദ്ദേശങ്ങൾ നൽകേണ്ടതുമാണ്. അപകടകരമായ ഗാർഹിക മാലിന്യം അന്തിമ നിർമ്മാർജ്ജനത്തിനായി നിക്ഷേപകേന്ദ്രങ്ങളിൽ/മെറ്റീരിയൽ റിക്കവറി ഫെസിലിറ്റി (എം.ആർ.എഫ്.)കളിൽ നിന്നോ, വീടുകളിൽ നിന്നോ നേരിട്ട് ശേഖരിക്കുന്നതിന് പൊതു ബയോ-മെഡിക്കൽ മാലിന്യസംസ്കരണ നിർമ്മാർജ്ജന

57 ആവശ്യം കഴിഞ്ഞ പെയിന്റ് ഡ്രമ്മുകൾ, കീടനാശിനികൾ. സി.എഫ്.എൽ. ബൾബുകൾ, ട്യൂബ് ലൈറ്റുകൾ, കാലാവധി കഴിഞ്ഞ മരുന്നുകൾ, പൊട്ടിയ മെർക്കുറി തെർമോമീറ്ററുകൾ ഉപയോഗം കഴിഞ്ഞ ബാറ്ററികൾ. ഉപയോഗം കഴിഞ്ഞ സൂചിയും സിറിഞ്ചുകളും, ഉപയോഗശൂന്യമായ ഗ്ലൗസുകൾ മുതലായവ അപകടകരമായ ഗാർഹിക മാലിന്യത്തിൽ ഉൾപ്പെടുന്നു.

സംവിധാനവുമായി യു.എൽ.ബി.കൾ കരാറിലേർപ്പെടണമെന്ന് ബയോ-മെഡിക്കൽ മാലിന്യപരിപാലന ചട്ടങ്ങൾ, 2016 നിഷ്കർഷിക്കുന്നു.

- സങ്കീർണ്ണമായതും, ദീർഘകാലമായ അല്ലെങ്കിൽ ഗുരുതരമായ, ജീവനു ഭീഷണിയുള്ള/ജീവൻ പരിമിതപ്പെടുത്തുന്ന ആരോഗ്യ അവസ്ഥയുള്ളവർക്കും, കിടപ്പു രോഗികൾക്കും തദ്ദേശസ്ഥാപനങ്ങൾ സാന്ത്വന പരിചരണസേവനങ്ങൾ നൽകുന്നതായി ശ്രദ്ധിക്കപ്പെട്ടു. 2016-2021 കാലയളവിൽ പരിശോധന നടത്തിയ യു.എൽ.ബി.കൾ 14,185 രോഗികൾക്ക് സാന്ത്വന പരിചരണ പദ്ധതികൾ നടപ്പിലാക്കുന്നതിന് ₹13.50 കോടി ചെലവിടുകയുണ്ടായി. ഇതിൽ ഉപകരണങ്ങളും മരുന്നുകളും, സിറിഞ്ചുകൾ, യൂറിൻ ബാഗുകൾ, കത്തീറ്റർ, റൈൽസ് ട്യൂബുകൾ എന്നിങ്ങനെയുള്ള ഡിസ്പോസിബിൾ ഇനങ്ങളുടെ വാങ്ങലും ഉൾപ്പെടുന്നു. ആയതിനാൽ സാന്ത്വന പരിചരണ വീടുകളിൽ ജന്യമാകാനിടയുള്ള ബയോ-മെഡിക്കൽ മാലിന്യത്തിന്റെ ഗണ്യമായ അളവിനെക്കുറിച്ച് യു.എൽ.ബി.കൾക്ക് അറിവുള്ളതാണ്. എന്നാൽ അത്തരം വീടുകളിൽ നിന്ന് പുറപ്പെടുവിക്കുന്ന ബയോ-മെഡിക്കൽ മാലിന്യം ശേഖരിക്കുവാൻ, പരിശോധന നടത്തിയ 13 യു.എൽ.ബി.കൾ[58] യാതൊരു നടപടിയും എടുത്തതായി കണ്ടില്ല. ബാക്കിയുള്ള യു.എൽ.ബി.കൾ ഓഡിറ്റിനോട് പറഞ്ഞത് അവർ അത്തരം മാലിന്യം സംസ്കരണകേന്ദ്രങ്ങളിലേയ്ക്ക് നീക്കംചെയ്യുവാൻ സമീപത്തെ ആശുപത്രികൾക്ക് കൈമാറിയിരുന്നു എന്നാണ്.

- പരിശോധന നടത്തിയ ഒരു യു.എൽ.ബി.യും അപകടകരമായ ഗാർഹിക മാലിന്യം നിക്ഷേപിക്കുന്നതിനും ശേഖരിക്കുന്നതിനും വേണ്ടി മാലിന്യ നിക്ഷേപ സ്ഥാനങ്ങളോ/കേന്ദ്രങ്ങളോ സ്ഥാപിച്ചിരുന്നില്ല. തൽഫലമായി അപകടകരമായ ഗാർഹിക മാലിന്യം റോഡിന്റെ വശങ്ങളിലും പൊതു

---

58 കോഴിക്കോട്, തിരുവനന്തപുരം കോർപ്പറേഷനുകൾ, വടകര, ഏലൂർ, ആലുവ, മരട്, കോതമംഗലം, അങ്കമാലി, മൂവാറ്റുപുഴ, മാവേലിക്കര, കായംകുളം, നെടുമങ്ങാട്, നെയ്യാറ്റിൻകര മുനിസിപ്പാലിറ്റികൾ

സ്ഥലങ്ങളിലും കൂട്ടിയിട്ടിരിക്കുന്ന ഉദാഹരണങ്ങൾ തെരഞ്ഞെടുക്കപ്പെട്ട യു.എൽ.ബി.കളിലെ[59] സംയുക്ത പരിശോധനയിൽ കണ്ടിരുന്നു. ഇത് പരിസ്ഥിതിക്കും ആരോഗ്യത്തിനും വിപത്തുകൾ സൃഷ്ടിക്കുന്നു.

**സാനിറ്ററി മാലിന്യങ്ങളുടെ ശേഖരണം**

ഉപയോഗം കഴിഞ്ഞ ഡയപ്പറുകൾ, സാനിറ്ററി ടൗവലുകളും, നാപ്കിനുകളും, ടാംപണുകൾ, ഉറകൾ, ഇൻകണ്ടിനൻസ് ഷീറ്റുകൾ, ഇതേ സ്വഭാവത്തിൽ ഉള്ള മറ്റേതെങ്കിലും മാലിന്യം എന്നിവയെല്ലാം അടങ്ങുന്നതാണ് സാനിറ്ററി മാലിന്യം പരിശോധന നടത്തിയ യു.എൽ.ബി.കൾ ഒന്നും തന്നെ സാനിറ്ററി മാലിന്യം ശേഖരിക്കുകയോ സാനിറ്ററി മാലിന്യത്തിനായി സമൂഹതല നിർമ്മാർജ്ജന സംവിധാനം ഏർപ്പെടുത്തുകയോ ചെയ്തിരുന്നില്ല എന്ന് ഓഡിറ്റ് നിരീക്ഷിച്ചു. സാനിറ്ററി മാലിന്യം പതിവായി ശേഖരിക്കുവാൻ ഒരു സംവിധാനം ഇല്ലാത്തതിനാൽ അത് ഖരമാലിന്യവുമായി ഇടകലരുവാൻ ഉള്ള സാഹചര്യം ഉണ്ടാക്കുകയും, ഇത് വേർതിരിക്കലിന് വളരെയധികം ബുദ്ധിമുട്ടുണ്ടാക്കുകയും ചെയ്തു. ഇതിനു പുറമേ, പ്ലാസ്റ്റിക് മാലിന്യവും സാനിറ്ററി മാലിന്യവും തുറസ്സായ സ്ഥലങ്ങളിൽ കത്തിക്കുന്നതിനും തദ്വാരാ പാരിസ്ഥിതിക പ്രശ്നങ്ങൾക്കും ഇടയാക്കി.

സർക്കാർ അന്തിമകൂടിക്കാഴ്ചയിൽ (2022 മെയ്) ഓഡിറ്റിന്റെ കണ്ടെത്തലുകളെ അംഗീകരിക്കുകയും, അപകടകരമായ ഗാർഹികമാലിന്യം, സാനിറ്ററി മാലിന്യം എന്നിവ ശേഖരിക്കുന്നതിനും നിർമ്മാർജ്ജനം ചെയ്യുന്നതിനും നിലവിൽ ഒരു സംവിധാനവും തന്ത്രവും ഇല്ല എന്നു പറയുകയും ചെയ്തു. എറണാകുളത്തും ചുറ്റുമുള്ള ചില പഞ്ചായത്തുകളിൽ ഒരു പൈലറ്റ് സ്റ്റഡി നടത്തുകയും അതിന്റെ അടിസ്ഥാനത്തിൽ സാനിറ്ററി മാലിന്യം ഉൾപ്പെടെയുള്ള ഗാർഹിക ബയോ-മെഡിക്കൽ മാലിന്യ ശേഖരണവും നിർമ്മാർജ്ജനവും സംബന്ധിച്ച മാർഗ്ഗരേഖകൾ പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട് (2022 മെയ്) എന്നും പറയുകയുണ്ടായി.

59 കൊച്ചി കോർപ്പറേഷൻ, നെയ്യാറ്റിൻകര, ഏലൂർ, ആലുവ മുനിസിപ്പാലിറ്റികൾ

യു.എൽ.ബി.കളിൽ സാനിറ്ററി മാലിന്യം ശേഖരിക്കുന്നതിനും സംസ്കരിക്കുന്നതിനും സൗകര്യമൊരുക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കേണ്ടതുണ്ട്.

**റെയിൽവേ സ്റ്റേഷനുകളിൽ നിന്നുള്ള മാലിന്യം ശേഖരിക്കാതിരുന്നതു മൂലമുള്ള പരിസ്ഥിതി മലിനീകരണം**

റയിൽവേ സ്റ്റേഷനിലെ മാലിന്യ സംസ്കരണത്തിനും നിർമ്മാർജ്ജനത്തിനും ആവശ്യമായ റിസോഴ്സ് റിക്കവറി ഫെസിലിറ്റിയുടെ പ്രവർത്തനത്തിനും പരിപാലനത്തിനുമായി, തിരുവനന്തപുരം സെൻട്രൽ റയിൽവേ സ്റ്റേഷൻ സി.കെ.സി.എല്ലു.മായി ധാരണാപത്രത്തിൽ ഏർപ്പെട്ടു (2020 സെപ്റ്റംബർ). ബയോകംപോസ്റ്റർ മെഷീൻ പ്രവർത്തനക്ഷമമല്ലാത്തതു കാരണം വേർതിരിച്ച ജൈവമാലിന്യം കെട്ടുകെട്ടായി ഫെസിലിറ്റിയുടെ പുറത്ത് കൂട്ടിയിട്ടത്, ദുഷിച്ച ഗന്ധം ഉണ്ടാകുന്നതിനും മാലിന്യകൂമ്പാരത്തിൽ നിന്ന് ലീച്ചെറ്റ് ഊർന്നൊലിക്കുന്നതിനും ഇടയാക്കി. ഈ ജൈവമാലിന്യം, സി.കെ.സി.എൽ. എടുത്തുമാറ്റി കെ.ഇ.ഐ.എൽ.-ന്റെ ലാൻഡ്ഫില്ലിലേക്ക് കൊണ്ടു പോകുമെന്ന് റെയിൽവേ അധികാരികൾ പറഞ്ഞു. എന്നാൽ, ഈ മാലിന്യം സി.കെ.സി.എൽ. തിരുവനന്തപുരം ജില്ലയിലെ പാലിയോട് എന്ന സ്ഥലത്തെ സ്വകാര്യഭൂമിയിൽ കുഴിച്ചുമൂടുകയായിരുന്നു[60] എന്നാണ് സി.കെ.സി.എല്ലി.ലെ രേഖകളുടെ പരിശോധന വെളിപ്പെടുത്തിയത്. മാലിന്യത്തിന്റെ കാര്യക്ഷമമായ പരിപാലനം നടപ്പാക്കേണ്ട ഏജൻസി തന്നെ ഇത്തരം അശാസ്ത്രീയ നിർമ്മാർജ്ജന രീതികൾ അവലംബിക്കുന്നത് ന്യായീകരിക്കത്തക്കതല്ല.

ഇതിനുപുറമെ റെയിൽവേ സ്റ്റേഷനിലും ഡിപ്പോ പരിസരത്തും ഉൽപാദിപ്പിക്കുന്ന ദ്രവമാലിന്യങ്ങൾ സംസ്കരിക്കുന്നതിനുള്ള മലിനജലസംസ്കരണ പ്ലാന്റിന്റെ പണി പൂർത്തീകരിച്ചിട്ടില്ല എന്നും ഓഡിറ്റ് നിരീക്ഷിച്ചു. പ്ലാന്റ് ഇതുവരെയും

---

60 തെരുവുകൾ തുറന്ന പൊതു ഇടങ്ങൾ, അഴുക്കുചാലുകൾ മുതലായവയിൽ മാലിന്യം തള്ളുകയോ/ വലിച്ചെറിയുകയോ/നിർമ്മാർജ്ജനം ചെയ്യുകയോ കത്തിക്കുകയോ കുഴിച്ചുമൂടുകയോ ചെയ്യരുതെന്നും, മാലിന്യം ഉറവിടത്തിൽ തന്നെ വേർതിരിച്ച് മാലിന്യം ശേഖരിക്കാൻ അംഗീകാരമുള്ളവർക്ക് കൈമാറണമെന്നും, മുനിസിപ്പൽ അധികാരികൾ നേരിട്ട് മാലിന്യം ഉൽപാദിപ്പിക്കുന്നവരോട് നിർദ്ദേശിക്കണമെന്ന് എം.എസ്.ഡബ്ല്യു.എം. മാനവൽ ആവശ്യപ്പെടുന്നു.

പ്രവർത്തനക്ഷമമാക്കാത്തതുമൂലം പുറപ്പെടുവിക്കുന്ന മലിനജലം റെയിൽവേ കോമ്പൗണ്ടിന്റെ അടിയിലൂടെ ഒഴുകുന്ന ആമയിഴഞ്ചാൻ തോടിലേയ്ക്ക് ഒഴുക്കിയിരുന്നു. കനാലിലേക്ക് വലിച്ചെറിയുന്ന പ്ലാസ്റ്റിക് മാലിന്യത്തിനു പുറമെ ദ്രവമാലിന്യവും ഒഴുക്കി വിടുന്നത് ജലാശയത്തെ മലിനമാക്കുന്നത് കൂടാതെ, മഴക്കാലത്ത് നഗരങ്ങളിൽ വെള്ളപ്പൊക്കത്തിന്റെ സാദ്ധ്യതയ്ക്കും വഴിതെളിക്കുന്നു.

(കംപ്ട്രോളർ ആൻഡ് ഓഡിറ്റർ ജനറൽ ഓഫ് ഇൻഡ്യയുടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ സംബന്ധിച്ച 2021 മാർച്ചിൽ അവസാനിച്ച 'നഗര തദ്ദേശസ്ഥാപനങ്ങളിലെ മാലിന്യ പരിപാലനം' എന്ന വിഷയത്തിൽ നടത്തിയ പ്രവർത്തനക്ഷമത ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡികകൾ 3.2.2, 3.2.3)

ഓഡിറ്റ് ഖണ്ഡികകൾക്ക് സർക്കാരിൽ നിന്നും ലഭിച്ച മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

100) റെയിൽവേ സ്റ്റേഷനുകളുമായി ബന്ധപ്പെട്ട മാലിന്യം ശേഖരിക്കുന്നതിന്റെ നിലവിലെ സ്ഥിതിയെന്താണെന്ന് പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ ആരാഞ്ഞതിന് റെയിൽവേ അധികൃതരുമായി ഇക്കാര്യത്തിൽ വിശദമായ ചർച്ച നടത്തിയിരുന്നുവെന്നും ബ്രഹ്മപുരം മാലിന്യ പ്ലാന്റുമായി ബന്ധപ്പെട്ട കേസുകളിൽ ഹൈക്കോടതി റെയിൽവേയെ ഇംപ്ലീഡ് ചെയ്തിരിക്കുകയാണെന്നും അതിന്റെ ഭാഗമായി രണ്ട് തരത്തിലുള്ള ഇടപെടലുകളാണ് നടത്തുന്നതെന്നും ഒന്നാമത്തേത് റെയിൽവേ സ്റ്റേഷന്റെ പരിസരത്തുള്ള മാലിന്യ സംസ്കരണവും രണ്ടാമത്തേത് റെയിൽ പാതയോരത്തുണ്ടാകുന്ന മാലിന്യം ക്ലീൻ ചെയ്യുന്നതിനുള്ള ക്രമീകരണവുമാണെന്നും സതേൺ റെയിൽവേയുടെ തിരുവനന്തപുരം, പാലക്കാട് ഡിവിഷനുകൾ ഇക്കാര്യത്തിൽ ശക്തമായ നടപടികൾ സ്വീകരിച്ച് മാലിന്യങ്ങൾ നീക്കംചെയ്യുന്നതിനുള്ള ക്രമീകരണം നടത്തി അതിന്റെ റിപ്പോർട്ട് നൽകുന്നുണ്ടെന്നും റെയിൽവേയുടെ സംവിധാനങ്ങളിൽ ഇതിന്റെ ഭാഗമായി ഫോർവേഡ് ലിങ്കേജ്

ഏർപ്പെടുത്തണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ടെന്നും കൂടാതെ റെയിൽവേ സ്റ്റേഷനുകളിലെ കടകളിൽ നിന്നും പരിസരത്തുനിന്നും വരുന്ന മാലിന്യങ്ങളുടെ കാര്യത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്ന് സംയുക്തമായി മാലിന്യ നിർമ്മാർജ്ജനം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുമെന്നും മാലിന്യങ്ങൾ നിക്ഷേപിക്കുന്നത് തടയുന്നതിനാവശ്യമായ സർവൈലൻസ് സംവിധാനം പ്രാദേശികമായി ഏർപ്പെടുത്തി 100 ശതമാനം മാലിന്യമുക്തമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമെന്നും തദ്ദേശസ്വയംഭരണ വകുപ്പ് അഡിഷണൽ ചീഫ് സെക്രട്ടറി മറുപടി നൽകി. പ്രസ്തുത വിഷയത്തിന്റെ നിലവിലെ സ്ഥിതി വ്യക്തമാക്കുന്ന വിശദമായ റിപ്പോർട്ട് ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

## നിഗമനങ്ങൾ/ശിപാർശകൾ

**101) ഓഡിറ്റ് പരാമർശങ്ങളുമായി ബന്ധപ്പെട്ട് നിലവിലെ സ്ഥിതി വ്യക്തമാക്കുന്ന വിശദമായ റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**പരിവഹനം**

മാലിന്യം നിറഞ്ഞുകവിയുന്നതും ചിന്നിച്ചിതറിക്കിടക്കുന്നതും ഒഴിവാക്കുന്നതിനായി പതിവായും ക്രമമായും, മുൻകൂട്ടി അറിയിച്ചുകൊണ്ടുള്ള ഇടവേളകളിൽ പ്രവർത്തിക്കുന്ന രീതിയിൽ, ശരിയായ സംയോജനത്തോടെയുള്ള പ്രാഥമികതലത്തിലും ദ്വിതീയ തലത്തിലുമുള്ള ശേഖരണ-പരിവഹന-സംവിധാനമാണ് എം.എസ്.ഡബ്ല്യൂ.എം. മാന്വൽ നിഷ്കർഷിക്കുന്നത്. ഇതിനുപുറമെ, മാലിന്യം കൊണ്ടുപോകുന്ന വാഹനങ്ങൾ മാലിന്യസംഭരണ ഡിപ്പോയിലെ സജ്ജീകരണങ്ങളുടെ രൂപകല്പനയുമായി യോജിക്കുന്നതും, അനായാസം പ്രവർത്തിപ്പിക്കാവുന്നതും, വേർതിരിക്കപ്പെട്ട മാലിന്യങ്ങൾ വഹിച്ചു കൊണ്ടു പോകുവാൻ കഴിവുള്ളതുമായിരിക്കണം. ഉല്പാദനവും

മാലിന്യശേഖരണവും ശാസ്ത്രീയമായി നിർണ്ണയിക്കാൻ യു.എൽ.ബികൾ ശ്രമിക്കാത്തതിനാൽ വാഹനങ്ങളുടെ ആവശ്യകതയെക്കുറിച്ച് യഥാർത്ഥമായി വിലയിരുത്താൻ യു.എൽ.ബികൾക്ക് കഴിഞ്ഞില്ലെന്ന് ഓഡിറ്റ് നിരീക്ഷിച്ചു.

മാലിന്യം കൊണ്ടുപോകാൻ ഉപയോഗിക്കുന്ന വാഹനങ്ങൾ മൂടിയുള്ളതും മാലിന്യം പൊതുജനങ്ങൾക്ക് ദൃശ്യമാകാത്ത രീതിയിൽ കൊണ്ടു പോകാവുന്നതും ആയിരിക്കണം. സംസ്കരണ നിർമ്മാർജ്ജന സംവിധാനത്തിലേക്കു കൊണ്ടുപോകുമ്പോൾ മാലിന്യവും ലീച്ചെറ്റും വഴിയിൽ ഊർന്നുവീഴുന്നത് തടയാൻ ശരിയായ ശ്രദ്ധ നൽകണം. പ്രാദേശിക സാഹചര്യങ്ങളും സംസ്കരണ കേന്ദ്രത്തിന്റെ സ്ഥാനവും കണക്കിലെടുത്ത് ഉന്തുവണ്ടികൾ, ഓട്ടോ ടിപ്പറുകൾ, ടിപ്പർ ട്രക്കുകൾ, കോംപാക്ടറുകൾ എന്നിവ പോലുള്ള വിവിധതരം വാഹനങ്ങൾ മാലിന്യ ശേഖരണത്തിനും പരിവഹനത്തിനുമായി യു.എൽ.ബികൾ ഉപയോഗിക്കുന്നു.

<u>വേർതിരിവ് ഇല്ലാത്ത വാഹനങ്ങളും/കവചിതമല്ലാത്ത വാഹനങ്ങളും ഉപയോഗിച്ചത്</u>

അതാത് സംസ്കരണ നിർമ്മാർജ്ജന കേന്ദ്രത്തിലേക്ക് മാലിന്യം കൊണ്ടുപോകുമ്പോൾ, വേർതിരിക്കപ്പെട്ട മാലിന്യം പരിവാഹനത്തിന്റെ ഒരു ഘട്ടത്തിലും ഇടകലരുന്നില്ലായെങ്കിൽ മാത്രമേ ഉറവിടത്തിലെ വേർതിരിക്കൽ വിജയകരമാകുകയുള്ളൂ. പരിശോധന നടത്തിയ യു.എൽ.ബികളിൽ, ഏഴിടങ്ങളിൽ[61] കവചിതമല്ലാത്ത വാഹനങ്ങൾ മാലിന്യം കൊണ്ടുപോകുന്നതിന് ഉപയോഗിച്ചത്, മാലിന്യം വഴിനീളെ ഊർന്നുവീഴുന്നതിനും, ചിന്നിച്ചിതറുന്നതിനും ഇടയാക്കി. തെരഞ്ഞെടുത്ത യു.എൽ.ബികളിൽ മാലിന്യ പരിവഹനത്തിന് ഉപയോഗിച്ചിരുന്ന വിവിധ ഇനം വാഹനങ്ങളിൽ, 35.24 ശതമാനം വാഹനങ്ങൾക്ക് മാത്രമേ വേർതിരിക്കൽ ഉണ്ടായിരുന്നുള്ളൂ. 58.13 ശതമാനം വാഹനങ്ങൾ റിപ്പയർ പണികൾ, ഫിറ്റ്നസ്സിന്റെ നഷ്ടം എന്നിങ്ങനെയുള്ള വിവിധ കാരണങ്ങളാൽ പ്രവർത്തനക്ഷമമായിരുന്നില്ല

61 കൊച്ചി, തിരുവനന്തപുരം കോർപ്പറേഷനുകൾ, ആലുവ, കോതമംഗലം, മൂവാറ്റുപുഴ, നെടുമങ്ങാട്, നെയ്യാറ്റിൻകര മുനിസിപ്പാലിറ്റികൾ

നിലവിലുള്ള മൂടിയില്ലാത്ത വാഹനങ്ങൾ കവചിത വാഹനങ്ങളാക്കി മാറ്റപ്പെട്ടുകൊണ്ടിരിക്കുകയാണെന്നും മാലിന്യം കൊണ്ടുപോകുന്ന വാഹനങ്ങളിൽ ജി.പി.എസ്. ലഭ്യമാക്കുന്നത് ഉറപ്പാക്കുമെന്നും സർക്കാർ മറുപടി പറഞ്ഞു. (2022 മെയ്)

**<u>മാലിന്യ പരിവഹനത്തിനുള്ള സ്വന്തം വാഹനങ്ങൾ നിഷ്ക്രിയമായി കിടക്കുകയും സ്വകാര്യ വാഹനങ്ങൾ വാടകയ്ക്ക് എടുക്കുകയും ചെയ്തത്</u>**

മാലിന്യം നീക്കുന്നതിനായി കൊച്ചി കോർപ്പറേഷന് (കോർപ്പറേഷൻ) 97 വാഹനങ്ങൾ ഉണ്ട്. ഇതിൽ 66 വാഹനങ്ങൾ[62] ഓഡിറ്റിൽ ഉൾപ്പെടുത്തിയിരുന്ന അഞ്ചുവർഷക്കാലം റോഡിൽ ഇറക്കാൻ കഴിയാത്ത നിലയിൽ ആയിരുന്നു. വാഹനങ്ങൾ ഉപയോഗിക്കാതെ കിടന്നിരുന്നതിന്റെ മുഖ്യകാരണം ഫിറ്റ്നസ്സ് ലഭ്യമാക്കാനുള്ള, നാല് മാസം മുതൽ 74 മാസം വരെ നീണ്ട കാലതാമസമായിരുന്നു. നടപടിക്രമങ്ങളിലെ താമസത്തിന് പുറമേ ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റി/യു.എൽ.ബികളുടെ കൗൺസിലുകൾ എന്നിവയിൽ നിന്നും അനുമതി ലഭിക്കുവാനും കോൺട്രാക്ടർമാർ കേട്ടുപാടുകൾ പരിഹരിക്കുന്നതിനും ഗണ്യമായ കാലതാമസം ഉണ്ടായി എന്ന് ഓഡിറ്റ് നിരീക്ഷിച്ചു. 2022 മാർച്ച് വരെ കവചിത ടിപ്പറുകളുടെ കാര്യത്തിൽ 15 മാസങ്ങൾ വരെയും, കോംപാക്ടറുകൾക്ക് 23 മാസങ്ങൾ വരെയും, ജെസിബിക്ക് 41 മാസങ്ങൾ വരെയും, മിനി ജെസിബിക്ക് 62 മാസങ്ങൾ വരെയും, ആപ്പെ ട്രക്കുകൾക്ക് 74 മാസങ്ങൾ വരെയും ആയിരുന്നു കാലതാമസം നേരിട്ടത്. ഫിറ്റ്നസ് സംബന്ധമായ ക്ലിയറൻസ് കിട്ടാത്തത് കാരണം ഈ വാഹനങ്ങൾ ഇപ്പോഴും റോഡിൽ ഇറക്കാൻ സാധിക്കാതെ കിടക്കുന്നു. മാലിന്യ പരിവഹനത്തിനായി കോർപ്പറേഷൻ വാഹനങ്ങൾ വാടകയ്ക്ക് എടുക്കുന്നതിനായി 2017-2021 കാലയളവിൽ ₹27.53 കോടി ചെലവാക്കുകയുണ്ടായി.

സമാന്തരമായി കോർപ്പറേഷൻ 2020 ജൂലൈ വരെ ഖര/പ്ലാസ്റ്റിക് മാലിന്യങ്ങൾക്ക് ₹450/ടൺ മുതൽ ₹2100/ടൺ എന്ന തോതിൽ, കരാർ അടിസ്ഥാനത്തിൽ ശരാശരി 44 വാഹനങ്ങൾ വാടകയ്ക്ക് എടുത്തിരുന്നു. കരാർ

62 ഒൻപത് കോംപാക്ടറുകൾ, മൂന്ന ജെ.സി.ബി.കൾ, 14 മൂടിയുള്ള ടിപ്പറുകൾ, 37 ആപ്പെ ട്രക്കുകൾ, ഒരു ഓപ്പൺ ടിപ്പർ, രണ്ടു വാനുകൾ

2020 ജൂലൈ മുതൽ പ്രാബല്യത്തിൽ വരുന്ന തരത്തിൽ പുതുക്കുകയും ഓരോ വാഹനത്തിനും 4850/വാഹനം/ദിവസം വരെ നൽകി വാടകയ്ക്ക് എടുക്കുകയും ചെയ്തു.

ഫിറ്റ്നസ് ലഭിക്കാൻ സ്വീകരിച്ച നടപടിക്രമങ്ങളായ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും കൗൺസിലിന്റെയും അനുമതി, വാഹനങ്ങളുടെ അറ്റകുറ്റപ്പണിക്ക് കൊട്ടേഷൻ ക്ഷണിക്കൽ, പണം നൽകുവാൻ കമ്മിറ്റിയുടെയും കൗൺസിലിന്റെയും അംഗീകാരം ലഭ്യമാക്കൽ എന്നിവമൂലം ഫിറ്റ്നസ് ക്ലീയറൻസ് ലഭിക്കുവാൻ കാലതാമസം ഉണ്ടായതായി സർക്കാർ മറുപടി പറഞ്ഞു (2022 മെയ്). വാഹനങ്ങൾ ദീർഘകാലം റോഡിൽ ഇറക്കാൻ സാധിക്കാതെ കിടക്കുവാൻ ഇടയാക്കിയ നടപടിക്രമങ്ങളിലെ കാലതാമസം കുറയ്ക്കുന്നതിന് കോർപ്പറേഷന് ഫലപ്രദമായി ഇടപെടാമായിരുന്നു എന്നതിനാൽ മറുപടി ന്യായീകരിക്കത്തക്കതല്ല. കൂടാതെ ഒഴിവാക്കാമായിരുന്ന ഭരണപരമായ താമസം മൂലം സ്വന്തം വാഹനങ്ങൾ റോഡിൽ ഇറക്കാൻ സാദ്ധ്യമല്ലാതെ കിടക്കുമ്പോൾ, വാഹനങ്ങൾ വാടകയ്ക്ക് എടുക്കുന്നതിനായി യു.എൽ.ബികൾ ഗണ്യമായ തുകകൾ ചെലവിടുന്നത് സ്വീകാര്യമായ പ്രവണത അല്ല.

തിരുവനന്തപുരം കേർപ്പറേഷന് സ്വന്തമായി 120 വാഹനങ്ങൾ ഉണ്ടായിരുന്നതിൽ 107 വാഹനങ്ങൾ, ജൈവമാലിന്യം വീടുവീടാന്തരം ശേഖരിച്ച് വിളപ്പിൽശാലയിലെ വിൻഡ്രോ കംപോസ്റ്റ് സെന്ററിലേയ്ക്ക് കൊണ്ടു പോകാനായി 2006 മുതൽ 2010 വരെയുള്ള കാലയളവിൽ വാങ്ങിയതായിരുന്നു. 2011 ഡിസംബറിൽ പ്ലാന്റ് അടച്ചു പൂട്ടിയതോടുകൂടി വീടുവീടാന്തരം ജൈവമാലിന്യം ശേഖരിക്കുന്നത് കോർപ്പറേഷൻ നിർത്തലാക്കുകയും ജൈവമാലിന്യം ഉറവിടത്തിൽ തന്നെ സംസ്കരിക്കുന്നത് പ്രോത്സാഹിപ്പിക്കുകയും ചെയ്തു. തുടർന്ന് റോഡു വൃത്തിയാക്കാനും വലിച്ചെറിയുന്ന മാലിന്യം മാറ്റുവാനും, പ്ലാസ്റ്റിക് മാലിന്യം എം.സി.എഫുകളിൽ നിന്നും ആർ.ആർ.എഫുകളിലേയ്ക്കു നീക്കുവാനും മാത്രമായി വാഹനങ്ങൾ ഉപയോഗിക്കുകയും ചെയ്തു. കോർപ്പറേഷൻ വാങ്ങിയ 29 ടിപ്പർ ലോറികളിൽ 13 എണ്ണം മാർച്ച് 2015 മുതൽ മാർച്ച് 2022 വരെ ഉപയോഗിച്ചിരുന്നില്ല എന്ന് ഓഡിറ്റ് നിരീക്ഷിച്ചു. ബാക്കിയുള്ള 16 ടിപ്പറുകളിൽ മൂന്നെണ്ണം മാത്രമേ

പതിവായി ഉപയോഗിച്ചിരുന്നുള്ളൂ. അതുവഴി 26 വാഹനങ്ങൾ വളരെ കുറച്ച് മാത്രം ഉപയോഗിക്കുന്നതിനോ/ ഉപയോഗിക്കാതിരിക്കുന്നതിനോ ഇടയാക്കി. ഇവയിൽ 13 വാഹനങ്ങൾ ഏഴ് മുതൽ 10 വർഷങ്ങൾ വരെ ഉപയോഗിച്ചിട്ടില്ല. ഓഡിറ്റ് നടന്ന അഞ്ചുകൊല്ലകാലയളവിലെ ബാക്കിയുള്ള വാഹനങ്ങളുടെ ശരാശരി വാർഷിക ഉപയോഗം ഏഴ് മുതൽ 44 ദിവസങ്ങൾ വരെ ആയിരുന്നു. പന്ത്രണ്ട് ടിപ്പറുകളുടെ ലേലം കോർപ്പറേഷൻ നടത്തിയതിൽ (2022 ഏപ്രിൽ), എട്ട് എണ്ണം തുച്ഛമായ ₹രണ്ട് ലക്ഷം/ ടിപ്പർ എന്ന തുകയ്ക്ക് വിൽക്കുകയുണ്ടായി. തിരുവനന്തപുരം കോർപ്പറേഷൻ ഏകദേശം 26 വാഹനങ്ങൾ യഥാർത്ഥ ഉപയോഗം ഇല്ലാതെ സൂക്ഷിച്ചിരുന്നതിനു പകരം, ദിവസേന 40-50 ടിപ്പറുകൾ വാടകയ്ക്ക് എടുക്കുന്ന കൊച്ചി കോർപ്പറേഷൻ പോലെയുള്ള ആവശ്യക്കാരായ മറ്റു യു.എൽ.ബി.കൾക്ക് കൈമാറാൻ വേണ്ട സമയോചിത നടപടികൾ എടുക്കാമായിരുന്നു. ഇതുവഴി വാഹനങ്ങൾ ഉപയോഗിക്കാതെ കിടക്കുന്നതും, പൊതു പണം നഷ്ടപ്പെടുത്തുന്നതും ഒഴിവാക്കാമായിരുന്നു.

(കംപ്ട്രോളർ ആൻഡ് ഓഡിറ്റർ ജനറൽ ഓഫ് ഇൻഡ്യയുടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ സംബന്ധിച്ച 2021 മാർച്ചിൽ അവസാനിച്ച നഗര തദ്ദേശസ്ഥാപനങ്ങളിലെ മാലിന്യ പരിപാലനം എന്ന വിഷയത്തിൽ നടത്തിയ പ്രവർത്തനക്ഷമത ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡികകൾ 3.3, 3.3.1, 3.3.2)

ഓഡിറ്റ് ഖണ്ഡികകൾക്ക് സർക്കാരിൽ നിന്നും ലഭിച്ച മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

102) മാലിന്യ നീക്കത്തിനുള്ള വാഹനങ്ങൾ റിപ്പയർ ചെയ്യുന്നതിൽ കാലതാമസം സംഭവിച്ചത് സംബന്ധിച്ചായിരുന്നു ഓഡിറ്റ് പരാമർശമെന്നും നിലവിൽ മെക്കാനിക്കൽ എഞ്ചിനീയറെ നിയമിച്ച് റിപ്പയറിംഗ് ജോലികൾ തീർത്ത് എല്ലാ വാഹനങ്ങളും നിരത്തിലിറക്കി പ്രശ്നം പരിഹരിച്ചിട്ടുണ്ടെന്നും 15 വർഷം കഴിഞ്ഞ 15 വാഹനങ്ങൾ നിരത്തിലിറക്കാൻ കഴിയാതെ ലേലം ചെയ്യേണ്ടിവന്നതിനാലാണ് വാഹനങ്ങൾ വാടകയ്ക്ക് എടുത്തതെന്നും നിലവിൽ 15 ടിപ്പർ ലോറികൾ ഓർഡർ ചെയ്തിട്ടുണ്ടെന്നും അവ ലഭ്യമാകുന്ന മുറയ്ക്ക് വാടക വാഹനങ്ങൾ ഒഴിവാക്കാൻ സാധിക്കുമെന്നും കൊച്ചി കോർപ്പറേഷൻ അഡീഷണൽ സെക്രട്ടറി മറുപടി നൽകി.

103) വാഹനങ്ങൾ വാടകയ്ക്ക് എടുക്കുന്നതാണോ സ്വന്തം വാഹനമാണോ സാമ്പത്തികമായി ലാഭമെന്ന് പരിശോധിക്കേണ്ടതുണ്ടെന്നും വാഹനങ്ങൾ വാടകയ്ക്ക് എടുക്കുന്നത് ലാഭമാണെന്നാണ് തന്റെ അഭിപ്രായമെന്നും സമിതി അംഗം അഭിപ്രായപ്പെട്ടതിന് വാഹനം വാങ്ങിയതിനുശേഷം നിഷ്ക്രിയമായി കിടക്കുകയും സ്വകാര്യ വാഹനങ്ങൾ വാടകയ്ക്ക് എടുക്കുകയും ചെയ്യുവെന്നാണ് ഓഡിറ്റ് പരാമർശമെന്നും വാഹനം വാടകയ്ക്ക് എടുക്കുന്നതിന് ഓഡിറ്റ് തടസ്സമില്ലെന്നും പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ വ്യക്തത വരുത്തി.

104) സ്വന്തം വാഹനമുണ്ടായിട്ടും ഉപയോഗിച്ചില്ലെന്നുള്ളതാണ് ഓഡിറ്റ് തടസ്സമെന്നും പ്രസ്തുത വിഷയത്തിൽ ബഹുമാനപ്പെട്ട ഹൈക്കോടതി ഇടപെട്ടിരുന്നുവെന്നും ഓരോ ഹിയറിങ്ങിലും സ്റ്റാറ്റസ് ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ കുറെ വാഹനങ്ങളുടെ അറ്റകുറ്റപണികൾ പൂർത്തിയാക്കി നിരത്തിലിറക്കുകയും എഞ്ചിനീയറെ നിയമിച്ചില്ലെന്ന കുറവ് പരിഹരിക്കുകയും ചെയ്തിട്ടുണ്ടെന്നും തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി വിശദീകരിച്ചു. വിഷയത്തിന്റെ നിലവിലെ സ്ഥിതി വ്യക്തതമാക്കുന്ന വിശദമായ റിപ്പോർട്ട് ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

105) 2011-ൽ വിളപ്പിൽശാല മാലിന്യ പ്ലാന്റിന്റെ പ്രവർത്തനം നിലച്ചതിനാൽ തിരുവനന്തപുരം കോർപ്പറേഷനിലെ മാലിന്യങ്ങൾ നീക്കം ചെയ്യാൻ കഴിയാതെ വരുകയും അവിടെ ഉപയോഗിച്ചിരുന്ന വാഹനങ്ങൾ ഉപയോഗശൂന്യമാകുകയും ചെയ്തുവെന്നും പ്രസ്തുത വാഹനങ്ങൾ കൊച്ചി കോർപ്പറേഷന് നൽകാതിരുന്നതാണ് ഓഡിറ്റ് പരാമർശമെന്നും അവയെല്ലാം കോർപ്പറേഷന്റെ ഫണ്ട് ഉപയോഗിച്ച് വാങ്ങിയതാണെന്നും തിരുവനന്തപുരം കോർപ്പറേഷൻ ഹെൽത്ത് ഓഫീസർ മറുപടി നൽകി.

106) ചെറിയ നിരക്ക് ഈടാക്കി കൊച്ചി കോർപ്പറേഷന് നൽകാൻ സാധിക്കില്ലേയെന്ന് സമിതി തുടർന്ന് ആരാഞ്ഞതിന് അക്കാര്യം സർക്കാരാണ് തീരുമാനിക്കേണ്ടതെന്നും കോർപ്പറേഷന് തീരുമാനമെടുക്കാൻ സാധിക്കില്ലെന്നും

നിലവിൽ വാഹനങ്ങൾ ഉപയോഗശൂന്യമാണെന്നും പലതും ലേലം ചെയ്ത് പോയിട്ടുമുണ്ടെന്നും തിരുവനന്തപുരം കോർപ്പറേഷൻ ഹെൽത്ത് ഓഫീസർ വ്യക്തമാക്കി. പ്രസ്തുത വിഷയത്തിന്റെ നിലവിലെ സ്ഥിതി വ്യക്തമാക്കുന്ന വിശദമായ റിപ്പോർട്ട് ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിച്ചു. വിശദമായ റിപ്പോർട്ട് ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കിയാൽ പരാമർശങ്ങൾ ഒഴിവാക്കാൻ സാധിക്കുമെന്ന് പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ അറിയിച്ചു.

## നിഗമനങ്ങൾ/ശിപാർശകൾ

107) മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിനുള്ള വാഹനങ്ങൾ യഥാസമയം റിപ്പയർ ചെയ്യാതെ ഉപയോഗശൂന്യമായി പോകുന്നതായി മനസ്സിലാക്കിയ സമിതി, സ്വന്തമായി വാഹനം ഉണ്ടായിട്ടും അവ ഉപയോഗിക്കാതെ സ്വകാര്യ വാഹനങ്ങൾ വാടകയ്ക്ക് എടുത്ത് ഉപയോഗിക്കുന്ന പ്രവണത ശരിയല്ലെന്ന് അഭിപ്രായപ്പെട്ടു.

108) മാലിന്യ പരിഹാരത്തിനുള്ള സ്വന്തം വാഹനങ്ങൾ നിഷ്ക്രിയമായി കിടക്കുകയും സ്വകാര്യ വാഹനങ്ങൾ വാടകയ്ക്ക് എടുക്കുകയും ചെയ്തു എന്ന ഓഡിറ്റ് പരാമർശത്തിൽ നടപടി സ്വീകരിച്ച് നിലവിലെ സ്ഥിതി വ്യക്തമാക്കുന്ന വിശദമായ റിപ്പോർട്ട് ലഭ്യമാക്കാൻ സമിതി നിർദ്ദേശിക്കുന്നു.

ടി. പി. രാമകൃഷ്ണൻ,
അദ്ധ്യക്ഷൻ,
ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി.

തിരുവനന്തപുരം,
2026 ഫെബ്രുവരി ..23

## അനുബന്ധം - I

### പ്രധാനപ്പെട്ട നിഗമനങ്ങളും/ശിപാർശകളും

| ക്രമ നം. | ഖണ്ഡിക നമ്പർ | ബന്ധപ്പെട്ട വകുപ്പ് | നിഗമനങ്ങൾ/ശിപാർശകൾ |
|---|---|---|---|
| 1 | 18 | തദ്ദേശസ്വയംഭരണ വകുപ്പ് | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അധികാരപരിധിയിൽ ഉൽപാദിപ്പിക്കപ്പെടുന്ന മാലിന്യത്തിന്റെ അളവും തരവും നിർണ്ണയിക്കുന്നതിന് കെ. എസ്. ഡബ്ല്യ. എം. പി (കേരള ഖരമാലിന്യ നിർമ്മാർജ്ജന പദ്ധതി) വിശദമായ രീതിയിൽ പഠനം നടത്തിയതായും, മാലിന്യമുക്ത നവകേരളം ക്യാമ്പയിനിലൂടെയും ഹരിതകർമ്മസേനയുടെ പ്രവർത്തനങ്ങൾ വഴിയും സംസ്ഥാനത്ത് മാലിന്യ നിർമ്മാർജ്ജനം ഊർജ്ജിതമായി നടക്കുന്നതായും, മാലിന്യ നിർമാർജ്ജന പ്രവർത്തനങ്ങളിൽ ഹരിതകർമ്മ സേനാംഗങ്ങളുടെ പ്രവർത്തനം ശ്ലാഘനീയമാണെന്നും സമിതി അഭിപ്രായപ്പെടുന്നു. |
| | 19 | " | മാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങളിൽ പ്രാദേശിക കൂട്ടായ്മകൾ രൂപപ്പെടുത്തണമെന്നും അത്തരം കൂട്ടായ്മകളിലൂടെ നദിയുടെയും മറ്റും സംരക്ഷണം നടത്തുകയാണെങ്കിൽ നദി സംരക്ഷണവും മാലിന്യ നിർമ്മാർജ്ജനവും തങ്ങളുടെ കൂടെ ഉത്തരവാദിത്തമാണെന്ന ബോധ്യത്തിലേക്ക് ആളുകളെ എത്തിക്കാൻ സാധിക്കുമെന്നും അതിനാൽ അത്തരം ശ്രമങ്ങൾ കൂടി ഉണ്ടാകണമെന്നും സമിതി നിർദ്ദേശിക്കുന്നു. |
| | 20 | " | പ്രൈമറിതലം മുതൽ മാലിന്യ നിർമ്മാർജ്ജന വിഷയത്തിൽ കുട്ടികൾക്ക് ബോധവത്കരണം നൽകേണ്ടത് അത്യന്താപേക്ഷിതമാണെന്ന് അഭിപ്രായപ്പെട്ട സമിതി ജീവിത |

| | | | |
|---|---|---|---|
| | | | ശൈലിയുടെ ഭാഗമാകുന്ന തരത്തിൽ മാലിന്യ നിർമ്മാർജ്ജനം സ്കൂൾ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തണമെന്ന് നിർദ്ദേശിക്കുന്നു. |
| | 21 | " | നഗരസഭാ പരിധിയിൽ ഉൽപ്പാദിപ്പിക്കപ്പെടുന്ന ഖരമാലിന്യത്തിന്റെ അളവും ഘടനയും കണ്ടെത്തുന്നതിനുള്ള സർവ്വേയുടെ പൂർത്തീകരണ റിപ്പോർട്ട് സമർപ്പിക്കാൻ ശിപാർശ ചെയ്യുന്നു. |
| | 22 | " | മാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങളിൽ സർക്കാർ സ്വീകരിക്കുന്ന നടപടികളിൽ തൃപ്തി രേഖപ്പെടുത്തിയ സമിതി പ്രസ്തുത ഓഡിറ്റ് വിഷയത്തിൽ സർക്കാർ മറുപടി അംഗീകരിച്ചു. |
| 2 | 27 | തദ്ദേശസ്വയംഭരണ വകുപ്പ് | വേസ്റ്റ് മാനേജ്മെന്റുമായി ബന്ധപ്പെട്ട നിയമം നിലവിലുണ്ടെങ്കിലും അതു പ്രകാരം കുറ്റക്കാരിൽ നിന്നും പിഴ ഈടാക്കുന്നതിൽ വകുപ്പ് ശക്തമായ നടപടികൾ സ്വീകരിക്കുന്നില്ലെന്ന് സമിതി മനസ്സിലാക്കുന്നു. കൃത്യമായ പിഴ ഈടാക്കുമ്പോൾ മാത്രമേ ജനങ്ങൾ നിയമം അനുസരിക്കു എന്ന പൊതു സ്വഭാവം ഉണ്ടെന്ന് സമിതി അഭിപ്രായപ്പെട്ടു. |
| | 28 | " | വേസ്റ്റ് മാനേജ്മെന്റിന്റെ കാര്യത്തിൽ കർശനമായ നിലപാട് തദ്ദേശസ്ഥാപനങ്ങൾ സ്വീകരിക്കേണ്ടതാണെന്നും ബോധവത്കരണത്തോടൊപ്പം കൃത്യമായി പിഴ ഈടാക്കുകയും വേണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. |
| 3 | 33 | തദ്ദേശസ്വയംഭരണ വകുപ്പ് | സോളിഡ് വേസ്റ്റ് മാനേജ്മെന്റ് റൂൾ പ്രകാരം സോളിഡ് വേസ്റ്റ് ആക്ഷൻ പ്ലാൻ തയ്യാറാക്കുന്നതിൽ വേണ്ട പുരോഗതി ഉണ്ടായിട്ടില്ലായെന്ന് സമിതി വിലയിരുത്തുന്നു. 93 നഗരസഭകളിൽ 38 നഗരസഭകളിൽ മാത്രമാണ് |

| | | | |
|---|---|---|---|
| | | | ഇത്തരത്തിൽ ആക്ഷൻപ്ലാൻ തയ്യാറാക്കിയിട്ടുള്ളതെന്നും അതിൽ തന്നെ ധാരാളം അപാകതകൾ കണ്ടെത്തിയിട്ടുള്ളതിനാൽ അവ പരിഷ്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നതെയുള്ളൂ എന്നും സമിതി മനസ്സിലാക്കുന്നു. |
| | 34 | " | മാലിന്യ സംസ്കരണത്തിനും നിർമ്മാർജ്ജനം ചെയ്യുന്നതിനും ഉചിതമായ സംവിധാനങ്ങളും സാങ്കേതിക വിദ്യകളും ആവശ്യമായതിനാൽ അതിന് അനുസൃതമായ ആക്ഷൻ പ്ലാനുകൾ തയ്യാറാക്കേണ്ടതിനാൽ എല്ലാ നഗരസഭകളിലും വളരെ വേഗം സോളിഡ് വേസ്റ്റ് ആക്ഷൻ പ്ലാൻ തയ്യാറാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| | 35 | " | വേസ്റ്റ് മാനേജ്മെന്റുമായി ബന്ധപ്പെട്ട പല പദ്ധതികളും നിർവ്വഹണ ഘട്ടത്തിൽ എത്തുമ്പോൾ പദ്ധതിക്കാവശ്യമായ സ്ഥലം ലഭ്യമാകാതെയും പ്രദേശിക എതിർപ്പുകളും കാരണം തടസപ്പെടുന്നതിനാൽ പദ്ധതികൾ തയ്യാറാക്കുന്ന ആദ്യഘട്ടത്തിൽ തന്നെ പദ്ധതിക്കാവശ്യമായ സ്ഥലം കണ്ടെത്തുന്നതിനുള്ള നടപടികളും സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. |
| 4 | 50 | തദ്ദേശസ്വയംഭരണ വകുപ്പ് | മാലിന്യ നിർമ്മാർജ്ജന ചട്ടങ്ങളുടെ വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ബൈലാ തയ്യാറാക്കുന്നതിൽ നഗരസഭകൾക്കും, ബൈലാ അംഗീകരിച്ച് പ്രസിദ്ധീകരിക്കുന്നതിൽ സർക്കാരിനും അനാവശ്യമായ കാലതാമസം ഉണ്ടായതായി സമിതി വിലയിരുത്തുന്നു. |
| | 51 | " | ബൈലാ അംഗീകരിക്കുന്നതിലും പ്രസിദ്ധീകരിക്കുന്നതിലും ഉണ്ടാകുന്ന കാലതാമസം മാലിന്യ നിർമ്മാർജ്ജനവുമായി ബന്ധപ്പെട്ട് നിയമ ലംഘനം നടത്തുന്നവരുടെ മേൽ ചുമത്തുന്ന |

| | | | |
|---|---|---|---|
| | | | പിഴകൾക്ക് നിയമ സാധുത ഇല്ലാതായി തീരുമെന്നതിനാൽ, അടിയന്തരമായി മാലിന്യ നിർമ്മാർജ്ജനത്തിനു വേണ്ടിയുള്ള ബൈലാകൾ രൂപീകരിച്ച് പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. എസ്.ഡബ്ല്യൂ.എം. പ്രോജക്ടുകളുടെ ഡി.പി.ആർ കളുടെ രൂപീകരണം/അംഗീകാരം എന്നിവയ്ക്കുള്ള നടപടിക്രമങ്ങൾക്ക് മൂന്ന് വർഷം വരെ കാലതാമസം ഉണ്ടായെന്നും, യഥാസമയം ഡി.പി.ആർ തയ്യാറാക്കാത്തതിനാൽ 11 യു.എൽ.ബി-കൾക്കുള്ള കേന്ദ്ര വിഹിതം 45.82 കോടി രൂപ നഷ്ടപ്പെടുന്നതിന് കാരണമായതായി സമിതി മനസ്സിലാക്കുന്നു. |
| | 52 | " | ഒരു തരത്തിലുമുള്ള പഠനവും നടത്താതെയാണ് ഡി.പി.ആർ.-കൾ തയ്യാറാക്കിയതെന്നും ഡി.പി.ആർ. തയ്യാറാക്കാൻ ഏജൻസികളെ ഏൽപ്പിച്ചപ്പോൾ അവർക്ക് ഇക്കാര്യത്തിലുള്ള മുൻപരിചയം പരിശോധിച്ചിട്ടില്ലെന്നും സമിതി വിലയിരുത്തി. |
| | 53 | " | ഡി.പി.ആർ.-ലെ തെറ്റുകളെ സംബന്ധിച്ച് പരിശോധിക്കേണ്ട ശുചിത്വമിഷനും, കൃത്യമായ പരിശോധന നടത്താതെ അലംഭാവം കാണിച്ചതായും സർക്കാർ തലത്തിൽ ശരിയായ വിധത്തിലുള്ള റിവ്യൂ നടത്തിയിട്ടില്ലെന്നും സമിതി അഭിപ്രായപ്പെട്ടു. ഡി.പി.ആർ പരിശോധിക്കുന്നതിൽ വീഴ്ച വരുത്തിയവർക്കെതിരെ സ്വീകരിച്ച നടപടിയുടെ വിശദാംശം ലഭ്യമാക്കാനും സമിതി നിർദ്ദേശിക്കുന്നു. |
| | 54 | " | തിരുവനന്തപുരം നഗരസഭ ഉൾപ്പെടെ സംസ്ഥാനത്ത് ഉടനീളം സ്ഥാപിച്ചിട്ടുള്ള ബയോഗ്യാസ് പ്ലാന്റുകളുടെ നിലവിലെ അവസ്ഥ സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കാൻ സമിതി നിർദ്ദേശിക്കുന്നു. |

| | | | |
|---|---|---|---|
| 5 | 61 | തദ്ദേശസ്വയംഭരണ വകുപ്പ് | ഖരമാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട ചുമതലകൾ നിർവ്വഹിക്കാനായി എല്ലാ നഗരസഭകളിലും എസ്.ഡബ്ല്യു.എം. സെൽ രൂപീകരിച്ചിട്ടുണ്ടെന്നും ക്യൂ.ആർ. കോഡ് സ്ഥാപിച്ച് ഹരിതമിത്രം ആപ്പ് ഭൂരിഭാഗം നഗരസഭകളിലും പ്രവർത്തിപ്പിക്കുന്നതായും മനസ്സിലാക്കിയ സമിതി ഓഡിറ്റ് പരാമർശത്തിന്മേലുള്ള സർക്കാർ വിശദീകരണം അംഗീകരിച്ച് ഓഡിറ്റ് പരാമർശങ്ങൾ ഒഴിവാക്കാൻ ശിപാർശ ചെയ്യുന്നു. |
| 6 | 63 | തദ്ദേശസ്വയംഭരണ വകുപ്പ് | മാലിന്യ ശേഖരണ സംസ്കരണത്തിലെ അനൗപചാരിക സംവിധാനങ്ങളുടെ പങ്ക് കൂട്ടുന്നതിന് സ്ക്രാപ് ഡീലേഴ്സ് അസോസിയേഷനുകൾ ഉൾപ്പെടെയുള്ളവരുമായി ചർച്ചകൾ നടത്തിയിട്ടുണ്ടെന്നും സ്ക്രാപ് പോളിസി തയ്യാറാക്കിയിട്ടുള്ളതായും അത് അവസാന ഘട്ടത്തിലാണെന്നുമുള്ള സർക്കാർ മറുപടി അംഗീകരിച്ച സമിതി പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ ശിപാർശ ചെയ്യുന്നു. |
| 7 | 65 | തദ്ദേശസ്വയംഭരണ വകുപ്പ് | 93 നഗരസഭകളിലും ഐ.ഇ.സി. ആക്ഷൻ പ്ലാനുകൾ തയ്യാറാക്കി പ്രവർത്തനങ്ങൾ നടന്നുവരികയാണെന്നുള്ള സർക്കാർ വിശദീകരണം അംഗീകരിച്ച് പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 8 | 70 | തദ്ദേശസ്വയംഭരണ വകുപ്പ് | മാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾക്ക് വേണ്ടി വികസന ഫണ്ടിൽ നിന്നും ചെലവിടുന്ന തുകയുടെ വിശദാംശവും സേവന ഉപനികുതി മുഖേന പിരിച്ചെടുത്ത് മാലിന്യ സംസ്കരണ പ്രവർത്തികൾക്കായി എസ്.ഡബ്ല്യു.എം. സെൽ മുഖേന ചെലവഴിക്കുന്നതിന്റെ വിശദവിവരവും ഹരിതമിത്രം ആപ്പ് മുഖേന യൂസർ ഫീ |

| | | | |
|---|---|---|---|
| | | | ഈടാക്കുന്നത് സംബന്ധിച്ച വിശദാംശവും അടങ്ങുന്ന റിപ്പോർട്ട് ലഭ്യമാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 9 | 76 | തദ്ദേശസ്വയംഭരണ വകുപ്പ് | വേസ്റ്റ് ബിന്നുകൾ സ്ഥാപിച്ചതുമായി ബന്ധപ്പെട്ട വിശദമായ റിപ്പോർട്ട് ലഭ്യമാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| | 77 | " | കായംകുളം, മാവേലിക്കര നഗരസഭകളിലെ കച്ചവട സ്ഥാപനങ്ങളിൽ ബിന്നുകൾ സ്ഥാപിക്കുന്നത് സംബന്ധിച്ച് സ്വീകരിച്ച നടപടികളുടെ വിശദീകരണത്തിലും അങ്കമാലി നഗരസഭയിൽ മാലിന്യസംസ്കരണ സംവിധാനം നിലവിൽ പ്രവർത്തിക്കുന്നുണ്ടെന്നും അതിന്റെ രണ്ടാം ഘട്ട പ്രവൃത്തികൾ നടക്കുകയാണെന്ന വിശദീകരണത്തിലും തൃപ്തി രേഖപ്പെടുത്തിയ സമിതി, ഓഡിറ്റ് പരാമർശങ്ങൾ ഒഴിവാക്കുന്നതിന് ശിപാർശ ചെയ്യു. |
| 10 | 79 | തദ്ദേശസ്വയംഭരണ വകുപ്പ് | അപകടകരമായ ഗാർഹിക മാലിന്യം വേർതിരിക്കുന്നത് സംബന്ധിച്ച് പുറപ്പെടുവിച്ച ഉത്തരവുകളും മാർഗ്ഗനിർദ്ദേശങ്ങളും അതിൻപ്രകാരം കൈക്കൊണ്ട നടപടികളും ലഭ്യമാക്കാൻ സമിതി നിർദ്ദേശിക്കുന്നു. |
| 11 | 85 | തദ്ദേശസ്വയംഭരണ വകുപ്പ് | വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും ശേഖരിക്കുന്ന ജൈവ/അജൈവ മാലിന്യം പൊതു നിരത്തിലേക്ക് വലിച്ചെറിയപ്പെടാതെ സംസ്കരണ ശാലകളിൽ എത്തുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനായി നഗരസഭകൾ സ്വീകരിക്കുന്ന നടപടിയുടെ വിശദമായ റിപ്പോർട്ട് നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. |
| | 86 | " | കണക്കുകൾ പ്രകാരം വളരെ അധികം ഭക്ഷണ മാലിന്യങ്ങൾ പന്നി ഫാമുകളിലേക്കെന്നും പറഞ്ഞ് കൊണ്ടുപോകുന്നുണ്ടെങ്കിലും അവയിൽ വളരെ കുറച്ച് മാത്രമേ ഫാമുകളിൽ എത്തുന്നുള്ളുവെന്നും ബാക്കി വരുന്നവ |

| | | | |
|---|---|---|---|
| | | | സംബന്ധിച്ച് വ്യക്തതയില്ലെന്നും സമിതി വിലയിരുത്തുന്നു. ഫാമുകളിലേക്ക് ആവശ്യമുള്ള ഫുഡ് വേസ്റ്റുകൾ മാത്രമേ ദിനം പ്രതി എത്തുന്നുള്ളൂവെന്ന് ബന്ധപ്പെട്ട അധികാരികൾ ഉറപ്പാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. |
| 12 | 96 | " | കനോലി കനാൽ വൃത്തിയായി സൂക്ഷിക്കേണ്ടത് കോഴിക്കോട് കോർപ്പറേഷന്റെ ഉത്തരവാദിത്തമാണെന്ന് അഭിപ്രായപ്പെട്ട സമിതി, കനോലി കനാൽ വൃത്തിയായി സൂക്ഷിക്കുന്നതിന് ഉചിതമായ നടപടി സ്വീകരിച്ച് നിലവിലെ സ്ഥിതി വ്യക്തമാക്കിയുള്ള വിശദമായ റിപ്പോർട്ട് ലഭ്യമാക്കാൻ നിർദ്ദേശിക്കുന്നു. |
| 13 | 99 | " | റെൻഡറിങ്ങ് പ്ലാന്റുകളിൽ കോഴി വേസ്റ്റ് കൈകാര്യം ചെയ്യുന്നതുമായി ബന്ധപ്പെട്ട വിഷയത്തിന്റെ നിലവിലെ സ്ഥിതി വ്യക്തമാക്കുന്ന വിശദമായ റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. |
| 14 | 101 | " | ഓഡിറ്റ് പരാമർശങ്ങളുമായി ബന്ധപ്പെട്ട് നിലവിലെ സ്ഥിതി വ്യക്തമാക്കുന്ന വിശദമായ റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. |
| 15 | 107 | " | മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിനുള്ള വാഹനങ്ങൾ യഥാസമയം റിപ്പയർ ചെയ്യാതെ ഉപയോഗശൂന്യമായി പോകുന്നതായി മനസ്സിലാക്കിയ സമിതി, സ്വന്തമായി വാഹനം ഉണ്ടായിട്ടും അവ ഉപയോഗിക്കാതെ സ്വകാര്യ വാഹനങ്ങൾ വാടകയ്ക്ക് എടുത്ത് ഉപയോഗിക്കുന്ന പ്രവണത ശരിയല്ലെന്ന് അഭിപ്രായപ്പെട്ടു. |
| | 108 | " | മാലിന്യ പരിഹാരത്തിനുള്ള സ്വന്തം വാഹനങ്ങൾ നിഷ്ക്രിയമായി കിടക്കുകയും സ്വകാര്യ വാഹനങ്ങൾ വാടകയ്ക്ക് എടുക്കുകയും ചെയ്തു എന്ന ഓഡിറ്റ് പരാമർശത്തിൽ നടപടി സ്വീകരിച്ച് നിലവിലെ സ്ഥിതി വ്യക്തമാക്കുന്ന വിശദമായ റിപ്പോർട്ട് ലഭ്യമാക്കാൻ സമിതി നിർദ്ദേശിക്കുന്നു. |

അനുബന്ധം -II



**കംപ്ട്രോളർ ആൻഡ് ഓഡിറ്റർ ജനറൽ ഓഫ് ഇന്ത്യയുടെ 2022 മാർച്ച് മാസം അവസാനിച്ച നഗര തദ്ദേശ സ്ഥാപനങ്ങളിലെ മാലിന്യ പരിപാലനം സംബന്ധിച്ച റിപ്പോർട്ടിലെ അദ്ധ്യായം 2,3 എന്നിവയിന്മേലുള്ള ന്യൂനത പരിഹാര പത്രിക**

**ആമുഖം**

കേരളത്തിലെ മാലിന്യ സംസ്കരണ രംഗത്തെ പ്രവർത്തനങ്ങൾ ആരംഭിച്ചത് 2017 ലെ ഹരിത കേരള മിഷന്റെ രൂപീകരണത്തോടെയാണ്. വെള്ളം, വൃത്തി, വിളവ് എന്ന ലക്ഷ്യത്തോടെ ആരംഭിച്ച ഹരിതകേരളം മിഷന്റെ ഭാഗമായിട്ടാണ് കേരളത്തിലെ പ്രത്യേക സാഹചര്യങ്ങൾക്കനുസരിച്ച് വികേന്ദ്രീകൃത മാലിന്യ സംസ്കരണ സംവിധാനം എന്ന ആശയം രൂപാന്തരപ്പെടുന്നത്. സ്ഥലലഭ്യതയിലെ കുറവ്, ഉയർന്ന ജന സാന്ദ്രത, ഉയർന്ന നഗരവൽക്കരണ നിരക്ക്, പാരിസ്ഥിതികമായി ദുർബലമായ ഭൂപ്രകൃതി, വൻസാമ്പത്തിക നിക്ഷേപങ്ങൾ വരുന്ന പ്രൊജക്ടുകൾ ഉൾക്കൊള്ളാൻ സാധിക്കാത്ത സാമ്പത്തിക വ്യവസ്ഥ എന്നീ സാഹചര്യങ്ങൾ നിലനിൽക്കുന്ന സംസ്ഥാനത്തിലേക്കായി കുറഞ്ഞ ചിലവിൽ പ്രകൃതിയോട് ഏറ്റവും അനുയോജ്യമായ രീതിയിൽ സാധ്യമായ മാലിന്യ സംസ്കരണ രീതിയായാണ് വികേന്ദ്രീകൃത മാലിന്യ സംസകരണ രീതിയേ സ്വാഗതം ചെയ്തത്. ഇതെ തുടർന്നുള്ള അടിസ്ഥാന സൗകര്യ വികസനത്തിന്റെ ഭാഗമായി ഹരിത .കർമ്മസേന, മിനി MCF, MCF സംവിധാനങ്ങൾ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളിൽ സ്ഥാപിക്കാൻ ആരംഭിച്ചു. ഇതിനടുത്ത ചുവടുവെപ്പായി 2025 ഓടെ മാലിന്യമുക്ത സംസ്ഥനമെന്ന ലക്ഷ്യത്തോടെ 2023 ജനുവരിയിൽ നവകേരളം വൃത്തിയുള്ള കേരളം എന്ന ജനകീയ ക്യാമ്പയിനു സർക്കാർ തുടക്കമിട്ടു.

ബഹു.ഹൈക്കോടതിയുടെ WP(C) No. 7844 /2023 നമ്പർ കേസിലെ നിർദ്ദേശങ്ങൾ അനുസരിച്ച് സംസ്ഥാന സർക്കാർ G.O(Rt) 604/2023/ LSGD, 13.03.2023 ഉത്തരവ് പുറപ്പെടുവിച്ചു. ഈ ഉത്തരവ് പ്രകാരം താഴെ പറയുന്ന ലക്ഷ്യങ്ങൾ 2024 മാർച്ച് 31ഓടെ കൈവരിക്കുവാനായി പ്രത്യേക ക്യാമ്പയിൻ സംസ്ഥാനത്ത് ആരംഭിക്കുന്നതിനായി തീരുമാനമെടുത്തു.

- ജൈവ അജൈവ മാലിന്യങ്ങളുടെ 100% തരം തിരിവ്
- അജൈവ മാലിന്യങ്ങളുടെ 100% മുള്ള വാതിൽപ്പടി ശേഖരണം
- ജൈവമാലിന്യം 100% ഉറവിട സംസ്കരണം
- മാലിന്യ കൂനകൾ ഇല്ലാതാക്കി പൊതുസ്ഥലങ്ങളുടെ ശുചിത്വം ഉറപ്പാക്കുക
- ഖരമാലിന്യങ്ങൾ നീക്കം ചെയ്ത് ജലസ്രോതസ്സുകൾ മാലിന്യ മുക്തമാക്കുക.

തുടർന്ന് ഈ ലക്ഷ്യങ്ങൾ പൂർത്തീകരിക്കുന്നതിനായി സ.ഉ.(സാധാ) നം.1068/2023/LSGD, 20/05/2023 ഉത്തരവ് പ്രകാരം മാലിന്യമുക്തം നവകേരളം ക്യാമ്പയിൻ കേരള സർക്കാർ ആരംഭിച്ചു. സർക്കാരിന്റെ മുഴുവൻ വകുപ്പുകളും ഏജൻസികളും ഒന്നിച്ചു ചേർന്ന് നടത്തുന്ന ക്യാമ്പയിന്റെ നേതൃത്വം തദ്ദേശസ്വയംഭരണ വകുപ്പിനായിരുന്നു. ക്യാമ്പയിന്റെ വിവിധ മേഖലകളിൽ ഉള്ള സംഘാടനത്തിനായി സംസ്ഥാന-ജില്ലാ ക്യാമ്പയിൻ സെക്രട്ടറിയേറ്റുകൾ രൂപീകരിക്കപ്പെട്ടു.

ക്യാമ്പയിൻ പ്രവർത്തനങ്ങൾ

1. ഗ്യാപ്പ് അസസ്സ്മെന്റ്

തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളെ ക്യാമ്പയിന്റെ ലക്ഷ്യപ്രാപ്തിയിലേക്ക് നയിക്കുന്നതിന് വേണ്ട പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നതിന് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെ നിലവിലെ സ്ഥിതിഗതികളും സാഹചര്യങ്ങളും കൃത്യമായി മനസ്സിലാക്കേണ്ടതുണ്ട്. ഗാർഹിക തലത്തിലും സ്ഥാപനതലത്തിലും നിലവിൽ ഉള്ള സംവിധാനങ്ങൾ, അവ എത്രത്തോളം പര്യാപ്തമാണ്, നിലവിലുള്ള പ്രശ്നങ്ങൾ വെല്ലുവിളികൾ എന്നിവ എന്തൊക്കെയാണ് എന്ന് കൃത്യമായി അറിയേണ്ടതുണ്ട്. ഇതിനായി ജനപ്രതിനിധികൾ ഉൾപ്പെടെയുള്ള സംഘങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപനപരിധിയിലെ വീടുകൾ തോറും സ്ഥാപനങ്ങൾ തോറും സന്ദർശനം നടത്തി സ്ഥിതിഗതികൾ വിലയിരുത്തുകയും ഗ്യാപ് അസസ്സ്മെന്റ് നടത്തുകയും ചെയ്തു. സംസ്ഥാനമൊട്ടാകെ ആകെ 72,97,960 വീടുകൾ (77.45%), 6,61,209 സ്ഥാപനങ്ങൾ (57.70%) എന്നിവ ഇതിന്റെ ഭാഗമായി സന്ദർശിച്ചു.

2 ചെറു ഗ്രൂപ്പ് യോഗങ്ങൾ

ക്യാമ്പയിന്റെ ഭാഗമായി എല്ലാവിധ ജനകീയ സംഘടനകളുടെയും സഹായ സഹകരണങ്ങൾ ഉറപ്പാക്കുന്നതിനും, ജനകീയ പങ്കാളിത്തത്തോടെ ക്യാമ്പയിന്റെ ലക്ഷ്യങ്ങൾ നേടുന്നതിനുവേണ്ടിയും റെസിഡൻഷ്യൽ അസോസിയേഷനുകൾ, വ്യാപാരി വ്യവസായി സംഘടനകൾ, വിവിധ രാഷ്ട്രീയ പാർട്ടികൾ, ജനപ്രതിനിധികൾ, കുടുംബശ്രീ – അയൽക്കൂട്ട അംഗങ്ങൾ, ബൾക്ക് വേസ്റ്റ് ജനറേറ്റേഴ്സ് തുടങ്ങിയവരെ ഉൾപ്പെടുത്തി കൊണ്ടുള്ള ചെറു ഗ്രൂപ്പ് യോഗങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപനതലങ്ങളിൽ സംഘടിപ്പിച്ചു.

3 ബൾക്ക് വേസ്റ്റ് ജനറേറ്റേഴ്സ് യോഗങ്ങൾ

വലിയതോതിൽ മാലിന്യം ഉത്പാദിപ്പിക്കുന്ന സ്ഥാപനങ്ങളാണ് ബൾക്ക് വേസ്റ്റ് ജനറേറ്റേഴ്സ് എന്നീ വിഭാഗത്തിൽ ഉൾപ്പെടുന്നത്. പ്രതിദിനം 100 kg മാലിന്യം ഉണ്ടാകുന്ന അല്ലെങ്കിൽ 5000 സ്ക്വയർ മീറ്ററോ അതിലധികമോ വലിപ്പമുള്ള സ്ഥാപനങ്ങളാണ് ഈ വിഭാഗത്തിൽ വരുന്നത്. ഇത്തരം സ്ഥാപനങ്ങൾ സ്വന്തം ഉത്തരവാദിത്വത്തിൽ മാലിന്യ സംസ്കരണ സംവിധാനം സജ്ജമാക്കണമെന്ന് 2016 ലെ ഖരമാലിന്യ പരിപാലന ചട്ടങ്ങൾ വ്യവസ്ഥ ചെയ്യുന്നു. ഒന്നാംഘട്ട ക്യാമ്പയിനിൽ ഇത്തരം സ്ഥാപനങ്ങളിലെ നിലവിലുള്ള മാലിന്യ സംസ്കരണ സംവിധാനം വിലയിരുത്തുന്നതിനുള്ള പ്രത്യേക പ്രവർത്തനങ്ങൾ നടത്തി. ഇതിനായി എല്ലാ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളിലും ഈ വിഭാഗത്തിൽ വരുന്ന സ്ഥാപന പ്രതിനിധികളുടെ 2,381 പ്രത്യേക യോഗങ്ങൾ സംഘടിപ്പിച്ചു. ഓരോ സ്ഥാപനത്തിനും പ്രയോജനപ്പെടുത്താവുന്ന മാലിന്യസംസ്കരണ രീതികൾ പരിചയപ്പെടുത്തി. ആകെ കണ്ടെത്തിയ 16,401 ബൾക്ക് വേസ്റ്റ് ജനറേറ്ററുകളിൽ പാലിക്കേണ്ട നിബന്ധനകൾ സംബന്ധിച്ച് പ്രത്യേക നോട്ടീസ് 14,861 പേർക്ക് നൽകി

4 പ്രത്യേക പ്രൊജക്റ്റ് ക്ലിനിക്കുകൾ, പ്രൊജക്റ്റ് റിവിഷനുകൾ

മാലിന്യ സംസ്കരണ സംവിധാനങ്ങളുമായി ബന്ധപ്പെട്ട നിലവിലെ വിടവുകൾ പരിഹരിക്കുന്നതിനായി മാലിന്യ സംസ്കരണത്തിനായുള്ള പ്രത്യേക പ്രൊജക്റ്റ് ക്ലിനിക്കുകൾ ബ്ലോക്ക് തലത്തിൽ, തദ്ദേശ സ്വയംഭരണ സ്ഥാപന തലത്തിൽ നടത്തി. ഈ പ്രൊജക്റ്റുകൾ ചേർക്കുന്നതിനായി 3 തവണ പ്രത്യേക പ്രൊജക്റ്റ് റിവിഷനുകൾ സാധ്യമാക്കി. ഇതിന്റെ ഫലമായി 2023-24 സാമ്പത്തിക വർഷത്തിൽ ഖരമാലിന്യ പരിപാലനത്തിൽ മാത്രമായി 15769 പ്രൊജക്റ്റുകളിലായി 1591.53 കോടി രൂപയുടെ വികസന പ്രവർത്തനങ്ങൾ ആണ് ആസൂത്രണം ചെയ്തത്.

5 സംവിധാനങ്ങൾ ഒരുക്കൽ

ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനായി നടത്തിയ പ്രവർത്തനങ്ങളുടെ ഫലമായി കേരളത്തിലെ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കാൻ സാധിച്ചു. ഇവയുടെ വിശദാംശങ്ങൾ ചുവടെ നൽകുന്നു.

| | 2024 മാർച്ച് 31 |
|---|---|
| വാതിൽപ്പടി സേവനം | 87% |
| യൂസർ ഫീ കളക്ഷൻ | 68% |
| മിനി MCF | 17393 |
| MCF | 1247 |
| RRF | 164 |
| ഹരിത കർമ്മ സേന | **36485** |

കൂടാതെ ഈ സംവിധാനങ്ങളുടെ സുസ്ഥിരമായ നടത്തിപ്പിന് വേണ്ടി ശേഖരിച്ച മാലിന്യം മിനി MCF കളിൽ നിന്നും MCF കളിലേക്ക് നീക്കം ചെയ്യാനായി ട്രാൻസ്പോർട്ടേഷൻ പ്ലാൻ, MCF ൽ നിന്നും RRF ലേക്കും മറ്റു സംസ്കരണ സംവിധാനങ്ങളിലേക്കും കൈമാറുന്നതിനായി ലിഫ്റ്റിംഗ് പ്ലാനുകൾ എന്നിവ തയ്യാറാക്കി.

## 6 നിയമ ഭേദഗതി, എൻഫോഴ്സ്മെന്റ്

മാലിന്യ സംസ്കരണ രംഗത്ത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും, സെക്രട്ടറിമാർക്കും കൂടുതൽ ഉത്തരവാദിത്തങ്ങൾ, നിർവഹണ അധികാരങ്ങൾ എന്നിവ നൽകുക, മാലിന്യ സംസ്കരണ രംഗത്തെ നിയമങ്ങൾ കൂടുതൽ കർശനമാക്കി മാലിന്യ സംസ്കരണ രംഗത്തെ നിയമലംഘനങ്ങൾ കുറയ്ക്കുക, തുടങ്ങിയ ലക്ഷ്യങ്ങൾ സാധ്യമാക്കുന്നതിനായി കേരള പഞ്ചായത്തി രാജ് നിയമം, കേരളം മുനിസിപ്പാലിറ്റി നിയമം എന്നിവയിൽ ഭേദഗതികൾ ക്യാമ്പയിനിന്റെ ഭാഗമായി കൊണ്ടുവന്നു. ഈ നിയമങ്ങൾ കൃത്യമായി പരിപാലിക്കുന്നത് ഉറപ്പാക്കാൻ വേണ്ടിയും നിയമ ലംഘനങ്ങൾ കണ്ടെത്തി ശിക്ഷിക്കുന്നതിനുമായി 23 ജില്ലാതല എന്ഫോഴ്സ്മെന്റ് സ്ക്വാഡുകൾ, തദ്ദേശ സ്വയംഭരണ സ്ഥാപന തല വിജിലൻസ് സ്ക്വാഡുകൾ എന്നിവ രൂപീകരിച്ചു. ഇവ ഫീൽഡ് തലത്തിൽ ദിനംപ്രതി പരിശോധനകൾ നടത്തിവരുന്നു. 2023 മാർച്ച് മുതൽ 2024 മെയ് വരെ 36870 പരിശോധനകൾ നടത്തിയതിൽ 4.13 കോടി രൂപ നിയമലംഘനങ്ങൾക്കെതിരെ പിഴ ചുമത്തുകയും 1.17 കോടി രൂപ ഇതുവരെ പിഴ ഇനത്തിൽ ഈടാക്കുകയും ചെയ്തു.

## 7 കാര്യശേഷി വികസനം

ക്യാമ്പയിന്റെ ഭാഗമായി വിവിധ തലങ്ങളിലെ ഉദ്യോഗസ്ഥർ, ജനപ്രതിനിധികൾ, ഹരിതകർമ്മ സേന, സംസ്ഥാന-ജില്ല ക്യാമ്പയിൻ സെക്രട്ടറിയേറ്റ് അംഗങ്ങൾ, റിസോഴ്സ് പെഴ്സൺമാർ, വിദ്യാർത്ഥികളും യുവാക്കളും അടങ്ങുന്ന സന്നദ്ധ പ്രവർത്തകർ എന്നിവർക്കായി മാലിന്യ സംസ്കരണ മേഖലയിലെ വിവിധ വിഷയങ്ങളിൽ പരിശീലനങ്ങൾ, ശിൽപ്പശാലകൾ എന്നിവ സംഘടിപ്പിച്ചു. സംസ്ഥാന തലത്തിൽ 20 നേരിട്ടുള്ള പരിശീലനങ്ങളും 3 ഓൺലൈൻ പരിശീലനങ്ങളും നടത്തി. ഇതിൽ സംസ്ഥാന തലത്തിൽ ആകെ 3743 പേർ പങ്കെടുത്തു. ഇവ കൂടാതെ 40 ഓളം ശിൽപ്പശാലകളും ഇവയുടെ ഭാഗമായി സംസ്ഥാന തലത്തിൽ നടത്തി. സംസ്ഥാന തല പരിശീലനങ്ങളുടെ തുടർച്ചയായി ജില്ലാതലങ്ങളിൽ 750 ഓളം പരിശീലനങ്ങൾ നടന്നു, ഇവയിലെല്ലാം കൂടെ 50000 ത്തോളം പേരേ പരിശീലനം നൽകി ജില്ലയിൽ ക്യാമ്പയിൻ നേതൃത്വത്തിലേക്ക് ഉയർത്തികൊണ്ടുവന്നു.

## 8 യുവജനങ്ങളെയും വിദ്യാർഥികളെയും കുട്ടികളെയും ഉൾപ്പെടുത്തിയുള്ള പ്രവർത്തനങ്ങൾ

എല്ലാ ജില്ലകളിലും യൂത്ത് കോർഡിനേറ്റർമാരെ ഉപയോഗിച്ച് ക്യാമ്പയിൻ പ്രവർത്തനങ്ങളിൽ യുവജനങ്ങളുടെയും വിദ്യാർഥികളുടെയും സാന്നിധ്യം ഉറപ്പാക്കാൻ ഉള്ള പ്രയത്നങ്ങൾ നടത്തി. ഇതിന്റെ ഫലമായി വിവിധ ജില്ലകളിൽ യുവജനങ്ങളുടെ വമ്പിച്ച പങ്കാളിത്തം ഉണ്ടായി. വിവിധ പ്രവർത്തനങ്ങളിലൂടെ 3.5 ലക്ഷത്തോളം

യുവതയെയും വിദ്യാർഥികളെയും കുട്ടികളെയും ക്യാമ്പയിനിന്റെ ഭാഗമാക്കാൻ കഴിഞ്ഞു. ഇവർക്കിടയിൽ നടത്തിയ പ്രധാന ക്യാമ്പയിൻ പ്രവർത്തനങ്ങൾ ചുവടെ നൽകുന്നു.

- സ്നേഹാരാമങ്ങൾ
- യൂത്ത് മീറ്റ്സ് ഹരിത കർമ്മ സേന - 1200 കുട്ടികൾ, 400 ഹരിത കർമ്മ സേനയും പങ്കെടുത്തു
- വിവിധ ഇൻറെൺഷിപ്പുകൾ - 82 വിദ്യാർഥികൾ സംസ്ഥാന ക്യാമ്പയിൻ സെക്രട്ടറിയേറ്റിൽ ഇൻറെൺഷിപ്പ് പൂർത്തീകരിച്ചു.
- കുട്ടികളുടെ ഹരിത സഭ – 918 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നടന്നു.
- ഹരിത കർമ്മ സേനയെ ആദരിക്കൽ
- സ്കൂളുകളിൽ ശുചിത്വ ക്ലബ് രൂപീകരണം

## 9 ഹരിത സഭ

ജൂൺ 5 ഓടെ അവസാനിച്ച ക്യാമ്പയിന്റെ അടിയന്തിരഘട്ടം വിശകലനം ചെയ്യുന്നതിനും ആദ്യഘട്ടത്തിലെ പ്രവർത്തന മികവുകൾ, നേട്ടങ്ങൾ, അതോടൊപ്പം തന്നെ പോരായ്മകൾ, നേരിട്ട വെല്ലുവിളികൾ, പ്രവർത്തനത്തിലെയും സംഘടനത്തിലെയും വിടവുകൾ എന്നിവ ചർച്ച ചെയ്യുന്നതിനായി ജൂൺ 5 പരിസ്ഥിതി ദിനത്തിൽ സംസ്ഥാനത്തെ മുഴുവൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും ഹരിതസഭ വിളിച്ചു ചേർത്തു പ്രവർത്തന റിപ്പോർട്ട് അവതരിപ്പിച്ചു. ഹരിത സഭയ്ക്കായി സംസ്ഥാനതലത്തിലും ജില്ലാതലത്തിലും പ്രത്യേക പരിശീലങ്ങൾ സംഘടിപ്പിച്ചു, ഹരിതസഭയിൽ അവതരിപ്പിക്കേണ്ട പ്രവർത്തന പുരോഗതി റിപ്പോർട്ടിന് ടെംപ്ലേറ്റ് തയ്യാറാക്കി നൽകി. സംസ്ഥാനത്തെ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും ഹരിതസഭ സംഘടിപ്പിച്ചു. സംസ്ഥാനമൊട്ടാകെ 1,89,425 പേർ ഹരിത സഭയിൽ പങ്കെടുത്തു

## 10 ജനകീയ ഹരിത ഓഡിറ്റ്

ക്യാമ്പയിന്റെ ഒന്നും രണ്ടും ഘട്ടത്തിലെ പ്രവർത്തനങ്ങൾ വിശകലനം ചെയ്യുന്നതിനും, ലക്ഷ്യങ്ങൾ എത്രത്തോളം കൈവരിക്കാൻ സാധിച്ചു എന്ന് പരിശോധിക്കുന്നതിനും, തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ പ്രവർത്തനങ്ങൾ കൂടുതൽ കുറ്റമറ്റതാക്കുന്നതിനും വേണ്ടി എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലും ഒന്നും രണ്ടും ഘട്ട ജനകീയ ഹരിത ഓഡിറ്റ് നടത്തുകയുണ്ടായി. ജനകീയ ഓഡിറ്റ് നടത്തുന്നതിനായി എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും പ്രത്യേക ജനകീയ ഓഡിറ്റ് സമിതി രൂപീകരിച്ചു, ഈ സമിതിയുടെ നേതൃത്വത്തിലാണ് രണ്ടു ഘട്ട ജനകീയ ഹരിത ഓഡിറ്റും സംഘടിപ്പിച്ചത്.

**11** സ്നേഹാരാമങ്ങൾ

നാഷണൽ സർവീസ് സ്കീം സംസ്ഥാന സെല്ലിന്റെ സഹകരണത്തോടെ മാലിന്യമുക്തം നവകേരളം ക്യാമ്പയിനിന്റെ ഭാഗമായി മാലിന്യ കൂനകൾ ആയിരുന്ന 3000 ത്തിലധികം സ്ഥലങ്ങൾ എൻ എസ് എസ് വിദ്യാർഥികളുടെ സഹായത്തോടെ മനോഹരങ്ങളായ സ്നേഹാരാമങ്ങൾ ആക്കി മാറ്റി.

**12** ഹരിതകർമ്മ സേന

ക്യാമ്പയിനിന്റെ ഭാഗമായി ഹരിത കർമ്മ സേനകൾ രൂപീകരിക്കാത്ത തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ അടിയന്തിരമായി ഹരിതകർമ്മ സേനകൾ രൂപീകരിച്ചു. ഹരിത കർമ്മ സേനയുടെ എണ്ണം കുറവുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ആവശ്യമായ എണ്ണം ഹരിതകർമ്മ സേനകളെ നിയോഗിച്ചു. ഹരിത കർമ്മ സേനകളുടെ വരുമാനം വർധിപ്പിക്കുന്ന പ്രവർത്തനങ്ങൾ ഏറ്റെടുത്തു ഇതിന്റെ ഫലമായി ഇന്ന് കേരളത്തിലെ 15058 ഹരിതകർമ്മ സേനകൾക്ക് ഇന്ന് 10,000 രൂപക്ക് മുകളിൽ പ്രതിമാസ വരുമാനം ലഭിക്കുന്നു. ഇവർക്ക് തൊഴിൽ സുരക്ഷയും ആരോഗ്യ സുരക്ഷയും ഉറപ്പുവരുത്തു ന്നതിനായുള്ള പ്രവർത്തന ഫലമായി ഇവർക്ക് ആരോഗ്യ ഇൻഷുറൻസ് നൽകി, ആവശ്യമായ സുരക്ഷാ ഉപകരണങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴി വാങ്ങി നൽകുകയും ചെയ്തു.

13 ഹരിതമിത്രം, ഡിജിറ്റൽ വൽക്കരണം

മാലിന്യ സംസ്കരണ സംവിധാനങ്ങൾ ഡിജിറ്റൽ നിരീക്ഷണത്തിന്റെ കീഴിൽ കൊണ്ടുവരുന്നതിനും മാലിന്യ നീക്കം കൃത്യമായി രേഖപ്പെടുത്തുന്നതിനും വേണ്ടി ഹരിത മിത്രം സ്മാർട്ട് ഗാർബേജ് ആപ്ലിക്കേഷൻ കൂടുതൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്ക് വ്യാപിപ്പിച്ചു. നിലവിൽ 802 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ഹരിതമിത്രം സേവനം ലഭ്യമാണ്.

കൂടാതെ മാലിന്യ നീക്കം മനസിലാക്കാൻ വാഹനങ്ങളിൽ ട്രാക്കിംഗ് സംവിധാനം ഏർപ്പെടുത്തുക, നിയമലംഘനങ്ങൾ കണ്ടെത്തുന്നതിനായി ക്യാമറ സംവിധാനം ഏർപ്പെടുത്തുക, MCF -RRF കൾ മുഴുവൻ സമയ CCTV നിരീക്ഷണത്തിനു കീഴിൽ കൊണ്ടുവരിക തുടങ്ങിയ പ്രവർത്തനങ്ങളും മാലിന്യ സംസ്കരണ മേഖലയുടെ ഡിജിറ്റൽവൽക്കരണത്തിന്റെ ഭാഗമായി നടന്നു വരുന്നു. കൂടാതെ മാലിന്യ മുക്തം നവകേരളം ക്യാമ്പയിൻ പ്രവർത്തനങ്ങൾക്കായി പ്രത്യേക വാർ റൂം പോർട്ടലും ലഭ്യമാണ്.

**14** ഹരിത സംരംഭ വികസനം

മാലിന്യ സംസ്കരണ രംഗത്ത് കൂടുതൽ സ്വകാര്യ സംരംഭകരെ വളർത്തുന്നതിനും നിലവിലുള്ളവരെ പ്രോത്സാഹിപ്പിക്കുന്നതിനും, മാലിന്യ സംസ്കരണ മേഖലയെ ആകർഷകമായ ഒരു വ്യവസായ മേഖലയാക്കി മാറ്റുന്നതിന് വേണ്ടി ക്യാമ്പയിനിന്റെ ഭാഗമായി ചുവടെ പറയുന്ന പ്രവർത്തനങ്ങൾ നടത്തുകയുണ്ടായി

- മാലിന്യ സംസ്കരണ മേഖലയിലെ സർക്കാർ -സ്വകാര്യ പങ്കാളിത്തം - PPP മാർഗ്ഗരേഖ
- ഹരിത സംരംഭ വികസന ശിൽപ്പശാലകൾ
- എക്സ്റ്റൻഡഡ് പ്രൊഡ്യൂസർ റെസ്പോൺസിബിലിറ്റി(EPR) രജിസ്ട്രേഷനുമായി ബന്ധപെട്ട ശിൽപ്പശാലകൾ

## 15 വിനോദ സഞ്ചാര കേന്ദ്രങ്ങൾ

പൂർണ്ണമായും പ്രകൃതിയെ ആശ്രയിച്ച് നിലനിൽക്കുന്ന കേരളത്തിലെ വിനോദസഞ്ചാര മേഖലയ്ക്ക് ശാസ്ത്രീയമായി സംസ്കരിക്കാത്ത മാലിന്യം വലിയ വെല്ലുവിളി ഉയർത്തുന്നുണ്ട്. ഈ സാഹചര്യത്തിന് മാറ്റം വരുത്താനായി സംസ്ഥാനത്തെ വിനോദ സഞ്ചാര കേന്ദ്രങ്ങളിൽ നിലവിലുള്ള മാലിന്യ സംസ്കരണ സംവിധാനങ്ങളുടെ വിടവ് മനസിലാക്കുന്നതിനായി 503 വിനോദസഞ്ചാര കേന്ദ്രങ്ങളിൽ ഇത് സംബന്ധിച്ച അവസ്ഥ പഠനം നടത്തി. അതിന്റെ അടിസ്ഥാനത്തിൽ വിനോദ സഞ്ചാര മേഖലയുമായി ബന്ധപ്പെട്ട് നിൽക്കുന്ന വകുപ്പുകളുടെ ഒരു സംയുക്ത യോഗം വിളിച്ചുചേർത്ത് വകുപ്പുകളുടെ സഹകരണത്തോടെ പ്രവർത്തനങ്ങൾ നടത്താൻ തീരുമാനിച്ചു. തദ്ദേശ സ്ഥാപന തലത്തിൽ പ്രവർത്തങ്ങൾ ആസൂത്രണം ചെയ്യത് വിനോദസഞ്ചാര കേന്ദ്രങ്ങളിൽ ആവശ്യമായ ശാസ്ത്രീയ മാലിന്യ സംസ്കരണ സംവിധാനം ഒരുക്കുന്ന തരത്തിനാണ് പ്രവർത്തങ്ങൾ ആസൂത്രണം ചെയ്യത്. ഇതിന്റെ ഭാഗമായിത്തന്നെ വിനോദ സഞ്ചാര കേന്ദ്രങ്ങളിൽ പാലിക്കേണ്ട ശുചിത്വ മാലിന്യ പ്രോട്ടോകോൾ തയ്യാറാക്കി. വൃത്തിയുടെയും മാലിന്യ സംസ്കരണത്തിന്റെയും അടിസ്ഥാനത്തിൽ വിനോദ സഞ്ചാര കേന്ദ്രങ്ങളെ ഗ്രേഡ് ചെയ്യാനുള്ള പ്രവർത്തനങ്ങൾ പ്രാരംഭ ഘട്ടത്തിലാണ്. ജില്ല തലത്തിൽ മികച്ച മാലിന്യ സംസ്കരണം ഉറപ്പാക്കി ഓരോ മാതൃക വിനോദ സഞ്ചാരകേന്ദ്രങ്ങൾ ഉണ്ടാക്കിയെടുക്കാനത്തിനുള്ള പ്രവർത്തനത്തിനാവശ്യമായ സന്ദർശനങ്ങളും അനുബന്ധ പ്രവർത്തനങ്ങളും നടന്നുവരുന്നു.

വികേന്ദ്രീകൃത മാലിന്യ സംസ്കരണത്തിൽ അധിഷ്ഠിതമായ നയമാണ് ഇപ്പോൾ സർക്കാർ സ്വീകരിച്ചുവരുന്നത്. ഇതിന്റെ ഭാഗമായിട്ട് വീടുകളിൽ തന്നെ മാലിന്യം വേർതിരിക്കുകയും ജൈവ മാലിന്യം കിച്ചൻ ബിൻ/ബയോ ബിൻ സംവിധാനങ്ങൾ പ്രയോജനപ്പെടുത്തി ഉറവിടത്തിൽ തന്നെ സംസ്കരിക്കുന്നതിനായുള്ള നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്. അജൈവ മാലിന്യം ഹരിത കർമ്മ സേന വഴി വീടുകളിൽ നിന്നും ശേഖരിച്ച് അവ തരം തിരിച്ച് CKCL മുഖേന റീസൈക്ലിങ് ഏജൻസികൾക്ക് കൈമാറുന്നുണ്ട്. സാനിട്ടറി മാലിന്യം, നിലവിൽ KEIL/ പ്രൈവറ്റ് ഏജെൻസി വഴി ആണ് സംസ്കരിച്ചുവരുന്നത് . ബ്രഹ്മപുരത്തു ഇൻഡോർ മോഡൽ BPCL-ന്റെ 150 TPD CBG പ്ലാന്റ് വരുന്നതോടെ മാലിന്യ കൂമ്പാരത്തിൽ നിന്നും വരുന്ന ലിച്ചേറ്റ് അടക്കമുള്ള പ്രശ്നങ്ങൾക്ക് പരിഹാരം ലഭിക്കും. ബ്രഹ്മപുരം പ്ലാന്റ് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ച്, നിർമ്മാണ പ്രവർത്തനങ്ങളിലേയ്ക്ക് കടന്നിരിക്കുകയാണ്. കോഴിക്കോട് ഞെളിയൻപറമ്പിലെ ഡംപ്സൈറ്റിൽ ബയോ റെമഡിയേഷൻ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. മാലിന്യങ്ങൾ അടിഞ്ഞുകൂടുന്നത് ഒഴിവാക്കുന്നതിനും നിലവിലുള്ള പൈതൃക മാലിന്യം നിർമ്മാർജനം ചെയ്യുന്നതിനുമുള്ള പ്രവർത്തനങ്ങളാണ് നടന്നു വരുന്നത്.

**ഖണ്ഡിക തിരിച്ചുള്ള ന്യൂനത പരിഹാര റിപ്പോർട്ട് ചുവടെ ചേർക്കുന്നു**

**അദ്ധ്യായം II**

| ഖണ്ഡിക നം | വിഷയം/പരാമർശം | മറുപടി |
|---|---|---|
| | **ആസൂത്രണവും സാമ്പത്തിക നിർവ്വഹണവും**<br><br>യുഎൽബിയിൽ സൃഷ്ടിക്കപ്പെടുന്ന മുനിസിപ്പൽ ഖരമാലിന്യത്തിന്റെ (എംഎസ്ഡബ്ല്യു) അളവും ഘടനയും മാലിന്യ പരിപാലനത്തിന് വേണ്ടി സ്വീകരിക്കാവുന്ന ശേഖരണ, സംസ്കരണ, നിർമ്മാർജ്ജന മാർഗ്ഗങ്ങളെ നിശ്ചയിക്കുന്നു. യുഎൽബികൾ അവയുടെ അധികാര പരിധിയിൽ ഉൽപാദിപ്പിക്കപ്പെടുന്ന മാലിന്യത്തിന്റെ അളവ് തിട്ടപ്പെടുത്തുവാൻ വേണ്ടി സർവ്വേയൊന്നും നടത്തിയിട്ടില്ല. സ്വന്തം അധികാര പരിധിയിൽ ഉൽപാദിപ്പിക്കപ്പെടുന്ന വിവിധതരം മാലിന്യങ്ങളുടെ അളവിനെ സംബന്ധിച്ചുള്ള വിവരങ്ങൾ യുഎൽബികൾ സൂക്ഷിച്ചിരുന്നില്ല. സൃഷ്ടിക്കപ്പെടുന്ന മാലിന്യത്തിന്റെ വ്യാപ്തി തിട്ടപ്പെടുത്തുവാൻ യുഎൽബികൾ ആളോഹരി ഉൽപാദനം/ജനസംഖ്യാ നിർണ്ണയ മാർഗ്ഗമാണ് അവലംബിച്ചത്. മൂന്ന് വിവിധ സ്രോതസ്സുകളിൽ നിന്നുള്ള വിവരങ്ങൾ പ്രകാരമുള്ള ഖരമാലിന്യഘടനയുടെ വിശദാംശങ്ങൾ താരതമ്യം ചെയ്തപ്പോൾ ഘടകാംശങ്ങളിൽ സാരമായ വ്യതിയാനമുള്ളതായി വെളിപ്പെട്ടു.<br>എസ്ഡബ്ല്യുഎം ചട്ടങ്ങളിൽ നിർദ്ദേശിച്ച പ്രകാരമുള്ള ഖരമാലിന്യ നിർമ്മാർജ്ജന പദ്ധതികളോ കണ്ടിൻജൻസി പ്ലാനുകളോ ഉപനിയമാവലികളോ യുഎൽബികൾ തയ്യാറാക്കിയിട്ടില്ല. ഓഡിറ്റ് പരിശോധന | പ്രത്യേക പരാമർശമില്ല |

| | | |
|---|---|---|
| | നടത്തിയ യുഎൽബികൾ തയ്യാറാക്കിയ ഡീറ്റെയിൽഡ് പ്രോജക്റ്റ് റിപ്പോർട്ടുകളിൽ (ഡിപിആർ), അവയുടെ പരിഷ്കരണം അനിവാര്യമാക്കും വിധം, ധാരാളം പോരായ്മകൾ ഉണ്ടായിരുന്നു. ഡിപിആറുകൾ തയ്യാറാക്കാത്തതിനാലും യഥാസമയം സമർപ്പിക്കാത്തതിനാലും, പതിനൊന്ന് യുഎൽബികൾക്ക് ₹45.82 കോടിയുടെ കേന്ദ്രവിഹിതം ലഭിച്ചില്ല. സേവനതല അളവുകോലുകളെ അവലംബിച്ച് യാഥാർത്ഥ്യത്തിലൂന്നിയ പ്രകടന നിർണ്ണയം യുഎൽബികൾ നടത്തിയില്ല. മാലിന്യ നിർമ്മാർജ്ജനത്തോട് തദ്ദേശ ജനസമൂഹത്തിനുണ്ടാകേണ്ട സുസ്ഥിരമായ പെരുമാറ്റ വ്യതിയാനം ഉറപ്പുവരുത്തുവാൻ യുഎൽബികൾ ഏറ്റെടുത്ത വിവര വിജ്ഞാന വിനിമയ പ്രവർത്തനങ്ങൾ പര്യാപ്തമായിരുന്നില്ല.<br>ഖരമാലിന്യ നിർമ്മാർജ്ജനത്തെ സംബന്ധിച്ച യുഎൽബികളുടെ സമ്പദ്‌പരിപാലനം, തനതു വരുമാനം, വികസന (പൊതു) ഫണ്ട്, എസ്ബിഎം (അർബൻ) ഫണ്ട്, സർവ്വീസ് സെസ് എന്നിവയുടെ വിനിയോഗത്തിലുണ്ടാകേണ്ട മെച്ചപ്പെടുത്തലിനുള്ള സാധ്യതയെ ചൂണ്ടിക്കാണിക്കുന്നു. ഹരിതകർമ്മസേനകൾ മുഖേന നൽകുന്ന സേവനങ്ങൾക്ക് പൊതുജനങ്ങളിൽ നിന്നും/സ്ഥാപനങ്ങളിൽ നിന്നുമുള്ള യൂസർ ഫീയുടെ പിരിവ് കൂടി യുഎൽബികൾ ഉറപ്പുവരുത്തേണ്ടതാണ്. ഉൽപാദിപ്പിക്കപ്പെടുന്ന മാലിന്യത്തിന്റെ ഫലപ്രദമായ നിർണ്ണയത്തിന്റെ വിഷയം യുഎൽബികൾ മുൻഗണനാടിസ്ഥാനത്തിൽ പരിഗണിക്കേണ്ടതാണ്. നിലവിലുള്ള ധന സ്രോതസ്സുകളിൽ നിന്നും പരമാവധി വരുമാനം ഉണ്ടാക്കാനായി വിവര വിജ്ഞാന വിനിമയ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തേണ്ടതും സമ്പദ്‌പരിപാലനം കാര്യക്ഷമമാക്കേണ്ടതുമാണ്. | |
| 2.1 | **മാലിന്യ നിർമ്മാർജ്ജനത്തിനുള്ള തന്ത്രവും ആസൂത്രണവും** | |
| 2.1.1 | **മാലിന്യത്തിന്റെ ഉൽപാദനവും നിർണ്ണയവും**<br>മുനിസിപ്പൽ ഖരമാലിന്യ നിർമ്മാർജ്ജനം (എംഎസ്ഡബ്ല്യൂഎം) മാനുവൽ പ്രതിപാദിക്കുന്നത് എന്തെന്നാൽ യുഎൽബികളിൽ ഉൽപാദിപ്പിക്കപ്പെടുന്ന മാലിന്യത്തിന്റെ (എംഎസ്ഡബ്ല്യൂ) അളവും ഘടനയുമാണ്, മാലിന്യ സംസ്കരണത്തിനായി സ്വീകരിക്കാവുന്ന ശേഖരണ, സംസ്കരണ, | 2026-ലെ നഗരസഭയിലെ ജനസംഖ്യയെ അടിസ്ഥാനപ്പെടുത്തിയാണ് നിലവിൽ മാലിന്യ സംസ്കരണ ഉപാധികളുടെ ശേഷി നിർണയിച്ചു വരുന്നത്. ജനസംഖ്യ ഒരു ലക്ഷ്യത്തിനു മുകളിൽ വരുന്ന |

നിർമ്മാർജ്ജനമാർഗ്ഗങ്ങൾ നിർണ്ണയിക്കുന്നത്.

ദീർഘകാല ആസൂത്രണത്തിനായി ഒരു പ്രത്യേക വിഭാഗം മാലിന്യ ഉൽപാദകർ നിർമ്മാർജ്ജനം ചെയ്ത ശരാശരി മാലിന്യത്തിന്റെ അളവ് നിർണ്ണയിക്കുന്നത്, ഗ്രീഷ്മം, ശിശിരം, വർഷം എന്നീ സീസണുകളിൽ, അനവധി പ്രാതിനിധ്യ സ്ഥലങ്ങളിൽ നിന്നും ഏഴ് ദിവസം തുടർച്ചയായി ശേഖരിച്ച സാംപിൾ ഡേറ്റയുടെ ശരാശരി ഉപയോഗിച്ച് മാത്രം ആയിരിക്കണം. ഏഴ് ദിവസ കാലയളവിലെ സാംപിളുകൾ സംയോജിപ്പിക്കുകയും തൂക്കുകയും ശരാശരി നോക്കുകയും വേണം.

2016-17 മുതൽ 2020-21 വരെയുള്ള കാലയളവിൽ സംസ്ഥാനത്തെ 93 യുഎൽബികളിലും പരിശോധന നടത്തിയ 22 യുഎൽബികളിലും ഉൽപാദിപ്പിക്കപ്പെട്ട എംഎസ്ഡബ്ല്യുവിന്റെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

പട്ടിക 2.1 : യുഎൽബികളിലെ ഖരമാലിന്യ ഉൽപാദനം

| | 2016-17 | 2017-18 | 2018-19 | 2019-20 | 2020-21 |
|---|---|---|---|---|---|
| 93 യുഎൽബികളിൽ ഉൽപാദിപ്പിക്കപ്പെട്ട മാലിന്യത്തിന്റെ അളവ് | സാക്ഷ്യപ്പെടുത്തിയ ഡേറ്റ നൽകിയില്ല | 3831.55 | 3903.02 | 3521.00 | 3543.00 |
| പരിശോധന നടത്തിയ 22 യുഎൽബികളിൽ ഉൽപാദിപ്പിക്കപ്പെട്ട മാലിന്യത്തിന്റെ അളവ് (എസ്പിസിബി ഡേറ്റ) | സാക്ഷ്യപ്പെടുത്തിയ ഡേറ്റ നൽകിയില്ല | 1584.03 | 1684.74 | 1610.00 | 1564.00 |
| പരിശോധന നടത്തിയ 22 യുഎൽബികളിൽ ഉൽപാദിപ്പിക്കപ്പെട്ട മാലിന്യത്തിന്റെ അളവ് (യുഎൽബികൾ നൽകിയത്) | 1278.04 | 1286.65 | 1293.75 | 1298.79 | 1307.10 |

നഗരസഭകളിൽ പ്രതിശീർഷ മാലിന്യ ഉല്പാദനത്തിന്റെ അളവ് 400 ഗ്രാമും, ജനസംഖ്യ ഒരു ലക്ഷ്യത്തിനു താഴെ വരുന്ന നഗരസഭകളിൽ പ്രതിശീർഷ മാലിന്യ ഉല്പാദനത്തിന്റെ അളവ് 300 ഗ്രാം ആയും സ്വച്ഛ് ഭാരത് മിഷൻ അർബൻ സ്കീമിൽ കണക്കാക്കുന്നു. ഇതുവഴി കേരളത്തിൽ 2026 ആകുമ്പോഴേക്കും 3073 TPD മാലിന്യം ഉല്പാദിപ്പിക്കുന്നതായി നിർണയിക്കാൻ സാധിക്കും.

കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ 140884 ഗാർഹിക കമ്പോസ്റ്റിംഗ് ഉപകരണങ്ങൾ/ബയോഗ്യാസ് പ്ലാന്റുകളുടെ വിതരണം, 563 കമ്മ്യൂണിറ്റി തലത്തിലുള്ള കമ്പോസ്റ്റിംഗ് ഉപകരണങ്ങൾ/ബയോഗ്യാസ് പ്ലാന്റുകളുടെ നിർമ്മാണം, 402 എംസിഎഫ്/ ബോട്ടിൽ ബൂത്ത് നിർമ്മാണം,5 എംസിഎഫ്/ആർആർഎഫ് നിർമ്മാണം തുടങ്ങിയവ സ്വച്ഛ് ഭാരത് മിഷൻ-1-ന്റെ ഭാഗമായി പൂർത്തീകരിച്ച .വികേന്ദ്രീകൃതമായ സംവിധാനത്തിൽ കൂടുതൽ പദ്ധതികൾ നഗരസഭകളിൽ ചെയ്തുവരുന്നുമുണ്ട്.

ലോകബാങ്കിന്റെ സഹായത്തോടെ നിലവിലുള്ള കേരള ഖരമാലിന്യ സംസ്കരണ പദ്ധതിയുടെ ഭാഗമായി, മാലിന്യ ഉൽപാദനത്തെക്കുറിച്ചുള്ള വിശദമായ വിശകലനം അർബൻ ലോക്കൽ ബോഡികൾ (യു. എൽ. ബികൾ) നടത്തുകയും എല്ലാ യു. എൽ. ബികൾക്കും കൂടുതൽ കൃത്യമായ യു. എൽ. ബി-നിർദ്ദിഷ്ട കണക്കുകൾ കണ്ടെത്തുകയും ചെയ്യുന്നു.മാലിന്യ അളവെടുപ്പിനും സ്വഭാവസവിശേഷതകൾ വിശകലനം ചെയ്യുന്നതിനുമായി കെഎസ്ഡബ്ല്യുഎംപി പിന്തുടരുന്ന ശാസ്ത്രീയ നടപടിക്രമങ്ങൾ ചുവടെ പട്ടികപ്പെടുത്തിയിരിക്കുന്നു:

1. തുടർച്ചയായി 8 ദിവസമാണ് പഠനം നടത്തിയത്.
2. ജനസാന്ദ്രതയുടെ അടിസ്ഥാനത്തിൽ തദ്ദേശ സ്ഥാപനത്തെ ഉയർന്ന, ഇടത്തരം, താഴ്ന്ന സാന്ദ്രത എന്നിങ്ങനെ 3 മേഖലകളായി

| | | |
|---|---|---|
| | യുഎൽബികൾ തങ്ങളുടെ അധികാര പരിധിയിൽ ഉൽപാദിപ്പിക്കപ്പെടുന്ന മാലിന്യത്തിന്റെ അളവ് നിർണ്ണയിക്കാനായി സർവ്വേ നടത്തിയില്ല എന്ന് ഓഡിറ്റ് പരിശോധനയിൽ വെളിപ്പെട്ടു. യുഎൽബികൾ തങ്ങളുടെ പരിധിയിൽ ഉൽപാദിപ്പിക്കപ്പെടുന്ന ഇ-മാലിന്യം, ബയോ-മെഡിക്കൽ മാലിന്യം, നിർമ്മാണ പൊളിക്കൽ (സി ആന്റ് ഡി) മാലിന്യം, അപകടകരമായ ഗാർഹിക മാലിന്യം എന്നിവയുടെ അളവിനെ സംബന്ധിച്ചുള്ള ഒരു ഡേറ്റയും സൂക്ഷിച്ചിരുന്നില്ല. ഉൽപാദിപ്പിക്കപ്പെട്ട മാലിന്യത്തിന്റെ തോത് നിർണ്ണയിക്കാൻ യുഎൽബികൾ സ്വീകരിച്ചത് ആളോഹരി ഉൽപാദനം/ജനസംഖ്യ അനുമാനം എന്ന രീതി ആയിരുന്നു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ (തസ്വഭ സ്ഥാപനങ്ങൾ) ആളോഹരി മാലിന്യ ഉൽപാദനം കണക്കാക്കിയത് മുനിസിപ്പാലിറ്റികളിൽ പ്രതിദിനം 240-350 ഗ്രാമും കോർപ്പറേഷനുകളിൽ പ്രതിദിനം 300-400 ഗ്രാമും ആയിരുന്നു. എന്നാൽ കേന്ദ്രമലിനീകരണ നിയന്ത്രണബോർഡ് (സിപിസിബി) നടത്തിയ (1999-2000) സർവ്വേ അനുസരിച്ച് 2018-19-ൽ ആളോഹരി മാലിന്യ ഉൽപാദനം മില്യൺ പ്ലസ് നഗരങ്ങളിൽ 500 ഗ്രാമും ക്ലാസ് I പട്ടണങ്ങളിൽ 400 ഗ്രാമും ആയിരുന്നെങ്കിൽ, കേരളം ഖരമാലിന്യ നിർമ്മാർജ്ജന പദ്ധതി (കെഎസ്ഡബ്ല്യൂഎംപി)യ്ക്ക് വേണ്ടി ശുചിത്വമിഷൻ തയ്യാറാക്കിയ സ്ട്രാറ്റജിക് എൻവയോൺമെന്റൽ അസസ്മെന്റ് ഓഫ് വേസ്റ്റ് മാനേജ്മെന്റ് ഇൻ കേരളയുടെ റിപ്പോർട്ട് പ്രകാരം കണക്കാക്കിയ (2020) ആളോഹരി മാലിന്യ ഉൽപാദനം യഥാക്രമം മുനിസിപ്പാലിറ്റികളിൽ പ്രതിദിനം 419 ഗ്രാമും കോർപ്പറേഷനുകളിൽ 545 ഗ്രാമും ആയിരുന്നു.<br><br>ഏജൻസികളിൽ ഒന്നും തന്നെ, മൂന്ന് സീസണുകളിൽ ഏഴ് ദിവസങ്ങൾ വീതം ബഹുമുഖ പ്രാതിനിധ്യസ്ഥാനങ്ങളിൽ നിന്ന് ശേഖരിച്ച സാംപിളുകളുടെ അടിസ്ഥാനത്തിൽ ഉൽപാദിപ്പക്കപ്പെട്ട മാലിന്യത്തിന്റെ ശരാശരി അളവ് നിർണ്ണയിക്കാനുള്ള ചിട്ടയായുള്ള നടപടി പാലിച്ചില്ല എന്ന് ഓഡിറ്റ് നിരീക്ഷിച്ചു. എംഎസ്ഡബ്ല്യൂഎം മാനുവലിൽ പ്രതിപാദിക്കുന്ന വിധത്തിൽ മാലിന്യ ഉൽപാദനത്തിന്റെ ഒരു ശാസ്ത്രീയമായ നിർണ്ണയത്തിന്റെ അഭാവത്തിൽ, എസ്ഡബ്ല്യൂഎം-ന്റെ നിലവിലുള്ള ആസൂത്രണം പര്യാപ്തമായിരുന്നില്ല. കൂടാതെ, ഉൽപാദിപ്പിക്കപ്പെടുന്ന മാലിന്യത്തിന്റെ അളവ് കുറച്ച് നിർണ്ണയിക്കുന്നത്, പ്രകടന നിലവാരം പാലിക്കുന്നതിന് അപര്യാപ്തമായ സൗകര്യങ്ങൾ | തിരിച്ചിരിക്കുന്നു.<br>**3.** ഓരോ സോണിലും, 1 വാർഡ് തിരഞ്ഞെടുക്കുന്നു, i.e. മൊത്തം 3 സോണുകളും ഓരോ യു. എൽ. ബിയിൽ നിന്നും 3 വാർഡുകളും തിരഞ്ഞെടുക്കുന്നു.<br>**4.** ഓരോ വാർഡിൽ നിന്നും 30 വീടുകൾ തിരഞ്ഞെടുത്തു, അതായത് 3 വാർഡുകളിൽ നിന്ന് മൊത്തം 90 വീടുകൾ.<br>**5.** അടിത്തറയുടെ വിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിലാണ് വീടുകളുടെ തിരഞ്ഞെടുപ്പ് നടത്തിയത്.<br>• കുറഞ്ഞ വരുമാനമായി 50 ചതുരശ്ര മീറ്റർ വരെ<br>• ഇടത്തരം വരുമാനമായി 50-200 ചതുരശ്ര മീറ്റർ<br>• 200 ചതുരശ്ര മീറ്ററിൽ കൂടുതൽ ഉയർന്ന വരുമാനം<br>• ഒരു വാർഡിൽ നിന്ന് കുറഞ്ഞ വരുമാനമുള്ള 10 വീടുകളും ഇടത്തരം വരുമാനമുള്ള 10 വീടുകളും ഉയർന്ന വരുമാനമുള്ള 10 വീടുകളും ഉൾപ്പെടെ ആകെ 30 വീടുകളാണ് തിരഞ്ഞെടുത്തത്.<br>**6.** ഹോട്ടലുകൾ, റെസ്റ്റോറന്റുകൾ, മാർക്കറ്റുകൾ, മറ്റ് ഓഫീസുകൾ, തെരുവ് ശുചീകരണ കേന്ദ്രങ്ങൾ എന്നിവയും പ്രത്യേകം പരിഗണിച്ചു.<br>**7.** 3 വാർഡുകളിൽ നിന്ന് മൊത്തം 150 യൂണിറ്റുകൾ സാമ്പിൾ പഠനത്തിനായി എടുത്തു. ഇതിൽ 90 എണ്ണം വീടുകളും ബാക്കിയുള്ളവയിൽ ഹോട്ടലുകൾ, മാർക്കറ്റുകൾ, തെരുവുകൾ, മറ്റ് ഓഫീസുകൾ എന്നിവയും ഉൾപ്പെടുന്നു.<br>**8.** ഓരോ വാർഡിലും സാമ്പിൾ പഠനം നടത്താൻ 2 എച്ച്. കെ. എസ് അംഗങ്ങളെ നിയമിച്ചു.<br>**9.** ഓരോ വീട്ടിൽ നിന്നും ബയോഡീഗ്രേഡബിൾ, നോൺ-ബയോഡീഗ്രേഡബിൾ, ഗാർഹിക അപകടകരമായ, സ്ക്രാപ്പ് എന്നിങ്ങനെ 4 വിഭാഗത്തിലുള്ള മാലിന്യങ്ങൾ സാമ്പിൾ ചെയ്തു. |

നിർമ്മിക്കുന്നതിന് ഇടയാക്കും.

**ഖരമാലിന്യത്തിന്റെ ഘടന**

മാലിന്യത്തിന്റെ ഘടന ആണ് മാലിന്യസംസ്കരണ സാങ്കേതിക വിദ്യയുടെ പ്രയോഗക്ഷമത നിർണ്ണയിക്കുന്നത്. തെരഞ്ഞെടുത്ത യുഎൽബികളൊന്നും ഖരമാലിന്യത്തിന്റെ ഘടന നിർണ്ണയിച്ചില്ല. **പട്ടിക** 2.2-**ൽ** കാണിച്ചിരിക്കും പോലെ ഡബ്ല്യൂഎസ്പി-എസ്ഡബ്ല്യൂഎം സെക്ടർ അസെസ്സ്മെന്റ് റിപ്പോർട്ട് **(2007),** എസ്ഡബ്ല്യൂഎം-ൻമേലുള്ള സംസ്ഥാന നയം **(2018),** കെഎസ്ഡബ്ല്യൂഎംപി റിപ്പോർട്ട് **(2020)** എന്നിവയ്ക്ക് അനുസൃതമായി ഖരമാലിന്യ ഘടനയിലെ വിശദാംശങ്ങളുടെ ഒരു താരതമ്യ പഠനം ഓഡിറ്റ് നിർവ്വഹിച്ചു.

**പട്ടിക 2.2: സെക്ടർ അസെസ്സ്മെന്റ് റിപ്പോർട്ട്, കെഎസ്ഡബ്ല്യൂഎംപി റിപ്പോർട്ട്, സംസ്ഥാന നയം എന്നിവ അടിസ്ഥാനപ്പെടുത്തിയുള്ള ഖരമാലിന്യത്തിന്റെ ഘടനയുടെ വിശദാംശങ്ങൾ**

| ഖരമാലിന്യത്തിന്റെ തരം | ഡബ്ല്യൂഎസ്പി എസ്ഡബ്ല്യൂഎം സെക്ടർ അസ്സസ്സെന്റ് റിപ്പോർട്ട് പ്രകാരമുള്ള ശതമാനം | കെഎസ്ഡബ്ല്യൂഎംപി റിപ്പോർട്ട് പ്രകാരമുള്ള ശതമാനം | സംസ്ഥാന നയം പ്രകാരമുള്ള ശതമാനം |
|---|---|---|---|
| ജൈവമാലിന്യം | 62 | 79 | 77 |
| പ്ലാസ്റ്റിക് | 8.69 | 11 | 4 |
| കടലാസ് | 6.94 | 4 | 6 |
| ചാക്ക് തുണി | 6.73 | *പരാമർശമില്ല* | *പരാമർശമില്ല* |
| ഗ്ലാസ് | 3.25 | 0 | 1 |
| ലോഹം | 2.2 | 0 | 1 |
| മറ്റു മാലിന്യം | 10.10 | 6 | 6 |

**10.** തിരഞ്ഞെടുത്ത ഓരോ യൂണിറ്റിൽ നിന്നുമുള്ള ജൈവ, ജൈവ ഇതര മാലിന്യങ്ങൾ ഓരോ ദിവസവും വെവ്വേറെ അളക്കുന്നു.

**11.** എട്ടാം ദിവസം സ്ക്രാപ്പും ഗാർഹിക അപകടകരമായ മാലിന്യങ്ങളും വിശകലനം ചെയ്യു.

**12.** മാലിന്യങ്ങൾ മുനിസിപ്പാലിറ്റിയുടെ കേന്ദ്രീകൃത എംസിഎഫിലേക്ക് അയച്ചു, അവിടെ 3 വാർഡുകളിൽ നിന്ന് ശേഖരിച്ച സാമ്പിളുകൾ കലർത്തി 4 ഭാഗങ്ങളായി വിഭജിച്ച് മാലിന്യത്തിന്റെ സാന്ദ്രത സൈറ്റിൽ തന്നെ അളന്നു.

**13.** ജൈവ, ജൈവ ഇതര മാലിന്യങ്ങളുടെ സാമ്പിളുകൾ രാസ വിശകലനത്തിനായി ലാബിലേക്ക് അയച്ചു.

ഇത്തരത്തിൽ ഓരോ നഗരസഭയിലും പരിശോധന നടത്തുകയും 2016 ലെ കേന്ദ്ര ഖരമാലിന്യ പരിപാലന ചട്ടങ്ങൾ നിഷ്കർഷിക്കുന്ന പ്രകാരം 25 വർഷത്തേയ്ക്കുള്ള ഖരമാലിന്യ പരിപാലന പ്ലാൻ തയ്യാറാക്കി വരുന്നുണ്ട്. ആയതിന്റെ ഭാഗമായി ഓരോ നഗരപ്രദേശങ്ങളും ഉത്പാദിപ്പിക്കപ്പെടുന്ന മാലിന്യത്തിന്റെ അളവ് ശാസ്ത്രീയമായി സർവ്വേ നടത്തി കണ്ടെത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഇതിനോടകം 79 നഗരസഭകളിലും 6 കോർപ്പറേഷനുകളിലും ഫീൽഡ്തലത്തിൽ സർവ്വേ പൂർത്തീകരിച്ചിട്ടുണ്ട്. ബാക്കി നഗരസഭകളിലെ സർവ്വേ അടിയന്തിരമായി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

| | | | |
|---|---|---|---|
| *നിഷ്ക്രിയം* | *പരാമർശമില്ല* | *പരാമർശമില്ല* | 5 |

മൂന്ന് പ്രധാന സീസണുകളിലോരോന്നിലും ബഹുമുഖ പ്രാതിനിധ്യമുള്ള സ്ഥലങ്ങളിൽ ഏഴുദിവസ കാലയളവിൽ ഒരു ശാസ്ത്രീയ നിർണ്ണയം നടത്തിയില്ലെങ്കിൽ, മാലിന്യ ഘടനാ നിർണ്ണയത്തിലെ സ്ഥിരതയില്ലായ്മ തുടർന്നു കൊണ്ടേയിരിക്കും.

**മാലിന്യത്തിന്റെ ഭൗതികപരവും രാസപരവുമായ സവിശേഷതകൾ**

മാലിന്യത്തിന്റെ അളവും, സാന്ദ്രത, ഈർപ്പം, കലോറി മൂല്യം, വിഷാംശം മുതലായ സവിശേഷതകളും ആണ് ഉചിതമായ സംസ്കരണ സാങ്കേതിക വിദ്യ തെരഞ്ഞെടുക്കുന്നതിനുള്ള സുപ്രധാന ഘടകങ്ങൾ. മാലിന്യത്തിന്റെ ജൈവ-രാസ സവിശേഷതകൾ നിർദ്ദിഷ്ട സംസ്കരണ പ്രക്രിയകളുടെ അനുയോജ്യത നിർണ്ണയിക്കുന്നു. മാലിന്യത്തിന്റെ കലോറി മൂല്യം, സംസ്കരണ സാങ്കേതിക വിദ്യകളായ "മാലിന്യത്തിൽ നിന്ന് ഊർജ്ജം", മറ്റ് താപനിയന്ത്രിത പ്രക്രിയകൾ എന്നിവ തെരഞ്ഞെടുക്കുന്നതിന് സഹായിക്കുന്നു. എന്നാൽ തെരഞ്ഞെടുത്ത 22 യുഎൽബികൾ അവർ ഉൽപാദിപ്പിച്ച മാലിന്യത്തിന്റെ ഭൗതികപരവും രാസപരവുമായ സവിശേഷതകൾ നിർണ്ണയിച്ചില്ല. ഖര/വിശേഷപ്പെട്ട മാലിന്യം കൈകാര്യം ചെയ്യുന്നതിന് തദ്ദേശ സ്ഥാപനങ്ങൾക്ക് സാങ്കേതികവും സാമ്പത്തികവുമായ സഹായം നൽകാൻ ചുമതലപ്പെട്ട എസ്ഡബ്ല്യുഎംന്റെ സംസ്ഥാന നോഡൽ ഏജൻസി ആയ ശുചിത്വ മിഷൻ പോലും സംസ്ഥാനത്ത് ഉൽപാദിപ്പിക്കപ്പെടുന്ന മാലിന്യത്തിന്റെ അളവും ഭൗതികപരവും രാസപരവുമായ സവിശേഷതകളും നിർണ്ണയിക്കാനായി ഒരു പഠനവും നാളിതു വരെ നടത്തിയില്ല.

പഠനം നടത്തുന്നതിനായി **2019** ഡിസംബറിൽ സോഷ്യോ എക്കണോമിക് യൂണിറ്റ് ഫൗണ്ടേഷനുമായി (എസ്ഇയുഎഫ്) ശുചിത്വമിഷൻ കരാറിൽ ഏർപ്പെട്ടുവെങ്കിലും, കോവിഡ്-**19** മഹാമാരി പൊട്ടിപ്പുറപ്പെട്ടതു കാരണം പഠനം നിർത്തിവയ്ക്കേണ്ടി വന്നു എന്ന് ഓഡിറ്റ് നിരീക്ഷണം അംഗീകരിച്ചുകൊണ്ട് സർക്കാർ മറുപടി നൽകി **(2022 മെയ്)**.

| | | |
|---|---|---|
| 2.1.2 | **സംസ്ഥാന നയവും തന്ത്രവും തയ്യാറാക്കുന്നതിലെ കാലതാമസം**<br><br>എസ്ഡബ്ല്യൂഎം ചട്ടങ്ങളുടെ വിജ്ഞാപനം വന്ന തീയതി മുതൽ ഒരു വർഷത്തിനുള്ളിൽ നഗരവികസന വകുപ്പ് സെക്രട്ടറി ഒരു നയവും ഖരമാലിന്യ നിർമ്മാർജ്ജന തന്ത്രവും തയ്യാറാക്കേണ്ടതായിരുന്നു. സംസ്ഥാന നയം രൂപീകരിക്കുന്നതിൽ വീഴ്ച വരുത്തിയ കേരള സർക്കാരിന് (ജിഓകെ) ബഹു.സുപ്രീം കോടതി ₹1,00,000 പിഴ ചുമത്തി (2018 ജൂലൈ). തുടർന്ന് 2018 സെപ്റ്റംബറിൽ ജിഒകെ സംസ്ഥാന നയം പ്രഖ്യാപിച്ചു. 2020 മെയിൽ പുറത്തിറക്കിയ ഖരമാലിന്യ നിർമ്മാർജ്ജന തന്ത്രത്തിന്റെ രൂപീകരണത്തിലും കാലവിളംബം ഉണ്ടായി. നയരൂപീകരണവും (2018) തന്ത്രവും (2020) വൈകിയത് ആസൂത്രണ പ്രക്രിയയിലെ ഫലപ്രാപ്തിയെ ചുവടെ വിശദീകരിക്കും പോലെ പ്രതികൂലമായി ബാധിച്ചു. | |
| 2.1.2.1 | **മുനിസിപ്പൽ ഖരമാലിന്യ നിർമ്മാർജ്ജന പദ്ധതിയുടെ തയ്യാറാക്കൽ**<br><br>എല്ലാ യുഎൽബികളും, സംസ്ഥാന നയം വിജ്ഞാപനം ചെയ്ത തീയതി തൊട്ട് ആറ് മാസത്തിനകം, ഒരു ഖരമാലിന്യ സംസ്കരണ പദ്ധതി തയ്യാറാക്കേണ്ടതാണ്. 25 വർഷത്തേയ്ക്കുള്ള ദീർഘകാല പദ്ധതികളുള്ള വിശദമായ ഒരു എസ്ഡബ്ല്യൂഎം പദ്ധതി തയ്യാറാക്കേണ്ടതിന്റെയും, ആയത് അഞ്ച് വർഷകാലാവധിയുള്ള ഹ്രസ്വകാല പദ്ധതികളായി വിഭജിക്കേണ്ടതിന്റെയും ആവശ്യത്തെപ്പറ്റി മാനുവൽ ഊന്നിപ്പറയുന്നു.<br><br>തെരഞ്ഞെടുത്ത യുഎൽബികൾ ചട്ടങ്ങളിൽ നിർദ്ദേശിച്ചിരിക്കുന്ന രീതിയിൽ എസ്ഡബ്ല്യൂഎം പദ്ധതികൾ തയ്യാറാക്കിയില്ല. നേടിയെടുക്കേണ്ട ലക്ഷ്യങ്ങൾ വ്യക്തമാക്കുന്ന ദീർഘകാല/ഹ്രസ്വകാല പദ്ധതികളുടെ അഭാവത്തിൽ, ഒരു പ്രത്യേക സമയത്തെ സ്ഥിതിവിശേഷം അല്ലെങ്കിൽ ഹ്രസ്വകാല പരിഹാര നടപടികൾ ആവശ്യപ്പെടുന്ന പ്രശ്നങ്ങൾ എന്നിവ പരിഹരിക്കാനുള്ള മാലിന്യ നിർമ്മാർജ്ജന പ്രോജക്ടുകളാണ് യുഎൽബികൾ നടപ്പിലാക്കിയിരുന്നത്. ഒരു മികച്ച രീതിയിൽ രൂപീകരിക്കപ്പെട്ട എസ്ഡബ്ല്യൂഎം പദ്ധതി വികസിപ്പിക്കുന്ന കാര്യത്തിൽ യുഎൽബികൾക്ക് കൈത്താങ്ങാകാനും സഹായിക്കാനുമായി ശുചിത്വ മിഷൻ എന്ന സാങ്കേതിക സഹായ ഏജൻസി ഉണ്ടായിരുന്നിട്ടും, | സ്വച്ഛ് ഭാരത് മിഷൻ അർബൻ പദ്ധതിയുടെ ഭാഗമായി വിവിധ ഖരമാലിന്യ സംസ്കരണ പദ്ധതികൾ നടപ്പാക്കുന്നതിലേക്ക് എല്ലാ നഗരസഭകൾക്ക് വേണ്ടിയും ഖരമാലിന്യ സംസ്കരണ ആക്ഷൻ പ്ലാനുകൾ ശുചിത്വ മിഷൻ സാങ്കേതിക വിഭാഗം മുഖേന തയ്യാറാക്കുകയും, ടി ആക്ഷൻ പ്ലാനുകൾ അതത് നഗരസഭകൾ അംഗീകരിച്ച് ലഭ്യമാക്കി സംസ്ഥാന തല സാങ്കേതിക സമിതി (SLTC) യിൽ സമർപ്പിച്ച് അംഗീകാരം നേടുകയും ആയത് കേന്ദ്ര പാർപ്പിട-നഗരകാര്യ മന്ത്രാലയത്തിന്റെ അനുമതിയ്ക്കായി സമർപ്പിച്ചിട്ടുള്ളതുമാണ്. നഗരസഭകളിൽ നിലവിലുള്ള ഖരമാലിന്യ സംസ്കരണ ഉപാധികളുടെയും, സംവിധാനങ്ങളുടെയും സംസ്കരണ ശേഷിയും, 2026 ലെ ജനസംഖ്യാ ആനുപാതികമായിട്ടുള്ള ആവശ്യകതയും കൂടി കണക്കിലെടുത്ത് നിലവിലെ വിടവുകൾ പരിഗണിച്ചാണ് ടി ആക്ഷൻ പ്ലാനുകൾ തയ്യാറാക്കിയിട്ടുള്ളത്. ടി കണക്കുകൾ പരിശോധിക്കുമ്പോൾ 2026 ലേക്ക് പ്രതിദിനം ഉണ്ടാകുന്ന 3073 ടൺ മാലിന്യം സംസ്കരിക്കുന്നതിലേക്കുള്ള |

| | | |
|---|---|---|
| | മാലിന്യം സംസ്കരിക്കുന്നതിനും നിർമ്മാർജ്ജനം ചെയ്യുന്നതിനും ഉചിതമായ സംവിധാനങ്ങളും സാങ്കേതിക വിദ്യകളും നടപ്പാക്കുന്നതിനു വേണ്ട ചട്ടക്കൂട് ലഭ്യമാക്കി എസ്ഡബ്ല്യൂഎം പദ്ധതി രൂപീകരിക്കുന്ന കാര്യത്തിൽ തെരഞ്ഞെടുത്ത യുഎൽബികൾ പരാജയപ്പെട്ടു.<br><br>സംസ്കരണ,നിർമ്മാർജ്ജന സൗകര്യങ്ങൾ പ്രവർത്തന രഹിതമാകുന്ന സാഹചര്യങ്ങൾ മറികടക്കാനായി യുഎൽബികൾ ഉചിതമായ മാലിന്യ സംഭരണത്തിനുവേണ്ട കരുതൽ പദ്ധതികൾ തയ്യാറാക്കണമെന്നും മാനുവൽ വ്യവസ്ഥ ചെയ്യുന്നു. തെരഞ്ഞെടുത്ത യുഎൽബികളിലൊന്നും ഇതുവരെ കരുതൽ പദ്ധതികൾ തയ്യാറാക്കിയിട്ടില്ല.<br><br>ശേഖരണം, സംഭരണം, ഗതാഗതം, സംസ്കരണം, നിർമ്മാർജ്ജനം, വാഹനങ്ങളുടെ നടത്തിപ്പും പരിപാലനവും തുടങ്ങിയവയിലെ വിടവുകൾ കണ്ടെത്തുന്നതിനായി ശാസ്ത്രീയ പഠനത്തിന്റെ അടിസ്ഥാനത്തിൽ നിലവിലെ മാലിന്യ സംസ്കരണ സംവിധാനത്തെ വിശകലനം ചെയ്തു കൊണ്ടിരിക്കുകയാണെന്ന് സർക്കാർ മറുപടി നൽകി (2022 മെയ്). എല്ലാ യുഎൽബികളും എസ്ഡബ്ല്യൂഎം കർമ്മപദ്ധതി ബന്ധപ്പെട്ട കൗൺസിലുകൾ അംഗീകരിച്ചെന്നും എസ്ഡബ്ല്യൂഎം കർമ്മപദ്ധതിയും അംഗീകൃതസമയക്രമവും ജില്ലാ സമിതികൾ മുഖേന അവലോകനം ചെയ്തു കൊണ്ടിരിക്കുകയാണെന്നും സർക്കാർ പ്രസ്താവിച്ചു. എന്നാൽ ശാസ്ത്രീയ പഠനവുമായി ബന്ധപ്പെട്ട ഒരു രേഖയും യുഎൽബികൾ ഓഡിറ്റിന് നൽകിയില്ല. കൂടാതെ, ഒരു ദീർഘകാല/ഹ്രസ്വകാല എസ്ഡബ്ല്യൂഎം പദ്ധതിയും ഇതുവരെയായി തയ്യാറാക്കിയിട്ടില്ലെന്ന് തെരഞ്ഞെടുത്ത യുഎൽബികൾ ഓഡിറ്റിനെ അറിയിച്ചു (2021 മാർച്ച്). | പദ്ധതികൾ ആവിഷ്കരിച്ചിട്ടുള്ളതാണ്. ഖരമാലിന്യ സംസ്കരണത്തിലേക്ക് മാത്രമായി 307 കോടി രൂപയുടെ പദ്ധതികൾ ആവിഷ്കരിച്ച് നഗരസഭകളിൽ നടപ്പിലാക്കി വരുന്നു. ടി കർമ്മ പദ്ധതിയിൽ കമ്പോസ്റ്റിംഗ് സംവിധാനങ്ങൾ, ബയോമെത്തനേഷൻ, മെറ്റീരിയൽ റിക്കവറി ഫെസിലിറ്റി, ലെഗസി വേസ്റ്റ് റെമഡിയേഷൻ തുടങ്ങിയ പദ്ധതികൾ ഉൾപ്പെട്ടിട്ടുള്ളതാണ് |
| 2.1.2.2 | **മാലിന്യ നിർമ്മാർജ്ജനത്തിന് വേണ്ടിയുള്ള ബൈലോ നിർമ്മാണം**<br><br>ചട്ടങ്ങളുടെ വിജ്ഞാപനം വരുന്ന തീയതി മുതൽ ഒരു വർഷത്തിനകം മാലിന്യ നിർമ്മാർജ്ജന ചട്ടങ്ങളുടെ വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചുകൊണ്ട് ബൈലാകൾ രൂപപ്പെടുത്തേണ്ടത് തദ്ദേശ സ്ഥാപനത്തിന്റെ കടമ ആണ്. പ്രാദേശിക അധികാരികൾ തൽസമയ പിഴ ചുമത്തുന്നതിനുള്ള | 2016-ലെ ഖര മാലിന്യ പരിപാലന ചട്ടങ്ങളുടെ അടിസ്ഥാനത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പുറപ്പെടുവിക്കേണ്ട ഉപനിയമാവലിയുടെ കരട് ശുചിത്വ മിഷൻ തയ്യാറാക്കി സർക്കാരിലേക്ക് |

മാനദണ്ഡങ്ങൾ നിർദ്ദേശിക്കേണ്ടതും നിയമലംഘകരുടെ മേൽ തൽസമയ പിഴകൾ ചുമത്താനുള്ള അധികാരങ്ങൾ ഉദ്യോഗസ്ഥർക്കോ തദ്ദേശ സ്ഥാപനങ്ങൾക്കോ ചുമതലപ്പെടുത്തി നൽകേണ്ടതുമാണ്. കൂടാതെ, തദ്ദേശ സ്ഥാപനങ്ങളുടെ ബൈലാകളിൽ പറഞ്ഞിരിക്കുന്ന, ഖരമാലിന്യ നിർമ്മാർജ്ജനത്തിനായുള്ള യൂസർഫീ എല്ലാ മാലിന്യ ഉൽപാദകരും നൽകേണ്ടതാണ്.

കെഎം ആക്ട്, 1994-ലെ സെക്ഷൻ 572 അനുസരിച്ച് സർക്കാർ സ്ഥിരീകരണമില്ലാതെ ഒരു ബൈലായും പ്രാബല്യത്തിൽ വരില്ല. തെരഞ്ഞെടുത്ത 22 യുഎൽബികളിൽ 13 എണ്ണം ബൈലാകൾ രൂപപ്പെടുത്തിയില്ല. അഞ്ച് യുഎൽബികൾ ഖര, പ്ലാസ്റ്റിക് മാലിന്യ നിർമ്മാർജ്ജനത്തിൽ സംയോജിത ബൈലാ രൂപപ്പെടുത്തി. നാല് യുഎൽബികൾ ഖര, പ്ലാസ്റ്റിക് മാലിന്യ നിർമ്മാർജ്ജനത്തിന് പ്രത്യേകം ബൈലാകൾ രൂപപ്പെടുത്തി. മൂന്ന് യുഎൽബികൾ സർക്കാരിലേക്കയച്ച ബൈലാകൾക്ക് അംഗീകാരം ഇനിയും കിട്ടാനിരിക്കുന്നതേയുള്ളു (2022 മാർച്ച്). മാതൃകാ ബൈലാകൾ പുറപ്പെടുവിക്കുന്നതിലും/സർക്കാർ അംഗീകരിക്കുന്നതിലും ഉണ്ടാകുന്ന കാലതാമസം, ബൈലാകളിൽ നിഷ്കർഷിക്കുന്ന പിഴ നിരക്കുകൾ നടപ്പാക്കുന്നതിനും അവയുടെ സമയോചിതമായ പരിഷ്കരണത്തിലും യുഎൽബികൾക്കുള്ള പ്രാപ്തിക്കുറവിന്റെ ആക്കം കൂട്ടുകയേ ഉള്ളൂ. കൂടാതെ, അങ്ങനെ ചുമത്തുന്ന പിഴകൾക്ക് നിയമസാധുത ഇല്ലായിരുന്നു.

നാൽപത് യുഎൽബികൾ ഖരമാലിന്യ നിർമ്മാർജ്ജന ബൈലാകളും 60 യുഎൽബികൾ പ്ലാസ്റ്റിക് മാലിന്യനിർമ്മാർജ്ജന ബൈലാകളും അംഗീകരിച്ചിട്ടുണ്ടെന്ന് സർക്കാർ മറുപടി നൽകി. കൂടാതെ, ₹49.97 ലക്ഷം സ്പോട്ട് ഫൈനായി ഈടാക്കുകയും (2020-21) പൊതു സ്ഥലങ്ങളിൽ മാലിന്യം തള്ളിയ നിയമലംഘകർക്കെതിരെ 120 കേസുകൾ എടുക്കുകയും ചെയ്തു എന്നും പറയുകയുണ്ടായി. എന്നിരുന്നാലും, ബൈലാകളുടെ സർക്കാർ അംഗീകാരം/ഗസറ്റ് പ്രസിദ്ധീകരണത്തെപ്പറ്റി മറുപടിയിൽ സൂചിപ്പിച്ചിട്ടില്ല.

സമർപ്പിക്കുകയും ആയത് സ.ഉ (കൈ) നം. 85/2022/തസ്വഭവ തീയതി 19.04.2022 പ്രകാരം അംഗീകരിക്കുകയുമുണ്ടായി. ആയത് പ്രകാരം എല്ലാ നഗരസഭകളും കരട് ഉപനിയമാവലി തയ്യാറാക്കുകയും, 92 നഗരസഭകളുടെ കരട് ബൈലോ കൗൺസിൽ അംഗീകരിക്കുകയും ആയതിൽ പൊതുജനാഭിപ്രായം കൂടി ഉൾപ്പെടുത്തി കൗൺസിൽ അംഗീകരിച്ച് സർക്കാരിൽ സമർപ്പിച്ചവയിൽ നാല് നഗരസഭകളുടെ കരട് ബൈലോ സർക്കാർ അംഗീകരിക്കുകയും മറ്റുള്ളവ അംഗീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയുമാണ്. നഗരസഭകൾ കരട് ഉപനിയമാവലി തയ്യാറാക്കിയിട്ടുള്ളതും, ടി നിയമാവലി അന്തിമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുള്ളതുമാണ്.

നഗരതദ്ദേശസ്ഥാപനങ്ങളുടെ ബൈലോ അംഗീകരിക്കുന്നത് സംബന്ധിച്ച് കെ.എസ്.ഡബ്ല്യൂ.എം.പി ലഭ്യമാക്കിയ മറുപടി ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | നിലവിലെ എം.സി.എഫ്. | എണ്ണം |
| --- | --- | --- |
| 1 | കരട് ബൈലാ തയ്യാറാക്കിയ നഗരസഭകൾ | 93 |
| 2 | കരട് ബൈലാ കൗൺസിൽ ബൈലോ അംഗീകാരം ലഭിച്ചത് | 92 |
| 3 | കരട് ബൈലാ പൊതുജനാഭിപ്രായത്തിനായി പ്രസിദ്ധീകരിച്ചത്. | 90 |
| 4 | ലഭ്യമായ അഭിപ്രായങ്ങൾ ഉൾപ്പെടുത്തി ഭേദഗതി വരുത്തി | 86 |

| | | |
|---|---|---|
| | കൗൺസിൽ അംഗീകാരം ലഭിച്ചത്. | |
| 5 | അംഗീകാരത്തിനായി തദ്ദേശ സ്വയംഭരണ വകുപ്പിൽ സമർപ്പിച്ചത്. | 77 |
| 6 | തദ്ദേശ സ്വയംഭരണ വകുപ്പിന്റെ അംഗീകാരം ലഭിച്ചത്. | 4 |
| 7 | അന്തിമ പ്രസിദ്ധീകരികരണം ചെയ്തത്. | 1 |

**<u>വിശദമായ പ്രോജക്ട് റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിലുണ്ടായ കാലതാമസം /പോരായ്മ</u>**

ഭാരത സർക്കാർ 2014 ഒക്ടോബറിൽ സ്വച്ഛ്ഭാരത് മിഷൻ-അർബൻ (എസ്ബിഎം-യു) ആരംഭിച്ചു. എസ്ഡബ്ല്യുഎം, അതിന്റെ ഘടകങ്ങളിൽ ഒന്നായിരുന്നു, യുഎൽബികൾ സംസ്ഥാന സർക്കാരുമായി ചർച്ച ചെയ്ത് എസ്ഡബ്ല്യുഎം-നു വേണ്ടിയുള്ള വിശദമായ പ്രോജക്ട് റിപ്പോർട്ടുകൾ (ഡിപിആറുകൾ) തയ്യാറാക്കേണ്ടതായിരുന്നു. സ്വകാര്യ/സർക്കാർ ഏജൻസികളെ ചുരുക്കപ്പട്ടികയിലാക്കി/തിരിച്ചറിഞ്ഞ്, ഡിപിആറുകൾ താമസം കൂടാതെ തയ്യാറാക്കുന്ന കാര്യത്തിൽ സംസ്ഥാന സർക്കാർ യുഎൽബികളെ പിന്തുണയ്ക്കണം. സംസ്ഥാനത്ത് പദ്ധതി നടപ്പാക്കുന്നതിനുള്ള നോഡൽ ഏജൻസി ശുചിത്വമിഷൻ ആയിരുന്നു. ഡിപിആറുകളുടെ രൂപീകരണ പ്രക്രിയയിൽ താഴെപ്പറയുന്ന ന്യൂനതകൾ ഓഡിറ്റ് നിരീക്ഷിച്ചു.

- സംസ്ഥാന ഉന്നതാധികാര സമിതി (എസ്എച്ച്പിസി), എസ്ബിഎം-യു മാർഗ്ഗരേഖകൾ ഇറങ്ങി ഒരു വർഷം കഴിഞ്ഞ് 2015 ഒക്ടോബറിലാണ് രൂപീകരിക്കപ്പെട്ടത്. ആദ്യത്തെ എസ്എച്ച്പിസി (2016 ഫെബ്രുവരി) പ്രത്യേകം ഡിപിആറുകൾക്ക് അനുകൂലമായി തീരുമാനമെടുത്തു. 2017 മാർച്ചിൽ രൂപീകരിച്ച സ്റ്റേറ്റ് ലെവൽ എംപവേർഡ് കമ്മിറ്റി,

SBM(U) 1.0 പദ്ധതിയുടെ പ്രാരംഭഘട്ടത്തിൽ പുതുതായി രൂപപ്പെട്ട ടി പദ്ധതിയുടെ മാനദണ്ഡങ്ങൾ മനസ്സിലാക്കുന്നതിനും നടപ്പിൽ വരുത്തുന്നതിനും കാലതാമസം ഉണ്ടായിട്ടുണ്ട്. ആദ്യഘട്ടത്തിൽ കാലതാമസം ഉണ്ടായെങ്കിലും, ജൈവ -അജൈവ മാലിന്യ സംസ്കരണ പദ്ധതികൾ നടപ്പിൽ വരുത്തുന്നത് അടക്കമുള്ള തുടർ നടപടികൾ സ്വീകരിക്കുന്നതിൽ ഒരു തരത്തിലുള്ള വീഴ്ചയും വരുത്തിയിട്ടില്ല. ഈ പദ്ധതിയുടെ ഭാഗമായി മുഴുവൻ നഗരസഭകളെയും വെളിയിട-മുക്ത നഗരസഭകളായി പ്രഖ്യാപിച്ചിട്ടുള്ളതാണ്. 28 ലെഗസി വേസ്റ്റ് ഡംപ് സൈറ്റുകൾ റെമഡിയേഷൻ ചെയ്യുന്നതിലേക്ക് 95 കോടി രൂപയുടെ DPR കൾ തയ്യാറാക്കി (906187 മെ.ടൺ) അംഗീകാരം ലഭ്യമാക്കുകയും ആയതിൽ 3 എണ്ണം പ്രവർത്തി പൂർത്തികരിക്കുകയും ബാക്കിയുള്ളവ നടപ്പാക്കി വരുന്നതുമാണ്. ജില്ലാതല നിരീക്ഷണ അവലോകന സമിതികൾ കൃത്യ സമയത്ത് കൂടുകയും പുരോഗതി വിലയിരുത്തുകയും

| | | |
|---|---|---|
| | (എസ്എൽഇസി) എസ്ഡബ്ല്യൂഎമ്മിനുള്ള ഡിപിആറുകൾ, എസ്എൽഇസിയ്ക്ക് സമർപ്പിക്കുന്നതിന് മുമ്പ്, സാങ്കേതിക, സാമ്പത്തിക വിലയിരുത്തലിനായി ശുചിത്വ മിഷനെ ഏൽപ്പിച്ചു. എസ്എൽഇസി അംഗീകരിച്ച ഡിപിആറുകൾ എംഒഎച്ച്യൂഎയ്ക്ക് ശുപാർശ ചെയ്യേണ്ടതായിരുന്നു. ഡിപിആറുകൾ അംഗീകരിക്കുവാൻ വേണ്ടി വെറും അഞ്ചു മീറ്റിംഗുകളാണ് കൂടിയത്. 2017 ജൂലൈയിൽ കൂടിയ ആദ്യത്തെ എസ്എൽഇസി, കേന്ദ്രസർക്കാർ ഫണ്ടുകൾ യുഎൽബികൾക്കുള്ള പൊതുഅടിസ്ഥാന സൗകര്യങ്ങളിലേയ്ക്ക് നിക്ഷേപിക്കാൻ തീരുമാനിക്കുകയും, നാല് ജില്ലകളിൽ സാനിറ്ററി ലാൻഡ്ഫിൽ സ്ഥാപിക്കുന്നതിനു വേണ്ടിയുള്ള ഡിപിആറുകൾ തയ്യാറാക്കാൻ ശുചിത്വമിഷനെ ഏൽപ്പിക്കുകയും ചെയ്തിരുന്നു. ജില്ലകളിൽ നിന്ന് ഫീഡ്ബാക്ക് കിട്ടിയതിന്റെ അടിസ്ഥാനത്തിൽ, ഫണ്ട് നഷ്ടപ്പെടുന്നത് ഒഴിവാക്കാനായി, ഓരോരോ പദ്ധതികൾക്കും വിഭിന്നമായ പ്രോജക്ടുകൾക്കുമുള്ള ഡിപിആറുകൾ തയ്യാറാക്കാൻ തീരുമാനിച്ചു. 2018 ഏപ്രിലിൽ ആദ്യ ബാച്ചായ 57 ഡിപിആറുകൾ എസ്എൽഇസി അംഗീകരിച്ചതിനെ തുടർന്ന് കേന്ദ്രസർക്കാർ ഫണ്ടുകളുടെ ആദ്യഗഡു അനുവദിക്കുകയും ചെയ്തു (2018 ജൂൺ). അങ്ങനെ, എസ്ഡബ്ല്യൂഎം പ്രോജക്ടുകളുടെ ഡിപിആറുകളുടെ രൂപീകരണം/അംഗീകാരം എന്നിവയ്ക്കുള്ള നടപടിക്രമങ്ങൾക്ക് മൂന്ന് വർഷം വരെ കാലതാമസം ഉണ്ടായി.<br><br>• 2018-2021 കാലയളവിൽ 93 യുഎൽബികളിൽ 86 യുഎൽബികൾ അവയുടെ ഡിപിആറുകൾ തയ്യാറാക്കുകയും എസ്എൽഇസിയുടെ അംഗീകാരം നേടുകയും ചെയ്തു. ഇപ്പറഞ്ഞവയിൽ 82 ഡിപിആറുകൾക്ക് കേന്ദ്രസർക്കാരിൽ നിന്ന് ഫണ്ട് കിട്ടി. അങ്ങനെ, 11 യുഎൽബികൾക്ക് കേന്ദ്ര വിഹിതമായ ₹45.82 കോടി ലഭിച്ചില്ല.<br><br>• ചുരുങ്ങിയ കാലയളവിൽ ഡിപിആറുകൾ തയ്യാറാക്കിയത് (ഒറ്റ ഏജൻസി 50 ദിവസത്തിനുള്ളിൽ 12 ഡിപിആറുകൾ തയ്യാറാക്കി) എസ്ഡബ്ല്യൂഎം ചട്ടങ്ങളിലും മാനുവലിലും വിഭാവനം ചെയ്തിരുന്നതു പോലെ | ചെയ്യുന്നുണ്ട്. |

യുഎൽബികളിലെ ഉറവിട മാലിന്യ സംസ്കരണ സൗകര്യങ്ങൾ സംബന്ധിച്ച് വിശദമായ ഡേറ്റാ തയ്യാറാക്കൽ, മൂന്ന് വ്യത്യസ്ത സീസണുകളിലെ മാലിന്യങ്ങളുടെ അളവ് നിർണ്ണയിക്കൽ, ഉൽപാദിപ്പിക്കപ്പെട്ട മാലിന്യത്തിന്റെ ഭൗതിക രാസ സവിശേഷതകളുടെ വിശകലനം മുതലായവയുടെ പാലനം സാദ്ധ്യമാക്കിയില്ല. ഇതുകൂടാതെ 31 ഡിപിആറുകളുടെ (എസ്എൽഇസി അംഗീകരിച്ച 86 ഡിപിആറുകളിൽ) പരിഷ്കരണം ആവശ്യമായി വന്നു.

- ആസൂത്രണ പ്രക്രിയയിലെ ഒരു സുപ്രധാന ചുവട് എന്നത്, യുഎൽബികളിലെ മാലിന്യ നിർമ്മാർജ്ജനത്തിന്റെ നിലവിലെ സാഹചര്യത്തിന്റെ നിർണ്ണായക വിലയിരുത്തലും നികത്തേണ്ട വിടവുകളുടെ തിരിച്ചറിയലും ആണ്. മാനവ വിഭവശേഷി, സ്ഥാപന ശേഷി, അടിസ്ഥാന സൗകര്യം, സാമ്പത്തിക വിഭവങ്ങൾ, അവശ്യ ഡേറ്റായുടെ ലഭ്യത, ഭൂലഭ്യത, തൽപ്പരകക്ഷികളുടെ സമ്മതം, സമൂഹത്തിന്റെ വിവര വിദ്യാഭ്യാസ വിനിമയത്തിന്റെ (ഐഇസി) ആവശ്യകതകൾ എന്നിവയിലെ വിടവുകൾ തിരിച്ചറിയപ്പെടേണ്ടതും പരിഹരിക്കപ്പെടേണ്ടതുമാണ്.

തെരഞ്ഞെടുത്ത യുഎൽബികൾ മേൽപ്പറഞ്ഞ വിടവുകൾ തിരിച്ചറിയുന്നതിനായി നിലവിലെ മാലിന്യ നിർമ്മാർജ്ജനസംവിധാനം വിലയിരുത്തിയിട്ടില്ല എന്ന് ഓഡിറ്റ് നിരീക്ഷിച്ചു. നിലവിലെ മാലിന്യ നിർമ്മാർജ്ജന സംവിധാനത്തിന്റെ പോരായ്മകൾ കണ്ടെത്തുന്നതിലെ വിടവുകൾ വിശകലനം ചെയ്യാൻ ഒരു പ്രത്യേക ടെംപ്ലേറ്റ് കേന്ദ്രസർക്കാർ പുറപ്പെടുവിച്ചെങ്കിലും (2017 നവംബർ), ഡിപിആറുകൾ തയ്യാറാക്കുമ്പോൾ ഈ ടെംപ്ലേറ്റ് പാലിക്കണമെന്നുള്ള നിർദ്ദേശം എംപാനൽ ചെയ്യപ്പെട്ട ഏജൻസികൾക്ക് ശുചിത്വ മിഷൻ നൽകിയില്ല. തെരഞ്ഞടുത്ത യുഎൽബികളുടെ ഡിപിആറുകളുടെ സൂക്ഷ്മ പരിശോധനയിൽ, യുഎൽബികളിലെ നിലവിലുള്ള ഉറവിടതല മാലിന്യ സംസ്കരണ സൗകര്യങ്ങളുമായി ബന്ധപ്പെട്ടുള്ള സമഗ്രമായ ഡേറ്റാ തയ്യാറാക്കാതിരിക്കൽ, സ്ഥാപനശേഷി, അടിസ്ഥാനസൗകര്യം, ഐഇസി

| | | |
|---|---|---|
| | ഇടങ്ങിയവയിലെ കുറവുകൾ വിശകലനം നടത്താതിരിക്കൽ, ഇടങ്ങിയ ന്യൂനതകൾ വെളിപ്പെട്ടു. സി ആന്റ് ഡി മാലിന്യം, ഗാർഹിക അപകടപരമായ മാലിന്യം മുതലായവയുടെ ഉൽപാദനത്തിന്റെ വിലയിരുത്തൽ ഡിപിആറുകളിൽ ഉൾപ്പെടുത്തിയിട്ടില്ല.<br><br>ഏലൂർ മുനിസിപ്പാലിറ്റിയുടെയും അങ്കമാലി മുനിസിപ്പാലിറ്റിയുടെയും ഡിപിആറുകളിൽ റോഡ് നീളത്തിന്റെ കാര്യത്തിലും ശുചീകരണത്തൊഴിലാളികളുടെ ബീറ്റ് നിർണ്ണയത്തിന്റെ കാര്യത്തിലും കൃത്യമായി സാമ്യമുള്ള ഡേറ്റ ആയിരുന്നു. രണ്ടാമത്തെ മുനിസിപ്പാലിറ്റിയുടെ ഡിപിആറിൽ പേരിന്റെ സ്ഥാനത്ത് ആദ്യത്തെ മുനിസിപ്പാലിറ്റിയുടെ പേരു അച്ചടിച്ച് കാണുന്നു. കായംകുളം മുനിസിപ്പാലിറ്റിയുടെ ഡിപിആറിൽ തുമ്പൂർമുഴി യൂണിറ്റുകളുടെ നിർമ്മാണത്തിനായി എട്ട് പദ്ധതികൾ ഉൾപ്പെടുത്തിയിട്ടുണ്ട്, എന്നാൽ ഈ പദ്ധതികൾ മുൻ വർഷങ്ങളിൽ തന്നെ പൂർത്തീകരിച്ചിരുന്നു. ഇതെല്ലാം സൂചിപ്പിക്കുന്നത്, വകയിരുത്തിയ ഫണ്ടുകൾ നഷ്ടപ്പെടുന്നത് ഒഴിവാക്കാൻ വേണ്ടി ഡിപിആറുകൾ വിടവുകളുടെ വിശകലനം നടത്താതെ തിടുക്കത്തിൽ തയ്യാറാക്കിയെന്നാണ്.<br><br>• ശുചിത്വമിഷൻ ഡിപിആറുകളുടെ തയ്യാറാക്കലിനായി പുറപ്പെടുവിച്ച മാർഗ്ഗരേഖകൾ വിഭാവനം ചെയ്യുന്നത്, ഡിപിആറുകളുടെ രൂപീകരണസമയത്ത് സാമഗ്രി ശേഖരണ സൗകര്യം (എംസിഎഫ്) സാമഗ്രി റിക്കവറി സൗകര്യം (എംആർഎഫ്), വികേന്ദ്രീകൃത മാലിന്യസംസ്കരണ യൂണറ്റുകൾ, തുമ്പൂർമുഴി മോഡൽ എയ്റോബിക് ബിന്നുകൾ ഇടങ്ങിയ അടിസ്ഥാന സൗകര്യ യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് അനുയോജ്യമായ ഭൂമി കണ്ടെത്തണം എന്നാണെങ്കിലും, മേൽപ്പറഞ്ഞ കാര്യങ്ങൾക്കുള്ള സ്ഥല ലഭ്യത ഉറപ്പാക്കാതെ എസ്എൽഇസി, ഡിപിആറുകൾ അംഗീകരിച്ചു. തിരുവനന്തപുരം കോർപ്പറേഷന്റെ 154 തുമ്പൂർമുഴി എയ്റോബിക് യൂണിറ്റുകൾ നിർമ്മിക്കാനുള്ള പദ്ധതിയും കായംകുളം മുനിസിപ്പാലിറ്റിയുടെ എംസിഎഫ്, എയ്റോബിക് കമ്പോസ്റ്റ്, വിൻഡ് | **തിരുവനന്തപുരം നഗരസഭ** 154 തുമ്പൂർമൊഴി പ്ലാന്റുകൾക്ക് ഡി.പി.ആർ തയ്യാറാക്കി സ്ഥലം കണ്ടെത്തുകയുണ്ടായെങ്കിലും ചിലത് നാഷണൽ ഹൈവേ അതോറിറ്റിയുടെ അനുമതി ലഭ്യമാകാത്തതിനാലും പൊതുജനങ്ങളുടെ എതിർപ്പ് മൂലവും നിർമ്മാണം ആരംഭിക്കാൻ സാധിച്ചിട്ടില്ല.<br><br>**കായംകുളം നഗരസഭയിൽ നിലവിൽ** എം.സി.എഫ്, എയ്റോബിക്,കമ്പോസ്റ്റ് യൂണിറ്റുകൾ സ്ഥാപിച്ചിട്ടുണ്ട്. മാലിന്യ സംസ്കരണ സംവിധാനങ്ങൾ നടപ്പിലാക്കുമ്പോൾ പൊതുജനങ്ങളിൽ നിന്നുണ്ടാകുന്ന എതിർപ്പ് മൂലമാണ് പല പദ്ധതികളും ആരംഭിക്കാനോ പൂർത്തിയാക്കാനോ സാധിക്കാതെ വരുന്നത്. നഗരസഭ നടപ്പാക്കിയ ഐ.ഇ.സി പ്രവർത്തനങ്ങൾ കൊണ്ട് നിലവിൽ ജനങ്ങളുടെ സഹകരണം ലഭ്യമാകുന്നുണ്ട്. |

| | | |
|---|---|---|
| | റോ കമ്പോസ്റ്റ് എന്നിവയുള്ള പദ്ധതികളും ഡിപിആറിൽ ഉൾപ്പെടുത്തിയത്, ഇവയ്ക്കുള്ള സ്ഥലം കണ്ടെത്താത്തതിനാൽ (2021 നവംബർ) തുടരാൻ കഴിഞ്ഞില്ല.<br><br>• എസ്ഡബ്ല്യുഎം-യു മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച്, ഡിപിആറിൽ, മാലിന്യ നിയന്ത്രണ ഇടപെടലുകളും, ഡംപ്സൈറ്റിലെ റെമഡിയേഷനും, പ്രവർത്തന പരിപാലന നടപടികളും അത്യാവശ്യമായി ചേർക്കേണ്ടതാണ്. എന്നാൽ തെരഞ്ഞെടുത്ത 20 യുഎൽബികൾ തയ്യാറാക്കിയ ഡിപിആറുകളിൽ ഇവ ഉൾപ്പെടുത്തിയിരുന്നില്ല. കായംകുളം മുനിസിപ്പാലിറ്റി ഡിപിആറിൽ ഡംപ്സൈറ്റിലെ റെമഡിയേഷനുള്ള പദ്ധതി ഉൾപ്പെടുത്തിയെങ്കിലും വിശദമായ രൂപരേഖ തയ്യാറാക്കി നടപ്പിലാക്കാൻ ഇതുവരെയും നടപടി എടുത്തില്ല (2022 ജനുവരി). **പ്രവർത്തന പരിപാലന നടപടികൾ ശ്രദ്ധിക്കാതിരുന്നതുകൊണ്ട്, തിരുവനന്തപുരം കോർപ്പറേഷൻ സ്ഥാപിച്ച എട്ട് സാമൂഹ്യതല ബയോഗ്യാസ് പ്ലാന്റുകൾ പ്രവർത്തനരഹിതമായി.**<br><br>• ജില്ലാതല നിരീക്ഷണ അവലോകന സമിതികൾ (ഡിഎൽഎംആർസികൾ) രൂപീകരിച്ചെങ്കിലും (2015 ഡിസംബർ), തെരഞ്ഞെടുത്ത യുഎൽബികൾ സ്ഥിതിചെയ്യുന്ന അഞ്ച് ജില്ലകളിലെ സമിതികൾ ഒരിക്കലും കൂടിയില്ല. ഏൽപ്പിച്ച സുപ്രധാന ചുമതലകളായ മാർഗ്ഗരേഖകൾക്കനുസൃതമായി പ്രോഗ്രാമുകൾ നടപ്പിലാക്കുന്നത് ഉറപ്പാക്കൽ, ഭൗതിക/സാമ്പത്തിക പുരോഗതിയുടെ നിരീക്ഷണം, തടസ്സങ്ങൾ അവലോകനം ചെയ്യലും പരിഹാരങ്ങൾ നിർദ്ദേശിക്കലും, തുടങ്ങിയവ ശ്രദ്ധിക്കപ്പെടാതെ കിടന്നു.<br><br>ഡിപിആറുകൾ നേരത്തെ സമർപ്പിക്കണം എന്നുള്ള ആവശ്യകത കാരണം, ദൗത്യകാലയളവിനുള്ളിൽ സ്ഥലം കണ്ടെത്താനും/വാങ്ങാനും സാധിക്കും എന്നുള്ള അനുമാനത്തോടെ യുഎൽബികൾ, ഡിപിആറുകൾ തയ്യാറാക്കിയതായി സർക്കാർ പ്രസ്താവിച്ചു (2022 മെയ്). എന്നിരുന്നാലും, | **തിരുവനന്തപുരം കോർപ്പറേഷൻ** - മറുപടി സമിതി യോഗത്തിൽ ലഭ്യമാക്കാൻ തിരുവനന്തപുരം കോർപ്പറേഷൻ സെക്രട്ടറിയോട് ആവശ്യപ്പെട്ടിട്ടുണ്ട്. |

| | | |
|---|---|---|
| | നിരവധി മാർഗ്ഗതടസ്സങ്ങൾ ഉണ്ടാവുകയും അവ ഇത്തരം പ്രോജക്ടുകൾ നടപ്പാകാതിരിക്കുന്നതിന് ഇടയാക്കുകയും ചെയ്തു. ഡിപിആറുകൾ സമയബന്ധിതമായി തയ്യാറാക്കുന്നതിൽ യുഎൽബികൾക്കും ശുചിത്വമിഷനും ഉണ്ടായ അയഞ്ഞ സമീപനത്തെയാണ് മറുപടി സൂചിപ്പിക്കുന്നത്. മാലിന്യത്തിന്റെ തരംതിരിക്കൽ മുതൽ നിർമ്മാർജ്ജനം വരെയുള്ള കാതലായ ജോലികൾ സമയബന്ധിതമായി നിർവ്വഹിക്കുന്നതിനെ അനാവശ്യ കാലതാമസം പ്രതികൂലമായി ബാധിച്ചു. എല്ലാ പ്രോജക്ടുകളിലും ആവശ്യമായ പ്രവർത്തന പരിപാലന നടപടികൾ പുതിയ ഡിപിആറുകളിൽ പിന്തുടരുമെന്നും ഉൾപ്പെടുത്തുമെന്നും സർക്കാർ അറിയിച്ചു | |
| 2.1.3 | **സ്ഥാപനപരമായ സംവിധാനം** | |
| 2.1.3.1 | **എസ്ഡബ്ല്യുഎം സെൽ രൂപീകരിക്കാതിരുന്നത്**<br><br>ഫലപ്രദവും ആധുനികവുമായ ഒരു മുനിസിപ്പൽ എസ്ഡബ്ല്യുഎം സംവിധാനം ആസൂത്രണം ചെയ്യുന്നതിന്, കാര്യക്ഷമമായ സ്ഥാപന ഘടനയോടൊപ്പം മതിയായ അടിസ്ഥാന സൗകര്യങ്ങളും ഉപകരണങ്ങളും അത്യാവശ്യമാണ്. എസ്ഡബ്ല്യുഎമ്മിൽ സാങ്കേതിക, ഭരണപാടവമുള്ള ജീവനക്കാർ ഉള്ള എസ്ഡബ്ല്യുഎം വകുപ്പ്/സെൽ യുഎൽബികൾക്ക് പ്രത്യേകമായി ഉണ്ടായിരിക്കണം എന്നാണ് എംഎസ്ഡബ്ല്യുഎം മാനുവൽ, 2016-ന്റെ സെക്ഷൻ 1.4.5.4 ശക്തമായി ശുപാർശ ചെയ്യുന്നത്.<br><br>മേൽപ്പറഞ്ഞതിന് വിരുദ്ധമായി, എംഎസ്ഡബ്ല്യു ഭരണ നിർവ്വഹണത്തിൽ പ്രത്യേകമായി സാങ്കേതിക ഭരണ പാടവമുള്ള ജീവനക്കാർ ഉള്ള ഒരു സമർപ്പിത എസ്ഡബ്ല്യുഎം വകുപ്പ്/സെൽ തെരഞ്ഞെടുത്ത യുഎൽബികളിലൊന്നിലും ഇല്ലായിരുന്നു. എല്ലാ യുഎൽബികളിലും, ഡോക്ടർ/ഹെൽത്ത് സൂപ്പർവൈസർ/ഹെൽത്ത് ഇൻസ്പെക്ടർ ആയിട്ടുള്ള ഹെൽത്ത് ഓഫീസറുടെ നേതൃത്വത്തിലുള്ള, ആരോഗ്യ വിഭാഗം ആണ്, തങ്ങൾക്ക് നൽകപ്പെട്ടിരുന്ന ആരോഗ്യ സംബന്ധിയായ ചുമതലകൾക്കുപരിയായി, എസ്ഡബ്ല്യുഎം പ്രവൃത്തികൾ കൈകാര്യം ചെയ്തിരുന്നത്. തിരുവനന്തപുരം, കൊച്ചി കോർപ്പറേഷനുകളിൽ ഓരോന്നിലും | കെ.എസ്.ഡബ്ല്യു.എം.പി. പദ്ധതി പ്രകാരം എല്ലാ നഗരസഭകളിലും കോർപ്പറേഷനുകളിലും ഒരു എസ്.ഡബ്ല്യു.എം. എഞ്ചിനീയർ ഉൾപ്പെടുന്ന പ്രോജക്ട് ഇംപ്ലിമെന്റേഷൻ യൂണിറ്റ് 07.10.2021 ലെ സ.ഉ. (കൈ) 230/2021/ത.സ്വ.ഭ.വ. പ്രകാരം രൂപീകരിച്ചിട്ടുണ്ട്. ആയത് പ്രകാരം എല്ലാ നഗരസഭകളിലും കോർപ്പറേഷനുകളിലും എസ്.ഡബ്ല്യു.എം. എൻജിനീയറെ പദ്ധതിയിൽ നിന്ന് നിയമിച്ചിട്ടുണ്ട്. |

| | | |
|---|---|---|
| | ഒരു പരിസ്ഥിതി എൻജിനീയറെ കരാർ അടിസ്ഥാനത്തിൽ ഏർപ്പെടുത്തിയിരുന്നെങ്കിലും അദ്ദേഹത്തിന് ഭരണപരമായ ചുമതല നൽകിയിരുന്നില്ല. എസ്‌ഡബ്ല്യുഎം-ൽ വൈദഗ്ധ്യമുള്ള മതിയായ എണ്ണം ജീവനക്കാരുള്ള ഒരു പ്രത്യേക എസ്‌ഡബ്ല്യുഎം സെല്ലിന് മാലിന്യ നിർമ്മാർജ്ജനം നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട ചുമതലകളും ഉത്തരവാദിത്തങ്ങളും, പ്രവർത്തനപരമായും ചുമതലപ്പെടുത്തിയതുമായ രീതിയിൽ നിർവ്വഹിക്കാമായിരുന്നു.<br><br>എല്ലാ യുഎൽബികളിലും വൈദഗ്ധ്യമുള്ള മാലിന്യ നിർമ്മാർജ്ജന വിദഗ്ധരെ കെഎസ്‌ഡബ്ല്യുഎംപി ലഭ്യമാക്കുമെന്ന് സർക്കാർ മറുപടി നൽകി (2022 മെയ്). | |
| 2.1.3.2 | **സേവന തല അളവു കോലുകൾ**<br><br>കേന്ദ്ര സർക്കാരിന്റെ, നഗര വികസന മന്ത്രാലയം (എംഒയുഡി) ജല വിതരണം, മലിനജലം, എസ്‌ഡബ്ല്യുഎം മഴവെള്ളം ഒഴുകിപ്പോകാനുള്ള സംവിധാനം എന്നിവ ഉൾപ്പെടുന്ന സേവന തല അളവുകോൽ രീതി (എസ്‌എൽബി) ആരംഭിച്ചു (2008). പ്രകടന സൂചികകൾ നിരീക്ഷിക്കാനും റിപ്പോർട്ട് ചെയ്യാനുമായി നിഷ്കർഷിക്കപ്പെട്ട ഒരു പൊതു മിനിമം ചട്ടക്കൂടിൽ എട്ട് പ്രകടന സൂചികകൾ എസ്‌ഡബ്ല്യുഎം-മായി ബന്ധപ്പെട്ടതാണ്. അതിൽ ഈ പ്രകടന സൂചികകളുമായി ബന്ധപ്പെട്ട ലക്ഷ്യങ്ങളുടെയും അളവുകോലുകളുടെയും നേർക്കായി, തെരഞ്ഞെടുത്ത 22 യുഎൽബികളുടെ എസ്‌എൽബി പ്രഖ്യാപനങ്ങളുടെ (2018-19) വിശകലനവും, യുഎൽബികൾ (2020-21) നൽകിയ വിശദാംശങ്ങളുടെ അടിസ്ഥാനത്തിൽ ഓഡിറ്റ് നടത്തിയ നിർണ്ണയവും അനുബന്ധം 1-ൽ കാണിച്ചിരിക്കുന്നു. മുകളിലത്തെ വിശകലനത്തിൽ നിന്ന് ഉരുത്തിരിഞ്ഞ ഫലങ്ങൾ താഴെപ്പറയും വിധമായിരുന്നു:<br><br>• ഉറവിടത്തിലെ മാലിന്യ നിർമ്മാർജ്ജനമെന്ന സംസ്ഥാന നയത്തിന് അനുസൃതമായി, പരിശോധന നടത്തിയ യുഎൽബികൾ വീടുകളിൽ നിന്ന് | കേരളത്തിൽ മാലിന്യ സംസ്കരണത്തിന് വേണ്ടി വികേന്ദ്രീകൃതാസൂത്രണ നടപടികളാണ് സ്വീകരിച്ച് വരുന്നത്. ഇതിന്റെ ഭാഗമായി ജൈവ മാലിന്യങ്ങൾ ഉറവിടത്തിൽ സംസ്കരിക്കുകയും അജൈവ മാലിന്യങ്ങൾ 37000 ത്തോളം വരുന്ന ഹരിത കർമ്മസേന അംഗങ്ങൾ വഴി ശേഖരിച്ച് കൃത്യമായ സംസ്കരണം നടത്തി വരുന്നു.<br><br>നിലവിൽ അജൈവ മാലിന്യ സംസ്കരണത്തിലേക്ക് വേണ്ടി ഭവനങ്ങളിലും സ്ഥാപനങ്ങളിലും QR Code കൾ (75,34,956 എണ്ണം Enrolment പൂർത്തീകരിച്ച്, 4057536 എണ്ണം സർവ്വീസ് ആരംഭിക്കുകയും ചെയ്തു) സ്ഥാപിച്ച് ആയത് ഹരിതമിത്രം ആപ്പ് വഴി മോണിറ്റർ ചെയ്ത് വരികയുമാണ്. ഹരിതമിത്രം ആപ്പ് മുഖേനയും കെ-സ്മാർട്ട് മിഷൻ മുഖേനയും പൊതുജനങ്ങൾക്ക് പരാതി സമർപ്പിക്കാനുള്ള സൗകര്യം ലഭ്യമാണ്. ഹരിതമിത്രം ആപ്പ് നിലവിൽ 1003 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ഉപയോഗിച്ച വരുന്നു. |

ജൈവമാലിന്യം ശേഖരിച്ചില്ല. യുഎൽബികൾ പ്രതിദിന വാതിൽപ്പടി ശേഖരണത്തെക്കുറിച്ചുള്ള എസ്എൽബികളും, ഖരമാലിന്യ ശേഖരണത്തിന്റെ ഫലപ്രാപ്തിയും പ്രഖ്യാപിച്ചത് വീടുകളിൽ നിന്നുള്ള പ്ലാസ്റ്റിക് മാലിന്യ ശേഖരണത്തിന്റെ വ്യാപ്തിയുടെ അടിസ്ഥാനത്തിൽ ആണ്. പ്രഖ്യാപിത തലങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ ഭൂരിപക്ഷം യുഎൽബികളിലും പ്ലാസ്റ്റിക് മാലിന്യങ്ങളുടെ വാതിൽപ്പടി ശേഖരണവും ശേഖരണത്തിലെ ഫലപ്രാപ്തിയും യഥാർത്ഥത്തിൽ വളരെ കുറവായിരുന്നെന്ന് ഓഡിറ്റ് നിരീക്ഷിച്ചു.

- തെരഞ്ഞെടുത്ത യുഎൽബികൾ വേർതിരിച്ച മാലിന്യത്തിന്റെ അളവിന്റെ എസ്എൽബി പ്രഖ്യാപിച്ചെങ്കിലും ഈ യുഎൽബികൾ വേർതിരിച്ച മാലിന്യത്തിന്റെ അളവ് രേഖപ്പെടുത്തിയില്ല.

- നിഷ്ക്രിയ മാലിന്യം കളയാൻ ശാസ്ത്രീയമായ ലാൻഡ്ഫിൽ സർക്കാരിനില്ലെങ്കിലും, പരിശോധന നടത്തിയ യുഎൽബികൾ മാലിന്യം ലാൻഡ്ഫില്ലിൽ നിക്ഷേപിക്കുന്നതായി എസ്എൽബിയിൽ പ്രഖ്യാപിച്ചു.

- പരാതി പരിഹാരത്തിനുള്ള എസ്എൽബിയിൽ 70 മുതൽ 100 ശതമാനം വരെ ലക്ഷ്യം നേടിയതായി തെരഞ്ഞെടുത്ത യുഎൽബികൾ പ്രഖ്യാപിച്ചു. എന്നാൽ, തിരുവനന്തപുരം കോർപ്പറേഷനിൽ മാത്രമേ പരാതികൾ സ്വീകരിക്കാൻ ഒരു ഓൺലൈൻ സംവിധാനം ഉണ്ടായിരുന്നുള്ളൂ എന്ന് ഓഡിറ്റ് നിരീക്ഷിച്ചു. ബാക്കി യുഎൽബികളിൽ മാലിന്യ നിർമ്മാർജ്ജനവുമായി ബന്ധപ്പെട്ട പരാതികൾ രേഖപ്പെടുത്തുന്നതിനായി പ്രത്യേക രജിസ്റ്ററുകൾ പോലും സൂക്ഷിച്ചിരുന്നില്ല.

അതുപോലെ യുഎൽബികൾ രേഖപ്പെടുത്തിയ എസ്എൽബി സ്കോറുകൾ സാധൂകരിക്കാനുള്ള പരിശോധനായോഗ്യമായ ഡേറ്റാ ഇല്ലായിരുന്നത് നൽകിയ സ്കോറുകളുടെ വാസ്തവികത സംബന്ധിച്ച് സംശയങ്ങൾ ഉളവാക്കി. യുഎൽബികൾ നൽകിയ എസ്എൽബി പ്രഖ്യാപനങ്ങളിലെ പൊരുത്തക്കേട് തിരുത്തലിനായി സർക്കാർ ശ്രദ്ധിച്ചിട്ടുണ്ടെന്ന് അന്തിമ കൂടിക്കാഴ്ചയിൽ (2022

| | | |
|---|---|---|
| | മെയ്) പ്രസ്താവിച്ചു. | |
| 2.1.4 | **മാലിന്യ നിർമ്മാർജ്ജനത്തിൽ അനൗപചാരിക മാലിന്യ ശേഖകരുടെ പങ്ക്**<br><br>മാലിന്യം ലഘൂകരിക്കുന്നതിൽ, അനൗപചാരിക വിഭാഗത്തിലെ ആക്രി പെറുക്കുന്നവർ, മാലിന്യം ശേഖരിക്കുന്നവർ, പുനരുപയോഗ വ്യവസായം എന്നിവ വഹിക്കുന്ന പ്രാഥമിക പങ്ക് എസ്ഡബ്ല്യുഎം മാനുവൽ, 2016-ഉം എസ്ഡബ്ല്യുഎം ചട്ടങ്ങൾ 2016-ഉം അംഗീകരിച്ചു. ആക്രി പെറുക്കുന്നവരുടെയോ, അനൗപചാരിക മാലിന്യശേഖകരുടെയോ സംഘടനകളെ തിരിച്ചറിയുന്നതിനായി എൽഎസ്ജിഐകൾ ഒരു സംവിധാനം ഒരുക്കേണ്ടതാണെന്നും മൊത്തമുള്ള സംവിധാന ചെലവുകൾ കുറയ്ക്കുന്നതിന് ഈ അസംഘടിത തൊഴിലാളികളെ ഏകീകരിച്ച് ഔപചാരിക എസ്ഡബ്ല്യുഎം സംവിധാനത്തിലേക്ക് കൊണ്ടുവരേണ്ടതാണെന്നും, പ്രാദേശിക പുനഃചംക്രമണ വ്യവസായത്തിന് പിന്തുണ നൽകേണ്ടതാണെന്നും, പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കേണ്ടതാണെന്നും സംസ്ഥാന നയം (2018) വ്യവസ്ഥ ചെയ്യുന്നു. എന്നാൽ, 2020-ൽ പുറപ്പെടുവിച്ച നയരേഖയിൽ മാലിന്യ നിർമ്മാർജ്ജന സംവിധാനവുമായി അനൗപചാരിക മേഖലയെ സംയോജിപ്പിക്കുന്നതിന്റെ ആവശ്യം പരിഗണിക്കുകയോ നാളിതുവരെ ഇതുമായി ബന്ധപ്പെട്ട എന്തെങ്കിലും മാർഗ്ഗരേഖകൾ പുറപ്പെടുവിക്കുകയോ ചെയ്തിട്ടില്ലെന്ന് ഓഡിറ്റ് നിരീക്ഷിച്ചു.<br><br>മാലിന്യ ശേഖരണത്തിലെ അനൗപചാരിക സംവിധാനത്തിന്റെ പ്രവർത്തനത്തെപ്പറ്റി ഓഡിറ്റ് താഴെപ്പറയുന്ന നിരീക്ഷണങ്ങൾ നടത്തി.:<br><br>• ആക്രി ഇടപാടുകാർ കൈകാര്യം ചെയ്യുന്ന മാലിന്യത്തിന്റെ അളവും തരവും നിരീക്ഷിക്കാനോ അവയുടെ ശരിയായ സംഭരണവും നിർമ്മാർജ്ജനവും ഉറപ്പാക്കാനോ ഉള്ള ഒരു സംവിധാനവും ഇല്ലായിരുന്നു. തെരഞ്ഞെടുത്ത 15 യുഎൽബികളിലെ 42 ആക്രികടകളിൽ സംയുക്ത ഭൗതിക പരിശോധന നടത്തിയപ്പോൾ | അജൈവ മാലിന്യ ശേഖരണ- സംഭരണ- കൈമാറ്റരംഗത്ത് പ്രവർത്തിക്കുന്നവരുമായും സർക്കാർ തലത്തിൽ 12.08.2022, 22.08.2022, 20.09.2022 തീയതികളിലായി വിവിധ ചർച്ചകൾ നടത്തിക്കൊണ്ട്, അജൈവ മാലിന്യ ശേഖരണ-സംഭരണ-കൈമാറ്റം ശാസ്ത്രീയമായി നടപ്പാക്കുന്നതിലേക്ക് സ്ക്രാപ്പ് മാനേജ്മെന്റ്മായി ബന്ധപ്പെട്ട നിൽക്കുന്ന വ്യാപാരികൾ, ലൈൻ വർക്കേർഴ്സ് എന്നിവർക്ക് ബാധകമാകും വിധം കരട് സ്ക്രാപ്പ് വ്യാപാരവും സ്ക്രാപ്പ് അധിഷ്ഠിത വ്യവസായവും നടത്തുന്നതിനുള്ള മാർഗരേഖ തയ്യാറാക്കുകയും കുടുംബശ്രീ മിഷൻ, കേരള മലിനീകരണ നിയന്ത്രണ ബോർഡ്, KSWMP, CKCL എന്നിവരുമായി കൂടിയാലോചിച്ച് ഭേദഗതി വരുത്തി അംഗീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. |

ഓഡിറ്റ് ശ്രദ്ധിച്ചത്, എട്ട് യുഎൽബികളിൽ 31 അനധികൃത ആക്രി ഇടപാടുകാർ പ്രവർത്തിക്കുന്നുവെന്നും അവർ ശേഖരിക്കുന്ന മാലിന്യത്തിന്റെ സ്വഭാവം, ചരക്കു നീക്കത്തിന്റെ രീതി, നിർമ്മാർജ്ജന കേന്ദ്രങ്ങൾ എന്നിവയെപ്പറ്റിയുള്ള വിശദാംശങ്ങൾ ഒന്നും യുഎൽബികൾക്ക് നൽകാൻ കഴിഞ്ഞില്ല എന്നുമാണ്. ഈ ആക്രി ഇടപാടുകാർ ശേഖരിക്കുന്ന മാലിന്യത്തിൽ പരിസ്ഥിതി സൗഹൃദമല്ലാത്ത അപകടകരമായ വസ്തുക്കളും, ആപൽക്കരമായ ഘടകങ്ങളും ഉൾപ്പെടുന്നതിനാൽ അവയുടെ സംഭരണത്തിന്റെയും നിർമ്മാർജ്ജനത്തിന്റെയും കാര്യത്തിലുള്ള അലംഭാവം ആരോഗ്യ വിപത്തുകൾക്ക് കാരണമാകാം. കൂടാതെ, ആക്രി ഇടപാടുകാർ ശേഖരിക്കുന്ന ആക്രി സാധനങ്ങൾ സംസ്ഥാനത്തിന്റെ പുറത്തേയ്ക്ക് കയറ്റിക്കൊണ്ടു പോകുന്ന സംഭവങ്ങൾ യുഎൽബികൾ നിരീക്ഷിക്കുന്നില്ലായെന്നും ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു.



തിരുവനന്തപുരം കോർപ്പറേഷനിലെ ഒരു ആക്രിഇടപാടുകാരന്റെ അംഗീകാരമില്ലാത്ത ശേഖരണ സ്ഥലത്ത് പ്ലാസ്റ്റിക് / അപകടകരമായ മാലിന്യം തീ കത്തി നശിച്ചതിന്റെ അവശിഷ്ടങ്ങൾ (2020 ഏപ്രിൽ)

- ഇ-മാലിന്യ (നിർമ്മാർജ്ജന) ചട്ടം, 2016-നായുള്ള നടപ്പാക്കൽ മാർഗ്ഗരേഖകൾ പ്രസ്താവിക്കുന്നത് "എൻഡ്-ഓഫ്-ലൈഫ്" ഉൽപ്പന്നത്തിന്റെ കയറ്റൽ, ഗതാഗതം, ഇറക്കൽ, സംഭരണം എന്നിവ നടത്തേണ്ടത് ആരോഗ്യം, പരിസ്ഥിതി, ഉൽപ്പന്നം എന്നിവയ്ക്ക് നാശം വരാതെ ആയിരിക്കണം എന്നാണ്. എന്നാൽ, യുഎൽബി ഉദ്യോഗസ്ഥരുമൊത്ത് തിരുവനന്തപുരം, കോഴിക്കോട് കോർപ്പറേഷനുകളിലെയും, കൊയിലാണ്ടി, കായംകുളം, മാവേലിക്കര, അങ്കമാലി, ആലുവ, വടകര മുനിസിപ്പാലിറ്റികളിലെയും

ആക്രിക്കടകളിൽ നേരിട്ട് നടത്തിയ പരിശോധനയിൽ വെളിപ്പെട്ടത്, കംമ്പ്യൂട്ടർ മോണിറ്ററുകൾ, ടെലിവിഷൻ സെറ്റുകൾ, റെഫ്രിജറേറ്ററുകൾ, ഇലക്ട്രിസിറ്റി കേബിൾ/വയറുകൾ തുടങ്ങിയ, ശ്രദ്ധാപൂർവ്വം കൈകാര്യം ചെയ്യേണ്ട ഇ-മാലിന്യം പാരിസ്ഥിതിക/ആരോഗ്യ മുൻകരുതലുകൾ ഒന്നും എടുക്കാതെ ആക്രിസാധനങ്ങൾക്കൊപ്പം തുറസ്സായ സ്ഥലത്ത് നിക്ഷേപിച്ചിരുന്നു എന്നാണ്. തിരുവനന്തപുരം കോർപ്പറേഷനിലെ കിള്ളിപ്പാലത്ത്, അനധികൃത ആക്രി ഇടപാട്ടുകാരൻ പ്ലാസ്റ്റിക്/അപകടകരമായ മാലിന്യ വസ്തുക്കൾ സൂക്ഷിച്ചിരുന്ന സ്ഥലത്ത് 2022 ജനുവരിയിൽ തീപിടുത്തം ഉണ്ടായി എന്നത്, നിർദ്ദിഷ്ട മുൻകരുതലുകൾ എടുക്കാതെ ഇ-മാലിന്യം/അപകടകരമായ മാലിന്യങ്ങൾ സൂക്ഷിച്ചതിന്റെ ഒരു പ്രതികൂലഫലം ആയിരുന്നു.

- ആക്രി ഇടപാട്ടുകാർക്ക് അപകടകരവും അസഹ്യവുമായ (ഡി ആന്റ് ഒ) വ്യാപാരങ്ങൾക്കുള്ള ലൈസൻസ് കൊടുത്തപ്പോൾ, ഏതു വിധത്തിലുള്ള മാലിന്യം ശേഖരിക്കാനാണ് അവർക്ക് അനുമതിയുള്ളതെന്നോ, അംഗീകൃത റീസൈക്ലർ/പൊളിക്കുന്നവർ/നവീകരിക്കുന്നവരുമായി ഒരു ഔപചാരിക കരാർ ഉണ്ടോ എന്നും തെരഞ്ഞെടുത്ത യുഎൽബികൾ ഉറപ്പാക്കിയില്ല. ഇ-മാലിന്യം ശേഖരിക്കുന്നതിൽ നിന്ന് ആക്രി ഇടപാട്ടുകാരെ യുഎൽബിയോ മലിനീകരണ നിയന്ത്രണ ബോർഡോ വിലക്കാഞ്ഞത്, പിസിബിയുടെ അനുമതി ഇല്ലാതെയും ഇ-മാലിന്യ നിർമ്മാർജ്ജന ചട്ടങ്ങൾ 2016-ന് വിരുദ്ധമായും ആക്രി ഇടപാട്ടുകാർ ഇ-മാലിന്യം ശേഖരിക്കുന്നതിനും സംഭരിക്കുന്നതിനും ഇടയാക്കി. നിയമവിരുദ്ധമായ ആക്രികച്ചവടവും പരിവഹനവും തടയാനോ മാലിന്യത്തിന്റെ ശാസ്ത്രീയ നിർമ്മാർജ്ജനം ഉറപ്പാക്കാൻ ആക്രി ഇടപാട്ടുകാരെ എസ്ഡബ്ല്യുഎം സംവിധാനത്തിൻ കീഴിൽ സംഘടിപ്പിക്കാനോ ശുചിത്വ മിഷൻ/യുഎൽബികൾ/ പിസിബി ഒരു നടപടിയും എടുത്തില്ല

| | | |
|---|---|---|
| | • അന്തിമ കൂടിക്കാഴ്ചയിൽ (2022 മെയ്) സർക്കാർ പ്രസ്താവിച്ചത്, ഓഡിറ്റ് കണ്ടെത്തൽ ശ്രദ്ധിച്ചുവെന്നും കരട് ഓഡിറ്റ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അനൗപചാരിക മേഖലയിലെ രജിസ്ട്രേഷൻ നടപടി ആരംഭിക്കാനും നിയന്ത്രണോദ്ദേശ ഇടപെടൽ നടപ്പിലാക്കാനും തീരുമാനിച്ചു എന്നുമാണ്. | |
| 2.1.5 | **വിവര വിദ്യാഭ്യാസ വിനിമയ പ്രവർത്തനങ്ങൾ**<br><br>എസ്ഡബ്ല്യൂഎം ചട്ടങ്ങൾ, 2016-ന്റെയും, എംഎസ്ഡബ്ല്യൂഎം 2016 മാനുവലിന്റെയും വ്യവസ്ഥകൾ അനുസരിച്ച്, ഉറവിടത്തിൽ തന്നെയുള്ള തരംതിരിക്കലും, സംഭരണവും, പ്രാഥമിക ശേഖരണത്തിലും, പുനരുപയോഗം, പുനഃചംക്രമണം, വീണ്ടെടുക്കൽ എന്നിവയ്ക്കായി മാലിന്യം കൈമാറുന്നതിലും ഉള്ള പൗരന്റെ പങ്ക്, ശേഖരണ/നിർമ്മാർജ്ജന സേവനങ്ങൾക്കായി യൂസർ ഫീ കൊടുക്കേണ്ടതിന്റെ ആവശ്യകത, പൊതുജനാരോഗ്യത്തിന്മേലും പരിസ്ഥിതിയുടെ മേലും ഖര-മാലിന്യത്തിന്റെ ആഘാതം ലഘൂകരിക്കുക എന്നിവയുടെ ആശയവും ആവശ്യകതയും പൊതു ജനത്തെ മനസ്സിലാക്കിക്കാനുള്ള വിവര വിജ്ഞാന വിനിമയ (ഐഇസി) നടപടികൾ സർക്കാരോ/ യുഎൽബികളോ ഏറ്റെടുക്കേണ്ടതാണ്. സുപ്രധാന പെരുമാറ്റ വ്യതിയാന മേഖലകളിൽ പൗരന്മാരെ ബോധവൽക്കരിക്കുന്നതിലേയ്ക്ക് സംസ്ഥാന ജില്ലാ എൽഎസ്ജിഐ തലത്തിൽ ഐഇസി പദ്ധതി തയ്യാറാക്കുന്നതിന് സംസ്ഥാനനയം വിഭാവനം ചെയ്തു. എന്നാൽ, സംസ്ഥാന/ജില്ലാ/യുഎൽബി തല ഐഇസി തന്ത്രമോ പദ്ധതിയോ ഇതുവരെ തയ്യാറാക്കിയിട്ടില്ല.<br><br>എസ്ബിഎം-യു ന്റെ കീഴിൽ, ഐഇസി പ്രവർത്തനങ്ങൾ നിർവ്വഹിക്കുന്നതിനായി 2015-16 മുതൽ 2019-20 വരെയുള്ള കാലയളവിൽ തെരഞ്ഞെടുത്ത 22 യുഎൽബികൾക്ക് ശുചിത്വമിഷൻ ₹1.57 കോടി കൈമാറി. എന്നാൽ, തെരഞ്ഞെടുത്ത യുഎൽബികൾ, 2021 മാർച്ച് വരെ, ഐഇസി കാര്യങ്ങൾക്ക് കുറഞ്ഞ പ്രധാന്യമാണ് കൊടുക്കുന്നതെന്ന് സൂചിപ്പിക്കും വിധം ₹64.49 ലക്ഷം മാത്രമാണ് (41 ശതമാനം) ചെലവഴിച്ചത്. | സംസ്ഥാന/ജില്ലാ/യുഎൽബി തല ഐഇസി തന്ത്രവും പദ്ധതികളും SBM(U) 2.0 പദ്ധതിയുടെ ഭാഗമായി 93 നഗരസഭകൾക്കും നഗരസഭയുടെ ജനസംഖ്യ, ഭൂവിസ്തൃതി എന്നിവയുടെ അടിസ്ഥാനത്തിൽ പ്രത്യേകമായും സംസ്ഥാനതലത്തിലും 106.38 കോടി രൂപയുടെ IEC ആക്ഷൻ പ്ലാനുകൾ തയ്യാറാക്കി IEC പ്രവർത്തനങ്ങൾ നടപ്പാക്കി വരുന്നതാണ്.<br><br>കേരളത്തെ മാലിന്യ മുക്തമാക്കുന്നതിന് ആരംഭിച്ച 'മാലിന്യ മുക്തം നവകേരളം' ക്യാമ്പയിൻ കാര്യക്ഷമമായി നടപ്പാക്കി വരുന്നു. കൂടാതെ മാലിന്യ മുക്തം നവകേരളം ക്യാമ്പയിന്റെ ഭാഗമായി കേരളത്തിലും, രാജ്യത്തെ നഗരങ്ങൾക്കായി MoHUA വിഭാവനം ചെയ്യുന്ന കേന്ദ്രാവിഷ്കൃത IEC പ്രവർത്തനങ്ങളും നടപ്പാക്കി വരുന്നു. മാലിന്യ സംസ്കരണ സംവിധാനങ്ങൾ ഉറപ്പുവരുത്തി കേരളത്തെ സമ്പൂർണ്ണ ശുചിത്വമുള്ള സംസ്ഥാനമാക്കുന്നതിനായി നിരവധി ഐഇസി പ്രവർത്തനങ്ങൾ ക്യാമ്പയിന്റെ ഭാഗമായി നടത്തിയിട്ടുണ്ട്.<br><br>ഈ പ്രവർത്തനങ്ങൾ കേരളത്തിലെ ജനങ്ങൾക്കിടയിൽ അശാസ്ത്രീയമായ മാലിന്യപരിപാലനം കൊണ്ടുണ്ടാവുന്ന വിപത്തുകളെകുറിച്ചും ശുചിത്വത്തെക്കുറിച്ചും അവബോധം സൃഷ്ടിക്കാൻ സഹായിച്ചു. ഖര മാലിന്യത്തോടൊപ്പം ദ്രവമാലിന്യ പരിപാലനത്തിനും ക്യാമ്പയിനിൽ ഊന്നൽ കൊടുത്തുവരുന്നുണ്ട് .കൂടാതെ |

| | | |
|---|---|---|
| | പരിശോധന നടത്തിയ യുഎൽബികളിലെ ഐഇസി പ്രവർത്തനങ്ങളിൽ താഴെപ്പറയുന്ന ന്യൂനതകൾ ഓഡിറ്റ് നിരീക്ഷിച്ചു:<br><br>• തെരഞ്ഞെടുത്ത 22 യുഎൽബികളിൽ 13 എണ്ണം, ജൈവ മാലിന്യങ്ങളുടെ ഉറവിടത്തിലെ തരം തിരിക്കലിന്റെയും സംസ്കരണത്തിന്റെയും പ്രാധാന്യത്തെപറ്റി ഒരു ഐഇസി പ്രവർത്തനവും സംഘടിപ്പിച്ചില്ല.<br><br>• വിഷ മാലിന്യവും ബയോ-മെഡിക്കൽ മാലിന്യവും ഉൾപ്പെട്ട അപകടകരമായ ഗാർഹിക മാലിന്യങ്ങളുടെ പട്ടിക, തെരഞ്ഞെടുത്ത യുഎൽബികൾ വിജ്ഞാപനം ചെയ്യുകയോ പ്രസിദ്ധപ്പെടുത്തുകയോ ചെയ്തില്ല.<br><br>• പരിശോധന നടത്തിയ യുഎൽബികൾ ഇ-മാലിന്യം തരം തിരിക്കൽ, അല്ലെങ്കിൽ വിപുലീകൃത ഉൽപാദക ഉത്തരവാദിത്ത (ഇപിആർ)ത്തിന്റെ കാര്യത്തിൽ പ്രത്യേകമായ ഐഇസി പ്രവൃത്തി ആസൂത്രണം ചെയ്യുകയോ നടത്തുകയോ ചെയ്തില്ല. ഇത് ഇ-മാലിന്യം സംസ്കരണ കേന്ദ്രങ്ങൾ/ആക്രി ഇടപാടുകാരുടെ കയ്യിൽ എത്തിച്ചേരുന്നതിനും തുടർന്ന് അവയുടെ അനധികൃതമായ വിഘടനത്തിനും ഇടയാക്കി.<br><br>• പൊതു സ്ഥലങ്ങളിലും ജലാശയങ്ങളിലും മാലിന്യം തള്ളുകയും/കൂട്ടിയിടുകയും ചെയ്യുന്നതിനുള്ള പിഴ ചുമത്തുന്നതിനെ സംബന്ധിച്ചുള്ള വ്യവസ്ഥകളെപ്പറ്റിയുള്ള അവബോധം, തെരഞ്ഞെടുത്ത 17 യുഎൽബികൾ സൃഷ്ടിച്ചില്ല.<br><br>• ഖരമാലിന്യങ്ങൾ കത്തിക്കുന്നതിലെയും കുഴിച്ചിടുന്നതിലെയും അപകടങ്ങളെപ്പറ്റി പൊതുജനങ്ങളെ ബോധവത്കരിക്കുന്ന ഐഇസി പ്രവൃത്തികളൊന്നും, തെരഞ്ഞെടുത്ത 22 യുഎൽബികളിൽ 15 എണ്ണവും ഏറ്റെടുത്തതായി കണ്ടില്ല. | മാലിന്യസംസ്കരണം ഉറപ്പുവരുത്തുന്നതിനും തുടർച്ചയായി നിയമലംഘനം ചെയ്യുന്നവർക്ക് നേരെ നടപടി എടുക്കുന്നതുൾടെയുള്ള നടപടികൾക്കായി കേരള മുനിസിപ്പൽ ആക്ട് ഭേദഗതി ചെയ്തിട്ടുണ്ട്.ഓഡിറ്റ് പത്രികയിൽ സൂചിപ്പിച്ചിട്ടുള്ള എല്ലാ ന്യൂനതകളും പരിഹരിച്ചാണ് നിലവിൽ IEC പ്രവർത്തനങ്ങൾ നടപ്പാക്കി വരുന്നത്. |

| | | |
|---|---|---|
| | **മികച്ച സമ്പ്രദായങ്ങൾ**<br><br>കത്തിക്കരുത്, വലിച്ചെറിയരുത് - ഇവയെപ്പറ്റിയുള്ള അവബോധം ചുവർ ചിത്രങ്ങളിലൂടെയും, ബസുകളുടെ പുറത്ത് പ്രദർശിപ്പിച്ച പരസ്യങ്ങളിലൂടെയും ഏലൂർ, പരപ്പനങ്ങാടി മുനിസിപ്പാലിറ്റികൾ പ്രചരിപ്പിച്ചു.<br><br> <br><br>വാർഡ് തല ശുചീകരണ സമിതികൾ, ജനകീയാസൂത്രണം, സെമിനാറുകൾ, വീഡിയോ പ്രോഗ്രാമുകൾ, സൈൻ ബോർഡുകൾ, ബസ് ഷെൽറ്ററുകളിലെ പരസ്യങ്ങൾ മുതലായവ മുഖേനയുള്ള നേരിട്ടുള്ള ഇടപെടലുകൾ നടത്തി എല്ലാ യുഎൽബികളും ഐഇസി പ്രവർത്തനങ്ങൾ ചെയ്തതായി സർക്കാർ മറുപടി നൽകി (2022 മെയ്).<br><br>എന്നാൽ, ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങളുടെയോ അനുവദിക്കപ്പെട്ട ഫണ്ടുകളുടെയോ ടാർജറ്റുകളൊന്നും ഐഇസിയ്ക്ക് വേണ്ടി സംസ്ഥാനം നിശ്ചയിച്ചില്ലെന്ന് ഓഡിറ്റ് നിരീക്ഷിച്ചു. പൊതു സമൂഹവും ബന്ധപ്പെട്ട മറ്റുള്ളവരും മാലിന്യം കൈകാര്യം ചെയ്യുന്ന കാര്യത്തിൽ സ്ഥായിയായ ഒരു സ്വഭാവമാറ്റം കൊണ്ടു വരുന്നതിനായി, അവരുമായി നിരന്തര ആശയ വിനിമയം ആവശ്യമാകയാൽ, ഐഇസി യജ്ഞം ഒരു ഒറ്റത്തവണ നടപടിയായി ചുരുക്കേണ്ടതില്ല. നിരോധിക്കപ്പെട്ട പ്ലാസ്റ്റിക് ക്യാരി ബാഗുകളുടെ വ്യാപകമായ ഉപയോഗം, യുഎൽബി ജീവനക്കാർ പോലും മാലിന്യം കത്തിക്കുന്നത്, പൊതു സ്ഥലങ്ങളിൽ മാലിന്യം വലിച്ചെറിയുന്നതും, കൂട്ടിയിടുന്നതും, മാലിന്യം തരം തിരിക്കുന്നതിലെ പോരായ്മ എന്നിവ അടിവരയിടുന്നത് ഐഇസി നടപടികൾ ശക്തിപ്പെടുത്തേണ്ടതിന്റെ ആവശ്യകതയാണ്. | |
| 2.2 | **സാമ്പത്തിക നിർവ്വഹണം** | |

## 2.2.1 മാലിന്യ നിർമ്മാർജ്ജനത്തിനുള്ള ഫണ്ടിന്റെ ഉറവിടം

എൽഎസ്‌ജിഐകളുടെ വിഭവാടിസ്ഥാനത്തിൽ തനത് വരുമാനം, കേന്ദ്ര ധനകാര്യ കമ്മീഷൻ (സിഎഫ്‌സി) ഗ്രാന്റുകൾ, കേന്ദ്രസർക്കാർ ഗ്രാന്റുകൾ, സംസ്ഥാന ധനകാര്യ കമ്മീഷന്റെ ശുപാർശയുടെ അടിസ്ഥാനത്തിൽ സംസ്ഥാന സർക്കാരിൽ നിന്നും പരമ്പരാഗത ചുമതലകൾക്കും (പൊതു ഉദ്ദേശ്യ ഫണ്ട്), ആസ്തികളുടെ പരിപാലനത്തിനും (പരിപാലന ഫണ്ട്), വികസനകാര്യങ്ങൾക്കും (വികസന ഫണ്ട്) ലഭിച്ച ഫണ്ടുകൾ എന്നിവ ഉൾപ്പെടുന്നു. യുഎൽബികളിലെ മാലിന്യ നിർമ്മാർജ്ജനത്തിനായുള്ള ധനസമാഹരണത്തിന്റെ വിവിധ ഉറവിടങ്ങൾ **ചാർട്ട് 2.1-ൽ** വിവരിക്കുന്നു.

പട്ടിക 2.1 : യുഎൽബികളിലെ മാലിന്യ നിർമ്മാർജ്ജനത്തിനുള്ള ഫണ്ടിന്റെ ഉറവിടങ്ങൾ




മാലിന്യ നിർമ്മാർജ്ജനത്തിനുള്ള ഭൂമിയുടെ ചെലവ്, പ്ലാന്റ് ആന്റ് മെഷിനറി, എംഎസ്‌ഡബ്ല്യുഎമ്മിനുള്ള ദൈനംദിന ചെലവുകൾ, പ്രവർത്തനപരിപാലന ചെലവ്, നവീകരണ ചെലവ്, കണ്ടിൻജന്റ് ചെലവ് എന്നിവയ്ക്ക് യുഎൽബികൾ സർക്കാർ ഗ്രാന്റുകളെയാണ് ആശ്രയിച്ചത് എന്ന് പരിശോധന നടത്തിയ 22 യുഎൽബികളിലെ ധനകാര്യ പത്രികകളുടെ പരിശോധനയിൽ വെളിപ്പെട്ടു. മാലിന്യ നിർമ്മാർജ്ജനത്തിന് ചെലവ് കണ്ടെത്തുന്നതിനായുള്ള സർക്കാർ ഗ്രാന്റുകളിന്മേലുള്ള ആശ്രയത്വം 94 മുതൽ 100 ശതമാനം വരെ ആയിരുന്നു (**അനുബന്ധം 2**).

പ്രത്യേക പരാമർശമില്ല.

| | | |
|---|---|---|
| 2.2.2 | **തെരഞ്ഞെടുത്ത യുഎൽബികളിലെ മാലിന്യ നിർമ്മാർജ്ജനത്തിനുള്ള ചെലവ്**<br>2016-2021 കാലയളവിൽ എസ്ഡബ്ലിയുഎംനായുള്ള വിവിധ ഫണ്ടുകളുടെ വകയിരുത്തലും ചെലവുകളും **ചാർട്ട് 2.2 -ൽ** കാണിച്ചിരിക്കുന്നു.<br>ചാർട്ട് 2.2 : 2016-2021 കാലയളവിൽ തെരഞ്ഞെടുത്ത യുഎൽബികളിൽ മാലിന്യ<br><br>നിർമ്മാർജ്ജനത്തിനുള്ള വകയിരുത്തലും ചെലവും (₹ലക്ഷത്തിൽ)<br>ഖരമാലിന്യ നിർമ്മാർജ്ജനവുമായി (എസ്ഡബ്ല്യൂഎം) ബന്ധപ്പെട്ട നിർബന്ധിത ചുമതലകൾ നിർവ്വഹിക്കുന്നതിന് യുഎൽബികൾ കേന്ദ്ര-സംസ്ഥാന സഹായത്തെ ആണ് മുഴുവനായും ആശ്രയിക്കുന്നതെന്ന് വ്യക്തമാണ്. കേന്ദ്ര-സംസ്ഥാന സഹായത്തിൽ നിന്നുമുള്ള ചെലവിന്റെ കാര്യക്ഷമതയായ 30.79 ശതമാനം എന്നത് വളരെ കുറവാണ്. 2016-21-ൽ അനുവദിച്ച ₹244.68 കോടി സിഎഫ്സി ഗ്രാന്റിൽ, ₹76.01 കോടി (31.07 ശതമാനം) മാത്രമേ ചെലവഴിക്കാനായുള്ളൂ. മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾക്കായി അനുവദിക്കുന്ന കേന്ദ്ര സംസ്ഥാന ഫണ്ടുകളുടെയും തനത് ഫണ്ടുകളുടെയും വിനിയോഗം വർദ്ധിപ്പിക്കേണ്ടത് യുഎൽബികളുടെ അടിയന്തിര ആവശ്യമാണ്. | പ്രത്യേക പരാമർശമില്ല |
| 2.2.3 | **എസ്ഡബ്ല്യൂഎമ്മിനായുള്ള ഫണ്ടുകളുടെ വകയിരുത്തലും വിനിയോഗവും** | |
| 2.2.3.1 | **വികസന ഫണ്ട്** | |

മാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾക്കായി വികസന ഫണ്ടിന്റെ (ജനറൽ) 10 ശതമാനം നിർബന്ധമായി വകയിരുത്തണമെന്ന് സംസ്ഥാന സർക്കാർ ഉത്തരവ് ഇറക്കി (2016 ജൂൺ). പിന്നീട്, മാലിന്യ നിർമ്മാർജ്ജനത്തിനായുള്ള നിർബന്ധിത വ്യവസ്ഥ സർക്കാർ മാറ്റുകയും (2017 ഏപ്രിൽ) മാലിന്യ നിർമ്മാർജ്ജനത്തിന് മുൻഗണന നൽകിക്കൊണ്ട് ഹരിത കേരള മിഷൻ പ്രോജക്ടുകൾക്ക് വികസന ഫണ്ടിന്റെ (ജനറൽ) 15 ശതമാനം മാറ്റിവയ്ക്കാൻ തദ്ദേശ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകുകയും ചെയ്തു. 2018 ഫെബ്രുവരിയിൽ, ലൈഫ് മിഷൻ പ്രോജക്ടുകൾക്ക് വികസന ഫണ്ടിന്റെ (ജനറൽ) 20 ശതമാനം നിർബന്ധമായി മാറ്റി വയ്ക്കാനും ബാക്കി ഫണ്ടിന്റെ 15 ശതമാനമെങ്കിലും മാലിന്യ നിർമ്മാർജ്ജനത്തിനും ജല സംരക്ഷണത്തിനുമുള്ള ഹരിത കേരളം മിഷൻ പ്രോജക്ടുകൾക്കായി വകയിരുത്താൻ യുഎൽബികളോട് വീണ്ടും നിർദ്ദേശിച്ചു.

മേൽപ്പറഞ്ഞ സർക്കാർ നിബന്ധനകൾക്ക് എതിരായി, തെരഞ്ഞെടുത്ത യുഎൽബികൾ മാലിന്യ നിർമ്മാർജ്ജനത്തിനായി യഥാർത്ഥത്തിൽ വരുത്തിയ ചെലവ് (2016-21) വളരെ കുറവായിരുന്നു. വിശദവിവരം **പട്ടിക 2.3** -ൽ കാണിച്ചിരിക്കുന്നു:

| വർഷം | ലഭ്യമായ മൊത്തം വികസന ഫണ്ട് (ജനറൽ) (₹ലക്ഷത്തിൽ) | മാലിന്യ നിർമ്മാർജ്ജനത്തിന് ചെലവഴിക്കേണ്ട ശതമാനം | വകയിരുത്തേണ്ട തുക (₹ലക്ഷത്തിൽ) | വകയിരുത്തിയ തുക (₹ലക്ഷത്തിൽ) | യഥാർത്ഥ ചെലവ് (₹ ലക്ഷത്തിൽ) | വകയിരുത്തിയ തുകയിലെ യഥാർത്ഥ ചെലവിന്റെ ശതമാനം |
|---|---|---|---|---|---|---|
| 2016-17 | 31365.17 | 10 | 3136.52 | 1630.26 | 198.04 | 0.63 |
| 2017-18 | 35858.52 | 15 | 5378.78 | 1560.30 | 498.82 | 1.39 |
| 2018-19 | 41437.45 | 12 | 4972.49 | 1351.07 | 325.28 | 0.78 |
| 2019-20 | 30780.39 | 12 | 3693.65 | 568.87 | 146.65 | 0.48 |
| 2020-21 | 54412.87 | 12 | 6529.54 | 1353.67 | 904.79 | 1.66 |

പട്ടിക 2.3 : തെരഞ്ഞെടുത്ത യുഎൽബികൾ 2016-2021 കാലയളവിൽ

മാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾക്കായി പദ്ധതി നടപ്പിലാക്കാൻ ശ്രമിക്കുമ്പോൾ അനുയോജ്യമായ സ്ഥലം കണ്ടെത്തുന്നതും കണ്ടെത്തിയ സ്ഥലത്ത് പൊതുജനങ്ങളുടെ പ്രതിഷേധം നേരിടുന്നതുമാണ് പ്രധാനമായും മാലിന്യ നിർമ്മാർജ്ജന പദ്ധതികൾക്കായുള്ള ഫണ്ട് വിനിയോഗിക്കുന്നതിൽ തടസ്സം നേരിടുന്നത്. 28.05.2022-ലെ സ.ഉ(കൈ)നം.115/2022/lsgd ഉത്തരവിലെ പദ്ധതി മാർഗ്ഗരേഖ പ്രകാരം നിർബന്ധമായും ചെലവ് വരുത്തേണ്ട ഇനത്തിലാണ് ഖരമാലിന്യ നിർമ്മാർജ്ജനം ഉൾകൊള്ളിച്ചിട്ടുള്ളത്. ഓഡിറ്റ് കാലയളവിൽ, ഫണ്ട് പൂർണ്ണമായും വിനിയോഗിക്കുന്നതിനുള്ള തടസ്സം ഉണ്ടായിരുന്നെങ്കിലും വ്യക്തമായ ഐ.ഇ.സി പ്രവർത്തനങ്ങൾ വഴിയും കെ.എസ്.ഡബ്ല്യു.എം.പി വഴി ശാസ്ത്രീയമായ പഠനം നടത്തി ശുചിത്വമിഷന്റെ സഹായത്തോടെ ഓരോ നഗരസഭകൾക്കും അനുയോജ്യമായ പദ്ധതി നടപ്പിലാക്കുന്നതിനാൽ വകയിരുത്തിയ മുഴുവൻ തുകയും ചെലവഴിക്കാൻ സാധിക്കുന്നുണ്ട്.

| | | |
|---|---|---|
| | മാലിന്യ നിർമ്മാർജ്ജനത്തിനായി വികസന ഫണ്ടിൽ (ജനറൽ) നിന്ന് വരുത്തിയ ചെലവ്<br><br>ഫണ്ടിന്റെ 10-15 ശതമാനം വരെ വേണ്ട നിർബന്ധിത വിനിയോഗത്തിന്റെ സ്ഥാനത്ത്, തെരഞ്ഞെടുത്ത യുഎൽബികൾ 0.48-1.66 ശതമാനം മാത്രമേ മാലിന്യ നിർമ്മാർജ്ജനത്തിനുവേണ്ടി വിനിയോഗിച്ചുള്ളൂ. വികസന ഫണ്ടിൽ (ജനറൽ) നിന്ന് തുക വകയിരുത്താത്ത യുഎൽബികളുടെ എണ്ണം പ്രതിവർഷം ഒന്ന് മുതൽ ആറ് വരെ ആയിരുന്നു. യുഎൽബികളിലേക്ക് കൈമാറ്റം ചെയ്യപ്പെട്ട ഒരു പ്രധാന ചുമതലയ്ക്കായി ഫണ്ട് തുച്ഛമായി ചെലവഴിച്ചത് സൂചിപ്പിക്കുന്നത് മാലിന്യ നിർമ്മാർജ്ജനത്തിന് വേണ്ടി പുതിയ പ്രോജക്ടുകൾ ഏറ്റെടുത്തു നടപ്പിലാക്കുന്നതിനുള്ള യുഎൽബികളുടെ വിമുഖതയെയാണ്. | |
| 2.2.3.2 | **എസ്ബിഎം (അർബൻ) ഫണ്ടിന്റെ വിനിയോഗം**<br><br>2018-2021 വരെയുള്ള കാലയളവിൽ, തെരഞ്ഞെടുത്ത 22 യുഎൽബികൾക്ക്, എസ്ബിഎം-യുവിൽ പ്രോജക്ടുകൾ നടപ്പിലാക്കുന്നതിന് ആദ്യ ഗഡുവായി ₹28.97 കോടി ലഭിച്ചു. തെരഞ്ഞെടുത്ത യുഎൽബികളിലെ വിനിയോഗത്തിന്റെ വിശദാംശങ്ങൾ **പട്ടിക 2.4-ൽ** വിവരിച്ചിരിക്കുന്നു.<br><br>പട്ടിക 2.4 : 2018-21 കാലയളവിലെ എസ്ബിഎം-യു ഫണ്ടിന്റെ വരവും വിനിയോഗവും | കേരളത്തിലെ 93 നഗരസഭകളിലും ഹരിതമിത്രം ആപ്പ് നടപ്പിലാക്കുകയും, ഭവന,വാണിജ്യ സ്ഥാപനങ്ങളിൽ നിന്നുള്ള മാലിന്യ ശേഖരണത്തിന്റെ കവറേജ് 100% ശതമാനം കൈവരിക്കുന്നതിന് വേണ്ട നടപടികളും സ്വീകരിച്ചിട്ടുണ്ട്. ഇതിനായി ഹരിതമിത്രം ആപ്പ് വഴി വീടുകളിൽ നിന്നും മാസം കുറഞ്ഞത് 50 രൂപ യൂസർ ഫീ ഈടാക്കി വരുന്നു. ഹരിതകർമ്മ സേനയുടെ സേവനം ഉറപ്പാക്കുന്നതിനോടൊപ്പം യൂസർ ഫീ കൃത്യമായി വാങ്ങുന്നതിനുമുള്ള നടപടികളും സ്വീകരിച്ചുവരുന്നുണ്ട്.<br><br>ശേഖരിക്കുന്ന അജൈവ മാലിന്യം കൃത്യമായി മിനി എം സി എഫ് ലേക്കും ,എം സി എഫ് ലേക്കും പിന്നീട് ആർ ആർ എഫ് വഴി ആർ ഡി എഫ് പ്ലാന്റിലേക്കും പോകുന്നതിനുള്ള സംവിധാനങ്ങൾ ചെയ്തിട്ടുണ്ട്.<br>SBM(U) ഫേസ്-1 പ്രകാരം 147.43 കോടി രൂപ ദൗത്യ കാലയളവിൽ അനുവദിച്ചിരുന്നു. ആയതിൽ 107 കോടി രൂപ വരെ 2021-2022 കാലയളവിലും, 111.44 കോടി രൂപ വരെ 2022- 2023 കാലയളവിലും, ചെലവഴിക്കാനായി. 2023-24 ൽ മൂന്ന കോടി രൂപ ഒഴികെ ബാക്കി മുഴുവനും ചിലവഴിക്കാൻ സാധിച്ചിട്ടുണ്ട്. മൂന്ന കോടി രൂപയുടെ |

| വർഷം | കിട്ടിയ തുക | | | അനുബന്ധ യുഎൽബി വിഹിതം (41.7 %) | ആകെ വരവ് | മൊത്തം ചെലവ് | | | | |
|---|---|---|---|---|---|---|---|---|---|---|
| | കേന്ദ്ര വിഹിതം (35%) | സംസ്ഥാന വിഹിതം (23.3%) | ആകെ കേന്ദ്ര സംസ്ഥാന വിഹിതം (58.3 %) | | | കേന്ദ്ര വിഹിതം | സംസ്ഥാന വിഹിതം | ആകെ കേന്ദ്ര സംസ്ഥാന വിഹിതം | യുഎൽബി വിഹിതം | മൊത്തം ചെലവ് |
| 2018-19 | 665.4 | 442.97 | 1108.37 | 792.78 | 1901.15 | 2.55 | 1.69 | 4.24 | 3.01 | 7.25 |
| 2019-20 | 111.81 | 74.43 | 186.24 | 133.21 | 319.45 | 64.15 | 94.4 | 158.55 | 41.49 | 200.04 |
| 2020- | 961.7 | 640.24 | 1601.98 | 1145.8 | 2747.82 | 317.31 | 199.4 | 516.8 | 708.59 | 1225.3 |

| | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| 21 | 4 | | | 4 | | | 9 | | | 9 |
| ആകെ | 1738.95 | 1157.64 | 2896.59 | 2071.83 | 4968.42 | 384.01 | 295.58 | 679.59 | 753.09 | 1432.68 |

ദൗത്യകാലയളവിനുള്ളിൽ ഡിപിആറുകൾ തയ്യാറാക്കണമെന്നും ഡിപിആർ ഘടകങ്ങളുടെ നടപ്പാക്കലിനായി ഫണ്ട് നേടുകയും ചെയ്യണമെന്നും എസ്ബിഎം-യു മാർഗ്ഗരേഖകൾ വ്യവസ്ഥ ചെയ്തിരുന്നെങ്കിലും, 2021 മാർച്ച് 31 വരെ സംസ്ഥാന കേന്ദ്ര വിഹിതങ്ങളുടെ 23.46 ശതമാനം മാത്രമേ യുഎൽബികൾക്ക് ചെലവഴിക്കാൻ കഴിഞ്ഞുള്ളൂ. ഡിപിആറുകൾ സമയബന്ധിതമായി തയ്യാറാക്കുന്നതിലും അംഗീകാരം നൽകുന്നതിലും ഉണ്ടായ വീഴ്ചകൾ കാരണം ₹45.82 കോടിയുടെ കേന്ദ്രസഹായം നഷ്ടപ്പെടാൻ ഇടയാക്കിയത് ഈ റിപ്പോർട്ടിൽ പരാമർശിച്ചിട്ടുണ്ട്. അംഗീകരിച്ച പദ്ധതികളിൽ ഭൂരിപക്ഷവും മൂലധനസ്വഭാവമുള്ളവ ആയിരുന്നതിനാൽ കുറഞ്ഞ ചെലവും പ്രോജക്ടുകൾ നടപ്പിലാക്കുന്നതിലെ കാലതാമസവും എസ്ഡബ്ല്യുഎം-ന്റെ ദീർഘകാല സുസ്ഥിര പരിഹാരകാര്യങ്ങളെ പ്രതികൂലമായി ബാധിക്കും.

പദ്ധതികൾ തയ്യാറാക്കിയിട്ടുള്ളതും ആയത് നടപ്പിലാക്കുന്നതിനാവശ്യമായ സത്വര നടപടികൾ സ്വീകരിച്ച് വരുന്നതാണ്. ഗാർഹിക/ കമ്മ്യൂണിറ്റിതല ഖരമാലിന്യ സംസ്കരണ സംവിധാനങ്ങൾ,വ്യക്തിഗത/കമ്മ്യൂണിറ്റി തല ശൗചാലയ പദ്ധതികൾ, വിവര വിജ്ഞാന വിനിമയ പ്രവർത്തനങ്ങൾ എന്നിവയ്ക്ക് ഊന്നൽ നൽകുന്ന പദ്ധതികളാണ് തദ്ദേശ സ്ഥാപനങ്ങൾ ഏറ്റെടുത്ത് നടപ്പിലാക്കിയിട്ടുള്ളത് എന്ന് ശുചിത്വ മിഷൻ അറിയിച്ചിട്ടുണ്ട്.

**2.2.3.3 എസ്ഡബ്ല്യുഎം പദ്ധതികൾക്കായി തനത് ഫണ്ടിന്റെ തുച്ഛമായ വിനിയോഗം**

കേരളാ മുനിസിപ്പാലിറ്റി ആക്ട്, 1994-ന്റെയും അനുബന്ധചട്ടങ്ങളുടെയും വ്യവസ്ഥകൾ പ്രകാരം യുഎൽബികൾ പിരിക്കുന്ന നികുതി നികുതിയേതര വരുമാനമാണ് തനത് ഫണ്ടിൽ ഉൾപ്പെടുന്നത്. ഓഡിറ്റ് കാലയളവിൽ തനതു ഫണ്ടിൽ നിന്നും എസ്ഡബ്ല്യുഎമ്മിന് അനുവദിച്ച ₹39.31 കോടിയിൽ ₹1.85 കോടി മാത്രമാണ് ഉപയോഗിച്ചത്; ഇത് വെറും 4.71 ശതമാനം മാത്രമാണ്. ഓഡിറ്റ് കാലയളവില്, തെരഞ്ഞെടുത്ത മുനിസിപ്പാലിറ്റികള്ക്ക് തനത് ഫണ്ട് നീക്കിയിരിപ്പ് ₹ഒരു കോടിയ്ക്ക് മുകളിലും തെരഞ്ഞെടുത്ത കോര്പ്പറേഷനുകള്ക്ക് ₹13.75 കോടി മുതല് ₹259.26 കോടി വരെയും ഉണ്ടായിരുന്നു. എന്നാൽ, ഓഡിറ്റ് കാലയളവിൽ 14 യുഎൽബികൾ എസ്ഡബ്ല്യുഎം പദ്ധതികൾ നടപ്പാക്കുന്നതിനായി തനതു ഫണ്ടിൽ നിന്ന് ഒരു തുകയും ചെലവാക്കിയില്ല. ശേഷിക്കുന്ന എട്ട് യുഎൽബികളിലെ

മാലിന്യ സംസ്കരണ പദ്ധതികൾക്ക് വേണ്ടിയുള്ള ചെലവിനു പുറമേ മറ്റു ചെലവുകൾക്കും തനതു ഫണ്ട് ഉപയോഗിക്കുന്നതിനാൽ തനത് വരുമാനം കുറവുള്ള നഗരസഭകളിൽ ചെറിയ ശതമാനമേ എസ്.ഡബ്ല്യു.എം പദ്ധതികൾക്കായി വിനിയോഗിക്കാൻ സാധിച്ചിരുന്നുള്ളു. 28.05.2022-ൽ പുറപ്പെടുവിച്ചിട്ടുള്ള സ.ഉ(കൈ)നം.115/2022/lsgd ഉത്തരവിലെ പദ്ധതി മാർഗ്ഗരേഖ പ്രകാരം നിർബന്ധമായും ചെലവ് വരുത്തേണ്ട ഇനത്തിലാണ് ഖരമാലിന്യ നിർമ്മാർജ്ജനം ഉൾകൊള്ളിക്കാൻ സർക്കാർ നിർദ്ദേശിച്ചിട്ടുള്ളത്.

വിനിയോഗത്തിന്റെ ശതമാനം 5.34 വരെ മാത്രം ആയിരുന്നു. മതിയായ തനത് ഫണ്ടുകൾ ഉണ്ടായിരുന്നിട്ടും, ഫലപ്രദമായ മാലിന്യ നിർമ്മാർജനത്തിന് ഫണ്ടിന്റെ വർദ്ധിത വിഹിതം അനുവദിക്കുന്നതിലും വിനിയോഗിക്കുന്നതിലും ഈ യുഎൽബികൾ വിമുഖരായിരുന്നു.

**2.2.3.4** **സേവന ഉപനികുതിയുടെ കുറഞ്ഞ വിനിയോഗം**

കെഎം ആക്ടിന്റെ സെക്ഷൻ 235 അനുസരിച്ച് ഇളവ് അനുവദിക്കപ്പെട്ട കെട്ടിടങ്ങൾക്കൊഴികെയുള്ളവയ്ക്ക് പൊതുശുചിത്വം, ചപ്പുചവറുകൾ, മൃഗങ്ങളുടെ ജഡം മുതലായ ഖരമാലിന്യങ്ങളുടെ സുരക്ഷിതമായ നീക്കം ചെയ്യൽ എന്നീ സേവനങ്ങൾ ലഭ്യമാക്കുന്നതിനായി കെട്ടിട നികുതിയിന്മേൽ നാല് ശതമാനം സേവന ഉപനികുതി ഈടാക്കാൻ മുനിസിപ്പൽ കൗൺസിലിനെ, കേരള മുനിസിപ്പാലിറ്റി (കെട്ടിട നികുതിയും, സേവന ഉപനികുതിയും, സർച്ചാർജ്ജും) ചട്ടങ്ങൾ, 2011-ന്റെ ചട്ടം 27 അനുവദിക്കുന്നു. തെരഞ്ഞെടുത്ത യുഎൽബികളിൽ 14 യുഎൽബികൾ എസ്ഡബ്ല്യുഎമ്മിനായി സേവന ഉപനികുതി പിരിച്ചു. പിരിച്ചെടുത്ത സേവന ഉപനികുതി നിക്ഷേപിക്കുന്നതിന് യുഎൽബികൾ പ്രത്യേക അക്കൗണ്ട് സൂക്ഷിക്കാതെ മറ്റ് വരവുകൾക്കൊപ്പം തനത് ഫണ്ടിൽ നിക്ഷേപിച്ചു. ഓഡിറ്റ് കാലയളവിൽ, എസ്ഡബ്ല്യുഎം പദ്ധതികൾക്കായി തനത് ഫണ്ടിൽ നിന്നുള്ള വിനിയോഗത്തിന്റെ വ്യാപ്തി, സേവന ഉപനികുതിയായി ശേഖരിച്ച തുകയേക്കാൾ വളരെ കുറവായിരുന്നു എന്ന് ഓഡിറ്റ് നിരീക്ഷിച്ചു. തെരഞ്ഞെടുത്ത 14 യുഎൽബികളിൽ എസ്ഡബ്ല്യുഎം പദ്ധതികൾക്ക് വേണ്ടി തനത് ഫണ്ടിൽ നിന്നുള്ള ഉപയോഗവും, സമാഹരിച്ച സേവന ഉപനികുതിയുടെ വ്യാപ്തിയും **പട്ടിക 2.5-ൽ** കാണിച്ചിരിക്കുന്നു.

പട്ടിക 2.5 : തെരഞ്ഞെടുത്ത 14 യുഎൽബികൾ സമാഹരിച്ച സേവന ഉപനികുതിയും തനതു ഫണ്ടുകളുടെ ശേഖരണവും വിനിയോഗവും

| വർഷം | ശുചിത്വത്തിനും മാലിന്യ നിർമ്മാർജ്ജനത്തിനുമായി ശേഖരിച്ച സേവന ഉപനികുതി (വസ്തു നികുതിയുടെ 4 | എസ്ഡബ്ല്യുഎമ്മിനായി വിനിയോഗിച്ച തനത് ഫണ്ട് (₹ലക്ഷത്തിൽ) | സമാഹരിച്ച സേവന ഉപനികുതിയ്ക്കെതിരെ എസ്ഡബ്ല്യുഎമ്മിനായി വിനിയോഗിച്ച തനത് ഫണ്ടിന്റെ |
|---|---|---|---|

സേവന ഉപനികുതി മുഖേന പിരിച്ചെടുക്കുന്ന തുക പ്രത്യേക അക്കൗണ്ടിൽ അല്ല സൂക്ഷിച്ചിരുന്നതെങ്കിലും, എസ്.ഡബ്ല്യൂ .എം പദ്ധതികൾക്ക് ചെലവഴിക്കുന്ന തനത് ഫണ്ടിലെ തുകയിൽ സേവന ഉപനികുതിയും ഉൾപ്പെടുത്തിയിട്ടുണ്ട്. ഓഡിറ്റ് നിരീക്ഷണത്തിൻറെ അടിസ്ഥാനത്തിൽ സേവന ഉപനികുതി പ്രത്യേക അക്കൗണ്ടിൽ നിക്ഷേപിച്ച് ടി തുക മാലിന്യ സംസ്കരണ പ്രവർത്തികൾക്ക് പൂർണ്ണമായും ഉപയോഗിക്കുന്നതിന് നഗരസഭകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ടെന്ന് പ്രിൻസിപ്പൽ ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

| | ശതമാനം) (₹ലക്ഷത്തിൽ) | | ശതമാനം |
|---|---|---|---|
| 2016-17 | 78.80 | 0.98 | 1.24 |
| 2017-18 | 103.74 | 0.01 | 0.01 |
| 2018-19 | 421.99 | 1.38 | 0.33 |
| 2019-20 | 396.82 | 86.88 | 21.89 |
| 2020-21 | 444.73 | 95.93 | 21.57 |
| ആകെ | 1446.08 | 185.18 | 12.81 |

ഓഡിറ്റ് കാലയളവിൽ, പൊതു ശുചിത്വത്തിനും മാലിന്യ നിർമ്മാർജ്ജനത്തിനുമായി 14 യുഎൽബികൾ ₹14.46 കോടി രൂപയുടെ സേവന ഉപനികുതി സമാഹരിച്ചുവെങ്കിലും എസ്.ഡബ്ല്യൂ.എം പദ്ധതികൾക്കായി ₹1.85 കോടി രൂപ (12.81 ശതമാനം) മാത്രമാണ് ആകെ ചെലവഴിച്ചത്. ബാക്കിയുള്ള എട്ട് യുഎൽബികൾ സേവന ഉപനികുതി പിരിച്ചതു പോലുമില്ല. ഇത് സൂചിപ്പിക്കുന്നത്, മാലിന്യ നിർമ്മാർജ്ജനത്തിന് വേണ്ടി അധിക ഫണ്ടുകൾ സമാഹരിക്കുന്നതിന് യുഎൽബികൾ കൊടുക്കുന്ന മുൻഗണനയുടെ അഭാവത്തെയാണ്.

2.2.3.5 **യൂസർ ഫീ**

എംഎസ്ഡബ്ല്യൂഎം മാനുവൽ യൂസർഫീയെ നിർവ്വചിക്കുന്നത് ഒരു ബൈലോ മുഖാന്തരം യുഎൽബി, മാലിന്യ ഉൽപാദകരിൽ ചുമത്തുന്ന ഫീസ് എന്നാണ്. ഭവനങ്ങൾ/സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിന്ന്, അവർക്ക് കൊടുക്കുന്ന സേവനങ്ങൾക്കായി, യൂസർഫീ പിരിക്കാനുള്ള ചുമതല ഹരിത കർമ്മസേനയെയാണ് (എച്ച്കെഎസ്) ഏൽപ്പിച്ചിരുന്നു. കുടുംബശ്രീയുടെ കമ്മ്യൂണിറ്റി ഡെവലപ്പ്മെന്റ് സൊസൈറ്റിയുമായി ആലോചിച്ച്, എച്ച്കെഎസ് പിരിക്കേണ്ട യൂസർഫീ നിശ്ചയിക്കേണ്ടിയിരുന്നത് തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾ ആയിരുന്നു. യൂസർഫീ എച്ച്കെഎസ് കൺസോർഷ്യം അക്കൗണ്ടിൽ നിക്ഷേപിക്കേണ്ടിയിരുന്നതും, ജൈവ, അജൈവ മാലിന്യ ശേഖരണം, പരിസരം മോടിപിടിപ്പിക്കൽ മുതലായവ ഉൾപ്പെടുന്ന വിവിധ കാര്യപരിപാടികൾക്ക് മറ്റ് ഫണ്ടുകളോടൊപ്പം ഉപയോഗിക്കേണ്ടതുമായിരുന്നു. തെരഞ്ഞെടുത്ത യുഎൽബികളിലെ

സ.ഉ.(സാധാ) നം.1496/2020/ത.സ.ഭ.വ തീയതി, 12/08/2020 പ്രകാരം ഹരിത കർമ്മ സേന പ്രവർത്തന മാർഗരേഖ സർക്കാർ അംഗീകരിച്ചിട്ടുള്ളതാണ്. ആയതിൽ മാലിന്യ ശേഖരണത്തിനായി ഹരിത കർമ്മസേന നൽകുന്ന സേവനങ്ങൾക്കായി കൃത്യമായും യൂസർഫീ നിശ്ചയിച്ച് ഉത്തരവായിട്ടുള്ളതാണ്. ആയതിന് പുറമെ മാലിന്യ സംസ്കരണം സംബന്ധിച്ച് ബൾക്ക് വേസ്റ്റ് ജനറേറ്റേഴ്സ് പാലിക്കേണ്ട കടമകളും ഉത്തരവാദിത്തങ്ങളും സംബന്ധിച്ച് സ.ഉ.(സാധാ) നം.631/2024/LSGD തീയതി, 16-03-2024 പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്. ആയത് പ്രകാരം ഓരോ മാലിന്യ ഉത്പാദകനും ഉണ്ടാക്കുന്ന മാലിന്യം സ്വന്തം നിലയിലോ LSGI നിശ്ചയിച്ചിട്ടുള്ള പ്രകാരമുള്ള യൂസർ ഫീ നൽകിക്കൊണ്ടോ നടപ്പാക്കുന്നതിന്

| | | |
|---|---|---|
| | എച്ച്കെഎസ് അവരുടെ പരിധിയിലുള്ള വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും സ്ഥിരമായി യൂസർഫീ പിരിച്ചില്ലെന്ന് നിരീക്ഷിക്കപ്പെട്ടു. ഈ യുഎൽബികളിലെ യൂസർഫീ പിരിവിന്റെ ശതമാനം പൂജ്യം മുതല് 35.89 ശതമാനം മാത്രമായിരുന്നു.<br><br>സർക്കാർ നിർദ്ദേശപ്രകാരം യുഎൽബികൾ യൂസർ ഫീ പിരിവ് ഉറപ്പാക്കിയിരുന്നെങ്കിൽ, ലഭിക്കുമായിരുന്ന വരുമാനം കണക്കാക്കാൻ ഓഡിറ്റ് ശ്രമിച്ചു (അനുബന്ധം 3). നിർദ്ദിഷ്ട നിരക്കിലുള്ള യൂസർഫീ കൃത്യമായി പിരിച്ചെടുക്കുന്നതിൽ മാലിന്യ നിർമ്മാർജ്ജനപ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനുള്ള ഫണ്ടുകളുടെ വിനിയോഗിക്കപ്പെടാത്ത ഒരു പ്രധാന ഉറവിടമുണ്ട്.<br><br>മാലിന്യം ശേഖരിക്കുന്നവരുടെ നിലനിൽപ്പ് ഉറപ്പാക്കാനായി വയബിലിറ്റി ഗ്യാപ് ഫണ്ടിംഗ് ലഭ്യമാക്കിക്കൊണ്ട് ഈ മേഖലയിൽ ഇടപെട്ടു കൊണ്ടിരിക്കുകയാണെന്ന് അന്തിമകൂടിക്കാഴ്ചയിൽ (2022 മെയ്) സർക്കാർ പ്രസ്താവിച്ചു. എച്ച്കെഎസ് പ്രതിമാസം ശേഖരിക്കുന്ന വരുമാനം കണക്കാക്കാനായി സർക്കാർ ഒരു വിശകലനം നടത്തിയപ്പോൾ, വരുമാനം സംബന്ധിച്ച് സമ്മിശ്രഫലങ്ങൾ നിരീക്ഷിച്ചു. മാലിന്യം ശേഖരിക്കുമ്പോഴും യൂസർ ഫീ അടയ്ക്കാൻ ആളുകൾ വിസമ്മതിച്ച നിരവധി സംഭവങ്ങളുണ്ടെന്നും സർക്കാർ അറിയിച്ചു. ലഭ്യമായ സേവനങ്ങൾക്കുള്ള യൂസർഫീ അടയ്ക്കുന്നതിന് അനുകൂലമായ മനോഭാവം വളർത്തിയെടുക്കാൻ പൊതുജനങ്ങളെ പ്രബുദ്ധരാക്കേണ്ടതിന്റെ ആവശ്യകതയെയാണ് സർക്കാരിന്റെ മറുപടി അടിവരയിടുന്നത്.<br><br>ശുപാർശ 1 : യുഎൽബികളിൽ ഉൽപാദിപ്പിക്കപ്പെടുന്ന എല്ലാത്തരം മാലിന്യത്തിന്റെയും മതിയായ സംസ്കരണവും നീക്കം ചെയ്യലും ഉറപ്പാക്കാനായി, ഉൽപാദിപ്പിക്കപ്പെടുന്ന മാലിന്യത്തിന്റെ അളവിന്റെയും ഘടനയുടെയും ശാസ്ത്രീയമായ നിർണ്ണയം മുൻഗണനയോടെ നടത്തുന്നത് സർക്കാർ ഉറപ്പാക്കേണ്ടതാണ്. നൂതനവും കാര്യക്ഷമവുമായ സംസ്കരണരീതി | നിർദ്ദേശിച്ചിട്ടുള്ളതാണ്. ഹരിത മിത്രം ആപ്പ് മുഖാന്തിരം യൂസർഫീ കളക്ഷൻ ലഭ്യമാകുന്നത് പരിശോധിക്കുന്നതിനും കുറവുള്ളിടത്ത് സമയ ബന്ധിതമായി IEC പ്രവർത്തനങ്ങൾ നടത്തുന്നതിനും നിലവിൽ സംവിധാനങ്ങൾ ഒരുക്കിയിട്ടുണ്ട്. നിലവിലെ കണക്കുകൾ പ്രകാരം സംസ്ഥാനത്ത് ശരാശരി 23 കോടി രൂപ യൂസർ ഫീ ഇനത്തിൽ പ്രതിമാസം ശേഖരിക്കുന്നുണ്ട്. യൂസർ ഫീ ഒടുക്കുന്നതിൽ കുടിശ്ശിക വരുത്തിയിട്ടുള്ള ഉപഭോക്താക്കളിൽ നിന്നും പ്രോപ്പർട്ടി ടാക്സിനൊപ്പം കുടിശ്ശികയായി ഈടാക്കുന്നതിനും നിലവിൽ നിയമം ഭേദഗതി വരുത്തിയിട്ടുള്ളതാണ്. കൂടാതെ വ്യാപാര സ്ഥാപനങ്ങളിൽ നിന്നും കൃത്യമായ മാലിന്യ ശേഖരണവും യൂസർ ഫീ കളക്ഷനും ഉറപ്പുവരുത്തുന്നതിലേക്ക് ലൈസൻസ് പുതുക്കുന്ന സമയം ഹരിത കർമ്മസേന യൂസർ ഫീ കളക്ഷൻ കാർഡ്/ രസീത് നിർബന്ധമാക്കിയിട്ടുള്ളതാണ്. |

| | | |
|---|---|---|
| | കണ്ടെത്തുന്നതിനും ആസൂത്രണം ചെയ്യുന്നതിനും വേണ്ടി, നിർമ്മാർജ്ജനം ചെയ്യാനും നീക്കം ചെയ്യാനുമുള്ള മാലിന്യത്തിന്റെ യഥാർത്ഥ അളവ് നിർണ്ണയിക്കുന്നതിനായി, മാലിന്യ സംസ്കരണ സംവിധാനത്തിലൂടെ കടന്നു പോകുന്ന മാലിന്യത്തിന്റെ അളവ് വിവിധ സ്ഥലങ്ങളിലും വിവിധ സീസണുകളിലും നിർണ്ണയിക്കേണ്ടത് ആവശ്യമാണ്.<br><br>ശുപാർശ 2 : കാര്യക്ഷമമായ മാലിന്യ നിർമ്മാർജ്ജനത്തിനുവേണ്ടി യുഎൽബികൾ മുനിസിപ്പൽ ഖരമാലിന്യ നിർമ്മാർജ്ജന പദ്ധതികൾ ആവിഷ്കരിച്ചു എന്നും ബൈലാകൾ അംഗീകരിച്ചു എന്നും സർക്കാർ ഉറപ്പാക്കേണ്ടതാണ്. അനൗപചാരികമായി മാലിന്യം ശേഖരിക്കുന്നവരെയും കൂടി ഔപചാരിക സംവിധാനത്തിലേക്ക് ചേർക്കാനുള്ള നടപടികൾ ഉൾപ്പെടുത്തിവേണം മാലിന്യ നിർമ്മാർജ്ജന പദ്ധതികൾ ആവിഷ്കരിക്കാൻ.<br><br>ശുപാർശ 3 : ലഭ്യമായ ഫണ്ടിന്റെ കാര്യക്ഷമമായ വിനിയോഗം ഉറപ്പ് വരുത്തുന്ന രീതിയിൽ വാർഷിക പദ്ധതികളും ലക്ഷ്യങ്ങളും രൂപീകരിച്ചു കൊണ്ട്, സർക്കാർ യുഎൽബികളുടെ വിവര വിജ്ഞാന വിനിമയ (ഐഇസി) പ്രവർത്തനങ്ങളെ സുസ്ഥിരമായ രീതിയിൽ പ്രോത്സാഹിപ്പിക്കേണ്ടതാണ്. മാലിന്യ ഉൽപാദനം കുറയ്ക്കൽ, മാലിന്യത്തിന്റെ പരമാവധി പുനരുപയോഗം, മാലിന്യത്തിന്റെ തരംതിരിക്കൽ, പൊതു സ്ഥലങ്ങളിൽ മാലിന്യം നിക്ഷേപിക്കാതിരിക്കൽ തുടങ്ങിയവയുടെ ആവശ്യകതയെപ്പറ്റി മാലിന്യ ഉൽപാദകരെ ബോധവൽക്കരിക്കുന്നതിന് സർക്കാർ അതിന്റെ പൊതുജന സമ്പർക്ക വകുപ്പിലൂടെയും മറ്റ് ഏജൻസികളിലൂടെയും ഐഇസി പ്രവൃത്തികൾ നടത്തേണ്ടതാണ്.<br><br>ശുപാർശ 4: യുഎൽബികൾ മാലിന്യ നിർമ്മാർജ്ജനത്തിനായി വകയിരുത്തിയ കേന്ദ്ര/സംസ്ഥാന ഫണ്ടുകൾ, തനതുഫണ്ട് എന്നിവയുടെ വിനിയോഗ വ്യാപ്തി കൂട്ടുന്നുവെന്ന് സർക്കാർ ഉറപ്പുവരുത്തേണ്ടതാണ്. മാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങളുടെ ചെലവിലേക്ക് വേണ്ടി സേവന ഉപനികുതി, യൂസർഫീ എന്നിവയുടെ പിരിച്ചെടുക്കൽ വർദ്ധിപ്പിക്കുന്നതിനുള്ള ആത്മാർത്ഥമായ ശ്രമം അവർ നടത്തേണ്ടതാണ്. | 28.05.2022-ൽ പുറപ്പെടുവിച്ചിട്ടുള്ള സ.ഉ(കൈ)നം.115/2022/lsgd ഉത്തരവിലെ പദ്ധതി മാർഗ്ഗരേഖ പ്രകാരം നിർബന്ധമായും ചെലവ് |

| | | |
|---|---|---|
| | ശുപാർശ 5: ഖരമാലിന്യനിർമ്മാർജ്ജനത്തിന് മാത്രമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഒരു നിർബന്ധിത ചെലവിന്റെ കുറഞ്ഞ ശതമാനം നിശ്ചയിക്കുന്നത് പരിഗണിക്കേണ്ടതാണ്. | വരുത്തേണ്ട ഇനത്തിലാണ് ഖരമാലിന്യ നിർമ്മാർജ്ജനം ഉൾകൊള്ളിച്ചിട്ടുണ്ട്. |

| അദ്ധ്യായം 3 | | |
|---|---|---|
| ഖണ്ഡിക | വിഷയം/പരാമർശം | മറുപടി |
| | **മാലിന്യങ്ങളുടെ വേർതിരിക്കൽ, ശേഖരണം, പരിവഹനം**<br>മാലിന്യ ഉൽപാദകർ ജൈവ, അജൈവ, സാനിറ്ററി, ഗാർഹിക അപകടകരം എന്നിങ്ങനെ മാലിന്യങ്ങളെ വേർതിരിക്കുന്നുണ്ടോ എന്നുറപ്പുവരുത്തുവാനായി ഫലപ്രദമായ ഒരു സംവിധാനവും യുഎൽബികൾക്ക് ഉണ്ടായിരുന്നില്ല. സൃഷ്ടിക്കപ്പെടുന്ന മാലിന്യം വേർതിരിക്കുന്നതിന്റെ ആദ്യപടിയെന്ന നിലയ്ക്ക് കളർ കോഡഡ് ബിന്നുകൾ വീടുകളിൽ നല്കുകയോ, സന്ദർശിച്ച സർക്കാർ കാര്യാലയങ്ങളിലും ആശുപത്രികളിലും സ്ഥാപിക്കുകയോ ചെയ്തിട്ടില്ലെന്ന് ഞങ്ങൾ നിരീക്ഷിച്ചു. നിലവിലുള്ള വ്യവസ്ഥകൾ പാലിക്കാത്തത് വേർതിരിക്കാത്ത മാലിന്യങ്ങൾ സംസ്കരണ കേന്ദ്രങ്ങളിലും അപകടകരമായ മാലിന്യങ്ങൾക്കു വേണ്ടിയുള്ള ലാൻഡ്ഫില്ലുകളിലും എത്തിച്ചേരുന്നതിൽ കലാശിച്ചു. വീടുകൾ, ഭക്ഷണശാലകൾ, കോഴി/മാംസ സ്റ്റാളുകൾ എന്നിവയിൽ നിന്നുള്ള മാലിന്യശേഖരണത്തിന്റെ വ്യാപ്തി തെരഞ്ഞെടുത്ത യുഎൽബികളിൽ 16.13 ശതമാനത്തിനും 54.72 ശതമാനത്തിനും ഇടയിലായിരുന്നു. ഭക്ഷണമാലിന്യവും കോഴി മാലിന്യവും അംഗീകൃതമല്ലാത്ത ഏജൻസികൾ ശേഖരിക്കുകയും പന്നികൾക്കുള്ള തീറ്റയായി നൽകുകയും ചെയ്യു. | പ്രത്യേക പരാമർശമില്ല |

| | | |
|---|---|---|
| | ജൈവമാലിന്യത്തിന്റെ ശേഖരണം ഫലപ്രദമല്ലാത്തതിനാൽ, ഉൽപാദിപ്പിക്കപ്പെട്ട മാലിന്യം ജലാശയങ്ങളിലും, പൊതു സ്ഥലങ്ങളിലും റോഡരികിലും മറ്റും പുറന്തള്ളപ്പെട്ടു. മാലിന്യ ഉൽപാദകരാൽ മാലിന്യം വേർതിരിക്കുന്നത് യുഎൽബികൾക്ക് ഉറപ്പുവരുത്താൻ സാധിക്കാത്തതു മൂലം ജൈവമാലിന്യം അജൈവമാലിന്യത്തോടൊപ്പം കൂടിക്കലർന്ന് സംസ്കരണകേന്ദ്രങ്ങളിൽ എത്തുകയുണ്ടായി.<br><br>മാലിന്യം വേർതിരിക്കുന്നതിനും ശേഖരിക്കുന്നതിനുമുള്ള സംവിധാനം വിഭാവനം ചെയ്തതു പോലെ പ്രവർത്തിക്കാതിരിക്കുന്നതിനാൽ അതിനെ ശക്തിപ്പെടുത്തേണ്ടതുണ്ട്. മാലിന്യം കൊണ്ടുപോകുന്നതിനായി തുറന്ന വാഹനങ്ങളും വേർതിരിവ് ഇല്ലാത്ത വാഹനങ്ങളുമായിരുന്നു ഉപയോഗിച്ചിരുന്നത്. പരിശോധന നടത്തിയ കോർപ്പറേഷനുകളിൽ, സ്വന്തമായി വാങ്ങിയ വാഹനങ്ങൾ വെറുതെ കിടക്കവേ, മാലിന്യം കൊണ്ടുപോകുന്നതിനു വേണ്ടി സ്വകാര്യ വാഹനങ്ങൾ വാടകയ്ക്കെടുത്ത് ഉപയോഗിക്കുന്നതായി ഞങ്ങളുടെ ശ്രദ്ധയിൽപ്പെട്ടു. കോർപ്പറേഷനുകൾ വാങ്ങിയ വാഹനങ്ങളുടെ അറ്റകുറ്റപ്പണികളും പരിപാലനവും യഥാസമയം നടത്തുന്നതിൽ താമസമുണ്ടായി.<br><br>ഒരു യുഎൽബിയിൽ ഉൽപാദിപ്പിക്കപ്പെടുന്ന മാലിന്യം, വേർതിരിക്കൽ, ശേഖരണം, പരിവഹനം, സംസ്കരണം, നിർമ്മാർജ്ജനം എന്നിങ്ങനെ വിവിധ ഘട്ടങ്ങളിൽ കൂടി കടന്നു പോകുന്നു. ഓരോ ചുമതലയും ശാസ്ത്രീയമായും സുസ്ഥിരമായ രീതിയിലും നിർവ്വഹിക്കപ്പെടുന്നുവെങ്കിൽ മാത്രമേ ഒരു യുഎൽബിയിലെ മൊത്തത്തിലുള്ള മാലിന്യ പരിപാലന സംവിധാനം തൃപ്തികരമായ രീതിയിൽ പ്രവർത്തിക്കുന്നു എന്ന് പറയുവാൻ സാധിക്കുകയുള്ളൂ. മാലിന്യ പരിപാലനവുമായി ബന്ധപ്പെട്ട വിവിധ | |

| | | |
|---|---|---|
| | മുനിസിപ്പൽ ചുമതലകളുടെ പ്രവർത്തനതല നിർവ്വഹണത്തിന്റെ ഫലപ്രാപ്തി ഓഡിറ്റ് വിശകലനം ചെയ്യു. | |
| 3.1 | **വേർതിരിക്കൽ**<br>മുനിസിപ്പൽ ഖരമാലിന്യം നാല് വ്യത്യസ്ത ഗ്രൂപ്പുകളിൽ, ജൈവ, അജൈവ, പുനഃചംക്രമണ, അപകടകരമായ മാലിന്യങ്ങളായി തരംതിരിക്കുന്ന പ്രക്രിയയെയാണ് വേർതിരിക്കൽ എന്ന് പരാമർശിക്കുന്നത്. മാലിന്യത്തിന്റെ വിവിധ ഘടകങ്ങളുടെ പുനരുപയോഗം, പുനഃചംക്രമണം, സംസ്കരണം, ശാസ്ത്രീയമായ നിർമ്മാർജ്ജനം എന്നിവയെ സഹായിക്കുമെന്നതിനാൽ വേർതിരിക്കൽ ഒരു നിർണ്ണായക ആവശ്യകതയാണ്. മാലിന്യത്തിന്റെ തരംതിരിക്കൽ ഉറവിട/ഗാർഹികതല, കേന്ദ്രീകൃത തരംതിരിക്കൽ ഫെസിലിറ്റി, മാലിന്യ സംസ്കരണ സ്ഥലങ്ങൾ എന്നിങ്ങനെ വിവിധ തലങ്ങളിൽ നടക്കുന്നു. ഇത് മാലിന്യങ്ങൾ കുറയ്ക്കുന്നതിലേയ്ക്കും അന്തിമ നിർമ്മാർജ്ജനത്തിനായുള്ള ലാൻഡ്ഫിൽ സ്ഥലം കുറയ്ക്കുന്നതിലേയ്ക്കും നയിക്കും. | ഇത് സംബന്ധിച്ച് വിശദമായ മറുപടി ചുവടെ ചേർത്തിരിക്കുന്ന ഖണ്ഡികകൾക്ക് നൽകിയിട്ടുണ്ട്. |
| 3.1.1 | **ഉറവിടത്തിൽ മാലിന്യം വേർതിരിക്കലിലെ അപര്യാപ്തത**<br><br>എസ്ഡബ്ല്യുഎം ചട്ടങ്ങൾ, 2016 പ്രകാരം മാലിന്യം പുറപ്പെടുവിക്കുന്ന ഓരോരുത്തരും അവരവർ പുറപ്പെടുവിക്കുന്ന മാലിന്യം തരമനുസരിച്ച് അതായത്, ജൈവ, അജൈവ, അപകടസാദ്ധ്യതയുള്ള ഗാർഹിക മാലിന്യം എന്നിങ്ങനെ വേർതിരിക്കേണ്ടതും, അനുയോജ്യമായ ബിന്നുകളിൽ സൂക്ഷിക്കേണ്ടതും, അംഗീകൃത മാലിന്യ ശേഖരണക്കാരെ | <u>**ശുചിത്വ മിഷൻ**</u><br>നഗരസഭാ പരിധിയിലെ മാലിന്യ ഉത്പാദകർ മാലിന്യം തരംതിരിച്ച് സൂക്ഷിക്കണമെന്ന് നിഷ്കർഷിച്ചിരിക്കുന്നു. ആയതിന്റെ ആവശ്യകത ബോദ്ധ്യപ്പെടുത്തുന്നതിന് ബോധവത്കരണം നടത്തിയിട്ടുള്ളതും നിലവിൽ മാലിന്യങ്ങൾ ഹരിതകർമ്മസേന മുഖേന തരംതിരിച്ച് തന്നെയാണ് കൈമാറുകയും സംസ്കരിക്കുകയും ചെയ്യുന്നത് എന്ന് |

ഏൽപ്പിക്കേണ്ടതുമാണ്. ഡയപ്പറുകളും, സാനിറ്ററിപാഡുകളും പോലുള്ള ഉപയോഗിച്ച സാനിറ്ററി മാലിന്യവും അതുപോലെ നിർമ്മാണ പൊളിക്കൽ അവശിഷ്ടമാലിന്യങ്ങളും, ഹോർട്ടികൾച്ചർ, പൂന്തോട്ടമാലിന്യങ്ങളും, മാലിന്യം പുറപ്പെടുവിക്കുന്നവർ തന്നെ പ്രത്യേകം സൂക്ഷിക്കുകയും തദ്ദേശ അധികാരികൾ നിർദ്ദേശിക്കുന്ന പ്രകാരം നിർമ്മാർജ്ജനം ചെയ്യേണ്ടതുമാണ്.

പരിശോധന നടത്തിയ യുഎൽബികളിലെ വീടുകൾ, സർക്കാർ സ്ഥാപനങ്ങൾ, വാണിജ്യ സ്ഥാപനങ്ങൾ എന്നിവയിലെ മാലിന്യം വേർതിരിക്കലിന്റെ വിശദവിവരങ്ങൾ പട്ടിക 3.1-ൽ അവതരിപ്പിച്ചിരിക്കുന്നു.

പട്ടിക 3.1 : പരിശോധന നടത്തിയ 21 യുഎൽബികളിലെ1 വീടുകൾ, സർക്കാർ സ്ഥാപനങ്ങൾ, വാണിജ്യ സ്ഥാപനങ്ങൾ എന്നിവയിലെ മാലിന്യം വേർതിരിക്കൽ

| മാലിന്യ ജനയിതാവിന്റെ തരം | വീടുകൾ | സർക്കാർ സ്ഥാപനങ്ങൾ | വാണിജ്യസ്ഥാപനങ്ങൾ |
|---|---|---|---|
| ആകെ എണ്ണം | 1075820 | 2426 | 180130 |
| യുഎൽബി അവകാശപ്പെട്ട പ്രകാരം ഉറവിടത്തിൽ വേർതിരിക്കുന്ന മാലിന്യ ജനയിതാക്കളുടെ എണ്ണം | 507470 | 1468 | 61607 |
| ഉറവിടത്തിൽ വേർതിരിക്കുന്ന മാലിന്യ | 47.17 | 60.51 | 34.20 |

കോർപ്പറേഷനുകളും മുനിസിപ്പാലിറ്റികളും അറിയിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ AG പ്രത്യേക പരിശോധന നടത്തിയ പെരിന്തൽമണ്ണ മുനിസിപ്പാലിറ്റിയെ സംബന്ധിച്ച വിഷയത്തിൽ സെക്രട്ടറി നൽകിയ വിശദീകരണം താഴെ കൊടുത്തിരിക്കുന്നു. നഗരസഭയിൽ ഖരമാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് എജി ഓഡിറ്റ് പരിശോധനാ വേളയിൽ മാലിന്യ സംസ്കരണ പ്രവർത്തനം നടത്തിയിരുന്ന ഏജൻസിയായ ജീവനം സൊല്യൂഷനിൽ നിന്നും ഓഡിറ്റ് ആവശ്യപ്പെട്ട വിശദാംശങ്ങൾ ലഭിക്കാത്തതിനെ തുടർന്ന് പ്രസ്തുത ഏജൻസിയെ നഗരസഭയുടെ മാലിന്യ സംസ്കരണ പ്രവർത്തനങ്ങളിൽ നിന്ന് നീക്കം ചെയ്യുകയും കുടുംബശ്രീ സംരഭക ഗ്രൂപ്പായ ഹരിതകർമ്മസേന കൺസോർഷ്യത്തിന്റെ നേതൃത്വത്തിൽ മാലിന്യ ശേഖരണ സംസ്കരണ പ്രവർത്തനങ്ങൾ തൃപ്തികരമായ രീതിയിൽ പ്രവർത്തിച്ചു വരുന്നു.താഴെപറയും പ്രകാരം സംസ്കരണ പ്രവർത്തനങ്ങളുടെ മാലിന്യം വേർതിരിക്കുന്ന വിശദമായ പട്ടിക താഴെ ചേർക്കുന്നു.

വീടുകൾ - 13641, ഹരിത കർമ്മ സേന ശേഖരിക്കുന്നത് - 12866

വ്യവസായ സ്ഥാപനങ്ങൾ,സർക്കാർ സ്ഥാപനങ്ങൾ ഉൾപ്പെടെ

ആകെ - 3111

ഹരിത കർമ്മ സേന ശേഖരിക്കുന്നത് -2989

**KSWMP**

| | | | |
|---|---|---|---|
| ജനയിതാക്കളുടെ ശതമാനം | | | |

ഉറവിടത്തിൽ തന്നെ മാലിന്യം വേർതിരിക്കുന്നു എന്ന് പറയപ്പെടുന്ന വീടുകളുടെയും/സ്ഥാപനങ്ങളുടെയും എണ്ണം യുഎൽബികൾ ഓഡിറ്റിനു നൽകിയെങ്കിലും, ഈ യൂണിറ്റുകളിൽ നിന്നും മാലിന്യം ശേഖരിച്ചിരുന്ന ഹരിതകർമ്മസേന നൽകിയ വീടുകളുടെയും/സ്ഥാപനങ്ങളുടെയും എണ്ണം യുഎൽബികൾ അതേപടി അംഗീകരിക്കുകയായിരുന്നു എന്ന് ഓഡിറ്റ് നിരീക്ഷിച്ചു. മാലിന്യം പുറപ്പെടുവിക്കുന്നവർ നിർദ്ദേശിച്ചിരിക്കുന്ന രീതിയിൽ മാലിന്യത്തെ ജൈവ, അജൈവ, സാനിറ്ററി, ഗാർഹിക അപകടകരമായവ എന്ന രീതിയിൽ വേർതിരിക്കുന്നുണ്ടോ എന്ന് പരിശോധിക്കുന്നതിന് യുഎൽബികൾക്ക് ഒരു സംവിധാനവും ഇല്ലായിരുന്നു. ആയതിനാൽ, എസ്ഡബ്ല്യുഎം ചട്ടങ്ങൾ/മാന്വൽ വിഭാവനം ചെയ്തിരിക്കുന്ന പോലെ ഉറവിടത്തിൽ തന്നെ മാലിന്യം വേർതിരിക്കുന്ന മാലിന്യജനയിതാക്കളുടെ കൃത്യമായ എണ്ണത്തെ സംബന്ധിച്ച് യുഎൽബികൾ നൽകിയ വിവരങ്ങൾ വിശ്വാസം ജനിപ്പിക്കുന്നതായിരുന്നില്ല. നിർദ്ദിഷ്ട രീതിയിൽ മാലിന്യം വേർതിരിക്കുന്ന യൂണിറ്റുകളുടെ യഥാർത്ഥ എണ്ണത്തെക്കുറിച്ചുള്ള വിശ്വാസയോഗ്യമായ വിവരം യുഎൽബികൾ ആനുകാലിക പരിശോധനകളിലൂടെ ശേഖരിക്കേണ്ടതാണ്.

പരിശോധന നടത്തിയ 21 യുഎൽബികൾ നൽകിയ മാലിന്യം വേർതിരിക്കലിന്റെ വിവരങ്ങൾ ഓഡിറ്റ് വിശകലനം ചെയ്തു (**അനുബന്ധം 4**). ഒരു യുഎൽബി (ആലപ്പുഴ) ഒഴികെ, ബാക്കിയുള്ള 20 യുഎൽബികളിലെ വേർതിരിക്കലിന്റെ ശതമാനം 0.41-നും 72.72-നും

കെ.എസ്.ഡബ്ല്യു.എം.പി. പദ്ധതിയുടെ ഭാഗമായി ഓരോ നഗരസഭയുടെയും സാഹചര്യങ്ങൾ അനുസരിച്ച് തയ്യാറാക്കുന്ന ഖരമാലിന്യ പരിപാലന പ്ലാൻ പ്രകാരം ഓരോ തരം ഖരമാലിന്യവും ഉറവിടത്തിൽ തന്നെ തരംതിരിക്കുന്നതിനും ശേഖരിക്കുന്നതിനുമുള്ള നടപടികൾ / പദ്ധതികൾ കൃത്യമായി വിഭാവനം ചെയ്യുന്നതും ആയത് നടപ്പിലാക്കുന്നതിന് പ്രോജക്റ്റുകൾ ഏറ്റെടുത്തിട്ടുള്ളതുമാണ്.

| | | |
|---|---|---|
| | ഇടയിൽ ആയിരുന്നു. ഉറവിടത്തിൽ വലിയ അളവിൽ മാലിന്യം വേർതിരിക്കാൻ ഫലപ്രദമായ നടപടികൾ സ്വീകരിക്കാത്തത്, മിശ്രിത മാലിന്യം കേന്ദ്രീകൃത മാലിന്യസംസ്കരണ കേന്ദ്രങ്ങളിൽ എത്തിച്ചേരാൻ ഇടയാക്കുകയും, തൽഫലമായി മാലിന്യത്തിന്റെ ഘടകങ്ങളെ 'തിരസ്കരിച്ചവ' എന്ന് തരം തിരിയ്ക്കുന്നതിൽ കലാശിക്കുകയും ചെയ്തിരുന്നു. | |
| 3.1.2 | **ബിന്നുകളുടെ വിതരണം**<br><br>സ്വച്ഛ്ഭാരത് മിഷൻ (നഗരം) മാർഗ്ഗനിർദ്ദേശങ്ങൾ വിഭാവനം ചെയ്യുന്നത്, യുഎൽബികൾ ഓരോ വീട്ടുകൾക്കും രണ്ടു നിറങ്ങളിലുള്ള ബിന്നുകൾ, ഒന്ന് പച്ചയും മറ്റേത് നീലയും, വിതരണം ചെയ്യേണ്ടതും, അപ്രകാരം മാലിന്യത്തെ യഥാക്രമം ഈർപ്പമുള്ളത് (ജൈവം), ഉണക്കുള്ളത് (അജൈവം) എന്ന് ഉറവിടത്തിൽ തന്നെ വേരിതിരിക്കേണ്ടതുമാണ് എന്നാണ്. പരിശോധന നടത്തിയ യുഎൽബികൾ ഒന്നും തന്നെ മാലിന്യം വേർതിരിക്കുന്നതിനുവേണ്ടി വീട്ടുകൾക്ക് നിറഭേദമുള്ള ബിന്നുകൾ നൽകിയിരുന്നില്ല എന്ന് ഓഡിറ്റ് നിരീക്ഷിച്ചു. പരിശോധന നടത്തിയ യുഎൽബികളിൽ കൊയിലാണ്ടി മുനിസിപ്പാലിറ്റി മാത്രമാണ് പൊതു സ്ഥലങ്ങളിൽ ചവർ ബിന്നുകൾ ഏർപ്പെടുത്തിയിരുന്നത്. അജൈവ മാലിന്യങ്ങൾ ശേഖരിക്കുന്നതിനായി തിരുവനന്തപുരം കോർപ്പറേഷൻ വിവിധ സ്ഥലങ്ങളിൽ ഉണങ്ങിയ മാലിന്യങ്ങൾ വേർതിരിച്ച് ശേഖരിക്കുന്ന കേന്ദ്രങ്ങൾ സ്ഥാപിച്ചിരുന്നു.<br><br>ബിന്നുകൾ ഉപയോഗിച്ച് ഉറവിടത്തിൽ തന്നെ ഗാർഹിക മാലിന്യങ്ങളെ ജൈവം, അജൈവം എന്ന തരത്തിൽ വേർതിരിക്കുന്നത് പുനഃചംക്രമണ | AG യുടെ പരിശോധനയ്ക്ക് വിധേയമായ മുനിസിപ്പാലിറ്റികളിൽ നിന്ന് ലഭ്യമായ മറുപടി താഴെ കൊടുത്തിരിക്കുന്നു.<br><br>**<u>കൊച്ചി കോർപ്പറേഷൻ</u>**<br>കൊച്ചി നഗരസഭയിലെ മാലിന്യങ്ങൾ അജൈവം, ജൈവം എന്നിങ്ങനെ വേർതിരിച്ച് ഹരിതകർമ്മസേന മുഖാന്തിരവും, അംഗീകൃത ഏജൻസികൾ മുഖാന്തിരവും നീക്കം ചെയ്തുവരുന്നതാണ്. ബ്രഹ്മപുരം പ്ലാൻറിലെ കുന്നുകൂടിക്കിടക്കുന്ന ലെഗസി മാലിന്യം നീക്കം ചെയ്യുന്നതിന് ബയോമൈനിംഗ് നടപ്പാക്കി വരുന്നുണ്ട്. ജനകീയആസൂത്രണ ഫണ്ട് വഴി ബിന്നുകൾ വിവിധ ഡിവിഷനുകളിൽ വിതരണം നടത്തിയിട്ടുള്ളതാണ്.<br><br>കോഴിക്കോട് കോർപറേഷനിൽ നിലവിൽ ജൈവ മാലിന്യങ്ങൾ സംസ്കരിക്കുന്നതിനു വേണ്ടി ജീബിൻ ,ബൊകാഷി ബക്കറ്റ് ,പൈപ്പ് കമ്പോസ്റ്റ് ,റിംഗ് കമ്പോസ്റ്റ് ,ബയോഗ്യാസ് എന്നിവ വിതരണം ചെയ്യുന്നതിനുള്ള പ്രവർത്തികൾ നടന്നു വരികയാണ്. അജൈവ മാലിന്യങ്ങൾ സൂക്ഷിക്കുന്നതിന് 4 |

| | | |
|---|---|---|
| | വസ്തുക്കളുടെ രണ്ടാം ഘട്ടസംഭരണവും തരംതിരിക്കലും നടക്കുന്ന മെറ്റീരിയൽ റിക്കവറി ഫെസിലിറ്റികളിൽ (എംആർഎഫ്) രണ്ടാംഘട്ട വേർതിരിക്കലിന്റെ തോത് കുറയ്ക്കും. ഉറവിടത്തിൽ തന്നെ മാലിന്യം വേർതിരിക്കുന്നതിന്റെ പ്രാധാന്യത്തെക്കുറിച്ചുള്ള ഫലപ്രദമായ ഐഇസി നടപടികളുടെ അഭാവം, വീടുകളിൽ തന്നെ മാലിന്യം വേർതിരിക്കുന്നതിലുണ്ടായ കുറവിന് കാരണമായിരിക്കാം.<br><br>സർക്കാർ ഓഫീസുകളിലും ആശുപത്രികളിലും നടത്തിയ സംയുക്ത ഭൗതിക പരിശോധനയിൽ ജൈവ, അജൈവ മാലിന്യങ്ങൾക്ക് പ്രത്യേക ബിന്നുകൾ നൽകാതെ, എല്ലാ മാലിന്യങ്ങളും മിശ്രിതമാലിന്യങ്ങളായി ഒരു ബിന്നിൽ തന്നെ ശേഖരിച്ചിരുന്നത്, വേർതിരിക്കൽ പ്രയാസകരവും സമയമെടുക്കുന്നതുമാക്കി എന്ന് ഓഡിറ്റ് നിരീക്ഷിച്ചു. നാല് സർക്കാർ ഓഫീസുകളിലും ഏഴ് സർക്കാർ ആശുപത്രികളിലും മാലിന്യം കത്തിക്കുന്ന സാഹചര്യങ്ങൾ ശ്രദ്ധിക്കപ്പെട്ടു. ഇത് മനുഷ്യരുടെ ആരോഗ്യത്തിനും പരിസ്ഥിതിക്കും അപകടകരമായ പ്രത്യാഘാതങ്ങൾ ഉണ്ടാക്കുന്നതാണ്. | തരത്തിലുള്ള ബാഗുകൾ വീടുകളിലേക്ക് നൽകുന്ന പദ്ധതിയും നടന്നു വരുന്നുണ്ട്. കോഴിക്കോട് സിവിൽ സ്റ്റേഷനിൽ മാലിന്യങ്ങൾ കത്തിക്കുന്ന രീതി ഇപ്പോഴില്ല. ഇവിടെയുള്ള അജൈവ മാലിന്യങ്ങൾ ഹരിത കർമ്മസേന മുഖേന പ്രതിമാസം ശേഖരിക്കുന്നുണ്ട്.<br><br>**<u>കായംകുളം നഗരസഭ</u>**<br><br>നഗരസഭാ പരിധിയിലെ സ്ഥാപനങ്ങളിൽ മാലിന്യങ്ങൾ തരംതിരിച്ച് സൂക്ഷിക്കുന്നതിന് ഗവൺമെൻറ് നിർദ്ദേശ പ്രകാരം 2 ബിന്നുകൾ സ്ഥാപിക്കണമെന്ന് നിർദ്ദേശിക്കുകയും ആയത് സ്ഥാപിച്ചതായി സ്ഥാപന ഉടമകൾ സാക്ഷ്യപത്രം സമർപ്പിച്ചിട്ടുള്ളതുമാണ്. വീടുകളിൽ ജൈവ മാലിന്യം സംസ്കരിക്കുന്നതിന് ബയോ കമ്പോസ്റ്റർ ബിന്നുകൾ നൽകിയിട്ടുണ്ട്. അജൈവ മാലിന്യം ഹരിത കർമ്മ സേനാംഗങ്ങൾ ശേഖരിക്കുന്നു. പൊതു സ്ഥലങ്ങളിലെ മാലിന്യം നഗരസഭ ശുചീകരണ വിഭാഗം ജീവനക്കാർ ശേഖരിച്ച് ജൈവ മാലിന്യങ്ങൾ തുമ്പൂർമൊഴി യൂണിറ്റുകൾ മുഖേനയും, അജൈവ മാലിന്യം ഹരിത കർമ്മ സേനാംഗങ്ങൾ ശേഖരിച്ച് ക്ലീൻ കേരള കമ്പനിയ്ക്ക് കൈമാറി വരുന്നു.<br><br>**<u>മൂവാറ്റുപുഴ നഗരസഭ</u>**<br><br>നഗരസഭ പരിധിയിലെ എല്ലാ സർക്കാർ സ്ഥാപനങ്ങൾക്കും, ആശുപത്രികൾക്കും, കച്ചവട സ്ഥാപനങ്ങൾക്കും എസ് ഡബ്ല്യൂ എം ചട്ടം 2016 പ്രകാരം മാലിന്യം തരം തിരിച്ച് പ്രത്യേക ബിന്നിൽ സൂക്ഷിക്കുന്നതിന് അറിയിപ്പ് നൽകിയിട്ടുള്ളതും, ടി വിഷയത്തിൽ നഗരസഭ |

| | | |
|---|---|---|
| | | ഉറപ്പ് വരുത്തിയിട്ടുള്ളതുമാണ്. കൂടാതെ വീട്ടുകളിൽ ഇപ്രകാരം മാലിന്യം തരം തിരിച്ച് സൂക്ഷിക്കുന്നതിന് പ്രത്യേകം ബിന്നുകൾ നൽകുന്നതിന് പദ്ധതി ഉൾപ്പെടുത്തുന്നതുമാണ്. നഗരസഭ കാര്യാലയത്തിൽ പ്രത്യേക ബിന്നുകളിൽ മാലിന്യം തരം തിരിച്ച് ശേഖരിക്കുന്നുമുണ്ട്. സർവ്വീസ് പ്രൊവൈഡറായ ക്രിസ് ഗ്ലോബൽ ട്രേഡേഴ്സ്, ഗ്രീൻ ആഗ്രോ വേൾഡ് എന്നീ സ്ഥാപനങ്ങൾ അവർ ശേഖരിച്ച് തരം തിരിക്കുന്ന മാലിന്യത്തിൻറെ പ്രതിമാസ റിപ്പോർട്ട് നഗരസഭയ്ക്ക് നൽകി വരുന്നുണ്ട്.<br>**<u>മാവേലിക്കര നഗരസഭ</u>**<br>ബിന്നുകളുടെ വിതരണം നഗരസഭാ പരിധിയിലെ സ്ഥാപനങ്ങളിൽ മാലിന്യങ്ങൾ തരംതിരിച്ച് സൂക്ഷിക്കുന്നതിന് ഗവൺമെൻറ് നിർദ്ദേശ പ്രകാരം 2 ബിന്നുകൾ സ്ഥാപിക്കണമെന്ന് നിർദ്ദേശിക്കുകയും ആയത് സ്ഥാപിച്ചതായി സ്ഥാപന ഉടമകൾ സാക്ഷ്യപത്രം സമർപ്പിച്ചിട്ടുള്ളതുമാണ്<br>**അങ്കമാലി <u>നഗരസഭ</u>**<br>എസ് ബി എം പ്രോജക്ടിൽ ഉൾപ്പെടുത്തി വിൻഡ്രോ കംപോസ്റ്റ്, സംവിധാനം ഏർപ്പെടുത്താൻ സ്ഥലം ലഭ്യമല്ലാത്തതിനാൽ വീട്ടുകളിൽ ജൈവമാലിന്യം ശേഖരിക്കുന്നതിനായി ബിന്നുകൾ നല്കാൻ നിലവിൽ സാധിക്കുന്നില്ല. ഈ സംവിധാനം ലഭ്യമാക്കുന്ന മുറക്ക് ജൈവ/അജൈവ ശേഖരണത്തിനായി പച്ച, നീല കളർ കോഡോടുകൂടിയുള്ള ബിന്നുകൾ ഓരോ വീട്ടുകളിലും |

| | | |
|---|---|---|
| | | സ്ഥാപനങ്ങളിലും നല്ലതാണ് എന്ന വിവരം നഗരസഭാ സെക്രട്ടറി അറിയിക്കുന്നു.<br>**<u>ആലുവ നഗരസഭ</u>**<br>നഗരസഭയിലെ മൊത്തം 6205 വീട്ടുകളിൽ 5200 വീട്ടുകളിൽ ബയോകംപോസ്റ്റ് ബിന്നുകൾ വിതരണം നടത്തി ജിയോടാഗ് ചെയ്ത് ഉറവിട മാലിന്യസംസ്കരണ സംവിധാനം വഴി ജൈവമാലിന്യം സംസ്കരിച്ച് വരുന്നു<br>**<u>മലപ്പുറം നഗരസഭ</u>**<br>ഗാർഹിക ജൈവ മാലിന്യം ഉറവിടത്തിൽ സംസ്കരിക്കുന്നതിന് വീട്ടുകളിൽ റിംഗ് കമ്പോസ്റ്റ് യൂണിറ്റും, ബയോബിന്നും സർക്കാർ ഓഫീസുകളിൽ ബയോബിന്നും ലഭ്യമാക്കിയിട്ടുള്ളതാണ്. മേൽ പറയപ്പെട്ട മാലിന്യങ്ങൾ വേർതിരിച്ച് വെക്കുന്നതിന് കളർകോഡ് ബിന്നുകൾ നൽകുന്നതിന് പദ്ധതികൾ തയ്യാറാക്കുന്നതാണ്. ഗാർഹിക അപകടകരമായ മാലിന്യങ്ങൾ ഹരിതകർമ്മ സേന മുഖേന ശേഖരിക്കുന്നതിന് കലണ്ടർ തയ്യാറാക്കി നടപ്പിലാക്കിവരുന്നു.<br>**<u>നെയ്യാറ്റിൻകര നഗരസഭ</u>**<br>നെയ്യാറ്റിൻകര നഗരസഭയിൽ അജൈവ മാലിന്യ ശേഖരണം മാത്രമാണ് ഇപ്പോൾ നടക്കുന്നത്. ജൈവ മാലിന്യം ഉറവിടത്തിൽ സംസ്കരിക്കുന്നതിനായി 10200 ബയോബിന്നുകളും 131 ബയോ ഗ്യാസുകളും നൽകിയിട്ടുണ്ട്. ആയതിനാൽ ജൈവവും അജൈവവും ഉറവിടത്തിൽ വച്ച് തന്നെ വേർതിരിക്കുവാനും കൂടാതെ അജൈവ മാലിന്യം വീട്ടുകളിൽ തന്നെ താല്ക്കാലികമായി സൂക്ഷിച്ച് ഹരിതകർമ്മ |

| | | |
|---|---|---|
| | | സേനയ്ക്ക് കൈമാറുന്നതിന് സാധ്യമാകുന്നു. മാലിന്യമുക്ത നവകേരള ക്യാമ്പയിൻറെ ഭാഗമായി നഗര പരിധിയിലെ എല്ലാ സർക്കാർ അർദ്ധ സർക്കാർ സ്കൂളുകൾ, ആശുപത്രികൾ, സ്ഥാപനങ്ങൾ എന്നിവിടങ്ങളിലെ മേലധികാരികൾക്കും ഗ്രീൻ പ്രോട്ടോക്കോൾ പാലിക്കുന്നതിനും അജൈവ മാലിന്യം ഹരിതകർമ്മ സേനക്ക് കൈമാറുന്നതിനും ജൈവ മാലിന്യവും ഉറവിടത്തിൽ സംസ്കരിക്കുന്നതിനായി സംവിധാനം സജ്ജീകരിക്കുന്നതിന് നോട്ടീസ് നൽകുകയും നടപടി സ്വീകരിക്കുകയും ചെയ്തു.<br>**<u>വടകര നഗരസഭ</u>**<br>വടകര നഗരസഭ പരിധിയിലെ വീട്ടുകളിൽ നിലവിൽ ജൈവ മാലിന്യങ്ങൾ ഉത്പാദിപ്പിക്കപ്പെട്ട ഉടനെ തന്നെ സംസ്കരിക്കുന്നതിന് ഉതകുന്ന ഉപാധികളായ റിംഗ് കംമ്പോസ്റ്റ്, ബയോബിൻ എന്നിവ വിതരണം ചെയ്ത് നൽകിയിട്ടുണ്ട്. അജൈവ മാലിന്യങ്ങൾ പ്രധാനമായും പ്ലാസ്റ്റിക് ക്യാരിബാഗുകളുടെയും , പ്ലാസ്റ്റിക് കവറുകളുടെയും രൂപത്തിലായതിനാൽ അവ ചാക്കുകളിലാക്കി സൂക്ഷിച്ച് ഹരിത കർമ്മ സേനയ്ക്ക് കൈമാറുന്ന രീതിയാണ് വീട്ടുകളിൽ അനുവർത്തിച്ച് വരുന്നത് . ഈ രീതി ഫലപ്രദവുമാണ്.<br>**<u>ഫറോക്ക് നഗരസഭ</u>**<br>ഫറോക്ക് താലൂക്ക് ആശുപത്രിയിൽ നിലവിൽ ജൈവ-അജൈവ മാലിന്യങ്ങൾക്ക് പ്രത്യേക ബിന്നുകൾ സ്ഥാപിച്ചിട്ടുണ്ട്. ജൈവ മാലിന്യങ്ങൾ റിംഗ് കമ്പോസ്റ്റിൽ സംസ്കരിക്കുകയും അജൈവ മാലിന്യങ്ങൾ |

| | | |
|---|---|---|
| | | ഹരിതകർമ്മസേനക്ക് കൈമാറുകയും അപകടകരമായ മാലിന്യങ്ങൾ ഇമേജ് എന്ന ഏജൻസിക്ക് കൈമാറുകം ചെയ്യുന്നു. താലൂക്ക് ആശുപത്രിയിലും, ഇ എസ് ഐ ആശുപത്രിയിലും മാലിന്യം കത്തിച്ചതിന് പിഴ ചുമത്തിയിട്ടുണ്ട്.<br>**കൊയിലാണ്ടി നഗരസഭ**<br>നഗരസഭയിൽ വീട്ടുകളിൽ ബിന്നുകൾ നൽകിയിട്ടില്ല. എന്നാൽ ജൈവ മാലിന്യം സംസ്കരിക്കുന്നതിന് ഭൂരിഭാഗം വീട്ടുകളിലും റിംഗ് കമ്പോസ്റ്റ് യൂണിറ്റുകളും ബയോബിന്നുകളും വിതരണം ചെയ്തിട്ടുള്ളതാണ്. ബാക്കിയുള്ള വീട്ടുകളിൽ കൂടി റിംഗ് കമ്പോസ്റ്റ് യൂണിറ്റുകൾ വിതരണം ചെയ്തുകൊണ്ടിരിക്കുകയാണ്. അതുപോലെ തന്നെസർക്കാർകാര്യാലയങ്ങളിലും സ്കൂളുകളിലും ആശുപത്രികളിലും ജൈവ മാലിന്യം സംസ്കരിക്കുന്നതിന് നഗരസഭ ഉറവിടമാലിന്യ സംസ്കരണ ഉപാധികൾ നൽകിയിട്ടുണ്ട്<br>**തിരുവനന്തപുരം നഗരസഭ**<br>തിരുവനന്തപുരം നഗരസഭയിൽ 2007 ൽ JNNURM പദ്ധതി പ്രകാരം വീട്ടുകൾ തോറും മാലിന്യം തരംതിരിച്ച് സംഭരിക്കുന്നതിന് പച്ച, വെള്ള നിറത്തിലുള്ള ബക്കറ്റുകൾ നൽകിയിരുന്നു. എന്നാൽ 2011 ൽ വിളപ്പിൽശാലയിലെ കേന്ദ്രീകൃത മാലിന്യ സംസ്കരണ പ്ലാന്റ് അടച്ച് പൂട്ടിയതിനെ തുടർന്ന് എന്റെ മാലിന്യം എന്റെ ഉത്തരവാദിത്വം എന്ന മുദ്രാവാക്യത്തിലൂടെ ഉറവിടത്തിൽ തന്നെ ജൈവ മാലിന്യം സംസ്കരിക്കുന്നതിന് നഗരസഭ പൈപ്പ് കമ്പോസ്റ്റ്, ബയോഗ്യാസ് പ്ലാന്റ്, കിച്ചൻ ബിൻ, റിംഗ് കമ്പോസ്റ്റ് |

| | | |
|---|---|---|
| | | തുടങ്ങിയ സംവിധാനങ്ങളും അജൈവ മാലിന്യങ്ങൾ കലണ്ടർ പ്രകാരം ഹരിതകർമസേന മുഖാന്തിരം ശേഖരിച്ചും സംസ്കരിച്ച് വരുന്നു. കൂടാതെ പൊതുയിടങ്ങളിൽ 100 സ്റ്റീൽ ടിൻ ബിന്നുകൾ സ്ഥാപിച്ചിട്ടുണ്ട്. |
| 3.1.3 | **അപകടകരമായ ഗാർഹിക മാലിന്യം വേർതിരിക്കൽ**<br><br>ഉപയോഗിച്ച ബാറ്ററികൾ, കാലാവധി കഴിഞ്ഞ മരുന്നുകൾ, ഉപേക്ഷിച്ച പെയിന്റ് ഡ്രമ്മുകൾ, സിഎഫ്എൽ ബൾബുകൾ എന്നിവ പോലുള്ള അപകടകരമായ ഗാർഹിക മാലിന്യങ്ങൾ പ്രത്യേകം കൈകാര്യം ചെയ്യേണ്ടതും നിർമ്മാർജ്ജനം ചെയ്യേണ്ടതുമാണ്. പരിശോധന നടത്തിയ യുഎൽബികൾ ഒന്നും തന്നെ അപകടകരമായ ഗാർഹിക മാലിന്യങ്ങളുടെ ലിസ്റ്റ് പ്രസിദ്ധീകരിച്ചിരുന്നില്ല. കൂടാതെ, തങ്ങൾ ഉത്ഭവിപ്പിക്കുവാൻ സാദ്ധ്യതയുള്ള അപകടകരമായ ഗാർഹിക മാലിന്യങ്ങളുടെ ഇനങ്ങളെക്കുറിച്ചും അവ വേർതിരിക്കേണ്ടതിന്റെ ആവശ്യകതയെ കുറിച്ചും പൊതു ജനങ്ങൾക്ക് അവബോധം ഉണ്ടാക്കുന്നതിനു വേണ്ടിയുള്ള ഐഇസി പരിപാടികൾ 18 യുഎൽബികൾ നടത്തിയിരുന്നില്ല. കൊച്ചി കോർപ്പറേഷനിലെ സംയുക്ത ഭൗതിക പരിശോധനയിൽ, മാലിന്യം വേർതിരിക്കാതിരുന്നത്<br><br>അപകടകരമായ ഗാർഹിക മാലിന്യം സംസ്കരണ കേന്ദ്രത്തിൽ എത്തുന്ന മറ്റു മാലിന്യവുമായി ഇടകലരുന്നതിന് കാരണമാകുന്നതായി ഓഡിറ്റ് നിരീക്ഷിച്ചു. ഇത്, ഇത്തരം മാലിന്യങ്ങൾ ഉൾപ്പെട്ട തിരസ്കൃത മാലിന്യം സംസ്കരണ കേന്ദ്രങ്ങളിൽ കുന്നുകൂടുന്നതിന് ഇടയാക്കുകയും, ഇത് വേർതിരിക്കുന്നതിനും നിർമ്മാർജ്ജനം ചെയ്യുന്നതിനും അധിക | അപകടകരമായ ഗാർഹിക മാലിന്യം വേർതിരിച്ച് സംസ്കരിക്കുന്നതിനായി കൊച്ചി അമ്പലമേട്ടുള്ള KEIL ബയോമെഡിക്കൽ മാലിന്യ സംസ്കരണ പ്ലാന്റ് പ്രാവർത്തികമാക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശം സ.ഉ.(സാധാ) 1227/2022/തസ്വഭവ തീയതി 16.05.2022 പ്രകാരം സർക്കാർ അംഗീകരിച്ച് ഉത്തരവായിട്ടുള്ളതാണ്. |

| | | |
|---|---|---|
| | സാമ്പത്തിക ബാദ്ധ്യത വരുത്തുകയും ചെയ്തു. | |
| 3.1.4 | **സാനിറ്ററി മാലിന്യങ്ങളുടെ വേർതിരിക്കൽ**<br><br>ഡയപ്പറുകൾ, സാനിറ്ററി പാഡുകൾ എന്നിങ്ങനെയുള്ള ഉപയോഗിച്ച സാനിറ്ററി മാലിന്യങ്ങൾ, ഇവ പുറപ്പെടുവിക്കുന്നവർ, ഈ ഉൽപ്പന്നങ്ങളുടെ നിർമ്മാതാക്കൾ/ ബ്രാൻഡ് ഉടമസ്ഥർ നൽകുന്ന പൗച്ചുകളിൽ സുരക്ഷിതമായി പൊതിഞ്ഞ്, അവ അജൈവമാലിന്യം ഇടുവാനുദ്ദേശിച്ചുള്ള ബിന്നുകളിൽ വയ്ക്കേണ്ടതാണ് എന്ന് എസ് ഡബ്ല്യൂഎം, ചട്ടങ്ങൾ 2016 നിർദ്ദേശിക്കുന്നു. എന്നാൽ, പരിശോധന നടത്തിയ 16 യുഎൽബികളിൽ സാനിറ്ററി മാലിന്യം മറ്റ് അജൈവ മാലിന്യങ്ങളുമായി ഇടകലർന്നതായി കാണപ്പെട്ടതിനാൽ, ഇവ കൈകൾകൊണ്ട് വേർതിരിക്കുന്നതിന് യുഎൽബി ജീവനക്കാർ വൈമനസ്യം കാണിക്കുന്നതിനിടയാക്കി. സാനിറ്ററി മാലിന്യം ഇടകലർന്ന മിശ്രിത മാലിന്യം യുഎൽബി ജീവനക്കാർ തന്നെ കത്തിക്കുന്ന സന്ദർഭങ്ങൾ തിരുവനന്തപുരം കോർപ്പറേഷനിൽ കണ്ടു. ഇത് ആരോഗ്യത്തിനും പരിസ്ഥിതിക്കും ഹാനികരമാണ്. 16 യുഎൽബികളിൽ ഓഡിറ്റ് സന്ദർശിച്ച 115 വീടുകളിൽ, 75 വീടുകളിലും സാനിറ്ററി മാലിന്യം വീടിന്റെ പരിസരത്തു തന്നെ കത്തിച്ചിരുന്നതായി പ്രസ്താവിക്കപ്പെട്ടു. | **കൊച്ചി കോർപ്പറേഷൻ**<br>സാനിട്ടറി പാഡുകൾ, ഡയപ്പറുകൾ എന്നിങ്ങനെ ഉപയോഗിച്ച സാനിട്ടറി മാലിന്യങ്ങൾഎന്നിവ എസ്.ബി.എം ചട്ടങ്ങൾ 16 പ്രകാരം മൈ കൊച്ചി ആപ്പ് വഴി ഗ്രീൻ ഇവോടച്ച് ,അരവിന്ദ് അസോസിയേറ്റ്സ് എന്നീ ഏജൻസികൾ മുഖാന്തിരം നീക്കം ചെയ്യുന്നതിന് പൊതുജനങ്ങൾക്ക്സൗകര്യം ഏർപ്പെടുത്തി ചെയ്തിട്ടുണ്ട്. ആയതിന്റെ വിവരങ്ങൾ കൃത്യമായി മോണിട്ടർ ചെയ്തുവരുന്നുണ്ട്. ഗാർഹിക മാലിന്യങ്ങൾ ജൈവം, അജൈവം എന്നിങ്ങനെ വേർതിരിച്ച് നൽകുന്നതിന് ഹരിതകർമ്മ സേനയേയും പ്രൈവറ്റ് ഏജൻസികളേയും നിയോഗിച്ചു വരുന്നുണ്ട്. ഇത്തരത്തിൽ മാലിന്യനിർമ്മാർജ്ജനം നടക്കുന്നതിനാൽ ബ്രഹ്മപുരത്തേക്ക് അജൈവമാലിന്യങ്ങൾ ശേഖരിക്കപ്പെടുന്നില്ലാത്തതും, പഴയ മാലിന്യങ്ങൾ കുന്നുകൂടി കിടക്കുന്നത് നിർമ്മാർജ്ജനം ചെയ്യുന്നതിന് ബയോമൈനിംഗ് നടത്തിവരുന്നുണ്ട്. സാനിട്ടറി മാലിന്യങ്ങളുടെ നിർമ്മാർജ്ജനത്തിനായി അരവിന്ദ് അസ്സോസിയേറ്റ്സ് എ 4 മാർക്കൻറയിൽ എന്നീ ഏജൻസികളെ ചുമതലപ്പെടുത്തി 1.5 ടി.പി.ഡി., 2 ടി.പി.ഡി. എന്നിങ്ങനെ ദിവസേന കളക്ഷൻ നടത്തിവരുന്നുണ്ട്. |

| | | |
|---|---|---|
| | <br>*കൊച്ചി കോർപ്പറേഷൻ -ബ്രഹ്മപുരം സംസ്കരണ കേന്ദ്രത്തിൽ മിശ്രിത മാലിന്യം തിരസ്കരിച്ചവയായി തള്ളിയിരിക്കുന്നത് (2021 നവംബർ)*<br><br>ഗാർഹിക സാനിറ്ററി മാലിന്യം, ജൈവ മാലിന്യം, അപകടകരമായ മാലിന്യം എന്നിവ നിർമ്മാർജ്ജനം ചെയ്യുന്നതിനായുള്ള ഒരു പൈലറ്റ് പദ്ധതി, കെഇഐഎൽ-ന്റെ സഹായത്തോടെ സംസ്ഥാനം ഏറ്റെടുത്തിട്ടുണ്ടെന്നും, ആരംഭഘട്ടത്തിൽ കെഇഐഎൽ-ന്റെ സമീപത്തു സ്ഥിതി ചെയ്യുന്ന ഏഴ് യുഎൽബികളിൽ പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നുവെന്നും സർക്കാർ പറഞ്ഞു (2022 മെയ്).<br><br>പരിശോധന നടന്ന യുഎൽബികളിലെ വികലമായ രീതിയിലുള്ള ഉറവിടത്തിലെ വേർതിരിക്കൽ തുടർന്നുള്ള ഖണ്ഡികകളിൽ വിവരിച്ചിരിക്കുന്നതുപോലെ, കേന്ദ്രീകൃതവും വികേന്ദ്രീകൃതവുമായ സംസ്കരണ സംവിധാനങ്ങളുടെ കാര്യക്ഷമമല്ലാത്ത ഉപയോഗത്തിന് കാരണമായി എന്ന് ഓഡിറ്റ് നിരീക്ഷിച്ചു. | ആയതിന് കിലോയ്ക്ക് 12/- രൂപ നിരക്കിൽ പൊതുജനങ്ങളിൽ നിന്നും ബാക്കി 28/- + ജി.എസ്.ടി. = 33/- രൂപ നഗരസഭയിൽ നിന്നും നൽകുന്നതാണ്. 3 ടി.പി.ഡി. പ്ലാൻറ് നഗരസഭയുടെ മാലിന്യസംസ്കരണ കേന്ദ്രമായ ബ്രഹ്മപുരത്ത് മെയ് 2024 അവസാനത്തോടുകൂടി നിർമ്മാണം പൂർത്തിയാകുന്നതാണ്. നിർമ്മാണ ചെലവ് 3.5 കോടി രൂപയാണ്. ആയതിനാൽ പരാമർശം ഒഴിവാക്കണമെന്ന് കൊച്ചി കോർപ്പറേഷൻ സെക്രട്ടറി അപേക്ഷിച്ചിരിക്കുന്നു.<br><br>സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേന ഗാർഹിക / സാനിറ്ററി മാലിന്യങ്ങൾ ശേഖരിച്ച് കൊച്ചി അമ്പലമേട്ടുള്ള KEIL ബയോമെഡിക്കൽ മാലിന്യ സംസ്കരണ പ്ലാന്റിൽ സംസ്കരിക്കുന്നതിനുള്ള പദ്ധതി പ്രാവർത്തികമാക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശം സ.ഉ.(സാധാ) 1227/2022/തസ്വഭവ തീയതി 16.05.2022 പ്രകാരം അംഗീകരിച്ച് ഉത്തരവായിരുന്നു. ഗാർഹിക / സാനിറ്ററി മാലിന്യങ്ങൾ ശേഖരിച്ച് സംസ്കരിക്കുന്നതിന് നാല് തദ്ദേശ സ്ഥാപനങ്ങളിൽ പൈലറ്റ് പ്രോജക്ടുകൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. നിലവിൽ പാലക്കാട് മുനിസിപ്പാലിറ്റിയുടെ കീഴിൽ 1 TPD സാനിറ്ററി ഡിസ്പോസൽ പ്ലാന്റ് കമ്മ്യൂണിറ്റി ഫെസിലിറ്റിയായി സ്ഥാപിച്ചിട്ടുള്ളതാണ്. ആയതിന് സമാനമായി എല്ലാ ജില്ലകളിലും സാനിറ്ററി പ്ലാന്റുകളുടെ പ്രൊജക്ട് ഏറ്റെടുത്തിട്ടുണ്ട്. 57 പ്രൊജെക്ടുകളിൽ 48 എണ്ണവും KWSMP ഫണ്ട് ആണ് |

| | | |
|---|---|---|
| | | വകയിരുത്തിയിരിക്കുന്നത്. 57 പ്രോജക്ടുകളിൽ 45 പ്രോജക്ടുകൾ നടപ്പിലാക്കേണ്ട സ്ഥലം കണ്ടെത്തിയിട്ടുണ്ട്. ബാക്കിയുള്ളവ പ്രാരംഭ ചർച്ചയിൽ ആണ്. ഏറ്റെടുത്ത പ്രോജക്ടുകൾ അടിയന്തിരമായി നടപ്പിലാക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. |
| 3.1.5 | **സംസ്കരണ കേന്ദ്രങ്ങളിൽ മാലിന്യം വേർതിരിക്കൽ**<br><br>മാലിന്യ ജനയിതാക്കൾ തന്നെ മാലിന്യം വേർതിരിക്കുന്നു എന്ന് ഉറപ്പുവരുത്താൻ യുഎൽബികൾക്ക് കഴിയാതിരുന്നതിനാൽ, ജൈവ മാലിന്യങ്ങൾ അജൈവമാലിന്യങ്ങളുമായി ഇടകലർന്ന് സംസ്കരണ കേന്ദ്രങ്ങളിൽ എത്തിയിരുന്നു. പരിശോധന നടത്തിയ 22 യുഎൽബികളിൽ ഒൻപത് എണ്ണത്തിൽ ജൈവമാലിന്യം സംസ്കരിക്കുന്നതിന് കേന്ദ്രീകൃത/സമൂഹതല സംവിധാനങ്ങൾ ഉണ്ടായിരുന്നു എന്ന് ഓഡിറ്റിൽ കണ്ടിരുന്നു. എന്നാൽ, ഈ ഒൻപത് കേന്ദ്രങ്ങളിൽ നടത്തിയ സംയുക്ത ഭൗതിക പരിശോധനയിൽ നാല് കേന്ദ്രങ്ങളിൽ ഭാഗികമായ വേർതിരിക്കലേ നടന്നിരുന്നുള്ളൂ എന്നാണ് വെളിവായത്. ആയതിനാൽ, പുനഃചംക്രമണ പ്രക്രിയ തടസ്സപ്പെടുകയും ഇത്, ഉൽപാദിപ്പിക്കുന്ന കംപോസ്റ്റിന്റെ ഗുണനിലവാരത്തെ ബാധിക്കുകയും ചെയ്തിരുന്നു. ഉറവിടത്തിലെ ഫലപ്രദമായ വേർതിരിക്കലിന്റെ അഭാവത്തിൽ യുഎൽബികൾക്ക് തങ്ങളുടെ അധികാര പരിധിയിൽ വരുന്ന പ്രദേശത്ത് സൃഷ്ടിക്കപ്പെടുന്ന മാലിന്യങ്ങളുടെ സംസ്കരണത്തിന് ഭീമമായ തുക മുടക്കേണ്ടി വന്നിരുന്നു. | **കൊച്ചി കോർപ്പറേഷൻ**<br>മാലിന്യ ജനയിതാക്കൾ തന്നെ മാലിന്യം വേർതിരിക്കണം, എന്ന് ഉറപ്പ് വരുത്തുന്നതിനായി എൻറെ മാലിന്യം എൻറെ ഉത്തരവാദിത്വം എന്ന സന്ദേശം നഗരസഭയിലുടനീളം വ്യാപിപ്പിച്ചിട്ടുണ്ട്. ജൈവ മാലിന്യങ്ങളും അജൈവമാലിന്യങ്ങളും വേർതിരിച്ച് പ്രത്യേക ബിന്നിലാക്കി വെയ്ക്കുന്നതിന് പൊതുജനങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുള്ളതും ആയത് പ്രകാരം ഹരിതകർമ്മസേനകൾ മുഖാന്തിരം ശേഖരിക്കപ്പെടുകയും ചെയ്യുന്നു. ജൈവമാലിന്യം പ്രത്യേക വാഹനത്തിലാക്കി ബ്രഹ്മപുരത്ത് എത്തിച്ച് ബയോവേസ്റ്റ് പ്ലാൻറിൽ സംസ്കരിച്ചു വരുന്നു. മുൻവർഷങ്ങളിൽ ബയോവേസ്റ്റിൽ നിന്നും വളം നിർമ്മിച്ചിരുന്നു. എന്നാൽ ഇടക്കാലത്ത് പ്ലാൻറിൻറെ പ്രവർത്തനം സാങ്കേതിക തകരാർ മൂലം നിന്നു പോകുകയും വളനിർമ്മാണം തടസ്സപ്പെടുകയും ചെയ്തിരുന്നു. എന്നാൽ നിലവിൽ ബ്രഹ്മപുരത്ത് വളം നിർമ്മിച്ചു വരുന്നുണ്ട് എന്നറിയിക്കുന്നു. കൂടാതെ ബ്ലാക്ക് സോൾജിയർ ഫ്ലൈ |

| | | |
|---|---|---|
| | | ഉപയോഗിച്ചുള്ള ജൈവ മാലിന്യ സംസ്കരണവും നടന്നു വരുന്നുണ്ട്. ചില ഘട്ടങ്ങളിൽ ജൈവ, അജൈവ മാലിന്യങ്ങൾ ഇടകലർന്നു വരുന്നുവെങ്കിലും അജൈവ മാലിന്യങ്ങളെ നീക്കം ചെയ്ത് ബയോ മൈനിംഗ് പ്രോസസ്സ് നടത്തുന്നുണ്ട്.<br>കൊച്ചി നഗരസഭയെ സംബന്ധിച്ചിടത്തോളം ഫ്ളോട്ടിംഗ് പോപ്പുലേഷൻ ഉള്ളതിനാൽ മാലിന്യനിർമ്മാർജ്ജനം സുതാര്യമാക്കുന്നതിന് വളരെയേറെ സാങ്കേതിക ബുദ്ധിമുട്ടുകൾ ഉണ്ടാകുന്നുണ്ട്. എന്നിരുന്നാലും 2023 ജൂലൈ മുതൽ ഹരിതകർമ്മ സേനാംഗങ്ങൾ ഒരു വീട്ടിൽ നിന്നും 150/- രൂപ നിരക്കിൽ യൂസർഫീ ഈടാക്കിക്കൊണ്ട് ജൈവ, അജൈവ മാലിന്യം വേർതിരിച്ച് ശേഖരിച്ചു വരുന്നുണ്ട്. ഓഡിറ്റ് പരാമർശത്തിൽ പറഞ്ഞിരിക്കും പോലെ മിശ്രിത മാലിന്യം ക്ലീൻ കേരള കമ്പനി വഴി കെ.ഇ.ഐ.എൽ-ന് നൽകുമ്പോൾ അധികം തുക നൽകേണ്ടി വരുന്നുണ്ട്. അന്നത്തെ വേർതിരിക്കലും, പുനചംക്രമണം ചെയ്യാൻ പറ്റുന്ന തരത്തിൽ വേർതിരിക്കലും ഫലപ്രദമായിരുന്നില്ല എന്ന് കാണുന്നു. എന്നാൽ ഇപ്പോൾ വളരെ നന്നായി മാലിന്യ സംസ്കരണം നടപ്പിലാക്കി വരുന്നുണ്ട്.<br><br><u>കോഴിക്കോട് കോർപ്പറേഷൻ</u> കോഴിക്കോട് കോർപറേഷനിലെ വിൻഡ്രോ കമ്പോസ്റ്റിംഗ് പ്ലാന്റിൽ ഇപ്പോൾ ജൈവ മാലിന്യങ്ങൾ മാത്രമാണ് വരുന്നത്. സർക്കിൾ / സോണൽ ഹെൽത്ത് ഇൻസ്പെക്ടർമാർ ജൈവ |

| | | |
|---|---|---|
| | നാല് യുഎൽബികൾ 2020-21-ൽ 1313.21 ടൺ മിശ്രിതമാലിന്യം തിരസ്കരിക്കപ്പെട്ടതായി കണക്കാക്കി ക്ലീൻ കേരള കമ്പനി ലിമിറ്റഡ് (സികെസിഎൽ) വഴി കെഇഐഎല്ലിന് ലാൻഡ്ഫില്ലിംഗിന് നൽകിയതുവഴി, ₹156.14 ലക്ഷത്തിന്റെ ബാദ്ധ്യതയ്ക്കിടയാക്കി. തിരുവനന്തപുരം കോർപ്പറേഷൻ എരുമക്കുഴിയിലെ മാലിന്യം കൂട്ടിയിട്ടന്ന സ്ഥലം പൂന്തോട്ടമായി മാറ്റുന്നതിന്റെ ഭാഗമായി 62.61 ടൺ വേർതിരിക്കാത്ത മാലിന്യം കെഇഐഎൽന് കൈമാറ്റം ചെയ്തു (2020 ഒക്ടോബർ). എസ്ഡബ്ല്യുഎം ചട്ടങ്ങൾ, 2016 പ്രകാരം പുനരുപയോഗിക്കാൻ കഴിയാത്ത, പുനഃചംക്രമണ സാദ്ധ്യതയില്ലാത്ത, അജൈവ, തീപിടിക്കാത്ത, പ്രതികരണശേഷിയില്ലാത്ത നിഷ്ക്രിയ മാലിന്യം, സംസ്കരണത്തിന് മുൻപ് തിരസ്കൃതമായവ, സംസ്കരണസംവിധാനങ്ങളിൽ നിന്നുള്ള അവശിഷ്ടങ്ങൾ എന്നിവ മാത്രമെ സാനിറ്ററി ലാൻഡ്ഫില്ലിലേക്ക് അയക്കാവൂ. യുഎൽബികളും/സികെസിഎൽ-ഉം വേർതിരിക്കാത്ത മാലിന്യം ലാൻഡ്ഫില്ലിലേക്ക് അയക്കുക വഴി ഈ ചട്ടങ്ങൾ ലംഘിച്ചു എന്ന് ഓഡിറ്റ് നിരീക്ഷിച്ചു.<br><br>മിശ്രിതമാലിന്യം ജനിപ്പിക്കുന്നത് ശരിയായ വേർതിരിക്കൽ ഉറപ്പാക്കുന്നതിലുള്ള യുഎൽബികളുടെ വീഴ്ചയുടെ സൂചനയാണെന്നും, ഒരിക്കൽ മിശ്രിതമാലിന്യം പുറപ്പെടുവിച്ചാൽ ഏകപരിഹാരമാർഗ്ഗം അത് നിഷ്ക്രിയ മാലിന്യമായി കണക്കാക്കി ലാൻഡ്ഫില്ലിൽ ശാസ്ത്രീയമായി | മാലിന്യങ്ങൾ എന്ന് ഉറപ്പു വരുത്തിയ മാലിന്യങ്ങൾ മാത്രമാണ് മേൽ പ്ലാന്റിൽ എത്തിക്കുന്നത്. കൂടാതെ മേൽ പ്ലാന്റിന് ചുമതലയുള്ള പബ്ലിക് ഹെൽത്ത് ഇൻസ്പെക്ടർ വാഹനം പരിശോധിച്ച് മാത്രമാണ് പ്ലാന്റിലേക്ക് കയറ്റിവിടുന്നത്.<br><br><u>കായംകുളം നഗരസഭ</u><br>ഹരിത കർമ്മ സേനാംഗങ്ങളുടെ എണ്ണക്കുറവ് മൂലവും, മിനി എം.സി.എഫ്, വാഹനങ്ങൾ എന്നിവയുടെ അപര്യാപ്തതമൂലവും, പൊതുജനങ്ങളുടെ സഹകരണ കുറവ് മൂലവും,അജൈവ മാലിന്യ ശേഖരണം, തരംതിരിക്കൽ എന്നിവ ശരിയായ രീതിയിൽ നടക്കുന്നുണ്ടായിരുന്നില്ല. നിലവിൽ ഹരിത കർമ്മ സേനാംഗങ്ങളുടെ എണ്ണം വർദ്ധിപ്പിക്കുകയും, എല്ലാ വാർഡുകളിലും മിനി എം.സി.എഫ്. സ്ഥാപിക്കുകയും, പുതുതായി ഒരു ടിപ്പർ ലോറി , ഇലക്ട്രിക് ഓട്ടോ എന്നിവ വാങ്ങിയത് മൂലവും കായംകുളം നഗരസഭയിൽ മാലിന്യശേഖരണം ശരിയായ രീതിയിൽ നടന്നുവരുന്നു.<br><br>**<u>പെരിന്തൽമണ്ണ നഗരസഭ</u>**<br>എ ജി ഓഡിറ്റ് പരിശോധന വേളയിൽ മാലിന്യ സംസ്കരണ പദ്ധതി ഏറ്റെടുത്തിരുന്ന ഏജൻസി കൃത്യമായി മാലിന്യം ശാസ്ത്രീയമായി വേർതിരിക്കാതെ സംസ്കരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് ടി സ്ഥാപനത്തെ നഗരസഭ മാലിന്യ ശേഖരണ സംസ്കരണ പ്രവർത്ത നങ്ങളിൽ നിന്നും നീക്കം ചെയ്തിട്ടുള്ളതും നിലവിൽ ശാസ്ത്രീയമായ രീതിയിൽ ഹരിത കർമ്മസേന മുഖേന മാലിന്യം വേർതിരിച്ച് |

| | | |
|---|---|---|
| | നിർമ്മാർജ്ജനം ചെയ്യുക എന്നതാണെന്നും അന്തിമകൂടിക്കാഴ്ചയിൽ സർക്കാർ അംഗീകരിച്ച (2022 മെയ്). കൂടാതെ, ലാൻഡ്ഫില്ലിനായി ഭൂമി വാങ്ങുന്നതിനുള്ള സംസ്ഥാനത്തിന്റെ ശ്രമങ്ങൾ ഇതുവരെ വിജയിച്ചിട്ടില്ല എന്നതു കാരണം മിശ്രിത മാലിന്യം കെഐഐഎൽ-ന്റെ അപകടകരമായ മാലിന്യത്തിനുവേണ്ടിയുള്ള ലാൻഡ്ഫില്ലിൽ നിർമ്മാർജ്ജനം ചെയ്യേണ്ടതായി വന്നു.<br><br>മാലിന്യപരിപാലനം നിർബന്ധമായി നഗര ആസൂത്രണത്തിന്റെ ഭാഗമാക്കേണ്ടതും അനുയോജ്യമായ നിർമ്മാർജ്ജന രീതികൾ അവലംബിക്കേണ്ടതുമായതിനാൽ മറുപടി സ്വീകാര്യമല്ല. മിശ്രിതമാലിന്യം ഉണ്ടാകുമ്പോഴെല്ലാം ഖരമാലിന്യം നിർമ്മാർജ്ജനം ചെയ്യാൻ അപകടകരമായ മാലിന്യത്തിനുള്ള ലാൻഡ്ഫിൽ ഉപയോഗപ്പെടുത്തുന്നത് ശരിയായ പരിഹാരമാർഗ്ഗമല്ല. | പരാതിക്കിടയില്ലാത്ത വിധം സംസ്കരിച്ച വരുന്നു. |
| 3.2 | **ശേഖരണം**<br><br>ഉറവിടത്തിൽ സംഭരിച്ച മാലിന്യം തെരുവുകളിലും, ഓടകളിലും, ജലാശയങ്ങളിലും ഉപേക്ഷിക്കുന്നില്ല എന്ന് ഉറപ്പുവരുത്തുന്നതിന് വേർതിരിക്കപ്പെട്ട മാലിന്യം ശേഖരിക്കുന്നത് അത്യാവശ്യമാണ്. ചേരികളും അനൗപചാരിക കുടിയേറ്റങ്ങളും ഉൾപ്പെടെയുള്ള എല്ലാ വീടുകളും വാണിജ്യ സ്ഥാപനങ്ങൾ, മറ്റു ഗാർഹികേതര പരിസരങ്ങൾ എന്നിവിടങ്ങളിൽ നിന്നുമുള്ള വേർതിരിക്കപ്പെട്ട ഖരമാലിന്യത്തിന്റെ വീട്ടുവീടാന്തരശേഖരണത്തിന് യുഎൽബികൾ ഏർപ്പാട് ചെയ്യേണ്ടതാണ്. | വിശദമായ മറുപടികൾ താഴെയുള്ള ഖണ്ഡികകളിൽ കൊടുത്തിരിക്കുന്നു. |

| | | |
|---|---|---|
| 3.2.1 | **ജൈവമാലിന്യ ശേഖരണം**<br><br>എസ്ഡബ്ല്യൂഎം ചട്ടങ്ങൾ പ്രകാരം, ജൈവമാലിന്യം ഉറവിടത്തിൽ സംസ്കരിക്കുവാൻ വീട്ടുകളെ പ്രോത്സാഹിപ്പിക്കേണ്ടതാണ്. എന്നിരുന്നാലും, യുഎൽബികൾ നിർബന്ധമായും ജൈവമാലിന്യം വേർതിരിക്കപ്പെട്ട രീതിയിൽ ശേഖരിക്കുകയും, പ്രത്യേക സംസ്കരണ യൂണിറ്റുകള് സ്ഥാപിക്കുവാൻ സ്ഥലം ലഭ്യമല്ലാത്ത സ്ഥാപനങ്ങളിലും വീട്ടുകളിലും നിന്നുമുള്ള അധിക മാലിന്യം സംസ്കരിക്കുന്നതിനായി പൊതു സംസ്കരണസംവിധാനങ്ങൾ സ്ഥാപിക്കേണ്ടതുമാണ്.<br><br>സംസ്ഥാന നയം പരിപോഷിപ്പിക്കുന്നത് ജൈവ മാലിന്യം ഉറവിടത്തിൽ സംസ്കരിക്കുന്നതിനെയാണെങ്കിലും, പരിശോധന നടത്തിയ 22 യുഎൽബികളിൽ, 13 യുഎൽബികൾ ജൈവമാലിന്യം ഉത്ഭവിപ്പിക്കുന്ന യൂണിറ്റുകളിൽ നിന്നു ശേഖരിച്ചിരുന്നില്ല എന്ന് ഓഡിറ്റ് നിരീക്ഷിച്ചു. അഞ്ച് യുഎൽബികൾ ജൈവമാലിന്യം വീട്ടുകളൾ/ചന്തകൾ എന്നിവിടങ്ങളിൽ നിന്നും ശേഖരിച്ചിരുന്നു. വീട്ടുകളൾ, റസ്റ്റാറന്റുകൾ, ചിക്കൻ സ്റ്റാൾ/ഇറച്ചി സ്റ്റാൾ എന്നിവിടങ്ങളിൽ നിന്നും ഈ യുഎൽബികൾ ശേഖരിച്ച മാലിന്യം 16.13 ശതമാനം മുതൽ 54.72 ശതമാനം വരെ എന്ന തോതിലായിരുന്നു. ശേഷിക്കുന്ന നാല്ല യുഎൽബികൾ ചന്തകളിൽ നിന്നുള്ള മാലിന്യം ശേഖരിച്ച് തുമ്പൂർമുഴി ബിന്നിൽ നിക്ഷേപിക്കുകയായിരുന്നു. | <u>**കൊച്ചി കോർപ്പറേഷൻ**</u><br>കൊച്ചി നഗരസഭയെ സംബന്ധിച്ചിടത്തോളം ഫ്ലോട്ടിംഗ് പോപ്പുലേഷൻ ഉള്ള നഗരമാണ് മാലിന്യം പൊതു റോഡിലേക്ക് വലിച്ചെറിയാതിരിക്കാൻ നഗരത്തിൻറെ ഹൃദയഭാഗങ്ങളിൽ 50 ഓളം ബോട്ടിൽ ബൂത്ത് കൾ സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ പൊതുജനങ്ങൾ മാലിന്യം വലിച്ചെറിയുന്നതിന് തടയാൻ ഇതേ രീതിയിൽ പുതിയ പ്രോജക്ട് വഴി നടപ്പാക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നുണ്ട്. റോഡിന്റെ വശങ്ങളിൽ വലിച്ചെറിയപ്പെടുന്ന മാലിന്യം നീക്കം ചെയ്യുന്നത് നഗരസഭയുടെ സാനിട്ടേഷൻ വർക്കർമാരാണ്. എൻറെ മാലിന്യം എൻറെ ഉത്തരവാദിത്വം എന്ന ബോർഡുകൾ സ്ഥാപിച്ചിട്ടുള്ളതും മൈകൊച്ചി ആപ്പ് ഡവലപ്പ് ചെയ്തിട്ടുള്ളതുമാണ്. ചട്ടങ്ങൾ പ്രകാരം ഉറവിട ജൈവമാലിന്യ സംസ്കരണം ഹരിതകർമ്മസേനകൾ മുഖാന്തിരം നടത്തിവരുന്നതും ഇതിനായി നടപടികൾ പ്രാബല്യത്തിൽ |

| | | |
|---|---|---|
| | | വരുത്തിയിട്ടുള്ളതാണ്. ആയത് ഈ ഓഡിറ്റ് തടസ്സം ഒഴിവാക്കി തരണമെന്ന് അപേക്ഷിക്കുന്നു.<br>**കോഴിക്കോട് കോർപ്പറേഷൻ**<br>ജൈവ മാലിന്യ സംസ്കരണത്തിന് ഉറവിട മാലിന്യ സംസ്ക്കരണ രീതിയാണ് നഗരസഭ നടപ്പിലാക്കുന്നത്. കോഴിക്കോട് കോർപറേഷനിൽ 252 ടൺ ജൈവ മാലിന്യമാണ് പ്രതിദിനം ഉണ്ടാകുന്നത്. ഇതിൽ 60 -70 ടൺ ജൈവ മാലിന്യം ഞെളിയൻ പറമ്പിലുള്ള കേന്ദ്രീകൃത വിൻഡ്രോ കമ്പോസ്റ്റിംഗ് യൂനിറ്റിലാണ് സംസ്കരിക്കുന്നത് കൂടാതെ തുമ്പൂർമുഴി യൂണിറ്റുകൾ, വീട്ടുകളിലെ ഉറവിട സംസ്ക്കരണ ഉപാധികൾ എന്നിവയിലും സംസ്കരിക്കുന്നു. വീട്ടുകളിലേക്ക് 51000 ജൈവ മാലിന്യ സംസ്ക്കരണ ഉപാധികൾ നൽകുന്നതിന് 18.6 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. 20000 കുടുംബങ്ങളിലേക്ക് പ്രസ്തുത പദ്ധതി പ്രകാരം ജൈവ മാലിന്യ സംസ്ക്കരണ ഉപാധികൾ നൽകി കഴിഞ്ഞു. ബാക്കിയുള്ളവ നൽകുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നുണ്ട്. ഞെളിയൻ പറമ്പിലുള്ള വിൻഡ്രോ കമ്പോസ്റ്റ് പ്ലാന്റിന്റെ കപ്പാസിറ്റി വർദ്ധിപ്പിച്ച് പ്രവർത്തിപ്പിക്കുവാൻ ഏജൻസിയെ കണ്ടെത്തിയിട്ടുമുണ്ട്. മാലിന്യ സംസ്കരണത്തിലെ നിയമലംഘനങ്ങൾക്ക് എതിരെ കർശന നടപടികൾ നഗര സഭ സ്വീകരിക്കുന്നുമുണ്ട്. 2023 -24 സാമ്പത്തിക വർഷത്തിൽ 25 ലക്ഷത്തോളം രൂപ പിഴ ഇനത്തിൽ ഈടാക്കിയിട്ടുമുണ്ട്.<br>**പെരിന്തൽമണ്ണ നഗരസഭ** |

| | | |
|---|---|---|
| | പരിശോധന നടത്തിയ യുഎൽബികളിൽ പുറപ്പെട്ടുവിപ്പിക്കുകയും ശേഖരിക്കുകയും ചെയ്ത ജൈവമാലിന്യത്തിന്റെ അളവ് **പട്ടിക 3.2** -ൽ കാണിച്ചിരിക്കുന്നു. | ഓഡിറ്റ് പരിശോധനാ വേളയിൽ മാലിന്യ ശേഖരണ സംസ്കരണ പ്രവർത്തി ഏറ്റെടുത്ത് നിർവ്വഹിച്ചിരുന്നത് ജീവനം സൊല്യൂഷൻസ് ആയിരുന്നു. വിവരം നൽകാത്തതിനെ തുടർന്ന് ടി സ്ഥാപനത്തെ പ്രവർത്തിയിൽ നിന്നും നീക്കം ചെയ്യുകയും കൗൺസിൽ തീരുമാനത്തെ തുടർന്ന് 80 ഹരിത കർമ്മസേന പ്രവർത്തകരെ നിയോഗിച്ച് ആരോഗ്യ സ്റ്റാൻറിംഗ് കമ്മിറ്റിയുടെയും ഹെൽത്ത് വിഭാഗം ജീവനക്കാരുടെയും നേതൃത്വത്തിൽ കൃത്യമായി ജൈവമാലിന്യ ശേഖരണ സംസ്കരണ സംവിധാനം പ്രവർത്തിച്ചു വരികയും 93% വാതിൽപ്പടി ശേഖരണം വഴി മികച്ച നേട്ടം കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്. എല്ലാ രേഖകളും കൃത്യമായി പരിപാലിച്ചു വരുന്നു.<br><br>**<u>ആലുവ നഗരസഭ</u>**<br>ജൈവമാലിന്യ സംസ്കരണത്തിനായി നഗരസഭാ പ്രദേശത്തെ 6205 വീടുകളിൽ 5200 ബയോകംപോസ്റ്റ് ബിന്നുകൾ സ്ഥാപിച്ചിട്ടുണ്ട്. നഗരസഭാ പ്രദേശത്തെ തെരുവുകളിൽ നിന്നും അടിച്ച് വാരി ലഭിക്കുന്ന വേസ്റ്റുകൾ വാർഡ് 9, പാർക്കിൽ സ്ഥാപിച്ചിരിക്കുന്ന തുമ്പൂർമുഴിയിൽ ശേഖരിച്ച് സംസ്കരിച്ച് വരുന്നു. നഗരസഭാ പ്രദേശത്തെ ചിക്കൻ സ്റ്റാളുകളിൽ നിന്നുള്ള കോഴിമാലിന്യം rendering plant -ൽ (Parakkal Rendering plant, Edayar) സംസ്കരിച്ചുവരുന്നു<br><br>**കോതമംഗലം മറുപടി ലഭ്യമാക്കിയിട്ടില്ല.**<br><br>**<u>നെടുമങ്ങാട്</u>** |

പട്ടിക 3.2: പരിശോധന നടത്തിയ 18 യുഎൽബികളിൽ1 സൃഷ്ടിക്കപ്പെട്ടതും ശേഖരിച്ചതുമായ ജൈവമാലിന്യത്തിന്റെ അളവ് കാണിക്കുന്ന പട്ടിക

| | 2016-17 | 2017-18 | 2018-19 | 2019-20 | 2020-21 |
|---|---|---|---|---|---|
| പുറപ്പെട്ടുവിച്ചത് | 2,97,615.28 | 3,04,634.17 | 3,12,051.82 | 3,17,848.10 | 3,03,507.05 |

അപകടകരമായ ഗാർഹികമാലിന്യങ്ങൾ കലണ്ടർ പ്രകാരം നഗരസഭ ശേഖരിച്ച് CKCL വഴി കൈമാറുന്നു.

**വടകര നഗരസഭ**

നഗരസഭ പരിധിയിലെ വീട്ടുകളിൽ നിന്നുള്ള ജൈവ മാലിന്യം ഉറവിടത്തിൽ തന്നെ സംസ്കരിക്കുന്നതിനുള്ള ഉപാധികൾ നഗരസഭ വിതരണം ചെയ്തിട്ടുണ്ട്. പൊതു സ്ഥലങ്ങളിലെ ജൈവമാലിന്യങ്ങൾ സംസ്കരിക്കുന്നതിന് തുമ്പൂർമുഴി സംസ്കരണ യൂണിറ്റുകൾ പ്രവർത്തിച്ചു വരുന്നുണ്ട്.

**ഫറോക്ക് നഗരസഭ**

മാർക്കറ്റുകളിൽ ജൈവ മാലിന്യ സംസ്കരണ സംവിധാനങ്ങൾ ഇല്ലാതിരുന്നതിനാൽ ഹരിതകർമ്മ സേന മാർക്കറ്റിൽ നിന്നുള്ള ജൈവ മാലിന്യങ്ങൾ ശേഖരിച്ച് തുമ്പൂർമുഴിയിൽ എത്തിയിരുന്നു. ഇതുമൂലം ഹരിതകർമ്മസേനക്ക് ചെറിയ ഒരു വരുമാനവും ലഭിച്ചിരുന്നു. മാർക്കറ്റുകളിൽ ജൈവമാലിന്യസംസ്കരണ സംവിധാനങ്ങൾ സ്ഥാപിക്കുന്നതിനുള്ളനടപടികൾ സ്വീകരിച്ചുവരുന്നു.

നെയ്യാറ്റിൻകര മറുപടി നൽകിയിട്ടില്ല.

**മരട് നഗരസഭ**

മരട് നഗരസഭ ഉറവിട മാലിന്യ സംസ്കരണത്തിനാണ് ഊന്നൽ നൽകി പ്രവർത്തിച്ചു വരുന്നത്. നഗരസഭയിൽ ഉത്പാദിപ്പിക്കപ്പെടുന്ന ഖരമാലിന്യത്തിൻറെ ക്വാണ്ടിഫിക്കേഷൻ ശാസ്ത്രീയമായി KSWMP പദ്ധതി പ്രകാരം ഏജൻസിയെ നിയോഗിച്ച് പൂർത്തീകരിച്ചിട്ടുള്ളതാണ്. ഒരു

| | 2016-17 | 2017-18 | 2018-19 | 2019-20 | 2020-21 |
|---|---|---|---|---|---|
| (ടൺ) | | | | | |
| ശേഖരിച്ചത് (ടൺ) | 1,20,297.58 | 1,24,696.97 | 1,30,114.37 | 1,31,906.35 | 1,16,097.30 |
| ശേഖരിച്ചതിന്റെ ശതമാനം | 40.42 | 40.93 | 41.70 | 41.50 | 38.25 |
| ശേഖരിക്കാത്ത മാലിന്യത്തിന്റെ ശതമാനം | 59.58 | 59.07 | 58.30 | 58.50 | 61.75 |

പരിശോധന നടത്തിയ 18 യുഎൽബികളിൽ പുറപ്പെടുവിക്കപ്പെട്ട ജൈവമാലിന്യത്തിന്റെ ശരാശരി 58 മുതൽ 62 ശതമാനം വരെ

ശേഖരിച്ചിരുന്നില്ല. യുഎൽബികളിലെ ഹോർട്ടികൾച്ചർ/പൂന്തോട്ട മാലിന്യങ്ങൾ ഉൽപാദിപ്പിക്കുന്നതും ശേഖരിക്കുന്നതും നിർണ്ണയിക്കാൻ ഒരു സംവിധാനവും നിലവിലില്ല.

കുടുംബത്തിൻറെ ശരാശരി ജൈവ മാലിന്യത്തിൻറെ അളവ് 290 gm/Day ആണെന്ന് കണ്ടെത്തിയിട്ടുണ്ട്.

**പെരിന്തൽമണ്ണ നഗരസഭ**

പെരിന്തൽമണ്ണ നഗരപരിധിയിൽ റോഡിൻറെ ഇരുവശങ്ങളിലും അലക്ഷ്യമായി വലിച്ചെറിയുന്ന മാലിന്യങ്ങ്ൾ നീക്കം ചെയ്യുകയും പ്രസ്തുത സ്ഥലങ്ങളിൽ പൊതുജന പങ്കാളിത്തത്തോട് കൂടി ബ്യൂട്ടി സ്പോട്ടുകൾ സ്ഥാപിക്കുകയും, അലക്ഷ്യമായി മാലിന്യം വലിച്ചെറിയുന്നവരെ കണ്ടെത്തുന്നതിന് 24 മണിക്കൂറും പ്രവർത്തിച്ചു വരുന്ന എച്ച്.ഐ.മാരുടെ നേതൃത്വത്തിൽ സ്ക്വാഡ് രൂപീകരിച്ച് നിരീക്ഷണം നടത്തുകയും കണ്ടെത്തുന്നവർക്ക് തൽസമയ പിഴ ചുമത്തുന്നതിനുള്ള നടപടി സ്വീകരിക്കുകയും ഇതിനെ തുടർന്ന് അലക്ഷ്യമായി റോഡരികിൽ വലിച്ചെറിയുന്ന പ്രവണതയും കുന്നുകൂടി കിടക്കുന്ന മാലിന്യ കൂമ്പാരവും ഇല്ലാതാക്കുന്നതിന് കഴിഞ്ഞിട്ടുള്ളതാണ്

**മാവേലിക്കര നഗരസഭ**

ജൈവമാലിന്യ ശേഖരണം ജൈവമാലിന്യങ്ങൾ MSW ചട്ടങ്ങൾ പ്രകാരം ഉറവിടത്തിൽ തന്നെ സംസ്കരിക്കുന്നതിനായി വിവിധ ഗാർഹിക ബയോ മാലിന്യ സംവിധാനങ്ങൾ 1652 വീടകളിൽ നൽകിയിട്ടുണ്ട്. കൂടാതെ SBM പ്രോജക്ടിൽ 24 ലക്ഷം രൂപയുടെ ഗാർഹിക ബയോ കമ്പോസ്റ്റിംഗിനായുള്ള പ്രോജക്റ്റ് റിവിഷനിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

| | | |
|---|---|---|
| | വളരെയധികം ജൈവമാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ വേർതിരിക്കേണ്ടതായി ഉള്ളതിനാൽ, മാലിന്യം ഉത്ഭവിപ്പിക്കുന്ന ഓരോ യൂണിറ്റും അവരവരുടെ മാലിന്യം ഉറവിടത്തിൽ തന്നെ പരിപാലിക്കുന്നു എന്നും, പൊതുസ്ഥലങ്ങളിലും ജലാശയങ്ങളിലും മറ്റും തള്ളുകയോ/വലിച്ചെറിയുകയോ ചെയ്യുന്നത് എന്ത് വിലകൊടുത്തും | **<u>കായംകുളം നഗരസഭ</u>**<br>ജൈവ മാലിന്യ ശേഖരണം മാലിന്യ ഉൽപ്പാദകർ മാലിന്യം തരംതിരിച്ച് സൂക്ഷിക്കണമെന്നും, ജൈവ മാലിന്യം ഉറവിടത്തിൽ തന്നെ സംസ്കരിക്കണമെന്നും, അജൈവ മാലിന്യം ഹരിത കർമ്മ സേനാംഗങ്ങൾക്ക് കൈമാറണമെന്നും നിഷ്കർഷിച്ചിരുന്നു. വീടുകൾ, സ്കൂളുകൾ, സർക്കാർ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ ജൈവ മാലിന്യ സംസ്കരണ ഉപാധികൾ നഗരസഭ നൽകിയിട്ടുണ്ട്. പൊതു സ്ഥലങ്ങളിൽ നിന്നുള്ള ജൈവ മാലിന്യം നഗരസഭ ശേഖരിച്ച് സംസ്കരിച്ചുവരുന്നു. ജലാശയങ്ങളിൽ മാലിന്യം വലിച്ചെറിയുന്നവർക്കെതിരെ പിഴ ഉൾപ്പെടെയുള്ള നടപടി സ്വീകരിച്ചുവരുന്നു<br><br>**<u>ആലപ്പുഴ</u>**<br>ജലാശയങ്ങളിൽ മാലിന്യം വലിച്ചെറിയുന്നവർക്കെതിരെ പിഴ ഉൾപ്പെടെ ശക്തമായ നടപടി സ്വീകരിച്ചു വരുന്നു. |

| | | |
|---|---|---|
| | ഒഴിവാക്കുന്ന എന്നും ഉറപ്പാക്കുന്നതിനുള്ള ചുമതല യുഎൽബികൾക്ക് ഉള്ളതാകുന്നു. എന്നാൽ, ജൈവവും അജൈവവുമായ മാലിന്യം പൊതു സ്ഥലങ്ങളിലും, റോഡിന്റെ വശങ്ങളിലും, ജലാശയങ്ങളിലും മറ്റും നിക്ഷേപിച്ചിരുന്നു എന്ന് ഓഡിറ്റ് നിരീക്ഷിച്ചത് ചുവടെ കാണിച്ചിരിക്കുന്ന ചിത്രങ്ങൾ വ്യക്തമാക്കുന്നു.<br><br>**ജലാശയങ്ങളിൽ മാലിന്യം വലിച്ചെറിയുന്നത്/നിക്ഷേപിക്കുന്നത്**<br><br> <br><br>***തിരുവനന്തപുരം കോർപ്പറേഷനിലെ കെഎസ്ആർടിസി സെൻട്രൽ ബസ് സ്റ്റാൻഡിന് സമീപം ആമയിഴഞ്ചാൻതോട് (2021 ജൂലൈ)***<br><br><br><br>***തിരുവനന്തപുരം കോർപ്പറേഷനിലെ കിള്ളിയാറ് (2021 ആഗസ്റ്റ്)***<br><br>അന്തരീക്ഷവായുവിന്റെ ഗുണനിലവാരത്തിനും നഗരത്തിലെയും മറ്റു മാലിന്യങ്ങളുടെയും പരിപാലനത്തിനും പ്രത്യേകശ്രദ്ധ നൽകിക്കൊണ്ട് 2030 വർഷത്തോടെ നഗരങ്ങളിലെ ആളോഹരി പരിസ്ഥിതി ആഘാതം കുറയ്ക്കണമെന്ന് സുസ്ഥിരവികസന ലക്ഷ്യം (എസ്ഡിജി) | ജൈവമാലിന്യം സംസ്കരിക്കുന്നതിന് കേന്ദ്രീകൃത സംസ്കരണ സംവിധാനം നടപ്പിലാക്കാൻ സ്ഥല പരിമിതി ഉള്ളതിനാൽ വികേന്ദ്രീകൃത മാലിന്യ സംസ്കരണ സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. 46 സ്ഥലങ്ങളിൽ 513 തുമ്പൂർമുഴിബിന്നുകളും, കൂടാതെ വീടുകളിലെ മാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ സംസ്കരിക്കുന്നത്, കിച്ചൻ ബിൻ, റിംഗ് കമ്പോസ്റ്റ്, ബയോഗ്യാസ് പ്ലാൻറ് തുടങ്ങിയവ സർക്കാർ അംഗീകൃത സബ്സിഡി നിരക്കിൽ നല്കി വരുന്നു. സംസ്ഥാന സർക്കാരിന്റെ അംഗീകാരത്തോട് കൂടി സ്ഥലം ലഭ്യമായാൽ ഉടൻ തന്നെ കേന്ദ്രീകൃത ജൈവ മാലിന്യ സംസ്കരണ പ്ലാന്റ് നിർമ്മിക്കാൻ വേണ്ട നടപടി സ്വീകരിക്കുന്നതാണ്.<br><br>ജലാശയങ്ങളിൽ മാലിന്യം നിക്ഷേപിക്കുന്ന ആൾക്കാരെ കണ്ടെത്തി നിയമ നടപടി സ്വീകരിച്ച് വരുന്നു. കൂടാതെ ചില തൽപരകക്ഷികൾ വ്യാപാര സ്ഥാപനങ്ങളിൽ നിന്നും അനധികൃതമായി മാലിന്യം ശേഖരിച്ച് ജലാശയങ്ങളിൽ നിക്ഷേപിക്കുന്നത് തടയുന്നതിനായി എൻഫോഴ്സ്മെന്റ് നടപടികൾ നടത്തി വരുന്നു. ജലാശയങ്ങളിലെ മാലിന്യം കടലിലേക്ക് പോകുന്നത് ഒഴിവാക്കുന്നതിനായി നിലവിൽ 18 സ്ഥലങ്ങളിൽ PLASTIC FISHER തുടങ്ങിയ ഏജൻസികളുടെ സഹായത്തോടെ ട്രാഷ് ബൂം സ്ഥാപിക്കുകയും 360 ടൺ മാലിന്യം നീക്കം ചെയ്യുകയും ചെയ്തിട്ടുണ്ട്. ഇതുവഴി കടലിലെത്തുന്ന മാലിന്യത്തിന്റെ അളവ് കുറയ്ക്കാൻ കഴിഞ്ഞിട്ടുണ്ട്. |

| | | |
|---|---|---|
| | 11.6 നിർദ്ദേശിക്കുന്നു. മുകളിൽപ്പറഞ്ഞ ലക്ഷ്യം കൈവരിക്കുന്നതിനുള്ള ഉദ്ദേശ്യങ്ങളിൽ ഒന്ന് വീട്ടുവീടാന്തരമുള്ള മാലിന്യശേഖരണം 100 ശതമാനം നിറവേറ്റുക എന്നതാണ്. മുകളിൽ വെളിപ്പെട്ട ഉദാഹരണങ്ങൾ എസ്ഡിജി ലക്ഷ്യങ്ങൾ നേടുന്നതിൽ നിന്നും സംസ്ഥാനത്തെ അകറ്റുന്നതിനു പുറമെ 'എന്റെ മാലിന്യം എന്റെ ഉത്തരവാദിത്തം' എന്ന സംസ്ഥാനത്തിന്റെ സംഘടിത പ്രവർത്തനത്തിന്റെ കീഴേതട്ടിലുള്ള നിർവ്വഹണത്തിന്റെ ഫലപ്രാപ്തിയെ സംബന്ധിച്ച് കടുത്ത ഉത്കണ്ഠ ഉയർത്തുകയും ചെയ്യുന്നു | തിരുവനന്തപുരം നഗരസഭയിൽ കേന്ദ്രീകൃത മാലിന്യ സംസ്കരണ യൂണിറ്റ് നിർമിക്കുന്നതിന് നടപടികൾ സ്വീകരിച്ച് വരുന്നു. |
| 3.2.1.1 | **കമ്മ്യൂണിറ്റി ഹാളുകൾ, റസ്റ്റാറന്റുകൾ എന്നിവിടങ്ങളിൽ നിന്നുള്ള മാലിന്യ ശേഖരണം**<br><br>കമ്മ്യൂണിറ്റി ഹാളുകൾ, ഹോട്ടലുകൾ, റസ്റ്റാറന്റുകൾ മുതലായ ജൈവ മാലിന്യം പുറപ്പെടുവിക്കുന്ന സ്ഥാപനങ്ങൾ ജൈവമാലിന്യം ഉറവിടത്തിൽ തന്നെ സംസ്കരിക്കുന്നതിനു വേണ്ടി ബയോബിൻ, എയ്റോബിൻ, ബയോഗ്യാസ് പ്ലാന്റ് എന്നിങ്ങനെയുള്ള അനുയോജ്യമായ സംവിധാനങ്ങൾ 2017 സെപ്റ്റംബർ 15-ന മുൻപായി സ്ഥാപിക്കുന്നതിനു വേണ്ട നിർദ്ദേശങ്ങൾ നൽകാൻ യുഎൽബികളോട് കേരള സർക്കാർ നിർദ്ദേശിച്ചു (2017 ജൂലൈ). എന്നാൽ, 18 യുഎൽബികൾ മേൽപ്പറഞ്ഞ ഉത്തരവ് പാലിച്ചിരുന്നില്ല. പരിശോധന നടത്തിയ 21 യുഎൽബികളിലെ 3131 റസ്റ്റാറന്റുകൾ/കമ്മ്യൂണിറ്റി ഹാളുകളിലും 292 (9.32 ശതമാനം) എണ്ണത്തിൽ മാത്രമേ ഉറവിടതല സംസ്കരണ സംവിധാനങ്ങൾ ഉണ്ടായിരുന്നുള്ളൂ. ഓഡിറ്റ്, 171 റസ്റ്റാറന്റുകളിൽ നടത്തിയ സംയുക്ത ഭൗതിക പരിശോധനയിൽ വെളിപ്പെട്ടത് 154 റസ്റ്റാറന്റുകൾക്ക് (90 | **<u>തിരുവനന്തപുരം നഗരസഭ</u>**<br>നിലവിൽ നഗരസഭ അംഗീകാരം നൽകിയിട്ടുള്ള 29 ഏജൻസികൾ നിശ്ചിത കരാറിന്റെ അടിസ്ഥാനത്തിൽ കമ്മ്യൂണിറ്റി ഹാളുകൾ, റസ്റ്റോറന്റുകൾ, ഹോട്ടലുകൾ എന്നിവിടങ്ങളിൽ നിന്നും ഭക്ഷണ അവശിഷ്ടം ശേഖരിച്ചാണ് പന്നി ഫാമുകൾക്ക് നൽകിവരുന്നത്. നിലവിൽ പാളയം മാർക്കറ്റ്, ചാല മാർക്കറ്റ് എന്നിവിടങ്ങളിൽ സ്മാർട്ട് സിറ്റിയുടെ ഭാഗമായി വേസ്റ്റ് കൺവർട്ടർ സ്ഥാപിക്കുന്നതിനുള്ള നിർമ്മാണ പ്രവർത്തികൾ നടന്നു വരുന്നു.<br>ബൾക്ക് വേസ്റ്റ് ജനറേറ്റേഴ്സിന് മാലിന്യ സംസ്കരണവുമായി ബന്ധപെട്ട് PCB സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്ന മുറയ്ക്ക് മാത്രമേ നഗരസഭ ലൈസൻസ് നൽകുകയുള്ളൂ. കൂടാതെ പാളയം മാർക്കറ്റിൽ SCTL മുഖാന്തിരം വേസ്റ്റ് കൺവെർട്ടർ സ്ഥാപിച്ചിട്ടുണ്ട്.<br><br>**<u>കൊച്ചി കോർപ്പറേഷൻ</u>**<br>കമ്മ്യൂണിറ്റി ഹാളുകൾ, ഹോട്ടലുകൾ റസ്റ്റോറൻറുകൾ മുതലായ |

ശതമാനം) ഉറവിട തല സംസ്കരണ സമ്പ്രദായം ഇല്ലായിരുന്നു എന്നാണ്. 22 യുഎൽബികളിൽ 20 എണ്ണത്തിലും റസ്റ്റാറന്റുകളിൽ നിന്നുള്ള മാലിന്യം അംഗീകൃതമല്ലാത്ത ഏജൻസികൾ ശേഖരിക്കുകയും പന്നി ഫാമുകളിലേയ്ക്ക് കൊണ്ടുപോവുകയും ചെയ്തിരുന്നു. 2016ലെ എസ്ഡബ്ല്യുഎം ചട്ടങ്ങളും, കെഎംആക്ടിലെ വകുപ്പ് 435 പ്രകാരം മാലിന്യം പന്നികൾക്ക് തീറ്റയായി നൽകുന്നത് മാലിന്യ നിർമ്മാർജ്ജനത്തിനായുള്ള ഒരു അംഗീകൃത രീതിയല്ല എന്നത് ശ്രദ്ധിക്കേണ്ടതാണ്.

മുനിസിപ്പൽ സ്റ്റാഫുമായി നടത്തിയ സംയുക്ത ഭൗതിക പരിശോധനയിൽ വെളിപ്പെട്ടത് പരിശോധന നടത്തിയ 171 റസ്റ്റാറന്റുകളിൽ 139 ഇടങ്ങളിൽ (81 ശതമാനം) പുറപ്പെടുവിക്കുന്ന ദ്രവമാലിന്യം സംസ്കരിക്കാൻ ഉള്ള സംവിധാനമോ, സംസ്കരിക്കാനോ/സംഭരിക്കാനോ ഉള്ള കുഴികളോ ഇല്ലായിരുന്നു എന്നും, ആയതിനാൽ മലിനജലം സമീപത്തെ ഓടകളിലേയ്ക്ക് ഒഴുക്കിയിരുന്നു എന്നുമാണ്.

ഖര-ദ്രവ മാലിന്യം ശരിയായ രീതിയിൽ നിർമ്മാർജ്ജനം ചെയ്യുന്നു എന്ന് ഉറപ്പുവരുത്താനായി, ഈ 14 യുഎൽബികളിൽ കാലാകാലങ്ങളിൽ ഉള്ള പരിശോധനകളോ ലൈസൻസുകൾ പുതുക്കുന്ന സമയത്തെ പരിശോധനകളോ നടത്തിയിരുന്നില്ല എന്ന് ഓഡിറ്റ് നിരീക്ഷിച്ചു. അസംസ്കൃതജലം പൊതു ഓടയിലേയ്ക്ക് ഒഴുക്കിവിട്ട് കോഴിക്കോട് സിറ്റിയിലെ കനോലി തോട്ടിൽ മലിനീകരണം ഉണ്ടാക്കിയ 51 സ്ഥാപനങ്ങൾക്ക് (29 ഹോട്ടലുകൾ) 2020 ഡിസംബർ മുതൽ 2021 മാർച്ച് വരെ കോഴിക്കോട് ജില്ലാ മലിനീകരണ നിയന്ത്രണ ബോർഡ് ജൈവമാലിന്യം പുറപ്പെടുവിക്കുന്ന സ്ഥാപനങ്ങളിൽ ബയോബിന്നുകൾ സ്ഥാപിക്കേണ്ടത് നിർബന്ധമാക്കി വരുന്നുണ്ട്. ജൈവമാലിന്യങ്ങൾ ശേഖരിച്ച് ബ്രഹ്മപുരം ജൈവ പ്ലാൻറുകളിലേക്ക് എത്തിക്കുകയും സംസ്കരണം നടത്തിവരികയും ചെയ്യുന്നു. ബയോപ്ലാൻറ് നടത്തിപ്പിനായി ബി.പി.സി.എൽമായി കരാർ വച്ചിട്ടുള്ളതും പ്രൊജക്ട് നടപ്പിലാക്കി വരുന്നതുമാണ്. മേൽപറഞ്ഞ സ്ഥാപനങ്ങളിൽ നിന്നും ദ്രവമാലിന്യം നീക്കം ചെയ്യുന്നതിന് വില്ലിംഗ്ടൺ ഐലൻറിലും, ബ്രഹ്മപുരത്തും എസ്.ടി.പി കൾ 2 എണ്ണം സ്ഥാപിച്ചിട്ടുണ്ട്. മൈ കൊച്ചി ആപ്പ് വഴി ബുക്ക് ചെയ്യപ്പെടുമ്പോൾ ഓൺലൈനായി പ്രവർത്തി നടത്തുന്നതിന് അംഗീകൃത ഏജൻസികളെ നിയോഗിച്ചിട്ടുള്ളതാണ്. 177 ഫ്ളാറ്റ്/അപ്പാർട്ട്മെന്റ്കളിൽ നിന്നുമുള്ള ജൈവ മാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ സംസ്കരണം നടത്തിവരുന്നുണ്ട്. ഉൽപാദകരിൽ നിന്നും പ്രതിദിനം 25 മുതൽ 30 ടൺ ജൈവമാലിന്യം നഗരസഭ നേരിട്ട് സ്വീകരിച്ച് പ്ലാൻറിൽ സംസ്കരിച്ചുവരുന്നു. ഈ പ്രവൃത്തി മുടക്കമില്ലാതെ നടത്തിവരുന്നതാണ്. ആയതിനാൽ ഓഡിറ്റ് തടസ്സം ഒഴിവാക്കി തരണമെന്ന് സെക്രട്ടറി അപേക്ഷിച്ചിരിക്കുന്നു.

**<u>കോഴിക്കോട് കോർപ്പറേഷൻ</u>**

കോഴിക്കോട് നഗരത്തിൽ 100 കിലോയിൽ കൂടുതൽ മാലിന്യം ഉല്പാദിപ്പിക്കുന്ന 648 എണ്ണം സ്ഥാപനങ്ങൾ ആണുള്ളത്. ഇതിൽ 433 എണ്ണം സ്ഥാപനങ്ങളിൽ ഉറവിട മാലിന്യ സംസ്ക്കരണ സംവിധാനമോ, അല്ലെങ്കിൽ

| | | |
|---|---|---|
| | (ഡിപിസിബി) നോട്ടീസ് നൽകിയിരുന്നു. എന്നാൽ, സ്ഥാപനങ്ങൾ പരിഹാരനടപടികൾ എടുത്തോ എന്ന് ഉറപ്പാക്കുന്നതിനായിയാതൊരു തുടർനടപടികളും ഡിപിസിബി കൈക്കൊണ്ടില്ല.<br><br>മാലിന്യം പരിപാലിക്കാൻ ഉത്തരവാദപ്പെട്ട സ്ഥാപനങ്ങൾ അവരുടെ ചുമതലകൾ നിർവ്വഹിക്കുന്നു എന്ന് ഉറപ്പുവരുത്തുന്നുണ്ടെന്നും മാലിന്യം തുറന്ന ഓടയിലേക്ക് ഒഴുക്കിവിടുന്നത് നിയന്ത്രിക്കുകയും കർശന നടപടികളിലൂടെ തടയുകയും ചെയ്യുമെന്നുമായിരുന്നു അന്തിമ കൂടിക്കാഴ്ചയിൽ സർക്കാർ പ്രസ്താവിച്ചത് (2022 മെയ്). | നഗരസഭാ നേരിട്ടോ മാലിന്യം ശേഖരിച്ച സംസ്കരണത്തിന് വിധേയമാക്കുന്നുണ്ട്. ബാക്കി വരുന്ന 215 എണ്ണം സ്ഥാപനങ്ങളിൽ ഉറവിട മാലിന്യ സംസ്ക്കരണ സംവിധാനങ്ങൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നുണ്ട്. മാലിന്യ സംസ്ക്കരണ സംവിധാനങ്ങൾ ഉള്ള സ്ഥാപങ്ങൾക്ക് മാത്രമേ ലൈസൻസ് പുതുക്കി നൽകുന്നുള്ളൂ. കനോലി കനാൽ മലിനീകരണം തടയുന്നതിന്റെ ഭാഗമായി (ക്ലീൻ കനോലി കനാൽ മിഷൻ) കോഴിക്കോട് കോർപ്പറേഷൻ ഹെൽത്ത് ഓഫീസർമാരുടെയും ക്ലീൻ സിറ്റി മാനേജരുടെയും നേതൃത്വത്തിൽ രണ്ട് ഹെൽത്ത് സ്ക്വാഡുകൾ കനോലി കനാൽ സമീപ പ്രദേശത്തെ വീടുകളിലും സ്ഥാപനങ്ങളിലും പരിശോധന ഊർജ്ജിതമാക്കി . മാലിന്യ സംസ്കരണ സംവിധാനം പരിശോധന നടത്തുകയും പരിശോധനയിൽ . കനോലി കനാലിലേക്ക് മലിന ജലം ഒഴുക്കി വിടുന്നവർക്കെതിരെ ന്യൂനതാ നോട്ടീസ് നൽകുകയും ന്യൂനത പരിഹരിക്കുന്നതിനുള്ള സ്വീകരിക്കുകയും ടി ഇനത്തിൽ നിയമലംഘനത്തിനെതിരെ 1,11,000/- രൂപയോളം ഫൈൻ ഈടാക്കുകയും ചെയ്തു.<br><br>**<u>കായംകുളം നഗരസഭ</u>**<br><br>കമ്മ്യൂണിറ്റി ഹാളുകൾ, റസ്റ്റോറന്റുകൾ എന്നിവിടങ്ങളിൽ നിന്നുള്ള മാലിന്യ ശേഖര്ണം. ഗവ: നിർദ്ദേശ പ്രകാരം ഖര/ദ്രവ മാലിന്യ സംസ്കരണ സംവിധാനങ്ങൾ സ്ഥാപിക്കണമെന്ന് എല്ലാ സ്ഥാപനങ്ങൾക്കും നിർദ്ദേശം നൽകിയിരുന്നു. മാലിന്യ മുക്തം നവ കേരളം രണ്ടാംഘട്ടം |

| | | |
|---|---|---|
| | | പ്രവർത്തനങ്ങളുടെ ഭാഗമായി പരിശോധന നടത്തുകയും, സംസ്കരണ സംവിധാനങ്ങളില്ലാത്ത സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകി നടപടി സ്വീകരിച്ചുവരുന്നു. നിലവിൽ ലൈസൻസ് നൽകുന്ന സമയത്ത് മാലിന്യ സംസ്കരണ സംവിധാനങ്ങളുണ്ടോയെന്ന് ഉറപ്പുവരുത്തുന്നു.<br>**<u>മൂവാറ്റുപ്പുഴ നഗരസഭ</u>**<br><br>ജൈവമാലിന്യം ഉറവിടത്തിൽ സംസ്കരിക്കുന്നത് സംബന്ധിച്ച് നഗരസഭ കമ്മ്യൂണിറ്റി ഹാളുകൾ, റസ്റ്റോറന്റുകൾ, ഹോട്ടലുടമകൾ,മറ്റുള്ള സ്ഥാപനങ്ങൾ എന്നിവരുടെ ഒരു സംയുക്ത യോഗം 27.10.2023, 28.10.2023 തീയതികളിൽ വിളിച്ച് ചേർത്ത് ടി വിഷയത്തിൽ അവബോധം നൽകി. ഉറവിട സംസ്കരണം സാധ്യമല്ലാത്ത സ്ഥാപനങ്ങൾ നഗരസഭയുടെ അംഗീകൃത സർവ്വീസ് പ്രൊവൈഡർ/ഹരിത കർമ്മസേന എന്നിവരുമായി സഹകരിച്ച് നഗരസഭയുടെ കേന്ദ്രീകൃത ജൈവമാലിന്യ സംസ്കരണ സംവിധാനം ഉപയോഗപ്പെടുത്തി ജൈവ മാലിന്യം കൃത്യമായി സംസ്കരിക്കുന്നതിന് നിർദ്ദേശം നൽകി നടപ്പിൽ വരുത്തിയിട്ടുള്ളതാണ്. ബൾക്ക് മാലിന്യ ജനറേറ്റർമാരായ 32 സ്ഥാപനങ്ങൾക്ക് ഖര ദ്രവ മാലിന്യം തരം തിരിച്ച് സംസ് ക്കരിക്കുന്നതിന് നോട്ടീസ് നൽകി തുടർ നടപടി സ്വീകരിച്ചിട്ടുള്ളതുമാണ്. നിലവിൽ നഗരസഭ പരിധിയിലെ റസ്റ്ററന്റുകൾ ഹോട്ടലുകൾ, കമ്മ്യൂണിറ്റി ഹാളുകൾ എന്നിവയിൽ നിന്നുള്ള മാലിന്യങ്ങൾ നഗരസഭയുടെ |

| | | |
|---|---|---|
| | | അംഗീകൃത സർവ്വീസ് പ്രൊവൈഡറാണ് ശേഖരിച്ച് വരുന്നത്. കൂടാതെ ജൈവമാലിന്യ സംസ്കരണം ശാസ്ത്രീയമായി നിർവ്വഹിക്കുന്നതിൻറെ ഭാഗമായി ഗ്രീൻ ആഗ്രോ വേൾഡ് എന്ന ഹരിതസഹായ സ്ഥാപനവുമായി ചേർന്ന് നഗരസഭയുടെ ഡമ്പിംഗ് യാർഡിൽ ബ്ലാക്ക് സോൾജിയർ ഫ്ളൈ ലാർവ ഉപയോഗിച്ച് നഗരസഭ പരിധിയിൽ ശേഖരിക്കുന്ന മാലിന്യങ്ങൾ ശാസ്ത്രീയമായി സംസ്കരിച്ച് വരുന്നു.<br>**<u>അങ്കമാലി നഗരസഭ</u>**<br>ബൾക്ക് വേസ്റ്റ് ജനറേറ്റേഴ്സായുള്ള 49 പേരെ കണ്ടെത്തി ഹിയറിംഗ് നോട്ടീസ് നൽകി നേരിൽ കേട്ട് മതിയായ മാലിന്യ സംസ്കരണ സംവിധാനങ്ങൾ ഇല്ലാത്ത സ്ഥാപനങ്ങൾക്ക് അവ ഏർപ്പെടുത്തുന്നതിനായുള്ള സമയം നൽകുകയും ആയത് പരിശോധിച്ച് ഉറപ്പുവരുത്തുന്നുമുണ്ട്.<br>**<u>മരട് നഗരസഭ</u>**<br>നഗരസഭാ പരിധിയിലുള്ള എല്ലാ ബൾക്ക് ജനറേറ്റ്സ് സ്ഥാപനങ്ങൾക്കും നോട്ടീസ് നൽകുകയും, ആയതിൻ പ്രകാരം ഏകദേശം 60% സ്ഥാപനങ്ങളും ഖരമാലിന്യ/ദ്രവമാലിന്യ സംസ്കരണ ഉപാധികൾ ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. കൂടാതെ 2022-23 കാലയളവിൽ മാലിന്യം അലക്ഷ്യമായി നിക്ഷേപിച്ച 25 പേരെ കണ്ടെത്തി പിഴയായി 72,000/- രൂപ ഈടാക്കുകയും, 2023-24 ൽ മാലിന്യം നിക്ഷേപിച്ച 17 പേരെ കണ്ടെത്തി പിഴയായി 104500/- രൂപ ഈടാക്കുകയും |

| | | |
|---|---|---|
| | | ചെയ്തിട്ടുണ്ട്.ദ്രവമാലിന്യം ഓടയിലേക്ക് ഒഴുക്കി വിടുന്നവരെ കണ്ടെത്തുന്നതിന് തെളിനീരൊഴുകും നവകേരളം പദ്ധതിയിൽ ഉൾപ്പെടുത്തി സർവ്വേ നടത്തുകയും, കുറ്റക്കാരായ 64 പേർക്ക് നോട്ടീസ് നൽകുകയും 1,75,000/- രൂപ പിഴ ഈടാക്കുകയും ചെയ്തിട്ടുണ്ട്.വലിയ സ്ഥാപനങ്ങളിൽ ഏർപ്പെടുത്തിയിരിക്കുന്ന ഖര/ദ്രവ മാലിന്യ സംസ്കരണ പ്ലാൻറുകൾ സന്ദർശിച്ച് സംസ്കരണത്തെ സംബന്ധിച്ച്നിർദ്ദേശം നൽകിയിട്ടുണ്ട്. വീടുകളിലേയും സ്ഥാപനങ്ങളിലേയും മാലിന്യങ്ങൾ Door to Door വഴി ശേഖരിക്കുകയു KSWMP പദ്ധതിയിൽ ഉൾപ്പെടുത്തി, ഓർഗാനിക് , വേസ്റ്റ് കൺവേർട്ടർ,Sorting Table, Conveyor Belt, De-duster എന്നിവ സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.Centralised മാലിന്യ സംസ്കരണത്തിൻറെ ഭാഗമായി 10 എയറോബിക് ബിന്നുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br>**<u>ഏലൂർ നഗരസഭ</u>**<br>ഓഡിറ്റ് പരാമർശത്തെത്തുടർന്ന് ഉറവിട മാലിന്യ സംസ്കരണ സംവിധാനമില്ലാത്ത കമ്യൂണിറ്റി ഹാളുകൾ, റസ്റ്റോറൻറുകൾ എന്നിവയ്ക്ക് നോട്ടീസ് നൽകുകയും ആയതു പ്രകാരം ടി സ്ഥാപനങ്ങൾ ഉറവിട മാലിന്യ സംസ്കരണ സംവിധാനങ്ങൾ ഒരുക്കി വരുന്നതുമാണ്<br>**<u>ആലുവ നഗരസഭ</u>**<br>കമ്മ്യൂണിറ്റി ഹാളുകൾ, റെസ്റ്റോറൻ്റുകൾ എന്നിവയിൽ നിന്നുള്ള മാലിന്യങ്ങൾ ടി സ്ഥാപനങ്ങൾ സ്വന്തം നിലയിൽ സംസ്കരിക്കുന്നതിന് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ |

| | | |
|---|---|---|
| | | എന്ന് പരിശോധിക്കപ്പെടുന്നുണ്ട്. ഇത്തരത്തിലുള്ള മുഴുവൻ സ്ഥാപനങ്ങളിലേയും മാലിന്യം സമീപത്തുള്ള പന്നി ഫാമുകൾമുഖേനയാണ് സംസ്കരിച്ച് വരുന്നത്.<br>**കോതമംഗലം നഗരസഭ**<br>അംഗീകാരമില്ലാത്ത ഏജൻസികളും പന്നിഫാമുകളും നിലവിൽ നഗരസഭയിൽ പ്രവർത്തിക്കുന്ന റെസ്റ്റോറന്റുകളിൽ നിന്നും ജൈവമാലിന്യം ശേഖരിക്കുന്നില്ല. യൂസർഫീ ഈടാക്കി ദിവസേന ഹരിതകർമസേന അംഗങ്ങൾ റെസ്റ്റോറന്റുകളിൽ നിന്നും വേർതിരിച്ച ജൈവമാലിന്യം വാതിൽപടിശേഖരണം നടത്തുകയും, നഗരസഭയിൽ പ്രവർത്തിക്കുന്ന കേന്ദ്രീകൃത window compost plant-ൽ സംസ്കരിക്കുകയുംചെയ്യുന്നു. ആയത് ഉറപ്പുവരുത്തുന്നതിനായി റെസ്റ്റോറന്റുകളുടെ Trade licence പുതുക്കുമ്പോൾ ഹരിതകർമസേനക്ക് യൂസർഫീ നൽകി മാലിന്യം കൈമാറിയതിന്റെ ഒരു രേഖ നിബന്ധനയാക്കിയിട്ടുണ്ട്.<br>**മഞ്ചേരി നഗരസഭ**<br>മേൽ സൂചിപ്പിച്ചിട്ടുള്ള ബൾക്ക് വേസ്റ്റ് ജനറേറ്റർ സ്ഥാപനങ്ങൾക്ക് എല്ലാം തന്നെ ജൈവ മാലിന്യ സംസ്കരണ സംവിധാനം ഉറപ്പാക്കിയിട്ടുള്ളതും അജൈവ മാലിന്യ ങ്ങൾ കൃത്യമായി ഹരിത കർമ സേന വഴി ശേഖരിച്ച് വരികയും ചെയ്യുന്നുണ്ട്<br>**മലപ്പുറം നഗരസഭ**<br>കമ്യൂണിറ്റി ഹാളുകൾ, ഹോട്ടലുകൾ, റസ്റ്റോറൻറുകൾ തുടങ്ങിയ സ്ഥാപനങ്ങളിൽ ജൈവമാലിന്യം ഉത്പാദിപ്പിക്കുന്നവർ |

| | | |
|---|---|---|
| | | അനുയോജ്യമായ സൗകര്യങ്ങൾ സജ്ജീകരിക്കുവാൻ കർശന നിർദ്ദേശം നൽകിയിട്ടുള്ളതാണ്. കോഴി സ്റ്റാളുകളിൽ നിന്നുള്ള് മാലിന്യം ശേഖരിച്ച് സംസ്കരിക്കുന്നതിന് സംവിധാനം ഇല്ലാത്തതും സ്ഥാപനങ്ങൾ സ്വന്തം ജില്ലയിൽ നിയമാനുസൃത ലൈസൻസുള്ള റെൻററിംഗ് പ്ലാൻറുകളിലേക്ക് മാലിന്യം നൽകുന്നത് പരിശോധിച്ച് ഉറപ്പ വരുത്തുന്നുമുണ്ട്.<br>**<u>നെയ്യാറ്റിൻകര നഗരസഭ</u>**<br><br>നഗരസഭാ തലത്തിൽ പ്രവർത്തിക്കുന്ന ഹോട്ടലുകൾ, റസ്റ്റോറൻറുകൾ, ഭക്ഷ്യ വസ്തുക്കൾ ശേഖരിക്കുകയും നിർമ്മിക്കുകയും വിൽക്കുകയും ചെയ്യുന്ന സ്ഥാപനങ്ങളിൽ ഉല്പ്പാദിപ്പിക്കുന്ന ജൈവ മാലിന്യം മുനിസിപ്പൽ ആക്ട് 334 എ പ്രകാരം ഉറവിടത്തിൽ തന്നെ സംസ്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. എന്നാൽ വർഷങ്ങളായി പ്രവർത്തിച്ചു വരുന്ന പല സ്ഥാപനങ്ങളും രണ്ട് സെൻറ് വസ്തുവിൽ താഴെ മാത്രം വിസ്തൃതിയിലുള്ള സ്ഥലത്തിൽ മാത്രമാണ് പ്രവർത്തിക്കുന്നത്. ഈ സ്ഥാപനങ്ങളുടെ വസ്തുവിൽ ജൈവ മാലിന്യം സംസ്കരിക്കുന്നതിനുള്ള സ്ഥല സൗകര്യം ലഭ്യമല്ലാത്തതു കാരണമാണ് ടി ആളുകൾ പന്നി ഫാമുകൾക്ക് ജൈവ മാലിന്യം കൈമാറുന്നതായി കണ്ടുവരുന്നത്. കൂടാതെ ഇത്തരം സ്ഥാപനങ്ങൾക്ക് മാലിന്യ സംസ്കരണത്തിൽ സഹായം നൽകുന്നതിനായി Mosquito free bio-gas എന്ന പ്രോജക്ടും നഗരസഭ ഉൾപ്പെടുത്തിയിട്ടുണ്ട്. |

| | | |
|---|---|---|
| | | മാത്രമല്ല ലൈസൻസ് വ്യവസ്ഥകൾക്ക് വിധേയമായി മാലിന്യ സംസ്കരണത്തിൽ സ്ഥാപനം പാലിക്കേണ്ട ഉത്തരവാദിത്തം പരിശോധിച്ച് മാത്രം ലൈസൻസ് അനുവദിക്കുന്നത്. ഇതോടൊപ്പം ഖര, ദ്രവ മാലിന്യ സംസ്കരണം തൃപ്തികരമല്ലാത്ത സ്ഥാപനങ്ങൾക്ക് മുനിസിപ്പാലിറ്റി ആക്ട് 447, 334 എ, 340 എ എന്നീ വകുപ്പുകൾ പ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. ഉറവിട മാലിന്യ സംസ്കരണം എല്ലാ സ്ഥാപനങ്ങളും ഒരുക്കുന്നതിനു വേണ്ടിയുള്ള അറിയിപ്പുകൾ നൽകി നടപടികൾ സ്വീകരിച്ചുവരുന്നു. അതോടൊപ്പം ലൈസൻസ് അനുവദിക്കുമ്പോഴും പുതുക്കുമ്പോഴും മുനിസിപ്പൽ ആക്ട് പ്രകാരവും സർക്കാരിൻറെ നിർദ്ദേശ പ്രകാരമുള്ള കാര്യങ്ങൾ പരിശോധിച്ചാണ് ലൈസൻസ് അനുവദിക്കുന്നത്. ആയത് ലംഘിക്കുന്നവർക്കെതിരെ കർശന നടപടികൾ സ്വീകരിക്കുന്നതാണ്.<br>**<u>വടകര നഗരസഭ</u>**<br>സ്വകാര്യ കമ്മ്യൂണിറ്റി ഹാളുകളിൽ ഖരദ്രവ്യ മാലിന്യങ്ങൾ സംസ്കരിക്കുന്നതിന് ബയോഗ്യാസ് പ്ലാൻറും എസ്ടിപിയും സ്ഥാപിച്ചിട്ടുണ്ട്. നഗരസഭ ടൗൺ ഹാളിൽ തുമ്പൂർമുഴി പ്ലാൻറ് വഴി മാലിന്യ സംസ്കരണം നടത്തി വരുന്നു. നഗരസഭ ഹോട്ടലുകളും റസ്റ്റോറൻറുകളും ഉറവിടതല സംസ്കരണ സംവിധാനങ്ങൾ ഉപയോഗിച്ചാണ് പ്രവർത്തിച്ചു വരുന്നത്.<br>**<u>ഫറോക്ക് നഗരസഭ</u>**<br>കമ്മ്യൂണിറ്റി ഹാളുകൾ ,ഹോട്ടലുകൾ, റെസ്റ്റോറൻറുകൾ |

| | | |
|---|---|---|
| | | എന്നിവയിൽ ജൈവ മാലിന്യം ഉറവിടത്തിൽ തന്നെ സംസ്കരിക്കുന്നതിനും വേണ്ടി ബയോബിൻ, റിംഗ് കമ്പോസ്റ്റ്, ബയോഗ്യാസ് പ്ലാൻറുകൾ സ്ഥാപിക്കുന്നതിനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ പുതുതായി ലൈസൻസ് എടുക്കുന്ന സ്ഥാപനങ്ങൾക്ക് ജൈവമാലിന്യ സംസ്കരണ ഉപാധികൾ ഇല്ലാതെ ലൈസൻസ് നൽകുന്നില്ല. നഗരസഭയിൽ കേന്ദ്രീകൃത മാലിന്യസംസ്കരണ സംവിധാനങ്ങൾ നിലവിൽ ഇല്ല. അതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു<br>**<u>കൊയിലാണ്ടി നഗരസഭ</u>**<br>കമ്മ്യൂണിറ്റി ഹാളുകളിൽ ഉറവിട മാലിന്യ സംസ്കരണ സംവിധാനങ്ങൾ ഉറപ്പുവരുത്തിയിട്ടുണ്ട്. റസ്റ്റോറൻറുകളിൽ മുകളിൽ സൂചിപ്പിച്ചതുപോലെ സ്ഥലപരിമിതിയുള്ള കുറച്ചു സ്ഥാപനങ്ങൾ സ്വന്തമായി സംവിധാനമില്ലാതെ പന്നി ഫാമുകൾ വഴി മാലിന്യം കയ്യൊഴിക്കുന്നുണ്ട്. പുതിയ പദ്ധതി പ്രാവർത്തികമാകുന്നതോടെ യൂസർ ഫീ ഈടാക്കി ഈ മാലിന്യം പൊതു സംവിധാനത്തിലൂടെ പരിഹരിക്കാവുമെന്ന നിലയിലാണ് പ്രവർത്തനങ്ങൾ നഗരസഭയിൽ നടന്നുവരുന്നത്. |

| | | |
|---|---|---|
| 3.2.1.2 | **പൗൾട്രി സ്റ്റാളുകൾ/ അറവുശാലകൾ എന്നിവയിൽ നിന്നുള്ള മാലിന്യശേഖരണം**<br><br>എസ്ഡബ്ള്യൂഎം ചട്ടങ്ങൾ, 2016 പ്രകാരം ദിവസേന പൗൾട്രി മാലിന്യം ശേഖരിക്കുന്നത് തദ്ദേശസ്ഥാപനങ്ങളുടെ ചുമതലയാണ്. എന്നാൽ, പരിശോധന നടത്തിയ മൂന്നു യുഎൽബികളിൽ മാത്രമേ പൗൾട്രിമാലിന്യം ശേഖരിക്കുന്നതിനും നിർമ്മാർജ്ജനം ചെയ്യുന്നതിനും ഉള്ള സംവിധാനം നിലവിൽ ഉണ്ടായിരുന്നുള്ളൂ എന്ന് കാണപ്പെട്ടു. 25 പൗൾട്രി സ്റ്റാളുകൾ, 14 ഇറച്ചി സ്റ്റാളുകൾ, രണ്ടു അറവു ശാലകൾ എന്നിവിടങ്ങളിൽ ഓഡിറ്റ് നടത്തിയ സംയുക്ത ഭൗതിക പരിശോധനയിൽ 13 യുഎൽബികളിൽ പൗൾട്രി മാലിന്യം സ്വകാര്യ ഏജൻസികൾക്കും/പന്നി ഫാമുകൾക്കും നൽകിയിരുന്നതായി കണ്ടു. മൂന്നു യുഎൽബികളിൽ അംഗീകൃത ഏജൻസികൾ ശേഖരിച്ചിരുന്ന പൗൾട്രി മാലിന്യം പ്രതിദിന ഉൽപാദനത്തിന്റെ 50-60 ശതമാനം മാത്രമായിരുന്നു. ബാക്കിയുള്ള പൗൾട്രി മാലിന്യം അനധികൃതമായി പന്നി ഫാമുകൾ ശേഖരിക്കുകയോ, പൊതു സ്ഥലങ്ങളിലോ ജലാശയങ്ങളിലോ നിക്ഷേപിക്കുകയോ ചെയ്തിരുന്നു. തിരുവനന്തപുരം കോർപ്പറേഷനിലെ ജെസിബി ലോഗ് ബുക്ക് ഓഡിറ്റ് സൂക്ഷ്മ പരിശോധന നടത്തിയപ്പോൾ വെളിപ്പെട്ടത് 2020-21ൽ 49 സന്ദർഭങ്ങളിൽ പൊതു സ്ഥലങ്ങളിൽ കൂട്ടിയിട്ടിരുന്ന പൗൾട്രി മാലിന്യം ജെസിബി ഉപയോഗിച്ച് അവിടങ്ങളിൽ തന്നെ കുഴിച്ചു മൂടിയിരുന്നു എന്നാണ്. ഇത് പരിസ്ഥിതിയ്ക്ക് ദോഷവും സമീപവാസികൾക്ക് ആരോഗ്യപ്രശ്നങ്ങൾ ഉണ്ടാക്കാൻ ഇടയാവുന്നതുമാണ്. മാത്രമല്ല, സംസ്കരണം നടത്താത്ത ഇറച്ചി ഉൽപ്പന്നങ്ങൾ ഉൾപ്പെടുന്ന മാലിന്യം പന്നികൾക്ക് നൽകുന്നത് | ഭൂരിഭാഗം മുൻസിപ്പാലിറ്റികളും കശാപ്പുശാലകളിൽ നിന്നും മാലിന്യം ശേഖരിക്കുന്നതിന് സ്വകാര്യ ഏജൻസികളുമായി കരാർ ഏർപ്പെട്ടിട്ടുള്ളതാണ്. ചില മുൻസിപ്പാലിറ്റികൾ സ്ഥാപന ഉടമകളുടെ ഉത്തരവാദിത്വത്തിൽ റെന്ററിംഗ് പ്ലാന്റുമായി കരാറിൽ ഏർപ്പെട്ടിട്ടുള്ള കച്ചവടക്കാർക്ക് മാത്രമേ ലൈസൻസ് നൽകുന്നുള്ളൂ. കൊച്ചി കോർപ്പറേഷൻ Rebuild Kerala യുമായി കരാറിൽ ഏർപ്പെട്ട് അറവു മാലിന്യങ്ങൾ നീക്കം ചെയ്തുവരുന്നു. നിലവിൽ 43 റെന്ററിംഗ് യൂണിറ്റ് പ്രവൃത്തിക്കുന്നുണ്ട്.<br><br>**<u>ഫറോക്ക് നഗരസഭ</u>**<br>ഫറോക്ക് നഗരസഭയിൽ പൗൾട്ടറി മാലിന്യം ശേഖരിക്കുന്നതിനും നിർമാർജ്ജനം ചെയ്യുന്നതിനും ഉള്ള സംവിധാനം നിലവിൽ ഉണ്ട്.<br><br>**<u>കൊച്ചി കോർപ്പറേഷൻ</u>**<br>കൊച്ചി നഗരസഭയിൽ പകൽ ടി സ്റ്റാളുകൾ ഇല്ലാത്തതാണ്. കലൂരിൽ അറവുശാല സ്ഥിതിചെയ്യുന്നത് കരാർ അടിസ്ഥാനത്തിൽ ആണ് പ്രവർത്തിക്കുന്നത്. ടി അറവുശാലയിൽ ഉദ്പാദിപ്പിക്കപ്പെടുന്ന അറവുമാലിന്യം നഗരസഭയുമായി കരാറിൽ ഏർപ്പെട്ടിട്ടുള്ള റീബിൽഡ് കേരള എന്ന ഏജൻസി പൊതുജനങ്ങൾക്ക് ബുദ്ധിമുട്ട് ഉണ്ടാകാത്ത രീതിയിൽ ദിവസേന രാത്രി സമയത്ത് നീക്കം ചെയ്തുവരുന്നു. അതിനുശേഷം വരുന്ന രക്തം ഉൾപ്പെടെയുള്ള ദ്രവമാലിന്യം ബയോഗ്യാസ് പ്ലാൻറിലേക്കും അതിൽ നിന്നും ഉൽപാദിപ്പിക്കുന്ന സ്ലറി ബ്രഹ്മപുരം പ്ലാൻറിലേക്കും സംസ്കരിക്കുന്നതിനായി കൊണ്ടുപോവുകയും ചെയ്യുന്നു. |

| | | |
|---|---|---|
| | മൃഗങ്ങൾക്ക് അപകടകരമായ ആരോഗ്യപ്രശ്നങ്ങൾക്ക പുറമെ, ബാഹ്യജന്തുരോഗങ്ങളും മറ്റു രോഗാണുക്കളും മനുഷ്യരിലേക്ക് പടരുവാൻ ഉള്ള സാദ്ധ്യതയും സൃഷ്ടിക്കുന്നു. കംപോസ്റ്റ് സൗകര്യം ഇല്ലാത്ത ചന്തകളിൽ നിന്നും ജൈവമാലിന്യം നീക്കുന്നതിനായി മൃഗഫാമുകൾ, മീനുകൾക്കുള്ള ആഹാരം ഉൽപാദിപ്പിക്കുന്ന യൂണിറ്റുകൾ, ചിക്കൻ റെൻഡറിംഗ് പ്ലാന്റുകൾ മുതലായവയുമായി ഏർപ്പാട്ടുണ്ടാക്കിയിട്ടുണ്ട് എന്ന് സർക്കാർ മറുപടിയിൽ പറഞ്ഞെങ്കിലും (2022 മെയ്), ഇതിനായി രേഖാമൂലമുള്ള തെളിവുകളൊന്നും തെരഞ്ഞെടുത്ത യുഎൽബികൾ ഓഡിറ്റിന് നൽകിയിരുന്നില്ല.<br><br>**പൗൾട്രി സ്ലാട്ടുകളുടെ പ്രവർത്തനത്തെ കുറിച്ച് മലിനീകരണ നിയന്ത്രണ ബോർഡിന്റെ ന്യൂനതയാർന്ന മേൽനിരീക്ഷണം**<br><br>കേരള സർക്കാർ പുറപ്പെടുവിച്ച (2021 ഒക്ടോബർ) മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം പൗൾട്രി സ്ലാട്ടുകൾക്ക് ലൈസൻസ് നൽകുന്നതിന്, പൗൾട്രി/ഇറച്ചി സ്ലാട്ടുകൾ ജില്ലയ്ക്കുള്ളിലോ, ജില്ലയിൽ പ്ലാന്റുകൾ ഇല്ലെങ്കിൽ സമീപ ജില്ലയിലോ നിലവിലുള്ള ലൈസൻസുള്ള/അംഗീകൃത റെൻഡറിംഗ് പ്ലാന്റുകളുമായി ഉടമ്പടിയിൽ ഏർപ്പെടേണ്ടതാണ്.<br><br>ജില്ലാ പിസിബികൾ ചിക്കൻസ്ലാട്ടുകൾ പ്രവർത്തിക്കാൻ അനുവാദം നൽകിയപ്പോൾ ഉടമസ്ഥർ ലൈസൻസുള്ള റെൻഡറിംഗ് പ്ലാന്റുകളുമായി ഉടമ്പടിയിൽ ഏർപ്പെട്ടിരുന്നോ എന്ന് ഉറപ്പാക്കിയിരുന്നില്ല എന്ന് ഓഡിറ്റ് നിരീക്ഷിച്ചു. വ്യവസായ മേഖലയെ തരംതിരിച്ച പ്രകാരം | കന്നുകാലി ലായത്തിൽ ഉണ്ടാകുന്ന ചാണകം ദിവസേന നീക്കം ചെയ്തുവരുന്നു. ചാണകവും മഴവെള്ളവും കൂടികലർന്ന് കാനയിലേക്ക് ഒഴുകാതിരിക്കുന്നതിന് പ്രത്യേകം സോക്പിറ്റ് തയ്യാറാക്കി ശേഖരിച്ചുവരുന്നു. അറവുകഴിയുമ്പോൾതന്നെ അറവു നടന്ന സ്ഥലവും പരിസരവും കഴുകി വൃത്തിയാക്കുന്നു. അറവുമാലിന്യം നീക്കം ചെയ്യുന്നതിൻറെ ലോഗ് ബുക്ക് സൂക്ഷിച്ചുവരുന്നു. ശാസ്ത്രീയമായ രീതിയിൽ അറവു നടത്തുന്നതിനും അറവുമാലിന്യം സംസ്കരിക്കുന്നതിനുമുള്ള സൗകര്യം അറവുശാലയിൽ ഒരുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. അറവുശാലയിൽ കന്നുകളുടെ വൈദ്യപരിശോധന നടത്തുന്നതിന് വെറ്ററിനറി ഡോക്ടറുടെ സേവനം ലഭ്യമാക്കിയിട്ടുണ്ട്. ടി ഡോക്ടർ അവധിയിൽ പ്രവേശിക്കുകയാണെങ്കിൽ എ.ബി.സി സെൻററിൽ നിന്നും താല്ക്കാലികമായി വെറ്ററിനറി സർജൻമാരെ നിയോഗിച്ച മേൽനോട്ടം നടത്തിവരുന്നു.<br>മോഡേൺ സ്ലോട്ടർ ഹൌസ് പണികഴിപ്പിക്കുന്നതിനുള്ള കിഫ്ബി പദ്ധതിപ്രകാരം പ്രൊജക്റ്റിന് അംഗീകാരം ലഭിച്ചിട്ടുള്ളതും പൂർത്തിയാക്കുന്നതിനുവേണ്ടിയുള്ള നടപടി സ്വീകരിച്ചുവരുന്നതുമാണ്.<br>__തിരുവനന്തപുരം കോർപ്പറേഷൻ__<br>കോവിഡ് രൂക്ഷമായ സാഹചര്യത്തിൽ മാലിന്യം റെൻഡെറിങ് പ്ലാന്റിൽ കൊണ്ടുപോകുന്നതിന് സൌകര്യം ഇല്ലാതിരുന്നതിനാലാണ് അവിടങ്ങളിൽ തന്നെ കുഴിച്ചു മൂടിയിരുന്നത്. ആധുനിക രീതിയിലുള്ള അറവുശാലയുടെ നിർമ്മാണം അവസാന ഘട്ടത്തിലാണ്. ബയോഗ്യാസ് പ്ലാന്റ്, ഇ റ്റി പി, റെൻഡെറിങ് പ്ലാൻറ് എന്നിവയുടെ സൌകര്യം നിർമിക്കുന്ന അറവുശാലയിൽ ക്രമീകരിക്കുന്നുണ്ട്. കോഴി |

| | | |
|---|---|---|
| | പൗൾട്രി സ്റ്റാളുകൾ ഓറഞ്ച് കാറ്റഗറിയ്ക്ക് കീഴിൽ വരുന്നതുകാരണം ഈ സ്ഥാപനങ്ങളിൽ വർഷത്തിൽ കുറഞ്ഞത് ഒരു പരിശോധനയെങ്കിലും പിസിബി നടത്തേണ്ടത് നിർബന്ധമായിരുന്നു. ഈ പൗൾട്രി സ്റ്റാളുകളിൽ മാലിന്യ നിർമ്മാർജ്ജന സംവിധാനത്തിന്റെ നിലവാരസ്ഥിതി വിലയിരുത്തുന്നതിന് ആനുകാലിക പരിശോധനകളൊന്നും നടത്താതെ പിസിബി അവരുടെ അനുമതി അഞ്ചു കൊല്ലത്തേയ്ക്ക് പുതുക്കി നൽകി. ദ്രവമാലിന്യം സംസ്കരിക്കുന്നതിനുള്ള സംവിധാനങ്ങളുടെ അഭാവത്തിൽ അസംസ്കൃത ദ്രവമാലിന്യം മണ്ണിലേയ്ക്കും, സമീപത്തെ പൊതു ഓടകളിലേയ്ക്കും നേരിട്ട് ഒഴുക്കി വിട്ടതായി 16 യുഎൽബികളിലെ സംയുക്ത ഭൗതിക പരിശോധനയിൽ കണ്ടിരുന്നു. അധികാരികളുടെ സമയോചിതമായ ഇടപെടലുകൾ ഉണ്ടായിരുന്നെങ്കിൽ പൗൾട്രി മാലിന്യം ഇത്തരത്തിൽ വൃത്തിഹീനമായി നിർമ്മാർജ്ജനം ചെയ്യുന്നത് തടയാമായിരുന്നു.<br><br>ഇപ്പോൾ, സംസ്ഥാനത്ത് 12 റെൻഡറിംഗ് യൂണിറ്റുകൾ മാത്രമെ നിലവിൽ ഉള്ളൂ. ഇവയുടെ മൊത്തം ശേഷി 372 റ്റിപിഡി ആയിരുന്നത് ആകെ പുറപ്പെടുവിക്കുന്ന പൗൾട്രി മാലിന്യത്തിന്റെ 34 ശതമാനം മാത്രം സംസ്കരിക്കുവാൻ കഴിവുള്ളതായിരുന്നു.<br><br>ഓഡിറ്റ് നിരീക്ഷണം സർക്കാർ അംഗീകരിക്കുകയും പൗൾട്രി സ്റ്റാളുകൾ റെൻഡറിംഗ് പ്ലാന്റുകളുമായി ഉടമ്പടിയിൽ ഏർപ്പെടാൻ നിർബന്ധിക്കണമെന്ന് തദ്ദേശസ്ഥാപനങ്ങൾക്ക് കർശനനിർദ്ദേശം നൽകിയിട്ടുണ്ട് എന്ന് അന്തിമകൂടിക്കാഴ്ചയിൽ (2022 മെയ്) അറിയിക്കുകയും ചെയ്തു. എല്ലാ ജില്ലകളിലും റെൻഡറിംഗ് പ്ലാന്റുകൾ സ്ഥാപിക്കുവാൻ നടപടികൾ തുടങ്ങിയതായും പ്രസ്താവിക്കപ്പെട്ടു. | വേസ്റ്റ് നീക്കം ചെയ്യുന്നതിന് പാറയ്ക്കൽ എന്ന ഏജൻസിയുമായി കരാറിൽ ഏർപ്പെട്ടുകയും, ആയത് പ്രകാരം മാലിന്യം നീക്കം ചെയ്തു വരികയുമാണ്. |

| | | |
|---|---|---|
| | **അറവുശാലകളിലെ മാലിന്യം**<br><br>നെയ്യാറ്റിൻകര മുനിസിപ്പാലിറ്റിയിൽ അറവുശാലയിൽ നിന്നും ഓടയിലേക്ക് കശാപ്പുമൃഗങ്ങളുടെ ആന്തരികാവശിഷ്ടങ്ങൾ ഒഴിക്കിവിട്ടത് (2021 സെപ്റ്റംബർ)<br><br>ബന്ധപ്പെട്ട അധികാരികൾ അംഗീകരിച്ച അറവുശാലയിൽ അല്ലാതെ മുനിസിപ്പൽ പ്രദേശത്ത് ഒരാളും ഒരു മൃഗത്തെയും കശാപ്പ ചെയ്യരുത് എന്ന്, മൃഗങ്ങളോടുള്ള ക്രൂരത തടയൽ(അറവുശാല) ചട്ടങ്ങൾ, 2001-ലെ ചട്ടം 3(1) നിഷ്കർഷിക്കുന്നു. കേരള മുനിസിപ്പാലിറ്റി നിയമം നിഷ്കർഷിക്കുന്ന പ്രകാരം, എല്ലാ മുനിസിപ്പാലിറ്റിയും മുനിസിപ്പൽ അറവു ശാലകൾക്ക് മതിയായ സ്ഥലങ്ങൾ ലഭ്യമാക്കുകയും മുനിസിപ്പൽ അറവുശാലകൾ ശുചിയായ രീതിയിൽ സൂക്ഷിക്കുന്നതിന് വേണ്ട ഏർപ്പാടുകൾ ചെയ്യേണ്ടതുമാണ്.<br><br>ജില്ലാ മൃഗസംരക്ഷണ ഉദ്യോഗസ്ഥർ നൽകിയ വിവരങ്ങൾ പ്രകാരം, പരിശോധന നടത്തിയ 22 യുഎൽബികളിൽ 72 അറവുശാലകൾ ഉണ്ടായിരുന്നെങ്കിലും ഒന്നിനുപോലും പിസിബിയുടെ പ്രവർത്തനത്തിനുള്ള അനുമതി ഉണ്ടായിരുന്നില്ല. പരിശോധന നടത്തിയ യുഎൽബികളിൽ പുറപ്പെടുവിക്കുന്ന അറവുമാലിന്യം ഒരു ദിവസം ശരാശരി 6.12 ടൺ ആയിരുന്നു. യുഎൽബി കളിൽ അംഗീകാരം ഉള്ള കശാപ്പുശാലകളുടെ അഭാവം, നഗര പരിധിക്കുള്ളിൽ വൃത്തിഹീനമായ രീതിയിലുള്ള നിയമവിരുദ്ധ കശാപ്പിന് അവസരമുണ്ടാക്കും. | കേരളത്തിൽ പ്രവർത്തിക്കുന്ന അറവുശാലകളുടെ പ്രവർത്തനവും മാലിന്യസംസ്കരണ നടപടികളും വിലയിരുത്തുന്നതിനായി 10.10.2023-ന് ബഹു.തദ്ദേശസ്വയംഭരണ എക്സൈസ് വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ഒരു അവലോകന യോഗം കൂടിയിരുന്നു. സ്ലോട്ടർ ഹൗസുകൾക്ക് KIIFB-യുടെ ഫണ്ട് ലോൺ അടിസ്ഥാനത്തിൽ ഉപയോഗിച്ച് കൊണ്ട് പണി പൂർത്തീകരിക്കുന്നതിനായി ഒരു ബിസിനസ് മോഡൽ തയ്യാറാക്കുവാൻ IMPACT Kerala ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. അറവുശാലകളിലെ മാലിന്യ സംസ്കരണ സൗകര്യങ്ങൾക്ക് ഫണ്ട് നൽകുന്നതിനുള്ള സാധ്യതകൾ പരിശോധിക്കുവാൻ ശുചിത്വമിഷന് നിർദ്ദേശം നൽകിയിട്ടുണ്ട്. അറവുശാല പദ്ധതികളുടെ മാതൃകാ ഡി.പി.ആർ. വികസിപ്പിക്കാൻ ഇംപാക്ട് കേരള ലിമിറ്റഡിനെ ചുമതലപ്പെടുത്തി. സാമ്പത്തിക അനുമതി ലഭിച്ചിട്ടുള്ള 9 അറവുശാല പദ്ധതികൾക്ക് ബന്ധപ്പെട്ട് തദ്ദേശസ്ഥാപനങ്ങളുടെ കൗൺസിൽ പദ്ധതി അംഗീകരിച്ച് ടെണ്ടർ നടപടികൾ ത്വരിതപ്പെടുത്തുവാൻ ഇംപാക്ട് കേരളയ്ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. തുടർനടപടികൾ സ്വീകരിച്ച വരുന്നു. |
| 3.2.2 | **അപകടകരമായ ഗാർഹിക മാലിന്യത്തിന്റെ ശേഖരണം**<br><br>എസ്ഡബ്ല്യൂഎം ചട്ടങ്ങളിലെ ചട്ടം 15(1) പ്രകാരം യുഎൽബികൾ | സ്ഥാപനങ്ങൾ മുഖേന ഗാർഹിക / സാനിറ്ററി മാലിന്യങ്ങൾ ശേഖരിച്ച് കൊച്ചി അമ്പലമേടുള്ള KEIL ബയോമെഡിക്കൽ മാലിന്യ സംസ്കരണ പ്ലാന്റിൽ സംസ്കരിക്കുന്നതിനുള്ള പദ്ധതി |

| | | |
|---|---|---|
| | അപകടകരമായ ഗാർഹിക മാലിന്യങ്ങൾക്കായി മാലിന്യ നിക്ഷേപകേന്ദ്രങ്ങൾ സ്ഥാപിക്കേണ്ടതും, സുരക്ഷിതമായ നിർമ്മാർജ്ജനത്തിന് അപകടകരമായ ഗാർഹികമാലിന്യം ഈ കേന്ദ്രങ്ങളിൽ നിക്ഷേപിക്കുവാൻ മാലിന്യജനയിതാക്കൾക്ക് വേണ്ട നിർദ്ദേശങ്ങൾ നൽകേണ്ടതുമാണ് അപകടകരമായ ഗാർഹിക മാലിന്യം അന്തിമ നിർമ്മാർജ്ജനത്തിനായി നിക്ഷേപകേന്ദ്രങ്ങളിൽ/മെറ്റീരിയൽ റിക്കവറി ഫെസിലിറ്റി (എംആർഎഫ്) കളിൽ നിന്നോ, വീട്ടുകളിൽ നിന്നോ നേരിട്ട ശേഖരിക്കുന്നതിന് പൊതു ബയോമെഡിക്കൽ മാലിന്യസംസ്കരണ നിർമ്മാർജ്ജനസംവിധാനവുമായി യുഎൽബികൾ കരാറിലേർപ്പെടണമെന്ന് ബയോ-മെഡിക്കൽ മാലിന്യപരിപാലന ചട്ടങ്ങൾ, 2016 നിഷ്കർഷിക്കുന്നു.<br><br>• സങ്കീർണ്ണമായതും, ദീർഘകാലമായ അല്ലെങ്കിൽ ഗുരുതരമായ, ജീവനു ഭീഷണിയുള്ള/ജീവൻ പരിമിതപ്പെടുത്തുന്ന ആരോഗ്യ അവസ്ഥയുള്ളവർക്കും, കിടപ്പ രോഗികൾക്കും തദ്ദേശസ്ഥാപനങ്ങൾ സാന്ത്വന പരിചരണസേവനങ്ങൾ നൽകുന്നതായി ശ്രദ്ധിക്കപ്പെട്ടു. 2016-2021 കാലയളവിൽ പരിശോധന നടത്തിയ യുഎൽബികൾ 14185 രോഗികൾക്ക് സാന്ത്വന പരിചരണ പദ്ധതികൾ നടപ്പിലാക്കുന്നതിന് ₹13.50 കോടി ചെലവിടുകയുണ്ടായി. ഇതിൽ ഉപകരണങ്ങളും മരുന്നുകളും, സിറിഞ്ചുകൾ, യൂറിൻ ബാഗുകൾ, കത്തീറ്റർ, റൈൽസ് ട്യൂബുകൾ എന്നിങ്ങനെയുള്ള ഡിസ്പോസിബിൾ ഇനങ്ങളുടെ വാങ്ങലും ഉൾപ്പെടുന്നു. ആയതിനാൽ സാന്ത്വന പരിചരണ വീട്ടുകളിൽ ജന്യമാകാനിടയുള്ള ബയോ-മെഡിക്കൽ | പ്രാവർത്തികമാക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശം സ.ഉ.(സാധാ) 1227/2022/തസ്വഭവ തീയതി 16.05.2022 പ്രകാരം അംഗീകരിച്ച് ഉത്തരവായിരിക്കുന്നു. ഗാർഹിക / സാനിറ്ററി മാലിന്യങ്ങൾ ശേഖരിച്ച് സംസ്കരിക്കുന്നതിന് നാല് തദ്ദേശ സ്ഥാപനങ്ങളിൽ പൈലറ്റ് പ്രോജക്ടുകൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച വരുന്നു.<br><br>ഇന്ത്യൻ മെഡിക്കൽ അസോസിയേഷന് കീഴിലുള്ള IMAGE ന് പുറമെ, അപകടകരമായ ഗാർഹിക മാലിന്യം സംസ്കരിക്കുന്നതിലേക്ക് കേരളത്തിൽ നിലവിൽ കൊച്ചി അമ്പലമേട് പ്രവർത്തിക്കുന്ന KEIL ബയോമെഡിക്കൽ മാലിന്യ സംസ്കരണ പ്ലാന്റ് മാത്രമാണ് ഉള്ളത്. ആയതിനാൽ കേരളത്തിലെ വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നുള്ള അപകടകരമായ ഗാർഹിക മാലിന്യം ക്ലീൻ കേരള കമ്പനി വഴിയും മറ്റ് പ്രൈവറ്റ് സ്ഥാപനങ്ങൾ വഴിയും ശേഖരിച്ച് അമ്പലമേട് പ്രവർത്തിക്കുന്ന KEIL പ്ലാന്റിൽ എത്തിച്ച് ശാസ്ത്രീയമായി സംസ്കരിച്ച് വരുന്നു. ഇത് സംബന്ധിച്ചുള്ള മാർഗ്ഗ നിർദ്ദേശം സ.ഉ. നം.(സാധാ) 1227/2022/LSGD dated 16.05.2022 നമ്പർ പ്രകാരം സർക്കാർ ഉത്തരവായിട്ടുള്ളതാണ്. ഇത്തരത്തിൽ വീട്ടുകളിൽ നിന്നും മാലിന്യം സുരക്ഷിതമായി ശേഖരിച്ച് KEIL ൽ എത്തിച്ച് സംസ്കരിക്കുന്നതിലേക്ക് കൈമാറാൻ താത്പര്യമുള്ള |

| | | |
|---|---|---|
| | മാലിന്യത്തിന്റെ ഗണ്യമായ അളവിനെക്കുറിച്ച് യുഎൽബികൾക്ക് അറിവുള്ളതാണ്. എന്നാൽ അത്തരം വീടുകളിൽ നിന്ന് പുറപ്പെടുവിക്കുന്ന ബയോ-മെഡിക്കൽ മാലിന്യം ശേഖരിക്കുവാൻ, പരിശോധന നടത്തിയ 13 യുഎൽബികൾ യാതൊരു നടപടിയും എടുത്തതായി കണ്ടില്ല. ബാക്കിയുള്ള യുഎൽബികൾ ഓഡിറ്റിനോട് പറഞ്ഞത് അവർ അത്തരം മാലിന്യം സംസ്കരണകേന്ദ്രങ്ങളിലേയ്ക്ക് നീക്കംചെയ്യുവാൻ സമീപത്തെ ആശുപത്രികൾക്ക് കൈമാറിയിരുന്നു എന്നാണ്.<br><br>• പരിശോധന നടത്തിയ ഒരു യുഎൽബിയും അപകടകരമായ ഗാർഹിക മാലിന്യം നിക്ഷേപിക്കുന്നതിനും ശേഖരിക്കുന്നതിനും വേണ്ടി മാലിന്യ നിക്ഷേപ സ്ഥാനങ്ങളോ/കേന്ദ്രങ്ങളോ സ്ഥാപിച്ചിരുന്നില്ല. തൽഫലമായി അപകടകരമായ ഗാർഹിക മാലിന്യം റോഡിന്റെ വശങ്ങളിലും പൊതു സ്ഥലങ്ങളിലും കൂട്ടിയിട്ടിരിക്കുന്ന ഉദാഹരണങ്ങൾ തെരഞ്ഞെടുക്കപ്പെട്ട യുഎൽബികളിലെ സംയുക്ത പരിശോധനയിൽ കണ്ടിരുന്നു. ഇത് പരിസ്ഥിതിക്കും ആരോഗ്യത്തിനും വിപത്തുകൾ സൃഷ്ടിക്കുന്നു. | സ്ഥാപനങ്ങളെ എംപാനൽ ചെയ്യുന്നതിനുള്ള നടപടികൾ ശുചിത്വ മിഷൻ ആരംഭിച്ചിട്ടുള്ളതാണ്. |
| 3.2.3 | **സാനിറ്ററി മാലിന്യങ്ങളുടെ ശേഖരണം**<br><br>ഉപയോഗം കഴിഞ്ഞ ഡയപ്പറുകൾ, സാനിറ്ററി ടൗവലുകളും, നാപ്കിനുകളും, ടാംപണുകൾ, ഉറകൾ, ഇൻകണ്ടിനൻസ് ഷീറ്റുകൾ, ഇതേ സ്വഭാവത്തിൽ ഉള്ള മറ്റേതെങ്കിലും മാലിന്യം എന്നിവയെല്ലാം അടങ്ങുന്നതാണ് സാനിറ്ററി മാലിന്യം. പരിശോധന നടത്തിയ | എല്ലാ ജില്ലകളിലും സാനിറ്ററി പ്ലാന്റുകളുടെ പ്രൊജക്റ്റ് ഏറ്റെടുത്തിട്ടുണ്ട്. ഫണ്ട് വിവരങ്ങൾ പരിശോധിച്ചതിൽ, 57 പ്രൊജെക്ടുകളിൽ 48 എണ്ണവും KWSMP ഫണ്ട് ആണ് വകയിരുത്തിയിരിക്കുന്നത്. KSWMP ഫണ്ട് ലോൺ ആയതിനാൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ |

| | | |
|---|---|---|
| | യുഎൽബികൾ ഒന്നും തന്നെ സാനിറ്ററി മാലിന്യം ശേഖരിക്കുകയോ സാനിറ്ററി മാലിന്യത്തിനായി സമൂഹതല നിർമ്മാർജ്ജന സംവിധാനം ഏർപ്പെടുത്തുകയോ ചെയ്തിരുന്നില്ല എന്ന് ഓഡിറ്റ് നിരീക്ഷിച്ചു. സാനിറ്ററി മാലിന്യം പതിവായി ശേഖരിക്കുവാൻ ഒരു സംവിധാനം ഇല്ലാത്തതിനാൽ, അത് ഖരമാലിന്യവുമായി ഇടകലരുവാൻ ഉള്ള സാഹചര്യം ഉണ്ടാക്കുകയും, ഇത് വേർതിരിക്കലിന് വളരെയധികം ബുദ്ധിമുട്ടുണ്ടാക്കുകയും ചെയ്തു ഇതിനു പുറമേ പ്ലാസ്റ്റിക് മാലിന്യവും സാനിറ്ററി മാലിന്യവും തുറസ്സായ സ്ഥലങ്ങളിൽ കത്തിക്കുന്നതിനും തദ്വാരാ പാരിസ്ഥിതിക പ്രശ്നങ്ങൾക്കും ഇടയാക്കി.<br><br>സർക്കാർ അന്തിമകൂടിക്കാഴ്ചയിൽ (2022 മെയ്) ഓഡിറ്റിന്റെ കണ്ടെത്തലുകളെ അംഗീകരിക്കുകയും, അപകടകരമായ ഗാർഹികമാലിന്യം, സാനിറ്ററി മാലിന്യം എന്നിവ ശേഖരിക്കുന്നതിനും നിർമ്മാർജ്ജനം ചെയ്യുന്നതിനും നിലവിൽ ഒരു സംവിധാനവും തന്ത്രവും ഇല്ല എന്നു പറയുകയും ചെയ്തു. എറണാകുളത്തും ചുറ്റുമുള്ള ചില പഞ്ചായത്തുകളിൽ ഒരു പൈലറ്റ് സ്റ്റഡി നടത്തുകയും, അതിന്റെ അടിസ്ഥാനത്തിൽ സാനിറ്ററി മാലിന്യം ഉൾപ്പെടെയുള്ള ഗാർഹിക ബയോമെഡിക്കൽ മാലിന്യ ശേഖരണവും നിർമ്മാർജ്ജനവും സംബന്ധിച്ച മാർഗ്ഗരേഖകൾ പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട് (2022 മെയ്) എന്നും പറയുകയുണ്ടായി.<br><br>യുഎൽബികളിൽ സാനിറ്ററി മാലിന്യം ശേഖരിക്കുന്നതിനും സംസ്കരിക്കുന്നതിനും സൗകര്യമൊരുക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കേണ്ടതുണ്ട്. | ഇക്കാര്യത്തിൽ തീരുമാനം എടുക്കാത്ത അവസ്ഥയുണ്ട്. 57 പ്രോജക്ടുകളിൽ 45 പ്രോജക്ടുകൾ നടപ്പിലാക്കേണ്ട സ്ഥലം കണ്ടെത്തിയിട്ടുണ്ട്. ബാക്കിയുള്ളവ പ്രാരംഭ ചർച്ചയിൽ ആണ്. ഏറ്റെടുത്ത പ്രോജക്ടുകൾ അടിയന്തിരമായി നടപ്പിലാക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട് എന്ന് ശുചിത്വ മിഷൻ അറിയിച്ചിട്ടുണ്ട്. സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേന ഗാർഹിക / സാനിറ്ററി മാലിന്യങ്ങൾ ശേഖരിച്ച് കൊച്ചി അമ്പലമേടുള്ള KEIL ബയോമെഡിക്കൽ മാലിന്യ സംസ്കരണ പ്ലാന്റിൽ സംസ്കരിക്കുന്നതിനുള്ള പദ്ധതി പ്രാവർത്തികമാക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശം സ.ഉ.(സാധാ) 1227/2022/തസ്വഭവ തീയതി 16.05.2022 പ്രകാരം അംഗീകരിച്ച് ഉത്തരവായിരിക്കുന്നു. ഗാർഹിക / സാനിറ്ററി മാലിന്യങ്ങൾ ശേഖരിച്ച് സംസ്കരിക്കുന്നതിന് നാല് തദ്ദേശ സ്ഥാപനങ്ങളിൽ പൈലറ്റ് പ്രോജക്ടുകൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>ആയതിന് പുറമെ എല്ലാ ജില്ലകളിലും സാനിറ്ററി പ്ലാന്റുകളുടെ പ്രോജക്ട് ഏറ്റെടുത്തിട്ടുണ്ട്.<br><br>റെയിൽവേ ശൃംഖലയിലെ മാലിന്യസംസ്കരണ മേഖലയിൽ സഹകരണ സാധ്യതകൾ കണ്ടെത്തുന്നതിനും പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനുമായി തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിൽ തിരുവനന്തപുരം, പാലക്കാട് ഡിവിഷണൽ റെയിൽവേ മാനേജ്മെന്റുകളുമായി യോഗം ചേർന്നു. യോഗം താഴെ |

| | | |
|---|---|---|
| | **റെയിൽവേ സ്റ്റേഷനുകളിൽ നിന്നുള്ള മാലിന്യം ശേഖരിക്കാതിരുന്നതുമൂലമുള്ള പരിസ്ഥിതി മലിനീകരണം**<br><br>റയിൽവേ സ്റ്റേഷനിലെ മാലിന്യ സംസ്കരണത്തിനും നിർമ്മാർജ്ജനത്തിനും ആവശ്യമായ റിസോഴ്സ് റിക്കവറി ഫെസിലിറ്റിയുടെ പ്രവർത്തനത്തിനും പരിപാലനത്തിനുമായി തിരുവനന്തപുരം സെൻട്രൽ റയിൽവേ സ്റ്റേഷൻ സികെസിഎല്ലുമായി ധാരണാപത്രത്തിൽ ഏർപ്പെട്ടു (2020 സെപ്റ്റംബർ). ബയോകംപോസ്റ്റർ മെഷീൻ പ്രവർത്തനക്ഷമമല്ലാത്തതു കാരണം വേർതിരിച്ച ജൈവമാലിന്യം കെട്ടുകെട്ടായി ഫെസിലിറ്റിയുടെ പുറത്ത് കൂട്ടിയിട്ടത്, ദുഷിച്ച ഗന്ധം ഉണ്ടാക്കുന്നതിനും മാലിന്യകൂമ്പാരത്തിൽ നിന്ന് ലീച്ചെറ്റ് ഊർന്നൊലിക്കുന്നതിനും ഇടയാക്കി. ഈ ജൈവമാലിന്യം, സികെസിഎൽ എടുത്തുമാറ്റി കെഇഐഎൽന്റെ ലാൻഡ്ഫില്ലിലേക്ക് കൊണ്ടു പോകുമെന്ന് റെയിൽവേ അധികാരികൾ പറഞ്ഞു. എന്നാൽ, ഈ മാലിന്യം സികെസിഎൽ തിരുവനന്തപുരം ജില്ലയിലെ പാലിയോട് എന്ന സ്ഥലത്തെ സ്വകാര്യഭൂമിയിൽ കുഴിച്ചുമൂടുകയായിരുന്നു എന്നാണ് സികെസിഎല്ലിലെ രേഖകളുടെ പരിശോധന വെളിപ്പെടുത്തിയത്. മാലിന്യത്തിന്റെ കാര്യക്ഷമമായ പരിപാലനം നടപ്പാക്കേണ്ട ഏജൻസി തന്നെ ഇത്തരം അശാസ്ത്രീയ നിർമ്മാർജ്ജന രീതികൾ അവലംബിക്കുന്നത് ന്യായീകരിക്കത്തക്കതല്ല.<br><br>ഇതിനുപുറമെ, റെയിൽവേ സ്റ്റേഷനിലും ഡിപ്പോ പരിസരത്തും ഉൽപാദിപ്പിക്കുന്ന ദ്രവമാലിന്യങ്ങൾ സംസ്കരിക്കുന്നതിനുള്ള മലിനജലസംസ്കരണ പ്ലാന്റിന്റെ പണി പൂർത്തീകരിച്ചിട്ടില്ല എന്നും ഓഡിറ്റ് നിരീക്ഷിച്ചു. പ്ലാന്റ് ഇതുവരെയും പ്രവർത്തനക്ഷമമാക്കാത്തതുമൂലം, | സൂചിപ്പിക്കുന്ന കാര്യങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിച്ചു:<br><br>1. റെയിൽവേ സ്റ്റേഷനുകളിലെ മാലിന്യ സംസ്കരണം (പ്ലാറ്റ്ഫോമുകളിലെ റസ്റ്റോറൻറുകളിലെയും മറ്റ് വാണിജ്യ സ്ഥാപനങ്ങളിലെയും മാലിന്യ സംസ്കരണ രീതികൾ ഉൾപ്പെടെ)<br>2. പാസഞ്ചർ ട്രെയിനുകളിലെ മാലിന്യ സംസ്കരണം<br>3. റെയിൽവേ ട്രാക്കുകളിൽ മാലിന്യം കുമിഞ്ഞുകൂടുന്നത് പരിഹരിക്കാനുള്ള മാർഗ്ഗങ്ങൾ<br><br>പ്രസ്തുത മീറ്റിംഗ് തീരുമാന പ്രകാരം മാലിന്യ ശേഖരണ കരാറുകളിൽ അംഗീകൃത റീസൈക്കിളേഴ്സുമായി ചേർന്ന് ഫോർവേഡ് ലിങ്കെയ്ജ് ഉറപ്പാക്കണം എന്ന നിബന്ധന വ്യക്തമായി ഉൾപ്പെടുത്തണമെന്ന് റെയിൽവേക്ക് നിർദേശം നല്കിയിട്ടുള്ളതാണ്. |

| | | |
|---|---|---|
| | പുറപ്പെടുവിക്കുന്ന മലിനജലം റെയിൽവേ കോമ്പൗണ്ടിന്റെ അടിയിലൂടെ ഒഴുകുന്ന ആമയിഴഞ്ചാൻ തോടിലേയ്ക്ക് ഒഴുക്കിയിരുന്നു. കനാലിലേക്ക് വലിച്ചെറിയുന്ന പ്ലാസ്റ്റിക് മാലിന്യത്തിനു പുറമെ ദ്രവമാലിന്യവും ഒഴുക്കി വിടുന്നത് ജലാശയത്തെ മലിനമാക്കുന്നത് കൂടാതെ മഴക്കാലത്ത് നഗരങ്ങളിൽ വെള്ളപ്പൊക്കത്തിന്റെ സാദ്ധ്യതയ്ക്കും വഴിതെളിക്കുന്നു. | |
| 3.3 | **പരിവഹനം**<br><br>മാലിന്യം നിറഞ്ഞുകവിയുന്നതും ചിന്നിച്ചിതറികിടക്കുന്നതും ഒഴിവാക്കുന്നതിനായി പതിവായും ക്രമമായും, മുൻകൂട്ടി അറിയിച്ചുകൊണ്ടുള്ള ഇടവേളകളിൽ പ്രവർത്തിക്കുന്ന രീതിയിൽ, ശരിയായ സംയോജനത്തോടെയുള്ള പ്രാഥമികതലത്തിലും ദ്വിതീയതലത്തിലുമുള്ള ശേഖരണ-പരിവഹന-സംവിധാനമാണ് എംഎസ്ഡബ്ള്യൂഎം മാന്വൽ നിഷ്കർഷിക്കുന്നത്. ഇതിനുപുറമെ,മാലിന്യം കൊണ്ടുപോകുന്ന വാഹനങ്ങൾ മാലിന്യസംഭരണ ഡിപ്പോയിലെ സജ്ജീകരണങ്ങളുടെ രൂപകല്പനയുമായി യോജിക്കുന്നതും, അനായാസം പ്രവർത്തിപ്പിക്കാവുന്നതും, വേർതിരിക്കപ്പെട്ട മാലിന്യങ്ങൾ വഹിച്ചു കൊണ്ടു പോകുവാൻ കഴിവുള്ളതുമായിരിക്കണം. ഉൽപാദനവും മാലിന്യ ശേഖരണവും ശാസ്ത്രീയമായി നിർണ്ണയിക്കാൻ യുഎൽബികൾ ശ്രമിക്കാത്തതിനാൽ വാഹനങ്ങളുടെ ആവശ്യകതയെക്കുറിച്ച് യഥാർത്ഥമായി വിലയിരുത്താൻ യുഎൽബികൾക്ക് കഴിഞ്ഞില്ലെന്ന് ഓഡിറ്റ് നിരീക്ഷിച്ചു. | KSWMP<br>കെ.എസ്.ഡബ്ല്യു.എം.പി. ഭാഗമായി തയ്യാറാക്കുന്ന ഖരമാലിന്യ പരിപാലന പ്ലാനിൽ മാലിന്യ പരിപാലനം സംബന്ധിച്ച് കൃത്യമായ അവസ്ഥാ വിലയിരുത്തൽ, റൂട്ട് പ്ലാനിംഗ്, ആവശ്യമായ വാഹനത്തിന്റെ എണ്ണം/ തരം നിശ്ചയിക്കുകയും അത് പ്രകാരം പദ്ധതികൾ ഏറ്റെടുത്ത് നടപ്പിലാക്കുകയും ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.<br>**<u>കൊച്ചി കോർപ്പറേഷൻ</u>**<br>മാലിന്യ നിർമ്മാർജ്ജനത്തിനായി ഉപയോഗിക്കുന്ന വാഹനങ്ങൾ മാലിന്യം റോഡിൽ വീഴാതിരിക്കുന്ന വിധത്തിലും ലീച്ചറ്റ് ഒഴുകാത്ത രീതിയിലും ഉള്ള വിധത്തിൽ ലഭ്യമാക്കുന്നതിന് നഗരസഭ ചുമതലപ്പെടുത്തിയ ഏജൻസിക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്<br>**<u>നെടുമങ്ങാട് നഗരസഭ</u>**<br>മാലിന്യങ്ങൾ കൊണ്ട് പോകുന്നതിനും കവചിത വാഹനങ്ങൾ ഉപയോഗിക്കുന്നു. ജൈവ മാലിന്യം ശേഖരിക്കാത്തതിനാൽ ലീ ചെറ്റുകൾ വഴിയിൽ തൂകുന്ന പ്രശ്നം ഉണ്ടാകുന്നില്ല. |

| | | |
|---|---|---|
| | മാലിന്യം കൊണ്ടുപോകാൻ ഉപയോഗിക്കുന്ന വാഹനങ്ങൾ മൂടിയുള്ളതും മാലിന്യം പൊതു ജനങ്ങൾക്ക് ദൃശ്യമാകാത്ത രീതിയിൽ കൊണ്ടു പോകാവുന്നതും ആയിരിക്കണം. സംസ്കരണ നിർമ്മാർജ്ജന സംവിധാനത്തിലേക്കു കൊണ്ടുപോകുമ്പോൾ മാലിന്യവും ലീച്ചെറ്റും വഴിയിൽ തൂവുന്നത് തടയാൻ ശരിയായ ശ്രദ്ധ നൽകണം. പ്രാദേശിക സാഹചര്യങ്ങളും സംസ്കരണ കേന്ദ്രത്തിന്റെ സ്ഥാനവും കണക്കിലെടുത്ത് ഉന്തുവണ്ടികൾ, ഓട്ടോ ടിപ്പറുകൾ, ടിപ്പർ ട്രക്കുകൾ, കോംപാക്ടറുകൾ എന്നിവ പോലുള്ള വിവിധ തരം വാഹനങ്ങൾ മാലിന്യശേഖരണത്തിനും പരിവഹനത്തിനുമായി യുഎൽബികൾ ഉപയോഗിക്കുന്നു. | |
| 3.3.1 | **വേർതിരിവ് ഇല്ലാത്ത വാഹനങ്ങളും/കവചിതമല്ലാത്ത വാഹനങ്ങളും ഉപയോഗിച്ചത്**<br><br>അതാത് സംസ്കരണ നിർമ്മാർജ്ജന കേന്ദ്രത്തിലേക്ക് മാലിന്യം കൊണ്ടുപോകുമ്പോൾ, വേർതിരിക്കപ്പെട്ട മാലിന്യം പരിവഹനത്തിന്റെ ഒരു ഘട്ടത്തിലും ഇടകലരുന്നില്ലായെങ്കിൽ മാത്രമേ ഉറവിടത്തിലെ വേർതിരിക്കൽ വിജയകരമാകുകയുള്ളൂ. പരിശോധന നടത്തിയ യുഎൽബികളിൽ, ഏഴിടങ്ങളിൽ കവചിതമല്ലാത്ത വാഹനങ്ങൾ മാലിന്യം കൊണ്ടുപോകുന്നതിന് ഉപയോഗിച്ചത്, മാലിന്യം വഴിനീളെ തൂവുന്നതിനും, ചിന്നിച്ചിതറുന്ന തിനും ഇടയാക്കി. തെരഞ്ഞെടുത്ത യുഎൽബികളിൽ മാലിന്യ പരിവഹനത്തിന് ഉപയോഗിച്ചിരുന്ന വിവിധ ഇനം വാഹനങ്ങളിൽ, 35.24 ശതമാനം വാഹനങ്ങൾക്ക് മാത്രമേ വേർതിരിക്കൽ ഉണ്ടായിരുന്നുള്ളൂ 58.13 ശതമാനം വാഹനങ്ങൾ റിപ്പയർ പണികൾ, ഫിറ്റ്നസ്സിന്റെ നഷ്ടം എന്നിങ്ങനെയുള്ള വിവിധ | ശേഖരിക്കുന്ന അജൈവ മാലിന്യങ്ങൾ സംസ്കരണ പ്ലാന്റിലേക്ക് കൊണ്ടുപോകുന്നതിനുള്ള വാഹനങ്ങളുടെ കൃത്യമായ കണക്കു വെയ്ക്കുവാനും വാഹനങ്ങൾ സമയബന്ധിതമായി റിപ്പയർ പണികളും മറ്റും ചെയ്ത് പ്രവർത്തനക്ഷമമാണെന്ന് ഉറപ്പ് വരുത്തുകയും ചെയ്യുന്നതിനുള്ള ശ്രമങ്ങൾ നടന്നു വരുന്നുണ്ട്.<br>ഹരിത കർമ്മ സേന ഉപയോഗിക്കുന്ന വാഹനങ്ങളുടെ വിവരങ്ങൾ സൂക്ഷിക്കുന്നതിനും, കൃത്യമായ അറ്റകുറ്റപണ ചെയ്യുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

| | | |
|---|---|---|
| | കാരണങ്ങളാൽ പ്രവർത്തനക്ഷമമായിരുന്നില്ല.<br><br>നിലവിലുള്ള മൂടിയില്ലാത്ത വാഹനങ്ങൾ കവചിത വാഹനങ്ങളാക്കി മാറ്റപ്പെട്ടു കൊണ്ടിരിക്കുകയാണെന്നും മാലിന്യം കൊണ്ടുപോകുന്ന വാഹനങ്ങളിൽ ജിപിഎസ് ലഭ്യമാക്കുന്നത് ഉറപ്പാക്കുമെന്നും സർക്കാർ മറുപടി പറഞ്ഞു (2022 മെയ്). | |
| **3.3.2** | **മാലിന്യ പരിവഹനത്തിനുള്ള സ്വന്തം വാഹനങ്ങൾ നിഷ്ക്രിയമായി കിടക്കുകയും സ്വകാര്യ വാഹനങ്ങൾ വാടകയ്ക്ക് എടുക്കുകയും ചെയ്തത്**<br><br>• മാലിന്യം നീക്കുന്നതിനായി കൊച്ചി കോർപ്പറേഷന് (കോർപ്പറേഷൻ) 97 വാഹനങ്ങൾ ഉണ്ട്. ഇതിൽ 66 വാഹനങ്ങൾ ഓഡിറ്റിൽ ഉൾപ്പെടുത്തിയിരുന്ന അഞ്ചുവർഷക്കാലം റോഡിൽ ഇറക്കാൻ കഴിയാത്ത നിലയിൽ ആയിരുന്നു. വാഹനങ്ങൾ ഉപയോഗിക്കാതെ കിടന്നിരുന്നതിന്റെ മുഖ്യകാരണം ഫിറ്റ്നസ്സ് ലഭ്യമാക്കാനുള്ള നാല് മാസം മുതൽ 74 മാസം വരെ നീണ്ട കാലതാമസമായിരുന്നു. നടപടിക്രമങ്ങളിലെ താമസത്തിന് പുറമേ ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റി/യുഎൽബികളുടെ കൗൺസിലുകൾ എന്നിവയിൽ നിന്നും അനുമതി ലഭിക്കുവാനും കോൺട്രാക്ടർമാർ കേട്ടുപാടുകൾ പരിഹരിക്കുന്നതിനും ഗണ്യമായ കാലതാമസം ഉണ്ടായി എന്ന് ഓഡിറ്റ് നിരീക്ഷിച്ചു. 2022 മാർച്ച് വരെ, കവചിത ടിപ്പറുകളുടെ കാര്യത്തിൽ 15 മാസങ്ങൾ വരെയും, കോംപാക്ടറുകൾക്ക് 23 മാസങ്ങൾ വരെയും, ജെസിബിക്ക് 41 മാസങ്ങൾ വരെയും മിനി ജെസിബിക്ക് 62 മാസങ്ങൾ വരെയും | **<u>കൊച്ചി കോർപ്പറേഷൻ</u>**<br>കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻറെ ഉടമസ്ഥതയിലുള്ളതും മാലിന്യ സംസ്കരണത്തിന് ഉപയോഗിക്കുന്നതുമായ വാഹനങ്ങൾ റിപ്പയർ ചെയ്യുന്നതിന് നഗരസഭയ്ക്ക് സ്വന്തമായി വർക്ക്ഷോപ്പില്ലാത്തതിനാൽ പുറമെയുള്ള വർക്ക്ഷോപ്പുകളിൽ നിന്നും ക്വട്ടേഷൻ ക്ഷണിച്ചാണ് പണി ചെയ്യുന്നത്. വാഹനങ്ങളുടെ അറ്റകുറ്റപ്പണികൾ യഥാസമയം നടത്തുന്നതിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വാഹനങ്ങൾ മാലിന്യങ്ങൾ എടുക്കുന്നതിന് ഉപയോഗിക്കുന്നതിനാലും കാലപ്പഴക്കം മൂലവും അടിക്കടി തകരാറുകൾ സംഭവിക്കാറുണ്ട്. കൂടാതെ സി.എഫ്. ടെസ്റ്റിന് മുന്നോടിയായും അറ്റകുറ്റപ്പണികൾ നടത്തേണ്ടതുണ്ട്. ഹെൽത്ത് വാഹനങ്ങൾ അറ്റകുറ്റപ്പണികൾ നടത്തുവാൻ ഭൂരിഭാഗം വർക്ക്ഷോപ്പുകളും തയ്യാറാകുന്നില്ല. ഏതാനും വർക്ക്ഷോപ്പുകൾ മാത്രമാണ് അറ്റകുറ്റപ്പണികൾ നടത്തുവാൻ മുന്നോട്ട് വന്നിട്ടുള്ളത്. ടി വർക്ക്ഷോപ്പുകളിൽ നിന്നും എസ്റ്റിമേറ്റ് ലഭിക്കുവാനും പണി |

| | | |
|---|---|---|
| | ആപ്പെ ടക്കുകൾക്ക് 74 മാസങ്ങൾ വരെയും ആയിരുന്നു കാലതാമസം നേരിട്ടത്. ഫിറ്റ്നസ് സംബന്ധമായ ക്ലിയറൻസ് കിട്ടാത്തതു കാരണം ഈ വാഹനങ്ങൾ ഇപ്പോഴും റോഡിൽ ഇറക്കാൻ സാധിക്കാതെ കിടക്കുന്നു. മാലിന്യ പരിവഹനത്തിനായി കോർപ്പറേഷൻ വാഹനങ്ങൾ വാടകയ്ക്ക് എടുക്കുന്നതിനായി 2017-2021 കാലയളവിൽ ₹27.53 കോടി ചെലവാക്കുകയുണ്ടായി<br><br>• സമാന്തരമായി, കോർപ്പറേഷൻ 2020 ജൂലൈ വരെ ഖര/പ്ലാസ്റ്റിക് മാലിന്യങ്ങൾക്ക് ₹450/ടൺ മുതൽ ₹2100/ടൺ എന്ന തോതിൽ കരാർ അടിസ്ഥാനത്തിൽ ശരാശരി 44 വാഹനങ്ങൾ വാടകയ്ക്ക് എടുത്തിരുന്നു. കരാർ 2020 ജൂലൈ മുതൽ പ്രാബല്യത്തിൽ വരുന്ന തരത്തിൽ പുതുക്കുകയും ഓരോ വാഹനത്തിനും ₹4850/വാഹനം/ദിവസം വരെ നൽകി വാടകയ്ക്ക് എടുക്കുകയും ചെയ്തു.<br><br>ഫിറ്റ്നസ് ലഭിക്കാൻ സ്വീകരിച്ച നടപടിക്രമങ്ങളായ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും കൗൺസിലിന്റെയും അനുമതി, വാഹനങ്ങളുടെ അറ്റകുറ്റപ്പണിക്ക് കൊട്ടേഷൻ ക്ഷണിക്കൽ, പണം നൽകുവാൻ കമ്മിറ്റിയുടെയും കൗൺസിലിന്റെയും അംഗീകാരം ലഭ്യമാക്കൽ എന്നിവ മൂലം ഫിറ്റ്നസ് ക്ലിയറൻസ് ലഭിക്കുവാൻ കാലതാമസം ഉണ്ടായതായി സർക്കാർ മറുപടി പറഞ്ഞു (2022 മെയ്). വാഹനങ്ങൾ ദീർഘകാലം റോഡിൽ ഇറക്കാൻ സാധിക്കാതെ കിടക്കുവാൻ ഇടയാക്കിയ നടപടിക്രമങ്ങളിലെ കാലതാമസം കുറയ്ക്കുന്നതിന് കോർപ്പറേഷന് ഫലപ്രദമായി ഇടപെടാമായിരുന്നു എന്നതിനാൽ മറുപടി ന്യായീകരിക്കത്തക്കതല്ല. കൂടാതെ | പൂർത്തിയായി ലഭിക്കുന്നതിനും കാലതാമസം നേരിടേണ്ടിവരുന്നു. സ്പെയർ പാർട്ട്സുകളുടെ വില വാഹന വിലയേക്കാൾ അധികരിക്കുന്നതിനാലും സ്പെയർ പാർട്ട്സുകളുടെ ലഭ്യതക്കുറവ് മൂലവുമാണ് ഒട്ടുമിക്ക ആപെ 4 വീലർ വാഹനങ്ങളും റിപ്പയർ ചെയ്യുവാൻ സാധിക്കാത്തത്. അറ്റകുറ്റപ്പണികൾ നടത്തി പുനരുപയോഗിക്കുവാൻ സാധിക്കാത്ത വാഹനങ്ങളുടെ മൂല്യ നിർണ്ണയം പി.ഡബ്ല്യു.ഡി. മെക്കാനിക്കൽ വിഭാഗത്തിൽ നിന്നും ലഭ്യമാക്കി അവ ലേലം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. മറ്റ് വാഹനങ്ങളുടെ അറ്റകുറ്റപ്പണികൾ യഥാസമയം നടത്തുന്നതിനായി ശ്രദ്ധിക്കുന്നതാണ്. ടി പ്രവൃത്തികൾ ഊർജ്ജിതപ്പെടുത്തുന്നതിനായി മെക്കാനിക്കൽ എഞ്ചിനീയറെ നഗരസഭ നിയോഗിക്കുന്നതാണ്.<br>**തിരുവനന്തപുരം കോർപ്പറേഷൻ** - മറുപടി സമിതിയോഗത്തിൽ നേരിട്ട് ലഭ്യമാക്കാൻ കോർപ്പറേഷനോട് ആവശ്യപ്പെട്ടിട്ടുണ്ട്. |

ഒഴിവാക്കാമായിരുന്ന ഭരണപരമായ താമസം മൂലം സ്വന്തം വാഹനങ്ങൾ റോഡിൽ ഇറക്കാൻ സാദ്ധ്യമല്ലാതെ കിടക്കുമ്പോൾ, വാഹനങ്ങൾ വാടകയ്ക്ക് എടുക്കുന്നതിനായി യുഎൽബികൾ ഗണ്യമായ തുകകൾ ചെലവിടുന്നത് സ്വീകാര്യമായ പ്രവണത അല്ല.

- തിരുവനന്തപുരം കോർപ്പറേഷന് സ്വന്തമായി 120 വാഹനങ്ങൾ ഉണ്ടായിരുന്നതിൽ 107 വാഹനങ്ങൾ, ജൈവമാലിന്യം വീട്ടുവീടാന്തരം ശേഖരിച്ച് വിളപ്പിൽശാലയിലെ വിൻഡ്രോ കംപോസ്റ്റ് സെന്ററിലേയ്ക്ക് കൊണ്ടു പോകാനായി 2006 മുതൽ 2010 വരെയുള്ള കാലയളവിൽ വാങ്ങിയതായിരുന്നു. 2011 ഡിസംബറിൽ പ്ലാന്റ് അടച്ചു പൂട്ടിയതോടുകൂടി വീട്ടുവീടാന്തരം ജൈവമാലിന്യം ശേഖരിക്കുന്നത് കോർപ്പറേഷൻ നിർത്തലാക്കുകയും ജൈവമാലിന്യം ഉറവിടത്തിൽ തന്നെ സംസ്കരിക്കുന്നത് പ്രോത്സാഹിപ്പിക്കുകയും ചെയ്തു തുടർന്ന് റോഡു വൃത്തിയാക്കാനും, വലിച്ചെറിയുന്ന മാലിന്യം മാറ്റുവാനും പ്ലാസ്റ്റിക് മാലിന്യം എംസിഎഫുകളിൽ നിന്നും ആർആർഎഫുകളിലേയ്ക്കു നീക്കുവാനും മാത്രമായി വാഹനങ്ങൾ ഉപയോഗിക്കുകയും ചെയ്തു. കോർപ്പറേഷൻ വാങ്ങിയ 29 ടിപ്പർ ലോറികളിൽ 13 എണ്ണം മാർച്ച് 2015 മുതൽ മാർച്ച് 2022 വരെ ഉപയോഗിച്ചിരുന്നില്ല എന്ന് ഓഡിറ്റ് നിരീക്ഷിച്ചു. ബാക്കിയുള്ള 16 ടിപ്പറുകളിൽ മൂന്നെണ്ണം മാത്രമേ പതിവായി ഉപയോഗിച്ചിരുന്നുള്ളു. അതുവഴി 26 വാഹനങ്ങൾ വളരെ കുറച്ച് മാത്രം ഉപയോഗിക്കുന്നതിനോ/ഉപയോഗിക്കാതിരിക്കുന്നതിനോ ഇടയാക്കി. ഇവയിൽ 13 വാഹനങ്ങൾ ഏഴ് മുതൽ 10 വർഷങ്ങൾ വരെ ഉപയോഗിച്ചിട്ടില്ല. ഓഡിറ്റ് നടന്ന അഞ്ചുകൊല്ലക്കാലയളവിലെ

| | | |
|---|---|---|
| | ബാക്കിയുള്ള വാഹനങ്ങളുടെ ശരാശരി വാർഷിക ഉപയോഗം ഏഴ് മുതൽ 44 ദിവസങ്ങൾ വരെ ആയിരുന്നു. പന്ത്രണ്ട് ടിപ്പറുകളുടെ ലേലം കോർപ്പറേഷൻ നടത്തിയതിൽ (2022 ഏപ്രിൽ)' എട്ട് എണ്ണം ഉച്ചമായ ₹രണ്ട് ലക്ഷം/ടിപ്പർ എന്ന ഉകയ്ക്ക് വിൽക്കുകയുണ്ടായി.<br><br>തിരുവനന്തപുരം കോർപ്പറേഷൻ ഏകദേശം 26 വാഹനങ്ങൾ യഥാർത്ഥ ഉപയോഗം ഇല്ലാതെ സൂക്ഷിച്ചിരുന്നതിനു പകരം, ദിവസേന 40-50 ടിപ്പറുകൾ വാടകയ്ക്ക് എടുക്കുന്ന കൊച്ചി കോർപ്പറേഷൻ പോലെയുള്ള ആവശ്യക്കാരായ മറ്റ് യുഎൽബികൾക്ക് കൈമാറാൻ വേണ്ട സമയോചിത നടപടികൾ എടുക്കാമായിരുന്നു ഇതുവഴി വാഹനങ്ങൾ ഉപയോഗിക്കാതെ കിടക്കുന്നതും, പൊതു പണം നഷ്ടപ്പെടുത്തുന്നതും ഒഴിവാക്കാമായിരുന്നു. | സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേന ഗാർഹിക / സാനിറ്ററി മാലിന്യങ്ങൾ ശേഖരിച്ച് കൊച്ചി അമ്പലമേട്ടുള്ള KEIL ബയോമെഡിക്കൽ മാലിന്യ സംസ്കരണ പ്ലാന്റിൽ സംസ്കരിക്കുന്നതിനുള്ള പദ്ധതി പ്രാവർത്തികമാക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശം സ.ഉ.(സാധാ) 1227/2022/തസ്വഭവ തീയതി 16.05.2022 പ്രകാരം അംഗീകരിച്ച് ഉത്തരവായിരിക്കുന്നു. ഗാർഹിക / സാനിറ്ററി മാലിന്യങ്ങൾ ശേഖരിച്ച് സംസ്കരിക്കുന്നതിന് നാല് തദ്ദേശ സ്ഥാപനങ്ങളിൽ പൈലറ്റ് പ്രോജക്ടുകൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| | ശുപാർശ 6 : ഉറവിടം/വീടുകൾ, കേന്ദ്രീകൃത തരംതിരിക്കൽ സംവിധാനം, മാലിന്യ സംസ്കരണ സ്ഥലങ്ങൾ എന്നിങ്ങനെ വിവിധതലങ്ങളിൽ മാലിന്യം വേർതിരിക്കൽ, വീട്ടുവീടാന്തരമുള്ള അപകടകരമായ ഗാർഹിക മാലിന്യത്തിന്റെയും സാനിറ്ററി മാലിന്യത്തിന്റെയും ശേഖരണം, മാലിന്യത്തിന്റെ ഫലപ്രദമായ തരംതിരിക്കലിനും ശേഖരണത്തിനും വേണ്ടി പലനിറത്തിലുള്ള ബിന്നുകളുടെ വിതരണം എന്നിങ്ങനെയുള്ള ഫലപ്രദമായ മാർഗ്ഗങ്ങൾ മാലിന്യം തരംതിരിക്കുന്നതിന് യുഎൽബികൾ സ്വീകരിക്കുന്നു എന്ന് സർക്കാർ ഉറപ്പാക്കണം. | ശേഖരിക്കുന്ന അജൈവ മാലിന്യങ്ങൾ സംസ്കരണ പ്ലാന്റിലേക്ക് കൊണ്ടുപോകുന്നതിനുള്ള വാഹനങ്ങളുടെ |

| | | |
|---|---|---|
| | ശുപാർശ 7 മാലിന്യ പരിവഹനത്തിൽ ഏർപ്പെട്ടിരിക്കുന്ന വാഹനങ്ങളുടെ യഥാർത്ഥമായ വിലയിരുത്തൽ സർക്കാർ/യുഎൽബികൾ ഉറപ്പാക്കണം. വാഹനങ്ങൾ നന്നാക്കുകയും/റിപ്പയർപണി പൂർത്തിയാക്കുകയും ചെയ്യുന്നതോടൊപ്പം സ്വന്തം വാഹനങ്ങൾ ദീർഘകാലം റോഡിൽ ഇറക്കാതെയിരിക്കുകയും അതേസമയം വാഹനങ്ങൾ വാടകയ്ക്ക് എടുക്കുകയും ചെയ്യുന്ന ഏർപ്പാട് പരിമിതപ്പെടുത്തുന്നതിനും അടിയന്തിര നടപടി സ്വീകരിക്കേണ്ടതുണ്ട്. | കൃത്യമായ കണക്ക വെയ്ക്കുവാനും വാഹനങ്ങൾ സമയബന്ധിതമായി റിപ്പയർ പണികളും മറ്റും ചെയ്ത് പ്രവർത്തന യോഗ്യമാണെന്ന് ഉറപ്പ് വരുത്തുകയും ചെയ്യുന്നതിനുള്ള ശ്രമങ്ങൾ നടന്നുവരുന്നുണ്ട്.<br><br>ഹരിത കർമ്മ സേന ഉപയോഗിക്കുന്ന വാഹനങ്ങളുടെ വിവരങ്ങൾ സൂക്ഷിക്കുന്നതിനും, കൃത്യമായ അറ്റകുറ്റപണി ചെയ്യുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

PREETHA K. S.
Additional Secretary
Local Self Government Department
Govt. Secretariat
Thiruvananthapuram